ജി. ചേടിയത്ത്

# മാർ അപ്രേം
# നിസിബിയൻ ഗീതങ്ങൾ

കോട്ടയം
2009

ജി. ചേടിയത്ത്

## മാർ അപ്രേം

# നിസിബിയൻ ഗീതങ്ങൾ

OIRSI
No. 309

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2009



www.malankaralibrary.com

**G.CHEDIATH, MAR APREM, Nisibiyan Geethangal (Carmina Nisibena)**

A Publication of the Oriental Institute of Religious studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

© G.Chediath, 2009

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 100 /-

ISBN : 978 - 81 - 88456 - 34 - 5

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് | | | പേജ് |
|---|---|---|---|---|---|
| ആമുഖം | - | 5 | ഗീതം 15 | - | 55 |
| മാർ അപ്രേം | - | 6 | ഗീതം 16 | - | 57 |
| **നിസിബിയൻഗീതങ്ങൾ** | **–** | **7** | ഗീതം 17 | - | 60 |
| ഗീതം 1 | - | 18 | ഗീതം 18 | - | 62 |
| ഗീതം 2 | - | 22 | ഗീതം 19 | - | 65 |
| ഗീതം 3 | - | 26 | ഗീതം 20 | - | 69 |
| ഗീതം 4 | - | 29 | ഗീതം 21 | - | 70 |
| ഗീതം 5 | - | 32 | ഗീതം 25 | - | 76 |
| ഗീതം 6 | - | 35 | ഗീതം 26 | - | 76 |
| ഗീതം 7 | - | 39 | ഗീതം 27 | - | 77 |
| ഗീതം 9 | - | 41 | ഗീതം 28 | - | 80 |
| ഗീതം 10 | - | 43 | ഗീതം 29 | - | 82 |
| ഗീതം 11 | - | 45 | ഗീതം 30 | - | 87 |
| ഗീതം 12 | - | 47 | ഗീതം 31 | - | 89 |
| ഗീതം 13 | - | 48 | ഗീതം 32 | - | 94 |
| ഗീതം 14 | - | 51 | ഗീതം 33 | - | 96 |




www.malankaralibrary.com

| | | | | | |
|---|---|---|---|---|---|
| ഗീതം 34 | - | 98 | ഗീതം 57 | - | 172 |
| ഗീതം 35 | - | 101 | ഗീതം 58 | - | 175 |
| ഗീതം 36 | - | 106 | ഗീതം 59 | - | 177 |
| ഗീതം 37 | - | 111 | ഗീതം 60 | - | 179 |
| ഗീതം 38 | - | 114 | ഗീതം 61 | - | 182 |
| ഗീതം 39 | - | 117 | ഗീതം 62 | - | 184 |
| ഗീതം 40 | - | 122 | ഗീതം 63 | - | 187 |
| ഗീതം 41 | - | 124 | ഗീതം 64 | - | 189 |
| ഗീതം 42 | - | 128 | ഗീതം 65 | - | 191 |
| ഗീതം 43 | - | 131 | ഗീതം 66 | - | 193 |
| ഗീതം 44 | - | 136 | ഗീതം 67 | - | 195 |
| ഗീതം 45 | - | 139 | ഗീതം 68 | - | 197 |
| ഗീതം 46 | - | 142 | ഗീതം 69 | - | 200 |
| ഗീതം 47 | - | 146 | ഗീതം 70 | - | 202 |
| ഗീതം 48 | - | 149 | ഗീതം 71 | - | 205 |
| ഗീതം 49 | - | 151 | ഗീതം 72 | - | 208 |
| ഗീതം 50 | - | 155 | ഗീതം 73 | - | 211 |
| ഗീതം 51 | - | 157 | ഗീതം 74 | - | 213 |
| ഗീതം 52 | - | 160 | ഗീതം 75 | - | 215 |
| ഗീതം 53 | - | 162 | ഗീതം 76 | - | 218 |
| ഗീതം 54 | - | 165 | ഗീതം 77 | - | 220 |
| ഗീതം 55 | - | 167 | അനുബന്ധം | - | 222 |
| ഗീതം 56 | - | 170 | Bibliography | - | 225 |


www.malankaralibrary.com

# ആമുഖം

ഭാഗ്യവാനായ മാർ അപ്രേമിന്റെ നിസിബിയൻ ഗീതങ്ങളാണ് (Carmina Nisibena) ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പേർഷ്യാക്കാർ നിസിബിസ് നഗരം ആക്രമിച്ചതിനെപ്പറ്റിയും നിസിബിസിലെ മെത്രാന്മാരെപ്പറ്റിയും വിവരിക്കുന്നു. ക്രി.വ. 363 വരെ നിസിബിസ് നഗരം റോമൻ സാമ്രാജ്യത്തിലായിരുന്നു. പിന്നീട് പേർഷ്യൻ സാമ്രാജ്യത്തിലായി. ഇന്ന് ഈ നഗരം തുർക്കിയിലെ നുസൈബിൻ എന്നറിയപ്പെടുന്നു. ഈ കൃതി ആദ്യമായിട്ടാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്. ഇതിന്റെ ആദ്യഭാഗം മാത്രമേ നിസിബിസിനെപ്പറ്റി പരാമർശിക്കുന്നുള്ളു. രണ്ടാംഭാഗം യുഗാന്ത്യസംബന്ധമായ പ്രതിപാദനമാണ്.

ഇതിനോടകം മാർ അപ്രേമിന്റെ പത്തു കൃതികൾ ആറ് വാല്യങ്ങളിലായി ദൈവകൃപയാൽ ഞാൻ പ്രസിദ്ധീകരിച്ചു. ഇത് പതിനൊന്നാമത്തെ കൃതിയാണ്. ഇത് ഏഴാംവാല്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. "ഉറവിടങ്ങളിലെക്കു മടങ്ങുക" എന്ന ആഹ്വാനമാണല്ലോ രണ്ടാംവത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്നത്. സുറിയാനിസഭകളെ സംബന്ധിച്ച് മാർ അപ്രേമിന്റെ കൃതികൾ ദൈവശാസ്ത്രത്തിന്റെ നല്ലൊരുറവിടമാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബ.മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനി പ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

സെന്റ് മേരീസ് മലങ്കര മേജർ സെമിനരി,
നാലാഞ്ചിറ, തിരുവനന്തപുരം. 695015.
മാർച്ച് 15,2009.


www.malankaralibrary.com

# മാർ അപ്രേം (306–373)

മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ, അതിനടുത്തോ ആണ് ജനിച്ചത്. ബാല്യം മുതൽ അദ്ദേഹത്തിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മാർ യാക്കോബിന്റെ (303–338) കീഴിലായിരുന്നു. അദ്ദേഹം അപ്രേമിനെ ഡീക്കനാക്കി, നിസിബിസിലെ മതപഠനശാലയിൽ 326–നോടടുത്ത് പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാനമായിരുന്നു മുഖ്യജോലി. മാർ യാക്കോബിന്റെ പിൻഗാമികളായ മാർ ബാബോവായ് (338–350), മാർ വൊളൊഗേസ് (350–361), മാർ അബ്രഹാം (361–?) എന്നീ മെത്രാന്മാരുടെ കീഴിലാണ് മാർ അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309–379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് ആക്രമിച്ചു. പേർഷ്യൻ സൈന്യം മൂന്നു തവണയും പരാജയപ്പെട്ട് പിന്മാറി. എന്നാൽ 363–ലെ റോമൻ പരാജയത്തിനുശേഷം റോമാക്കാർ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെടെയുള്ള ക്രിസ്ത്യാനികളെല്ലാം തദവസരം എഡേസ്സായിലേക്ക് കുടിയേറി. ക്രി.വ. 371/2–ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. അപ്പോൾ സേവനസന്നദ്ധനായി മാർ അപ്രേം മുന്നോട്ടിറങ്ങി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9–ന് അദ്ദേഹം മരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920–ൽ അദ്ദേഹത്തെ സാർവത്രിക സഭാമൽപ്പാൻ എന്നു വിളിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ ഭാഷാരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക കൃതികളും പദ്യരൂപത്തിലാണ്. അവയിലൊന്നാണ് നിസിബിയൻഗീതങ്ങൾ. മാർ അപ്രേമിനെപ്പറ്റി കുടുതലറിയാൻ: ജി. ചേടിയത്ത്, *സുറിയാനിസഭാസാഹിത്യം,* തിരുവനന്തപുരം, 2008, പേജ്, 8–32 കാണുക.


www.malankaralibrary.com

# മാർ അപ്രേം
# നിസിബിയൻ ഗീതങ്ങൾ

''നിസിബിയൻ ഗീതങ്ങൾ" എന്നറിയപ്പെടുന്ന 77 ഗീതങ്ങൾക്ക് രണ്ടു ഭാഗങ്ങളുണ്ട്: (1) ചരിത്രപരഗീതങ്ങൾ (1-34) നിസിബിസും ഹാറാനുമായും അവിടങ്ങളിലെ മെത്രാന്മാരുമായും ബന്ധപ്പെട്ട സംഗതികൾ ചർച്ച ചെയ്യുന്നു. ഭാഗ്യവാനായ മാർ അപ്രേമിന് നിസിബിസിലെ മെത്രാന്മാരോടുള്ള ബന്ധവും പരാമർശവിധേയമാക്കുന്നു. (2) മരണം, ഉത്ഥാനം എന്നിവയുമായി ബന്ധപ്പെട്ട ദൈവശാസ്ത്രപരമായ ഗീതങ്ങൾ (35-77) രണ്ടാംഭാഗത്താണ്. പിൽക്കാലത്ത് ആരോ ഇവ രണ്ടും കൂട്ടിച്ചേർത്തതാകാം. യഥാർഥത്തിൽ നിസിബിയൻ ഗീതങ്ങൾ ആദ്യഭാഗം മാത്രമേയുള്ളു.

ഗീതം 42-ൽ മാർ തോമാശ്ലീഹായുടെ അസ്ഥികൾ ഇൻഡ്യയിൽ നിന്ന് എഡേസ്സയിലേക്ക് കൊണ്ടുവന്നതിനെ പരാമർശിക്കുന്നു. തുടർന്നങ്ങോട്ട് നീതിമാന്മാരുടെ തിരുശേഷിപ്പുകളുടെ ശക്തി വിവരിക്കുന്നു. അവയ്ക്കുള്ള ഒരാമുഖമായി ഗീതം 42-നെ കരുതാം. രണ്ടാംഭാഗത്ത് പല ഗീതങ്ങളിലും സംവാദശൈലി കാണാം.

ഗീതങ്ങളെ പല യൂണിറ്റുകളായി പരിഗണിക്കാം: 1; 2; 3; 4-7; 9-11; 12; 13-16; 17-21; 25-30; 31-34; 35-42; 43-49; 50-51; 52-68; 69-70; 71-73; 74-77. ഗീതങ്ങൾ 8; 22-24 എന്നിവയും 25-ന്റെ ഭാഗവും നഷ്ടപ്പെട്ടുപോയി. യുഗാന്ത്യദൈവശാസ്ത്രത്തിന് ഒരുത്തമസ്രോതസ്സാണ് ഇതിന്റെ രണ്ടാംഭാഗം (35-77). മാർ തോമാശ്ലീഹായെപ്പറ്റിയുള്ള പരാമർശവും (42) വിലപ്പെട്ടതാണ്.

തിരുലിഖിതാധിഷ്ഠിതമാണ് അപ്രേമിന്റെ ഓരോ ഗീതവും. അത്യഗാധമായ തിരുലിഖിതജ്ഞാനമുള്ള ഒരു ദൈവശാസ്ത്രജ്ഞനെയാണ് നാം ഈ വരികളിൽ കാണുക. അതുപോലെ ഏതെങ്കിലും വിഷയം സംബന്ധിച്ച് തിരുലിഖിതത്തിൽ അങ്ങിങ്ങായി പരാമർശിക്കുന്ന കാര്യങ്ങളെല്ലാം കോർത്തിണക്കി താനുദ്ദേശിക്കുന്ന കാര്യം തെളിയിക്കാൻ അദ്ദേഹം ശ്രമി


www.malankaralibrary.com

ക്കുന്നു. തിരുലിഖിതം ക്രിസ്തോന്മുഖമാണ്, പഴയനിയമസൂചനകൾ, വ്യക്തികൾ, സംഭവങ്ങൾ ആദിയായവ പുതിയ നിയമത്തിലേക്ക് വിരൽചൂണ്ടുന്നവയും ക്രിസ്തുവിലേക്ക് നയിക്കുന്നവയുമാണ്. മിക്ക ഗീതങ്ങളും പ്രാർഥനയോടുകൂടിയാണ് അവസാനിപ്പിക്കുന്നത്. ദൈവവുമായി വളരെ വ്യക്തിപരമായ ബന്ധം പുലർത്തുന്ന മഹാത്മാവിനെയാണ് നാം ആ വരികൾക്കിടയിൽ കാണുക. "ദൈവശാസ്ത്രജ്ഞൻ പ്രാർഥിക്കുന്നവനാണ്, പ്രാർഥിക്കുന്നവൻ ദൈവശാസ്ത്രജ്ഞനാണ്" എന്ന ആപ്തവാക്യം മാർ അപ്രേമിൽ തികച്ചും അന്വർഥമാണ്.

നിസിബിസ് നഗരം ക്രി.വ. 363 വരെ റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തിയുടെ പരാജയത്തെ തുടർന്ന് ഒത്തുതീർപ്പനുസരിച്ച്, പിൻഗാമിയായ ജോവിയൻ അത് പേർഷ്യാക്കാർക്ക് വിട്ടുകൊടുത്തു. നിസിബിസ് പിടിച്ചെടുക്കാൻ പേർഷ്യാക്കാർ നേരത്തെ മൂന്നുവട്ടം പരിശ്രമിച്ചെങ്കിലും നടന്നില്ല. എന്നാൽ ജൂലിയന്റെ അഹന്തയുടെ ഫലമായി അത് കൈവിട്ടുപോയി. തദവസരം (363) മാർ അപ്രേമും സഹക്രിസ്ത്യാനികളും റോമൻ പ്രദേശത്തുള്ള അമീദിലേക്കും പിന്നെ എഡേസ്സായിലേക്കും കുടിയേറി. റോമൻ പട്ടാളക്കാർ നിസിബിസിനും എഡേസ്സായ്ക്കും ഇടയ്ക്കുള്ള ദാറാ എന്ന സ്ഥലം അതിർത്തി സൈന്യകേന്ദ്രമാക്കി. ഇതിന്റെയെല്ലാം അലയടികൾ ഗീതങ്ങളുടെ ആദ്യഭാഗത്ത് കുറെയൊക്കെ ദൃശ്യമാണ്.

***ഗീതം 1:*** ഷപ്പൂർ രണ്ടാമൻ എന്ന പേർഷ്യൻ രാജാവിന്റെ കാലത്ത് (309–379) നിസിബിസിന്റെ മേൽ പേർഷ്യയിൽനിന്ന് മൂന്നു കടന്നാക്രമണങ്ങളുണ്ടായി. അവയിൽ മൂന്നാമത്തേതിന്റെ അവസരമുള്ള (350) വെള്ളപ്പൊക്കവും സൈന്യത്തിന്റെ ഭീഷണിയും സംബന്ധിച്ചാണ് ഈ ഗീതം. നിസിബിസ് നഗരത്തെ നോഹയുടെ പെട്ടകത്തോട് താരതമ്യപ്പെടുത്തുന്നു. ജലപ്രളയാനന്തരം നോഹ ബലിയർപ്പിച്ചു; മേലിൽ കഠിനമായ ജലപ്രളയം ഉണ്ടാകില്ലെന്ന് ദൈവം നോഹയ്ക്ക് നൽകിയ ഉറപ്പും മഴവില്ലും മാർ അപ്രേം അനുസ്മരിക്കുന്നു (1,1). ബലിപീഠത്തിൽ അർപ്പിക്കപ്പെടുന്ന, ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളാലും വിശുദ്ധ കുരിശിനാലും നഗരം വെള്ളപ്പൊക്കത്തിൽ നിന്ന് വിമോചിതമാകുന്നതിന് പ്രാർഥിക്കുന്നു (1,2).

പേടകം പ്രളയജലത്താൽ ചുറ്റപ്പെട്ടിരുന്നു; നഗരം ശത്രുക്കളുടെ മൺകൂനകളാലും അമ്പുകളാലും ജലത്താലും (1,3). നോഹയുടെ സംശുദ്ധതയാണ് അവനെയും മൃഗങ്ങളെയും പ്രളയജലത്തിൽ നിന്നു രക്ഷിച്ചതും മൃഗങ്ങൾ അതിനുള്ളിൽ ഒത്തൊരുമയോടെ കഴിഞ്ഞതും (1,4). വെള്ളപ്പൊക്കം അനുതാപത്തിനു വഴിയൊരുക്കി (1,5). നഗരത്തിന്മേലുണ്ടായ കടന്നാക്രമണങ്ങളിൽ നിന്ന് ദൈവം അവരെ കാത്തുസൂക്ഷിച്ചു. ഇപ്പോൾ ഈ


www.malankaralibrary.com

വെള്ളപ്പൊക്കത്തിൽ നിന്ന് അഭയാർഥികളെ സംരക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു (1,6). പേടകത്തിന് ഒലിവില എന്നപോലെ നഗരത്തിന് സാന്ത്വനമരുളണമെ (1,7). ഉയർന്നു വരുന്ന ജലം നഗരത്തെ തകർക്കാതിരിക്കട്ടെ. വിശ്വാസവും ദൈവാശ്രയവും അതിനെ കാത്തുസംരക്ഷിക്കട്ടെ (1,8). പേടകത്തിലുള്ളവയെയും നഗരത്തിലുള്ളവരെയും താരതമ്യപ്പെടുത്തുന്നു (1,9 –11). "നിന്റെ മൂന്നാമൻ മൂന്നുപ്രാവശ്യം കാരുണ്യം കാട്ടുന്നതിന് ഇടയാക്കിയാലും" എന്ന് പ്രാർഥിക്കുന്നു (1,11). "ത്ളീതോയോക്" എന്നാണ് സുറിയാനിപദം. അത് ക്രിസ്തുവിനെ കുറിക്കുന്നു എന്നാണ് എഡ്മണ്ഡ് ബെക്കിന്റെ ചിന്ത. ഈ പദം മാർ അപ്രേം പലയിടങ്ങളിലും ഉപയോഗിച്ചിട്ടുണ്ട് (നിസിബിയൻ ഗീതം,2,5; 5,14;14,25; ദനഹാഗീതം,8,6). ക്രിസ്തു മൂന്നുദിനം പാതാളത്തിൽ വസിച്ചതിനും മൂന്നാംനാൾ ഉയിർത്തതിനും ക്രിസ്തുവിനെ "മൂന്നാമൻ" എന്ന് മാർ അപ്രേം വിളിക്കുന്നു.

**ഗീതം 2:** പേർഷ്യാക്കാർ ആനകളെ ഉപയോഗിച്ച് നഗരഭിത്തിയിൽ മൂന്നിടത്ത് വിള്ളലുണ്ടാക്കിയെങ്കിലും അകത്തുകടക്കാൻ കഴിഞ്ഞില്ല. റോമൻ സാമ്രാജ്യത്തിലെ ഈ നഗരം സംരക്ഷിക്കാൻ ചക്രവർത്തിയും സമീപസ്ഥനായിരുന്നില്ല. എന്നാൽ ഏതോ അദൃശ്യശക്തിയാൽ പ്രേരിതരായി പേർഷ്യാക്കാർ സന്ധ്യയ്ക്കുമുമ്പേ സ്ഥലംവിട്ടു. അങ്ങനെ നഗരം സ്വതന്ത്രമായതിനെപ്പറ്റിയാണ് ഈ ഗീതം.

അർഹിക്കാത്ത ഈ നന്മയ്ക്ക് ദൈവത്തിന് നന്ദി പറയുന്നു (2,1). ഭിത്തിയിൽ വിള്ളലുണ്ടായിട്ടും രക്ഷകിട്ടിയ കാര്യം (2–6). ഇവിടെയും ക്രിസ്തുവിനെ "മൂന്നാമൻ" എന്നു വിളിക്കുന്നു (2,5). ദൈവത്തിന്റെ താത്കാലിക ശിക്ഷാവിധി, അതിലെ ദൈവികോദ്ദേശ്യം, നിനവേക്കാരുടെ ദൃഷ്ടാന്തം (2,7 –10). നീതിപൂർവമായ ശിക്ഷ, അനർഹമായ വിടുതൽ (2,11). അപര്യാപ്തമായ അനുതാപവും കരുണ നിറഞ്ഞ ക്ഷമിക്കലും (2,12–13). ദൈവം നമ്മോടു ക്ഷമിക്കുന്നു, നാം പരസ്പരം ക്ഷമിക്കുന്നില്ല. അതാണ് വഞ്ചന (2,14–15). നഗരഭിത്തിയിലെ വിള്ളലുകൾ ദൃഷ്ടാന്തമാണ് (2,16–19). അവസാനപ്രാർഥന (2,20). ദൈവികകരം വിടുതൽ നൽകിയതിനു നന്ദി പറഞ്ഞുകൊണ്ടുള്ളതാണ് ഈ ഗീതം. "നിന്റെ മക്കളുടെ വായ്കൊണ്ട് നിന്റെ മകനുവേണ്ടി പ്രാർഥിച്ചാലും" എന്ന് നഗരത്തോടു പറയുന്നു (2,20). അവസാനത്തെ മൂന്നു ഗീതങ്ങൾ (18–20) നഗരത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്.

**ഗീതം 3:** നിസിബിസ് നഗരം മൂന്നാം ഉപരോധത്തിൽ നിന്ന് വിടുവിക്കപ്പെട്ടതിനെപ്പറ്റി വീണ്ടും സംസാരിക്കുന്നു. നിസിബിസിനു സംഭവിച്ചതിന്റെ പ്രതിധ്വനി ലോകം മുഴുവൻ കേട്ടു (3,4). നഗരവാസികളുടെ അനുതാപം നഗരത്തെ രക്ഷിച്ചു (3,5). ശക്തമായ ഉപരോധം സാബത് നാളിലായിരുന്നു; ഞായറാഴ്ച മോചനം ലഭിക്കാനായിരുന്നു അത് (3,6). നിസിബിസിനെയും


www.malankaralibrary.com

സമറിയായെയും താരതമ്യപ്പെടുത്തുന്നു (3,7). ഈ ഉപരോധങ്ങളിൽ നിന്നു പഠിക്കേണ്ട പാഠം (3,11–12).

**ഗീതം 4–7:** നിസിബിസിന് നാലാമതൊരു ബാധകൂടി അഭിമുഖീകരിക്കേണ്ടി വന്നതിനെപ്പറ്റി പരാമർശിക്കുന്നു. പേർഷ്യൻസൈന്യം 359–ൽ നിസിബിസിന്റെ സമീപത്തുകൂടി കടന്നുപോയി. റോമൻസൈന്യം തന്നെ നഗരത്തിനു ചുറ്റുമുള്ള വയലുകൾ നശിപ്പിച്ചു. വൃക്ഷലതാദികൾ വെട്ടിവീഴ്ത്തി (5,23–29). ജനങ്ങൾ ഭയവിഹ്വലരായി നാലുപാടും ഓടിപ്പോയി. നഗരം വിജനമായി. കാവൽ നിന്ന കുറേ പട്ടാളക്കാർ മാത്രം അവശേഷിച്ചു (4,21–25). ഉയിർപ്പിനും സ്വർഗാരോഹണത്തിനും ഇടയ്ക്കാണിത് സംഭവിച്ചത് (6,24). മൊത്തം ഏതാണ്ട് 20 വർഷക്കാലം നിസിബിസ് പീഡനങ്ങളിലൂടെ കടന്നുപോയെന്ന് പരാമർശിക്കുന്നു (7,2).

**ഗീതം 4:** നസ്രത്തിൽ ശിശുവായിരുന്ന യേശു നിസിബിസിലെ ശിശുക്കളുടെ നിലവിളി ശ്രവിക്കണമെന്നു പ്രാർഥിക്കുന്നു (4,1). രക്ഷകന്റെ വന്ദ്യസ്ലീബായാണ് വിശ്വാസികളുടെ അഭയകേന്ദ്രം (4,20).

**ഗീതം 5:** ജനത്തെ നേരിട്ട് പ്രഹരിക്കാതെ അവരുടെ വിളവുകൾ നശിപ്പിച്ചുകൊണ്ടാണ് അവരെ ദൈവം പഠിപ്പിച്ചത് (5,16). മുന്തിരിയും ഗോതമ്പും സംരക്ഷിക്കാൻ പ്രാർഥിക്കുന്നു (5,16). പരീക്ഷണങ്ങൾ പ്രബോധനത്തിനാണ്. എല്ലാം ദൈവത്തിൽ നിന്നു വരുന്നു. നെബുക്കദ്നേസറിന്റെയും ബൻഹദദിന്റെയും ദൃഷ്ടാന്തം (5,6–10).

**ഗീതം 6:** അതേവിഷയം ചർച്ച ചെയ്യുന്നു. ജനങ്ങളെല്ലാം നഗരം വിട്ടുപോയതിനാൽ, സ്വർഗാരോഹണപ്പെരുന്നാളിന് ആളില്ലാതെപോയി. നഗരവാസികളിൽ ഒരുവിഭാഗത്തിന്റെ വിശ്വാസരാഹിത്യത്താലാണ് ഇവയെല്ലാം സംഭവിച്ചതെന്ന് പരിതപിക്കുന്നു (6,24–31). ജനങ്ങളുടെ തിരിച്ചുവരവിനായി പ്രാർഥിക്കുന്നു. കഷ്ടപ്പെട്ട് കർഷകർ കൃഷിയിറക്കി, അത് കൊള്ളയടിക്കപ്പെട്ടു. കർഷകർക്ക് കണ്ണീർമാത്രം അവശേഷിച്ചു (6,11–12;18–19).

**ഗീതം 7:** ആദ്യത്തെ 13 ശ്ലോകങ്ങളേ നമുക്ക് ലഭിച്ചിട്ടുള്ളു. ബാക്കിയുള്ളതും 8–ാം ഗീതവും നഷ്ടപ്പെട്ടു. നേരത്തെ ചർച്ചചെയ്ത വിഷയംതന്നെ തുടർന്നും ചർച്ചചെയ്യുന്നു. 'പാപമാണ് തകർച്ചയ്ക്കു കാരണം, അനുതാപമാണ് രക്ഷാമാർഗം' എന്ന പ്രമേയം വീണ്ടും അവതരിപ്പിക്കുന്നു (7,7–9). ആരിയൻ കടന്നാക്രമണവും ചർച്ചാവിഷയമാകുന്നു (7,10–13).

**ഗീതം 9–12:** നാലുമുതൽ ഏഴുവരെയുള്ള ഗീതങ്ങളുടെ വിഷയം തന്നെ ഇവയിലും ചർച്ച ചെയ്യുന്നു. നിസിബിസിലെ വിജാതിയത്വത്തെപ്പറ്റിയാണ് ചർച്ച. ഗീതം 9–ന്റെ ആരംഭം നഷ്ടപ്പെട്ടു. നിസിബിസിന് ചുറ്റുമുള്ള സ്ഥലങ്ങൾ വിജനമാക്കപ്പെട്ടതും (9,4–9) നഗരത്തിനകത്തും പുറത്തും


www.malankaralibrary.com

സൈന്യം വിജാതിയ വശീകരണങ്ങൾ (9,10-18) നടത്തിയതും വിവരിക്കുന്നു. ഗീതം 10: അനാസിത് കോട്ടയ്ക്കുള്ളിലെ ചൂടും ജലദൗർലഭ്യവും വിവരിക്കുന്നു. സങ്കടം നിറഞ്ഞ ദൈവാശ്രിതന്റെ നിലവിളിയാണ് ഇവിടെ നാം ശ്രവിക്കുക. "ജനത്തിന്റെ കഷ്ടപ്പാടുകളിൽ നിന്ന് മുഖം തിരിക്കരുതേ" എന്ന് ദൈവകാരുണ്യത്തോട് യാചിക്കുന്നു. ഗീതം 11: ദൈവനീതിയുടെ പ്രഹരത്തിന്റെ നന്മ (11,1-9), ദൈവനീതിയും ദൈവകാരുണ്യവും (11,10-13), നഗരത്തിലെ വിഗ്രഹാരാധന (11,14-21) എന്നിവ ചർച്ചചെയ്യുന്നു. ഗീതം 12: അപ്രേമിന്റെ പേരിന്റെ അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന ഒരു ഗീതമാണിത് (ആലഫ്, പേ, റേശ്, യോദ്, മീം).

**ഗീതം 13-16:** ഈ ഗീതങ്ങൾ മാർ യാക്കോബിനെയും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർ ബാബോവായ് മാർ വൊളൊഗേസ് എന്നീ മെത്രാന്മാരെയും അവരുടെ കാലത്ത് 303-നും 361-നും ഇടയ്ക്കു നടന്നവയെയും പറ്റി പ്രതിപാദിക്കുന്നു. ഈ മൂന്നു മെത്രാന്മാരുടെയും ഗുണഗണങ്ങൾ വർണിക്കുന്നു. മൂന്ന് ഉപരോധങ്ങളുടെ കാലത്ത് ഈ മൂന്നുപേരാണ് സഭയെ നയിച്ചത്. അപ്രേമിന് ഈ മൂവരോടുമുള്ള ബന്ധവും അവർ അദ്ദേഹത്തിൽ ചെലുത്തിയ സ്വാധീനവും ഒക്കെ ഇതിൽനിന്നു ഗ്രഹിക്കാം. അപ്രേമിന്റെ ജീവചരിത്ര രചനയ്ക്ക് സഹായകമായ പലതും ഇതിൽ കാണാനാകും.

**ഗീതം 17-21:** ഈ ഗീതങ്ങൾ മാർ അബ്രഹാം മെത്രാനെപ്പറ്റിയാണ്. മിക്കവാറും 361-ൽ ആയിരിക്കാം അദ്ദേഹം മാർ വൊളൊഗേസിന്റെ പിൻഗാമിയായി സഭാനേതൃത്വം ഏറ്റെടുത്തത്. ജോവിയൻ ചക്രവർത്തിയുടെ കാലത്തും (363) അദ്ദേഹം സഭാനേതൃസ്ഥാനത്തായിരുന്നു (21). ഇടയ്ക്കിടെ മാർ അപ്രേം അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ വിവരിക്കുന്നു; ഇടയ്ക്കിടെ അദ്ദേഹത്തിന് ഉപദേശം നൽകുന്നു (19). ഗീതം 17,11-ൽ മാർ അബ്രഹാമിന്റെ മൂന്ന് മുൻഗാമികളെ പേരെടുത്ത് പറയുന്നു. മാർ അബ്രഹാം ചെറുപ്പമായിരുന്നു എന്ന് ഗീതം 18-ൽ നിന്ന് വ്യക്തമാകുന്നു. ജൂലിയൻ ചക്രവർത്തിയുടെ മതപീഡനവും സ്പർശിക്കുന്നു. അബദ്ധോപദേശകരോട് പോരാടാൻ ഗീതം 20 ആഹ്വാനം ചെയ്യുന്നു."സഭ സ്വത്ത് സമ്പാദിക്കരുത്" എന്ന് ഒരിടത്ത് വളരെ വ്യക്തമായി പറയുന്നു (21,8). മാർ അബ്രഹാമിന്റെയും ജോവിയൻ ചക്രവർത്തിയുടെയും നേതൃത്വത്തിൽ സഭയും രാഷ്ട്രവും കൈകോർത്ത് സമാധാനത്തിൽ മുന്നോട്ടുപോകട്ടെ എന്ന് ആശംസിക്കുന്നു. ഇതെഴുതിയ അവസരം ഒരുപക്ഷേ പേർഷ്യാക്കാരുമായി ജോവിയൻ ഉണ്ടാക്കിയ സമാധാനക്കരാർ മാർ അപ്രേം അറിഞ്ഞുകാണില്ല. കരാറനുസരിച്ച് നിസിബിസ് പേർഷ്യക്കാർക്ക് വിട്ടുകൊടുക്കേണ്ടിവന്നു. മാർ അപ്രേമും നഗരവാസികളും നിസിബിസ് വിട്ടുപേക്ഷിച്ച് (363) റോമൻ പ്രദേശത്തെ എഡേസ്സയിലേക്ക് കുടിയേറേണ്ടതായും വന്നു.

**ഗീതം 22-24** നഷ്ടപ്പെട്ടു.


www.malankaralibrary.com

**ഗീതം 25–30:** ഗീതം 25-ന്റെ കുറച്ചുഭാഗങ്ങളേ കിട്ടിയിട്ടുള്ളു. ഗീതം 26 മുതൽ എഡേസ്സയിലെ ആരിയൻ കലഹവും സഭയിലെ പിളർപ്പും പരാമർശിക്കുന്നു. ഗീതം 26-ന്റെ ആദ്യഭാഗം നഷ്ടപ്പെട്ടു. ആരിയൻ കലഹം നിമിത്തം അകന്നുമാറിയവർ തിരികെവരാൻ പ്രാർഥിക്കുന്നു. ക്രിസ്തുവിനു മാത്രമേ മുറിവുണക്കാനും വേർപെട്ടവയെ യോജിപ്പിക്കാനും കഴിയൂ (27). സഭാസന്താനങ്ങൾ ക്രിസ്തുവിന്റെ അരുമസുതരാണ്. അവർ പരസ്പരം പോരടിക്കാൻ പാടില്ല (27,12–13).

ക്രിസ്തുവിനെ 'സൃഷ്ടി' എന്ന് വിളിക്കുന്നതുവഴി ദൈവവുമായി ക്രിസ്ത്യാനികൾക്കുള്ള ബന്ധം ശിഥിലമാക്കാനാണ് ആരിയർ ശ്രമിക്കുന്നത് (15–19). ആരിയനിസം മൂലമുള്ള പിളർപ്പ് ഏതാണ്ട് ആറുവർഷമായി എന്ന കാര്യം അനുസ്മരിക്കുന്നു (28,7). അതായത് 365 മുതൽ. 371-ലായിരിക്കാം ഈ ഗീതം രചിച്ചത്. 365-ലാണ് വാലൻസ് ചക്രവർത്തി അന്ത്യോക്യയിലെ ദൈവാലയം ആരിയൻ പക്ഷക്കാർക്ക് നൽകിയത്. അപ്പോൾ മുതലാകാം ആരിയൻ തർക്കം എഡേസ്സായിലും ഉടലെടുത്തത്. ഈ പിളർപ്പിനെപ്പറ്റി അപ്രേം ദുഃഖിക്കുന്നു. അതേവിഷയം തുടർന്നും ചർച്ചചെയ്യുന്നു (29).

എഡേസ്സാ മെത്രാനായ മാർ ബാർസെസിനെ (361–372) ചിലർ നിരസിക്കുകയും അദ്ദേഹത്തെപ്പറ്റി അപവാദം പറയുകയും ചെയ്യുന്നതിനെപറ്റി അപ്രേം വിലപിക്കുന്നു (29,5–10). മോശയുടെയും ദാനിയേലിന്റെയും ദൃഷ്ടാന്തം എടുത്തുകാട്ടുന്നു (30,2). അവരേപ്പോലെ വിവേകമുള്ളവരായി വർത്തിക്കാൻ കൃപ നൽകണമെന്നും അപേക്ഷിക്കുന്നു (30,22).

**ഗീതം 31–34:** ഈ ഗീതങ്ങൾ ഹാറാനെപ്പറ്റിയാണ്. "ഹാറാൻ മെത്രാൻ വീത്തൂസിനെപ്പറ്റി" എന്നാണ് ഗീതം 31-ന്റെ ശീർഷകം. മാർ ബാർസെസ് മെത്രാന്റെ (361–372) പിൻഗാമിയായി ഹാറാനിൽ അധ്യക്ഷനായ ആളാണ് മാർ വീത്തൂസ്. മാർ ബാർസെസിനെ 361-ൽ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഹാറാനിൽ നിന്ന് എഡേസ്സായിലേക്ക് മാറ്റി. കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ (381) 'ഹാറാനിലെ മെത്രാൻ' എന്നാണ് വീത്തൂസ് ഒപ്പിട്ടിരിക്കുന്നത്. ഇക്കാലത്ത് ആ നഗരങ്ങളിൽ ആരിയനിസം മൂലം ഉണ്ടായ പിളർപ്പിനെ പരാമർശിക്കുന്നു. ഐക്യമുണ്ടായി വിശ്വാസികൾക്ക് ഒന്നിച്ച് പെരുന്നാളുകൾ ആഘോഷിക്കാൻ ഇടയാകട്ടെ എന്നു പ്രാർഥിക്കുന്നു.

ലാബാനും യാക്കോബും (31,3–9;13–21), എലിയാസറും ലാബാനും (31,10–12), ആരിയൻ കടന്നാക്രമണം (31,30–31), തുടങ്ങിയവയൊക്കെ ഗീതം 31-ൽ ചർച്ചചെയ്യുന്നു. ലാബാനെ ഹാറാന്റെ പ്രതീകമായി ചിത്രീകരിക്കുന്നു. അതേവിഷയം തുടർന്നും കാണാം. റിബേക്കായും ലാബാനും (32,1–3), യാക്കോബ് ഹാറാനിൽ (32,7–8), റിബേക്കാ സാത്താനെ കീഴ്പ്പെടുത്തുന്നത് (32,9–16), ഹാറാന്റെ വിജാതിയത്വം എന്നിവ ചർച്ചചെയ്യുന്നു. ഹാറാനും എഡേ


www.malankaralibrary.com

സ്സായും ഏകയോഗമായി വർത്തിക്കുന്നതിന് പ്രാർഥിക്കുന്നു (ഗീതം,33). ഗീതം 34-ും ഹാറാനെപ്പറ്റിയാണ്. ബാബേലിന്റെയും ഈജിപ്തിന്റെയും യൂദായുടെയും ലോകം മുഴുവന്റെയും വൈദ്യന്മാരാണ് അബ്രഹാമും ദാനിയേലും മോശയും പ്രവാചകന്മാരും ശ്ലീഹന്മാരും (34,6-9). വൈദ്യനും മരുന്നുമായ ക്രിസ്തു തന്റെ ശരീരരക്തങ്ങളാൽ സൗഖ്യമാക്കുന്നു (34,10-12).

**ഗീതം 35-42:** ഗീതം 35 മുതൽ മറ്റൊരു യൂണിറ്റാണ്. മരണവും സാത്താനും തമ്മിലുള്ള സംവാദവും അവയുടെ വിലാപവും 35 മുതൽ 42 വരെയുള്ള ഗീതങ്ങളിൽ ഇടയ്ക്കിടെ കാണാം. 35-ന്റെ ശീർഷകം: "നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി". സാത്താൻ, മരണം, പാതാളം എന്നിവയെ കർതൃകർമങ്ങൾ സംഭ്രമിപ്പിച്ചു (35,1). പാപം തന്റെ ശിഷ്യർക്ക് യേശുവിനെപ്പറ്റിയും ശിഷ്യന്മാരെപ്പറ്റിയും മുന്നറിയിപ്പു നൽകുന്നു (35,2). സാത്താന്റെ പരീക്ഷണങ്ങൾ പരാജയപ്പെട്ടതിനെപ്പറ്റി അവൻ നിലവിളിക്കുന്നു (35,3-4). തങ്ങളുടെ പരിശ്രമങ്ങൾ നടക്കാത്തതു കൊണ്ട് സാത്താനും പാപവും പിൻതിരിയാൻ പ്രേരിതരാകുന്നു (35,5). തങ്ങളെ പട്ടിണിക്കിടുന്നെന്ന് മരണവും പാതാളവും വിലപിക്കുന്നു (35,6-7). യേശുവിനെപ്പറ്റി സാത്താന്റെ അനുമാനങ്ങൾ (35,8-14). യേശുവിനെ മനസ്സിലാക്കാൻ കഴിയാഞ്ഞതിൽ സാത്താൻ ആശ്ചര്യപ്പെടുന്നു (35,16-18). യേശുവിന്റെ ശിഷ്യരെ തമ്മിൽ അടിപ്പിക്കാൻ കഴിഞ്ഞാൽ വിജയം സുനിശ്ചിതമെന്ന് സാത്താൻ തന്റെ അനുയായികളെ അറിയിക്കുന്നു (35,19-20).

ഗീതം 36-ലും അതേവിഷയം തുടർന്ന് ചർച്ച ചെയ്യുന്നു. യേശുവിനെ സംബന്ധിച്ച് മരണത്തിന്റെ സംശയങ്ങളാണ് ഇതിൽ നാം കാണുക. മരണം വീമ്പടിച്ചുകൊണ്ടിരുന്നപ്പോൾ കർതൃസ്വരം പാതാളത്തിൽ മുഴങ്ങുകയും മൃതർ കല്ലറകളിൽനിന്ന് ഉത്ഥാനം ചെയ്യുകയും ചെയ്തു (36,11). ഗീതം 37-ും അതേവിഷയം കൈകാര്യം ചെയ്യുന്നു. പാതാളം കൊള്ളയടിക്കപ്പെട്ടതിൽ മരണം നിലവിളിക്കുന്നു. മാർസ്യന്റെ പാഷണ്ഡതയ്ക്കെതിരെയുള്ള വിചിന്തനം (37,9-11). തുടർന്നുള്ള അധ്യായങ്ങളും (38-42) ഇതേവിഷയം ചർച്ച ചെയ്യുന്നു. ഏലിയാ (39,1), ഏലീശാ (39,2), മോശ (39,3), അഹറോൻ (39,6), ഫിനെഹാസ് (39,7), ജോഷ്വാ (39,9), സാംസൺ (39,12.17), ദാവീദ് (39,13-14) എന്നിവരേക്കാളും മഹനീയനാണ് ഈ യേശു എന്ന് മരണം സമ്മതിക്കുന്നു. ഇങ്ങനെ സാത്താനും മരണവും മാറിമാറി വിലപിക്കുന്നു (41,1). 42-ാം ഗീതം മാർ തോമാശ്ലീഹായെ കുറിച്ചും നീതിമാന്മാരുടെ തിരുശേഷിപ്പുകളെ കുറിച്ചുമാണ്. നീതിമാന്മാരുടെ അസ്ഥികൾ മനുഷ്യർക്ക് അഭയകേന്ദ്രമാണ്!

**ഗീതം 43-49:** മനുഷ്യശരീരത്തിന്റെ മഹത്വം പ്രസ്പഷ്ടമാക്കുന്നവയാണ് ഈ ഗീതങ്ങൾ. മനുഷ്യന്റെ സൃഷ്ടിയിലും മനുഷ്യജീവിതത്തിലും പാതാളത്തിലും ഉത്ഥാനത്തിലും ഇത് വ്യക്തമാണ്. മനുഷ്യശരീരത്തെ അവ


www.malankaralibrary.com

ഗണിക്കുന്ന അബദ്ധോപദേശകർക്കെതിരെ പോരാടുന്നു. ജോസഫിന്റെ അസ്ഥികൾ ഇസ്രായേൽക്കാരുടെ യാത്രയിൽ സംരക്ഷിതകോട്ടയായിരുന്നു (43,1-3). ഏലീശായുടെ അസ്ഥികൾക്ക് മരിച്ചവരെ ജീവിപ്പിക്കാൻ ശക്തിയുണ്ടായിരുന്നു (43,4). അതുപോലെ മറ്റ് ദൃഷ്ടാന്തങ്ങളും നൽകി ശരീരത്തിന്റെ മഹത്വം തെളിയിക്കുന്നു. മനുഷ്യശരീരം ദൈവത്തിന്റെ കരവേലയാണ് (44,1). ഒരാൾ എത്ര പ്രായമായാലും അശക്തനായി തീർന്നാലും അയാളെ കൊല്ലുന്നില്ല, കൊല്ലുന്നവൻ ശിക്ഷാർഹനാണ്. എന്നാൽ മൃഗങ്ങളുടെ കാര്യം അപ്രകാരമല്ല (44,11).

മനുഷ്യനിൽ ദൈവം തന്റെ ജീവശ്വാസം ഊതിക്കയറ്റി. ആത്മാവിനോടൊപ്പം ശരീരത്തിനും മരണാനന്തരപ്രതിഫലം ലഭിക്കേണ്ടതുണ്ട് (45,1-5). ശരീരത്തെ തെറ്റായി കാണുന്നവരെ ഭത്സിക്കുന്നു (45,7-10.12). ദൈവപുത്രൻ താണിറങ്ങി വന്നുവസിച്ച ആലയമായ മർത്യശരീരം ശ്രേഷ്ഠമാണ്, നിന്ദ്യമല്ല (46,1-2). ശരീരത്തിന്റെ മഹത്വം തെളിയിക്കാൻ മാർ അപ്രേം വിവിധ ദൃഷ്ടാന്തങ്ങൾ നൽകുന്നു (46,3). ശരീരത്തിന്റെ ഉത്ഥാനം നിഷേധിക്കുന്നവർക്കെതിരെ വിവിധ വാദങ്ങൾ ഉന്നയിക്കന്നു (47,1). കർത്താവ് തന്റെ ഉത്ഥാനത്തിലൂടെ അവരുടെ വായടയ്ക്കുന്നു (47,11-12). ശരീരത്തിന്റെ ഉത്ഥാന സംബന്ധമായി നിരവധി മുൻസൂചനകൾ ഗീതം 48-ൽ അവതരിപ്പിക്കുന്നു: അഹറോന്റെ വടി, മന്നാ, മോശയുടെ വടി, ജോസഫിന്റെ അസ്ഥികൾ (48,1-6). ഉത്ഥാനത്തിനു തെളിവായി അടുത്ത ഗീതത്തിൽ പ്രകൃതിയിൽ നിന്നുള്ള ദൃഷ്ടാന്തങ്ങൾ നിരത്തുന്നു (49).

**ഗീതം 50–51:** ക്രിസ്തുവിന്റെ രക്ഷാകരകർമങ്ങളെ പറ്റിയും മനുഷ്യശരീരത്തെ പറ്റിയും ഗീതം 50 ചർച്ചചെയ്യുന്നു. കൃതജ്ഞത അർപ്പിക്കാനുള്ള ആഹ്വാനം നടത്തുന്നു (50,1-2). മനുഷ്യന്റെ വേര് പൂഴിയാണ്; താത്ക്കാലിക ഭൗമികജീവിതത്തിൽ ദുഃഖിക്കേണ്ട; ദൈവത്തെ സ്തുതിച്ച് നന്ദി പറയുക (50,3-5). ദൈവം വസിക്കുന്ന ആലയമാണ് മനുഷ്യൻ: ആത്മാവും ശരീരവും (50,7). പാതാളത്തിൽ പ്രകാശകിരണങ്ങൾ വർഷിക്കുന്ന നീതിസൂര്യനാണ് ക്രിസ്തു (50,8-12). ഗീതം 51: മനുഷ്യശരീരത്തിന്റെ ഉത്ഥാനം നിഷേധിക്കുന്ന ബർദൈസാന്റെ പാഷണ്ഡഗ്രന്ഥം മാർ അപ്രേം വായിച്ചപ്പോൾ ഉണ്ടായ പ്രതികരണമാണിതിൽ. ശരീരത്തിന്റെ ഔന്നത്യം വിവിധ രീതികളിൽ അവതരിപ്പിക്കുന്നു. ഈ രണ്ടു ഗീതങ്ങൾക്കും രണ്ട് രീതിയാണ്. മുൻവിഭാഗത്തിലെ ഗീതങ്ങളുടെ വിഷയമാണ് ഇവിടെയും പ്രധാനമായി ചർച്ച ചെയ്യുന്നത്.

**ഗീതം 52–68:** ഇവ മൊത്തത്തിൽ സംവാദഗീതങ്ങളാണ്: സാത്താനും മരണവും തമ്മിലുള്ള സംവാദം (52-59), സാത്താന്റെ ആത്മഗതം (60-61), മരണത്തിന്റെ ആത്മഗതം (62-64;66-67), മനുഷ്യനും മരണവും തമ്മിലുള്ള സംവാദം (65.68). ഗീതങ്ങൾ 35-42 ലും ഈ ശൈലി കാണാം: സാത്താൻ,


www.malankaralibrary.com

മരണം, പാതാളം എന്നിവയുടെ ആത്മഗതം ഈ ഗീതങ്ങളിൽ കാണാം. സുറിയാനിസാഹിത്യത്തിലെ ഒരു സുപ്രധാന ശൈലിയാണ് സംവാദശൈലി. മാർ അപ്രേമും ഇത് പലപ്പോഴും പ്രയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിനു പറയാനുള്ളത് മറ്റുള്ളവരെക്കൊണ്ട് പറയിക്കുന്നു.

മനുഷ്യരുടെ ഇടയിലുള്ള പ്രവർത്തനത്തിൽ തങ്ങളിൽ ആരാണ് കൂടുതൽ ബലിഷ്ഠൻ എന്നതിനെ സംബന്ധിച്ച് മരണവും സാത്താനും തമ്മിൽ തർക്കിക്കുന്നത് 52-ാം ഗീതത്തിൽ കാണാം. തങ്ങളിൽ ആരാണ് വിജയിക്കുന്നതെന്ന് 53-ാം ഗീതത്തിൽ തർക്കിക്കുന്നു. അവരിരുവരും ബലഹീനരാണെന്ന് തർക്കം തെളിയിക്കുന്നു (ഗീതം,54). പരസ്പരാരോപണത്തിലൂടെ ഇരുവർക്കും നാണക്കേടുണ്ടായി (55). ആരോപണപ്രത്യാരോപണഫലമായി അവർ തമ്മിലകന്നു (56). തുടർന്ന് മരണം സാത്താനെ പരിഹസിക്കുന്നു (57-58). രണ്ടുവഴിക്കു പോകാമെന്ന് സാത്താൻ പറയുന്നു (58,22-23).

മരണം തുടർന്നും സാത്താനെ നിന്ദിക്കുന്നു. സാത്താൻ അവയ്ക്ക് മറുപടിയും നൽകുന്നു (59). കർത്താവിന്റെ വരവിൽ മനുഷ്യർക്ക് സംഭവിച്ച മാറ്റങ്ങളെ കുറിച്ച് സാത്താൻ അത്ഭുതസ്തബ്ധനാകുന്നു (60). മനുഷ്യർക്കെതിരെ മരണം ഉയർത്തുന്ന ആരോപണങ്ങൾ (61-62). നല്ലവരുടെ ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ചുകൊണ്ട് മരണം മനുഷ്യരെ ഉപദേശിക്കുന്നു (63-64). അപ്പോൾ മനുഷ്യൻ പ്രതികരിക്കുന്നു, മരണം മറുപടി തുടരുന്നു. മനുഷ്യർ കാണിച്ചിട്ടുള്ള ദുഷ്ടതകൾ മരണം ചൂണ്ടിക്കാട്ടുന്നു. അതിന് മനുഷ്യൻ മറുപടി നൽകുന്നു, മരണം മടികൂടാതെ തുടർന്നും സംഭാഷണം നടത്തുന്നു (68). എല്ലാറ്റിനും മരണത്തിന് ഉത്തരമുണ്ട്.

**ഗീതം 69-70:** ശരീരത്തിന്റെ ഉത്ഥാനമാണ് മുഖ്യചർച്ചാവിഷയം: ഗീതം 69: മനുഷ്യസൃഷ്ടി, പാപം, പാപഫലമായി ശാരീരികമരണം. ആത്മാവിനെയും ശരീരത്തെയും വീണ്ടും നവീകരിച്ച് യോജിപ്പിക്കാൻ ദൈവത്തിനു കഴിയും. ക്രിസ്തുവിന്റെ മനുഷ്യാവതാരം മനുഷ്യമഹത്വം ഉയർത്തി. ഗീതം 70: മനുഷ്യർ കഥയില്ലാതെ പരേതരെപ്പറ്റി കേഴുന്നതിനെപ്പറ്റി: ക്രിസ്തുവിന്റെ മുൻകുറികളായി അബ്രഹാം, ജഫ്താ എന്നിവരെ ഉയർത്തിക്കാട്ടുന്നു. മരണം നിദ്രയാണ്, അത് നിത്യമല്ല, ഉത്ഥാനമുണ്ട്. രണ്ടു ഗീതങ്ങളുടെയും അവസാനം മാർ അപ്രേം ഓരോ പ്രാർഥന നടത്തുന്നു.

**ഗീതം 71-73:** ഈ ഗീതങ്ങളും ശരീരത്തിന്റെ ഉത്ഥാനത്തെപ്പറ്റിയാണ്: ഗീതം 71-ന്റെ ശീർഷകം 'ഉത്ഥാനത്തെപ്പറ്റി' എന്നാണ്. തിരുലിഖിതത്തിൽ നിന്ന് ഉത്ഥാനത്തിനുള്ള തെളിവു നൽകുന്നു. ഉത്ഥാനമില്ലെങ്കിൽ നല്ലവരും പീഡ അനുഭവിച്ചവരുമായ മർത്യർക്ക് എന്തു നീതിയാണ് ലഭിക്കുക? ഗീതം 72: തുടർന്നും തിരുലിഖിത തെളിവുകൾ നിരത്തിവയ്ക്കുന്നു. മുകളിൽ പറഞ്ഞ ന്യായങ്ങൾ കുറേക്കൂടി വിവരിക്കുന്നു. അബ്രഹാം, കൊല്ലപ്പെട്ട


www.malankaralibrary.com

പ്രവാചകന്മാർ, ലോത്ത്, കൊല്ലപ്പെട്ട ശിശുക്കൾ, ജോബിന്റെ മക്കൾ, ശ്മൂനിയും ഏഴ് മക്കളും, കല്ലെറിയപ്പെട്ടവർ, നിരവധി പീഡനങ്ങൾക്കു വിധേയരായവർ- ഉത്ഥാനമില്ലെങ്കിൽ ഇവർക്കെവിടെ നീതി? പ്രാർഥനകൾക്കും ഉപവാസത്തിനും ദാനധർമങ്ങൾക്കും മറ്റ് സത്കർമങ്ങൾക്കും പ്രതിഫലമെവിടെ? ഗീതം 73: അതേവിഷയം ചർച്ചചെയ്യുന്നു. കല്ലറയിലെ ശരീരവും ഉന്നതത്തിലെ സത്പ്രവൃത്തികളും ജാമ്യവസ്തുക്കളാണ്. നീതിമാന്മാർക്ക് ഉത്ഥാനത്തിലൂടെ ദൈവം നിശ്ചയമായും പ്രതിഫലം നൽകും.

**ഗീതം 74-77:** മനുഷ്യന്റെ ഔന്നത്യവും നിസ്സാരതയും ഒന്നിച്ച് പരിഗണിക്കുന്നു (74). മനുഷ്യസൃഷ്ടി മഹോന്നതമാണ്, അവന്റെ വ്യാപാരങ്ങൾ ഗംഭീരങ്ങളാണ്, എന്നാൽ മരണത്തെ കീഴടക്കാൻ അവനു കഴിഞ്ഞില്ല. എല്ലാവരുടെയും അന്ത്യം ശവക്കല്ലറയിൽ. എല്ലാവരെയും ഉയിർപ്പിക്കുന്നവന്റെ സമക്ഷം ഉത്ഥാനത്തിനുള്ള പ്രാർഥന നടത്തുന്നു (74,25). ഗീതം 75-ും മരണത്തെ ധ്യാനിക്കുന്നു. മരണദിനം പ്രിയപ്പെട്ടവരെ നമ്മിൽനിന്ന് അകറ്റുന്നു. മനുഷ്യർ അതുകണ്ട് നിലവിളിക്കുന്നു. എന്നാൽ ഉത്ഥാനമുണ്ടെന്നും ധൃതി പാടില്ലെന്നും അപ്രേം ഉപദേശിക്കുന്നു. ഗീതം 76: തുടർന്നും ഇക്കാര്യം ചർച്ച ചെയ്യുന്നു. മരണദിനം കയ്പ്പേറിയതാണെങ്കിലും ഉത്ഥാനദിനം ആനന്ദം പകരും. ഗീതം 77: തുടർന്നും ഈ വിഷയം ചർച്ചചെയത് അവസാനിപ്പിക്കുന്നു.

**അനുബന്ധം:** ഒരു കയ്യെഴുത്തുപ്രതിയിൽ മാത്രം കാണുന്ന ഒരു ചരമ ഗീതമാണിത്. പെട്ടെന്ന് കടന്നുപോയ ഒരാളും അവശേഷിക്കുന്നവരും തമ്മിലുള്ള സംവാദമായിട്ടാണ് നൽകിയിരിക്കുന്നത്. "നമ്മുടെ കർത്താവിൽ സമാശ്വസിക്കാൻ" ആഹ്വാനം ചെയ്ത് അവസാനിപ്പിക്കുന്നു.

**രീതികൾ:** മാർ അപ്രേമിന്റെ മിക്ക കൃതികളും പദ്യരൂപത്തിലാണ്. അക്കാലത്തെ മനുഷ്യർക്ക് മനസ്സിലാകുന്ന സാധാരണരീതികളാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ആളുകൾ ആ ഗീതങ്ങൾ പാടി അവയിലെ ആശയങ്ങൾ സ്വായത്തമാക്കിയിരുന്നു. എന്നാലിന്ന് പലർക്കും ആ രീതികൾ വശമില്ല. ഇവിടെ ഗദ്യരൂപത്തിലാണ് വിവർത്തനം നടത്തിയിരിക്കുന്നത്. എങ്കിലും മൂലകൃതിയിൽ കാണുന്ന തലക്കെട്ടുകൾ അതേപടി കൊടുത്തിരിക്കുന്നു എന്നു മാത്രം. ഈ കൃതിയിൽ 16 രീതികളിലായിട്ടാണ് 77 ഗീതങ്ങൾ രചിച്ചിട്ടുള്ളത്. അവ താഴെ ചേർക്കുന്നു:

1. "ഞാൻ എന്റെ വായ് വിജ്ഞാനത്തിൽ തുറക്കും": ഗീതം 1.
2. "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു": ഗീതം 2-3.43-49.
3. "എന്റെ ക്ലേശങ്ങളുടെ കൂമ്പാരം": ഗീതം 4.9-12.
4. "നിന്റെ അജഗണം ദുഃഖിതരായി": ഗീതം 5-7.
5. "എന്റെ കർത്താവേ, നീ സഹിച്ചവ അത്ഭുതമുളവാക്കുന്നു": 13-14
6. "നിങ്ങൾ സ്നേഹിച്ച ദൈവം": ഗീതം 15-16.

7. “ശിശുക്കൾ കൊല്ലപ്പെട്ടു”: ഗീതം 17-21.

8. “സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ”: ഗീതം 25-33

9. “രാജാവിന്റെ വധു”: ഗീതം 34

10 “കൊമ്പും കുഴലും”: ഗീതം 35-42.

11. “എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ”: ഗീതം 50

12. “വിവേകം നൽകുന്നവനേ”: ഗീതം 51.

13. “ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട”: ഗീതം 52-68.

14. “സന്ദേശവാഹകൻ, നേതാവ്”: ഗീതം 69-70.

15. “ഹാബേൽ ജീവിക്കുന്നു, കായേൻ മൃതനായി”: ഗീതം 71-73.

16. “ഓ, എന്റെ കർത്താവേ, നിന്റെ ഉദ്യാനത്തിൽ”: ഗീതം 74-77.

**മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ**

1. ജി. ചേടിയത്ത്, മാർ അപ്രേം, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).

2. ---------, മാർ അപ്രേം, *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).

3. ---------, മാർ അപ്രേം, *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).

4. ----------, മാർ അപ്രേം, *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (-*ഉൽപ്പത്തിഭാഷ്യം*, പേജ് 11-161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178-241; *ജൂലിനെതിരെയുള്ള ഗീതങ്ങൾ*, പേജ്, 242-278.) (OIRSI-257).

5. ----------, മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം, 2002, പേജ്, 358 (OIRSI-263).

6. ---------, മാർ അപ്രേം, *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്, 264 (-*വിശ്വാസഗീതങ്ങൾ*, പേജ്, 1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206-255) (OIRSI-301).

7. ----------, മാർ അപ്രേം, *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI-309).

8.-----------, മാർ അപ്രേം, *സഭാഗീതങ്ങൾ*, കോട്ടയം, 2009 (OIRSI-310).

**ഇവയുടെ കോപ്പികൾക്ക്**

മാനേജർ
പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണം (OIRSI),
പി.ബി.നമ്പർ-10, വടവാതൂർ, കോട്ടയം. 686010.



www.malankaralibrary.com

## മാർ അപ്രേം

# നിസിബിയൻഗീതങ്ങൾ

## 1

**"ഞാൻ എന്റെ വായ് വിജ്ഞാനത്തിൽ തുറക്കും" എന്ന രീതി**

1. കരുണയുള്ള ദൈവമേ, നീ നോഹയെ സന്തുഷ്ടനാക്കി; അവനും നിന്റെ കാരുണ്യത്തെ പ്രസാദിപ്പിച്ചു. അവൻ ബലിയർപ്പിച്ച്[1] പ്രളയത്തിന്റെ വീണ്ടുംവരവിനെ തടഞ്ഞു; അവൻ കാഴ്ചകൾ അർപ്പിച്ച് വാഗ്ദാനം പ്രാപിച്ചു.[2] പ്രാർഥനയും ധൂപവുംകൊണ്ട് അവൻ നിന്നെ പ്രസാദിപ്പിച്ചു. ശപഥവും മഴവില്ലും കൊണ്ട് നീ അവനോട് കരുണ കാട്ടി.[3] ഭൂമിക്ക് നാശം വരുത്താൻ പ്രളയം ഉരുണ്ടുകൂടുമ്പോഴെല്ലാം അതിനെ അടിച്ചോടിച്ച് ധരയെ സ്വസ്തമാക്കാൻ, നിന്റെ ശപഥം മനുഷ്യവാസമുള്ള നാടിനെ സംരക്ഷിക്കട്ടെ; ക്രോധത്തിനെതിരെ നിന്റെ മഴവില്ല് പോരാടട്ടെ.

*പ്രതിസ്തോത്രം: ഓളങ്ങൾക്കെതിരെ നിന്റെ മഴവില്ല് വിരിച്ചാലും; കാരണം, അവയുടെ തിരകൾ ഞങ്ങളുടെ മതിലുകൾക്കെതിരെ ഇതാ, ഉയർന്നിരിക്കുന്നു.*

2. എന്റെ കർത്താവേ, നോഹ തളിച്ച ബലഹീനരക്തം എല്ലാ തലമുറകളിലും ക്രോധം നിശ്ശേഷം നിയന്ത്രിച്ചെന്ന് ഞാൻ ഉറക്കെ പ്രഖ്യാപിക്കും. നിന്റെ ഏകജാതന്റെ തിരുരക്തത്തിന്റെ തളിക്കൽ ഞങ്ങളുടെ പ്രളയം നിയന്ത്രിക്കുന്നതിന് എത്രയധികമായി ശക്തിമത്തായിരിക്കും! എന്തുകൊണ്ടെന്നാൽ ഇതാ, അവന്റെ പ്രതീകം[4] എന്ന നിലയിലാണ് നോഹ അർപ്പിച്ച ബലഹീന കാഴ്ചകൾക്ക് ശക്തി ലഭിച്ചതും ക്രോധം നിയന്ത്രിതമായതും.

---

1. ഉൽപ.8,20; 2. ഉൽപ.9,11; 3. ഉൽപ.9,13; 4. റാസാ.


www.malankaralibrary.com

എന്റെ മദ്ബഹായിലെ കുർബാനയിൽ സംപ്രീതനായി, ജീവൻ നിഗ്രഹിക്കുന്ന പ്രളയത്തിൽ നിന്ന് എന്നെ സംരക്ഷിച്ചാലും. അങ്ങനെ നിന്റെ രണ്ട് അടയാളങ്ങളും ഞങ്ങളെ സംരക്ഷിക്കട്ടെ: എന്നെ നിന്റെ സ്ലീബായും നോഹയെ നിന്റെ മഴവില്ലും! നിന്റെ സ്ലീബാ കടൽജലത്തെ പിളർത്തി.[5] നിന്റെ മഴവില്ല് മഴമൂലമുള്ള പ്രളയജലത്തെ നിയന്ത്രിക്കട്ടെ.

3. ഇതാ, എല്ലാ തിരമാലകളും എന്നെ അമ്പരപ്പിച്ചു; ഞാൻ പേടകത്തെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കുന്നു; കാരണം, പ്രളയജലം മാത്രമേ അതിനെ ചുറ്റിയുള്ളു, എന്നാൽ എന്നെ തിരകളും മൺകൂനകളും അമ്പുകളും വലയം ചെയ്യുന്നു. അവയോരോന്നും നിനക്ക് നിക്ഷേപങ്ങളുടെ ഭണ്ഡാരമായിരുന്നു; എന്നാൽ ഞാൻ നിനക്ക് പാപങ്ങളുടെ കലവറ ആയിത്തീർന്നു. നിന്റെ സ്നേഹത്തിൽ അത് തിരമാലകളെ കീഴ്പ്പെടുത്തി; എന്നാൽ നിന്റെ ക്രോധത്തിൽ ഞാൻ അമ്പുകളുടെ മധ്യത്തിൽ ഉപേക്ഷിക്കപ്പെട്ടു. പ്രളയജലം പേടകത്തെ മാന്യമായി വഹിച്ചു; എന്നാൽ നദി എന്നെ അമ്പരപ്പിച്ചു. ആ പേടകത്തിന്റെ കപ്പിത്താനേ, കരയിൽ നീ എന്റെ നായകനായിരിക്കണമെ. മലയിലെ തുറമുഖത്ത് അതിന് നീ സ്വസ്തത നൽകി;[6] എന്റെ കോട്ടയ്ക്കുള്ളിൽ എനിക്കു നീ സ്വസ്തത നൽകിയാലും.

4. പ്രളയജലത്താൽ നീതിമാൻ എന്നെ പ്രഹരിച്ചു; ആ പേടകത്തെയാകട്ടെ തിരകൾക്കിടയിൽ അവിടുന്ന് തലോടി. തന്റെ തലമുറയിൽ ശേതിന്റെ പുത്രന്മാരെ മുക്കിക്കളഞ്ഞ[7] ഭോഗാസക്തിയുടെ തിരകളെ നോഹ കീഴടക്കി; അവന്റെ ശരീരം കായേന്റെ പുത്രിമാരെ ചെറുത്തു നിന്നതിനാൽ, അവന്റെ പേടകം തിരകളുടെ മുകളിലൂടെ സഞ്ചരിച്ചു. സ്ത്രീകൾ അവനെ മലിനമാക്കാതിരുന്നതിനാൽ, ജോഡിയായ മൃഗങ്ങളെയെല്ലാം പേടകത്തിൽ ജിതേന്ദ്രിയരാക്കാൻ അവനു കഴിഞ്ഞു. ജോഡികളായിരുന്നവയെ വിവാഹിതൻ സംയമനം ഉള്ളവയാക്കി. തന്റെ എണ്ണകൊണ്ട് മുഖത്തെ പ്രശോഭിപ്പിക്കുന്ന ഒലിവുമരം, തന്റെ ഇലകൊണ്ട്[8] അവർക്ക് മുഖപ്രസന്നത നൽകി. എന്റെ കർത്താവേ, തന്റെ ജലത്താൽ സന്തുഷ്ടി നൽകിയ നദി പ്രളയജലത്താൽ എന്നെ ദുഃഖിതനാക്കിയതു കണ്ടാലും!

5. നിന്റെ നീതി എന്റെ മ്ലേച്ഛപാപങ്ങൾ കാണുകയും നിന്റെ സംശുദ്ധനയനങ്ങൾ എന്നിൽ നിന്നു തിരിക്കുകയും ചെയ്തു. എന്നെ പാപത്തിൽ നിന്നു ശുദ്ധീകരിക്കാൻ, അശുദ്ധരായ പേർഷ്യാക്കാരിലൂടെ നീ വെള്ളം ഒന്നിച്ചുകൂട്ടി. ഞാൻ അതിൽ സ്നാനപ്പെട്ട് സംശുദ്ധനാകാനല്ല, പിന്നെയോ, അതുകൊണ്ട് എന്നെ പ്രഹരിക്കാനും ഭയപ്പെടുത്താനുമായിരുന്നു. എന്റെ പാപങ്ങൾ കഴുകിക്കളയാനായി, എന്നെ പ്രാർഥനയിലേക്കു തിരിക്കാൻ തിരമാലകൾ കാംക്ഷിച്ചു. വേദനാജനകമായ അക്കാഴ്ച എനിക്ക് സ്നാനത്തിനു

5. സങ്കീ.78,13; 6. ഉൽപ.8,4 (അറാറാത്തുമല/കാർദുമല); 7. ഉൽപ.6,2; 8. ഉൽപ.8,11.



www.malankaralibrary.com

തുല്യമായി. കർത്താവേ, എന്നെ മുക്കിക്കളയാൻ ഒരുങ്ങിനിൽക്കുന്ന കടലിൽ നിന്റെ കരുണ എന്റെ പാപങ്ങൾ മുക്കിക്കളയണമെ. ചെങ്കടലിൽ നീ ശരീരങ്ങളെ മുക്കിക്കളഞ്ഞു; ഇതിൽ ശരീരങ്ങൾക്കു പകരം പാപങ്ങൾ മുക്കിക്കളഞ്ഞാലും!

6. ഒരു ശേഷിപ്പിനെ സംരക്ഷിക്കാനായി നിന്റെ കരുണയാൽ നീ ഒരു പേടകം നിർമിച്ചു. നിന്റെ ക്രോധത്തിൽ ധരയെ നിശ്ശേഷം നശിപ്പിക്കാതിരിക്കാൻ, നിന്റെ കാരുണ്യത്താൽ നീ തടികൊണ്ട് ഒരു ധരയുണ്ടാക്കി. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് നീ മാറ്റി; ഒന്നിനെ മറ്റൊന്നിന് നീ തിരികെ നൽകി. എന്നാൽ എന്റെ നാട് മൂന്നു പ്രാവശ്യം മൂടപ്പെടുകയും ഒഴിയപ്പെടുകയും ചെയ്തു. എന്നാലിപ്പോൾ എന്നിൽ അഭയം തേടിയിരിക്കുന്ന ശേഷിപ്പിനെ നശിപ്പിക്കാൻ എനിക്കെതിരെ ഓളങ്ങൾ ഇളകിമറിയുന്നു. പേടകത്തിൽ ഒരു ശേഷിപ്പിനെ നീ കാത്തുപരിപാലിച്ചു; എന്റെ കർത്താവേ, എന്നിലും പുളിപ്പ് കാത്തുസൂക്ഷിച്ചാലും! പേടകം മലയിൽ ജനിപ്പിച്ചു; എന്റെ തടവുകാരെ എന്റെ കരകളിൽ ഞാൻ ജനിപ്പിക്കട്ടെ.

7. എന്റെ കർത്താവേ, കോട്ടയ്ക്കുള്ളിൽ കുടുങ്ങിപ്പോയവരെ എന്നിലൂടെ സന്തോഷിപ്പിക്കണമെ. പേടകത്തിൽ അടയ്ക്കപ്പെട്ടവരെ നീ ഒലിവിലയാൽ സന്തുഷ്ടരാക്കി; പ്രാവിലൂടെ നീ ഭിഷഗ്വരനെ അയച്ചു; അത് കടന്ന്, ഓളങ്ങൾക്കിടയിൽ ക്ലേശിച്ച എല്ലാ രോഗികളുടെയും വേദനകൾ ശമിപ്പിച്ചു. അതിന്റെ സന്തുഷ്ടി വേദനയെ നിഗ്രഹിച്ചുകളഞ്ഞു; അതിന്റെ സാന്ത്വനത്താൽ ദുഃഖം നീക്കിക്കളഞ്ഞു. സൈന്യാധിപനെപ്പോലെ ഭയചകിതരെ അത് ധൈര്യപ്പെടുത്തി. ഒറ്റപ്പെട്ടു കഴിഞ്ഞവരുടെ ഇടയിൽ അത് സദ്വാർത്ത വിതച്ചു. സമാധാനദർശനം അവരുടെ നയനങ്ങൾ അനുഭവിച്ചു. നിന്നെ സ്തുതിക്കാൻ അത് വേഗം വായ് തുറന്നു. കോട്ടയ്ക്കുള്ളിൽ കുടുങ്ങിയ തടവുകാരെ നീ എന്നിലൂടെ സന്തുഷ്ടരാക്കാൻ, ഓളങ്ങളിൽ ഒലിവിലപോലെ എന്നെ കാത്തുപരിപാലിച്ചാലും.

8. ജലം ഉയർന്ന് കോട്ടയ്ക്കെതിരെ ആഞ്ഞടിക്കുന്നു. എല്ലാറ്റിനെയും താങ്ങിനിർത്തുന്ന ശക്തി അതിനെ തടയട്ടെ. മണലിന്മേലുള്ള പണിപോലെ അത് തകരാതിരിക്കട്ടെ. കാരണം, ഞാൻ എന്റെ പ്രബോധനം മണലിന്മേലല്ല പണിതിരിക്കുന്നത്. എന്റെ അസ്തിവാരം പാറയായിരിക്കട്ടെ[9] . കാരണം, നിന്റെ പാറമേലാണ് ഞാൻ എന്റെ വിശ്വാസം പണിതിരിക്കുന്നത്. ഞാൻ വിശ്വാസം അർപ്പിച്ച അദൃശ്യമായ അടിസ്ഥാനം എന്റെ കോട്ടയെ വഹിക്കട്ടെ. ജറീക്കോയുടെ കോട്ടകൾ സത്യമായും തകർന്നുവീണു;[10] കാരണം, അത് മണലിന്മേലാണ് അതിന്റെ വിശ്വാസം അർപ്പിച്ചിരുന്നത്. മോശ കടലിൽ ഒരു മതിൽ പണിതു;[11] കാരണം, അവൻ തന്റെ ചിന്തകളും പദ്ധതികളും

9. മത്താ.7,25–27; 10. ജോഷ്വാ 6,20; 11. പുറ.14,22.


www.malankaralibrary.com

പാറയിലാണ് പണിതത്. നോഹ തന്റെ അടിസ്ഥാനം ഇട്ടത് പാറയിലാണ്. പ്രളയജലത്തിൽ പേടകത്തെ അത് വഹിച്ചു.

9. എന്റെ പക്കലുള്ളവരെ പേടകത്തിലെ ജീവികളുമായി താരതമ്യപ്പെടുത്തുക; അതിനുള്ളിൽ ദുഃഖിച്ചിരുന്ന നോഹയ്ക്കു പകരം, ഇതാ, ദുഃഖിച്ചും വിനീതമാക്കപ്പെട്ടും കഴിയുന്ന നിന്റെ മദ്ബഹാ! പേടകത്തിനുള്ളിൽ സംശുദ്ധരായിരുന്ന സ്ത്രീകൾക്കു പകരം, അവിവാഹിതകളായ എന്റെ കന്യകകളെ കാണുക! പേടകത്തിൽ നിന്ന് പുറത്തുകടന്ന് തന്റെ പിതാവിന്റെ നഗ്നത ദർശിച്ച ഹാമിനു പകരം, നഗ്നരെ മാന്യമായി ഉടുപ്പിച്ച ദാനശീലരുടെ പ്രകാശം എന്റെ പക്കൽ കാണുക. എന്റെ വേദനയിൽ എന്റെ മനസ്സിലുദിച്ചതു ഞാൻ പറഞ്ഞുപോയി. എന്റെ കർത്താവേ, എന്റെ വാക്കുകൾ നിന്നെ പ്രകോപിപ്പിച്ചെങ്കിൽ, എന്നെ കുറ്റപ്പെടുത്തരുതേ. മുറുമുറുത്ത ജോലിക്കാരെ നീ നിശ്ശബ്ദരാക്കി.[12] നിശ്ശബ്ദനായിരുന്ന അവസാനത്തവനോടു നീ ചെയ്തതുപോലെ, എന്നോടും കരുണയുള്ളവനായിരിക്കുക.

10. നിന്റെ ക്രോധത്തിനു മുമ്പിൽ നീ ഒരഭയകേന്ദ്രമൊരുക്കി; ജീവനുള്ളവയെല്ലാം അതിനുള്ളിൽ അഭയം തേടി. തന്റെ നാമം പോലെ തന്റെ ഭവനം സമാധാനപൂർണമായിരിക്കാൻ, നോഹ ആ ശാന്തിഭവനം വിശാലമാക്കി. നീതിമാനെ സംരക്ഷിക്കാനായി നീ വാതിലടച്ചു; അശുദ്ധരെ നിഗ്രഹിക്കാനായി നീ കിളിവാതിലുകൾ തുറന്നു. പുറത്ത് ഭയജന്യമായ ഓളങ്ങൾക്കിടയിലും അകത്ത് ക്രൂരദംഷ്ട്രങ്ങൾക്കിടയിലും നോഹ നിലയുറപ്പിച്ചു. ഓളങ്ങൾ അവനെ വഹിച്ചു; വന്യമൃഗങ്ങൾ അവനെ അമ്പരപ്പിച്ചു. അകത്തുള്ളവയുമായി നീ അവന് സമാധാനമുണ്ടാക്കി; പുറത്തുള്ളവയെ അവന്റെ മുമ്പിൽ നീ ശാന്തമാക്കി. നീ അവന്റെ ദുരിതങ്ങൾ വേഗം നീക്കി. എന്റെ കർത്താവേ, പ്രയാസമുള്ളവ നിനക്ക് എളുപ്പമാകുന്നു.

11. ഞാനും നോഹയും തമ്മിലുള്ള താരതമ്യം ശ്രദ്ധിച്ച് തൂക്കി നോക്കിയാലും! അവന്റേതിനേക്കാൾ എന്റെ ക്ലേശം കുറവാണെങ്കിലും, നിന്റെ കാരുണ്യം ഞങ്ങളുടെ വിടുതൽ തുല്യമാക്കിയാലും! കാരണം, നോഹയെപ്പോലെ, രോഷാകുലരുടെയും കൊലപാതകികളുടെയും മധ്യത്തിൽ എന്റെ കുട്ടികൾ നിൽക്കുന്നു. എന്റെ കർത്താവേ, അകത്തുള്ളവരെ ശാന്തരാക്കണമെ; പുറത്തുള്ള കൊലപാതകികളെ വിനീതരാക്കണമെ. അങ്ങനെ എന്റെ വിജയം ഇരട്ടിയാക്കണമെ. കൊലപാതകികൾ മൂന്നുപ്രാവശ്യം അവരുടെ ക്രോധാവേശത്താൽ ഗർജിച്ചു. നിന്റെ 'മൂന്നാമൻ' മൂന്നുപ്രാവശ്യം കാരുണ്യം കാട്ടുന്നതിന് ഇടയാക്കിയാലും. ദുഷ്ടൻ നിന്റെ കാരുണ്യത്തെ കീഴ്പ്പെടുത്താതിരിക്കട്ടെ. രണ്ടു മൂന്നു പ്രാവശ്യം ഭീഷണി മുഴക്കിയ ശത്രുവിനെ പരാജയപ്പെടുത്തുക. ഈ ധര മുഴുവൻ നിന്റെ കീർത്തി പരക്കുന്നതിന്, എന്റെ

12. മത്താ. 20,11.


www.malankaralibrary.com

വിജയം ലോകം മുഴുവൻ പറന്നെത്തട്ടെ. ഓ, മൂന്നാംദിവസം ഉത്ഥാനം ചെയ്തവനെ, മൂന്നാമത്തെ ഈ നാശത്തിൽ എന്നെ കൊന്നുകളയരുതേ.

# 2

## നഗരത്തെ രക്ഷിച്ചതിനെപ്പറ്റി "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു' എന്ന രീതി

1. നന്ദി പറയാൻ ഇന്ന് വായ് തുറക്കപ്പെട്ടിരിക്കുന്നു. കിളിവാതിലിന്റെ തുറക്കൽ എന്റെ കുട്ടികളുടെ വായ് തുറക്കട്ടെ. മനുഷ്യരായ നമ്മെ രക്ഷിക്കുകയും നമ്മുടെ കടം ഇളവുചെയ്യുന്നതിന് മടി കാണിക്കാതിരിക്കുകയും ചെയ്ത കാരുണ്യവാന് അവർ നന്ദി പറഞ്ഞു. അവർ ഞങ്ങളെ തടവുകാരാക്കി നാടുകടത്താൻ ആഗ്രഹിച്ച് വീമ്പടിച്ചപ്പോൾ, ഞങ്ങളുടെ വിടുവിക്കലിൽ ലോകം നിന്റെ നന്മ രുചിച്ചറിഞ്ഞു.

*പ്രതിസ്തോത്രം: സംസാരശക്തിയുള്ളവരെല്ലാം നിന്റെ നന്മ പ്രകീർത്തിക്കട്ടെ.*

2. കോട്ട കൂടാതെ അവിടുന്ന് നമ്മെ രക്ഷിച്ചു; അവിടുന്നാണ് നമ്മുടെ കോട്ടയെന്ന് പഠിപ്പിച്ചു. ചക്രവർത്തിയെ കൂടാതെ അവിടുന്ന് നമ്മെ രക്ഷിച്ചു; അവിടുന്നാണ് നമ്മുടെ രാജാവെന്ന് പഠിപ്പിച്ചു. അവിടുന്ന് നമ്മെ എല്ലാറ്റിൽ നിന്നും പൂർണമായി രക്ഷിച്ചു; അവിടുന്ന് എല്ലാമാണെന്ന് കാണിച്ചുതന്നു. അവിടുന്ന് തന്റെ നന്മയാൽ നമ്മെ രക്ഷിച്ചു; താൻ സൗജന്യമായി കരുണ കാണിക്കുകയും ജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നെന്ന് അറിയിച്ചു. ആത്മപ്രശംസകനിൽ നിന്ന് അവന്റെ പ്രശംസ അവിടുന്ന് എടുത്തുകളയുകയും അത് തന്റെ കൃപയ്ക്ക് നൽകുകയും ചെയ്തു.

3. സമസ്ത വായ്കളുടെയും സ്വരം നിനക്കു നന്ദി പറയാൻ അപര്യാപ്തമാണ്. ഞങ്ങളുടെ പ്രകാശം മങ്ങിക്കെടാൻ തുടങ്ങിയ നാഴികയിൽ അത് പെട്ടെന്ന് വീണ്ടും പ്രകാശപൂരിതമായി കത്തിജ്ജ്വലിച്ചു; കാരണം, നിനക്കെല്ലാം എളുപ്പമാണ്. ഒന്നിച്ച് രണ്ട് അത്ഭുതങ്ങൾ കണ്ടവർ ആരുണ്ട്? സംശയത്തോടൊപ്പം പ്രത്യാശ ഉദിച്ചുവളർന്നു; നിലവിളിയുടെ നാഴിക സദ്വാർത്തയുടെ നാഴികയായി മാറി.

4. എല്ലാ പെരുന്നാളുകളും ബന്ധപ്പെട്ടിരിക്കുന്ന പെരുന്നാൾ ദിനമാണിന്ന്. കാരണം, ക്രോധവിധി നമ്മെ തടവുകാരാക്കിയിരുന്നെങ്കിൽ, നമ്മുടെ പെരുന്നാളുകളും ഇല്ലാതാകുമായിരുന്നു. എന്നാൽ നമ്മുടെ സമാധാനം ഉജ്ജ്വലമായി വിജയിച്ചതിനാൽ, ഇതാ, നമ്മുടെ പെരുന്നാളുകൾ ആഘോഷഭരിതമായിരിക്കുന്നു. ഈ അനുഗൃഹീതദിനം എല്ലാറ്റിനെയും നിലനിർത്തുന്നു:


www.malankaralibrary.com

അതിനാലാണ് നഗരം നിലനിൽക്കുന്നത്; നഗരത്താലാണ് ജനം നിലനിൽക്കുന്നത്; ജനത്താലാണ് ശാന്തി നിലനിൽക്കുന്നത്; ശാന്തിയാലാണ് എല്ലാം നിലനിൽക്കുന്നത്.

5. വിള്ളലുകളിൽ കൂടി നീ വിജയം വർദ്ധിപ്പിച്ചു; മൂന്നു വിള്ളലുകളിൽ നിന്നും 'മൂന്നാമന്'സ്തുതി കരേറുന്നു. കാരണം, ക്രോധം നിയന്ത്രിക്കപ്പെടാനായി അവിടുന്ന് തന്റെ കരുണയാൽ താഴേക്കിറങ്ങിവന്ന് അവയുടെ കേടുപാടുതീർത്തു. അവിടുന്ന് നമ്മെ പഠിപ്പിക്കുകയായിരുന്നെന്ന് പേർഷ്യാക്കാർ ഗ്രഹിച്ചില്ല. അവിടുന്ന് അവരെ പ്രഹരിച്ചു. നീതിമാനായ താനാണ് കോട്ടയിൽ വിടവുണ്ടാക്കിയതെന്ന് അകത്തുള്ള കലഹപ്രിയരെ അവിടുന്ന് പഠിപ്പിച്ചു. കൃപാലുവായ താനാണ് കേടുപാടുകൾ തീർത്തതെന്ന് പുറത്തുള്ളവരെ അവിടുന്ന് പഠിപ്പിച്ചു.

6. വൃദ്ധരും യുവാക്കളും യുവതികളും കൊച്ചുകുട്ടികളും ശിശുക്കളും നഗരമാതാവായ സഭയും ഉൾപ്പെടെ വിടുവിക്കപ്പെട്ടവരെല്ലാം ഈ ദിവസം ആർത്തട്ടഹസിച്ച് സ്തുതി കരേറ്റട്ടെ. കാരണം, വൃദ്ധർ അടിമത്തത്തിൽ നിന്നും യുവജനങ്ങൾ പീഡനങ്ങളിൽ നിന്നും ശിശുക്കൾ പാറമേൽ അടിച്ചുള്ള ചിതറിത്തെറിക്കലിൽ നിന്നും സ്ത്രീകൾ അവമതിയിൽ നിന്നും സഭ നിന്ദനത്തിൽ നിന്നും വിടുവിക്കപ്പെട്ടു.

7. അവൻ നമ്മുടെമേൽ കനത്ത പ്രഹരമേൽപ്പിച്ചു; ഞൊടിയിട നേരത്തേക്ക് നാം ഭയചകിതരായി. അവൻ നവോന്മേഷം എത്തിച്ചു; നാം ഒരു മണിക്കൂർ സന്തോഷിച്ചു. അവൻ അൽപനേരത്തേക്കു തിരിഞ്ഞ് നമ്മെ വിട്ടു; നാം അനന്തമായി അലഞ്ഞുതിരിഞ്ഞു. അനുനയത്തിലൂടെയും ഭയപ്പെടുത്തലിലൂടെയും പരിശീലനം നേടുന്ന സഞ്ചാരമൃഗം പോലെയാണത്; എന്നാൽ അതിനെ കയറൂരി വിട്ടാൽ അത് മത്സരിക്കുകയും മറക്കുകയും നാട്ടുമ്പുറത്ത് വന്യമൃഗമായി തീരുകയും ചെയ്യും.

8. അവൻ നമ്മെ ശിക്ഷിച്ചെങ്കിലും നാം ഭയന്നില്ല; അവൻ നമ്മെ രക്ഷിച്ചെങ്കിലും നാം ലജ്ജിച്ചില്ല. അവൻ കടിഞ്ഞാണിട്ട് നിയന്ത്രിച്ചപ്പോൾ, പ്രാർഥനാവാഗ്ദാനങ്ങൾ നിരവധിയായി. അൽപം അയച്ചുവിട്ടപ്പോൾ, പാപം വർദ്ധിച്ചുപെരുകി. അവൻ നമ്മെ നിർബന്ധിച്ചതിനാൽ ദൈവവുമായി ഒരുടമ്പടി ഉണ്ടായി; അവൻ നമുക്ക് ശ്വസിക്കാൻ ഇടം നൽകിയപ്പോൾ, വഴിതെറ്റലായി അനന്തരഫലം! അവന് നമ്മെ അറിയാമായിരുന്നെങ്കിലും, നമ്മെ ഉറപ്പിക്കാനായി അവൻ താഴേക്കിറങ്ങിവന്നു. സായാഹ്നത്തിൽ നാമവനോട് വിശ്വസ്തത വാഗ്ദാനം ചെയ്തു: പ്രഭാതത്തിൽ നാമതു ലംഘിച്ചു. ആവശ്യം തീർന്നപ്പോൾ വിശ്വസ്തതയും വിട്ടുപോയി.

9. നാം നമ്മുടെ കടം വീട്ടാനായിട്ടാണ് വിടവുകൾവഴി അവൻ നമ്മെ ക്ലേശിപ്പിച്ചത്. നമ്മുടെ വീമ്പടിക്കൽ തകർക്കുന്നതിനാണ് അവൻ മൺ


www.malankaralibrary.com

ഭിത്തികൾ ഉയർത്തിയത്. നമ്മുടെ മ്ലേച്ഛത കഴുകിക്കളയാനാണ് ജലത്തിന് പഴുതുണ്ടാക്കിയത്. നാം തന്റെ ആലയത്തിൽ ഒന്നിച്ചുകൂടാനാണ് അവൻ നമ്മെ അകത്തിട്ടടച്ചത്. അവൻ നമ്മെ അകത്തിട്ടടച്ചു; നാം പ്രതിജ്ഞാബദ്ധരായി. അവൻ നമ്മെ സ്വതന്ത്രരാക്കി, നാം വഴിതെറ്റിപ്പോയി. നാം എല്ലാ നിറക്കൂട്ടുകളും സ്വീകരിക്കുന്ന കമ്പിളി പോലെയായി.

10. ഭാഗ്യവാന്മാരായ നിനിവേക്കാർ അനുതപിച്ചത് മൺഭിത്തികൾ നിമിത്തമോ, പ്രളയജലം നിമിത്തമോ, കോട്ടയിലെ വിള്ളലുകൾ നിമിത്തമോ, വില്ലിന്റെ സംരക്ഷണം നിമിത്തമോ അല്ലെന്ന് നമുക്കറിയാം. ഞാണിന്റെ ശബ്ദം കേട്ട് ഭയന്നല്ല അവർ അനുതപിച്ചത്. അവർ ഒരു ബലഹീനസ്വരത്തിന് ചെവികൊടുത്തു. അവർ തങ്ങളുടെ ശിശുക്കളെ ഉപവസിപ്പിച്ചു. അവരുടെ യുവാക്കളെ സംശുദ്ധരാക്കി. പ്രഭുക്കന്മാരെ വിനീതരാക്കി.[13]

11. നീ ഞങ്ങളെ പ്രഹരിച്ചു, എങ്കിലും നീ വെറുതെ ചെയ്യുന്നതല്ലെന്ന് ഞങ്ങൾ അംഗീകരിക്കണം. നീ ഞങ്ങളെ രക്ഷിച്ചു, എന്നാൽ ഞങ്ങൾ അതിന് അനർഹരാണെന്ന് ഞങ്ങൾ ഏറ്റുപറയണം. നീ ഞങ്ങളോടു കരുണ കാണിച്ചു, എന്നാൽ ഞങ്ങൾ അനുതപിക്കുമെന്ന് അറിയാതെയോ, പ്രതീക്ഷിക്കാതെയോ അല്ല. നീ ഞങ്ങളോട് കരുണ കാണിക്കുന്നത് ഞങ്ങൾ വിസ്മരിക്കുന്നു എന്നത് നിനക്ക് അറിവുള്ളതാണല്ലോ! ഞങ്ങൾ പാപം ചെയ്തെന്നു നീ അറിയുന്നു, ഞങ്ങൾ വീണ്ടും പാപികളാകുമെന്നും നീ അറിയുന്നു. നീ ഞങ്ങളോടു കരുണ കാണിക്കുമ്പോൾതന്നെ ഞങ്ങളുടെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ ഔദ്ധത്യം നീ അറിയുന്നു.

12. നമ്മുടെ കടങ്ങൾ പരിഹരിക്കാൻ ദൈവം  നമ്മുടെ അനുതാപം ത്രാസിൽ വച്ചു. അവ ഒരിക്കലും തുല്യമായില്ല; ഭാരത്തിൽ അളവുതട്ടങ്ങൾ ഒരുപോലെ വന്നില്ല. കാരണം, നമ്മുടെ കടങ്ങളുടെ തട്ടം വളരെ താണുപോയി; നമ്മുടെ അനുതാപത്തിന്റെ തട്ടം വളരെ ഉയർന്നുപോയി. നമ്മുടെ കടങ്ങളെപ്രതി നമ്മെ വിൽക്കണമെന്ന് ദൈവം കൽപന നൽകി. അവിടുത്തെ കാരുണ്യമാണ് നമ്മുടെ അഡ്വക്കേറ്റ്! നമ്മുടെ അനുതാപം ആവശ്യപ്പെട്ട ധനവും പലിശയും അവസാനച്ചില്ലിക്കാശുവരെ നാം എണ്ണിക്കൊടുത്തു.

13. അവൻ നമ്മുടെ കടങ്ങൾ ക്ഷമിച്ചു. ചെറിയൊരനുതാപത്തിനു പകരം പതിനായിരം താലന്തുകൾ! തന്റെ നീതിയെ തൃപ്തിപ്പെടുത്താനായി കടം ഈടാക്കാൻ അവൻ ന്യായമായി നിർബന്ധിതനായിരുന്നു; എന്നാൽ തന്റെ കൃപ സന്തോഷിക്കാൻ ക്ഷമിക്കുന്നതിനും അവൻ നിർബന്ധിതനായി. ഞൊടിയിട നേരത്തെ കണ്ണുനീർ നാം അവന് നൽകി; അത് അവന്റെ നീതിയെ സാന്ത്വനപ്പെടുത്തി. അവൻ ആവശ്യപ്പെട്ടതിനേക്കാൾ അത് കുറ

13. യോനാ 3,6;



www.malankaralibrary.com

വായിരുന്നു. അൽപം നൽകി വളരെയധികം നീക്കിക്കളഞ്ഞു. അത് അവന്റെ കൃപയെ സന്തുഷ്ടമാക്കി.

14. നമ്മുടെ പതിനായിരം കടങ്ങൾ അവൻ മായിച്ചു; അവന്റെ കൃപയ്ക്ക് നന്ദി പറയാൻ പതിനായിരം നാവുകൾ പര്യാപ്തമല്ല. അവൻ നമ്മോടു ക്ഷമിച്ചു, എന്നാൽ നാം ക്ഷമിച്ചില്ല; നാം അതിനു പകരം തിരിച്ചു നൽകി. മറ്റുള്ളവർ ചെയ്ത തെറ്റുകൾ നാം പുതുക്കി എഴുതിവച്ചു. "എന്റെ കർത്താവേ, ക്ഷമിക്കണമെ" എന്നു നാം നിലവിളിക്കുന്നു. "എന്റെ കർത്താവേ, പ്രതികാരം ചെയ്യണമെ" എന്നു നാം പ്രാർഥിക്കുന്നു: "ഞങ്ങൾ തെറ്റുചെയ്തതിനാൽ ക്ഷമിക്കണമെ; ഞങ്ങളോടു തെറ്റു ചെയ്തതിനാൽ പ്രതികാരം ചെയ്യണമെ."

15. പുറത്തുള്ള ശത്രുക്കളെപ്പോലെ സ്വയരക്ഷയ്ക്കായിപ്പോലും നാം അധ്വാനിച്ചില്ല. അവർ മൺഭിത്തികളുയർത്തി, നാം സ്വരമുയർത്തുകപോലും ചെയ്തില്ല. അവർ കോട്ടയിൽ വിള്ളലുണ്ടാക്കി, നാമാകട്ടെ നമ്മുടെ ഉള്ളിലെ ചെറിയ ചങ്ങലകൾ പോലും ഭേദിച്ചില്ല. അലസരെപ്രതി പരിശ്രമശാലികളെ ദൈവം നിരസിച്ചുകളഞ്ഞു. പുറത്തുള്ള ശത്രുക്കളുടെ പരിശ്രമത്തെ അവൻ വൃഥാവിലാക്കി; എന്നാൽ അവന് അകത്തുള്ളവരുടെ നന്ദികേട് സഹിക്കേണ്ടിവന്നു.

16. സംസാരശക്തിയുള്ളവരെ അവൻ മറികടന്നു, നിർജീവമായ കോട്ടയെ പ്രഹരിച്ചു. കോട്ടയെ അടിച്ച്, ജനത്തെ പ്രബോധിപ്പിച്ചു. സഹന വിധേയരായവരെ അവൻ വെറുതെ വിട്ടു; വേദന അറിയാത്തതിനെ പ്രഹരിച്ചു. നമ്മെ പ്രബോധിപ്പിക്കാനായി, വികാരം നിറഞ്ഞ മനുഷ്യനു പകരം വികാരരഹിതമായ കല്ലുകളെ അവൻ പ്രഹരിച്ചു. തന്റെ സ്നേഹത്താൽ നമ്മുടെ ജഡങ്ങൾ അവൻ ഒഴിവാക്കി, നമ്മുടെ കോട്ട തകർക്കാൻ ധൃതിപ്പെട്ടു.

17. ഒരു വിള്ളൽ കണ്ണാടി ആയിത്തീർന്നത് ആര് കണ്ടിട്ടുണ്ട്? രണ്ടു കൂട്ടർ അതിലൂടെ നോക്കിക്കണ്ടു: അകത്തുള്ളവർക്കും പുറത്തുള്ളവർക്കും അതുപകരിച്ചു. കണ്ണുകൊണ്ട് കാണുന്നതുപോലെ, തകർക്കുകയും പണിയുകയും ചെയ്യുന്ന ശക്തി അവർ അതിൽ കണ്ടു. വിടവുണ്ടാക്കുകയും വീണ്ടും അത് നന്നാക്കുകയും ചെയ്തവനെ അവർ കണ്ടു. പുറത്തുള്ളവർ അവന്റെ ശക്തി കണ്ടു; സന്ധ്യവരെ തങ്ങാതെ അവർ സ്ഥലംവിട്ടു. അകത്തുള്ളവർ അവന്റെ സഹായം ദർശിച്ചു, അവർ നന്ദി പറഞ്ഞെങ്കിലും അത് മതിയായില്ല.

18. നിന്റെ വിമോചനദിനം നിന്നെ നിദ്രയിൽ നിന്ന് ഉണർത്തട്ടെ. കോട്ടയിൽ വിള്ളലുണ്ടായപ്പോൾ, ആനകൾ ഇടിച്ചുകയറിയപ്പോൾ, അമ്പുകൾ


www.malankaralibrary.com

വർഷിക്കപ്പെട്ടപ്പോൾ, സൈന്യങ്ങൾ ആർത്തിരമ്പിയപ്പോൾ സ്വർഗീയർക്ക് അതൊരു വിനോദകാഴ്ചയായിരുന്നു. അവിടെ ദുഷ്ടത പോരാടി, എന്നാൽ കാരുണ്യം വിജയിച്ചു. താഴെ കാരുണ്യം വിജയിച്ചു, മുകളിൽ ഈറേന്മാർ അട്ടഹസിച്ചു.

19. നിന്റെ ഉള്ളിലുള്ളവരുടെ സംരക്ഷണമായി നിന്റെ ചുറ്റും നില കൊണ്ട് കോട്ട തകർക്കാൻ ശത്രു തന്റെ ദുഷ്ടതയാൽ കഠിനാധ്വാനം ചെയ്തു. അവൻ പരിശ്രമിച്ചെങ്കിലും അതിനുള്ളിൽ കടക്കാൻ അവനു കഴി ഞ്ഞില്ല. ഒന്നല്ല, മൂന്നിടത്ത് വിള്ളലുണ്ടാക്കിയാൽ, തകർത്ത് ഉള്ളിൽ കടന്ന് നമ്മെ തടവുകാരാക്കാൻ കഴിയുമെന്ന് അവൻ കരുതി. ഒരിക്കൽ മാത്രമല്ല അവൻ ലജ്ജിതനായത്. പിന്നെയോ, മൂന്നിടത്തും മൂന്നു പ്രാവശ്യവും ലജ്ജി തനാകാനായി അവൻ മൂന്നിടത്ത് കിണഞ്ഞു പരിശ്രമിച്ചു.

20. ദൈവിക കൃപയാൽ നിന്റെ ഉള്ളിൽ എന്റെ സന്തോഷം വർദ്ധിച്ചു വരട്ടെ. നിന്നിൽ എന്റെ കടങ്ങൾ നിരവധി ആയിരുന്നതുപോലെ, നിന്നിൽ എന്റെ ഫലങ്ങളും നിരവധിയാകട്ടെ. എന്റെ യൗവനത്തിൽ നിന്നിൽ ഞാൻ പാപം ചെയ്തതുപോലെ, എന്റെ വാർദ്ധക്യത്തിൽ നിന്നിൽ ഞാൻ കാരുണ്യം പ്രാപിക്കട്ടെ. നിന്റെ മക്കളുടെ വായ്കൊണ്ട് നിന്റെ മകനുവേണ്ടി പ്രാർഥിച്ചാലും! എന്റെ കഴിവിനതീതമായി ഞാൻ പാപം ചെയ്തു. എനിക്ക് കഴിയുന്നത്ര ഞാൻ അനുതപിച്ചുമില്ല. അളവിനതീതമായി ഞാൻ ചിതറി ച്ചു, പരിമിതമായി മാത്രം ശേഖരിച്ചു.

# 3

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു' എന്ന രീതി

1. അലഞ്ഞുതിരിഞ്ഞ് വഴിതെറ്റിപ്പോകാതിരിക്കാൻ ഞങ്ങളുടെ കാതു കളെ ഉറപ്പിക്കണമെ. കാരണം, ദൈവം ആരാണെന്നും അവൻ ആർക്കു സദൃശ്യനാണെന്നും അന്വേഷിക്കുന്നത് അലഞ്ഞുതിരിയലാണ്. ബുദ്ധിക്കു തുല്യമായ സത്തയുടെ സാദൃശ്യം വരയ്ക്കാൻ നമുക്കെങ്ങനെ കഴിയും? ഗ്രഹണം കൂടാതെ ഒന്നും അവനിലില്ല. അവൻ പൂർണമായി കാഴ്ചയും കേൾവിയുമാണ്; പൂർണമായി സംസാരശക്തിയുള്ള വായ് പോലെയാണ്; അത് പൂർണമായി എല്ലാ അവയവങ്ങളിലുമാണ്.

*പ്രതിസ്തോത്രം: നമുക്ക് അന്വേഷിച്ചറിയാനാവാത്ത ഏകസത്തയ്ക്ക് സ്തുതി.*

2. നമ്മുടെ മനസ്സിൽ ചിത്രീകരിക്കത്തക്കവിധം അവന്റെ ആകൃതി രൂപീകരിക്കാനാവില്ല. ചെവിയില്ലാതെ അവൻ കേൾക്കുന്നു. വായില്ലാതെ അവൻ സംസാരിക്കുന്നു. കരങ്ങൾ കൂടാതെ അവൻ പ്രവർത്തിക്കുന്നു. കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ഇത്തരം ഒരാളുടെ മുമ്പിൽ നമ്മുടെ ആത്മാവ് സ്വസ്തമായിരിക്കുകയോ, നിശ്ശബ്ദമായിരിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അവൻ കൃപയാൽ മനുഷ്യരൂപം ധരിക്കുകയും തന്റെ രൂപത്തിലേക്ക് നമ്മെ ഒന്നിച്ചുകൂട്ടുകയും ചെയ്തു.

3. ആ ആത്മീയ യാഥാർഥ്യം എങ്ങനെ ശാരീരികമായി കാണപ്പെട്ടെന്നും പ്രശാന്തൻ എങ്ങനെ രോഷാകുലനായി കാണപ്പെട്ടെന്നും നമുക്ക് പഠിക്കാം. ഇവ നമ്മുടെ സഹായത്തിനാണ്. നമ്മെ തന്റെ സാദൃശ്യത്തിലാക്കാൻ ആ ദൈവികയാഥാർഥ്യം നമുക്കു തുല്യനായി നമ്മുടെ സാദൃശ്യമെടുത്തു. എന്നാൽ അവനിൽ നിന്നു പുറപ്പെട്ട അവന്റെ പുത്രൻ എന്ന ഏകൻ മാത്രമേ യഥാർഥത്തിൽ അവന് തുല്യനായിട്ടുള്ളു. അവൻ അവന്റെ സാദൃശ്യത്തിൽ മുദ്ര കുത്തപ്പെട്ടിരിക്കുന്നു.

4. നിസിബിസ്, നീ ഇവ കേൾക്കുക: കാരണം, നിനക്കുവേണ്ടിയാണ് ഇവ എഴുതപ്പെട്ടതും ഉച്ചരിക്കപ്പെട്ടതും. നിനക്കും മറ്റുള്ളവർക്കും നീ ലോകത്തിൽ കലഹത്തിനും തർക്കത്തിനും ഹേതുവായിത്തർന്നു. ഓ, ഉപരോധിക്കപ്പെട്ടവളേ, വായ്കൾ നിന്നെക്കുറിച്ച് വിലപിക്കുന്നു. ജേതാവും സ്വതന്ത്രയുമായ നിന്നെപ്പറ്റി വായ്കൾ പാടിയിരുന്നു. നിന്നെക്കുറിച്ച് വിലപിക്കാനും സ്തുതിക്കാനുമായി വായ്കൾ തുറന്നു.

5. നിന്നിൽ പാർക്കുന്നവരുടെ പ്രാർഥന നിന്റെ രക്ഷയ്ക്ക് പര്യാപ്തമാണ്. അവർ നീതിമാന്മാരാകയാലല്ല, പിന്നെയോ, അനുതാപികളായതിനാലാണ്. അവർ നിന്ദ്യരായി തീർന്നതുപോലെ, ക്രോധദണ്ഡിനു കീഴിലൂടെ നടക്കണം. കടങ്ങളിലും വിജയങ്ങളിലും അവർ പങ്കുചേർന്നു. അവരുടെ പാപങ്ങൾ നിരവധി ആയിരുന്നതുപോലെ, അവരുടെ സദ്ഫലങ്ങളും വർദ്ധിക്കട്ടെ. ചാക്കുവസ്ത്രങ്ങളിൽ പ്രശോഭിതരായതുപോലെ, കിരീടങ്ങളിലും അവർ പ്രശോഭിതരാകട്ടെ.

6. നിന്റെ വിടുതലിന്റെ ദിവസം ദിവസങ്ങളുടെ രാജാവാണ്. ഒരു സാബത് ദിവസം കോട്ടയ്ക്ക് കേടുപറ്റി. ഇത് അവിശ്വാസികളെ തറപറ്റിച്ചു. പുത്രന്റെ ഉത്ഥാനദിനം നിന്റെ പതനത്തിൽ നിന്ന് അവൻ നിന്നെ എഴുന്നേൽപ്പിച്ചു. അതിന്റെ നാമത്തിനനുസൃതം ഉത്ഥാനദിനം നിന്നെ എഴുന്നേൽപ്പിച്ചു. അതിന്റെ നാമത്തെ അത് മഹത്വപ്പെടുത്തി. സാബത് അതിന്റെ നിരീക്ഷണം മയപ്പെടുത്തി. വിള്ളലുണ്ടാക്കാനുള്ള പരിശ്രമത്തിലൂടെ അത് തനിക്കുതന്നെ അപമാനമുണ്ടാക്കി.


www.malankaralibrary.com

7. സമറിയായിൽ ദാരിദ്ര്യം നടമാടി, എന്നാൽ നിന്നിൽ സമൃദ്ധി നില നിന്നു. സമറിയായിൽ പെട്ടെന്ന് കൊള്ളമുതൽ കുന്നുകൂടി, എന്നാൽ നിന്നി ലേക്ക് പെട്ടെന്ന് വെള്ളം ഇരച്ചുകയറി. ആ നഗരത്തിൽ ഒരു ശിശു ഭക്ഷ്യ വസ്തു ആയിത്തീർന്നു. അത് നഗരത്തെ രക്ഷിച്ചു.[14] നിന്നിൽ സജീവവും ജീവദായകവുമായ കർതൃശരീരം ഭക്ഷണമായിത്തീർന്നു. ഭക്ഷിച്ചവരെ ഭക്ഷ്യ വസ്തു രണ്ടിടങ്ങളിലും പെട്ടെന്ന് രക്ഷിച്ചു.

8. ഓരോ തലമുറയെയും ബാധിക്കുന്ന ക്ലേശങ്ങളിൽ നല്ലവന് ഒട്ടും സന്തുഷ്ടിയില്ലെന്ന് നമുക്കറിയാം. അവിടുന്ന് ഇവ ചെയ്യുന്നെങ്കിലും നമ്മുടെ വേദനകൾക്ക് കാരണം നമ്മുടെ പാപങ്ങളാണ്. നമ്മുടെ സ്രഷ്ടാവിനെതിരെ ഒരു മനുഷ്യനും പരാതിപ്പെടേണ്ടതില്ല. എന്നാൽ തനിക്കിഷ്ടമില്ലെങ്കിലും രോഷാകുലനാകാനും താൻ ആഗ്രഹിക്കുന്നില്ലെങ്കിലും നമ്മെ അടിക്കാനും നാം തനിക്കെതിരെ പാപം ചെയ്ത് അവനെ പ്രകോപിപ്പിച്ചതിനാൽ, അവി ടുന്ന് നമുക്കെതിരെയാണ് പരാതിപ്പെടേണ്ടത്.

9. മണ്ണിനും ഒലിവിനും മുന്തിരിക്കും പരിപാലന ആവശ്യമാണ്. ഒലി വുമരത്തിന് തട്ടുമുട്ടൽ ഏറ്റാൽ ഫലസമൃദ്ധമാകും. മുന്തിരിച്ചെടി വെട്ടിയൊ രുക്കിയാൽ അതിന്റെ ഫലം നന്നായിരിക്കും. മണ്ണ് ഉഴുതുമറിച്ചാൽ സമൃദ്ധ മായി വിളവുണ്ടാകും. ജലം കനാലിലൂടെ ഒഴുക്കിയാൽ വരണ്ട നിലങ്ങൾ കുടിച്ച് തൃപ്തരാകും. പിച്ചള, വെള്ളി, സ്വർണം എന്നിവ തേച്ചുമിനുക്കിയാൽ തിളങ്ങും.

10. പരിപാലനയിലൂടെ എല്ലാം മെച്ചപ്പെടുത്തുന്ന മനുഷ്യൻ, അല സനും ചിന്താശൂന്യനും ആകുമ്പോൾ എല്ലാം നിന്ദ്യവും മാത്സര്യജനകവു മാകും. പരിപാലനയിലൂടെ, തന്നെ ശിക്ഷണവിധേയനാക്കുന്നവനെ അവൻ മനസ്സിലാക്കട്ടെ. ശിക്ഷണവിധേയരാക്കുന്നവരെല്ലാം അതുവഴി നേട്ടമുണ്ടാ ക്കാനാണ് അപ്രകാരം ചെയ്യുന്നത്. കാരണം, തന്റെ ദാസനെ ശിക്ഷണവി ധേയനാക്കുന്നവൻ അവനെ സ്വന്തമാക്കാനാണ് അപ്രകാരം ചെയ്യുന്നത്. തന്റെ ദാസന്മാർ സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ളവരാകുന്നതിനാണ് നല്ല ദൈവം അവരെ ശിക്ഷണവിധേയരാക്കുന്നത്.

11. നിന്റെ പീഡനങ്ങൾ നിന്റെ പ്രബോധനത്തിനുള്ള ഗ്രന്ഥങ്ങളായി രിക്കട്ടെ. കാരണം, നടന്ന സംഭവങ്ങൾ ഓരോ നാഴികയിലും ധ്യാനിക്കാൻ മൂന്നുവട്ടത്തെ ഉപരോധം നിനക്കു ഗ്രന്ഥങ്ങളായിരിക്കട്ടെ. നിന്റെ രക്ഷാമാർഗം രണ്ട് ഉടമ്പടികളിലും വായിക്കുന്നതിൽ നീ വീഴ്ച വരുത്തിയതിനാൽ, നീ നിന്റെ ശിക്ഷണങ്ങൾ വായിക്കുന്നതിന് അവിടുന്ന് നിനക്കുവേണ്ടി മൂന്ന് കഠിന ഗ്രന്ഥങ്ങളെഴുതി.

---

14. 2രാജാ.6,24-30. 7,16.

www.malankaralibrary.com

12. വീണ്ടും സംഭവിക്കാൻ ഇടയുള്ളത്, സംഭവിച്ചവ മൂലം നമുക്ക് ഒഴിവാക്കാം. ഇനി വരാൻ ഇടയുള്ളതിൽ നിന്ന് രക്ഷപെടാൻ, വന്നുപെട്ടതിലൂടെ ശിക്ഷണവിധേയരാകാം. കൺമുമ്പിലുള്ളത് നീങ്ങിക്കിട്ടാൻ, കഴിഞ്ഞ കാലത്തു നടന്നത് നമുക്ക് അനുസ്മരിക്കാം. ആദ്യത്തെ പ്രഹരം നാം മറന്നുകളഞ്ഞതിനാൽ, രണ്ടാമത്തേത് നമ്മുടെ മേൽ നിപതിച്ചു. നാം രണ്ടാമത്തേത് മറന്നതിനാൽ, മൂന്നാമത്തേത് ഭീകരമായി നമ്മുടെമേൽ പതിച്ചു. ഒരിക്കൽ കൂടി ആർക്ക് മറക്കാനാകും!

# 4

## “എന്റെ ക്ലേശങ്ങളുടെ കൂമ്പാരം’ എന്ന രീതി (1)

1. സഹായിക്കാൻ മടുപ്പുതോന്നാത്ത എന്റെ ദൈവമേ, നിന്റെ സർവ നന്മകൾക്കും നന്ദി അർപ്പിക്കാത്തവനാണ് ഞാനെങ്കിലും, നിന്റെ ഭവനത്തിന്റെ വാതിൽപ്പടിയിൽ ഞാൻ വീണ്ടും വീണ്ടും പ്രവേശിക്കുകയും ആത്മധൈര്യം കിട്ടാൻ ധൈര്യപൂർവം അപേക്ഷിക്കുകയും ചെയ്യും.

*പ്രതിസ്തോത്രം: ഞങ്ങളുടെ പ്രത്യാശയേ, ഞങ്ങളുടെ കോട്ടയായിരിക്കണമെ.*

2. എന്റെ കർത്താവേ, ഒരൊറ്റ ഗോതമ്പുമണിയിൽ നിന്ന് ധര ധാരാളം ഗോതമ്പുമണികൾ ഉൽപ്പാദിപ്പിക്കുമ്പോൾ, നിന്റെ കൃപയാൽ എന്റെ പ്രാർഥനകൾ എത്രയധികം സമൃദ്ധമായിരിക്കണം!

3. എന്റെ കുട്ടികളുടെ നെടുവീർപ്പുകളും നിലവിളികളും നിമിത്തം നിന്റെ കരുണാവാതിൽ എനിക്കു തുറന്നു തന്നാലും! അവരുടെ ചാക്കുവസ്ത്രത്തിലെ നിലവിളിയുടെ സ്വരം സന്തോഷമായി പകർത്തിയാലും.

4. മുലകുടിമാറി, നസ്രത്തിലെ ശപ്തരായ കുട്ടികളുടെ സഖിയായിത്തീർന്ന ആദ്യജാതാ, ചെന്നായുടെ ദർശനത്തിൽ ഉച്ചത്തിൽ നിലവിളിക്കുന്ന എന്റെ കുഞ്ഞാടുകളെ ശ്രവിച്ചാലും.

5. എന്റെ കർത്താവേ, വയലിൽ ചെന്നായ്ക്കളെ കാണുന്ന ആട്ടിൻകൂട്ടം ആട്ടിടയന്റെ പക്കലേക്ക് ഓടിയടുത്ത് അവന്റെ വടിയുടെ കീഴിൽ അഭയം തേടുന്നു. അവയെ കടിച്ചുകീറുന്നവയെ അവൻ ഓടിക്കുന്നു.

6. നിന്റെ അജഗണം ചെന്നായ്ക്കളെ കണ്ട് ഇപ്പോൾ ഉച്ചത്തിൽ നിലവിളിക്കുന്നു; സഹായത്തിനായി വന്നാലും! കാരണം, ഭയത്താൽ അവ വിറയ്ക്കുന്നു. അവയെ വിഴുങ്ങാൻ വരുന്നവയെ ഓടിക്കാൻ നിന്റെ കുരിശ് ഒരു വടിയായിരിക്കട്ടെ.


www.malankaralibrary.com

7. എന്റെ കുട്ടികളുടെ നിലവിളി ശ്രവിച്ചാലും! കാരണം, അവർ തികച്ചും സംശുദ്ധരാണ്. എന്റെ കർത്താവേ, ദിവസങ്ങളുടെ പുരാതനനെ പ്രസാദിപ്പിക്കാൻ ദിവസങ്ങളുടെ ശിശുവായവനാണ് കഴിയുക.

8. ശിശുവിനെ പുൽക്കൂട്ടിൽ കിടത്തിയ ദിവസം ഈറേന്മാർ ഇറങ്ങി വന്ന് സമാധാനം എന്ന് പ്രഘോഷിച്ചു. ആ സമാധാനം എന്റെ കുട്ടികൾക്കും എന്റെ തെരുവീഥികൾക്കും ഉണ്ടായിരിക്കട്ടെ.

9. ആ ജനത്തിലെ മൂപ്പന്മാരായ എഴുപത്തിരണ്ട് വൃദ്ധന്മാർക്ക് അവരുടെ ഇടയിലെ വിടവ് നികത്താനായില്ല. മറിയത്തിന്റെ മകനായ ശിശു എല്ലാ ദിക്കുകളെയും സാന്ത്വനപ്പെടുത്തി.[15]

10. കർത്താവേ, എന്റെ കുട്ടികളിൽ കരുണ തോന്നണമെ. എന്റെ കുട്ടികളെ കാണുമ്പോൾ, നീയും ഒരു ശിശുവായിരുന്നെന്ന്, നിന്റെ ജനനം അനുസ്മരിക്കണമെ. നിന്റെ ശൈശവത്തിനു തുല്യരായവർ നിന്റെ കൃപയാൽ രക്ഷിക്കപ്പെടട്ടെ.

11. എല്ലാറ്റിൽ നിന്നും വിടുവിക്കാൻ, നിന്റെ അജഗണത്തിന്റെ ഇടയിൽ നിന്ന് എല്ലാവരുടെയും ഇടയനെ വിളിക്കുന്ന നിഷ്ക്കളങ്കരുടെ നിലവിളി ആടുകളുടെ കരച്ചിലുമായി കൂടിക്കലർന്നിരിക്കുന്നു.

12. ഞാൻ എല്ലാ സ്വരങ്ങളും ചേർത്തുമെടഞ്ഞ് അതുകൊണ്ട് സ്വരത്തിന്റെ ഒരു മാലയുണ്ടാക്കും. ഞാനതിനെ നിന്റെ പിതാവിന് സമർപ്പിക്കും.

എ. എനിക്ക് ഹാ, കഷ്ടം! കാരണം, ആരാണ് എന്റെ അയൽക്കാരനും സമീപസ്ഥനും! അവന്റെ പാദം അവന്റെ സ്ഥലത്ത് വിശ്രമിക്കുന്നില്ല; എപ്പോഴും ഇടതടവില്ലാതെ എന്റെ തലയ്ക്കായി അവൻ പിന്തുടരുന്നു.

ബി. എനിക്കു ഹാ, കഷ്ടം! കാരണം, ആരാണ് എന്റെ അതിഥി![16] എന്റെ കർത്താവേ, എന്നെയും എന്റെ ഭക്ഷണത്തെയും ആർത്തിയോടെ വിഴുങ്ങാൻ അവൻ തക്കം നോക്കുന്നു. കൊതിപൂണ്ട അവനെ നീതി വെട്ടി മുറിക്കട്ടെ.

സി. എനിക്കു ഹാ, കഷ്ടം! കാരണം, ആരാണ് എന്റെ ശത്രുവും അയൽക്കാരനും! ഭാഗ്യവാനാണ് ഞാൻ. ആരാണ് എന്റെ കർത്താവും രക്ഷകനും! അവൻ ശത്രുവിനെ പിന്തിരിപ്പിക്കുന്നു, ശത്രു പിന്തിരിഞ്ഞുപോകുകയും ചെയ്യുന്നു.

13. ഹാനികരമായ സന്തോഷത്തിൽ ദുഃഖം മറഞ്ഞിരിക്കുന്നു. പ്രയോജനപ്രദമായ ദുഃഖം ആ വരാനിരിക്കുന്ന പുതിയ ലോകത്തിൽ സന്തോഷത്തിന്റെ ഉറവിടമാണ്.

---

15. സംഖ്യ, 11,16. 24; 16. സഹോദരൻ എന്നും പാഠഭേദം.

www.malankaralibrary.com

14. എന്നെ പീഡിപ്പിക്കുന്നവൻ നേടിയെടുത്ത സൗഭാഗ്യത്തിൽ ഹാ, കഷ്ടം മറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞാൻ സന്തുഷ്ടനാണ്. കാരണം, അവനിൽ നിന്ന് എനിക്കു കിട്ടിയ ഹാ, കഷ്ടത്തിൽ എനിക്ക് സൗഭാഗ്യം മറഞ്ഞിരിക്കുന്നു.

15. നമ്മെ ഉയർത്തുകയും ദുഃഖകരമായ വാർത്തകളിൽ നിന്ന് സദ്വാർത്തയിലേക്ക് വീണ്ടും ഉയർത്താൻ കഴിവുണ്ടായിരിക്കുകയും ചെയ്യുന്നവന് നന്ദി പറയാതിരിക്കാൻ ആർക്കു കഴിയും!

16. എല്ലാവരെയും സൗഖ്യമാക്കുന്നവനേ, എന്റെ രോഗത്തിൽ നീയെന്നെ സുഖപ്പെടുത്തി. നിന്റെ ഔഷധങ്ങൾക്ക് പ്രതിഫലം നൽകാൻ എന്നെക്കൊണ്ടാവില്ല; കാരണം, അത് അമൂല്യമാണ്.

17. നിന്റെ സമൃദ്ധമായ കാരുണ്യം നിന്റെ ഔഷധങ്ങളേക്കാൾ വിലയേറിയതാണ്. അത് വിലയ്ക്ക് വാങ്ങാവുന്നതല്ല. അത് സൗജന്യമായി നൽകപ്പെടുന്നതാണ്. കണ്ണുനീരിനു പകരം അത് ലഭിക്കുന്നു.

18. എന്റെ കർത്താവേ, രാജകുമാരൻ[17] വളരെ അകലെ ആയിരിക്കുകയും ശത്രു അടുത്തായിരിക്കുകയും ചെയ്യുമ്പോൾ, വിജനമായ നഗരത്തിന് നിന്റെ കാരുണ്യം കൂടാതെ എങ്ങനെ പിടിച്ചുനിൽക്കാനാകും?

19. എല്ലാ നാഴികയിലും നീയാണ് തുറമുഖവും അഭയസ്ഥാനവും. കടൽ എന്റെ മീതേ കവിഞ്ഞൊഴുകുമ്പോൾ, നിന്റെ കരുണ ഇറങ്ങിവന്ന് എന്നെ പുറത്തേക്ക് വലിച്ചിട്ടു. വീണ്ടും നിന്റെ സഹായം എനിക്ക് അയച്ചുതന്നാലും!

20. എന്റെ മുറിവുകൾക്ക് നിന്റെ രക്ഷയുടെ മരുന്നും പീഡാനുഭവത്തിന്റെ സഹായവും പുരട്ടിയാലും! നിന്റെ സ്ലീബായുടെ അടയാളം എല്ലാവരെയും സുഖപ്പെടുത്തുന്ന മരുന്നാണ്.

21. ഞാൻ വളരെയധികം പീഡിപ്പിക്കപ്പെടുന്നു; എന്നെ ശല്യം ചെയ്യുന്നവനെതിരെ ഞാൻ ധൃതിയിൽ പരാതി ഉന്നയിക്കുന്നു. എന്റെ കർത്താവേ, എന്റെ പാപങ്ങൾ കൂട്ടിക്കലർത്തിയ കയ്പ്പുള്ള കാസാ നിന്റെ കാരുണ്യം മയപ്പെടുത്തണമെ.

22. ഞാൻ എല്ലാ വശത്തേക്കും നോക്കി; ഏകാന്തനായതിൽ ഞാൻ കരഞ്ഞു. എനിക്ക് പല നേതാക്കന്മാരും വിമോചകരും ഉണ്ടെങ്കിലും എന്നെ വിടുവിച്ചവൻ ഏകനാകുന്നു.

---

17. കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ മകനും പിൻഗാമിയുമായ കോൺസ്റ്റാൻസ്യൂസ്; 359-ൽ അദ്ദേഹം പാശ്ചാത്യ പ്രദേശങ്ങളിൽ ആയിരുന്നു.


www.malankaralibrary.com

23. എന്റെ കർത്താവേ, എന്റെ കുട്ടികൾ ഓടിപ്പോയി; അവർ പരുന്ത് പിന്തുടരുന്ന കോഴിക്കുഞ്ഞുങ്ങളെപ്പോലെയായി. ഇതാ, അവർ എവിടെയോ ഒളിച്ചിരിക്കുന്നു. നിന്റെ സമാധാനം അവരെ തിരികെ വരുത്തണമെ.

24. ഇതാ, മുന്തിരികൃഷിക്കാരുടെ സ്വരം എന്റെ കാതുകൾക്ക് നഷ്ടമായിരിക്കുന്നു. കാരണം, അവരുടെ ഗാനങ്ങൾ നിലച്ചു. നിന്റെ രക്ഷയുടെ സന്ദേശം സദ്വാർത്തയിൽ മുഴങ്ങട്ടെ.

25. എന്റെ ഗോപുരങ്ങളിൽ ഭീകരനാദം ഞാൻ കേട്ടു. കാരണം, എന്റെ കോട്ടകൾ കാത്തുകൊണ്ട് എന്റെ യോദ്ധാക്കൾ നിലവിളിക്കുന്നു. നിന്റെ സമാധാനസ്വരത്താൽ അവരെ നീ സാന്ത്വനപ്പെടുത്തണമെ.

26. എന്റെ കോട്ടയ്ക്കപ്പുറത്ത് എന്റെ കൃഷിപ്പണിക്കാരുടെ ആരവം സമാധാനം കൊണ്ടുവരട്ടെ. ഞാൻ അകത്തും പുറത്തും നിന്നെ പ്രകീർത്തിക്കാൻ എന്റെ കോട്ടയ്ക്കകത്തുള്ളവരുടെ സ്വരവും സമാധാനം കൊണ്ടുവരട്ടെ.

27. എന്റെ കർത്താവേ, ചാക്കുവസ്ത്രം ധരിച്ച് ദുഃഖപൂരിതരായി നിൽക്കുന്ന നിന്റെ സംശുദ്ധ പുരോഹിതരുടെയും പാവനമായ ഈ മദ്ബഹായുടെയും വിലാപം നീക്കിക്കളയണമെ.

28. സഭയും അവളുടെ ശുശ്രൂഷകരും, നഗരവും നഗരവാസികളും നിന്റെ രക്ഷയ്ക്ക് നന്ദി പറയും. എന്റെ കർത്താവേ, സമാധാനസ്വരം അവരുടെ സഹായാഭ്യർഥനയുടെ പ്രതിഫലമായിരിക്കട്ടെ.

# 5

## "നിന്റെ അജഗണം ദുഃഖിതരായി" എന്ന രീതി (1)

1. നിന്റെ രക്ഷയുടെ സദ്വാർത്ത ശ്രവിക്കാൻ നിന്റെ കൃപയാൽ ഞങ്ങൾക്ക് ഇടയാക്കണമെ. ഞങ്ങളുടെ കാത് കൈവഴി ആയി തീർന്നതിനാൽ, ഭീകരവാർത്തകൾക്ക് ഞങ്ങളുടെ മനസ്സുകൾ അർഹമായി.

*പ്രതിസ്തോത്രം: നിന്റെ വിജയത്തിനു സ്തുതി; നിന്റെ കർതൃത്വത്തിനു സ്തുതി.*

2. തങ്ങളുടെ അധ്വാനത്തിൽ നിന്ന് നഷ്ടം വന്നവരെ, നിസ്സാരവും അൽപമാത്രവുമെങ്കിലും, നേട്ടം നൽകി സമാശ്വസിപ്പിക്കണമെ. നേട്ടത്തിന്റെ അവസരം അവർക്കു കിട്ടിയത് കോട്ടമാണ്.

www.malankaralibrary.com

3. ദൈവികക്രോധം നാടിന്റെ നടുക്കു നിന്നുകൊണ്ട് നാശവും നേട്ടവും പങ്കിട്ടു എന്നത് സുവ്യക്തമാണ്. ഒരു കൂട്ടരുടെ മേൽ പെട്ടെന്ന് തകർക്കൽ കൊണ്ടുവന്നു, മറ്റവർക്ക് പെട്ടെന്ന് ഗർവ് നൽകി.

4. തനിക്ക് എല്ലാ രീതികളിലും പരിശീലിപ്പിക്കാനാകുമെന്ന് പഠിപ്പി ക്കാനായിരുന്നിത്. പീഡിപ്പിക്കുന്നവർ എന്റെ മുമ്പിൽ ഭീകരരാണെന്നു കണ്ട പ്പോൾ, അവനെന്നെ എന്റെ കുട്ടികളുടെ മുമ്പിലിട്ടു; എന്റെ വത്സലർ എന്നെ പീഡിപ്പിച്ചു.

5. ഇതാ, ഞാൻ മനുഷ്യരെയല്ല, ദൈവത്തെയാണ് ഭയക്കേണ്ടതെന്ന് അവനെന്നെ പഠിപ്പിച്ചു. കാരണം നമ്മെ അടിക്കാൻ ആരും ഇല്ലാതിരുന്ന പ്പോൾ, തന്റെ ക്രോധം പെട്ടെന്ന് കൽപന നൽകി. തദ്ഫലമായി ഓരോരു ത്തരും കൈവിടുർത്തി തങ്ങളെത്തന്നെ പീഡിപ്പിച്ചു.

6. അതുപോലെ, എല്ലാ രാജാക്കന്മാരെയും അടിച്ചുവീഴ്ത്തിയ ആ ബാബിലോണിയക്കാരൻ'[18] തന്നെ തകർക്കാൻ ആരുമില്ലെന്ന് ഉള്ളിൽ ഉറ പ്പായി കരുതിയപ്പോൾ, തന്റെ സ്വന്തം കരങ്ങളാൽതന്നെ തകർക്കപ്പെടാൻ ദൈവം ഇടയാക്കി.

7. അവന്റെ മുഖതേജസ്സും ബുദ്ധിയും ഒരുപോലെ പെട്ടെന്ന് മാറി. അവൻ തന്റെ വസ്ത്രം കീറി ദൂരെയെറിഞ്ഞു.അവൻ ഇറങ്ങി മരുഭൂമിയിൽ അലഞ്ഞുനടന്നു; ആദ്യം അവൻ തന്നെ ഇറങ്ങിയോടി, പിന്നീട് അവന്റെ ദാസന്മാർ അവനെ ഓടിച്ചു.

8. അവന് തന്റെ സ്വന്തം കഴിവുകൊണ്ട് കീഴടക്കാൻ കഴിയില്ലായിരു ന്നെന്ന്, അവൻ പരാജയപ്പെടുത്തി ബാബിലോണിലേക്കു കൊണ്ടുവന്ന എല്ലാ രാജാക്കന്മാരെയും അവൻ കാണിച്ചു. അവനെ അടിച്ചുവീഴ്ത്തിയ ശക്തി യാണ് അവരെ പരാജയപ്പെടുത്തിയത്.

9. എന്റെ കർത്താവേ, എന്നെ സ്വതന്ത്രരാക്കിയവരുടെ കൈകളിൽ നിന്നുള്ള താഡനം ഞാൻ നിന്നുകൊണ്ട് സഹിച്ചു. അടിക്കുന്നവരാൽ നിന്റെ കൃപയാൽ എനിക്കു നന്മ കൈവരുത്താൻ നിനക്കു കഴിയും. എന്റെ സഹാ യകരിലൂടെ എന്നെ ശിക്ഷിക്കാൻ നിന്റെ നീതിയാൽ നിനക്കു കഴിയും.

10. സമറിയായ്ക്കെതിരെ ബൻഹദദിന്റെ സൈന്യം മൺഭിത്തി പണി തുയർത്തി ആക്രമിച്ച ദിവസം തങ്ങളുടെ സുഖഭോഗവസ്തുക്കളും വിശി ഷ്ടഭോജനവും നിക്ഷേപങ്ങളും സമ്പാദ്യങ്ങളും ഉപേക്ഷിച്ചിട്ട് ജനം ഓടിക്ക ളഞ്ഞു.[19] തങ്ങളുടെ പീഡകരാൽ ദൈവം നഗരത്തെ കിരീടം അണിയിച്ചു.

---

18. നെബുക്കദ്നേസർ: ദാനി.4,4; 19. 2രാജാ.7,7.


www.malankaralibrary.com

11. എന്റെ വത്സലർ എന്നെ കിരീടം ധരിപ്പിക്കുകയും എന്റെ വിമോചകർ എന്നെ സുഖപ്പെടുത്തുകയും ചെയ്തു. എന്നിൽ വസിക്കുന്നവരുടെ പാപം നിമിത്തം എന്റെ സഹായകൻ എന്നെ പ്രഹരിച്ചു. എന്റെ കർത്താവേ, എന്റെ മുന്തിരിച്ചെടികളിൽ നിന്ന് സമാശ്വാസത്തിന്റെ കാസാ കുടിക്കാൻ എനിക്കിടയാക്കിയാലും.

12. എന്റെ കർത്താവേ, നിന്റെ കൃപയാൽ ഗോതമ്പും വീഞ്ഞും സംരക്ഷിച്ചാലും. മുന്തിരികൃഷിക്കാരന്റെ മുന്തിരിയാൽ കർഷകൻ സന്തോഷിക്കട്ടെ. കർഷകന്റെ ഗോതമ്പാൽ മുന്തിരികൃഷിക്കാരൻ സന്തോഷിക്കട്ടെ.

13. ഗോതമ്പും മുന്തിരിങ്ങയും ഒന്നുചേർന്നു പോകുന്നു. പറമ്പിൽ ഗോതമ്പ് കൊയ്തെടുക്കുന്നവരെ വീഞ്ഞിന് സന്തുഷ്ടരാക്കാൻ കഴിയും. മുന്തിരിത്തോട്ടത്തിൽ മുന്തിരിങ്ങാ പെറുക്കുന്നവരെ അപ്പത്തിന് ശക്തിപ്പെടുത്താൻ കഴിയും.

14. എന്റെ ആവശ്യങ്ങളിൽ എന്നെ സമാശ്വസിപ്പിക്കാൻ രണ്ടിനും കഴിയും; ഇവയേക്കാളുപരി എന്നെ സമാശ്വസിപ്പിക്കാൻ ഓ, മൂന്നാമനേ, നിനക്ക് കഴിയും. നിന്റെ കൃപയാൽ എനിക്ക് പെട്ടെന്ന് ലഭിച്ച വിടുതൽ നിമിത്തം ഞാൻ നിനക്ക് നന്ദി പറയുന്നു.

15. കൃപയാൽ ജീവൻ കാത്തുപരിപാലിക്കപ്പെട്ടവൻ തന്റെ സമ്പാദ്യനഷ്ടത്താൽ മുറുമുറുത്താൽ, അവനിൽ കരുണ തോന്നിയവന്റെ കൃപയോട് അവൻ കൃതഘ്നനായിരിക്കും.

16. തന്റെ സ്വന്തം ഇഷ്ടത്താൽ ഒന്നിനു പകരം മറ്റൊന്ന് അവൻ നശിപ്പിക്കുന്നു. സമ്പാദ്യങ്ങൾ നശിപ്പിച്ചിട്ട്, ഉടമസ്ഥനെ വിടുവിക്കുന്നു; നമ്മുടെ ജീവനു പകരം നമ്മുടെ കൃഷിവകകൾ നശിപ്പിക്കുന്നു.

17. ദൈവകോപം ഉജ്ജ്വലിച്ച് സമ്പാദ്യങ്ങൾ അവശേഷിപ്പിച്ചിട്ട് ഉടമസ്ഥനെ അടിക്കാതിരിക്കാനും തന്റെ ആരംഭത്തിന്റെ കാരുണ്യം, വൈകി അവസാനം മാത്രം തിരിച്ചറിയാൻ ഇടയാകാതിരിക്കാനും, മുറുമുറുക്കുന്നതിൽ നമുക്ക് ഭയചകിതരാകാം.

18. നാമെന്തിനുവേണ്ടി മുറുമുറുക്കണമെന്ന് നാം തിരിച്ചറിയണം. നിന്നെ പരിശീലിപ്പിക്കുന്നവന് എതിരെയല്ല നീ മുറുമുറുക്കേണ്ടത്, പിന്നെയോ, നിന്നെക്കൊണ്ട് പാപം ചെയ്യിക്കുകയും നിന്നെ ശിക്ഷാർഹനാക്കുകയും ചെയ്ത നിന്റെ സ്വന്തം ഇച്ഛയ്ക്കെതിരായിട്ടാണ് മുറുമുറുക്കേണ്ടത്.

19. നമുക്ക് മുറുമുറുക്കൽ അവസാനിപ്പിച്ച് പ്രാർഥനയിലേക്ക് തിരിയാം. ഉടമസ്ഥൻ മരിച്ചാൽ, അവന്റെ സമ്പാദ്യം അവന് പ്രയോജനപ്പെടുന്നില്ല. എന്നാൽ അവൻ ജീവിച്ചിരുന്നാൽ, തനിക്കു നഷ്ടപ്പെട്ടവ നേടിയെടുക്കാനാകും.


www.malankaralibrary.com

20. കാരുണ്യത്താൽ എന്റെ ദേശവാസികൾക്ക് സമാശ്വാസം വർദ്ധിക്കട്ടെ. ഓടിപ്പോയവരും അവശേഷിച്ചവരും ക്രോധത്തിൽ സമാശ്വസിക്കട്ടെ. അവശേഷിക്കുന്നവർ നാശനഷ്ടങ്ങളെപ്പറ്റിയുള്ള ദുഃഖം മറക്കാൻ ഇടയാകട്ടെ.

21. എന്റെ കർത്താവേ, നിന്റെ ക്രോധം അവശേഷിപ്പിച്ച ഫലങ്ങൾ കേടുപാടു നീക്കി വർദ്ധിപ്പിച്ചാലും. അവ കീടബാധയേറ്റ് രോഗം ബാധിച്ചവയ്ക്ക് തുല്യമായെന്ന് എനിക്കു തോന്നുന്നു. നഷ്ടപ്പെട്ട വളരെ കാര്യങ്ങളെപ്പറ്റിയുള്ള ദുഃഖം, ഈ ശേഷിപ്പിലൂടെ മറക്കാൻ ഇടയാക്കിയാലും.

22. എന്റെ കർത്താവേ, മുന്തിരിപ്പൂക്കൾ വാടി രോഗം പിടിപെടുന്നതും ഈ മാസത്തിലാണെന്ന് സംസാരത്തിനിടയിൽ ഞാൻ ഓർത്തുപോയി. ഒരു സമാശ്വാസത്തിന്, അവ രോഗവിമുക്തമാകട്ടെ.

23. തങ്ങളുടെ സഖികളെ കടത്തിക്കൊണ്ടുപോയ മഹാമാരി അവശേഷിപ്പിച്ചവയാണിവ. തങ്ങളുടെ സഖികളായ നിരവധി വൃക്ഷങ്ങൾ തങ്ങളുടെ മുമ്പിൽ വെട്ടിവീഴ്ത്തപ്പെട്ടപ്പോൾ, ശബ്ദരഹിതരാണെങ്കിലും മുന്തിരിച്ചെടികൾ നിലവിളിച്ചു.

24. സസ്യലതാദികളുടെ സാന്നിധ്യത്തിന് ധര കൊതിക്കുന്നു; വേരുകൾ കേഴുന്നു; അത് കർഷകനെയും ദുഃഖത്തിലാഴ്ത്തുന്നു. സസ്യലതാദികൾ മനോഹരമായി വളർന്ന് വിടർന്നുനിന്നു; അവ തണൽ നൽകിക്കൊണ്ടിരുന്നു; ഒറ്റ നാഴികകൊണ്ട് അവ തകർക്കപ്പെട്ടു.

25. കോടാലിയെത്തി വെട്ടി; അത് കർഷകനെ വെട്ടിയെങ്കിലും, വെട്ടേറ്റത് മരത്തിനാണ്; കർഷകനെ അത് ദുഃഖാർത്തനാക്കി. വെട്ടുകാരന്റെ ഓരോ വെട്ടും കർഷകനെ വേദനിപ്പിച്ചു.

# 6

## "നിന്റെ അജഗണം ദുഃഖിതരായി" എന്ന രീതി (2)

1. സൗജന്യമായി സുഖപ്പെടുത്തുന്ന വൈദ്യന്റെ പക്കലേക്ക് എന്റെ ക്ലേശങ്ങളിൽ ഞാൻ ഓടിയെത്തും. അവൻ എന്റെ ഒന്നാമത്തെ മുറിവും രണ്ടാമത്തെ മുറിവും സുഖപ്പെടുത്തി. മൂന്നാമത്തേതും സുഖപ്പെടുത്തിയ അവൻ നാലാമത്തേതും സുഖപ്പെടുത്തട്ടെ.

*പ്രതിസ്തോത്രം: ആദ്യജാതനാംപുത്രാ, എന്നെ സുഖപ്പെടുത്തണമെ.*

2. ക്രോധത്തിന്റെ പാനപാത്രം കലർത്തിയ നല്ലവനേ, എന്റെ


www.malankaralibrary.com

കർത്താവേ, എന്റെ കുട്ടികൾ അത് കുടിച്ച് ഉന്മത്തരായി. എന്റെ അലങ്കാരങ്ങൾ അവർ തട്ടിമറിച്ചിട്ടു. എന്റെ ആഭരണങ്ങൾ കവർച്ചചെയ്ത് ദൂരെയെറിഞ്ഞു. കരുണ കൂടാതെ എന്റെ വസ്ത്രങ്ങളും കിരീടങ്ങളും നശിപ്പിച്ചു.

3. ആ ഒന്നാമത്തേയും രണ്ടാമത്തേയും നഗ്നമാക്കലിനുശേഷം, ഞാൻ പെട്ടെന്ന് വസ്ത്രം ധരിച്ചപ്പോൾ, അവർ എന്റെ വസ്ത്രമുരിഞ്ഞ് വീണ്ടും നഗ്നനാക്കി. ഞാൻ മൂന്നാംതവണയും വസ്ത്രം ധരിച്ചപ്പോൾ, അവർ നാലാം തവണയും എന്നെ നഗ്നനാക്കി.

4. ഇതാ, അവരെന്നെ വിവസ്ത്രനാക്കി, എന്റെ വസ്ത്രങ്ങളും തോട്ടങ്ങളും ഉദ്യാനങ്ങളും കൊള്ളയടിച്ചു; എന്റെ കർത്താവേ, എന്റെ മദ്ബഹായെ ചുറ്റിയിരിക്കുന്ന ചാക്കുവസ്ത്രം കണ്ട് എന്നെ വസ്ത്രം ധരിപ്പിക്കണമെ. എന്റെ കർത്താവേ, ആ ചാക്കുവസ്ത്രം എനിക്ക് രക്ഷാകവചമായിരിക്കട്ടെ.

5. എന്റെ കർത്താവേ, സംശുദ്ധനാലല്ല നീയെന്നെ പരിശീലിപ്പിച്ചത്: കാരണം, ഇതാ, അവന്റെ നിന്ദനം അവന് മുമ്പേ പോകുന്നു, അവന്റെ അപമാനം അവനെ അനുഗമിക്കുന്നു; വ്യഭിചാരത്തേക്കാൾ മ്ലേച്ഛമാണ് അവന്റെ വിവാഹബന്ധം!

6. ഇതാ, അവന്റെ മകളാണ് അവന്റെ ഭാര്യ; അവന്റെ സഹോദരി അവന്റെ പ്രിയതമയും! അവനെ പ്രസവിച്ച അമ്മയിലേക്കു തിരിഞ്ഞ്, അവളെയും തന്റെ ഭാര്യയാക്കി. അവൻ ഇപ്രകാരം ദൈവത്തെ പ്രകോപിപ്പിച്ചതിനാൽ, ആകാശം അത്ഭുതസ്തബ്ധമായി. എന്നിട്ടും അവൻ ഉപര്യുപരി അഭിവൃദ്ധിപ്പെടുന്നു.

7. എന്റെ കർത്താവേ, എന്റെ പാപങ്ങൾ നിരവധി ആണെങ്കിലും, എന്റെ കടങ്ങൾ വളരെ വലുതാണെങ്കിലും, സംശുദ്ധ കന്യകകളുടെ സംശുദ്ധമാതാവിനെ അശുദ്ധസ്ത്രീകളുടെ നിന്ദ്യമാതാവായ അസ്സീറിയായ്ക്ക് നീ കയ്യാളിക്കുമോ?

8. അവൻ വന്ന് എനിക്കെതിരെ തലകുലുക്കാതിരിക്കാനും അവന്റെ കുതികാൽ എന്റെമേൽ പതിപ്പിക്കാതിരിക്കാനും അവന്റെ ശ്രുതി ലോകം മുഴുവൻ ഭ്രമിപ്പിക്കുന്നെന്ന് അവൻ വീമ്പടിച്ച് സന്തോഷിക്കാതിരിക്കാനും വീണ്ടും ധൃതിയിൽ അഹങ്കരിക്കാതിരിക്കാനും അവനെ നിയന്ത്രിച്ചാലും.

9. കർത്താവേ, എന്റെ കുട്ടികൾ എന്റെ നഗ്നത കണ്ടു; അവർ തന്നെ എന്നെ വിവസ്ത്രനാക്കിയെങ്കിലും അവർ നിലവിളിക്കുന്നു. എന്റെ കുട്ടികളുടെ മുമ്പിൽ മാത്രമേ നീയെന്നെ വിവസ്ത്രനാക്കാവൂ. എന്റെ വേദനയിൽ അവരും വേദനിക്കുന്നു. ദയയില്ലാത്ത ശപ്തരായ പേർഷ്യാക്കാർ എന്നെ നിന്ദിക്കാൻ ഇടയാക്കരുതേ.


www.malankaralibrary.com

10. എന്റെ നാട് ഫലങ്ങളാലും നല്ല വസ്തുക്കളാലും സമൃദ്ധമായി രുന്നു. മുന്തിരിത്തോട്ടത്തിൽ അനുഗ്രഹവും വയലുകളിൽ സമൃദ്ധിയും ഉണ്ടാ യിരുന്നു. ഞാൻ സന്തുഷ്ടനായി കഴിഞ്ഞപ്പോൾ, ന്യായവിധി പെട്ടെന്ന് എന്റെ മേൽ നിപതിച്ചു.

11. കൃഷിക്കാർ കൊള്ളയടിക്കപ്പെട്ടു, കൊള്ളക്കാർ അതു കുന്നുകൂട്ടി. വായ്പ വാങ്ങി വിതച്ചവ നഷ്ടപ്പെട്ടു. കടത്തോടുകൂടെ ദാരിദ്ര്യവും വന്നു കൂടി. അവരുടെ അപ്പം തട്ടിയെടുക്കപ്പെട്ടതിനാൽ ഭക്ഷണം കൂടാതെ അവർ രാത്രി കഴിക്കേണ്ടിവന്നു.

12. എന്റെ കർത്താവേ, കൃഷിക്കാർ കൊള്ളയടിക്കപ്പെട്ടു; അവർ ഭൂമിക്ക് വായ്പ കൊടുത്തിരുന്നു; ധര അതു സ്വീകരിച്ചു. എന്നാൽ ധര അത് അന്യനു നൽകി. കൃഷിക്കാരനിൽ നിന്ന് വായ്പ വാങ്ങിയിട്ട്, അവളത് കൊള്ളക്കാരനു നൽകി.

13. എന്റെ കർത്താവേ, എന്നിൽ താൽപര്യം കാട്ടണമെ. കാരണം, ഞാൻ നിന്റേതാണ്; നീയുമായാണ് ഞാൻ വിവാഹിതനായിരിക്കുന്നത്. നീ അസഹിഷ്ണുവാണെന്ന്[20] നീയുമായി എന്നെ വിവാഹം കഴിപ്പിച്ച ശ്ലീഹാ എന്നോടു പറയുകയുണ്ടായി. സംശുദ്ധരായ സ്ത്രീകളുടെ സംരക്ഷിതകോ ട്ടയാണ് തങ്ങളുടെ ഭർത്താക്കന്മാരുടെ അഭിനിവേശം.

14. സാംസൺ ജനതകളെ ക്ഷുഭിതരാക്കി; കാരണം, അവന്റെ ഭാര്യ ദുർനടപ്പുകാരിയും അവിശ്വസ്തയും ആയിരുന്നെങ്കിലും അവൻ അവളിൽ അത്യധികം അഭിനിവേശം ഉള്ളവനായിരുന്നു.[21]

15. തന്റെ ഭാര്യയിൽ അഭിനിവേശം ഇല്ലാത്തവൻ അവളെ അവഗണി ക്കുന്നു. അവരുടെ ഇടയിലുള്ള സ്നേഹം പ്രസ്പഷ്ടമാക്കാൻ അഭിനിവേ ശത്തിനേ കഴിയൂ. നീ നിന്റെ സ്നേഹം എന്നെ കാണിക്കാൻ, നീ അസഹി ഷ്ണൻ എന്ന് വിളിക്കപ്പെടുന്നു.

16. ബലഹീനതയും എടുത്തുചാട്ടവും: ഇതാണ് സ്ത്രീകളുടെ പ്രകൃ തി. അസൂയ സദാ അതിനെ ഭയത്തിൽ നിലനിർത്തുന്നു. നിന്റെ പരിഗണന വെളിപ്പെടുത്താൻ അസഹിഷ്ണരുടെ ഇടയിൽ നീ എണ്ണപ്പെടുന്നു.

17. തന്റേതല്ലാത്ത ഒന്നിൽ ഓരോ മനുഷ്യനും കർത്താവായിരിക്കും. താൻ ചിതറിക്കാത്തത് ശേഖരിക്കാൻ ഓരോ മനുഷ്യനും പുറപ്പെടും. കൂടി ക്കുഴച്ചിലിന്റെ ദിവസം എന്റെ പാപങ്ങളാൽ ഞാൻ നിലവിളിക്കും.

18. ക്ഷീണിതരായ നാട്ടുകാരും മുന്തിരികൃഷിക്കാരും എങ്ങനെ വേദന സഹിക്കും? മുന്തിരികൃഷിക്കാരുടെ കൺമുമ്പിൽ വച്ചുതന്നെ അവരുടെ മര ങ്ങൾ വെട്ടിമുറിച്ച് കടത്തിക്കൊണ്ടുപോയി. കൃഷിക്കാരുടെ കൺമുമ്പിൽ വച്ചുതന്നെ അവർ വിതച്ചവ ശത്രുക്കൾ കൊയ്തെടുത്ത് കടന്നുകളഞ്ഞു.

20. പുറ.20,5 (ഥന്നാനാ); 34,14; 21. ന്യായാ.14-15.



www.malankaralibrary.com

19. അവർ മൃഗങ്ങളെ നുകംവച്ച് നിലമുഴുത് വിത്തുവിതച്ചു. അവർ അധ്വാനിച്ച് നിലമൊരുക്കി ചെടിനട്ടു പരിപാലിച്ചു. ഇപ്പോളിതാ, അവർ ദൂരെ നിന്നുകൊണ്ട് കരയുന്നു. അവർ എല്ലാം നഷ്ടപ്പെട്ട് ഓടിപ്പോകേണ്ടിവന്നു. കർഷകർക്ക് അധ്വാനവും കൊള്ളക്കാർക്ക് വിളയും!

20. എന്റെ കർത്താവേ, ഞങ്ങളുടെ ഇടപ്രഭുക്കന്മാർ ക്രോധത്തിൽ ക്രമം പാലിച്ചില്ല! അവർ  വിചാരിച്ചിരുന്നെങ്കിൽ അവർക്ക് കഴിയുമായിരുന്നു. എന്നാൽ ഞങ്ങളുടെ പാപാവസ്ഥ അതനുവദിച്ചില്ല. ക്രോധം കഠിനമല്ലാതിരുന്നെങ്കിലും കൊള്ളയടിക്കാനായി അത് നിശ്ചയിച്ചു.

21. സമാശ്വാസം ലഭിക്കാൻ ഇനിയും എവിടേക്കാണ് എനിക്ക് നോക്കാൻ കഴിയുക? ...ഓ, നല്ലവനേ, സമാധാനസ്വരം എന്റെ ദുഃഖം എന്നിൽ നിന്ന് നീക്കിക്കളയട്ടെ.

22. നീയെനിക്ക് ഉപേക്ഷച്ചീട്ട് തന്നെന്നും എന്നെ പറഞ്ഞയച്ചെന്നും ദൂരത്തേക്ക് ഓടിച്ചെന്നും കരുതപ്പെടാതിരിക്കാനായി, എന്നെ ശത്രുവിന് കയ്യാളിക്കരുതേ. എന്റെ കർത്താവേ, ഉപേക്ഷിക്കപ്പെട്ടവനെന്നും നിന്ദിക്കപ്പെട്ടവനെന്നും എന്നെ ആരും വിളിക്കാൻ ഇടയാക്കരുതേ.

23. നിന്റെ തിരുമുമ്പാകെ അനുസ്മരിക്കാൻ എന്റെ പക്കൽ ഒന്നുമില്ല; കാരണം, ഞാൻ തികച്ചും നിന്ദ്യനാണ്. എന്റെ കർത്താവേ, നീയല്ലാതെ മറ്റാരെയും ഞാൻ എന്റെ മുമ്പിൽ നിർത്തിയിട്ടില്ല എന്ന ഈ ഒറ്റക്കാര്യം മാത്രമേ എനിക്ക് അനുസ്മരിക്കാനുള്ളു.

24. വിലാപഗാനങ്ങളോടും നിലവിളിയോടും കൂടെ ആരാണ് എന്നെപ്പറ്റി കരയാത്തത്? കാരണം, പൗർണമിക്കു മുമ്പ് ഞാൻ സംശുദ്ധനും കിരീടധാരിയുമായിരുന്നു; പൗർണമിക്കുശേഷം വിവസ്ത്രനും നഗ്നനുമായി.

25. അന്തപ്പുരത്തിലെ എന്റെ സുശിക്ഷിത തരുണികൾ വയലിലൂടെ ചുറ്റിക്കറങ്ങുന്നു. കാരണം, എല്ലാവരെയും മത്തുപിടിപ്പിച്ച ക്രോധം എന്റെ കുലീനതരുണികളെ നിന്ദ്യരാക്കി. സമാധാനദായകമായ നിന്റെ കാരുണ്യം എന്റെ ഈ വത്സലരെ വീണ്ടും സുശിക്ഷിതരാക്കട്ടെ.

26. എന്റെ മുതിർന്ന സ്ത്രീകളും പെൺകുട്ടികളും നിന്നെ വിളിക്കുന്നു; കുട്ടികൾ തങ്ങളുടെ സ്വരത്താലും മുതിർന്നവർ തങ്ങളുടെ കണ്ണുനീരാലും യുവതികൾ തങ്ങളുടെ ഉപവാസത്താലും സംശുദ്ധതരുണികൾ ചാക്കുവസ്ത്രത്താലും.

27. നഗരത്തിന്റെ എല്ലാ വശങ്ങളിലേക്കും ഞാൻ കണ്ണോടിച്ചു. ഇതാ, എല്ലായിടവും വിജനമായിരിക്കുന്നു. നൂറുപേരിൽ പത്തുപേർ മാത്രവും പതിനായിരം പേരിൽ ആയിരംപേർ മാത്രവും അവശേഷിച്ചു. ആളുകളെ പാർപ്പിച്ച്


www.malankaralibrary.com

സ്ഥലങ്ങളും നഗരവീഥികളും നിവാസികളുടെ ആരവത്താൽ മുഖരിതമാക്കണമെ.

28. പുറത്തുള്ളവരെ തിരിച്ചുകൊണ്ടുവരണമെ. അകത്തുള്ളവരെ സന്തോഷിപ്പിക്കണമെ. അകത്തും പുറത്തും വ്യാപിപ്പിക്കത്തക്കവിധം നിന്റെ കൃപ വലുതാണല്ലോ. നിന്റെ കൃപയുടെ ചിറകുകൾ എന്റെ കോഴിക്കുഞ്ഞുങ്ങളെ കൂട്ടിച്ചേർക്കട്ടെ!

29. എന്റെ നീതിമാന്മാരുടെ പ്രാർഥന എന്റെ അഭയാർഥികളെ സംരക്ഷിക്കട്ടെ. അവിശ്വാസികൾ എന്നെ കൊള്ളയടിച്ചു. എന്നാൽ വിശ്വാസികൾ എന്നെ സംരക്ഷിച്ചു. വിശ്വാസികളിലൂടെ അവിശ്വാസികളെ ലജ്ജിപ്പിച്ചാലും!

30. രണ്ടു പെരുന്നാളുകൾ ഒരേദിവസം ഒന്നിച്ചു വന്നിരിക്കുന്നു: നിന്റെ സ്വർഗാരോഹണവും നിന്റെ രക്തസാക്ഷികളുടെ പെരുന്നാളും, നിന്റെ കിരീടധാരണപ്പെരുന്നാളും നിന്റെ ശുശ്രൂഷകരുടെ വിജയത്തിന്റെ അനുസ്മരണയും!

31. രണ്ടു പെരുന്നാളുകൾ ഒരേ ദിവസം ഉണ്ടായതിനാലും ദുഃഖവാർത്താശ്രവണത്താലുള്ള വേദനയും ശൂന്യമാക്കൽ നിമിത്തമുള്ള ദുഃഖവും എന്ന ഇരട്ടിസങ്കടം ഒന്നിച്ചുണ്ടായതിനു പകരമായിട്ടും ഞങ്ങളോട് കരുണ ഉണ്ടാകണമെ.

32. എന്റെ പെരുന്നാൾദിനങ്ങൾ ജനസമൃദ്ധമാക്കണമെ; കാരണം, എന്റെ ഇരുപെരുന്നാളുകളും ജനശൂന്യമായിരിക്കുന്നു. സന്തുഷ്ടജനക്കൂട്ടത്തിനു പകരം ഓടിപ്പോകുന്ന അഭയാർഥികളെ മാത്രം ഞാൻ കണ്ടുമുട്ടുന്നു. എല്ലായിടത്തും ഭീതിയും ശൂന്യമാക്കലും എന്നെ എതിരേൽക്കുന്നു.

33. എന്റെ ദൂരസ്ഥരെ തിരിച്ചുവരുത്തണമെ. സമീപസ്ഥരെ സന്തുഷ്ടരാക്കണമെ. സന്തോഷത്തിന്റെ സദ്വാർത്ത ഞങ്ങളുടെ നാട്ടിൽ ഉടനീളം പ്രഘോഷിക്കപ്പെടട്ടെ. സമാധാനത്തിനു പകരം എല്ലാ നാവുകളിൽ നിന്നും ഞങ്ങൾ നിനക്ക് സ്തുതി കരേറ്റും.

# 7

## "നിന്റെ അജഗണം ദുഃഖിതരായി" എന്ന രീതി (3)

1. സമാധാനകാലത്ത് വിലപേശുകയും വഞ്ചിക്കുകയും കൊള്ളയടിക്കുകയും ചെയ്ത അത്യാർത്തിയുള്ളവരെ കുറ്റപ്പെടുത്താൻ ക്രോധം കടന്നുവന്നു. ക്രോധത്തിൽ അവർ ധനികരായി. അന്യരുടെ സമ്പാദ്യം അവർ ഒന്നിച്ചുകൂട്ടിയതിനാൽ, അവരുടേത് ഇതാ, ചിതറിക്കപ്പെട്ടു.


www.malankaralibrary.com

*പ്രതിസ്തോത്രം: ഓ,പുത്രാ,ഞങ്ങളുടെ നാടിന് ശാന്തി നൽകണമെ.*

2. എന്റെ രക്ഷകാ, മരച്ചില്ല കണക്കെ ഇരുപത് വർഷം[22] ഞാൻ പീഡനമേൽക്കുന്നു. അവ തണുപ്പുകാലത്ത് മരവിച്ചിരുന്നു. എന്നാൽ അവ പച്ചപിടിച്ച് മുളയ്ക്കാൻ തുടങ്ങിയപ്പോൾ, എന്റെ പീഡനങ്ങളും പൊങ്ങിവരാൻ തുടങ്ങി. ഞങ്ങളുടെ ഫലത്തോടൊപ്പം ഞങ്ങളുടെ ഹൃദയവേദനയും മൂർദ്ധന്യത്തിലെത്തി.

3. പൂമൊട്ടുകൾ മുളച്ചുവരുന്ന നീസാൻ മാസത്തിൽ ദുഃഖകരമായ വാർത്തകളും മൊട്ടിട്ടു. എനിക്ക് സന്തുഷ്ടി ഉണ്ടാകേണ്ട കൊയ്തുകാലത്ത് വ്യാധി കടന്നുവന്നു. ഗോതമ്പ് പാറ്റിക്കൊഴിക്കുന്ന സമയത്ത് ഗ്രാമങ്ങൾ പാറ്റിക്കൊഴിക്കപ്പെട്ടു.

4. മനുഷ്യർ കൊളുത്തിയ തീയിൽ നിന്ന് ബാബേലിൽവച്ച് മൂന്നു ബാലന്മാർ ഓടിപ്പോയില്ല.[23] കാരണം, അവർ സുസ്ഥിരർ ആയിരുന്നു. എന്നാൽ പരിപൂർണർ ആയിരുന്നതിനാൽ ദുരാശയിൽ നിന്ന് അവർ ഓടിയകന്നു.

5. കറുത്ത കുഞ്ഞാടുകളെ വെണ്മയുള്ളവരാക്കാൻ കഴിവുള്ളതാണ് ജേതാക്കളുടെ അഗ്നി. എന്നാൽ കുഞ്ഞാടുകളെ പൊട്ടുള്ള കടുവായാക്കാൻ കഴിവുള്ളതാണ് വ്യർഥമനുഷ്യരുടെ അഗ്നി.

6. ഓരോ ഭയത്തിലും ശബ്ദമുയർത്തി എത്ര പ്രാവശ്യം ഞാൻ നിലവിളിച്ചുകൊണ്ടിരിക്കണം! എത്ര പ്രാവശ്യമാണ് എന്റെ......! ഓരോ ദുഃഖവാർത്തയിലും...... ഞാൻ പക്വമതിയായിരിക്കണം. ഓരോ മാസവും എന്റെ ഫലങ്ങൾ എത്ര പ്രാവശ്യം നിലത്തുവീഴണം!

7. എന്റെ കുട്ടികളുടെ പാപങ്ങളാണ് എന്റെ പ്രഹരങ്ങളുടെ കാരണം. അവരുടെ പോരാട്ടത്തിലാണ് എന്റെ വിടുതൽ. എന്നെ വിടുവിച്ച ജനംതന്നെ എന്നെ പ്രഹരിച്ചു. എന്റെ കുട്ടികളേ, നിങ്ങൾ നിങ്ങളുടെ പാപങ്ങൾ നിയന്ത്രിക്കുവിൻ; അവിടുന്ന് പ്രഹരങ്ങളും നിയന്ത്രിക്കും.

8. ദുഃഖവാർത്തകളാൽ അവർ ക്ലേശിക്കുന്നു. ക്രോധത്താൽ അവർ പീഡിപ്പിക്കപ്പെടുന്നു. സമാധാനകാലത്തും അവർ പര്യാകുലരാണ്. കാരണം, ഓരോ ശ്വാസത്തിലും ദൈവകൃപയോട് അവർ കൃതഘ്നരാണ്. എല്ലാവർക്കും വേണ്ടി അവർ ദൈവകൃപയ്ക്ക് നന്ദിയർപ്പിക്കട്ടെ.

9. എന്റെ കുട്ടികൾ തങ്ങളുടെ ചാക്കുവസ്ത്രം എനിക്കുവേണ്ടി വിരിക്കുന്നു. എന്റെ ക്ലേശത്തിൽ അവർ ചാരം വിതറുന്നു. എന്റെ വിജയത്തി

---

22. ക്രി.വ. 338-359 കാലഘട്ടങ്ങളിലെ കഷ്ടപ്പാടുകൾ; 23. ദാനി.3,1f.

www.malankaralibrary.com

നായി അവരുടെ പ്രാർഥന ഉയരുന്നു. എന്റെ വിടുതലിനാണ് അവരുടെ ഉപവാസം. എങ്കിലും ഇതാ, എന്റെ ചെറിയവരുടെ കടങ്ങൾ എന്റെ ഉന്നതരിൽ ഒട്ടിപ്പിടിക്കുന്നു.

10. എല്ലാ തലമുറകളിലും വിജ്ഞാനികളുടെ ഭോഷത്തം വലുതാണ്! മോശയുടെ നിയമം എല്ലാ മനുഷ്യരെയും പഠിപ്പിച്ച ഗുരുവിനെ നിയമജ്ഞരും മൂപ്പന്മാരും അസൂയപൂണ്ട് കൊന്നുകളഞ്ഞു.

11. ഇക്കാലത്ത് നഷ്ടം വരുത്തുന്ന സമ്പാദ്യമാണ് ജ്ഞാനം.[24] ചെറിയ തെറ്റുള്ളവന്റെ കുറ്റം ചെറുതാണ്; എന്നാൽ വിവേകമുള്ളവന്റെ തെറ്റ് അതിരുകടന്നതായിരിക്കും.

12. മനുഷ്യർ വാക്കുകൾ കൊണ്ട് പണിയുകയും തങ്ങളുടെ ചെയ്തികളാൽ പൊളിക്കുകയും ചെയ്യുന്നു. കാരണം, കഴമ്പില്ലാത്ത നിരവധി പ്രബോധകരുണ്ടായി; ന്യായാധിപൻ കുറ്റാരോപകനും വിധിയാളനുമായി!

13. നമുക്കു ഹാ, കഷ്ടം! ന്യായവിധി വാതിൽക്കൽ നിൽക്കുന്നു.....

**ഗീതം 8 നഷ്ടപ്പെട്ടു.**

# 9

## “എന്റെ ക്ലേശങ്ങളുടെ കൂമ്പാരം’ എന്ന രീതി (2)

1. ജോബിന്റേതുപോലെയാണ് എന്റെ ക്ലേശങ്ങൾ. നിന്റെ നീതി അവനെ വിടുവിച്ചു. നിന്റെ കൃപ എന്നോടു കരുണ കാണിക്കണമെ.

2. നീതിമാൻ അന്വേഷിച്ചു ക്ലേശിക്കേണ്ട; മത്സരക്കാരൻ തെറ്റുകുറ്റങ്ങൾ വർദ്ധിപ്പിക്കേണ്ടതുമില്ല. ഇവ രണ്ടിലും നേട്ടം അടങ്ങിയിരിക്കുന്നു.

3. പുത്രന്മാരെ പരിശീലിപ്പിച്ച് സഹായിക്കാൻ നീ പാടുപെടുന്നു. എങ്കിലും നിന്റെ അടിയുടെ ശബ്ദം പിതാക്കന്മാരെ വേദനിപ്പിക്കാഞ്ഞതിനാൽ, എന്നെ സമാധാനത്തിൽ വിടുക!

4. എന്റെ കർത്താവേ, പുറത്തുള്ള എന്റെ അവയവങ്ങൾ എങ്ങനെ വീഴ്ത്തപ്പെടുന്നെന്നു നോക്കുക. എന്റെ കർത്താവേ, എന്റെ പ്രിയപ്പെട്ടവരെ വഹിക്കാൻ ഉള്ളിലുള്ള എന്റെ ഉദരം എത്ര ബലഹീനമാണെന്ന് കണ്ടാലും!

---

24. ആരിയൻ പാഷണ്ഡർക്കെതിരെ.



www.malankaralibrary.com

5. പുറത്തുള്ള എന്റെ ചിറകുകൾ അവർ വാളുകൊണ്ട് വെട്ടിവീഴ്ത്തി. അഗ്നി ഉള്ളിലുള്ള എന്റെ ഉദരത്തിൽ ദഹനബലിയുടെ ധൂപം കത്തിക്കുന്നു.

6. പുറത്ത് വയലുകളിൽ സൂര്യാരാധകർ എന്റെ മക്കളെ ബലികഴിച്ചു. നഗരത്തിനകത്ത് ബാലിന്റെ ആരാധകർ എന്റെ കാളകളെയും ആടുകളെയും എന്റെ കുട്ടികളെയും അർപ്പിച്ചു.

7. എന്റെ വയലുകളിൽ രോദനം, എന്റെ മുറികളിൽ നിലവിളി, എന്റെ മുന്തിരിത്തോട്ടങ്ങളിൽ ഭീതി, എന്റെ തെരുവുകളിൽ അലച്ചിൽ. ആർക്കെന്നെ മനസ്സിലാക്കാൻ കഴിയും!

8. സൂത്രശാലിയായ ദുഷ്ടൻ തന്റെ വാക്കുകളാൽ എന്നെ ക്ലേശിപ്പിച്ചു. അവൻ ഉള്ളിൽ നിന്ന് ബഹളമുണ്ടാക്കി. അങ്ങനെ എന്റെ അകം പൂർണമായി പുറംപോലെയായി.

9. എന്റെ കർത്താവേ, അശുദ്ധിയാൽ നിറഞ്ഞ എന്റെ ഉള്ള് സംരക്ഷിക്കാൻ, ഒരുപറ്റം വിശുദ്ധരെ അയക്കാൻ ഏത് മുഖത്താൽ നിന്നെ വിളിക്കാൻ എനിക്കു കഴിയും!

10. നിന്റെ പുതിയ പുളിപ്പുകൊണ്ട് നീ സൃഷ്ടിയെ പരിശീലിപ്പിക്കുന്നു. വശീകരിച്ച് വിജാതിയത്വത്തിലേക്കു നയിക്കുന്ന പഴയ പുളിപ്പിനെ നിന്റെ പുതിയ പുളിപ്പുപോലെയാക്കണമെ.

11. തെറ്റ് നിന്റെ പോരാളികളെ കിരീടം ധരിപ്പിക്കാതിരിക്കാൻ, നിന്റെ ശക്തിയുടെ ദൃശ്യപോരാട്ടത്താൽ ഞങ്ങൾക്ക് വിജയം നൽകണമെ. എന്തു കൊണ്ടെന്നാൽ അത് മുഖസ്തുതിയുമായി പറ്റിച്ചേർന്നിരിക്കുന്നു.

12. നമ്മുടെ കാലം പരിശോധിച്ചാൽ അത് നമ്മുടെ വഞ്ചന പോലെ യാണ്. കാരണം, സത്യസന്ധതയുടെ നാളുകളിൽ നാം ശകുനം നോക്കി, രഹസ്യമായി ആഭിചാരം നടത്തി.

13. നമ്മുടെ കാലം നോക്കിയാൽ, നമ്മുടെ വഞ്ചന നിന്ദിക്കപ്പെടാനായി, സത്യത്തിന്റെ ആവരണമുള്ള രഹസ്യകർമങ്ങൾ അത് ഉണർത്തി വെളി ച്ചത്തു കൊണ്ടുവരുന്നു.

14. യഥാർഥത്തിൽ എല്ലാറ്റിനെയും കീഴടക്കുന്നത് സത്യമാണ്. കട ലിന് തന്റെ കയ്പുകൊണ്ട് അതിനെ കലക്കാനാവില്ല; കാരണം, അത് അതിന്റെ പ്രകൃതത്തിൽ സംശുദ്ധമാണ്.

15. തെറ്റിന്റെ വശീകരണം വെളിപ്പെടുന്നതിനും വിഡ്ഢി തളരുന്ന തിനും ശക്തനാകാതിരിക്കുന്നതിനും വിജയകിരീടം മറച്ചുവയ്ക്കുന്നതിനും എന്റെ കർത്താവേ, നീ ബുദ്ധിപൂർവം പ്രവർത്തിക്കുന്നു.


www.malankaralibrary.com

16. എനിക്കു നീ വിജയം തന്ന ആടുന്ന മതിലുകളിന്മേൽ നന്ദിയില്ലാത്തവർ വിജാതിയ ബലിയും കാഴ്ചയും അർപ്പിച്ച് പ്രതിനന്ദി കാട്ടി. അത് നിന്നെ പരസ്യമായി പ്രകോപിപ്പിച്ചു.

17. ഉപരോധസമയത്താണ് വിജാതിയബലി അർപ്പിച്ചിരുന്നതെങ്കിൽ, അതു നിമിത്തമാണ് ഞാൻ വിടുവിക്കപ്പെട്ടതെന്ന് കരുതാൻ തെറ്റിന് സാധ്യത ഉണ്ടായിരുന്നു.

18. നിരവധി വിടുവിക്കലിലൂടെ നീ രണ്ടുകാര്യങ്ങളെ കുറ്റപ്പെടുത്തി: വിഗ്രഹസേവയുടെ തെറ്റും മാന്ത്രികരുടെ പ്രബോധനവും. എന്തെന്നാൽ എന്റെ കർത്താവേ, നിന്നാലാണ് ഞാൻ രക്ഷിക്കപ്പെട്ടത്.

# 10

## "എന്റെ ക്ലേശങ്ങളുടെ കൂമ്പാരം' എന്ന രീതി (3)
## അനാസിത് കോട്ടയെപ്പറ്റിയുള്ള മൂന്നാം ഗീതം

1. എന്റെ പുത്രന്മാർ കൊല്ലപ്പെട്ടു. എന്റെ പുത്രിമാർ എന്റെ കോട്ടയ്ക്ക് വെളിയിലാണ്. അവരുടെ കോട്ടകൾ തകർക്കപ്പെട്ടിരിക്കുന്നു; അവരുടെ കുട്ടികൾ ചിതറിക്കപ്പെട്ടു; അവരുടെ വിശുദ്ധ സ്ഥലങ്ങൾ അവമതിക്കപ്പെട്ടു.

*പ്രതിസ്തോത്രം: നിന്റെ ശിക്ഷണം വാഴ്ത്തപ്പെട്ടതാകുന്നു.*

2. കൂടുകളിൽ നിന്ന് പുറപ്പെട്ട് എന്റെ കോട്ടയുടെ മാളങ്ങളിൽ ഒളിച്ച എന്റെ പ്രാവുകളെ അവിടെ നിന്ന് പക്ഷിപിടുത്തക്കാർ വലയിലാക്കി; കൂട് വിജനമായി.

3. അഗ്നിയുടെ മുമ്പിൽ മെഴുകെന്നവണ്ണം എന്റെ കോട്ടകളിലെ ചൂടും ജലദൗർലഭ്യവും മൂലം എന്റെ പുത്രന്മാരുടെ ശരീരങ്ങൾ ഉരുകി അലിയുന്നു.

4. എന്റെ മക്കൾക്കും എന്റെ ശിശുക്കൾക്കും വേണ്ടി ഒഴുകിക്കൊണ്ടിരുന്ന പാലിന്റെ സ്ഥാനത്ത് കുഞ്ഞുങ്ങൾക്ക് പാൽ ഇല്ലാതായി; മുലകുടി മാറിയ കുട്ടികൾക്ക് ജലവും ഇല്ലാതായി.

5. ശിശു അമ്മയിൽ നിന്ന് മരിച്ച് താഴേക്കു വീണു. കാരണം, അതിന് നുകരാൻ പാൽ ലഭിച്ചില്ല; അമ്മയ്ക്ക് കുടിക്കാനും കിട്ടിയില്ല. അങ്ങനെ അവരിരുവരും അന്ത്യശ്വാസം വലിച്ചു.

6. നിന്റെ കൃപയ്ക്ക് അതിന്റെ സ്വന്തം ഉറവ എങ്ങനെ തടഞ്ഞു നിർത്താൻ കഴിഞ്ഞു? കാരണം, അതിന്റെ ഊറ്റിന്റെ തരംഗങ്ങളെ തടഞ്ഞു നിർത്താൻ അതിനു കഴിയില്ലല്ലോ!


www.malankaralibrary.com

7. നാവു നനയ്ക്കണമെന്ന് ഉറക്കെ നിലവിളിച്ച ജനത്തിന്റെ മുമ്പിൽ നിന്റെ കൃപയ്ക്ക് അതിന്റെ കാരുണ്യം അടയ്ക്കാനും അതിന്റെ ഉറവകൾ തടഞ്ഞു നിർത്താനും എങ്ങനെ കഴിഞ്ഞു?

8. തന്റെ നാവു നനയ്ക്കണമെന്നു നിലവിളിക്കുകയും ജലം കിട്ടാതെ വരികയും ചെയ്ത ധനവാനേപ്പോലെ, അവർക്കും അവരുടെ സഹോദര ങ്ങൾക്കുമിടയിൽ ഒരു ഗർത്തമുണ്ടായിരുന്നു.

9. അഗ്നിയിലേക്കെന്നവണ്ണം ബലഹീനർ എറിയപ്പെട്ടു; ദാഹാർത്ത രിൽ ചൂട് അഗ്നി വർഷിക്കുകയും ആളിക്കത്തിക്കുകയും ചെയ്തു.

10. ചൂടുകൊണ്ട് അവരുടെ ജഡങ്ങൾ ചീഞ്ഞളിഞ്ഞു; ദാഹാർത്തർ തങ്ങളുടെ ജഡത്തിന്റെ ജലാംശം ധരയ്ക്ക് കുടിക്കാൻ കൊടുത്തു.

11. ദാഹത്താൽ തന്റെ നിവാസികളെ കൊന്ന കോട്ട, ദാഹത്താൽ അലിഞ്ഞ ജഡങ്ങളിൽ നിന്നുള്ള ജലാംശം കുടിച്ചു.

12. ദാഹത്താൽ വലയുകയും കോട്ടസമാനം വെള്ളത്താൽ ചുറ്റപ്പെ ടുകയും എന്നാൽ നാവു നനയ്ക്കാൻ കഴിയാതെ വരികയും ചെയ്ത ജനത്തെ ആരു കണ്ടിട്ടുണ്ട്!

13. സോദോമിന്റെ ന്യായവിധിയാലാണ് എന്റെ പ്രിയപ്പെട്ടവർ വിധി ക്കപ്പെട്ടത്; സോദോമിന്റെ പീഡനത്താലാണ് എന്റെ മക്കൾ പ്രഹരിക്കപ്പെ ട്ടത്; എന്നാൽ സോദോമിന്റേത് ഒറ്റ ദിവസം മാത്രമായിരുന്നു.

14. എന്റെ കർത്താവേ, അഗ്നിയുടെ പീഡനം ഒരു മണിക്കൂറേ നില നിന്നുള്ള; എന്നാൽ നീണ്ടുപോകുന്ന ദാഹത്തിൽ കഠിനയാതനയും നീണ്ടു പോകുന്ന മരണവും!

15. എന്റെ കർത്താവേ, എന്റെ നിരവധി സങ്കടങ്ങൾക്കും കയ്പേറിയ പീഡനങ്ങൾക്കും ശേഷം നീയെന്റെ ക്ലേശങ്ങൾ വർദ്ധിപ്പിച്ചതാണോ നീയെ നിക്കു തന്ന സമാശ്വാസം?

16. ഞാൻ പ്രതീക്ഷിച്ച മരുന്നിനും ഞാൻ തേടിയ വച്ചുകെട്ടിനും പകരം എനിക്കു കിട്ടിയത് കഠിനദുഃഖവും വേദനയേറിയ മുറിവുകളുമാണ്.

17. കൊടുങ്കാറ്റിൽ നിന്ന് രക്ഷപെടാമെന്ന് ഞാൻ പ്രതീക്ഷിച്ചു. എന്നാൽ തുറമുഖത്തെ കൊടുങ്കാറ്റ് കടലിലെ കൊടുങ്കാറ്റിനേക്കാൾ കഠിന തരമായിരുന്നു.

18. കുഴിയിൽ നിന്ന് കരകയറാമെന്ന് എന്റെ ഭോഷത്തത്തിൽ ഞാൻ കരുതിയപ്പോൾ, എന്റെ പാപങ്ങൾ അതിനുള്ളിലേക്ക് എന്നെ തള്ളിയിട്ടു.


www.malankaralibrary.com

19. എന്റെ കർത്താവേ, എന്റെ അവയവങ്ങൾ കാണുക! വാളുകൾ എന്നിൽ കുത്തിക്കയറി കൈകളിൽ പാടുവരുത്തിയിരിക്കുന്നു; എന്റെ പാർശ്വങ്ങളിൽ കുന്തത്തിന്റെ പാടുകളും അവശേഷിപ്പിച്ചിരിക്കുന്നു.

20. എന്റെ കണ്ണുകളിൽ കണ്ണുനീരും കാതുകളിൽ ദുഃഖവാർത്തകളും വായിൽ വിലാപവും ഹൃദയത്തിൽ നിലവിളിയുമാണ്. എന്റെ കർത്താവേ, എനിക്ക് പുതുതായൊന്നും തരരുതേ!

# 11

## "എന്റെ ക്ലേശങ്ങളുടെ കൂമ്പാരം' എന്ന രീതി (4)

1. നിന്റെ പ്രഹരിക്കൽ കുട്ടികളായ ഞങ്ങൾക്ക് മാതാവാണ്. അവളുടെ കുറ്റപ്പെടുത്തൽ കാരുണ്യത്തിൽ നിന്നു വരുന്നതാണ്. അത് കുട്ടികളെ തെറ്റിൽ നിന്നു പിന്തിരിപ്പിച്ച് ജ്ഞാനമുള്ളവരാക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ നീതിക്കു സ്തുതി!*

2. അവളുടെ സഹായങ്ങൾ അളക്കാൻ ആർക്കും കഴിവില്ലെങ്കിലും, ഞങ്ങൾ നിന്റെ നീതി പരിശോധിക്കട്ടെ. അവളിലൂടെ വിഷയാസക്തർ മിക്കപ്പോഴും സംശുദ്ധരാകുന്നു.

3. എന്റെ കർത്താവേ, മിക്കപ്പോഴും അവളുടെ കരം രോഗികളെ സുഖമാക്കുന്നു. കാരണം, അവരുടെ രോഗങ്ങളുടെ അദൃശ്യവൈദ്യനും അവരുടെ ജീവന്റെ ഉറവയുമാണ് അവൾ.

4. നിന്റെ നീതിയുടെ വിരൽ വളരെ മാർദവമാണ്. സുഖപ്പെടേണ്ടവന്റെ മുറിവുകൾ അവൾ സ്നേഹത്തോടും സഹാനുഭൂതിയോടും കൂടെ സ്പർശിക്കുന്നു.

5. ബുദ്ധിമാനുള്ള അവളുടെ മുറിക്കൽ ഏറ്റവും മാർദവവും കരുണാർദ്രവുമാണ്. അവളുടെ ശക്തിയേറിയ മരുന്ന് ദുഷിച്ച ഭാഗത്തെ തന്റെ ഉഗ്രസ്നേഹത്താൽ നിഗ്രഹിക്കുന്നു.

6. വിവേകിക്ക് അവളുടെ ക്രോധം വളരെ സ്വീകാര്യമാണ്. എന്നാൽ തന്റെ അവയവങ്ങളുടെ ക്ഷതത്തിൽ സന്തോഷിക്കുന്നവൻ അവളുടെ പ്രതിവിധികൾ വെറുക്കുന്നു.

7. അവളുടെ മുറിക്കലോടുകൂടെ അവളുടെ കെട്ടിവയ്ക്കൽ വളരെ പെട്ടെന്നുണ്ടാകുന്നു. അവൾ അടിയോടുകൂടെ കാരുണ്യവും കാട്ടുന്നു. രണ്ടുകൊണ്ടും സൗഖ്യം ലഭിക്കുന്നതിനുവേണ്ടിയാണിത്.


www.malankaralibrary.com

8. അവളുടെ ക്രോധം വളരെ സ്വീകാര്യവും അവളുടെ കോപം സുഖപ്രദവും അവളുടെ കയ്പ് മധുരവും കയ്പുള്ളവ സന്തുഷ്ടി പകരുന്നതിന് അവയെ മധുരമുള്ളവ ആക്കുന്നതുമാണ്.

9. അലസന് നീ വഴങ്ങിക്കൊടുക്കുന്നതിന്റെ കാരണം തൊഴിലില്ലായ്മയാണ്. വിനീതനെ നീ പ്രഹരിക്കുന്നത് അവൻ ചുറുചുറുക്കുള്ള കച്ചവടക്കാരൻ ആയിത്തീരുന്നതിന് അവനെ ത്വരിപ്പിക്കാനാണ്.

10. ഞങ്ങളുടെ ക്ലേശങ്ങളുടെ കാരണം നിന്റെ നീതിയാണ്. ഞങ്ങളുടെ അശ്രദ്ധയുടെ കാരണം നിന്റെ കൃപയാണ്. കാരണം, ഞങ്ങളുടെ ബുദ്ധി വഴിതെറ്റിപ്പോയി.

11. നിന്റെ കൃപ നിമിത്തം ഫറവോ കഠിനഹൃദയനായി. കാരണം, ബാധകൾ നീങ്ങിയപ്പോൾ അവന്റെ ക്രൂരത വർദ്ധിക്കുകയും അവൻ വാഗ്ദാന ലംഘനം നടത്തുകയും ചെയ്തു.

12. സ്വതന്ത്രമായി ജനിച്ച അവളുടെ സഹോദരിയോട്-കൃപയോട്- അവൻ കൂടെക്കൂടെ നുണ പറഞ്ഞതിനാൽ, നീതി അവനോട് പകരം വീട്ടി. അവൻ വീണ്ടും ദൈവകോപം ഉണർത്താതിരിക്കാൻ അവൾ അവനെ തടഞ്ഞു.

13. എന്റെ കർത്താവേ, ഈജിപ്തിനേപ്പോലെ നുണ പറയുന്ന ഗൂഢാലോചനയെ കുറ്റപ്പെടുത്തണമെ. ഞാൻ അവൾക്ക് തുല്യനല്ലെന്ന് എന്റെ പ്രാർഥനകൾ സാക്ഷിക്കുന്നു. കാരണം, ഞാൻ നിന്റെ കവാടം ഉപേക്ഷിച്ചില്ല.

14. എന്റെ കർത്താവേ, എന്റെ ദൃശ്യമായ വിടവുകളിൽ നിൽക്കുന്ന കുരിശ്, അദൃശ്യമായ വിടവുകൾകൂടി അടയ്ക്കട്ടെ. കാരണം, പുറത്തുള്ളവർക്കുപകരം അകത്തെ വിടവിലുള്ളവർ എന്നെ കീറിമുറിക്കുന്നു.

15. കടൽ ഇരച്ചുകയറിവന്ന് എന്റെ വിജയഗോപുരം തള്ളിയിട്ടു. ദുഷ്ടത ഒരാലയം സ്ഥാപിക്കാൻ ധൈര്യപ്പെട്ടു. അതിൽ ഞാൻ ലജ്ജിക്കുന്നു. അതിന്റെ പാനീയബലി എന്നെ മുക്കിക്കളഞ്ഞു.

16. എന്റെ ഭിത്തിക്കുള്ളിലുള്ള എന്റെ പ്രാർഥനകൾ എന്റെ പീഡകർ കേട്ടു. സൂര്യനും അതിന്റെ ആരാധകരും മന്ത്രവാദികൾ നിമിത്തം ലജ്ജിതരായി. കാരണം, ഞാൻ നിന്റെ സ്ലീബായാൽ വിജയം നേടി.

17. വിണ്ടുകീറിയ കോട്ടയിൽ സത്യം അസത്യവുമായി പോരാട്ടം നടത്തി വിജയം നേടിയത് കണ്ട സൃഷ്ടികൾ ആർത്തുവിളിച്ചു.

18. സത്യത്തിന്റെ ശക്തി തെറ്റിനെ പ്രഹരിച്ചു. അതിനു കിട്ടിയ ദണ്ഡനത്താൽ അത് സത്യം തിരിച്ചറിയുകയും പരാജയത്തിലൂടെ അവളുടെ വിജയം ഗ്രഹിക്കുകയും ചെയ്തു.


www.malankaralibrary.com

19. എന്നിൽ വലിയ ഭയം ഉളവായി. കാരണം, എന്റെ വിടുതലിനു ശേഷം എന്റെ മദ്ബഹായോടു ഭക്തി ഉണ്ടായിരുന്ന ബഹുമാന്യരും ശക്തരുമായവർ വിഗ്രഹങ്ങളുടെ ബലിപീഠങ്ങൾ പണിതു.

20. എന്റെ കർത്താവേ, എന്റെ ഏഴിന്ദ്രിയങ്ങളും കണ്ണീരിന്റെ സ്രോതസ്സുകളായാലും ഞങ്ങളുടെ നാശത്തെപ്പറ്റി കരയാൻ അവ തീരെ നിസ്സാരമാണ്.

21. മരുഭൂമിയിൽവച്ച് കാളക്കുട്ടിയുടെ മുമ്പിൽ ചെയ്തതിനു തുല്യമായി നടത്തിയ നടനത്താൽ അസ്വസ്തമായി, എന്റെ തെരുവുകൾ ചാക്കിലും ചാരത്തിലും ഉറക്കെ നിലവിളിച്ചു.

22. ലില്ലിച്ചെടിയുടെ സൗന്ദര്യം കയ്പ് കടമെടുത്തു ധരിച്ചു. മറഞ്ഞിരുന്നപ്പോൾ അതിന്റെ മൊട്ടുകൾ തെറ്റിദ്ധരിപ്പിച്ചെങ്കിലും അത് അതിന്റെ കയ്പേറിയ ഫലങ്ങൾ പുറപ്പെടുവിച്ചു.

# 12

### "എന്റെ ക്ലേശങ്ങളുടെ കൂമ്പാരം' എന്ന രീതി (5)

1. എല്ലാറ്റിനെയും കീഴടക്കുന്ന ശക്തിയെ ഞാൻ എന്റെ ക്ലേശങ്ങളിൽ വിളിച്ചപേക്ഷിക്കും. കാരണം, ലെഗിയോനെ കീഴ്പ്പെടുത്തിയതുപോലെ,[25] കൊള്ളക്കാരനെ തന്റെ ക്രോധത്തിൽ കീഴ്പ്പെടുത്താൻ അതിനു കഴിയും.

*പ്രതിസ്തോത്രം: അവന്റെ കൃപയ്ക്ക് സ്തുതി.*

2. എന്റെ സഹോദരങ്ങളേ, ദുഷ്ടൻ എന്നിൽ നിന്നു വാങ്ങാത്ത കടം എനിക്കു തിരികെത്തന്നു. അതുപോലെ ഞാൻ കടം കൊടുക്കാത്ത നല്ലവൻ എനിക്ക് കാരുണ്യം തിരകെത്തന്നു. വന്ന് ഇവ രണ്ടിലും ആശ്ചര്യപ്പെടുവിൻ!

3. നല്ലവൻ എന്റെ കടങ്ങൾ തന്റെ കൃപയ്ക്കും എന്റെ അനീതി തന്റെ നീതിക്കും പങ്കിട്ടുകൊടുത്തു. തന്റെ കരുണ എന്റെ കടങ്ങൾ മായിച്ചുകളഞ്ഞു. തന്റെ നീതി എന്റെ അനീതിക്ക് പകരം വീട്ടി.

4. പരീക്ഷകളെ ജയിക്കാൻ കൃപ എപ്രകാരം സ്വാതന്ത്ര്യത്തെ നിയന്ത്രിച്ചു എന്നുകണ്ട് പാപം വളരെ രോഷം കൊള്ളുകയും വിക്ഷോഭത്താൽ നിറയുകയും ചെയ്തു.

---

25. മർക്കോ. 5,9.



www.malankaralibrary.com

5. എന്റെ കർത്താവേ, നിന്റെ സ്നേഹം ഉജ്ജ്വലിപ്പിച്ച് അയക്കണമെ. നിന്റെ ക്രോധം തകർത്ത് ഒഴുക്കിക്കളയണമെ. നിന്റെ ക്രോധം നശിപ്പിക്കാനും നിന്റെ സ്നേഹം കൊള്ളക്കാരിൽ നിന്ന് തടവുകാരെ വിടുവിക്കാനുമുള്ളതാണ്.

6. ഒരു കവിണ കൊണ്ടെന്നവണ്ണം എന്നെ നാശത്തിലേക്കെറിയാൻ ദുഷ്ടൻ വിധി പ്രസ്താവിച്ച ദിനങ്ങളിൽ നല്ലവൻ എന്റെ ആത്മാവിനെ ജീവനുള്ളവരുടെ കൂട്ടത്തിൽ കാത്തുസൂക്ഷിച്ചു.

7. എന്റെ കർത്താവേ, ഇടതടവില്ലാതെ നിന്നെ സ്തുതിക്കുന്നതിൽ നിന്ന് വിരമിക്കാത്ത സംസാരശക്തിയുള്ള മാലാഖമാർ എന്നെ ഓളങ്ങളിൽ സംരക്ഷിക്കുകയും ഞാൻ വീണുപോകാതിരിക്കാൻ എന്നെ താങ്ങുകയും ചെയ്തു. അവർ എനിക്കുവേണ്ടി നന്ദി പറയട്ടെ.

8. കാരണം, എന്നെ ചുറ്റിയ കാരുണ്യത്തിന് നന്ദി പറയാൻ കഴിയത്തക്കവിധം, തന്നെ ചുറ്റുന്ന കാരുണ്യത്തിന് നന്ദി പറയാൻ ആർക്കാണ് കഴിയുക?

# 13

## മാർ അബ്രഹാമിനെയും പിൻഗാമികളെയും കുറിച്ച്
## "എന്റെ കർത്താവേ, നീ സഹിച്ചവ അത്ഭുതമുളവാക്കുന്നു"
## എന്ന രീതി (1)

1. രണ്ടു പ്രകാശഗോളങ്ങളെപ്പോലെ മൂന്നു മഹനീയ പുരോഹിതന്മാർ അജഗണങ്ങളെ പരിപാലിച്ച് മെത്രാൻ സ്ഥാനവും പൗരോഹിത്യകൈവയ്പും പിൻഗാമികൾക്കു കൈമാറി. ആദ്യത്തെ രണ്ടു പേരേപ്പറ്റിയുള്ള നമ്മുടെ ദുഃഖം അഗാധമാണ്; എന്നാൽ അവസാനത്തെയാൾ പൂർണമായും തികച്ചും സമാശ്വാസമാണ്.

*പ്രതിസ്തോത്രം: അവരെ തെരഞ്ഞെടുത്ത നിനക്ക് സ്തുതി.*

2. രണ്ടു പ്രകാശഗോളങ്ങളെ സൃഷ്ടിച്ചവൻ തനിക്കായി രണ്ട് നക്ഷത്രങ്ങളെ തെരഞ്ഞെടുക്കുകയും നടന്ന മൂന്ന് ഉപരോധങ്ങളാകുന്ന അന്ധകാരത്തിൽ ആകാശത്തിൽ സ്ഥാപിക്കുകയും ചെയ്തു. ആദ്യത്തെ രണ്ടു നക്ഷത്രങ്ങളും അസ്തമിച്ചു. എന്നാൽ അവസാനത്തേത് ഇപ്പോഴും പൂർണമായും ഉജ്ജ്വലമായും പ്രകാശിക്കുന്നു.

3. കലവറ സൂക്ഷിപ്പുകാരായ ഈ മൂന്നു പുരോഹിതരും തങ്ങളുടെ കാലത്ത് വിശ്വസ്തതയോടുകൂടി ത്രിത്വത്തിന്റെ താക്കോലുകൾ വഹിച്ചു.


www.malankaralibrary.com

അവർ നമുക്കായി മൂന്നു വാതിലുകൾ തുറന്നുതന്നു. അവരോരോരുത്തരും താന്താങ്ങളുടെ താക്കോൽ കൊണ്ട് തങ്ങളുടെ കാലത്ത് തങ്ങളുടെ വാതിൽ തുറന്നു.

4. ഒന്നാമത്തെ ആളിന്റെ കാലത്ത്, നമ്മുടെ മേൽ നിപതിച്ച പ്രഹരത്തിന്റെ വാതിൽ തുറക്കപ്പെട്ടു. രണ്ടാമത്തെ ആളിന്റെ കാലത്ത്, നമ്മുടെ പക്കലെക്ക് ഇറങ്ങിവന്ന രാജത്വത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അവസാനത്തെ ആളിന്റെ കാലത്ത്, നമ്മുടെ പക്കലേക്കു വന്ന സദ്വാർത്തയുടെ വാതിൽ തുറക്കപ്പെട്ടു.

5. ഒന്നാമത്തെ ആളിന്റെ കാലത്ത് രണ്ടു സൈന്യങ്ങളും തമ്മിലുള്ള യുദ്ധത്തിന് വാതിൽ തുറക്കപ്പെട്ടു. രണ്ടാമത്തെ ആളിന്റെ കാലത്ത് രണ്ടു ഭാഗത്തെയും രാജാക്കന്മാർക്കായി വാതിൽ തുറക്കപ്പെട്ടു. മൂന്നാമത്തെ ആളിന്റെ കാലത്ത് രണ്ടുഭാഗത്തെയും അംബാസഡർമാർക്കുവേണ്ടി വാതിൽ തുറക്കപ്പെട്ടു.

6. ഒന്നാമത്തെ ആളിന്റെ കാലത്ത് പാപങ്ങൾ നിമിത്തമുള്ള യുദ്ധത്തിനായി വാതിൽ തുറക്കപ്പെട്ടു. രണ്ടാമത്തെ ആളിന്റെ കാലത്ത് യുദ്ധം നിമിത്തം രാജാക്കന്മാർക്കുവേണ്ടി വാതിൽ തുറക്കപ്പെട്ടു. അവസാനത്തെ ആളിന്റെ കാലത്ത് കാരുണ്യം നിമിത്തം അംബാസഡർമാർക്കുവേണ്ടി വാതിൽ തുറക്കപ്പെട്ടു.

7. ഇതാ, ഒന്നിനു പിറകെ ഒന്നായി വന്ന ഭരണകാലത്ത് പ്രതീകാത്മകമായും ഉപമാമയമായും[26] സൂര്യനോട് ക്രോധം താരതമ്യപ്പെടുത്താവുന്നതാണ്: ഒന്നാമത്തേതിൽ ആരംഭിച്ചു, അടുത്തതിൽ ശക്തി പ്രാപിച്ചു, അവസാനത്തേതിൽ താണു മറഞ്ഞു.

8. ആകാശഗമനത്തിൽ സൂര്യൻ മൂന്നിടത്ത് മൂന്ന് പ്രതീകങ്ങൾ കാണിക്കുന്നു: അതിന്റെ ആരംഭത്തിൽ അത് പ്രകാശപൂരിതമാണ്, വേഗത്തിലുമാണ്; മധ്യാഹ്നത്തിൽ ശക്തവും ദുർവഹവുമാണ്; അതിന്റെ അസ്തമയം കത്തിത്തീർന്ന ടോർച്ചുപോലെ മൃദുവും സുഖകരവുമാണ്.

9. ഉറങ്ങുന്നവരെ ഉണർത്താനായി വരുമ്പോൾ അതിന്റെ ആരംഭം ശീഘ്രവും പ്രകാശപൂരിതവുമാണ്. ഉച്ചയ്ക്ക് ഫലങ്ങൾ പഴുപ്പിക്കാൻ വരുമ്പോൾ ദുർവഹവും അത്യുഷ്ണവുമാണ്. അതിന്റെ പരിസമാപ്തിയിൽ സുഖപ്രദവും മൃദുവുമാണ്.

10. എല്ലാ സ്ത്രീകളേക്കാളും അസൂയാർഹയും വാഗ്ദാനപുത്രിയുമായ ഈ മകൾ ആരാകുന്നു! അവളുടെ പിൻതുടർച്ച തുടരുന്നു. അവളുടെ

26. ദബ്റാസാ വബ്ഥുപ്സാ


www.malankaralibrary.com

ക്രമങ്ങൾ നിരവധിയാണ്. അവളുടെ നിരകൾ ഇപ്രകാരം കയറുന്നു. അവളുടെ പ്രബോധകർ ഇപ്രകാരം വിജയിക്കുന്നു.

11. ഈ സാദൃശ്യങ്ങൾ അബ്രഹാമിന്റെ മകൾക്ക് മാത്രമാണോ, അതോ വാഗ്ദാനപുത്രിയായ നിനക്കും ഉള്ളതാണോ? അവളുടെ സൗന്ദര്യത്തിന് അനുസൃതമാണ് അവളുടെ അലങ്കാരം. അവളുടെ സമയംപോലെ അവളുടെ സഹായം. അവളുടെ സഹായംപോലെ അവളുടെ ശുശ്രൂഷകർ!

12. അവളുടെ ആവശ്യത്തിന്റെ അളവനുസരിച്ച് അവളുടെ ആവശ്യത്തിനുള്ളത് വന്നു: അവളുടെ ജനനംപോലെ അവളുടെ പിതാക്കന്മാർ, അവളുടെ ബുദ്ധിശക്തിപോലെ അവളുടെ പ്രബോധകർ, അവളുടെ വളർച്ചപോലെ പരിശീലനം, അവളുടെ രൂപം പോലെ അവളുടെ വസ്ത്രം!

13. ത്രാസ് കൊണ്ടെന്നപോലെ കൃപ  ഇവയെല്ലാം അവൾക്ക് തൂക്കിക്കൊടുത്തു. അവ പ്രയോജനപ്പെടാനായി അവൾ അവയെ ത്രാസിൽ വച്ചു. അവയിൽ നിന്ന് പരിപൂർണത ഉണ്ടാകാൻ അവൾ അവയെ ഒന്നിനു പിറകെ ഒന്നായി വച്ചു.

14. ആ ഒന്നാമത്തെ മെത്രാന്റെ കാലത്ത് സുദീർഘമായി ശാന്തി നിലനിൽക്കുകയും പിന്നെ ശാന്തി ഇല്ലാതാകുകയും ചെയ്തു. അടുത്ത ആളിന്റെ കാലത്ത് രാജാക്കന്മാർ ഇറങ്ങുകയും കയറുകയും ചെയ്തു. എന്നാൽ അവസാനത്തെ ആളിന്റെ കാലത്ത് സൈന്യങ്ങൾ ആക്രമിക്കുകയും പിൻവാങ്ങുകയും ചെയ്തു.

15. ഒന്നാമത്തേതോടുകൂടെ ക്രമം പ്രവേശിച്ചു; അത് വരികയും അവനോടൊത്ത് പോകുകയും ചെയ്തു. ഞങ്ങളുടെ സഭകളെ സന്തോഷിപ്പിച്ച കിരീടം രണ്ടാമത്തെതോടുകൂടെ അടുത്തുവരികയും അകന്നുപോകുകയും ചെയ്തു. എന്നാൽ  അവസാനത്തേതോടുകൂടെ, തിരിച്ചുനൽകാൻ കഴിയാഞ്ഞ ഒരു കൃപ ഞങ്ങൾക്ക് കാണപ്പെട്ടു.

16. ഒന്നാമത്തെ ക്രോധത്തിനെതിരെ ഒന്നാമത്തെ ആളുടെ അധ്വാനം പോരാടി. മധ്യാഹ്നത്തിലെ ചൂടിനെതിരെ രണ്ടാമത്തെയാൾ തണൽ നൽകി. കൃതഘ്നമായ ശാന്തിക്കെതിരെ അവസാനത്തെയാൾ വളരെയധികം താക്കീതു  നൽകി.

17. ആദ്യത്തെ ഉപരോധത്തെ നേരിട്ടത് മഹനീയനായ ഒന്നാമത്തെ പുരോഹിതനായിരുന്നു. രണ്ടാം ഉപരോധത്തെ  നേരിട്ടത് കാരുണ്യവാനായ രണ്ടാമത്തെ പുരോഹിതനായിരുന്നു. അവസാനത്തെ ആളിന്റെ പ്രാർഥനകൾ നമ്മുടെ നിഗൂഢ വിള്ളലുകൾ ശരിപ്പെടുത്തി.

18. ദൃശ്യവും അദൃശ്യവുമായ ജലത്തിന്മേലാണ് നിസിബിസ് സ്ഥാപി


www.malankaralibrary.com

തമായിരിക്കുന്നത്. സജീവ ഉറവകൾ ഉള്ളിൽ, ഗംഭീരനദി പുറത്ത്. പുറത്തെ നദി നഗരത്തോട് അവിശ്വസ്തയായിരുന്നു. അകത്തെ ഉറവ അതിനെ സംരക്ഷിച്ചു.

19. നിസിബിസിന്റെ തോട്ടക്കാരനായ ഒന്നാമത്തെ പുരോഹിതൻ അവളുടെ ശിഖരങ്ങൾ ആകാശം മുട്ടെ വളരാൻ ഇടയാക്കി. ഇതാ, അവൻ മരിച്ച് അവിടെ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. അവളുടെ ഉദരത്തിൽ അവൻ ഫലമായി. അതുകൊണ്ടാണ് വിനാശകൻ എത്തിയപ്പോൾ അവളിലെ ഫലം അവളെ കാത്തുസൂക്ഷിച്ചത്.

20. അതിന്റെ നാശത്തിന്റെ നാഴികയടുത്തു. അവൾക്കുവേണ്ടി പ്രാർഥിക്കാതിരിക്കാൻ അത് തോട്ടക്കാരനെ കടത്താനെത്തി. എന്നാൽ അവന്റെ പ്രാർഥനയാൽ സംരക്ഷിക്കപ്പെടാൻ അവൾ അവനെ തന്റെ ഉദരത്തിലാക്കി.

21. നിസിബിസിന്റെ വിവേകവതികളായ പുത്രിമാരേ, നിങ്ങൾ നിസിബിസിന് തുല്യരാകുവിൻ. കാരണം, അവൾ അവന്റെ ശരീരം തന്റെയുള്ളിൽ വച്ചു. അത് അവൾക്ക്, പുറത്ത് കോട്ടയായിത്തീർന്നു. നിങ്ങളുടെ ജീവന് കോട്ടയായിരിക്കാൻ സജീവ അപ്പം നിങ്ങളുടെ ഉള്ളിൽ നിക്ഷേപിക്കുവിൻ.

# 14

## "എന്റെ കർത്താവേ, നീ സഹിച്ചവ അത്ഭുതമുളവാക്കുന്നു" എന്ന രീതി (2)

1. ഈ മൂന്ന് ഇടയന്മാർക്കും നിരവധി സഹായികൾ[27] ഉണ്ടായിരുന്നു. നഗരത്തിലെ ഏകമാതാവിന് എല്ലായിടത്തും പുത്രിമാരുമുണ്ടായിരുന്നു. ക്രോധം അവളുടെ വാസസ്ഥലങ്ങൾ തകർത്തെങ്കിൽ, ശാന്തി അവളുടെ പള്ളികൾ പണിയട്ടെ.

*പ്രതിസ്തോത്രം: ഈ മൂവരെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. നാടിന്റെ കഷ്ടകാലത്ത് ഒന്നാമത്തെ ആളിന്റെ സ്നേഹനിർഭരമായ അധ്വാനം അതിന്റെ മുറിവുകൾ വച്ചുകെട്ടി. നഗരത്തിന്റെ ദൗർഭാഗ്യത്തിൽ രണ്ടാമത്തെ ആളിന്റെ അപ്പവും വീഞ്ഞും അതിനെ ബലപ്പെടുത്തി. മൂന്നാമത്തെ ആളിന്റെ മധുരഭാഷണം ക്ലേശത്തിലുള്ള നമ്മുടെ കയ്പിനെ മധുരമുള്ളതാക്കി.

27. അല്ലാനെ


www.malankaralibrary.com

3. ഒന്നാമത്തെയാൾ തന്റെ അധ്വാനത്താൽ നിലം ഉഴുതുമറിച്ചു. അദ്ദേഹം കളകളും മുള്ളുകളും പിഴുതുകളഞ്ഞു. പിന്നത്തെയാൾ അതിനു വേലികെട്ടി, വീണ്ടെടുത്തവരെ കൊണ്ട് അതിന് സംരക്ഷണം നൽകി. അവസാനത്തയാൾ തന്റെ കർത്താവിന്റെ ധാന്യപ്പുര തുറന്നു. തന്റെ കർത്താവിന്റെ വാക്കുകൾ ആ വയലിൽ വിതച്ചു.

4. ഒന്നാമത്തെ പുരോഹിതൻ തന്റെ ഉപവാസത്താൽ മനുഷ്യരുടെ വായടച്ചു. രണ്ടാമത്തെ പുരോഹിതൻ തടവുകാർക്കുവേണ്ടി പണമടിശ്ശീല അഴിച്ചു. എന്നാൽ മൂന്നാമത്തെയാളാകട്ടെ, ചെവിതുളച്ച് ജീവന്റെ ആഭരണം അതിൽ തൂക്കിയിട്ടു.

5. അഹറോൻ കാതുകളിൽ നിന്ന് കർണാഭരണങ്ങൾ ഊരിമാറ്റി അവ കൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി.[28] ചൈതന്യരഹിതമായ ആ കാളക്കുട്ടി നിഗൂഢമായി കുത്തിത്തുളച്ച് ക്യാമ്പിൽ കൊലനടത്തി. അതിന് കൊമ്പുണ്ടാക്കിയവരെ തന്റെ കൊമ്പുകൊണ്ട് അത് കുത്തിക്കീറി.

6. എന്നാൽ നമ്മുടെ മൂന്നാമത്തെ പുരോഹിതനാകട്ടെ ഹൃദയകാതുകൾ തുളച്ചു. തന്റെ കർത്താവ് ക്രൂശിക്കപ്പെട്ട് തന്റെ സ്നേഹിതർക്ക് ജീവൻ നൽകിയ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന ആണികൾകൊണ്ട് രൂപപ്പെടുത്തിയ കർണാഭരണങ്ങൾ അവൻ കാതുകളിൽ തൂക്കിയിട്ടു.

7. അഗ്നി മരണത്തിന് ഒരു കുട്ടിയെ പ്രസവിച്ചു. മരണം എല്ലാ ജഡങ്ങളെയും ആഹാരമാക്കി. മരണത്തെക്കാൾ മികച്ചുനിന്ന മരണത്തിന്റെ പുത്രൻ മനുഷ്യാത്മാക്കളെ ഭുജിച്ചു. കാളക്കുട്ടി വൈക്കോൽ ഉപേക്ഷിച്ചു; മനുഷ്യമനസ്സ് അതിന്റെ മേച്ചിൽപ്പുറമായി.

8. ആദിയിലെ കൊലമരത്തിന് കൃപ ഒരു പുത്രനെ പ്രസവിച്ചു. ഓ, സ്ലീബാ! തന്റെ പൂർവികനുമായി പോരാട്ടം നടത്തിയ വൃക്ഷപുത്രൻ! മരം മരണത്തിന്റെ ഉറവയായിരുന്നു; സ്കീപ്പാ ജീവന്റെ ഉറവയുമായി.

9. മരണത്തിനു ലഭിച്ച മകനെ എല്ലാ തുറന്ന വായ്കളും ശപിച്ചു. അവൻ ആത്മാക്കളെയും ശരീരങ്ങളെയും വിഴുങ്ങുകയും തന്റെ പിതാവിന്റെ അപമാനം വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സ്കീപ്പാ തന്റെ പൂർവികനായ ആദ്യവൃക്ഷത്തിന്റെ നിന്ദനം നീക്കിക്കളഞ്ഞു.

10. രണ്ടു മക്കളും തങ്ങളുടെ മാതാക്കൾക്ക് തുല്യരായിരുന്നു. അഗ്നിയായിരുന്നു കാളക്കുട്ടിയുടെ അമ്മ; അത് ജനത്തിനിടയിൽ അഗ്നി പൊട്ടിപ്പുറപ്പെടാൻ ഇടയാക്കി. കൃപാസന്താനമായ സ്കീപ്പായാകട്ടെ, സൃഷ്ടികൾക്ക് നന്മ വിതരണം ചെയ്തു.

28. പുറ.32,2ff.

www.malankaralibrary.com

11. എന്റെ നാവേ, പറയാൻ നിർബന്ധിക്കുന്ന സ്കീപ്പായുടെ വിവരണത്തിൽ നിന്ന് അടങ്ങി നിശ്ശബ്ദമാകുക. പെട്ടെന്ന് അതെന്റെ മനസ്സ് നിറച്ചു. ഇതാ, അത് പുറത്തുവരാൻ ഞെളിപിരി കൊള്ളുന്നു. അത് അവസാനമായിട്ടാണ് മനസ്സിലുദിച്ചതെങ്കിലും ആദ്യജാതനാകാൻ പരിശ്രമിക്കുന്നു.

12. ഉദരത്തിൽ ശിശുക്കൾ പോരാട്ടം നടത്തുന്നു; മൂത്തവൻ പുറപ്പെടാൻ തിടുക്കം കൂട്ടുന്നു. ജന്മാവകാശം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന ഇളയവൻ അവന്റെ കുതികാലിൽ പിടിക്കുന്നു. ജനനംവഴി തനിക്കു ലഭിക്കാഞ്ഞത് അവൻ പായസംകൊണ്ട് നേടിയെടുത്തു.[29]

13. അതുപോലെ, ജന്മാവകാശം കിട്ടാനായി പിന്നീടുള്ള വിഷയങ്ങൾ നേരത്തേ ഉള്ളവയുമായി മൽപ്പിടുത്തം നടത്തുന്നു. എന്നാൽ നമുക്ക് നമ്മുടെ പിതാക്കന്മാരുടെ ചരിത്രം വിവരിക്കാം. കാരണം, ഇതാ, സ്കീപ്പായുടെ വിവരണങ്ങൾ സൃഷ്ടികളുടെ ആദ്യജാതനാണ്.

14. ആരംഭരഹിതൻ സമസ്ത സൃഷ്ടികളുടെയും ആദ്യജാതനാണെങ്കിൽ, അവന്റെ വിവരണങ്ങളും ആദ്യജാതനും സൃഷ്ടികൾക്ക് മുമ്പുള്ളതുമാണ്. എന്റെ കർത്താവേ, നിന്റെ ശുശ്രൂഷകരെപ്പറ്റി വിവരിക്കാൻ നിന്നെപ്പറ്റിയുള്ള വിവരണം വഴിമാറിത്തന്നാലും.

15. ശിഷ്യത്വത്തിന്റെ ആദ്യഘട്ടത്തിലെ ആളിന്റെ പ്രഭാഷണം തന്റെ ഘട്ടത്തിന് അനുസൃതമായിരുന്നു. രണ്ടാം ഘട്ടത്തിലെ ആളിന്റെ വ്യാഖ്യാനം തന്റെ ഘട്ടത്തിനൊപ്പം ഉയർന്നിരുന്നു. മൂന്നാംഘട്ടത്തിലെ ആളുടെ പ്രഭാഷണവും അയാൾക്കൊപ്പം ഉയർന്നിരുന്നു.

16. ഒന്നാമൻ ലളിതവാക്കുകളിലൂടെ തന്റെ ശിശുക്കൾക്ക് പാൽ നൽകി. അടുത്തയാൾ ആയാസരഹിത പദപ്രയോഗങ്ങളിലൂടെ തന്റെ കുട്ടികൾക്ക് ലളിതാഹാരം നൽകി. മൂന്നാമൻ പരിപൂർണ വചനങ്ങളിലൂടെ, പൂർണവളർച്ച എത്തിയവർക്ക് സമ്പൂർണഭക്ഷണം നൽകി.

17. തങ്ങളുടെ പിതാക്കന്മാരോടും പ്രബോധകരോടുമൊപ്പം ആ പുത്രിയും പടിപടിയായി വളർന്നു. ഒന്നാമത്തെ ആളിനൊപ്പം അവൾ ഒരു കുട്ടിയായിരുന്നു. അടുത്തയാളിനൊപ്പം ഋജുമാനസ്സയായിരുന്നു. മൂന്നാമത്തേതിൽ പൂർണവളർച്ചയിലെത്തി.

18. കൊച്ചുകുട്ടി എന്ന നിലയിൽ ആദ്യത്തെയാൾ അവളെ തലോടുകയും ഭയഭക്തിയുള്ളവളാക്കുകയും ചെയ്തു. കന്യകയെന്ന നിലയിൽ രണ്ടാമത്തെയാൾ അവളെ തിരുത്തുകയും സന്തോഷിപ്പിക്കുകയും ചെയ്തു. പൂർണമായി പ്രബോധനം സ്വീകരിച്ചവൾ എന്ന നിലയിൽ മൂന്നാമൻ അവളോടു ശാന്തമായും സൗഹൃദമായും പെരുമാറി.

29. ഉൽപ. 25,29.


www.malankaralibrary.com

19. യാക്കോബിന്റെ മകൾ കുട്ടിയായിരുന്നപ്പോൾ സ്വർഗീയൻപോലും വടിയും ലാളനയും ഉപയോഗിച്ചു. അവൾ ദുശ്ശാഠ്യക്കാരിയും പൂർണവളർച്ച എത്തിയവളുമായപ്പോൾ, അവൻ വാളും നിയമവും കൂട്ടിച്ചേർത്തു. അവസാനം ശിക്ഷണവും പ്രബോധനവും സ്വീകരിച്ചവൾ എന്ന നിലയിൽ ശാന്തമായും സന്തോഷമായും അവൻ അവളുടെ പക്കലേക്ക് വന്നു.

20. ഇടവകയെ ജനിപ്പിച്ച ഒന്നാമൻ ശൈശവത്തിൽ അവളെ തന്റെ മടിയിലിരുത്തി. സുമുഖനായ അടുത്തയാൾ പാട്ടുപാടി അവളുടെ കുട്ടിക്കാലത്തെ സന്തുഷ്ടമാക്കി. ഗൗരവപ്രകൃതിക്കാരനായ മൂന്നാമൻ അവളുടെ യൗവനത്തിൽ അവളുടെ കന്യാത്വം കാത്തുസൂക്ഷിച്ചു.

21. അവളെ ജനിപ്പിച്ച ആദ്യത്തെ പുരോഹിതൻ അവളുടെ ശൈശവത്തിൽ അവൾക്ക് പാൽ നൽകി. രണ്ടാമത്തെ പുരോഹിതൻ അവളെ പഠിപ്പിച്ച് അവളുടെ ബാല്യത്തിൽ അവൾക്ക് ഭക്ഷണം നൽകി. മൂന്നാമത്തെ പുരോഹിതൻ വളർച്ചയെത്തിയ അവളെ പരിപോഷിപ്പിച്ച്, അവൾക്ക് സമ്പൂർണഭക്ഷണം നൽകി.

22. ധനവാനായ ഒന്നാംപിതാവ് ശിശുവായ അവൾക്ക് നിക്ഷേപം കരുതിവച്ചു. അടുത്തയാൾ അവളുടെ വളർച്ചയ്ക്ക് യാത്രാഭക്ഷണം നൽകി. നല്ല ഒലിവുമരമായ മൂന്നാമൻ അവളുടെ പാത്രങ്ങളിൽ എണ്ണ നിറച്ചു.

23. ധനവാന്റെ പക്കൽ ആഗതയാകുമ്പോൾ ഒന്നാമന്റെ നിക്ഷേപം അവൾ കാണിക്കും. രക്ഷകന്റെ പക്കൽ ആഗതയാകുമ്പോൾ, രണ്ടാമൻ രക്ഷിച്ചവരെ അവൾ കാണിക്കും. മണവാളനെ എതിരേൽക്കാൻ പോകുമ്പോൾ, അവൾ തന്റെ വിളക്കുകളിലെ എണ്ണ കാണിക്കും.

24. ക്ഷീണിതർക്ക് പ്രതിഫലം നൽകുന്നവന്റെ പക്കൽ ഒന്നാമന്റെ അധ്വാനം അവൾ കാഴ്ച വയ്ക്കും. ദാനശീലരെ സ്നേഹിക്കുന്നവന്റെ മുമ്പിൽ അടുത്തയാളുടെ ദാനധർമം അവൾ കാണിക്കും. പ്രബോധനങ്ങൾ പരിശോധിക്കുന്നവന്റെ മുമ്പിൽ അവസാനത്തവന്റെ പ്രബോധനങ്ങൾ അവൾ കൊണ്ടുവരും.

25. ഈ മൂവരുടെ ശിഷ്യനാകാൻ പരിശ്രമിച്ച പാപിയാണ് ഞാൻ. 'മൂന്നാമൻ' തന്റെ മണിയറവാതിൽ എന്റെ മുമ്പിൽ അടച്ചതായി കാണുമ്പോൾ, തന്റെ വാതിൽ എനിക്കായി അൽപം തുറന്നിടാൻ ഈ മൂവർ എനിക്കുവേണ്ടി പ്രാർഥിക്കട്ടെ.

26. സന്തോഷത്തോടും നോക്കാൻ ഭയത്തോടും കൂടെ ഈ പാപി ഉന്തിത്തള്ളി അകത്തുകടക്കട്ടെ. ഈ മൂന്നു ഗുരുക്കന്മാർ കൃപയാൽ ഈ ശിഷ്യനെ അകത്തേക്കു വിളിക്കട്ടെ. ജീവൻ നിറഞ്ഞ അപ്പക്കഷണങ്ങൾ അവൻ മേശക്കീഴിൽ നിന്ന് ശേഖരിക്കട്ടെ.


www.malankaralibrary.com

# 15

## "നിങ്ങൾ സ്നേഹിച്ച ദൈവം" എന്ന രീതി (1)

1. നേതാവ് നേരേചൊവ്വേ അല്ലെങ്കിൽ തീർച്ചയായും അംഗങ്ങൾ മുറു മുറുക്കും. കാരണം, തലതിരിഞ്ഞ നേതാവു നിമിത്തം അംഗങ്ങളുടെ ചുവടു വയ്പ് തെറ്റും. അതിനുള്ള കുറ്റം അവർ നേതാവിൽ ചുമത്തുകയും ചെയ്യും.

*പ്രതിസ്തോത്രം: ഞങ്ങളുടെ ജനത്തിന്റെ അഭിമാനമായി നിന്നെ തെര ഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഇപ്പോഴത്തേതുപോലെ, ശിരസ്സ് വളരെ നല്ലതാണെങ്കിലും നാം അതിനെ ദ്വേഷിക്കുന്നെങ്കിൽ, അത് ദുഷ്ടത നിറഞ്ഞത് ആയിരുന്നെങ്കിൽ എത്രയധികമായിരിക്കും! വഴിപിഴച്ചവർ നല്ലവനായ ദൈവത്തെപ്പോലും കുറ്റ പ്പെടുത്തുന്നു.

3. ഓ, അവയവങ്ങളേ, നിങ്ങൾ ശിരസ്സിനെപ്പോലെ ആയിരിക്കുവിൻ. അവന്റെ ശുദ്ധതയിൽ നിന്ന് വിശ്രമം നേടുവിൻ, അവന്റെ പ്രശാന്തതയിൽ നിന്ന് സന്തുഷ്ടി നേടുവിൻ, അവന്റെ വിശുദ്ധയിൽ നിന്ന് കീർത്തി നേടു വിൻ, അവന്റെ വിജ്ഞാനത്തിൽ നിന്ന് അറിവ് നേടുവിൻ.

4. അവന്റെ ശാന്തതയിൽ നിന്ന് വകതിരിവ് നേടുവിൻ, അവന്റെ ഗൗര വത്തിൽ നിന്ന് ശുദ്ധത നേടുവിൻ, അവന്റെ ദാരിദ്ര്യത്തിൽ നിന്ന് സമൃദ്ധി നേടുവിൻ, അവൻ പൂർണമായും നല്ലവനാകയാൽ, നമുക്കും പൂർണമായി അവനോടുകൂടെ നല്ലവരായിരിക്കാം.

5. അവന്റെ വാക്കുകളും ചെയ്തികളും എങ്ങനെ അളന്നുതൂക്കിയ താണെന്നു കാണുക! അവന്റെ ചവിട്ടടികൾ പോലും എപകാരം പ്രശാന്ത മാണെന്നു നിരീക്ഷിക്കുക. അവന് എല്ലാറ്റിനും സമ്പൂർണനിയന്ത്രണമുണ്ട്.

6. തന്റെ യൗവനത്തിന്മേൽ അവന് നിയന്ത്രണമുണ്ടായിരുന്നു. അവൻ സംശുദ്ധതയുടെ നുകത്തിൽ അതിനെ ബന്ധിച്ചു. അവന്റെ അവയവങ്ങൾ പ്രലോഭനവിധേയമായില്ല; കാരണം, അവയെ ദണ്ഡനങ്ങൾക്ക് വിധേയമാ ക്കി. അവൻ തന്റെ ഇച്ഛയെ നിയന്ത്രിച്ചു.

7. അവൻ തന്റെ സന്മാർഗജീവിതത്തിൽ മുൻപന്തിയിൽ നിന്നതിനാൽ, തന്റെ നിരയിലും മുൻപന്തിയിൽ നിന്നു. അവൻ തന്റെ അടിസ്ഥാനം ഉറപ്പു ള്ളതാക്കിയിരുന്നു. അവനെ ജനത്തിന്റെ പ്രസംഗകനായി നിയമിച്ചതിനാൽ, ചെറുപ്പത്തിൽതന്നെ അവൻ നേതാവായിത്തീർന്നു.

8. പ്രസംഗകരുടെ ഇടയിൽ അവൻ പ്രശോഭിച്ചു; പണ്ഡിതരുടെ


www.malankaralibrary.com

ഇടയിൽ അവൻ പാണ്ഡിത്യമുള്ളവനായിരുന്നു; ജ്ഞാനികളുടെ ഇടയിൽ അവൻ വിവേകവതിയായിരുന്നു. തന്റെ സഹോദരങ്ങളുടെ ഇടയിൽ അവൻ സംശുദ്ധനായിരുന്നു. തന്റെ സഖികളുടെ ഇടയിൽ അവൻ ബഹുമാന്യനായിരുന്നു.

9. രണ്ടു വാസസ്ഥലങ്ങളിലും അവൻ സദാ ഏകാന്തവാസി ആയിരുന്നു. കാരണം, അവൻ തന്റെ ശരീരത്തിൽ സംശുദ്ധനും തന്റെ ഭവനത്തിൽ ഏകാന്തവാസിയുമായിരുന്നു. രഹസ്യമായും പരസ്യമായും അവൻ സംശുദ്ധനായിരുന്നു.

10. എന്റെ സഹോദരരേ, നാം അളവുകൾ തെറ്റിക്കുകയും ആ പുളിപ്പ് നഷ്ടപ്പെടുത്തുകയും നാം വിളിക്കപ്പെട്ട പരിപൂർണതയ്ക്ക് വീണ്ടും ശിഷ്യരാകാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു.

11. എങ്കിലും ശരിയായ അളവ് ആ പാത്രത്തിൽ സംരക്ഷിക്കപ്പെട്ടു. അവൻ അതു തെരഞ്ഞെടുത്തെന്നു കാണുകയാൽ പാത്രം അവനെ തെരഞ്ഞെടുത്തു. രുചിയിലും മണത്തിലും ആദിമുതൽ അന്ത്യം വരെ അത് അവനിൽ സംരക്ഷിക്കപ്പെട്ടു.

12. നമ്മുടെ തലവനും ബഹുമാന്യനും സംശുദ്ധനുമായവൻ കോപിക്കുന്നവനോ, കഠിനമാനസ്സനോ അല്ല. നമ്മെപ്പോലെ അവൻ ലംഘനം നടത്തിയില്ല. അവൻ തന്റെ അതിർത്തിക്കുള്ളിൽ നിന്ന് മിതത്വം പാലിച്ചു. അവൻ തന്റെ ചിന്തയ്ക്ക് കടിഞ്ഞാണിട്ടു.

13. അവൻ തന്റെ വ്യക്തിത്വത്തിൽ ഒരു മാതൃക നൽകി. അവൻ തന്റെ കാലത്ത് പരിധിക്കുള്ളിൽ നിന്നതുപോലെ, നാം നമ്മുടെ കാലം തിരിച്ചറിയുന്നത് ഉചിതമാണ്. നാം നമ്മുടെ കാലത്തിന് അന്യരായിത്തീർന്നു. കാരണം, തിരിച്ചറിയേണ്ട സമയം നാം വകതിരിവില്ലാത്തവരായി.

14. പാകമാകാൻ പോകുന്ന പഴത്തെ ആരംഭത്തിൽ ഇളംകാറ്റ് വളർത്തുന്നു. തുടർന്ന് സൂര്യന്റെ ശക്തി; അതിന്റെ ശക്തി കുറഞ്ഞുകഴിയുമ്പോൾ അന്ത്യത്തിൽ മധുരം വയ്ക്കുന്നു.

15. ആദ്യതലമുറ നമ്മെ പരിശീലിപ്പിച്ചു; പിന്നെ വന്നവരും നമ്മെ ശിക്ഷണവിധേയരാക്കി; അവസാനം വന്നവരും നമ്മെ മാധുര്യമുള്ളവരാക്കാൻ ആഗ്രഹിച്ചു. എന്നാൽ മധുരസമയം വന്നപ്പോൾ, രുചിരാഹിത്യം വളരെയായിരുന്നു.

16. കുട്ടികളെ വഴിപിഴയ്ക്കലിൽ നിന്നകറ്റി പരിപൂർണരാക്കാൻ തക്കവിധം നമുക്ക് പ്രായമായി. എന്നാൽ പ്രായമായ നമ്മെ കുട്ടികളെപ്പോലെ പരിശീലിപ്പിക്കേണ്ടി വന്നിരിക്കുന്നു.


www.malankaralibrary.com

17. ശാന്തനായ ഒന്നാമത്തെ മെത്രാനും പരിശ്രമിച്ചു; എന്നാൽ പ്രായമായ നമ്മെ കൂടുതൽ ബഹുമാനിതരാക്കാൻ, അവൻ ഒട്ടും ബലപ്രയോഗം നടത്തിയില്ല. നാം നമ്മുടെ നില തിരിച്ചറിഞ്ഞില്ലെങ്കിലും, നമ്മുടെ കാലം തിരിച്ചറിഞ്ഞ അദ്ദേഹം കൂടുതൽ ബഹുമാനിക്കപ്പെടട്ടെ.

18. ജനത്തിന് ബലപ്രയോഗവും ദണ്ഡനവുമേ പറ്റുകയുള്ളു എന്ന് ആരെങ്കിലും പറയാൻ മുതിർന്നാൽ....കള്ളനു ഭയം, കവർച്ചക്കാരന് ഭീഷണി, വിഡ്ഢിക്ക് നിന്ദനം!

19. ഒന്നാമത്തെ തലവന്റെ കൂടെ  രണ്ടാമത്തെ തലമുറയിലെ ആളുകൾ ഓടിയിരുന്നെങ്കിൽ, മൂന്നാമത്തെ തലവന് അവരെ ഭരിക്കാൻ കഴിയുമായിരുന്നു. അവയവം മുഴുവൻ അദ്ദേഹത്തെ പൂർണമായി അനുഗമിക്കുമായിരുന്നു.

20. എന്നാൽ രണ്ടാംതലമുറ ഒന്നാംതലമുറയെ നിന്ദിച്ചു; മൂന്നാംതലമുറ രണ്ടാംതലമുറയെയും. ഒരു കാലത്തുള്ളവർക്ക് മറ്റുള്ളവരിൽ നിന്ന് അവഗണന മാത്രം ലഭിച്ചു. അവർ പരസ്പരം നിന്ദിച്ചതിനാൽ, പുറത്തെ ശത്രുവിന് കാലുകൊണ്ട് അവരെ ചവിട്ടാൻ കഴിഞ്ഞു.

# 16

## "നിങ്ങൾ സ്നേഹിച്ച ദൈവം" എന്ന രീതി (2)

1. കണ്ണാടിയുടെ വ്യക്തത മങ്ങിയതാണെങ്കിൽ, അത് ത്യാജ്യമാണ്; കാരണം, അതിന്റെ പ്രതലത്തിൽ പാടുകൾ നിറഞ്ഞിരിക്കുന്നു. അതിൽ നോക്കുന്നവർക്ക് അതിലെ അഴുക്ക് മറപോലെ വർത്തിക്കുന്നു.

*പ്രതിസ്തോത്രം: ഞങ്ങളുടെ കണ്ണാടി വൃത്തിയാക്കിയവൻ  വാഴ്ത്തപ്പെട്ടവനാകുന്നു.*

2. സൗന്ദര്യം അതിനെ അലങ്കരിക്കുന്നില്ല, അഴുക്ക് അതുമൂലം കുറ്റപ്പെടുത്തലിന് വിധേയവുമല്ല. അത് സുന്ദരവസ്തുക്കൾക്ക് പൂർണമായി കോട്ടമാണ്. കാരണം, അവയുടെ സൗന്ദര്യം നല്ലതു തന്നെ, എന്നാൽ പുതുതായി അലങ്കാരമൊന്നും ലഭിക്കുന്നില്ല.

3. അതിനാൽ അഴുക്ക് നീക്കപ്പെടുന്നില്ല. അലങ്കാരം വർദ്ധിക്കുന്നുമില്ല. പറ്റിപ്പിടിച്ചിരിക്കുന്ന അഴുക്ക് നഷ്ടമുണ്ടാക്കുന്നു. അലങ്കാരമൊന്നുമില്ലാത്തത് കോട്ടമാണ്. അത് നഷ്ടവും പരാജയവും ഒന്നിച്ചുകൊണ്ടുവരുന്നു.


www.malankaralibrary.com

4. നമ്മുടെ കണ്ണാടി ഇരുണ്ടതാണെങ്കിൽ, വിരൂപർക്ക് പെരുത്ത സന്തോഷമാണ്. കാരണം, അവരുടെ വിരൂപത്തെ കുറ്റപ്പെടുത്തുന്നില്ല. എന്നാലവ തേച്ചുമിനുക്കി പ്രശോഭിതമാണെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യമാണ് അലംകൃതമായിരിക്കുന്നത്.

5. കോട്ടം നിമിത്തം വിരൂപർക്കും സുന്ദരന്മാർക്കും നഷ്ടം ഇരട്ടിയാണ്. സുന്ദരന്മാർ കിരീടം ധരിപ്പിക്കപ്പെടുന്നില്ല. വിരൂപർക്ക് അലങ്കാരം ലഭിക്കുന്നുമില്ല. ഇരുണ്ട കണ്ണാടി നഷ്ടം പങ്കിട്ടുകൊടുക്കുന്നു.

6. കണ്ണാടിയിൽ നോക്കുന്നവനെ അത് ഒരിക്കലും നിർബന്ധിക്കാറില്ല. അതുപോലെ നിയമത്തിന്റെ നീതിക്ക് ഉപരിസ്ഥമായി വന്ന കൃപയ്ക്ക് നിയമത്തിന്റെ നിർബന്ധമില്ല.

7. ശൈശവത്തിന് ആവശ്യമായ ഒരലങ്കാരമായിരുന്നു നീതി. കാരണം, മനുഷ്യകുലം ശൈശവാവസ്ഥയിൽ ആയിരുന്നപ്പോൾ, അതിന്റെ സ്വാതന്ത്ര്യം ഹനിക്കാതെ നീ അതിനെ നിർബന്ധം കൊണ്ട് അലങ്കരിച്ചു.

8. ബാല്യത്തെ വടിയാലും പ്രേരണയാലും നീതി പിടിച്ചെടുക്കുന്നു. അടിക്കുശേഷം അതിനെ ഉത്സാഹഭരിതമാക്കുന്നു. അതിന്റെ അടി എടുത്തുചാട്ടം നിയന്ത്രിക്കുന്നു. അതിന്റെ പ്രേരണ ചിന്തകളെ ശാന്തമാക്കുന്നു.

9. എന്റെ സഹോദരരേ, അവൻ ഇപ്പോൾ തന്നെത്തന്നെ അലങ്കരിക്കുന്നതിന്..... മറ്റേ സദ്വാർത്തയ്ക്ക് അവൻ ശിശുവാണ്. ബുദ്ധിവൈഭവം കാണിക്കേണ്ട അവസരം അവൻ ബുദ്ധിരഹിതനായിത്തീർന്നു.

10. പക്വതയുടെ തലത്തിൽ നിന്ന് ശൈശവത്തിലേക്ക് അവൻ താണിറങ്ങിയിരിക്കുന്നു. ദാസരുടെ ആ നിയമത്തെ അവൻ സ്നേഹിക്കുന്നു. അവൻ ധൈര്യശാലി ആയിരിക്കുമ്പോൾ, അത് അവനെ അടിക്കുന്നു. അവൻ സന്തോഷിച്ചിരിക്കുമ്പോൾ അവന് കരണത്ത് അടി കിട്ടുന്നു.

11. നിർബന്ധിച്ചുള്ള അലങ്കാരം സത്യമായിട്ടുള്ളതല്ല, കടം വാങ്ങിയതാണ്. മനുഷ്യൻ സ്വയമായി അലങ്കരിക്കണമെന്നത് ദൈവദൃഷ്ടിയിൽ മഹാകാര്യമാണ്. അതുകൊണ്ടാണ് അവിടുന്ന് നിർബന്ധം ദൂരെയകറ്റിയത്.

12. തന്റെ വിവേകത്തിൽ തക്ക സമയത്ത് അവിടുന്ന് നിർബന്ധം ചെലുത്തിയതുപോലെ, നിർബന്ധത്തിനു പകരം സൗമ്യത കാമ്യമായപ്പോൾ തന്റെ വിവേകത്തിൽ അവിടുന്ന് നിർബന്ധം ദൂരെയകറ്റി.

13. യുവാക്കൾ ശിക്ഷണവിധേയരായിരിക്കുക ഉചിതമായിരിക്കുന്നതു


www.malankaralibrary.com

പോലെ, നിർബന്ധം വിജ്ഞാനത്തെ ഭരിക്കത്തക്കവിധം, അതിനെ നിർബന്ധത്തിൻ കീഴിൽ കൊണ്ടുവരുന്നത് നിന്ദനീയമാണ്.

14. അതുകൊണ്ട് എനിക്കുണ്ടായിരുന്ന ഇടയന്മാരിലൂടെയും അവൻ എനിക്കുതന്ന പ്രബോധകരിലൂടെയും എനിക്കായി നിയോഗിച്ച പിതാക്കന്മാരിലൂടെയും എന്റെ ജീവിതഘട്ടങ്ങൾ ക്രമീകരിച്ചു എന്നു കാണുക.

15. അവരുടെ കാലത്തിന് അനുസൃതമായിട്ടായിരുന്നു അവരുടെ വിവിധ സഹായങ്ങൾ. കാരണം, ആവശ്യമുള്ളിടത്ത് ഭയപ്പെടുത്തൽ, പ്രയോജനമുള്ളിടത്ത് പ്രോത്സാഹനം, ആവശ്യമുള്ളിടത്ത് ശാന്തത.

16. അവൻ പടിപടിയായി എന്റെ ചുവടുകൾ പുരോഗമിപ്പിച്ചു. എന്റെ ബാല്യത്തിൽ അവൻ ഭീതിയുണർത്തി. എന്റെ യൗവനത്തിൽ ഭീഷണിപ്പെടുത്തി. എന്റെ ജ്ഞാനത്തിനും വിവേകത്തിനും അവൻ സൗമ്യത നൽകി.

17. തുള്ളിച്ചാടുന്ന എന്റെ ബാല്യകാലത്ത് എനിക്ക് ഭയജന്യനായ ഒരു വളർത്തുപിതാവ് ഉണ്ടായിരുന്നു. അവന്റെ വടി എന്നെ കളിയിൽ നിന്ന് പിൻതിരിപ്പിച്ചു. അവന്റെ ഭയപ്പെടുത്തൽ ചാപല്യങ്ങളിൽനിന്നും അവന്റെ ഭീഷണി അലസതയിൽ നിന്നും എന്നെയകറ്റി.

18. രണ്ടാമതൊരു പിതാവിനെ എന്റെ യൗവനത്തിൽ ലഭിച്ചു. എന്നിൽ അപ്പോഴും കുട്ടിത്തരം നിലനിന്നതിനാൽ, അവനിൽ ഞാൻ ഗൗരവം കണ്ടു. എനിക്കൽപം പക്വത വന്നപ്പോൾ അവനിൽ ഞാൻ സൗമ്യത ദർശിച്ചു.

19. ഞാൻ എന്റെ ബാല്യവും യൗവനവും കടന്നപ്പോൾ, ഒന്നാമത്തെ ആളിനെ കുറിച്ചുള്ള ഭയവും രണ്ടാമത്തെ ആളിന്റെ ഭീഷണിയും കടന്നുപോയി. ദൈവം എനിക്ക് കരുണാമയനായ ഒരിടയനെ തന്നു.

20. ഇതാ, എന്റെ പക്വതയ്ക്ക് അവന്റെ ഭക്ഷണം, എന്റെ വിജ്ഞാനത്തിന് അവന്റെ വ്യാഖ്യാനങ്ങൾ, എന്റെ ശാന്തശീലത്തിന് അവന്റെ സൗമ്യത, എന്റെ സ്വച്ഛതയ്ക്ക് അവന്റെ കാരുണ്യം, എന്റെ സംശുദ്ധതയ്ക്ക് അവന്റെ ബഹുമാന്യത.

21. തന്റെ തട്ടത്തിൽ തൂക്കി എനിക്ക് പിതാക്കന്മാരെ തന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. കാരണം, എന്റെ പ്രായത്തിന് അനുസൃതം എനിക്കുള്ള സഹായങ്ങൾ, എന്റെ രോഗങ്ങൾക്കനുസൃതം എനിക്കുള്ള ഔഷധങ്ങൾ, എന്റെ സൗന്ദര്യത്തിന് അനുസൃതം എന്റെ അലങ്കാരങ്ങൾ!

22. അതുകൊണ്ട് നാമാണ് ശ്രേഷ്ഠമായ ക്രമീകരണവും ക്രമവും കലക്കിയത്. ശിശുസമാനം നമ്മെ കുറ്റപ്പെടുത്താൻ ശാന്തതയുടെ കാലത്ത് നാം ആഗ്രഹിച്ചത് കാഠിന്യമാണ്.



www.malankaralibrary.com

# 17

## നിസിബിസ് മെത്രാനായ മാർ അബ്രഹാമിനെപ്പറ്റി (1)
## “ശിശുക്കൾ കൊല്ലപ്പെട്ടു” എന്ന രീതി (1)

1. എന്റെ കർത്താവേ, നിന്റെ പ്രബോധനത്തിന്റെ താലന്ത് വർദ്ധിപ്പിക്കുകയും പിന്നീട്, മരിച്ച് നിന്റെ തുറമുഖത്ത് എത്തിച്ചേരുകയും ചെയ്ത ഞങ്ങളുടെ അജഗണത്തിന്റെ ഇടയനെപ്പോലെ, നിന്റെ ഭണ്ഡാരത്തിലേക്ക് എന്റെ നിസ്സാരത അതിന്റെ ചില്ലിക്കാശിടാൻ അനുവദിച്ചാലും. അജഗണത്തിന്റെ തലവനായി തീർന്ന മെത്രാനെപ്പറ്റി ഞാൻ സംസാരിക്കട്ടെ. മൂന്നു പേരുടെയും ശിഷ്യനായിരുന്ന അവൻ നാലാമത്തെ ഗുരുവായിത്തീർന്നു. അവനെ ഞങ്ങളുടെ സമാശ്വാസം ആക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. ആ ഗുരുവിന്റെയും ഏലീശായെപ്പോലെ[30] അവശേഷിച്ച അവന്റെ ശിഷ്യന്റെയും പ്രശോഭിതകുസുമങ്ങളും സൗഗന്ധിക പൂമൊട്ടുകളും കൂട്ടിക്കലർത്തി അതേ സ്നേഹത്താൽ ഞാനൊരു കിരീടം നിർമിക്കാം. അവന്റെ തെരഞ്ഞെടുപ്പിന്റെ കൊമ്പ് പുഷ്ടി പ്രാപിക്കുന്നു. അവൻ പൂർണതയിലെത്തി തലവനായിത്തീർന്നു. അവൻ ഉയർത്തപ്പെട്ട് ഗുരുവായി. അവനെ പ്രധാനി ആക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. തങ്ങൾ മേഞ്ഞുകൊണ്ടിരുന്ന മേച്ചിൽപ്പുറങ്ങളിൽ ഇപ്പോഴും മേയാൻ കഴിയുന്നതിനാൽ അജഗണത്തിലെ കൊഴുത്തവ സന്തോഷിക്കുന്നു. തന്റെ നേതൃസ്ഥാനത്തിന്റെ പിന്തുടർച്ച ദർശിക്കുന്നതിനാൽ ഇടയന്റെ കൂട്ടവും സന്തോഷിക്കുന്നു. സഭയുടെ മഹാശരീരത്തിൽ മനസ്സെന്നപോലെ ദൈവം അവനെ തെരഞ്ഞെടുത്ത് വാഴിച്ചിരിക്കുന്നു. അവനിൽ നിന്ന് ജീവനും പ്രബോധനവും പുതിയ അപ്പവും സ്വീകരിക്കാൻ അവന്റെ അവയവങ്ങൾ അവനു ചുറ്റുംകൂടി. അവനെ അവരുടെ കളപ്പുരയാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. അവൻ തന്റെ സത്യവിശ്വാസം തെളിയിച്ചതിനാൽ അനേകം ഇടയന്മാരിൽ നിന്ന് അവിടുന്ന് അവനെ തെരഞ്ഞെടുത്തു. അജഗണത്തിന്റെ മധ്യത്തിൽ കാലം അവനെ പരിശോധിച്ചു. ചൂളയിലെന്നപോലെ കാലദൈർഘ്യം അവനെ ശോധന ചെയ്തു. അവൻ പരീക്ഷണത്തെ വിജയപൂർവം തരണം ചെയ്തതിനാൽ, ദൈവം അവനെ അനേകർക്ക് കോട്ടയാക്കി. നിന്റെ ഉപവാസം ഞങ്ങളുടെ നാടിന് കവചമായിരിക്കട്ടെ. നിന്റെ പ്രാർഥന ഞങ്ങളുടെ നാടിന് പരിച ആയിരിക്കട്ടെ. നിന്റെ ധൂപാർപ്പണം ഞങ്ങൾക്ക് അനുരഞ്ജനം നേടിത്തരട്ടെ. നിന്റെ കാഴ്ചകളെ പവിത്രീകരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---
30. 2രാജാ. 2,12.


www.malankaralibrary.com

5. അജഗണത്തിൽ നിന്ന് വേർതിരിക്കപ്പെട്ട ഇടയൻ അവരെ ആത്മീയ പുൽമേടുകളിൽ മേയിക്കുകയും തന്റെ വിജയവടിയാൽ അവരെ അദൃശ്യ ചെന്നായ്ക്കളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്തു. നിന്റെ ഗുരുവിന്റെ സ്ഥാനം നീ നിറയ്ക്കാൻ ഇടയാകട്ടെ. അവന്റെ സ്വരം കേൾക്കാൻ അത് ദാഹിക്കുന്നു. ചഞ്ചലചിത്തരായ ജനത്തിന്റെ നഗരത്തിൽ ദൈവം നിന്നെ ഒരു സ്തംഭം പോലെ സ്ഥാപിച്ചിരിക്കുന്നു. നിന്റെ പ്രാർഥനയാൽ അത് സംരക്ഷിക്കപ്പെടട്ടെ. നിന്നെ ഞങ്ങളുടെ സ്തംഭമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. അവൻ തന്റെ ശിഷ്യന്റെ മേൽ തന്റെ കൈകൾ വച്ചു. അർഹനായവന് തന്റെ സിംഹാസനവും വിശ്വസ്തനെന്ന് തെളിയിക്കപ്പെട്ടവന് താക്കോലും നൽകി. അജഗണത്തെ ശ്രേഷ്ഠനായവന് ഭരമേൽപ്പിച്ചു. നിന്റെ കൈ, ആവസിപ്പിക്കലിനും നിന്റെ കുർബാന അനുരഞ്ജനത്തിനും നിന്റെ നാവ് സാന്ത്വനത്തിനുമാണ്. നിന്റെ ഭരണത്തിൽ ശാന്തി കളിയാടട്ടെ. അകത്ത് ഈറയരും പുറത്ത് കൂട്ടങ്ങളും കാവലിരിക്കട്ടെ. ഞങ്ങളുടെ സന്തോഷത്തിന് നിന്നെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. നിന്റെ പ്രബോധനം വാക്കുകളിലൂടെ എന്നതിനേക്കാൾ സത്പ്രവൃത്തികളിലൂടെ ശ്രദ്ധേയമാകട്ടെ. കുറച്ചു വാക്കുകൾ വിതച്ച് കർമങ്ങളിലൂടെ ഞങ്ങളുടെ വയലിൽ അധ്വാനിക്കുക. അങ്ങനെ, കഠിനപ്രയത്നത്തിലൂടെ കുറച്ചു വിത്ത് സമൃദ്ധമായ വിളവ് നൽകട്ടെ. പഴയവിത്ത് ഞങ്ങൾക്ക് മുപ്പതുമേനി വിളവും നിന്റെ പുതിയവിത്ത് അറുപതുമേനിയും ഫലം തരട്ടെ. നൂറിരട്ടി വർദ്ധിപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. നിന്നിൽ പൂർണമായി ശാന്തി കളിയാടുന്നതിനാൽ, നിനക്കെതിരെയുള്ള ക്രോധം ശമിച്ചു. നിന്റെ സ്നേഹം എല്ലാ നിമിഷവും കത്തിജ്ജ്വലിക്കുന്നതിനാൽ, നിനക്കെതിരെയുള്ള അസൂയ ശമിച്ചു. ആരെയും രഹസ്യമായി കുത്താതിരിക്കാൻ, നീ വിദ്വേഷത്തിന്റെ മുനയൊടിച്ചുകളഞ്ഞു. നീ സുസ്പഷ്ടമായ സത്യത്തെ സ്നേഹിക്കുന്നതിനാൽ, അന്ധാളിപ്പിക്കുന്ന പരദൂഷണത്തിന് നീ ചെവി ചായിക്കാറില്ല. സദ്ഗുണങ്ങളാൽ നിന്റെ അവയവങ്ങളെ അലങ്കരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. എബ്രായരുടെ ഇടയിൽ യിത്രോ എന്നപോലെ[31] നിന്റെ ജനത്തിന്റെ ഇടയിൽ ഉപദേശം നൽകുക. നിന്റെ പ്രയോജനാർഥം നിന്നെ ഉപദേശിക്കുന്നവനോട് പൂർണമായി സഹകരിക്കുക. മറിച്ചുചെയ്യുന്നവനിൽ നിന്ന് പൂർണമായി ഓടിയകലുക. റഹോബോവാം നിനക്ക് മുന്നറിയിപ്പു നൽകുന്ന അടയാളമായിരിക്കട്ടെ.[32] നീ പ്രയോജനപ്രദമായ ഉപദേശം സ്വീകരിക്കുകയും

31. പുറ. 18,17ff.; 32. 1രാജാ. 12,8ff.



www.malankaralibrary.com

വിദ്വേഷപരമായവ തിരസ്ക്കരിക്കുകയും ചെയ്യുക. വിവേചിച്ചറിയാൻ ഗുണ ദോഷിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. ഉന്നതത്തിൽ നിന്ന് നിനക്ക് നൽകപ്പെട്ട ദാനം പറന്നിറങ്ങി. അതിനു മാനുഷികനാമം നൽകരുത്. മറ്റൊരു ശക്തിയിലും അത് ആരോപിക്കരുത്. കാരണം, അതിനടുത്തേക്ക് എത്തിച്ചേരാൻ കഴിയുന്നവനില്ല. മനുഷ്യരാണ് നിനക്കത് തന്നതെന്ന ചിന്ത ഉണർത്താൻ സൂത്രശാലിയായ സാത്താൻ ആഗ്ര ഹിക്കുന്നു. ആ ദാനം സൗജന്യമാണ്. മനുഷ്യരെ സേവിക്കുന്നതിന് ദാസർ ആഗ്രഹിക്കുന്നു. തന്റെ ദാനം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

11. നിന്റെ ഗുരു നിന്നിൽ ചിത്രീകരിക്കപ്പെടട്ടെ. ഇതാ, അവന്റെ ച്ഛായ പൂർണമായി നിന്നിൽ! അവൻ നമ്മിൽ നിന്ന് അകന്നുപോയെങ്കിലും അവൻ നമ്മോടുകൂടെയുണ്ട്. നമ്മിൽ നിന്ന് വേർപെട്ട ജേതാക്കളായ മൂന്നുപേരെയും നിന്നിൽ കാണാൻ ഞങ്ങൾക്ക് ഇടയാകട്ടെ. നീ ഞങ്ങൾക്ക് യാക്കോബിനെ പ്പോലെ കോട്ടയും ബാബോവായിയെപ്പോലെ കരുണയും വൊളൊഗേസി നെപ്പോലെ വചനനിക്ഷേപവും ആയിരിക്കട്ടെ. അവരെയെല്ലാം ഏകനിൽ ചിത്രീകരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

12. അജഗണത്തിലെ ഏറ്റവും നിസ്സാരനായ ഞാനും അവകാശപ്പെട്ട സ്തുതി നൽകാതിരുന്നില്ല. ആടുകൾ അവരുടെ അലങ്കാരങ്ങളും അജഗണം അവരുടെ സൗന്ദര്യവും കാണാൻ അവർ ഇരുവരെയും അവരുടെ നിറങ്ങ ളാൽ ഞാൻ വരച്ചുകാട്ടി. അബ്രഹാമിന്റെ ദൈവമേ, സംസാരശക്തിയുള്ള ആടായ ഞാൻ അബ്രാംമെത്രാന്റെ നേതൃത്വത്തിൽ അവിടുത്തെ പ്രകീർത്തി ക്കാൻ ആഗ്രഹിക്കുന്നു. എന്നെ തന്റെ വീണയാക്കിയവൻ വാഴ്ത്തപ്പെട്ടവ നാകുന്നു.

# 18

## നിസിബിസ് മെത്രാനായ മാർ അബ്രഹാമിനെപ്പറ്റി (2)
## "ശിശുക്കൾ കൊല്ലപ്പെട്ടു" എന്ന രീതി (2)

1. ഓ, നിന്റെ ഗുരുവിനുശേഷം നീ പൗരോഹിത്യസ്ഥാനം ഏറ്റെടു ത്തിരിക്കുന്നു. പ്രശോഭിതനുശേഷം വന്ന മഹനീയൻ, ബഹുമാന്യനുശേഷം വന്ന സംശുദ്ധൻ, ഉപവാസകനുശേഷം വന്ന ജാഗരൂകൻ! നിന്റെ ഗുരു നിന്നിൽ നിന്ന് വേർപെട്ടുപോയില്ല. ജീവിക്കുന്നവരിൽ മരിച്ചവരെ നാം കാണുന്നു. ഇ താ, നിന്നിൽ അവന്റെ ച്ഛായ വരച്ചുവച്ചിരിക്കുന്നു. അവന്റെ പാദസ്പർശം നിന്നിൽ പതിഞ്ഞിരിക്കുന്നു. അവൻ പൂർണമായി നിന്നിൽ പ്രകാശിക്കുന്നു. അവനു പകരം നിന്നെ ഞങ്ങൾക്കു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.


www.malankaralibrary.com

2. വൃക്ഷത്തെ പ്രതിഫലിപ്പിക്കുന്ന ഫലം വേരുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തോളം അതിന്റെ മധുരരുചി നമ്മിൽ നിന്ന് അകറ്റുന്നില്ല. ശാരീരികമായി നിന്റെ ഗുരുവിന്റെ വാക്കുകൾ നീ കാട്ടുന്നു; കാരണം, നീ അവ പ്രവൃത്തിയിലൂടെ പൂർത്തീകരിക്കുന്നു. നിന്റെ ജീവിതവ്യാപാരങ്ങളിൽ അവന്റെ പ്രബോധനവും നിന്റെ പെരുമാറ്റത്തിൽ അവന്റെ ഭാഷ്യവും നിന്റെ പൂർത്തീകരണത്തിൽ അവന്റെ വ്യാഖ്യാനവും നീ ചിത്രീകരിക്കുന്നു. നിന്റെ സംശുദ്ധി പ്രഖ്യാപിതമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. അവസാനത്തെ ഇടയൻ ശ്രേഷ്ഠനാകുകയും അവയവങ്ങളുടെ ശിരസ്സായി തീരുകയും ചെയ്തു. ഇളയവന് ജന്മാവകാശം ലഭിച്ചു, എന്നാൽ യാക്കോബിനെപ്പോലെ വിലകൊടുത്തല്ല, അഹറോനേപ്പോലെ അസൂയയിലുമല്ല – അവന്റെ സഹോദരരായ ലേവ്യർ അവനിൽ അസൂയ പൂണ്ടു– സ്നേഹത്തിൽ അവനത് ലഭിച്ചു. അഹറോനേക്കാൾ പ്രായമുണ്ടായിരുന്ന മോശ സന്തോഷിച്ചതുപോലെ, നിന്നെക്കുറിച്ച് നിന്റെ സഹോദരർ സന്തോഷിച്ചു. ഏകയോഗമായി നിന്നെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. ശരീരത്തിലെ അവയവങ്ങൾക്കിടയിൽ അസൂയയോ വിദ്വേഷമോ ഇല്ല. സ്നേഹത്തിൽ അവ ശിരസ്സിനെ ശ്രവിക്കുന്നു, സ്നേഹത്തിൽ അത് അവയെ പരിപാലിക്കുന്നു. ശിരസ്സ് അവയവങ്ങൾക്ക് നിരീക്ഷണഗോപുരമാണ്. കാരണം, അത് എല്ലാ വശങ്ങളും നിരീക്ഷിക്കുന്നു. അത് ഉയർന്നിരിക്കുന്നെങ്കിലും കാരുണ്യത്താൽ താഴ്മയുള്ളതാണ്; പാദങ്ങൾക്ക് ഉപദ്രവം ഉണ്ടാകാതിരിക്കാൻ അത് അവിടംവരെ താഴുന്നു. നിന്റെ സ്നേഹം ഞങ്ങളിൽ കലർത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. ഒരു വൃദ്ധൻ വിഗ്രഹാരാധനയെ കീഴമർത്തിയിരുന്നെങ്കിൽ, അതിപ്പോൾ ദൈവദൃഷ്ടിയിൽ നിസ്സാരസംഗതി ആകുമായിരുന്നു. വിവേകത്തിൽ വൃദ്ധൻ നിദ്രകൊണ്ടു. എന്നാൽ യുവാവ് തന്റെ കാലത്ത് വിജയിച്ചു. കാരണം, വിഗ്രഹാരാധന നിറഞ്ഞ ശക്തിയുടെ നിന്ദ്യമായ പോരാട്ടത്തെ ഒരു യുവമല്ലൻ നേരിട്ടു. അതിന്റെ ആരംഭവും അന്ത്യവും ഒന്നിച്ചായിരുന്നു. അതിന്മേൽ ഊതി നിർമാർജനം ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. കുഴൽനാദം നിന്നെ ഭയപ്പെടുത്തുകയും പോരാട്ടത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തു. നവദാവീദായി നീ കയറിച്ചെന്നു. ഒരു രണ്ടാംഗോല്യാത്തിനെ നീ കീഴ്പ്പെടുത്തി. നീ പോരാട്ടത്തിൽ പരിചയസമ്പന്നനായിരുന്നു. കാരണം, ദുഷ്ടനെതിരെ നിനക്ക് അനുദിനം അദൃശ്യപോരാട്ടം ഉണ്ടായിരുന്നു. അദൃശ്യപരിശീലനം ദൃശ്യകിരീടം എത്തിക്കുന്നതിനുതകി. ഞങ്ങളുടെ പ്രശസ്തിക്ക് നിന്നെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.


www.malankaralibrary.com

7. പരിശോധനയ്ക്കുമുമ്പ് ജോബ് തന്റെ മനസ്സും ശരീരവും പരിശീലിപ്പിച്ചു. പരീക്ഷണത്തിൽ അവൻ വിജയിച്ചു. മുറിക്കുള്ളിൽ ജോസഫും തീച്ചൂളയിൽ ഹനനിയായും സഖികളും സിംഹക്കൂട്ടിൽ ദാനിയേലും വിജയിച്ചു.[33] അവരുടെ ശക്തി നിഗൂഢമായി പരിശോധിച്ചെങ്കിലും, അവരുടെ വിജയം പരസ്യമായി ഉറപ്പിച്ച സാത്താൻ വിഡ്ഢിയാണ്. അവന്റെ നിന്ദനം വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. വിശ്വാസധ്വംസകൻ ആയിത്തീരുകയും തന്റെ ഇടത്തുകൈകൊണ്ട് കളകൾ വിതയ്ക്കാൻ തുടങ്ങുകയും ചെയ്ത കർഷകനെതിരെ നീതിമാനായ കർഷകൻ തീക്ഷ്ണനായി അവന്റെ ഇടത്തുകൈ ഛേദിച്ചുകളഞ്ഞു. അവൻ തന്റെ വലത്തുകൈ നിറച്ച് ഹൃദയത്തിൽ സജീവവചനം വിതച്ചു. ഇതാ, തന്റെ പ്രവാചകന്മാരും ശ്ലീഹന്മാരുംവഴി നമ്മുടെ മനസ്സ് ഉഴുതുമറിക്കപ്പെട്ടിരിക്കുന്നു. നിന്നാൽ ഞങ്ങളുടെ ആത്മാക്കൾ ഉഴുതുമറിക്കപ്പെടട്ടെ. ഞങ്ങളുടെ കർഷകനായി നിന്നെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. നിന്റെ വാക്കുകൾ മതിയാകാതെ വരുന്നെങ്കിൽ, പ്രവൃത്തികളിലൂടെ ഞങ്ങളുടെ വയൽ ഉഴുതുമറിക്കുക. അങ്ങനെ കഠിനപ്രയത്നത്താൽ തടിയും വേരും പുഷ്ടിപ്പെടട്ടെ. പതിനായിരം വാക്കുകൾ കേൾക്കുന്നതിനേക്കാൾ ഒരു സത്കർമ്മമാണ് മെച്ചപ്പെട്ടത്. നിന്റെ വിത്ത് നൂറുമേനിയും പിന്നീട് വിതച്ചവ അറുപതുമേനിയും തനിയെ വളരുന്നവ മുപ്പതുമേനിയും ഫലം തരട്ടെ. നിന്റെ വിളവ് വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. പ്രകാശം അന്ധകാരമാകാൻ പാടില്ല, ഉപ്പിന് ഉറയില്ലാതാവാൻ പാടില്ല, തലവന് കളങ്കവും കണ്ണാടിക്ക് മാലിന്യവും പാടില്ല. കാരണം, മരുന്നുകൾക്ക് ഗുണം നഷ്ടപ്പെട്ടാൽ രോഗം സുഖമാകില്ല. വിളക്ക് അണഞ്ഞുപോയാൽ കല്ലിൽ കാൽ തട്ടുന്നത് കൂടും. നിന്റെ പ്രകാശം ഞങ്ങളുടെ അന്ധകാരം നീക്കിക്കളയട്ടെ. നിന്നെ ഞങ്ങളുടെ വിളക്കാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

11. നിനക്കായി ദൈവശാസ്ത്രജ്ഞന്മാരെയും ന്യായാധിപന്മാരെയും ധനശേഖകരെയും ധർമം കൊടുക്കുന്നവരെയും മേൽനോട്ടക്കാരെയും നേതാക്കന്മാരെയും നിയമിക്കുക. ഓരോരുത്തർക്കുമുള്ള നിശ്ചിതകടമ നിശ്ചയിക്കുക. അതുവഴി ജനം മുഴുവന്റെയും പാപപരിഹാരാർഥം പ്രാർഥന അർപ്പിക്കുന്ന മനസ്സും നാവും പര്യാകുലതകളാൽ മലിനമാകുകയില്ല, വ്യഗ്രതയാൽ വിരൂപമാകുകയുമില്ല. നിന്റെ ശുശ്രൂഷയെ സംശുദ്ധമായി നിലനിർത്തുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

33. ഉൽപ. 39,12.ദാനി. 1,7. 3,19ff. 14,30.

www.malankaralibrary.com

12. പുരോഹിതൻ തന്റെ മനസ്സിനെ എത്രമാത്രം സംശുദ്ധമാക്കിയാലും, തന്റെ നാവിനെ പവിത്രീകരിച്ചാലും, കൈകൾ വെടിപ്പാക്കിയാലും, ശരീരം മുഴുവൻ പ്രകാശിതമാക്കിയാലും അത് പൗരോഹിത്യത്തിന് മതിയാകുകയില്ല. കാരണം, അവൻ ക്രിസ്തുവിന്റെ സജീവശരീരം അർപ്പിക്കുന്നവനാണ്. അതുകൊണ്ട് അവൻ തന്നെത്തന്നെ മുഴുവനായി നിരന്തരം പവിത്രീകരിക്കട്ടെ. എന്തുകൊണ്ടെന്നാൽ അവൻ ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥനായി നിലകൊള്ളുന്നു. തന്റെ ദാസരെ സംശുദ്ധരാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# 19

## നിസിബിസ് മെത്രാനായ മാർ അബ്രഹാമിനെപ്പറ്റി (3)
## "ശിശുക്കൾ കൊല്ലപ്പെട്ടു" എന്ന രീതി (3)

1. നീ അനേകർക്ക് പിതാവായി തീർന്നതിനാൽ അബ്രഹാം എന്ന നാമം നിനക്കിണങ്ങുന്നു. അബ്രഹാമിനു സാറാ ഉണ്ടായിരുന്നതുപോലെ നിനക്ക് ഭാര്യയില്ല; എന്നാൽ നിന്റെ അജഗണമാണ് നിന്റെ വധു. അവളുടെ മക്കളെ സത്യത്തിൽ വളർത്തുക. അവർ പറുദീസായിൽ അവകാശികളായിരിക്കാൻ വാഗ്ദാനമക്കളും ആത്മീയ മക്കളുമായിരിക്കട്ടെ. നിന്നെ അബ്രഹാമിൽ മുൻകൂട്ടി സൂചിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. സംശുദ്ധതയുടെ ശ്രേഷ്ഠഫലമേ, പൗരോഹിത്യം നിന്നിൽ സംപ്രീതമായിരിക്കുന്നു. ഈശായിയുടെ പുത്രനെപ്പോലെ നീ നിന്റെ സഹോദരന്മാരിൽ ഏറ്റവും ഇളയവനാണ്. കുഴൽ നിറഞ്ഞ് നിന്നെ അഭിഷേകം ചെയ്തു. കൈകൾ ആവസിച്ച് നിന്നെ തെരഞ്ഞെടുത്തു. സഭ നിന്നെ കാംക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്തു. പരിപാവനമായ മദ്ബഹാ നിന്റെ ശുശ്രൂഷയ്ക്കും ഉന്നതസിംഹാസനം നിന്റെ ബഹുമാനത്തിനും എല്ലാം ഒന്നിച്ച് നിന്റെ കിരീടത്തിനും! നിന്റെ കിരീടധാരണം ബഹുമുഖമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. ഭാഗ്യവാനേ, ഇതാ, നിന്റെ അജഗണം. ഉത്സാഹിയേ, എഴുന്നേറ്റ് നിന്റെ അജഗണത്തെ സന്ദർശിക്കുക. യാക്കോബ് തന്റെ അജഗണത്തെ പരിപാലിച്ചു.[34] സംസാരശക്തിയുള്ള ആടുകളെ നീ പരിപാലിച്ചാലും: വെടിപ്പോടെ കന്യകകളെയും ശുദ്ധതയിൽ യുവതികളെയും പരിപാലിച്ചാലും; പുരോഹിതരെ സംശുദ്ധതയിലും അധ്യക്ഷന്മാരെ ശാന്തതയിലും ജനസമൂ

34. ഉൽപ.33,8ff.



www.malankaralibrary.com

ഹത്തെ നീതിയിലും നിലനിർത്തുക. നിന്നെ വിജ്ഞാനത്താൽ നിറച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. ആരോഗ്യമുള്ള ആടിനെ സംരക്ഷിക്കുക, രോഗം ബാധിച്ചതിനെ സുഖപ്പെടുത്തുക, മുറിവേറ്റതിനെ വച്ചുകെട്ടുക, നഷ്ടപ്പെട്ടതിനെ തേടിയിറങ്ങുക! തിരുലിഖിതത്തിന്റെ മേച്ചിൽപുറങ്ങളിൽ അവയെ മേയിക്കുക. പ്രബോധനത്തിന്റെ ഉറവയിൽ നിന്ന് അവയെ കുടിപ്പിക്കുക. സത്യം നിന്റെ കോട്ടയായിരിക്കട്ടെ. കുരിശ് നിന്റെ അംശവടി ആയിരിക്കട്ടെ. സത്യസന്ധത നിന്റെ സ്വസ്തതയായിരിക്കട്ടെ. നിന്റെ സത്കർമങ്ങൾ വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. ദാവീദിനുണ്ടായിരുന്ന ശക്തി നിന്റെ അജഗണത്തിന്മേൽ നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. കാരണം, സിംഹത്തിന്റെ വായിൽനിന്ന് നശ്വരമായ ആടിനെ അവൻ പിടിച്ചെടുത്തെങ്കിൽ, ശ്രേഷ്ഠനേ, എല്ലാറ്റിനേക്കാളും അമൂല്യമായ ആത്മാക്കളെ ദുഷ്ടനിൽ നിന്ന് പിടിച്ചെടുക്കുന്നതിന് നീ തീക്ഷ്ണനായിരിക്കുന്നത് എത്രയോ ഉചിതമാണ്! ക്രിസ്തുവിന്റെ രക്തം കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അതിനെ വാങ്ങാനാവില്ല.[35] വിൽക്കപ്പെടുകയും എല്ലാറ്റിനെയും വാങ്ങുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. ജോഷ്വാ മോശയെ ശുശ്രൂഷിച്ചു, അവന്റെ സേവനത്തിന് പ്രതിഫലമായി അവന് അവനിൽ നിന്ന് കൈവെപ്പ് ലഭിച്ചു. മഹനീയനായ വൃദ്ധനെ[36] നീ സേവിച്ചതിനാൽ അവനും നിനക്ക് കൈവയ്പ്പ് നൽകി. മോശ അജഗണത്തെ ജോഷ്വായെ ഭരമേൽപ്പിച്ചു. അവയിൽ പകുതി ചെന്നായ്ക്കളായിരുന്നു. നിനക്കും ഒരജഗണം ലഭിച്ചു. അവയിൽ നാലാം ഭാഗവും മൂന്നാം ഭാഗവും സംശുദ്ധിയിൽ ജീവിക്കുന്നു. നിന്റെ അജഗണത്തെ അലങ്കരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. മോശയുടെ സ്നേഹം നിന്നിൽ വസിക്കട്ടെ. അവന്റെ സ്നേഹം വിവേചനാശക്തിയുള്ള സ്നേഹമായിരുന്നു. അവന്റെ തീക്ഷ്ണത വിവേചനാശക്തിയുള്ള തീക്ഷ്ണത ആയിരുന്നു. കോറാഹും ദാഥാനും പിളർപ്പുണ്ടാക്കിയപ്പോൾ, അവൻ അവരുടെ കീഴിലെ ഭൂമി പിളർത്തി. പിളർപ്പുകൊണ്ട് അവൻ പിളർപ്പ് അവസാനിപ്പിച്ചു. ജനത്തിനു മുഴുവനും പ്രവചനവരം ലഭിക്കണം എന്നതാണ് തന്റെ ഹിതമെന്ന് എൽദാദിന്റെയും മേദാദിന്റെയും കാര്യത്തിൽ അവൻ വ്യക്തമാക്കി.[37] അവന്റെ താൽപര്യത്തിൽ സംപ്രീതനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. സമ്പത്തിനേക്കാൾ ഏലിയായുടെ ദാരിദ്ര്യത്തെ ഏലീശാ

35. 1പത്രോ. 1,18; 36. വൊളൊഗേസിനെ; 37. സംഖ്യ, 11,26ff.



www.malankaralibrary.com

സ്നേഹിച്ചു. എല്ലാറ്റിനേക്കാളും വലിയൊരു ദാനം ഒരു ദരിദ്രൻ മറ്റൊരു ദരിദ്രനു നൽകി.[38] ആത്മീയമായി ധനവാനായിരുന്ന നിന്റെ ഗുരുവിന്റെ ദാരിദ്ര്യത്തെ നീയും സ്നേഹിച്ചതിനാൽ, നീ പരിശുദ്ധാത്മാവിന്റെ വീണ ആയിത്തീരുന്നതിനും തന്റെ തിരുഹിതം നിനക്കും നിന്നിലൂടെയും പാടുന്നതിനും അവന്റെ വാക്കുകളുടെ ഉറവ നിന്നിൽനിന്ന് പ്രവഹിക്കട്ടെ. നിന്നെ തന്റെ കലവറക്കാരനാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. മെത്രാനെന്ന നിലയിൽ നീ ശാന്തനാകയാൽ നിന്റെ തെരഞ്ഞെടുപ്പിൽ ആർക്കും അസൂയയില്ല. നിന്റെ വാക്ക് ശാന്തി വിതയ്ക്കുന്നതിനാൽ, നിന്റെ കുറ്റപ്പെടുത്തലിൽ ആരും പ്രകോപിതരാകുന്നില്ല. നിന്റെ കൽപനകൾ സന്തുഷ്ടമാകയാൽ, നിന്റെ സ്വരത്തിൽ ആരും ഭയചകിതരാകുന്നില്ല. ഞങ്ങളുടെ കഴുത്തിനു പകരം നിന്റെ നുകം അധ്വാനിച്ച് ഞങ്ങളുടെ ആത്മാക്കളുടെ ഭാരം ലഘൂകരിക്കുന്നതിനാൽ, നിന്റെ നുകത്തിനെതിരെ ആരും മുറുമുറുക്കുന്നില്ല. ഞങ്ങളുടെ നവോന്മേഷത്തിനായി നിന്നെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. ശക്തനെ നിന്ദിക്കരുത്, ബലഹീനനെ അവഗണിക്കരുത്. ധനവാനെ മയപ്പെടുത്തി പഠിപ്പിക്കുക; ദരിദ്രനെ ഉപദേശിച്ച് നേടുക; കഠിനനോട് ക്ഷമാശീലനെ ബന്ധിക്കുക; ദീർഘക്ഷമയുള്ളവനെ ക്രോധാവേശകനോടും. നല്ലവരെക്കൊണ്ട് ദുഷ്ടരെ നേടുക; ദാനശീലരെകൊണ്ട് കൊള്ളയടിക്കുന്നവരെയും സംശുദ്ധരെക്കൊണ്ട് മലിനരെയും പിടിച്ചെടുക്കുക. നിന്നെ ഞങ്ങളുടെ വേട്ടക്കാരൻ ആക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

11. ആയിരക്കണക്കിന് മരുന്നുകൾ എടുക്കുക; എഴുന്നേറ്റ് രോഗികളുടെ ഇടയിലേക്ക് പോകുക. രോഗികൾക്ക് മരുന്നും ആരോഗ്യമുള്ളവർക്ക് പ്രതിരോധത്തിനുള്ളതും നൽകുക. എല്ലാ രോഗങ്ങൾക്കും ഒരേ മരുന്നല്ല നീ നൽകേണ്ടത്. അത് ദോഷമായിത്തീരാൻ ഇടയുണ്ട്. രോഗം സുഖമാകാൻ പല നടപടികൾ എടുക്കുക. അങ്ങനെ നീ പരിചയസമ്പന്നനാകും. ഞങ്ങളുടെ മുറിവുകൾ സുഖമാക്കാൻ അധ്വാനിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

12. ഞങ്ങൾ തിരുഹിതവയലും നിന്റെ കൽപനയുടെ മുന്തിരിത്തോട്ടവും ആയിരിക്കട്ടെ. ഞങ്ങൾ നിന്റെ ആലയിലെ അജഗണവും നിന്റെ പരിപാലനയിൻ കീഴിൽ ആരോഗ്യമുള്ള ആടുകളും ആയിത്തീരട്ടെ. നീ മഹോന്നത ശിരസ്സായിരിക്കുകയും ഞങ്ങൾ നിന്റെ കിരീടത്തിലെ രത്നമായിരിക്കുകയും ചെയ്യട്ടെ. ഞങ്ങൾ നിന്നിലൂടെയും നീ ഞങ്ങളിലൂടെയും

38. 2രാജാ.2,9.



www.malankaralibrary.com

സുന്ദരരായിത്തീരാൻ ആഗ്രഹിക്കുന്നു. കാരണം, പുരോഹിതനും ജനങ്ങളും യോജിപ്പിലാകുമ്പോൾ പരസ്പരം യോഗ്യരാണ്. ഞങ്ങളുടെ ഇടയിൽ യോജിപ്പ് വിതച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

13. ക്രിസ്തുവുമായി വിവാഹനിശ്ചയം ചെയ്ത ആ കന്യകയോട് ശ്ലീഹാ പറയുന്നതെന്തെന്ന് ശ്രവിക്കുക: "എനിക്ക് നിങ്ങളോട് ദൈവികമായ അസൂയ തോന്നുന്നു, ജഡികമായതല്ല, ആത്മീയമായതത്രേ."[39] താൻ ആരാണെന്നും താൻ ആരുടേതാണെന്നും അവൾ അറിയുന്നതിന്, നീയും ശുദ്ധതയിൽ അസൂയാലുവാകുക. സത്യമണവാളനായ യേശുവിനെ നിന്നിൽ അവൾ സ്നേഹിക്കട്ടെ. തന്റെ അസൂയ പാവനമായിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

14. അധ്യക്ഷന്മാരെപ്പോലെയാണ് സഭാരീതികളും: മന്ദഗതിക്കാരന്റെ കൂടെ മന്ദമായി നീങ്ങുന്നു; അതീവശ്രദ്ധയുള്ളവനോടുകൂടെ അത് പ്രശോഭിക്കുന്നു. സഭ കണ്ണാടി സമാനമാണ്: അതിൽ നോക്കുന്ന ആളിന്റെ മുഖം അനുസരിച്ച് അത് രൂപം സ്വീകരിക്കുന്നു. രാജാവ് എങ്ങനെയോ, സൈന്യവും അങ്ങനെ; പുരോഹിതൻ എങ്ങനെയോ, അജഗണവും അതുപോലെ. അവരിലൂടെ തത്തുല്യമായ മുദ്ര അജഗണത്തിൽ പതിയുന്നു. തന്റെ ച്ഛായയിൽ അവളെ മുദ്രകുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

15. മൂന്ന് മഹനീയ പുരോഹിതന്മാർ മരണപത്രം കൂടാതെ മരിച്ചുപോയി. എന്നാൽ ദൈവത്തിന്റെ രണ്ട് ഉടമ്പടികളും അവർ വായിച്ച് ധ്യാനിച്ചു. ദാരിദ്ര്യത്തിന്റെ മാതൃക ഉൾപ്പെടെ അവർ വലിയ നേട്ടം നമുക്കായി അവശേഷിപ്പിച്ചു. സ്വന്തമായി ഒന്നുമില്ലാതിരുന്ന ഈ സൗഭാഗ്യവാന്മാർ നമ്മെ തങ്ങളുടെ സമ്പാദ്യമാക്കി. സഭയായിരുന്നു അവരുടെ നിക്ഷേപം. അവരിൽ തന്റെ സമ്പാദ്യം സമ്പാദിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. വിജയിയായ യാക്കോബ് പുരോഹിതനോടുകൂടെ അവനെപ്പോലെ അവൾ വിജയിച്ചു. തന്റെ തീക്ഷ്ണതയോടുകൂടെ അവൻ സ്നേഹം കൂട്ടിച്ചേർത്തതിനാൽ, സഭയും ഭയഭക്തിയിലും സ്നേഹത്തിലും നിറഞ്ഞിരുന്നു. ധർമിഷ്ഠനായ ബാബോവായിയുടെ കീഴിൽ സഭയും ധനംകൊണ്ട് തടവുകാരെ വീണ്ടെടുത്തു. ദൈവശാസ്ത്രജ്ഞനായ വൊളൊഗേസിന്റെ കീഴിൽ സഭയും തിരുലിഖിതങ്ങൾക്ക് തന്റെ ഹൃദയം തുറന്നു. അതുകൊണ്ട് നിന്റെ കീഴിൽ സഭ പലതരത്തിൽ അഭിവൃദ്ധിപ്പെടട്ടെ. അവളുടെ വ്യാപാരികളെ ശ്രേഷ്ഠരാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

39. 2കൊറി.11,2.


www.malankaralibrary.com

# 20

## നിസിബിസ് മെത്രാൻ മാർ അബ്രഹാമിനുള്ള ഉപദേശം "ശിശുക്കൾ കൊല്ലപ്പെട്ടു" എന്ന രീതി (4)

1. ഓ, വരനായിത്തീർന്ന നിർമലനേ, നിന്റെ യൗവനത്തിലെ വധുവായി തീർന്നവളോട് നിന്റെ മനസ്സിൽ അൽപം അസൂയ ഉണർത്തുക. അവളുടെ ബാല്യത്തിൽ അനേകരോട് അവൾക്കുണ്ടായിരുന്ന ബന്ധം അവൾ വിച്ഛേദിക്കട്ടെ. താൻ ആരാണെന്നും ആരുടേതാണെന്നും അവൾ അറിയുന്നതിന് അവളെ കുറ്റപ്പെടുത്തുകയും അവളുടെ ചിന്തകളെ ഏകാഗ്രമാക്കുകയും ചെയ്യുക! സത്യമണവാളനായ ക്രിസ്തുവിനെ അവൾ നിന്നിൽ കാംക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യട്ടെ. ഏകജാതനുമായി അവളെ വിവാഹനിശ്ചയം ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. അല്ലയോ കർഷകാ, ഗോതമ്പിനിടയിൽ വളർന്ന് ചുറ്റിപ്പടർന്നു കിടക്കുന്ന കളയ്ക്കെതിരെ തീക്ഷ്ണമതിയാകുക. കള വേരോടെ പിഴുതെറിയപ്പെടട്ടെ. കാരണം, അലസത നിമിത്തമാണ് അത് വളരുന്നത്. ഒരിളംകാറ്റ് അതിനെ അടിച്ചു കൊണ്ടുവന്നാൽ അത് നല്ല വിത്തിനെ കടന്നാക്രമിച്ച് അടിപ്പെടുത്തുന്നു. മൂന്ന് കർഷകർ വിതച്ചവ മുപ്പതും അറുപതും നൂറും മേനിയായി മൂന്നുരീതിയിൽ ഫലം നൽകട്ടെ.

3. ഒരു പുതിയ ഇടയൻ പുതിയ രീതിയിൽ ആടുകളെ പരിപാലിക്കുക എന്നത് ഉചിതമാണ്. അവൻ അവയുടെ എണ്ണവും ആവശ്യങ്ങളും അറിയണം. ഇടയന്മാരുടെ തലവന്റെ രക്തത്താൽ വാങ്ങിയ അജഗണമാണത്. ഓരോന്നിനെയും പേരുവിളിച്ച് കടന്നുപോകാൻ അനുവദിക്കുക. കാരണം, ഈ അജഗണത്തിന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടുകയും അവ എണ്ണപ്പെടുകയും ചെയ്തിരിക്കുന്നു. അവയുടെ എണ്ണം ആവശ്യപ്പെടുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. ഇതാ, നിന്റെ കർത്താവിന്റെ വധു നിന്നോടുകൂടെ. അവളെ എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും, ചാരിത്ര്യരാഹിത്യത്തിനു പ്രേരിപ്പിക്കുകയും സഭകളെ തങ്ങളുടെ നാമത്തിൽ വിളിക്കുകയും ചെയ്യുന്ന മനുഷ്യരിൽ നിന്നും നീ സംരക്ഷിച്ചുകൊള്ളണം. അവളുടെ വരന്റെ നാമം അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. മറ്റൊരു നാമത്താൽ അവൾ ദുഷിക്കാതിരിക്കട്ടെ. കാരണം, മനുഷ്യനാമത്തിലല്ല അവൾ സ്നാനപ്പെട്ടത്. അവൾ സ്നാനപ്പെട്ട പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം അവൾ ഏറ്റുപറയട്ടെ. ആരുടെ നാമത്തിൽ അവൾ വിളിക്കപ്പെട്ടുവോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.


www.malankaralibrary.com

5. അവൾ മറ്റു നാമങ്ങളാൽ – തെറ്റായ നാമങ്ങളാൽ മാത്രമല്ല, പിന്നെയോ, കേപ്പായുടെയും അതുപോലെയുള്ള മറ്റാളുകളുടെയും ശരിയായ നാമങ്ങളാൽ പോലും – ദുഷിച്ചുപോകരുതെന്ന് അവളുടെ വിവാഹഉടമ്പടി നടത്തിയ ശ്ലീഹായ്ക്ക് നിർബന്ധമുണ്ടായിരുന്നു. ശരിയായ ഉടമ്പടിക്കാരൻ, വരന്റെ നാമം വധുവിനു നൽകി. എന്നാൽ വ്യഭിചാരിയായ തെറ്റായവൻ തന്റെ നാമം അജഗണത്തിനു നൽകി. സ്രഷ്ടാവേ, നിന്റെ നാമത്തിനു സ്തുതി.

6. എന്റെ സഹോദരരേ, ജീവികളുടെ മുദ്ര ആരും പരസ്യമായി നീക്കാറില്ല. ഒപ്പിട്ട രേഖയിലെ പേരോടുകൂടി ആരും കൂട്ടിച്ചേർക്കുകയോ മാറ്റംവരുത്തുകയോ ഇല്ല. അതു മായിക്കുന്നവൻ കള്ളനാണ്, അതിൽ മാറ്റം വരുത്തുന്നവൻ വഞ്ചകനാണ്. അവൻ ക്രിസ്തുവിന്റെ നാമം മാറ്റി; ഇതാ, ദുഷിച്ച കൂട്ടങ്ങൾക്ക് തെറ്റായ പേരുകൾ നൽകിയിരിക്കുന്നു. തന്റെ അജഗണത്തിന് തന്റെ നാമം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. നിബിയന്മാരും ശ്ലീഹന്മാരും എപ്രകാരം  ഒരുപോലിരിക്കുന്നു എന്ന് നിരീക്ഷിക്കുക. ദൈവത്തിന്റെ അജഗണത്തിന് പ്രവാചകന്മാർ ദൈവനാമം നൽകി. ക്രിസ്തുവിന്റെ സഭയ്ക്ക് ശ്ലീഹന്മാർ ക്രിസ്തുവിന്റെ നാമം നൽകി. ദുഷിച്ചവരും അതുപോലെ പരസ്പരം യോജിക്കുന്നു. അവരോടൊപ്പം വ്യഭിചാരസമൂഹങ്ങൾക്ക് അവർ അവരുടെ നാമങ്ങൾ നൽകി. നാം ആരുടെ നാമത്താൽ വിളിക്കപ്പെട്ടോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# 21

## നിസിബിസ് മെത്രാൻ മാർ അബ്രഹാമിനെപ്പറ്റി (4)
## "ശിശുക്കൾ കൊല്ലപ്പെട്ടു" എന്ന രീതി (5)

1. പ്രകാശമായ യോഹന്നാൻ വിഷയാസക്തരെ തെറ്റ് ചൂണ്ടിക്കാട്ടി ശാസിച്ചു. കാമാസക്തിയുടെ പൂരണത്തിനായി ആ വിളക്കണയ്ക്കാൻ അവർ ധൃതിപ്പെട്ടു. നീ സംശുദ്ധതയിൽ ഒരു വിളക്കായിരിക്കുക. അന്ധകാര കർമങ്ങൾക്ക് അന്ത്യം കുറിക്കുക. അങ്ങനെ നിന്റെ പ്രബോധനം പ്രകാശിക്കുമ്പോൾ, അന്ധകാരത്തിന്റെ ആസക്തിക്ക് കാതോർക്കാനായി ആരും മുതിരാതിരിക്കട്ടെ. നിന്നെ ഞങ്ങളുടെ പ്രകാശമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. ഏലിയായുടെ ദാരിദ്ര്യത്തിൽ ഒരു വലിയ നന്മ മറഞ്ഞുകിടന്നു. ഏലീശാ അവനെ ശുശ്രൂഷിക്കുകയും തന്റെ ശുശ്രൂഷയ്ക്ക് ഇരട്ടി പ്രതി


www.malankaralibrary.com

ഫലം അവനിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്തു. ദാരിദ്ര്യം അവന് ഇരട്ടി സൗന്ദര്യം നൽകി.[40] കാരണം, അത് തന്റെ അത്ഭുതകർമങ്ങളാൽ ഇരട്ടി യായി അവനെ വലയംചെയ്തു. നിന്റെ ധന്യഗുരുവായ വൊളൊഗേസിന്റെ ദാരിദ്ര്യത്തെ നീ സ്നേഹിച്ചതിനാൽ, അവന്റെ വിജ്ഞാനകലവറയ്ക്ക് നീ അവകാശിയാകട്ടെ. നിന്റെ പ്രബോധനത്തെ സമൃദ്ധമാക്കാൻ കഴിവുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. ദാനിയേലിന്റെ ഉപവാസംപോലെ, നിന്റെ ഉപവാസത്താൽ ഭോജന പ്രിയം നിയന്ത്രിക്കപ്പെടട്ടെ. ജോസഫിൽ സംഭവിച്ചതുപോലെ, ദുർവിചാര ങ്ങൾ നിന്റെ ശരീരത്തിന്റെ മുമ്പിൽ ലജ്ജിച്ചുപോകട്ടെ. ശെമയോന്റെ മുമ്പിൽ കീഴമർത്തപ്പെട്ടതുപോലെ, നിന്റെ മുമ്പിൽ ധനാസക്തി കീഴമർത്തപ്പെടട്ടെ. അവൻ ധരയിൽ കെട്ടുകയും ഉന്നതത്തിൽ അഴിക്കുകയും ചെയ്തതുപോ ലെ, നിനക്കും അവനെപ്പോലെ കഴിയട്ടെ.[41] കാരണം, നിന്റെ വിശ്വാസം അവ ന്റേതിനു തുല്യമത്രേ. തന്റെ ശുശ്രൂഷ നിന്നെ ഭരമേൽപ്പിച്ചവൻ വാഴ്ത്തപ്പെ ട്ടവനാകുന്നു.

4. നിന്റെ സംശുദ്ധത ഏലീശായുടേതുപോലെയും നിന്റെ ചാരിത്ര്യം ഏലിയായുടേതുപോലെയും ആയിരിക്കട്ടെ. ജോബിനെപ്പോലെ നിന്റെ നയ നങ്ങളുമായി ഉടമ്പടി ഉണ്ടാക്കുക. നിന്റെ ദയ ദാവീദിന്റേതുപോലെയും[42] നിന്റെ അസൂയാരാഹിത്യം യോനാഥാന്റേതുപോലെയും ആയിരിക്കട്ടെ. നിന്റെ വീര്യം ജറമിയായുടേതുപോലെയും നിന്റെ സൗമ്യത ശ്ലീഹന്മാരുടേതുപോ ലെയും ആയിരിക്കട്ടെ. പ്രവാചകന്മാരുടെ പഴയതും ശ്ലീഹന്മാരുടെ പുതി യതും നീ അവകാശമാക്കുക. തന്റെ നിക്ഷേപങ്ങളാൽ നിന്നെ നിറച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. നീ മേൽപ്പട്ടസ്ഥാനത്തിന് കിരീടമായിരിക്കട്ടെ. നിന്നിൽ ദൈവിക ശുശ്രൂഷ പ്രകാശമാനമാകട്ടെ. നീ വൈദികരുടെ സഹോദരനും ശെമ്മാശ ന്മാരുടെ മേലന്വേഷകനും ആയിരിക്കട്ടെ. നീ യുവാക്കളുടെ വഴികാട്ടിയും വൃദ്ധരുടെ താങ്ങും തണലും ആയിരിക്കട്ടെ. നീ സമർപ്പിതർക്ക് സംരക്ഷ ണമതിൽ ആയിരിക്കട്ടെ. നിന്റെ മേൽനോട്ടത്തിൽ അവരുടെ വ്രതവാഗ്ദാനം പ്രശോഭിക്കട്ടെ. നിന്റെ ശ്രേഷ്ഠതയാൽ സഭ അലംകൃതമാകട്ടെ. നിന്നെ പൗരോഹിത്യത്തിലേക്ക് തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. നിന്റെ ദാരിദ്ര്യത്താൽ ഗേഹാസിയുടെ കുടുംബത്തിന്റെ ദുഷിച്ച രീതി നിർമാർജനം ചെയ്യപ്പെടട്ടെ. നിന്റെ വിശുദ്ധിയാൽ ഹേലിയുടെ മക്ക ളുടെ അശുദ്ധരീതി നീക്കപ്പെടട്ടെ. നിന്റെ യോജിപ്പാൽ ഒറ്റുകാരനായ യൂദാ

40. 2രാജാ.2,9; 41. ദാനി.1,8ff.ഉൽപ.39,7ff.നട.8,20. മത്താ.16,19.

42. ജോബ്,31,1. 1സാമു.24,7ff.;



www.malankaralibrary.com

യുടെ വഞ്ചകാത്മകമായ സമാധാനചുംബനം ഇല്ലാതാകട്ടെ. ഞങ്ങളുടെ ചിന്തകളെല്ലാം നീക്കി, ആദ്യം മുതൽ പുതുതായി രൂപീകരിച്ചാലും. നിന്റെ മൂശയിൽ ഞങ്ങളെ ശുദ്ധീകരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. ഞങ്ങളുടെ സ്വതന്ത്രേച്ഛയുടെ കർത്താവായിത്തീർന്ന മാമോൻ നിന്റെ നേതൃത്വത്തിൻ കീഴിൽ ലജ്ജിക്കട്ടെ. ഞങ്ങൾക്ക് പതിവായിരുന്നതും സന്തോഷം കണ്ടെത്തിയിരുന്നതുമായ പാപരോഗം ഞങ്ങളിൽ നിന്നു നീക്കണമെ. ഉപദ്രവകരമായ ആചാരങ്ങൾ നിലനിർത്തിയ ഹേതുക്കൾ നശിപ്പിക്കുക. ആചാരങ്ങളിലൂടെ ദുഷ്ടസംഗതികൾ ഞങ്ങളുടെ ഇടയിൽ നിലനിന്നു. ശീലങ്ങളിലൂടെ നല്ല സംഗതികൾ ഞങ്ങളിൽ നിലനിൽക്കട്ടെ. എന്റെ കർത്താവേ, നീ ഞങ്ങളുടെ സഹായഹേതുവായിരിക്കണമെ. ഞങ്ങളുടെ സൗഖ്യത്തിനായി നിന്നെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. ദുഷിച്ച ശീലങ്ങൾ മുറിച്ചു മാറ്റപ്പെടണം. സഭ സ്വത്ത് സമ്പാദിക്കരുത്. ആത്മാക്കളെ സമ്പാദിക്കുന്നതിന് അവൾക്ക് കഴിവുണ്ടായിരിക്കട്ടെ. അതിനു കഴിഞ്ഞാൽ അത് ശ്രേഷ്ഠമായിരിക്കും. വിജാതിയരെപ്പോലെ പ്രത്യാശാരഹിതരായി ആഡംബരവസ്ത്രങ്ങളിൽ പൊതിഞ്ഞ് കരച്ചിലോടും വിലാപത്തോടും കൂടെ മരിച്ചവരെ അടക്കരുത്. കാരണം, ജീവനുള്ളവൻ സാധാരണവസ്ത്രം ധരിക്കുന്നു. മരിച്ചവർക്കാകട്ടെ, അലമാരിയിലുള്ളതെല്ലാം! നമ്മെ നമ്മുടെ പൊടിയിലേക്ക് ചേർക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. ദുഷിച്ച ഭോഗാസക്തിയും ഹേലിയുടെ കുടുംബത്തിന്റെ അത്യാഗ്രഹവും ഗേഹാസിയുടെ കുടുംബത്തിന്റെ മോഷണവും നാബാലിന്റെ കുടുംബത്തിന്റെ നിന്ദനവും കടന്നുവരുന്നു.[43] അത് ശക്തമായ ഉറവ ആയിത്തീരാതിരിക്കാനും അതിൽ നിന്ന് മാലിന്യം ഒഴുകിവരാതിരിക്കാനും അതിന്റെ ഒഴുക്ക് നിന്റെ പക്കലെത്താതിരിക്കാനുമായി ഈ ദുഷിച്ച ഉറവകൾ അടച്ചുവയ്ക്കുക. ഞങ്ങളുടെ കർത്താവേ, അവയുടെ ഒഴുക്ക് തടയണമെ. ഈ ഉറവകളെ വറ്റിച്ചുകളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. പ്രബോധനം പ്രായമുള്ളവരെ ഏൽപ്പിക്കുക. യുവത്വത്തിന് നിശ്ശബ്ദത കൽപ്പിക്കുക. നിന്റെ പക്കലെത്തുന്ന അപരിചിതൻ നിന്റെ ക്രമീകരണത്തിൽ നിന്ന് ആര് ഒന്നാമതും ആര് രണ്ടാമതും ആര് മൂന്നാമതും സംസാരിക്കണമെന്ന് പഠിക്കട്ടെ. ഓരോരുത്തരും താന്താങ്ങളുടെ വായ് നിയന്ത്രിക്കുകയും താന്താങ്ങളുടെ നില മനസ്സിലാക്കുകയും ചെയ്താൽ, അവർ നിന്നെ ഭാഗ്യവാനെന്ന് വിളിക്കും. നമ്മടെ കർത്താവ് നിന്റെ ആഗ്രഹം സഫലീകരിക്കട്ടെ.

11. നിന്റെ സത്യസ്വരം ഒന്നുമാത്രമായിരിക്കട്ടെ. എന്നാൽ പ്രകാശന

43. 1സാമു.25,10ff.



www.malankaralibrary.com

രീതിയിൽ വൈവിധ്യം ഉണ്ടായിരിക്കട്ടെ. യഥാർഥരൂപം നിന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. എന്നാൽ വിഷാദവും സന്തോഷവും ബലഹീനതയും ഉൾപ്പെടെ എല്ലാ ഭാവങ്ങളും നിന്റെ മുഖത്ത് ഉണ്ടായിരിക്കട്ടെ. നീ ക്രോധാവേശനാണെന്ന് പാപിയെ കാട്ടുക; സന്തുഷ്ടനാണെന്ന് സംശുദ്ധനെ കാണിക്കുക. ദൈവത്തോട് ഏകമനസ്സോടും മനുഷ്യരോട് വിവിധ തരത്തിലും പെരുമാറുക. എല്ലാവർക്കും എല്ലാമായിരിക്കുന്നവൻ[44] വാഴ്ത്തപ്പെട്ടവനാകുന്നു.

12. സത്യസന്ധരും വിശ്വസനീയരുമായ മനുഷ്യരിൽ നിന്ന് ഒരു ദുഷ്ട റിപ്പോർട്ട് നീ കേട്ടാൽ, മറ്റുള്ളവരിൽ കത്തിക്കാളുന്ന അഗ്നി ശമിപ്പിക്കാനായി കണ്ണീരൊഴുക്കുക. വിവേകികൾ നിന്റെ കൂടെ പ്രാർഥിക്കട്ടെ. വിജ്ഞാനികൾക്കായി ഒരുപവാസം പ്രഖ്യാപിക്കുക. പാപത്താൽ നഷ്ടപ്പെട്ടവൻ അനുതാപത്തിലേക്ക് തിരിച്ചുവരാനായി നിന്റെ ഭവനം മുഴുവൻ ദുഃഖപൂരിതമായിരിക്കട്ടെ. നഷ്ടപ്പെട്ട ആടിനെ കണ്ടെത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

13. നുണയർ നിന്നെ കീഴടക്കാതിരിക്കാൻ എല്ലാവർക്കും നിന്റെ ചെവി ചായിക്കരുത്. ദുഷ്ടർ നിന്നെ വഴിതെറ്റിക്കാതിരിക്കാൻ എല്ലാവർക്കും നിന്റെ പാദം നൽകരുത്. ധിക്കാരികൾ നിന്നെ ചവിട്ടിമെതിക്കാതിരിക്കാൻ എല്ലാവർക്കും നിന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കരുത്. അബദ്ധോപദേശകർ നിന്റെ കൈയിൽ മുള്ളുതറയ്ക്കാതിരിക്കാൻ അവരിൽ നിന്ന് നിന്റെ കൈ കാത്തുസൂക്ഷിക്കുക. അടുത്തും അകലെയുമായിരിക്കുക. അകലെ ആയിരിക്കുമ്പോഴും അടുത്തായിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

14. ഇതാ, പുതിയ ചക്രവർത്തിയെ പറ്റിയുള്ള വാർത്ത ലോകത്തിൽ മുഴങ്ങുന്നു.[45] അവൻ കൊള്ളയടിക്കപ്പെട്ടവർക്ക് സമാശ്വാസവും കൊള്ളക്കാർക്ക് ഭീതിദായകനുമാണ്. വിഴുങ്ങിയവയെല്ലാം തിരികെ കൊടുക്കേണ്ടിവരുന്നതിനാൽ അത്യാർത്തിക്കാർ ഛർദിക്കാൻ തുടങ്ങിയിരിക്കുന്നു. അവർ നിന്നെയും ഭയക്കട്ടെ. അങ്ങനെ നീതിനിറഞ്ഞ ചക്രവർത്തിക്കും പുരോഹിതനും ഇടയിൽ പഴയ രീതികൾ നീക്കപ്പെടട്ടെ. കോപിച്ചെങ്കിലും ഇപ്പോൾ വീണ്ടും സ്നേഹിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

15. പാപം ചെയ്യാനുള്ള അവസരം കണ്ടെത്തുകയും പാപം ചെയ്യുകയും ചെയ്യുന്നവനുണ്ട്. ആ പ്രേരണയെ എതിർത്ത് കീഴടക്കുന്നവനുമുണ്ട്. കോടതിവിധി മാനിക്കപ്പെടണമെന്ന് ഒരാൾ കരുതുന്നു, അതിന്റെ യാതൊരാവശ്യവുമില്ലെന്ന് മറ്റൊരാൾ! ഒരാൾ മോഷ്ടിച്ചിട്ട്, മതിയാക്കുന്നു, മറ്റൊ

44. 1കൊറി.9,22.

45. ജൂലിയന്റെ മരണശേഷം (363 ജൂൺ 26) ജോവിയൻ, ചക്രവർത്തിയായി. പേർഷ്യാക്കാരുമായി ജോവിയൻ ഉണ്ടാക്കിയ ഉടമ്പടി മാർ അപ്രേം ഈയവസരം അറിഞ്ഞുകാണില്ല.


www.malankaralibrary.com

രാൾ മോഷ്ടിക്കുകയും തുടർന്നും മോഷ്ടിക്കാൻ ദാഹിക്കുകയും ചെയ്യുന്നു. ധനവാന്മാരും ദരിദ്രരും മോഷ്ടിക്കുന്നു. വിശക്കുന്നവൻ വിശപ്പടക്കാൻ മാത്രം മോഷ്ടിക്കുന്നു, എന്നാൽ സംതൃപ്തൻ അളവുകൂടാതെ മോഷ്ടിക്കുന്നു. നമ്മുടെ ഇച്ഛ പരിശോധിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. എന്നാലിപ്പോൾ ദൈവം ഒരവസരം തന്നിരിക്കുന്നു. ഓരോരുത്തരും താന്താങ്ങൾ എങ്ങനെയാണെന്നും ആർക്ക് സദൃശ്യരാണെന്നും മറ്റെല്ലാറ്റിനേക്കാളും തങ്ങൾക്ക് ഇഷ്ടമുള്ളത് എന്താണെന്നും വ്യക്തമാക്കിക്കൊണ്ട് താന്താങ്ങളുടെ ഇച്ഛ വെളിപ്പെടുത്തുന്നു. പരിശോധന ദുഷ്ക്കരമായിരുന്നെന്ന് പറഞ്ഞ് നാം നുണ പറയാതിരിക്കാൻ, അവിടുന്ന് പരീക്ഷണം എല്ലാവരിൽ നിന്നും എടുത്തു മാറ്റിയിരിക്കുന്നു. ഈ അധികാരത്തേക്കാൾ പീഡനം പ്രയോജനപ്പെട്ടെന്നു കാണാൻ അവിടുന്ന് അവസരം നൽകി. നമ്മുടെ പ്രയോജനത്തിനായി നമ്മെ കുറ്റപ്പെടുത്തുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

17. കാരണം, നിർബന്ധിച്ച് തന്റെ നുകം നമ്മുടെമേൽ വയ്ക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. അവിടുന്ന് നമുക്ക് അവസരം നൽകി, എന്നാൽ നാം അഹങ്കാരികളായി. നാം മത്സരിച്ച് നാശത്തിലേക്ക് വരാനിടയാകുമ്പോൾ, തന്റെ ലഘുവായ നുകത്തെ സ്നേഹിക്കാനും തന്റെ ശാന്തമായ വടി തെരഞ്ഞെടുക്കാനുമായിരുന്നു അത്. നമ്മുടെ സ്വേച്ഛ നമ്മെ കുലുക്കുന്നു; എന്നാൽ തന്റെ നിർബന്ധം യഥാർഥ വിശ്രാന്തിയും തന്റെ നുകം യഥാർഥത്തിൽ ലഘുവുമാണ്. ആരുടെ കഠിനപ്രയത്നം ഉന്മേഷപ്രദമാണോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

18. ഏകശരീരമെന്നപോലെ ലോകം മുഴുവൻ ഒരു മഹാരോഗത്തിന് വിധേയമായിരുന്നു. വിജാതിയത്വത്തിന്റെ പനിയിൽ നിന്ന് ചൂടുപിടിച്ച് രോഗഗ്രസ്തമായി അത് താഴെവീണു. ദൈവകാരുണ്യത്തിന്റെ വലത്തുകൈ അതിനെ സ്പർശിക്കുകയും തന്റെ കൃപയാൽ അതിനെ പരിശോധിക്കുകയും വേഗത്തിൽ വിജാതിയത്വം വെട്ടിനീക്കുകയും ചെയ്തു. കാരണം, ഇതായിരുന്നു രോഗകാരണം. അതിനെ വിയർപ്പിച്ച് പനിമാറ്റി വീണ്ടും ആരോഗ്യമുള്ളതാക്കി. അതിനെ സുഖപ്പെടുത്തിയ കരത്തിന് സ്തുതി.

19. ശാന്തി നിറഞ്ഞ നിന്റെ ദർശനത്തിൽ, നിന്റെ കാലത്ത് നാട്ടിൽ സമാധാനം പുലരട്ടെ. നിന്റെ കീഴിൽ പള്ളികൾ വീണ്ടും പണിയപ്പെടുകയും അലങ്കരിക്കപ്പെടുകയും ചെയ്യട്ടെ. അവയിൽ അവയുടെ ഗ്രന്ഥങ്ങൾ തുറക്കപ്പെടുകയും മേശകൾ വിരിക്കപ്പെടുകയും ചെയ്യട്ടെ. അവയുടെ ശുശ്രൂഷകർ അലങ്കരിക്കപ്പെടട്ടെ. ശാന്തിയുടെ ആദ്യഫലങ്ങളായി അവയിൽനിന്ന് സ്തുതികൾ ഉയരട്ടെ. ഞങ്ങളുടെ സഭകളെ നവജീവനിലേക്ക് ഉണർത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.


www.malankaralibrary.com

20. നിന്റെ പ്രാർഥനകൾ സ്വർഗത്തിലേക്കുയരട്ടെ. അതോടൊപ്പം അനുരഞ്ജനവും ഉയരട്ടെ. സ്വർഗീയനാഥൻ ദുഷ്ടരായ നമ്മുടെമേൽ തന്റെ അനുഗ്രഹവും നമ്മുടെ ക്ലേശങ്ങളിൽ സാന്ത്വനവും ചിതറിപ്പോയ നമ്മുടെമേൽ തന്റെ കൂട്ടിച്ചേർക്കലും വർഷിക്കട്ടെ. അവിടുന്ന് തന്റെ തീക്ഷ്ണതയും സ്നേഹവും ഉജ്ജ്വലിപ്പിക്കട്ടെ. തന്റെ നീതി നമ്മുടെ നിന്ദനത്തിന് പ്രതികാരം ചെയ്യട്ടെ. തന്റെ കൃപ നമ്മുടെ ദുഷ്ടത മായിച്ചുകളയട്ടെ. തന്റെ അജഗണത്തെ അനുഗ്രഹിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

21. ആദ്യപുരോഹിതനും ആദ്യചക്രവർത്തിയും[46] പരസ്പരം അനുരൂപപ്പെട്ടിരുന്നു. ത്രാസിലെ തട്ടത്തിലെന്നവണ്ണം ബാലൻസ് ചെയ്തിരുന്നു. അതുപോലെ വൊളൊഗേസും ആ ചക്രവർത്തിയുടെ പുത്രനും[47] ശാന്തരും സൗമ്യരുമായിരുന്നു. ഈ അവസാനത്തവരും പരസ്പരം അനുരൂപപ്പെട്ടിരിക്കട്ടെ. പുരോഹിതർ നക്ഷത്രങ്ങളെപ്പോലെയും ചക്രവർത്തിമാർ മിന്നൽ പോലെയും ന്യായാധിപന്മാർ പ്രകാശകിരണങ്ങൾ പോലെയും ആയിരിക്കട്ടെ. ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

22. രാജത്വം നിയമങ്ങളും പൗരോഹിത്യം അനുരഞ്ജനവും നൽകുന്നു. ഇരുവരും മയമുള്ളവരായിരിക്കണമെന്ന് ആഗ്രഹിക്കുന്നതു നന്നല്ല. ഇരുവരും കർക്കശരായിരിക്കണമെന്ന് കരുതുന്നത് കഠിനമാണ്. ഒരാൾ കർക്കശനായിരിക്കുകയും മറ്റെയാൾ മയമുള്ളവനായിരിക്കുകയും വേണം. വിവേകപൂർണമായ വ്യതിരക്തതയിൽ ഭയവും സ്നേഹവും കൂടിക്കലർന്നിരിക്കുന്നു. നമ്മുടെ പുരോഹിതന്മാർ മയമുള്ളവരും ചക്രവർത്തിമാർ കാഠിന്യമുള്ളവരും ആയിരിക്കട്ടെ. നമ്മുടെ സഹായങ്ങൾ കൂട്ടിക്കലർത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

23. ചക്രവർത്തിമാർ ജനങ്ങളുടെ സംരക്ഷണ കോട്ടയായിരിക്കാൻ പുരോഹിതന്മാർ അവർക്കുവേണ്ടി പ്രാർഥിക്കട്ടെ. ചക്രവർത്തിമാർക്ക് വിജയവും പുരോഹിതന്മാർക്ക് വിശ്വാസവും ഉണ്ടായിരിക്കട്ടെ. ചക്രവർത്തിമാർ യുദ്ധത്തിന് അന്ത്യം കുറിക്കട്ടെ. പുരോഹിതന്മാർ തർക്കങ്ങൾ അവസാനിപ്പിക്കട്ടെ. തർക്കവും കലഹവും അവസാനിക്കട്ടെ.[48] എല്ലാറ്റിനെയും സാന്ത്വനപ്പെടുത്തുന്ന പുത്രൻ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ ദാനത്തെ പ്രതി നിനക്കു സ്തുതി.

**ഗീതം 22-24 നഷ്ടപ്പെട്ടു.**

---

46. മാർ യാക്കോബും കോൺസ്റ്റൻടൈനും

47. കോൺസ്റ്റാൻസ്യൂസ്; 48. ആരിയൻ തർക്കങ്ങളാണ് വിവക്ഷ.


www.malankaralibrary.com

# 25

## "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (1)

എ. എന്റെ കർത്താവേ, നിന്റെ ഉപമ നിന്നെ പ്രേരിപ്പിക്കട്ടെ. അതിൽ വിധവ ന്യായാധിപനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു എന്ന് നീ പറഞ്ഞല്ലോ. വളയാത്ത ഇരുമ്പ് കരുണയില്ലാത്ത പാറയെ മയപ്പെടുത്തി ശാന്തമാക്കി.[49]

ബി. തന്നെ വിളിക്കാൻ ആഗ്രഹിക്കുന്നവന്റെ മുമ്പിൽ നല്ലവൻ വരുന്നു. മനുഷ്യൻ തന്റെ നോട്ടം അവന്റെ നേർക്കുതിരിക്കുന്നതിനു മുമ്പുതന്നെ അവിടുന്ന് അവന്റെ നേർക്ക് തിരിയുന്നു. അവൻ തന്റെ വാതിൽക്കൽ എത്തുന്നതിനു മുമ്പേ അവിടുന്ന് അവന് തന്റെ ഭണ്ഡാരം തുറന്നുകൊടുക്കുന്നു.

# 26

## "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (2)

1....നിന്നിലൂടെ അവർ എന്നെ പ്രകോപിപ്പിച്ചു. വീണ്ടും നിന്നിലൂടെ അവർക്കെന്നെ രഞ്ജിപ്പിക്കാൻ കഴിയും.

2. ഞാൻ വീണ്ടും കിരീടധാരിണിയും മാന്യയും ആയിത്തീരട്ടെ[49a] അവളുടെ മക്കൾ അവളുടെ ഉള്ളിലാണ്; എന്നാൽ അവളെ വെറുക്കുന്നവർ പുറത്തുനിൽക്കേണ്ടിവരും. അവളുടെ ധാന്യക്കൂന പാറ്റിക്കൊഴിച്ച്, കളകളിൽ നിന്ന് വെടിപ്പാക്കപ്പെട്ടതാണ്.

3. ഓ, വൈദ്യാ, നിന്റെ കഴിവ് എന്റെ അവയവങ്ങളിലും എന്റെ ശരീരത്തിൽ നിന്ന് വെട്ടിനീക്കപ്പെട്ട അവയവങ്ങളിലും കാണിക്കുകയും വീണ്ടും കൂട്ടിച്ചേർക്കുകയും ചെയ്യുക. അവ വെട്ടിമാറ്റപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയായിരിക്കട്ടെ കാഴ്ചക്കാർക്കുള്ളത്.

4. എന്റെ കളങ്കങ്ങളെക്കുറിച്ച് ദുഷ്ടൻ സന്തോഷിക്കുകയും എന്റെ അവയവങ്ങളെപ്പറ്റി പരിഹസിക്കുകയും ചെയ്തതിനാൽ, എന്റെ അവയവങ്ങളുടെ സൗന്ദര്യം വർദ്ധിപ്പിക്കണമെ. അവൻ തന്റെ ദുഷ്ടതയാൽ നുണയനാകയാൽ, ഞാൻ എത്ര സുന്ദരനായി എന്ന് കാണുമ്പോൾ, മുൻകാല തെറ്റുകളെ കുറിച്ചുള്ള അനുതാപം ഗ്രഹിക്കാൻ അവനിടയാകട്ടെ.

5. ദുഃഖം വീണ്ടും ഇവിടേക്ക് നയിക്കാതിരിക്കാൻ, ദൈവം നമ്മെ തന്റെ

49. ലൂ. 18,5.

49a. എഡേസ്സാ സഭ പറയുന്നു.



www.malankaralibrary.com

പരിശോധനയിലൂടെ പഠിപ്പിക്കട്ടെ. ഞാൻ മുറിക്കപ്പെട്ടതിനാലും മുറിക്കപ്പെട്ട അവയവം നിമിത്തവും ഞാൻ വേദനിക്കുന്നു. നാം വീണുപോകാതിരിക്കാൻ, അവസാനത്തെ സൗഖ്യമാക്കൽ നമുക്ക് താക്കീത് നൽകട്ടെ.

6. ഞങ്ങൾക്ക് വേദന അനുവദിച്ചതിനും പരീക്ഷകളിൽ നീ ഞങ്ങളെ രക്ഷിക്കുന്നെന്നും സ്നേഹം സ്വന്തമാക്കാൻ ഇടയാക്കുന്നെന്നും പരിശോധ നയിലൂടെ പഠിപ്പിച്ചതിനും ഞാനും അവരും എല്ലാദിവസവും നിനക്ക് നന്ദി പറയും.

7. ഓ, സഭയേ, ബലഹീനനായ എനിക്കുവേണ്ടി പ്രാർഥിച്ചാലും! നിന്റെ പിളർപ്പിൽ ദുഃഖിച്ച എനിക്ക്, നിന്റെ പുനരൈക്യത്തിൽ സന്തോഷിക്കാൻ ഇടയാകട്ടെ. നിന്നെ അനുഗമിച്ച് നിന്നോടുകൂടെ സ്വർഗരാജ്യത്തിൽ എത്തി ച്ചേരാനും എനിക്കിടയാകട്ടെ.

# 27

## "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (з)

1. എന്റെ കർത്താവേ, ഒരവയവം കീറിമാറ്റുക വൈദ്യന് എളുപ്പമാണ്; അതിനെ അതിന്റെ സ്ഥാനത്ത് കൂട്ടിച്ചേർക്കുക അത്ര എളുപ്പമല്ല. എന്നാൽ എന്റെ കർത്താവേ, നീ ദൈവമാകയാൽ രണ്ടും നിനക്ക് എളുപ്പമാണ്.

*പ്രതിസ്തോത്രം: എന്റെ കുട്ടികളുടെ ഉച്ചത്തിലുള്ള നിലവിളി ശ്രവി ച്ചാലും.*

2. വൈദ്യന്മാർ പന്ത്രണ്ടുവർഷം ഉടനീളം രക്തസ്രാവക്കാരിയെ നഗ്ന യാക്കി. സഹായിക്കാനാവാതെ അനാവൃതമാക്കി. സുഖമാക്കിയെങ്കിൽ പോ ലും ലജ്ജ നിലനിൽക്കുമായിരുന്നു. എങ്കിൽ സൗഖ്യമാക്കാൻ കഴിയാതിരു ന്നത് എത്രയധികം![50]

3. അവർ അവളെ സുഖപ്പെടുത്താതെ വിവസ്ത്രയാക്കിയപ്പോൾ, നീ അവളെ വസ്ത്രധാരിണിയായി സുഖപ്പെടുത്തി. അവൾ തല മൂടിക്കൊണ്ട് നിന്റെ ശരീരത്തെയല്ല, നിന്റെ വസ്ത്രത്തെ സ്പർശിച്ചു. എല്ലാവരെയും മൂടുന്ന നിന്റെ വസ്ത്രം അവളുടെ വൈദ്യനായിത്തീർന്നു.

4. അതുകൊണ്ട് എന്റെ കർത്താവേ, നീ നിന്റെ സഭയെ എത്രയധിക മായി വസ്ത്രം ധരിപ്പിക്കയില്ല! കാരണം, റോഡരുകിൽകൂടി അലസമായി

50. മത്താ.9,20.



www.malankaralibrary.com

നടക്കുന്നവർ പോലും അവളുടെ നിന്ദനം ദർശിക്കാൻ വഴിവിട്ട് നടക്കത്തക്ക വിധം ഇതാ, അവൾ നിന്ദ്യയായി തീർന്നിരിക്കുന്നു. വഴിയെ പോയ സ്ത്രീയെ വസ്ത്രധാരിണിയായി നീ സുഖപ്പെടുത്തി. എന്നാൽ നിന്റെ വധുവിനെ നീ വിവസ്ത്രയാക്കി.

5. എന്റെ ദുഃഖകാലം അവളുടെ പന്ത്രണ്ട് വർഷവുമായി താരതമ്യപ്പെടുത്താനാവില്ല. ആദ്യം ആറുവർഷം അതു നീണ്ടുനിന്നു. ആ സ്ത്രീയുടെ രോഗകാലത്തിന്റെ പകുതി. ആ പഴകിയ വ്യാധി സുഖമാക്കിയ നീ ഈ പുതിയ വ്യാധി സുഖമാക്കിയാലും!

6. ഞാൻ അൽപസ്വൽപം ഹീനനായിപ്പോയാൽ നീയെന്നെ ബന്ധം വിടർത്തി പറഞ്ഞുവിടുമെങ്കിൽ, എന്റെ കർത്താവേ, തന്റെ ദുഷ്ടഭാര്യയെ നിന്ദിക്കുന്നവൻ നിനക്കെങ്ങനെ നിന്ദ്യനാകും? നിന്ദ്യനായ എന്നെ സ്നേഹിച്ച്, അവൻ തന്റെ ഭാര്യയെ സ്നേഹിക്കണം എന്നു പഠിപ്പിച്ചാലും.

7. വിരൂപയായ ലെയായ്ക്ക് സൗന്ദര്യം കൊടുത്തത് നീയാണ്. അവളുടെ നയനങ്ങൾ ശോഭാരഹിതമായിരുന്നു. എന്നാൽ അവളുടെ മക്കൾ വളരെ സുന്ദരന്മാർ ആയിരുന്നു. എന്റെ കർത്താവേ, അതിനുപകരം സുന്ദരനായ എന്നെ എന്റെ മക്കൾ വിരൂപനാക്കി.

8. നീയും നിന്റെ അമ്മയും മാത്രം എല്ലാവരേക്കാളും സുന്ദരരാണ്. കാരണം, നിന്നിൽ യാതൊരു മാലിന്യവുമില്ല, നിന്റെ അമ്മയിൽ യാതൊരു കളങ്കവുമില്ല. ഈ രണ്ടു സുന്ദരരിൽ ആരുമായി ഞാൻ എന്റെ കുട്ടികളെ സാമ്യപ്പെടുത്തും?

9. നിന്റെ പിതാവ് നിന്ദ്യയായ സിനഗോഗിനെ ഭാര്യയായി സ്വീകരിച്ചപ്പോൾ, അവൾ ആ കാളക്കുട്ടിയുമായി വ്യഭിചാരം ചെയ്തു. അക്കാരണത്താൽ അവളുടെ മക്കളും നിന്ദ്യരായി. കാരണം അവൾ അന്യദേവന്മാരുടെ മുദ്രയാൽ മുദ്രകുത്തപ്പെട്ടു.

10. സത്യസന്ധരായ മോശയും പ്രവാചകന്മാരും കാളക്കുട്ടിയെ എങ്ങനെ ഇടിച്ചു പൊടിച്ചെന്നു കാണുക. അവർ എല്ലാ സമയവും പൊടിയാക്കുന്നു. എന്റെ കർത്താവേ, അവർ നിന്നോട് ചെയ്തതെന്താണെന്ന് നിനക്കറിയാമല്ലോ.

11. എന്റെ കർത്താവേ, ദിവ്യശ്ലീഹാ നിർമലകന്യകയെ നീയുമായി എനിക്ക് വിവാഹം ചെയ്തുതന്നു. എന്റെ കർത്താവേ, എന്റെ പിതാക്കന്മാരുടെ കാളക്കുട്ടിയെ ഞാൻ വെറുക്കുകയും നിന്നെ സ്നേഹിക്കുകയും ചെയ്തു. എന്റെ മക്കളായ ആടുകൾ അന്യോന്യം കുത്തിക്കീറാൻ ഇടയാകരുതേ.

www.malankaralibrary.com

12. മൗനമായി നിന്ന് വിധിയേൽക്കുകയും പരാതിപ്പെടാതെ അടിയേൽക്കുകയും മുറുമുറുക്കാതെ ക്രൂശാരോഹണവിധേയനാകുകയും പിന്നീട് ഉത്ഥാനംചെയ്ത് തന്റെ കൊലപാതകികൾക്ക് ജീവൻ പ്രദാനം ചെയ്യാൻ ആയാസപ്പെടുകയും ചെയ്ത കുഞ്ഞാടിൽ നിന്ന് ഉത്ഭവിച്ചതാണവർ.

13. അന്യായമായി ധിക്കാരിയായിത്തീർന്ന ആദാമോ, കാരണം കൂടാതെയും വിധിവാചകം കൂടാതെയും തന്റെ സഹോദരനെ കൊന്ന അവന്റെ മകനോ അല്ല നിങ്ങളെ ജനിപ്പിച്ചത്.

14. ഞാൻ എന്നെപ്പറ്റിത്തന്നെ നിങ്ങളോടു പറയാം: ഞാൻ രോഷാകുലനാകാതിരിക്കെ അവരെന്നെ കല്ലെറിഞ്ഞു. ഞാൻ നിന്ദിക്കാതിരുന്നിട്ടും അവരെന്നെ ക്രൂശിച്ചു. ഞാൻ ശപിക്കാതിരുന്നിട്ടും അവരെന്നെ കത്തിച്ചു. നിങ്ങളുടെ പിതാവ് അവരെ അനുകരിക്കുന്നു. അതുപോലെ ചെയ്യാൻ നിങ്ങളുടെ അമ്മ ശ്രമിക്കുന്നു.

15. 'അണലിസന്താനങ്ങൾ' എന്ന് മനുഷ്യർ വിളിക്കപ്പെട്ടു. അവരുടെ പ്രകൃതി അനുസരിച്ചല്ല, പിന്നെയോ, പ്രവൃത്തി അനുസരിച്ചത്രേ. കാരണം, സ്വതന്ത്രേച്ഛയുടെ ദാനത്തെ അതിശയിക്കുന്നതായിരുന്നു അണലിയുടെ സമ്മാനം!

16. അതുപോലെ മനുഷ്യർ 'ദൈവങ്ങൾ' എന്നു വിളിക്കപ്പെടുന്നു. സത്തയാലല്ല,[51] പിന്നെയോ, കൃപയാലത്രേ. എന്നാൽ ദൈവം നിങ്ങളുമായി യഥാർഥബന്ധം സ്ഥാപിച്ചിരിക്കുന്നു.

17. ദൈവം തന്റെ ബന്ധുക്കളായി നിങ്ങളെ ആക്കിയത് ആശ്ചര്യകരം തന്നെ. എന്നാൽ നിങ്ങളാകട്ടെ, ആ ബന്ധം വെട്ടിമുറിച്ചു. കാരണം, ക്രിസ്തു വെറുമൊരു 'സൃഷ്ടി മാത്രമാണെങ്കിൽ',[52] നിങ്ങൾ ദാസന്റെ മാത്രം ബന്ധു ആയിത്തീർന്നതേയുള്ളു.

18. എന്റെ ദൈവമേ, സൃഷ്ടികളുമായല്ല, നീയുമായിത്തന്നെയാണ് നീ ഞങ്ങളെ ബന്ധുക്കളാക്കിയത് എന്നതിൽ നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ. സമസ്ത സൃഷ്ടികളുടെയും കർത്താവേ, നിന്റെ കൂട്ടിച്ചേർക്കലിന്[53] സ്തുതി.

19. സൃഷ്ടികൾ പരസ്പരബന്ധത്തിലായിരിക്കുക എന്നത് ആശ്ചര്യകരമല്ല. കാരണം, സൃഷ്ടിപരമായ ആശ്രയത്വം ഒന്നുതന്നെയാണ്. തന്റെ ദാസർ തന്റെ ബന്ധുത്വത്തിൽ ആകുന്നതിന് ആഗ്രഹിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.

---

51. ഈസൂസാ; 52. ബ്രീതാ (ക്തിസ്മാ);

53 ഹുൽതാനാ.



www.malankaralibrary.com

# 28

## "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (4)

1. എന്റെ കർത്താവേ, ബുദ്ധിയില്ലാത്ത ജീവികൾ പോലും തങ്ങളുടെ ദുഃഖങ്ങൾ വെറുക്കുകയും വേദനകളിൽ നിന്ന് അകന്നിരിക്കുകയും ചെയ്യുന്നു. അവയുടെ കളങ്കങ്ങൾ നിന്ദ്യമത്രേ. എന്നാൽ അവയുടെ ഫലങ്ങൾ കാമ്യവും സൗന്ദര്യം സ്വീകാര്യവുമാണെങ്കിൽ..

*പ്രതിസ്തോത്രം: എന്റെ കുട്ടികളേ, പെട്ടെന്ന് ശാന്തരാകുവിൻ.*

2. എത്രയധികമായി മനുഷ്യർക്ക് തങ്ങളുടെ കഠിനവേദന അനുഭവപ്പെടും, തങ്ങളുടെ വിലാപത്തിൽ ക്ലേശിക്കും, തങ്ങളുടെ കളങ്കങ്ങളെപ്പറ്റി ലജ്ജിക്കും! കാരണം, അവരുടെ ബാധയുടെ ഹേതു അവരുടെ പാപമാണ്.

3. വെട്ടപ്പെട്ട ശാഖകളുടെ പാടുകളും കീറലുകളും വീണ്ടും നികന്നു കഴിഞ്ഞാലും മുഴച്ചിരിക്കും. എന്റെ കർത്താവേ, അവ മെച്ചപ്പെടാതിരുന്നാലുള്ള അവസ്ഥ എത്ര മോശമായിരിക്കും!

4. വസ്ത്രം കീറിപ്പോയെങ്കിലും നീ ആ കീറൽ നികത്തി. നീ ആ കീറൽ രണ്ടാമതൊരു പ്രാവശ്യംകൂടി ശരിയാക്കി. എന്റെ കർത്താവേ, നിന്റെ രക്തത്താൽ തളിക്കപ്പെട്ടെങ്കിലും അത് ദുഷിച്ച് നിന്നിൽ നിന്ന് താഴെ വീണുപോയി.

5. എങ്കിലും എന്റെ പിളർപ്പുകൾ അവസാനിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം, അതിർത്തി ചാടിക്കടക്കുമ്പോഴും നിന്റെ ആഴം അളന്ന് നിന്നെ പരിശോധിക്കാൻ അവർ ആഗ്രഹിക്കുന്നു. വഴുതിവീണപ്പോഴും നിന്റെ പക്കലേക്ക് വന്നെന്ന് അവർ കരുതി.

6. നീയാണ് ഞങ്ങളുടെ പ്രകാശമെന്നു കാട്ടുക. കാരണം, അവർ നിന്നെ തേടുന്നു. വഴുതി വീണിട്ടും എഴുന്നേൽക്കുമെന്ന് അവർ കരുതുന്നു. എന്റെ കർത്താവേ, നീ താഴേക്ക് കുനിഞ്ഞ്, വീണവരോട് കരുണ കാണിക്കുന്നവനാണെന്ന് അവർക്ക് കാണിച്ചുകൊടുക്കുക.

7. എന്റെ കുട്ടികൾ എന്നിൽനിന്ന് ആറു വർഷമായി വേർപെടുകയും അവർ എനിക്ക് നഷ്ടപ്പെടുകയും ചെയ്തു. എന്റെ സ്ത്രീകൾ തങ്ങളുടെ കുട്ടികളെ സംസ്ക്കരിക്കുകയും അതേപ്പറ്റിയുള്ള ദുഃഖം മറക്കുകയും ചെയ്തു. എന്റെ കുട്ടികൾ വിസ്മരിക്കപ്പെട്ടില്ല. കാരണം, എന്റെ മൃതർ സംസ്ക്കരിക്കപ്പെട്ടില്ല.


www.malankaralibrary.com

8. എന്റെ കർത്താവേ, നിന്റെ തീക്ഷ്ണതയുള്ള ശുശ്രൂഷകനായ എന്നെ അവഗണിക്കരുതേ. ഇപ്പോഴും ജീവിക്കുന്ന എന്റെ മൃതരെപ്രതി ഞാൻ കരയുന്നതുകൊണ്ട് എന്നെ കുറ്റപ്പെടുത്തരുതേ. ഓ, അവർ ജീവിക്കുന്നതിനു പകരം മരണംവഴി എന്നിൽനിന്ന് വേർപെട്ടിരുന്നെങ്കിൽ!

9. ഓ, ഞാൻ എന്റെ കൈകൾ ആവസിപ്പിച്ച് അവരുടെ നയനങ്ങളിൽ വച്ചിരുന്നെങ്കിൽ! സങ്കീർത്തനാലാപനത്തോടെ ഞാൻ അവരെ അനുധാവനം ചെയ്തിരുന്നെങ്കിൽ! അവരെ വീണ്ടും കാണാൻ ഉത്ഥാനത്തിലൂടെ എനിക്ക് തിരികെ തരുന്നതിന്, എല്ലാവരെയും ജീവിപ്പിക്കുന്നവനിൽ അവർ പ്രത്യാശ വച്ചിരുന്നെങ്കിൽ!

10. അവരെക്കുറിച്ച് ഞാൻ ഇരട്ടി ദുഃഖിക്കണം. കാരണം, വഴിയിൽവച്ചു മരിക്കുന്നവരെ പരദേശിക്കുള്ള ഇടത്തു സംസ്ക്കരിക്കുന്നു. എന്നാൽ തങ്ങളുടെ ഭവനങ്ങളിൽ ആത്മീയമായി മരിക്കുന്നവർ തങ്ങളുടെ പട്ടണങ്ങളിൽ സംസ്ക്കരിക്കപ്പെടാതെ അവമതിക്കപ്പെടുന്നു.

11. എന്റെ കർത്താവേ, അവരുടെ ജീവിതത്തിന് അനുതാപത്തിന്റെ ഉത്ഥാനം നൽകിയാലും. അവർ മരിക്കുമ്പോൾ സങ്കീർത്തനാലാപനം വർദ്ധിപ്പിച്ചാലും. അവരുടെ ജീവിതത്തെപ്പറ്റി സന്തോഷിക്കാനും അവരുടെ ശരീരത്തെ ആഘോഷമായി അനുധാവനംചെയ്യാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

12. പശുക്കളുടെയും ആടുകളുടെയും സ്വരത്തിൽ നിന്ന് നമുക്ക് ദുഃഖാചരണം പഠിക്കാം. വഴിതെറ്റിപ്പോകുന്ന തങ്ങളുടെ കുട്ടികളെ കാണാതെ വരുമ്പോൾ അവ ഉച്ചത്തിൽ ഒച്ചയുണ്ടാക്കും. വഴിതെറ്റിയവയോടൊപ്പം അവയും വഴിതെറ്റി എന്നവണ്ണമാണിത്.

13. അവയുടെ കുട്ടികൾ കണ്ടെത്തപ്പെടുകയും അവ തിരിച്ചെത്തുകയും ചെയ്യുമ്പോൾ മൃഗങ്ങളെല്ലാം ആനന്ദിച്ച് തുള്ളിച്ചാടും. അവ തന്നെ കണ്ടെത്തപ്പെട്ട് തിരികെ എത്തിയാൽ എന്നവണ്ണമാണിത്. എന്തുകൊണ്ടാണ് മൃഗങ്ങളിലൂടെ നീ ഞങ്ങളെ അൽപം കുറ്റപ്പെടുത്താൻ ആഗ്രഹിക്കാത്തത് എന്നതിലാണ് ഞാൻ ഭയക്കുന്നത്!

14. തന്റെ കാലം അറിയാവുന്ന മീവൽ പക്ഷിയുടെയും കൊക്കിന്റെയും ദൃഷ്ടാന്തം വഴി[54] എന്റെ കർത്താവേ, ഭോഷത്തം നിറഞ്ഞ സിനഗോഗിനെ നീ കഠിനമായി കുറ്റപ്പെടുത്തി. സ്വതന്ത്രമനുഷ്യരെ ലജ്ജിപ്പിക്കാൻ അവൻ പറവകളെ പ്രകീർത്തിച്ചു.

54. ജറ.8,7.



www.malankaralibrary.com

# 29

## "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (5)

1. ഞങ്ങളുടെ കർത്താവേ, ക്രൂശാരോഹിതരുടെ മാതാവായ ജറുസലേമിനെപ്പറ്റി നീ കണ്ണീരൊഴുക്കി.[55] അവളുടെ മക്കൾ അവളുമായി യോജിച്ചിരിക്കുന്നു. നിന്റെ സഭയോട് കരുണ ചെയ്യണമെ; അവളുടെ മക്കൾ വിഭജിതരായിരിക്കുന്നു.

*പ്രതിസ്തോത്രം: അന്യർക്കുവേണ്ടി നിന്ദ്യനായിത്തീർന്ന എന്നോട് കരുണ ചെയ്യണമെ.*

2. പരസ്പരം കലഹിച്ച് വിഭജനം ഉണ്ടാക്കാൻ ആഗ്രഹിച്ചവർ ഒരു കാര്യത്തിൽ യോജിച്ചിരുന്നു. എന്നാൽ ഒരേ സ്നേഹം കാട്ടുക ഉചിതമായ എന്റെ മക്കളാകട്ടെ ഏകസത്യത്തെ വിഭജിച്ചു.

3. സാധാരണയായി മറ്റു പാമ്പുകളെ വിഴുങ്ങുന്ന പാമ്പുകളും ഒന്നിച്ചു കഴിയുകയും സഖികളെ സ്നേഹിക്കുകയും ചെയ്യുന്നു. എന്നാൽ എന്റെ ആടുകൾ തങ്ങളുടെ സഹോദരങ്ങളുടെ നേരേ ചെന്നായായി തീരുകയും പൊതു ഇടയനെതിരെ പാഞ്ഞുകയറുകയും ചെയ്തു.

4. പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ തന്റെ ചിറകിൻ കീഴിൽ ചേർക്കുന്നതുപോലെ ജറുസലേമിനെ ഒന്നിച്ചുചേർക്കാൻ ആഗ്രഹിച്ചെന്ന് അതിനെപ്പറ്റി നീ പറഞ്ഞിട്ടുണ്ടല്ലോ.[56] എന്റെ കർത്താവേ, നിന്റെ സത്യം എന്റെ കുഞ്ഞുങ്ങളെ എന്റെ ചിറകിൻ കീഴിൽ കൂട്ടിച്ചേർക്കട്ടെ.

5. വിഡ്ഢികളായ ഇസ്രായേൽക്കാർ സാമുവേലിനെ നിരാകരിച്ചപ്പോൾ, നീ അവനെ സാന്ത്വനപ്പെടുത്തി. കാരണം, അവനിൽ ആ ജനം നിന്നെ നിരാകരിച്ചു.[57] എന്റെ കർത്താവേ, നിന്റെ സഭയ്ക്കും നിന്നെപ്പോലെ സംഭവിച്ചു. എന്റെ കുട്ടികൾ നിന്റെ പുരോഹിതനെ നിരാകരിച്ചപ്പോൾ, അവനിൽ എന്നെയാണ് അവർ വെറുത്തത്.

6. ഞങ്ങളുടെ കാലം നിന്ദനീയമായതിനാൽ, സുമുഖനും സുന്ദരനുമായ യുവനേതാവിനെ നീയെനിക്കു തന്നില്ല; കാരണം, നിന്ദനം യുവത്വത്തെ അകറ്റിക്കളഞ്ഞു.

7. പ്രായമുള്ള മെത്രാനിൽ അവരെന്നെ നിന്ദിക്കുന്നു; സംശുദ്ധപുരോഹിതനിൽ അവരെന്റെ തൊലിയുരിയുന്നു. മറിച്ച്, എന്റെ കർത്താവേ, മുതിർന്ന പ്രായത്തിൽ നിന്ദ്യവചനം കടന്നുവരുന്നത് ഒട്ടും സ്വാഭാവികമല്ല.

---

55. ലൂ.19,41; 56. മത്താ.23,37; 57. 1സാമു.8,7.



www.malankaralibrary.com

8. അവർ അവനോടൊത്ത് ഉപവസിച്ചില്ല, അവർ അവനോടൊത്ത് ജാഗരണം നടത്തിയില്ല. കാരണം, പ്രായമുള്ളവന് തന്റെ ജാഗരണത്തിൽ ചെറുപ്പക്കാരെ ക്ഷീണിപ്പിക്കാൻ കഴിയും. എന്റെ കർത്താവേ, അവർ അവനു തുല്യരാകണമേ എന്നതാണ് എന്റെ പ്രാർഥന.

9. അവൻ ദരിദ്രനാണ്, അവർ ധനികരും. അവൻ സമാധാനപ്രിയനാണ്, അവർ തീവ്രവികാര പ്രകൃതിക്കാരും. അവൻ വഴങ്ങിക്കൊടുക്കുന്നവനാണ്, അവർ അനീതി നിറഞ്ഞവരാണ്. ഒരു പക്ഷേ അവന്റെ താഴ്മവഴി അവർ അഹങ്കരിച്ച് ഉന്മത്തരായതാകാം.

10. എന്റെ കർത്താവേ, സ്നേഹസമ്പന്നനായ മനുഷ്യനെതിരെ അവർ സ്നേഹശൂന്യരായിത്തീർന്നു. അവർ അവരുടെ പിതാവിനെ നിന്ദ്യനാക്കി, മാതാവിനെ വിവസ്ത്രയാക്കി, ആ വൃദ്ധനിൽ അവർ എന്നെ നിന്ദ്യയായ വൃദ്ധയാക്കി.

11. യുവത്വത്തിൽ ബഹുമാനിക്കപ്പെടുകയും വാർദ്ധക്യത്തിൽ നിന്ദിക്കപ്പെടുകയും ചെയ്ത എന്റെ അന്ത്യം എങ്ങോട്ടാണ് പോകുന്നതെന്നു കാണുന്ന ആരാണ് കരയാതിരിക്കുന്നത്? എന്റെ കുട്ടികൾ എന്റെ മാനം കെടുത്തി, ഞാൻ ക്രൂശാരോഹിതർക്ക്[58] നിന്ദ്യവസ്തു ആയിത്തീർന്നു.

12. എന്റെ നീതിമാന്മാർ മരിച്ച് കടന്നുപോയി; എന്നെ പരിഹാസത്തിന് അവശേഷിപ്പിച്ചു. അവരെപ്രതി വിജാതിയർ എന്നെ ബഹുമാനിച്ചിരുന്നു, ഇപ്പോൾ എല്ലാവരും അവജ്ഞാപൂർവം എന്റെ നേർക്ക് വിരൽചൂണ്ടുന്നു.

13. ഇതാ, എന്റെ സദ്ഗുണസമ്പന്നരായ കുട്ടികൾ കടന്നുപോയി; എന്നെ കിരീടധാരി ആക്കിയ പരിപൂർണരും വിജയികളും ലോകത്തിൽ അസൂയാർഹരായി; കീർത്തിമതി ആയിരുന്ന ഞാൻ നിന്ദ്യയായിത്തീർന്നു.

14. ഓരോരുത്തരും താന്താങ്ങളുടെ നിലയനുസരിച്ച് തങ്ങളുടെ വ്യാപാരങ്ങളിൽ എന്നെ ബഹുമാനിച്ചിരുന്നു. അവർ നിമിത്തം വിജാതിയരും അപരിചിതരും എന്നെ ബഹുമാനിച്ചു. എന്നാലിപ്പോൾ എന്റെ സ്വന്തം മക്കൾ പോലും എന്നെ നിന്ദിക്കുന്നു.

15. തങ്ങളുടെ ഉപവാസങ്ങളാൽ പ്രശോഭിച്ചിരുന്നവരും നന്മ ചെയ്യുന്നതിൽ അതീവതൽപ്പരരും രോഗീസന്ദർശനത്തിൽ തീക്ഷ്ണതയുള്ളവരുമായിരുന്ന എന്റെ സംശുദ്ധമക്കൾ എവിടെ എത്തിച്ചേർന്നിരിക്കുന്നു! ഉപ്പില്ലാത്തതിനാൽ രുചി ഇല്ലാതായി.

16. അവരിൽ ഒരാളെക്കൊണ്ട് ചക്രവർത്തിയെ സാന്ത്വനപ്പെടുത്താനും രണ്ടുപേരേക്കൊണ്ട് സമാധാനിപ്പിക്കാനും മഹാരാജാവിന്റെ പ്രീതി

58. യൂദർക്ക്.


www.malankaralibrary.com

സമ്പാദിക്കാനും കഴിഞ്ഞു. അവരെ തെരഞ്ഞെടുത്ത് നിനക്ക് അർപ്പണമായി ഓരോരുത്തരെ നീ കൂട്ടിക്കൊണ്ടുപോയി.

17. പഴുത്തതും മധുരമുള്ളതുമായ എന്റെ ഫലങ്ങൾ കൃഷിക്കാർ പെറുക്കിയെടുത്തു. സത്യമായിരുന്നു അവരുടെ രുചി, സ്നേഹമായിരുന്നു അവരുടെ മധുരം. തണുപ്പുകാലം നീണ്ടുനിൽക്കുന്നതിനാൽ, ഇന്ന് എന്റെ ഫലങ്ങളുടെ രുചി നഷ്ടപ്പെട്ടിരിക്കുന്നു.

18. അദൃശ്യവും ഹീനവുമായ തണുപ്പുകാലം അതിന്റെ മഞ്ഞും മരവിപ്പും കൊണ്ട് മുന്തിരിപ്പൂക്കൾ നശിപ്പിച്ചുകളഞ്ഞു. അങ്കുരം മുതലേ അവ അതിന്റെ പ്രബോധനത്തിലൂടെ വാടുകയും ആരംഭത്തിൽ തന്നെ രോഗഗ്രസ്തമാകുകയും ചെയ്തു.

19. ആ കാലത്തെ ശാഖകളുടെ സൗന്ദര്യം ഇപ്പോഴത്തെ ഫലങ്ങളേക്കാൾ മുന്തിനിൽക്കുകയും അവയെ അതിശയിക്കുകയും ചെയ്തിരുന്നു. നേരത്തെയുള്ളതിന്റെ കാലാപെറുക്കൽ ഇപ്പോഴത്തെ കൊയ്ത്തിനേക്കാൾ കാമ്യമായിരുന്നു.

20. തണുപ്പുകാലം മാറി ചൂടുകാലം വന്നു; ക്രമത്തിനു മാറ്റംവന്നു. അത്ഭുതകരമാംവിധം ഫലങ്ങൾ നിലനിന്നു. എന്നാൽ അവയ്ക്ക് അവയുടെ രുചി നഷ്ടപ്പെട്ടു. വിളഞ്ഞവ തികച്ചും ഗുണനിലവാരവും രുചിയും കുറഞ്ഞവ ആയിരുന്നു.

21. തണുപ്പുകാലവുമായി ബന്ധപ്പെട്ട അവസാനത്തെ പിൽക്കാല ഫലങ്ങളുടെ രുചിയും മണവും ചൂടുകാലത്ത് പാകമായ ഇന്നത്തെ ഫലങ്ങളെ അതിശയിക്കുന്നതും ഉല്ലംഘിക്കുന്നതും ആയിരുന്നു.

22. എന്റെ മുന്തിരിച്ചക്കു നിറയുകയും നുരഞ്ഞുപൊങ്ങാത്ത ഒരുതരം വീഞ്ഞ് കവിഞ്ഞൊഴുകുകയും ചെയ്തു. അത് പഴയതുപോലെ ഇരിക്കുന്നു. കാരണം, അതിന്റെ ഉഗ്രത കുറഞ്ഞ് വീര്യം കുറഞ്ഞതായിരുന്നു. എന്റെ കർത്താവേ, പുതിയതിൽ നിന്ന് പഴയത് വ്യത്യസ്തമാണ്.

23. പുതുവീഞ്ഞ് നുരഞ്ഞു പൊങ്ങുന്നു. പഴയത് അനക്കമില്ലാതിരിക്കുന്നു. ഈ തലമുറയുടെ വീഞ്ഞ് ഇവ രണ്ടിൽനിന്നും വ്യത്യസ്തമാണ്. അതിന്റെ വീര്യം നുരഞ്ഞുപൊങ്ങുന്നില്ല, അതിന് പഴയതിന്റെ രുചിയുമില്ല.

24. ഉചിതമായി മാധുര്യം നുരഞ്ഞു പൊങ്ങുന്നതിനുപകരം കോപമാണ് നുരഞ്ഞുപൊങ്ങുന്നത്. ക്രോധവിധി അതിനെ നശിപ്പിക്കുമോയെന്നും അതിന്റെ അന്ത്യം എന്തായിരിക്കുമെന്നും നിനക്കു മാത്രമറിയാം.

25. എന്റെ കർത്താവേ, തണുപ്പുകാലം നീണ്ടുപോയതിനും വടക്കൻകാറ്റ് ശക്തിയായി ആഞ്ഞടിച്ചതിനാൽ തെക്കുപോലും തണുപ്പാ


www.malankaralibrary.com

യതിനും തെളിഞ്ഞ ആകാശംകൊണ്ട് വടക്ക് എന്റെമേൽ മൂടൽമഞ്ഞ് വീഴ്ത്തിയതിനും ഞാൻ കുറ്റം പറയുകയില്ല.

26. എങ്കിലും കടലിൽവച്ച് ശിഷ്യന്മാർ നിന്നെ ഉണർത്തുകയും നീ ഉണർന്ന് നിന്റെ സ്വരത്താൽ കൊടുങ്കാറ്റിനെ ശാന്തമാക്കുകയും ചെയ്തതുപോലെ,[59] എന്റെ കർത്താവേ, അനുദിനം നിന്നെ ഉണർത്താൻ ആഗ്രഹിക്കുന്ന നിറകണ്ണുകളോടുകൂടിയുള്ള എന്റെ സ്വരം ശ്രവിച്ചാലും.

27. എന്റെ കർത്താവേ, നീ തെക്കുനിന്ന് വന്നെന്നും ഈജിപ്ഷ്യൻ മഞ്ഞിനെ നീക്കിയെന്നും ജനം സന്തോഷത്തോടെ പുറപ്പെട്ടെന്നും എഴുതപ്പെട്ടിരിക്കുന്നു.[60] ഞങ്ങളെ സന്തോഷിപ്പിക്കുന്ന സന്തുഷ്ടമായ വേനൽക്കാലം വേഗത്തിൽ വരുത്തുക.

28. അതിൽ എന്റെ ഫലങ്ങൾ പാകമാകട്ടെ. അതിൽ എന്റെ ധാന്യങ്ങൾ വളരട്ടെ. അതിൽ എന്റെ സമയം അലംകൃതമാകട്ടെ. അതിൽ എന്റെ ദുഃഖം മറക്കട്ടെ. അതിൽ എന്റെ വിലാപത്തിന് അന്ത്യമുണ്ടാകട്ടെ. അതിൽ എന്റെ പെരുന്നാൾസ്വരം മുഴങ്ങട്ടെ.

29. നിന്റെ കൃപയാൽ എന്റെ ഫലങ്ങൾ നൂറുമടങ്ങ് വർദ്ധിക്കട്ടെ. അങ്ങനെ ഈ അധികവിളവ്, തണുപ്പുകാലത്ത് വിളവ് കുറയുന്ന ഭൂമിക്ക് പലിശയായി അകത്ത് സൂക്ഷിക്കാം.

30. ഒരദൃശ്യദാരിദ്ര്യം ഉടലെടുത്തിരിക്കുന്നു. സത്യത്തിന്റെ ഗോതമ്പുവിള കുറഞ്ഞു. സ്നേഹത്തിന്റെ അപ്പം അസുലഭ വസ്തുവായി. ദാരിദ്ര്യം നിമിത്തം മനുഷ്യർ നാനാഭാഗത്തേക്കും ചിതറപ്പെടുകയും ആട്ടിയോടിക്കപ്പെടുകയും ചെയ്തു.

31. എന്റെ കർത്താവേ, താൽപര്യമുള്ളവന് നിന്റെ ഭണ്ഡാരം തൃപ്തി വരുത്തുന്നതാണ്. കാരണം, ജോസഫിന്റെ ഭണ്ഡാരം വിശക്കുന്നവർക്ക് തുറന്നുകൊടുത്തെങ്കിൽ, നിന്റെ ഭണ്ഡാരം എന്റെ വിശ്വാസം നൂറിരട്ടി വർദ്ധിപ്പിക്കും.

32. നിന്റെ പ്രബോധനത്തിന്റെ സംതൃപ്തി തരുകയും വർദ്ധിപ്പിക്കുകയും ചെയ്യുക. ഉപവാസം മുപ്പതുമേനിയും സ്നേഹം അറുപതുമേനിയും ഫലം തരട്ടെ. എല്ലാ നന്മകൾക്കുമായി നിന്റെ സത്യം നൂറുമേനി ഫലം തരട്ടെ.

33. വിട്ടിൽ, വെട്ടുക്കിളി, പച്ചക്കുതിര എന്നിവ തിന്നുനശിപ്പിച്ച സംവത്സരങ്ങളിലെ വിളവുകൾക്ക് ഞാൻ നഷ്ടപരിഹാരം നൽകുമെന്ന് നീ പറഞ്ഞിട്ടുണ്ടല്ലോ.[61] എന്റെ കർത്താവേ, എന്റെ വിശ്വാസം വളരെയധികമായി

---

59. മർക്കോ. 4,37; 60. പുറ.14,21.ഹബ.3,3; 61. യോയേൽ 2,25.


www.malankaralibrary.com

തിരികെത്തരണമെ. കാരണം, അദൃശ്യവെട്ടുക്കിളിയും പുഴുക്കളും എന്റെ വിശ്വാസം കാർന്നുതിന്നു.

34. താർക്കികരുടെ വയൽ, അവരുടെ വാക്കുകളുടെ നിലം, തെറ്റിന്റെ കാറ്റാൽ ഉണങ്ങിവരണ്ടു. അത് ഒരാത്മീയ ദാരിദ്ര്യമുണ്ടാക്കി. അത് അവരുടെ ഉള്ളിൽ സത്യം സംഭരിച്ചില്ല.

35. എന്റെ കൃഷിക്കാരാ, എന്റെ നിലങ്ങൾ ഉഴുക. എന്റെ കർത്താവേ, അവയെ രണ്ടാമതും മൂന്നാമതും ഉഴുക. കാരണം, നീയും മൂന്നു പ്രാവശ്യം മുക്കപ്പെടുകയും ഞങ്ങളുടെ ആത്മാക്കളുടെ നിലത്തിന്, ഞങ്ങളുടെ അരൂപികളുടെ സഭയ്ക്ക്, ജീവൻ നൽകുകയും ചെയ്തല്ലോ.

36. ശ്ലീഹന്മാർ രണ്ടുമൂന്നുപ്രാവശ്യം ഉഴുതുവിതയ്ക്കുകയും കൊയ്യുകയും ചെയ്തു. അവയിൽ നിന്ന് വീണ്ടും ഫലമുണ്ടാകുകയും അങ്ങനെ നമ്മിൽ എത്തിച്ചേരുകയും ചെയ്തു. അവൻ ധനവാനായി തീരുകയും തന്റെ സ്നേഹകലവറയിൽ ധരയെ നിറയ്ക്കുകയും ചെയ്തു.

37. ഈ പിൽക്കാലവിളയുടെ വേരിൽ നിന്ന് വീണ്ടും മുളപൊട്ടി വന്ന് ഞങ്ങൾ വരെ എത്തിയതുപോലെ, നിന്റെ വരവുവരെ അത് വളർന്നുകൊണ്ടിരിക്കും. കാരണം, തങ്ങളുടെ വാളുകൊണ്ട് ഇതിനെ വെട്ടിമുറിക്കാൻ ചക്രവർത്തിമാർക്ക് കഴിഞ്ഞില്ല.

38. എന്റെ കർത്താവേ, ഞാൻ നിനക്ക് എത്ര തന്നാലും അത് നിനക്ക് തീരെ നിസ്സാരമായിരിക്കും. നീ എനിക്ക് എത്ര തന്നാലും വീണ്ടും വീണ്ടും എന്റെ അത്യാർത്തി ചോദിച്ചുകൊണ്ടിരിക്കും. ഞങ്ങളെ പ്രതി നിന്റെ സ്നേഹം വിശക്കുന്നു; ഞങ്ങളുടെ ആവശ്യം നിനക്കായി ദാഹിക്കുന്നു.

39. എന്റെ ആത്മാവ് നിന്റെ വയലാണ്; നിന്റെ പിതൃനാമംകൊണ്ട് അതിനെ ഉഴുതാലും. രണ്ടാമതൊരു തവണ നിന്റെ നാമംകൊണ്ടും മൂന്നാമത് പരിശുദ്ധാത്മനാമത്താലും ഉഴുതാലും. സ്തുതിയുടെ കതിർക്കുല നിന്നെ അയച്ചവന്റെ പക്കലേക്ക് ഉയരട്ടെ.

40. നീ എന്റെ മക്കളെ തിരികെ തന്നതിനും എന്റെ വത്സലരെ വീണ്ടും എന്റെ പക്കലേക്ക് തിരിച്ചയച്ചതിനുമാണത്. കാരണം, എന്റെ കർത്താവേ, തന്റെ കുഞ്ഞുങ്ങളിൽ പിടക്കോഴി സന്തോഷിക്കുന്നെങ്കിൽ, തന്റെ വത്സല മക്കളുടെ ഒന്നിച്ചുകൂടലിൽ ഏത് മാതാവാണ് സന്തോഷിക്കാതിരിക്കുന്നത്!

41. നിന്റെ കൃപയാൽ തങ്ങളുടെ അമ്മയുടെ സ്വരം തിരിച്ചറിയാൻ അവർ ആഗ്രഹിക്കുന്നു. പ്രായശ്ചിത്തം ചെയ്യുന്നതിനും തിരിച്ചെത്തുന്നതിനുമായി എന്റെ പക്കലേക്ക് ഓടിയടുക്കാൻ അവർ ആഗ്രഹിക്കുന്നു. എന്റെ കർത്താവേ, ഞങ്ങൾ–അവരും ഞാനും–നിന്റെ സത്യം ഏറ്റുപറയാൻ ആഗ്രഹിക്കുന്നു.

www.malankaralibrary.com

# 30

**"സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (6)**

1. എന്റെ കർത്താവേ, ഗോതമ്പുമണികൾ പാകമാകുമ്പോൾ, പുറം തൊലിയുമായി ബന്ധപ്പെടുന്നതിന്റെ ആവശ്യമില്ലാത്തതിനാൽ, പുറംതൊലി ഉപേക്ഷിച്ചുകളയുന്നു. അതുപോലെ, പ്രയോജനമില്ലാത്തവയെല്ലാം നീതിമാൻ വിട്ടുകളയുന്നു.

*പ്രതിസ്തോത്രം: നിന്റെ കർതൃത്വത്തിനു സ്തുതി.*

2. സർപ്പങ്ങളുടെ ഇടയിലെ വിവേകമുള്ള പ്രാവുകളെപ്പോലെ, അറിവും പരിചയവുമുള്ള മോശയും ദാനിയേലും! ഒരാൾ ഈജിപ്തിൽ വളർന്നു, മറ്റയാൾ ബാബിലോണിലും!

3. ഒരാൾ മന്ത്രവാദപ്രയോഗങ്ങളും മറ്റയാൾ കൽദായരുടെ സ്വാഭാവിക ജ്ഞാനവും ഉപേക്ഷിച്ചു. അതിനാൽ, കണ്ണുമായി ബന്ധപ്പെട്ട പ്രകാശം പോലെ ദൈവം അവർക്ക് ശിശുസഹജമായ സംസർഗം നൽകി.

4. അവർ വിവേകികളും നിഷ്ക്കളങ്കരും തന്ത്രശാലികളും ലാളിത്യമുള്ളവരും സത്യസന്ധരും വിജ്ഞാനികളും ചുറുചുറുക്കുള്ളവരും സാധാരണക്കാരും ആയിരുന്നു. നന്മ കണ്ടാൽ അവർ സ്വീകരിച്ചിരുന്നു, തിന്മ കണ്ടാൽ തിരസ്ക്കരിച്ചിരുന്നു.

5. തനിക്കറിഞ്ഞുകൂടാത്ത പാതയിലൂടെ ധൃതിയിൽ നടക്കാത്തവനെപ്പോലെ, അവർക്ക് അന്ധകാരപാത അറിയില്ലായിരുന്നു. പ്രകാശപാതയെന്ന ഏകപാതയിൽ മാത്രം അവർ വിശ്വാസം അർപ്പിച്ചു.

6. അവർ തിന്മയ്ക്ക് കുട്ടികളും ഭോഗാസക്തിക്ക് ശിശുക്കളും അഹന്തയ്ക്ക് ബാലന്മാരും കടമ നിർവഹണത്തിൽ പക്വമതികളും വെടിപ്പിൽ ശ്രദ്ധാർഹരും സംശുദ്ധതയിൽ സുശിക്ഷിതരും ആയിരുന്നു.

7. പരിശീലനം കിട്ടാൻ സംശുദ്ധ കുഞ്ഞാടുകൾക്ക് ചെന്നായ്ക്കളും പ്രാവുകൾക്ക് പാമ്പുകളും കിളിക്കുഞ്ഞുങ്ങൾക്ക് കഴുകന്മാരും പരിശീലകർ ആയിരിക്കുന്നത് ആരെങ്കിലും എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

8. എന്റെ സഹോദരരേ, ദുഷ്ടൻ തന്റെ കയ്പ് മധുരത്തിലും തന്റെ അന്ധകാരം പ്രകാശത്തിലും തന്റെ നുണ സത്യത്തിലും തന്റെ വിദ്വേഷം കൃപയിലും തന്റെ അനീതി നീതിയിലും കൂട്ടിക്കലർത്തി.

9. അവൻ സംശുദ്ധവും പരിശുദ്ധവുമായ പാത്രങ്ങൾ തെരഞ്ഞെടുത്ത് തന്റെ നുരയും പതയും അവയിലൊഴിച്ചു. മന്ത്രവാദികളുടെ പ്രബോ


www.malankaralibrary.com

ധനവും കൽദായരുടെ പ്രഭാഷണവുമാകുന്ന തന്റെ മാലിന്യംകൊണ്ട് അവ നിറച്ചു.

10. സാധിക്കുംവിധം സത്യത്തെ അന്ധകാരവുമായി കൂട്ടിക്കുഴയ്ക്കുന്നതിനും തഴക്കം വരുത്തുന്നതിനും യാഥാർഥ്യത്തെ നുണയ്ക്കിടയിൽ ഒളിച്ചുവച്ച് വശീകരിക്കുന്നതിനും ദീർഘകാലം സംശുദ്ധരിൽ അവൻ തന്റെ മാലിന്യം പതിപ്പിച്ചു.

11. അപ്രകാരം സംഭവിച്ചാൽ അത് അവനു മാത്രം പ്രയോജനം ചെയ്യുമെന്നും സത്യത്തിന്റെ വായിൽ തന്റെ പ്രബോധനത്തിന്റെ മാലിന്യമാകുന്ന തന്റെ നുരയും പതയും വർഷിക്കാനാകുമെന്നും അവൻ കരുതി. എന്നാൽ അത് അവന് യഥാർഥത്തിൽ നഷ്ടമുണ്ടാക്കി.

12. സംശുദ്ധൻ എതിർക്കുകയും തന്നിൽ പതിച്ച മാലിന്യം നീക്കാൻ അവൻ ആഗ്രഹിക്കുകയും ചെയ്താലും, അതിന്റെ മണവും അവന്റെ പ്രബോധനത്തിന്റെ അംശവും എങ്ങനെയെങ്കിലും അവനിൽ നിലനിൽക്കുമെന്ന് അഭിശപ്തൻ കരുതി.

13. ഒരിക്കൽ മലിനമായ പാത്രങ്ങൾ വീണ്ടും ശുദ്ധീകരിക്കാനാവില്ല, അതുവഴി ജനങ്ങളുടെ പ്രത്യാശ നശിപ്പിക്കാം, അവർക്ക് രക്ഷപെടാൻ മാർഗമില്ലാതാകും എന്നൊക്കെ കരുതി, സൂത്രശാലിയായ അവൻ ദൈവിക ശുശ്രൂഷയ്ക്കുള്ള പാത്രങ്ങൾ മലിനമാക്കി.

14. രണ്ടിലും അവൻ ലജ്ജിതനായി: സ്വാഭാവികപാത്രങ്ങൾ അവന് മലിനമാക്കാനായില്ല; കാരണം, അവയുടെ നാഥൻ അവയെ തിരികെ നൽകാൻ ആവശ്യപ്പെട്ടു. അവന്റെ കൈക്കുമ്പിൾ വന്ന് അവയെ പവിത്രീകരിച്ചു.

15. അവരുടെ എഴുത്ത് ഒരു പ്രളയവും അവയുടെ വ്യാഖ്യാനം ചൂളയിലെ ശുദ്ധീകരണവുമായിരുന്നു. ദാനിയേലിലൂടെ അവ തുടച്ച് വെടിപ്പാക്കപ്പെടുകയും മനോഹരമായി തീരുകയും നന്നായി കഴുകപ്പെടുകയും ചെയ്തു.[62]

16. നിന്ദ്യരായി വലിച്ചിഴയ്ക്കപ്പെട്ടവർ പ്രശോഭിതരായി തിരികയെത്തി; ശകാരത്തോടെ നാടുകടത്തപ്പെട്ടവർ കീർത്തനാലാപനത്തോടെ തങ്ങളുടെ സ്ഥലത്തേക്ക് തിരികെയെത്തി. കാരണം, വഴിതെറ്റിയവർ മാനസ്സാന്തരപ്പെട്ട് സർവനാഥനെ പ്രകീർത്തിച്ചു.

17. സ്വാഭാവികപാത്രങ്ങൾ ദുഷ്ടരെ അവരുടെ പ്രകൃതിക്കെതിരായി ശിക്ഷവിധിച്ചു. സ്വതന്ത്രപാത്രങ്ങൾ ദുഷ്ടരെ അവരുടെ ഇച്ഛയിലൂടെ ശിക്ഷ

62. ദാനി.5,25f.

www.malankaralibrary.com

വിധിച്ചു. പാത്രങ്ങൾ സത്യം നിറച്ച് അവയുടെ വാസ്തവികത വെളിച്ചത്തു കൊണ്ടുവന്നു.

18. തങ്ങളുടെ ഇച്ഛയിലൂടെ നുണനിറച്ച പാത്രങ്ങൾ മറിച്ചിടപ്പെട്ട് ശൂന്യമാക്കപ്പെടുകയും ഒഴുക്കിയിട്ട് അവയ്ക്കുള്ളിലുള്ളത് അപഹരിക്കപ്പെടുകയും ചെയ്തു. അവ നേരേവച്ച് വീണ്ടും നിറയ്ക്കാൻ ദുഷ്ടൻ പരിശ്രമിച്ചു.

19. മോശ അവയെ പത്തുതവണ ഈജിപ്തിൽ മറിച്ചിട്ടു; ദാനിയേൽ തുടർന്ന് ബാബിലോണിലും തട്ടിയിട്ടു. നമ്മുടെ കർത്താവ് അവയെ തകർത്ത് പൊടിയാക്കി.

20. ഈ സത്യപാത്രങ്ങളെ നിർബന്ധമാണ് നിറച്ചത്. അവർതന്നെ അവ ശൂന്യമാക്കുകയും വഴിയിൽ ഒഴുക്കിക്കളഞ്ഞ കയ്പിനു പകരം മാധുര്യമേറിയ സ്നേഹവും സത്യവുംകൊണ്ട് നിറയ്ക്കുകയും ചെയ്തു.

21. എന്നാൽ നമ്മുടെ രക്ഷകൻ തന്റെ സത്യം കോരിയൊഴിച്ചു നിറച്ച ഞങ്ങൾ, ഞങ്ങളുടെ ചില പാത്രങ്ങൾ, സ്വയം മറിഞ്ഞുവീഴുകയും സ്വേച്ഛയാ കുലുക്കിക്കളയുകയും തിരിഞ്ഞ് തങ്ങളുടെ ഉള്ള് മാലിന്യവും കലഹവുംകൊണ്ട് നിറയ്ക്കുകയും ചെയ്തു.

22. ഞങ്ങളുടെ ശിൽപിയായ ഞങ്ങളുടെ സ്രഷ്ടാവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നീ ഞങ്ങളെ പൊടിയിൽനിന്ന് ആത്മാവുള്ള പാത്രങ്ങളായി നിർമിച്ചു. സത്യത്തിന്റെ നിക്ഷേപത്തിനുപകരം പൊടികൊണ്ട് ഞങ്ങളെ നിറയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

# 31

## ഹാറാൻ മെത്രാൻ വീത്തൂസിനെപ്പറ്റി
## "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (7)

1. എന്റെ കർത്താവേ, ഹാറാനിൽ അബ്രാമിന്റെയും പദ്ദാനിൽ യാക്കോബിന്റെയും പ്രാർഥന ഓർത്ത് നിന്റെ ആരാധകനെ സമാശ്വസിപ്പിക്കണമെ. നിന്റെ വത്സലനോടുള്ള സ്നേഹത്താലാണ് അവൻ വസ്ത്രം ധരിച്ചിരിക്കുന്നത്.

*പ്രതിസ്തോത്രം: അവനെ തെരഞ്ഞെടുത്തവൻ സ്തുതിക്കപ്പെടട്ടെ.*

2. അവരുടെ ആഭരണങ്ങളാൽ അവൻ അലംകൃതനായി. അവരുടെ ഉപവാസങ്ങളാൽ അവൻ പ്രശോഭിതനായി. നിന്റെ കണ്ണാടിയിൽ നോക്കിയ


www.malankaralibrary.com

തിനാൽ അവൻ കൂടുതൽ സുന്ദരനായിത്തീർന്നു. സംശുദ്ധനായ അവൻ തന്റെ വായ് വീഞ്ഞിൽ നിന്ന് പൂർണമായി അകറ്റി.

3. എന്റെ കർത്താവേ, യാക്കോബിന്റെ ഭവനത്തെ അലട്ടുക ഹാറാന് പതിവായിരുന്നു. ഹാറാൻ അവന്റെ അധ്വാനത്തിനുള്ള പ്രതിഫലം കൊടുത്തില്ല. ലാബാൻ വിധിയാളനാകുകയും വഞ്ചനാപൂർവം ഒരു സഹോദരിക്കുപകരം മറ്റവളെ അലങ്കരിച്ച് ആനയിക്കുകയും ചെയ്തപ്പോൾ അവൻ അനീതി കാട്ടുകയാണ് ചെയ്തത്.[63]

4. "ഞങ്ങളുടെ നാട്ടിൽ ഈ പതിവില്ല" എന്നു ലാബാൻ പറഞ്ഞു.[64] നിന്റെ പെരുമാറ്റം നിന്നെ വെളിപ്പെടുത്തുന്നു. ഒന്നുകിൽ നീ മാത്രം വഞ്ചന കാട്ടി, നിന്റെ നാട് നേരേചൊവ്വേ ഉള്ളതാണ്; അല്ലെങ്കിൽ നിന്നിലൂടെ നിന്റെ നാട് പ്രവർത്തിച്ചു.

5. നീ പത്തുപ്രാവശ്യം അവന്റെ കൂലിയിൽ മാറ്റംവരുത്തി.[65] അവനെ അങ്ങോട്ടുമിങ്ങോട്ടും എടുത്തെറിഞ്ഞു എന്നതിൽ നിന്ന്, പറഞ്ഞൊത്ത ഉടമ്പടിയനുസരിച്ചുള്ള കൂലി കൊടുക്കാതിരിക്കാൻവേണ്ടി, കൗശലപൂർവം ലംഘിച്ചത് നിന്റെ നാടിന്റെ രീതിയല്ല.

6. ലാബാൻ ആട്ടിൻരോമം കത്രിക്കുന്നതുപേക്ഷിച്ച്[66] തന്റെ വിദ്വേഷവും തന്ത്രങ്ങളും സഹിച്ചവനോട് വഴക്കടിക്കാൻ ഇറങ്ങിത്തിരിച്ചു. കുറ്റമറ്റവനും തിരിച്ചടിക്കാത്തവനുമായ സത്യസന്ധനെ ലാബാൻ നിന്ദിച്ചു.

7. ജാഗരൂകന്റെ പാതയിലും ഹാറാനിലും കൂടെയുണ്ടായിരുന്ന ഈറേ ദൂതൻ നിദ്രയിൽ ലാബാനെ സ്വാധീനിച്ചു.[67] സ്വപ്നത്തിൽ അവൻ അവനെ കീഴടക്കുകയും ജാഗരൂകന് തന്റെ ജാഗരണത്തിന് പ്രതിഫലമായി വിജയകിരീടം നൽകുകയും ചെയ്തു.

8. പുള്ളിയുള്ള ആടുകളെ അവൻ തനിക്കായി തെരഞ്ഞെടുത്തു; ഇതിലും ലാബാൻ പരാജിതനായി, നഷ്ടമേറ്റു.[68] തന്റെ വിവേചനത്താൽ ലാബാൻ കളങ്കപൂരിതനായി: അലഞ്ഞുതിരിയുന്ന മേഘവും തിരിയുന്ന ചക്രവുമായി.

9. കർത്താവ് യാക്കോബിന്റെ അധ്വാനം കണ്ടു; അവനോട് വിവേചനം കാട്ടിയതും അവൻ മിണ്ടാതിരുന്നതും കബളിപ്പിക്കപ്പെട്ടതും അവൻ അതേപ്പറ്റി കണ്ണടച്ചതും കണ്ടു. അവൻ വളരെയധികം പ്രാർഥിച്ചതിനാൽ, പ്രാർഥന കേൾക്കുന്നവൻ അവനെ വിജയകിരീടം ധരിപ്പിച്ചു.

---

63. ഉൽപ.29,23; 64. ഉൽപ.29,26; 65. ഉൽപ. 31,41.

66. ഉൽപ.31,19; 67. ഉൽപ.31,24; 68. ഉൽപ.30,22.


www.malankaralibrary.com

10. ലാബാന്റെ സഹോദരിയെ ഇസഹാക്കിനു ഭാര്യയാകാനായി ചോദിച്ചുകൊണ്ട് കടന്നുചെന്ന വൃദ്ധനായ എലിയാസർ അവന്റെ തന്ത്രം ഗ്രഹിച്ച്, നിരവധി സമ്മാനങ്ങളാൽ അവനെ മൂടി. ലാബാനും അവന്റെ ഭവനാംഗങ്ങളും അതിനാൽ അലംകൃതരായി.[69]

11. എല്ലാവരെയും സ്വാധീനിക്കാനായി അവൻ പത്ത് ഒട്ടകങ്ങളിന്മേൽ വിലപിടിപ്പുള്ള സർവസാധനങ്ങളും കൊണ്ടുചെന്നു.[70] അവൻ തന്റെ സമ്മാനങ്ങളാൽ ഹാറാനിലെ സ്വതന്ത്രരെ വിലയ്ക്കു വാങ്ങുകയും അത്യാർത്തിയുള്ളവരെ ഉറപ്പിച്ചുനിർത്തുകയും ചെയ്തു.

12. ആ മാന്യൻ അവരെ ബുദ്ധിപൂർവം വശത്താക്കി. കാരണം, ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:"അവൻ അവളുടെ സഹോദരനും മാതാവിനും കൊടുത്തു".[71] ലാബാൻ അവരുടെ വക്താവായിരുന്നതിനാൽ അവന് പ്രത്യേകമാംവിധം ഉദാരമായി നൽകി.

13. പറവകളുടെ സഖിയായ അവനെ അവന്റെ പതിവനുസരിച്ച് അവൻ ജോലിക്കു നിർത്തി. സ്കീപ്പൂസായുടെ അടയാളമായ ഒരു വടിയൊഴിച്ച് യാതൊന്നും അവനില്ലായിരുന്നു. അവൻ ഋജുമാനസ്സനും ദരിദ്രനും ആയിരുന്നതിനാൽ,ലാബാൻ അവനെ കൗശലങ്ങളാൽ മൂടി.

14. ആട്ടിൻകൂട്ടം സംബന്ധിച്ചുള്ള അവന്റെ വഞ്ചനകൾ! വിവാഹ വിരുന്നിലെ തന്ത്രങ്ങൾ! ദൈവമില്ലാത്ത ഒരു മനുഷ്യൻ! അവന് എങ്ങനെ സത്യം പറയാനാകും! അവന്റെ പുത്രിമാർ അവനെ വെറുത്തിരുന്നു.[72] പിന്നെ ആരോട് അവന് അനുകമ്പ ഉണ്ടാകാൻ കഴിയുമായിരുന്നു!

15. അബ്രഹാമിന്റെ അനന്തരതലമുറയിൽ പെട്ടവനായിരുന്നതിനാൽ, ഋജുമാനസ്സൻ കൗശലക്കാരന്റെ വാഗ്ദാനങ്ങൾ വിശ്വസിച്ചു. വിവാഹവിരുന്നിന്റെ അവസരം, അതിന്റെ മധ്യത്തിൽ, അവൻ തന്റെ മരുമകനെ വഞ്ചിച്ചു.[73]

16. അബ്രഹാമിന്റെ ബന്ധുക്കാരാൽ വഞ്ചിക്കപ്പെട്ടത് യാക്കോബിന് ഒരു തീച്ചൂള ആയിരുന്നു. അതിൽ അവന്റെ തനിനിറം വെളിപ്പെട്ടു. ലാബാൻ ഇസഹാക്കിന്റെ കുടുംബത്തിന്റെ ശത്രുവായിരുന്നെന്ന് അവന്റെ വാഗ്ദാനത്തിൽ നിന്ന് അവൻ തിരിച്ചറിഞ്ഞു.

17. അവന്റെ രോഷം തിളച്ചുപൊങ്ങി; നല്ലപിള്ള ചമയാൻ അവൻ തന്റെ ദേഷ്യം മറച്ചുവച്ചില്ല. "രോഷാകുലനാകാതിരിക്കാൻ ഞാൻ നിർബന്ധിത

69. ഉൽപ.24,2.25,2.24,29; 70. ഉൽപ.24,10; 71. ഉൽപ.24,53;

72. ഉൽപ.29,22.31,15; 73. ഉൽപ.29,22.


www.malankaralibrary.com

നായി" എന്ന് അവൻ പറഞ്ഞു.[74] അതുകൊണ്ട്, വാഗ്ദാനത്തിനെതിരായിരുന്നു അവന്റെ ഇച്ഛയെന്ന് അവൻ ഇതിലൂടെ കാട്ടി.

18. യാക്കോബ് സമാധാനപ്രിയൻ ആയിരുന്നതിനാൽ, അവനുണ്ടാക്കിയ സമാധാനോടമ്പടിയിൽ സന്തുഷ്ടനായിരുന്നു. ആ അത്യാഗ്രഹിയെ ഒരു ഭക്ഷണത്തിലൂടെ അവൻ കൈയിലെടുത്തു;[75] അപ്പോൾ മുതൽ അവന് സ്വസ്തത ഉണ്ടായി. നീതിമാനായ ദൈവം നീതിമാനെ സംരക്ഷിച്ചു; ആരാധകനെ ആരാധ്യനും.

19. പകയുള്ള അസൂയാലു, കാരണം കൂടാതെ താൻ വെറുത്തവനെ ക്രൂരമായി പിന്തുടർന്നു.[76] യാക്കോബ് തീവ്രമായി പ്രാർഥിക്കുകയും അത്ഭുതാവഹമാംവിധം രക്ഷപെടുകയും സീമാതീതമായി സന്തോഷിക്കുകയും ചെയ്തു.

20. യാക്കോബിനു ദോഷം വരുത്താൻ താൻ ചെയ്തതെല്ലാം അവനു പകരം തനിക്കാണ് സംഭവിച്ചതെന്ന് ലാബാൻ കണ്ടു. അതുകൊണ്ട് അവൻ സമാധാന സന്ധിക്കായി ഒരുമ്പെട്ടു. അവൻ അവനുമായി ഒരുടമ്പടി ഉണ്ടാക്കുകയും അവനെ ചുംബിക്കുകയും ചെയ്തിട്ട് അവനെ വിട്ട് തന്റെ വഴിക്കു പോയി.[77]

21. തികഞ്ഞ സംശുദ്ധൻ ശുദ്ധനുണയനിൽ നിന്ന് ഓടിയകന്നു. നീതിമാൻ അവരെ എന്നേക്കുമായി വേർപെടുത്തി അകറ്റി. അഴുക്കുപറ്റിയവൻ താഴേക്കിറങ്ങി. സംശുദ്ധൻ ഉന്നതത്തിലേക്ക് തിരിച്ചുകയറി.

22. എന്റെ കർത്താവേ, ഞങ്ങളുടെ നാളുകളിൽ നീ ഇത്രത്തോളം ചെയ്യേണ്ടതില്ല എന്നാണ് എന്റെ പ്രാർഥന. കാരണം, കയ്പുള്ള ഒരു വൃക്ഷത്തിന്റെ മൂലകാണ്ഡത്തിൽ മധുരമുള്ളവ ഒട്ടിച്ചുചേർക്കുമ്പോൾ, അവ വിഭിന്നങ്ങളാണെങ്കിലും ഒന്നായിത്തീരുന്നു.

23. അങ്ങനെയാണെങ്കിൽ, എന്റെ കർത്താവേ, മാനസ്സാന്തരപ്പെടാനും ഒന്നിച്ചുചേരാനും വീണവർക്ക് അപേക്ഷിക്കാനും നിൽക്കുന്നവർക്ക് താങ്ങാനും സ്വാഭാവികപ്രവണതയാൽ ബന്ധിതമല്ലാത്ത, സ്വയംനിർണയിക്കാൻ കഴിവുള്ള മനുഷ്യന് എത്ര എളുപ്പമായിരിക്കും.

24. തങ്ങളുടെ രീതികളിൽ ഒട്ടും പരിചയിക്കാത്ത തങ്ങളുടെ കുഞ്ഞുങ്ങളെ മൃഗങ്ങൾ എടുത്ത് താലോലിച്ച് മുലയൂട്ടുന്നു. അവ അകന്നുപോയാൽ അവ തങ്ങളുടെ ദുഃഖം തങ്ങളുടെ ശബ്ദത്താൽ അറിയിക്കുന്നു. അപ്പോൾ...

74. ഉൽപ.31,29; 75. ഉൽപ.31,54; 76. ഉൽപ.31,23; 77. ഉൽപ.31,44.31,55.


www.malankaralibrary.com

25. എന്റെ കർത്താവേ, അനുതാപികളിൽ സന്തോഷിക്കുന്ന ഈറേന്മാരെ ഞങ്ങൾ അനുകരിക്കട്ടെ. എങ്കിലും ഞാനിപ്പോൾ ദുഃഖിതനായിരുന്നില്ലെങ്കിൽ, ഞാൻ വളരെ കുറ്റപ്പെടുത്തപ്പെടേണ്ടവൻ ആകുമായിരുന്നു. കാരണം, സ്നേഹരഹിതയായ മാതാവിനെപ്പോലെ ഞാൻ ഈറേന്മാരെ കരുതണം.

26. എന്നിൽ നിന്നുത്ഭവിച്ച എന്റെ കുട്ടികൾ എന്റെ ഉദരവുമായി എത്ര മാത്രം ബന്ധിതരാണ്! അവർക്കെന്റെ പ്രകൃതിയാണ്; അവർ ഒരിക്കൽ എന്റെ സത്യം സ്വന്തമാക്കിയിരുന്നു. തങ്ങൾ പ്രകോപിപ്പിച്ച തോട്ടക്കാരനെ തങ്ങളുടെ ഫലങ്ങളാൽ അവർക്ക് രമ്യപ്പെടുത്താൻ കഴിയും.

27. ആലിപ്പഴവും വെള്ളപ്പൊക്കവും വേലിയേറ്റവും നടീലോടുകൂടി പുതിയ ചെടികളെ തടസ്സപ്പെടുത്തുകയും പഴയവയ്ക്ക് കേടുവരുത്തുകയും ജോലിക്കാരുടെ അധ്വാനം നിഷ്ഫലമാക്കുകയും ചെയ്തതിനാൽ, മുന്തിരി ത്തോട്ടക്കാരനെ സമാശ്വസിപ്പിക്കുക.

28. ആരംഭത്തിൽ തന്നെ വയലിൽ കീടങ്ങളും കളപ്പുരയിൽ പുഴു ക്കളും വർദ്ധിച്ചതിനാൽ, കർഷകനെ സമാശ്വസിപ്പിക്കുക. അകത്തുള്ളത് പുഴുതിന്നു, പുറത്ത് കണ്ണിൽ കണ്ടതെല്ലാം കീടങ്ങൾ കാർന്നുതിന്നു.

29. ഇരുവശത്തുനിന്നും തന്റെ അധ്വാനത്തിന് പ്രതിഫലം കിട്ടി, രണ്ടി ലൂടെയും അവൻ ധനവാനായി തീരട്ടെ. പുറത്ത് നീ വിളയെ അനുഗ്രഹിക്ക ണമെ.; അകത്ത് കളപ്പുര നിറയ്ക്കണമെ. തന്റെ പ്രബോധനത്തിൽ അവൻ പഴയതും പുതിയതും പുറത്തെടുക്കട്ടെ.

30. പുതിയ ഇടയൻ പുറത്തേക്കിറങ്ങിയപ്പോൾ ആദ്യമായി അവനെ അഭിമുഖീകരിച്ചത് മഴയും മഞ്ഞുമാണ്. അത് തന്റെ ദാസരിൽ അമ്പരപ്പു ണ്ടാക്കി. അവർ ചെന്നായെ സ്നേഹിച്ചു. ഇടയൻ തന്നെയും ഒരു ചെന്നായ് ആയിരിക്കുമെന്ന് അവർ കരുതി.

31. രാത്രിയിൽ കുടിച്ചുനടന്ന ഇടയദാസന്മാരുടെ കണ്ണുകൾ നിന്റെ പ്രകാശത്താൽ കാഴ്ചയിലും ഗ്രഹണശക്തിയിലും വീണ്ടും നേരേയാകട്ടെ. അവർ ഇടയന്റെ പക്കലേക്ക് തിരകെയെത്തി ആടുകളെ മേയിക്കട്ടെ.

32. പേടകത്തിൽ ചെന്നായും ആട്ടിൻകുട്ടിയും ഒത്തൊരുമയിൽ കഴി ഞ്ഞു. എന്നാലിവിടെ ആടുകൾ പരസ്പരം ഏറ്റുമുട്ടുന്നു. എന്റെ കർത്താവേ, ലളിതമാനസ്സരായ ആടുകളിൽ നിന്ന് ഭീകരപുള്ളിപ്പുലികളെ ഉണ്ടാക്കിയ സാത്താനെ വെട്ടിക്കീറുക.

33. ചെന്നായായി മാറുന്ന ഇടയന്റെ പക്കൽ ആടുകളെ ഏൽപ്പിക്കാൻ ആര് മുതിരും! ഗോതമ്പിനെ കളയായി മാറ്റുന്ന കർഷകന്റെ പക്കൽ വിത്തുകൊടുക്കാൻ ആര് മുതിരും!


www.malankaralibrary.com

34. ഇതാ, ചെന്നായ്ക്കൾക്ക് രൂപഭേദം വരുത്താനും കളകൾക്ക് മാറ്റം വരുത്താനും പുരോഹിതർക്ക് കഴിയും. എന്നാൽ ചെന്നായ്ക്കൾ കുഞ്ഞാടുകളായും കളകൾ വിളയായും മാറാൻ വലിയ പരിശ്രമം വേണ്ടിവരും.

35. ഉണങ്ങിയ നിലം ഉറവയാലും നിത്യഹരിതസസ്യത്താലും സൈപ്രസ് വൃക്ഷത്താലും ബൗദ്ധിക ബുക്സൂസിനാലും ക്രിസ്തീയ ദേവദാരുക്കളാലും അലങ്കരിക്കപ്പെടുന്നത് കർഷകന് വളരെ ആവശ്യമാണ്.

36. ക്ഷീണിച്ച പറവകൾക്കും, ദാവീദിന്റെ സങ്കീർത്തനങ്ങളും സ്തുതിഗീതങ്ങളും നിന്നിൽ പാടുന്നതിന് ദൂരെ നിന്നു വരുന്നവർക്കും അവയുടെ ശിഖരങ്ങൾ അഭയസ്ഥാനമാകും.

37. അവന്റെ ചിറകു വഹിക്കാനും ജാഗരണത്തിനും സ്തുതിഗീതങ്ങൾക്കും വേണ്ടി തുറന്ന അവന്റെ വായ് അടയ്ക്കാനും പ്രയാസമാണ്. ഞങ്ങളുടെ കർത്താവേ, ജാഗരണം ചെയ്യുന്നവർ തങ്ങളുടെ വീണകളാലും സംശുദ്ധർ തങ്ങളുടെ കിന്നരങ്ങളാലും എനിക്കുവേണ്ടി അപേക്ഷിക്കും.

# 32

### "സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ" എന്ന രീതി (8)

1. ലാബാന്റെ സഹോദരിയായ റിബേക്കാ അവനെപ്പോലെ ആയിരുന്നില്ല. അവൾക്ക് നല്ല ജ്ഞാനമുണ്ടായിരുന്നു, അവനാകട്ടെ ദുഷിച്ച തന്ത്രങ്ങളും. അവളുടെ സമ്പാദ്യത്താൽ അവൾ ജീവൻ നേടി, ലാബാൻ തന്റേതിനാൽ നാശവും.

*പ്രതിസ്തോത്രം: എല്ലാം അറിയുന്നവന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. വൃദ്ധനെ[78] അനുസരിച്ച് അയാളുടെ കൂടെ ഇറങ്ങിത്തിരിച്ച സംശുദ്ധയുടെ ചിന്ത പൂർണമായി അബ്രഹാമിലായിരുന്നെന്ന് സ്വർഗീയൻ കണ്ടു. വിവാഹത്തിനും അവന്റെ അവകാശത്തിൽ പ്രവേശിക്കാനുമായി അവൻ അവളെ നയിച്ചു.

3. ഗോതമ്പുമണി മുള്ളുകൾക്കും കളകൾക്കുമിടയിൽ നിന്ന് വലിച്ചെടുക്കപ്പെട്ടു. വിജാതിയരുടെ കലവറയിൽ നിന്ന് നീതിമാന്റെ ഭവനത്തിലേക്ക്.....

4. അവളുടെ ഗുരു[79] അദൃശ്യനും തന്ത്രശാലിയുമാണ്; അവൾ അവന്റെ

78. എലിയാസർ; 79. ഹാറാന്യരുടെ ഗുരുവായ സാത്താൻ.


www.malankaralibrary.com

സൂത്രങ്ങൾ പഠിച്ചിട്ടുണ്ട്; അവന്റെ തന്ത്രങ്ങൾ അവൾ പകർത്തിയിട്ടുണ്ട്. അവൾ തന്റെ അനുയായിയും ഉപകരണവും ശിഷ്യയും ആയിരിക്കുന്നതിന് അവളെപ്രതി അവൻ കഠിനാധ്വാനം ചെയ്തു.

5. ഹാറാൻകാരുടേതിൽ നിന്ന് പിശാചിന്റേത് കാണാൻ കഴിയും. എന്തുകൊണ്ടെന്നാൽ ലെയാ, റാഹേലിനേപ്പോലെ അല്ലാത്തതുപോലെ കപട വിഗ്രഹം ദൈവത്തിന് തുല്യമല്ല.

6. ഒരേ പ്രകൃതി ആണെങ്കിലും രണ്ടു സഹോദരിമാർ ഒരുപോലെ അല്ലെങ്കിൽ, തന്റെ നാമത്താൽ മാത്രം വിളിക്കപ്പെടേണ്ട ദൈവം തെറ്റിൽ നിന്ന് എത്രമാത്രം അന്യനായിരിക്കും!

7. അവർ യാക്കോബിനെയും കബളിപ്പിച്ചപ്പോൾ, നീതിമാൻ ഓടിക്കളഞ്ഞു. അവനെ ഭരമേൽപ്പിച്ച വയൽ[80] അവന്റെ സ്വന്തമായി അവൻ അവകാശമാക്കി. കളകളുടെ നാട്ടിൽ തന്റെ വിത്ത് നിലനിൽക്കാതിരിക്കാൻ അവൻ തന്റെ വയലിൽ തന്റെ വിത്തുവിതച്ചു.

8. സത്യം തന്റെ വിജാതിയത്വവുമായും വിശുദ്ധി അശുദ്ധിയുമായും തുണി ചെളിയുമായും വസ്ത്രം മാലിന്യവുമായും ബന്ധപ്പെടുത്താൻ അവൾ ഒരിക്കലും വഴിപ്പെട്ടില്ല.

9. റിബേക്കാ സാത്താന്റെ സൂത്രങ്ങൾ അവനെതിരായിത്തന്നെ പ്രയോഗിച്ചു. അവന്റെ കൗശലങ്ങൾകൊണ്ട് അവനെതിരെ പോരാടി. അവൻ തയാറാക്കിയതും അവൾ ഉപയോഗിച്ചുകൊണ്ടിരുന്നതുമായ ആയുധങ്ങൾ കൊണ്ട് അവനെ തിരിച്ചുകുത്തി.

10. ഏസാവ് അവളുടെ ആദ്യജാതനായിരുന്നെങ്കിലും, നിയമാനുസൃത സന്തതിപരമ്പരയ്ക്ക് അവൻ അന്യനായിരിക്കുമെന്നും തന്റെ നടപടികളാൽ ഹാറാന് സമനും ബന്ധുവും ആയിരിക്കുമെന്നും അവൾ അറിഞ്ഞിരുന്നു.

11. ഹാറാന്യരുടെ നേതാവ് ഏസാവിൽ വസിച്ചു. നന്മയ്ക്കുപകരം തിന്മ ചെയ്യാൻ ഉപദേശം നൽകിയവനെ റിബേക്കാ കൗശലത്തിൽ കീഴടക്കി.

12. അവൾ നിഷ്ക്കളങ്കനെ വിളിച്ച്, വിശ്വാസമർപ്പിച്ച സഹകുറ്റവാളിയായ സാത്താന്റെ ആട്ടിൻതോലുകൊണ്ട് കൗശലപൂർവം മൂടി. അവൻ തന്റെ സ്വന്തവസ്തുക്കൾ കൊണ്ടുതന്നെ പൂർണമായി കീഴടക്കപ്പെടാനായിരുന്നു അത്.

13. അവൾ അനുഗ്രഹകലവറ കൗശലപൂർവം മോഷ്ടിക്കുകയും പൂർണമായി കൊള്ളയടിക്കുകയും ചെയ്തു. ഇടതിന്റെ മകന് പൊടിപോലും

80. ലെയായും റാഹേലും


www.malankaralibrary.com

അവശേഷിപ്പിച്ചില്ല. അങ്ങനെ അവൾ സാത്താന്റെ വിഭാഗത്തിന് അനുഗഹം ഇല്ലാതാക്കി.

14. അനുഗ്രഹം കവർന്നെടുത്തതുപോലെ, സംശുദ്ധതയുടെ പാത്ര മായ നിഷ്ക്കളങ്കനെ അവൾ പറഞ്ഞയച്ചു. അവൻ ഇറങ്ങിപ്പുറപ്പെടുകയും ഹാറാനെ പൂർണമായി ദരിദ്രമാക്കാൻ ഒരിക്കൽകൂടി കൊള്ളയടിക്കുകയും ചെയ്തു.

15. തന്ത്രശാലിയെ റിബേക്കാ മുകളിലും താഴെയും കീഴ്പ്പെടുത്തി. അവന്റെ സ്വന്തം കൗശലം കൊണ്ട് അവൾ അവനെ കബളിപ്പിച്ചു. അവൾ അവനെ അനുഗ്രഹത്താൽ കീഴ്പ്പെടുത്തി; അവൻ തന്റെ പ്രബോധനത്തിൽ സ്വീകരിച്ച പെൺകുട്ടികളാൽ അവൾ അവനെ കീഴ്പ്പെടുത്തി.

16. അവൾ ആ നായാട്ടുകാരനെ അയച്ചു; സിനഗോഗിന്റെയും സഭയു ടെയും പ്രതീകങ്ങളായ രണ്ടു പെൺകുട്ടികളെ അവൻ ക്ഷമാപൂർവം സ്വന്ത മാക്കി. ആ ക്ഷമാശീലന് അവരിരുവരും പ്രയോജനപ്പെട്ടു.

# 33

## “സ്വർഗീയരാജാവേ, വിക്ഷോഭം ശാന്തമാക്കണമെ” എന്ന രീതി (൭)

1. ഹാറാനിൽ പിശാചുക്കളുടെ ആലയത്തിൽ തെറ്റിന്റെ തണലിൽ പാനീയബലികളാൽ നനയ്ക്കപ്പെട്ട് വിജാതിയ മുള്ളുകളും കളകളും തഴ ച്ചുവളർന്നു.

*പ്രതിസ്തോത്രം: നിന്നാൽ അനുരഞ്ജിക്കപ്പെടാൻ എന്റെ മക്കൾ ആഗ്രഹിക്കുന്നു.*

2. സ്വേച്ഛയാ കൽപനാതിർത്തി കടന്ന ആദാം പ്രകൃതിയിൽ മുള്ളു കൾ വളരാൻ അനുവദിച്ചെങ്കിൽ, ഈ മുള്ളുകൾ ഹാറാനിൽ സ്വമേധയാ വളർന്നുവന്നു.

3. കളയായിത്തീർന്ന മനുഷ്യരെ ഗോതമ്പാക്കിത്തീർക്കാൻ കർഷ കൻ താഴേക്കിറങ്ങിവന്നു. ആ കർഷകന്റെ ശിരസ്സിനുവേണ്ടി മുൾച്ചെടികൾ ഒരു കിരീടം മെടഞ്ഞുണ്ടാക്കി.

4. അവിടുന്നു പറഞ്ഞ ഉപമയിലെ വിത്ത് നഷ്ടപ്പെട്ടുപോയില്ല. കാര ണം, മുൾക്കിരീടം ധരിച്ച കർഷകന് കിരീടമാകാൻ ഇതാ, മുൾച്ചെടികൾ രൂപാന്തരപ്പെട്ടു.


www.malankaralibrary.com

5. മുൾച്ചെടികളെ ഗോതമ്പാക്കാൻ ഹാറാനിൽ അധ്വാനിച്ച ആ കർഷകന്, നിന്റെ യോദ്ധാവിന്, നിന്റെ കൃപയാൽ സൈപ്രസും മിർട്ടണും പൂക്കളും കിരീടത്തിനായി ഭവിക്കട്ടെ.

6. എന്റെ കർത്താവേ, നിന്റെ ദാസന് എല്ലാറ്റിലും നിന്നോട് സാമ്യമുണ്ട്. എന്റെ കർത്താവേ, അവന്റെ നിന്ദനം നിന്റെ താഴ്മയ്ക്ക് തുല്യമായതുപോലെ, നിന്റെ ഔന്നത്യത്തിലും അവൻ തുല്യനായി തീരട്ടെ. അതിലൂടെ അവന്റെ സിംഹാസനം ഉന്നതി പ്രാപിക്കട്ടെ.

7. ഒരനുരഞ്ജനവഴിയും സന്തുഷ്ടപാതയും എഡേസ്സായിൽ നിന്ന് ഹാറാൻ വരെ നീണ്ടുകിടക്കുന്നു; യോജിപ്പിൽ എല്ലാവരും ഒരു പള്ളിയിൽ നിന്ന് മറ്റൊന്നിലേക്ക് ഓടിക്കയറാൻ ഇടയാകട്ടെ.

8. താൻ പോറ്റിവളർത്തിയ മകളായ ആ ഹാറാൻ സന്ദർശിക്കാൻ എഡേസ്സായിൽനിന്ന് ആ വൃദ്ധന് കഴിയട്ടെ.[81] എഡേസ്സായുടെ പുത്രൻ തന്റെ മാതാവിനെ സന്ദർശിച്ചിട്ട്, തന്റെ മണവാട്ടിയായ ഹാറാനിലേക്ക് തിരികെ വരട്ടെ.

9. ദുഷ്ടനുണ്ടാക്കിയ ഗർത്തം നിന്റെ കൃപയാൽ നികത്തണമെ. ഇരു വശങ്ങളെ പരസ്പരം അകറ്റാൻ അവൻ ഒരു വലിയ പിളർപ്പുണ്ടാക്കി. അവനെ അതിൽ ഉരുട്ടിയിട്ട് അതിന്മീതെ ഒരു പാത നിർമിച്ചാലും!

10. പെരുന്നാളിനു വരുന്ന ജനക്കൂട്ടത്തിനു മുമ്പിൽ നീ പാതതെളിച്ചു സുഗമമാക്കിയതിനാൽ നിന്റെ കൃപയെ ഞങ്ങൾ പുകഴ്ത്തുന്നു. എളുപ്പം നടക്കുന്നവർ നിനക്ക് അനർഗളം നന്ദി പറയുന്നു.

11. അവർക്കുവേണ്ടി അബ്രാമും ഇസഹാക്കും യാക്കോബും നന്ദി പറയുന്നു. കാരണം, കാളക്കുട്ടിയെ ആരാധിച്ചവർ അവരുടെ നാമത്തിൽ സഹായം കണ്ടെത്തിയെങ്കിൽ, അവരുടെ അനുസ്മരണാദിനത്തിൽ പദ്ദാനിലെ ഞങ്ങളുടെ ജനത്തിനും സന്തോഷത്തിന് ഇടവരട്ടെ.

12. അബ്രഹാമിന്റെ മറഞ്ഞിരുന്ന പുളിപ്പിലൂടെ ഈ സ്ഥലത്തേക്ക് നമ്മുടെ എല്ലാ പിതാക്കന്മാരും ആകർഷിക്കപ്പെട്ടതുപോലെ, ശ്ലീഹായുടെ പുളിപ്പിലൂടെ അവന്റെ സഖികളായ ശ്ലീഹന്മാരെ ആകർഷിച്ച് വരുത്തട്ടെ.

13. നമ്മുടെ പ്രദേശത്തുള്ള യോഹന്നാന്റെ അസ്ഥികളിൽ പ്രവാചകന്മാർ നമ്മുടെ നാട്ടിൽ വന്നു. ഗുറിയാ, സമോണാ, അവരുടെ സഖി ഹബീബ് എന്നിവരിൽ രക്തസാക്ഷികൾ വന്ന് നമ്മെ സന്ദർശിച്ചു.

81. മാർ ബാർസെസ് മെത്രാൻ.



www.malankaralibrary.com

# 34

## വീണ്ടും ഹാറാനെപ്പറ്റി
## "രാജാവിന്റെ വധു " എന്ന രീതി

1. രോഗഗ്രസ്തമായിരുന്ന ഹാറാനിലേക്ക് പ്രശസ്തവൈദ്യനായ അബ്രാം വന്നു.[82] അവൻ അതിനെ പരിശോധിച്ചിട്ട് വേഗം യാത്രയാകുകയും കനാൻനാട്ടിലേക്ക് കടക്കുകയും ചെയ്തു. അവൻ ഈജിപ്തിൽ എത്തിച്ചേർന്നു. അവൻ ശരീരം മുഴുവൻ പരിശോധിച്ച്, കുനിഞ്ഞ് സത്യവചനത്താൽ വച്ചുകെട്ടി. ഓ, ഹാറാൻ, അബ്രാമിനു നിന്നെ സുഖപ്പെടുത്താനായില്ലെങ്കിൽ, ആർക്കാണ് നിന്നെ സുഖപ്പെടുത്താൻ കഴിയുക! ആർക്കാണ് നിന്റെ രോഗം ഇഷ്ടപ്പെടുക!

*പ്രതിസ്തോത്രം: ഒരിക്കലും മനുഷ്യരെ വേദനയിൽ ഉപേക്ഷിക്കാത്തവനും എല്ലാ തലമുറകൾക്കും നിരവധി വൈദ്യന്മാരെ നൽകിയവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. അവളെപ്പറ്റി അന്വേഷിക്കാനായി പ്രശസ്തവൈദ്യനായ യാക്കോബ് ഹാറാനിലേക്കു വന്നു. അവൻ അവളെ പരിശോധിക്കുകയും സമ്മാനം കൊടുക്കുകയും ചെയ്തു. പരാജയപ്പെടാതിരിക്കാൻ അവൻ അവളെ വിട്ടുപോയി. ഇരുപതുവർഷം അവളെ സുഖപ്പെടുത്താൻ അവൻ ആഗ്രഹിച്ചു.[83] എന്നാൽ അവൾ ഭ്രാന്തുപിടിച്ച് തന്റെമേൽ വീഴുമെന്ന് കണ്ടതിനാൽ, അവൻ അവളെ വിട്ട് തന്റെ വഴിക്കുപോയി. ഇതാ, നിന്റെ ജലം കയ്പ്പുള്ളതാണ്, നിന്റെ മക്കൾ പരുക്കന്മാരാണ്. ഓ, ഹാറാൻ, സ്ലീബായാൽ നീ മധുരമുള്ളതായി തീരട്ടെ.

3. പണിക്കാർ വിട്ടുപേക്ഷിക്കേണ്ടിവന്ന ആ നിർമാണത്തിനടുത്താണ് ബാബേൽ.[84] ഈജിപ്ത് സോദോമ്യർക്ക് സമീപസ്ഥമാണ്. എന്നാൽ ഹാറാൻ, നിന്റെ അടുത്താണ് പ്രശസ്തവും മനോഹരവുമായ എഡേസ്സ എന്ന എന്റെ നിക്ഷേപം. ഓ, മകളേ, നിന്റെ അമ്മയ്ക്ക് തുല്യമാകുക! ലോകത്തിന്റെ ഉപ്പാണവൾ! നിന്റെ ചിന്തകൾ അവളുടെ പ്രബോധനം കൊണ്ട് രുചിയുള്ളതാക്കുക.

4. കുറേ നേരത്തേക്കാണെങ്കിലും കണ്ണാടിയിൽ നോക്കുന്നവർ തങ്ങളെത്തന്നെ അതിൽ നോക്കി അലങ്കരിക്കുന്നു. എന്നാൽ വൃത്തികെട്ട ഹാറാ

---

82. ഉൽപ. 11,31.

83. ഉൽപ. 31,38.

84. ഉൽപ.11,8.

www.malankaralibrary.com

നേ, നിന്റെ കണ്ണാടി അമൂല്യവും വെടിപ്പുള്ളതുമാണെന്ന് കാണുക. നിന്റെ മുമ്പിൽ കിടക്കുന്ന അനുഗൃഹീതനഗരത്തിൽ നിന്നെത്തന്നെ അലങ്കരിക്കുക. അപ്പോൾ യേശു നിന്നിൽ സംപ്രീതനാകും. അത് നിന്റെ അപമാനം വർദ്ധിപ്പിക്കാൻ ഹേതുവാകാതെ നിനക്ക് പ്രയോജനപ്രദമാകാൻ, അതിൽ നോക്കി സുന്ദരിയാകുക.

5. എല്ലാവരെയും സുഖപ്പെടുത്തുന്നവനിലൂടെ സുഖപ്പെട്ട, രോഗിയായിരുന്ന ഈജിപ്തിനെ കാണുക. എന്നാൽ വിഗ്രഹാരാധനയെന്ന ക്യാൻസർ ഹാറാനെ കാർന്നുതിന്നു. സുഖപ്പെട്ടു കഴിഞ്ഞിട്ടും സുഖമായെന്ന ഉറപ്പില്ല! കാരണം, ഓരോ അവസരവും അവളുടെ മുറിവ് പിളരുന്നു. ബാബേൽ, ഹാറാൻ, ഈജിപ്ത് എന്നീ മൂന്നും സ്നാനം സ്വീകരിച്ചതും മൂന്നു ദൈവിക നാമങ്ങളാൽ വസ്ത്രം ധരിച്ചതുമാണ്.

6. ഏകാധിപതി കണ്ട വലിയ പ്രതിമയോട് ഈ ലോകത്തിന് എത്ര മാത്രം സാമ്യമുണ്ട്![85] അതിന്റെ തല ബാബേലാണ്, അതിന്റെ മധ്യഭാഗം യൂദയാരാജ്യമാണ്, പാദത്തിന്റെ സാദൃശ്യത്തിൽ ഈജിപ്ത് വയ്ക്കപ്പെട്ടിരിക്കുന്നു. അത് വലിയ ശരീരമാണ്; അതിനുവേണ്ടി പ്രശസ്തരായ വൈദ്യന്മാർ അധ്വാനിച്ചു. എല്ലാ ദിക്കുകളിലുമുള്ള വൈദ്യന്മാരേക്കാൾ മഹാവൈദ്യനായ നല്ലവൻ തന്റെ ദാസരിലൂടെ രോഗപരിശോധന നടത്തി.

7. വൈദ്യനായ അബ്രഹാം തലയിൽ നിന്ന് സുഖമാക്കിക്കൊണ്ട് ഇറങ്ങി വന്നതുപോലെ, മോശ കാലിൽ നിന്ന് തുടങ്ങി ശരീരം സുഖപ്പെടുത്തി. ഓ, രോഗീ, വൈദ്യന്മാർ എല്ലാ വശത്തുനിന്നും സുഖമാക്കാൻ ആഗ്രഹിച്ചു. മഹാവൈദ്യന്മാർ ശുശ്രൂഷിച്ച ഒരു വലിയ ശരീരം! ഒരിക്കലും മനുഷ്യരെ വേദനയിൽ ഉപേക്ഷിക്കാത്തവനും എല്ലാ തലമുറകൾക്കും നിരവധി വൈദ്യന്മാരെ നൽകിയവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. രോഗഗ്രസ്തമായ ഉപ്പൂറ്റി കണക്കെ ജോസഫ് ഈജിപ്തിനെ സൗഖ്യമാക്കി. ഹൃദയത്തിനു തുല്യമായി പ്രവാചകന്മാർ സീയോനെ സൗഖ്യമാക്കി. ശിരസ്സുപോലെ ദാനിയേൽ ബാബേലിനെ കൈകാര്യംചെയ്തു. മരുഭൂമിയിൽ വച്ച് ചിത്തഭ്രമം പിടിപെട്ടവർ സുഖമാക്കപ്പെടുകയും ദൈവത്തെ ഏറ്റുപറയുകയും ചെയ്തു. വൈദ്യശാസ്ത്രവിദഗ്ദ്ധയായ ഈജിപ്ത് മാത്രം അവളുടെ വേദനകൾ സ്വേച്ഛയാ കഠിനതരമാക്കി.

9. ഏകശരീരമെന്നപോലെ സൃഷ്ടിമുഴുവൻ തെറ്റിന്റെ രോഗത്താൽ രോഗഗ്രസ്തമായി. അതിന്റെ കിടക്കയിലേക്ക് പ്രശസ്തവൈദ്യന്മാർ തിക്കിക്കയറി. അത് തന്റെ ആത്മാവിന്റെ രോഗത്തിൽ നിന്ന് സുഖപ്പെട്ട് എഴു

85. ദാനി.2,31.


www.malankaralibrary.com

ന്നേൽക്കുന്നതിനും അതിൽ കരുണതോന്നിയ വൈദ്യന് നന്ദിപറയുന്നതിനും വേണ്ടിയായിരുന്നു അത്. ലോകത്തിലെ രോഗികളെ സുഖപ്പെടുത്താനായി എല്ലാ ദിക്കുകളിലേക്കും ചുറ്റിനടക്കുന്ന നീതിമാന്മാരെ വിട്ടവന് സ്തുതി.

10. രോഗഗ്രസ്തമായ ലോകത്തിന്റെ മുമ്പിൽ വൈദ്യന്മാർ തങ്ങളുടെ മരുന്നുകൾകൊണ്ട് പരാജയപ്പെട്ടു. എല്ലാറ്റിനും കഴിവുള്ള വൈദ്യൻ ഇതു കാണുകയും അവന് അനുകമ്പ തോന്നുകയും ചെയ്തു. അവൻ തന്റെ ശരീരഭാഗം മുറിച്ച് മുറിവിൽ വച്ചുകെട്ടി നമ്മുടെ രോഗം സുഖപ്പെടുത്തി. തന്റെ ശരീരരക്തങ്ങളാൽ അവൻ നമ്മുടെ മുറിവ് സുഖമാക്കി. ജീവൗഷധത്തിനു സ്തുതി. തന്റെ പ്രബോധനത്താൽ ആത്മാവിന്റെ രോഗം സുഖമാക്കാൻ അവനു മാത്രമേ കഴിഞ്ഞുള്ളു.

11. യേശുവാണ് നമ്മുടെ വൈദ്യൻ, നാം ആരംഭം മുതൽ അവനിൽ ആയിരിക്കുന്നതുപോലെ അവനിലൂടെ സുഖമാക്കപ്പെട്ടു. ദൈവമെന്ന നിലയിൽ അവന് ആത്മാവിന്റെ സ്വഭാവവും രോഗവും അറിയാം. അവൻ സ്രഷ്ടാവും പരിപാലകനും വൈദ്യനും  മരുന്നുമാണ്. അവൻ ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കുകയും സൃഷ്ടി പാപംചെയ്ത് അധഃപതിച്ചപ്പോൾ അതിനെ വീണ്ടും എഴുന്നേൽപ്പിക്കുകയും ചെയ്തു.

12. വേദനയിലൂടെ മാത്രമേ സുഖമാക്കാൻ ഈ ലോകത്തിലെ വൈദ്യന്മാർക്കു കഴിയൂ. മുറിവുള്ളവർക്ക് അവരുടെ കരം ഭയജന്യമാണ്. എന്നാൽ ഞങ്ങളുടെ മുറിവിന്മേലുള്ള നിന്റെ കരസ്പർശനം സന്തോഷപ്രദമാണ്. കാരണം, നിന്റെ വിരൽ കാരുണ്യസ്പർശനമാണ്. ആരുടെ അനുഗൃഹീതവും മൃദുവുമായ വസ്ത്രത്തിൽ നിന്ന് ശക്തി പുറപ്പെട്ട് ശാന്തമായി സുഖപ്പെടുത്തിയോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

13. ഈ ലോകം തികച്ചും ആരോഗ്യമുള്ളതാകാൻ ആയാസപ്പെട്ട നല്ലവനേ, എന്റെ കർത്താവേ, ഒരു ബലഹീനാവയവത്തെ നിന്റെ കാരുണ്യത്താൽ നിസ്സാരമാക്കി തള്ളിക്കളയരുതേ. എന്റെ കർത്താവേ, അത് നീതിമാന്മാരുടെ ശരീരവുമായി കൂട്ടിച്ചേർക്കപ്പെടുകയും അത് അവരിൽ എന്നേക്കുമായി ഇണങ്ങിച്ചേരുകയും ചെയ്യട്ടെ. വെട്ടപ്പെട്ട ചെവി കൂട്ടിച്ചേർത്ത നല്ലവനേ,[86] ഞാൻ നിന്നെ പ്രകോപിപ്പിച്ചെങ്കിലും, എന്നെ നിന്നിൽ നിന്ന് അകറ്റരുതേ.

86. ലൂ.22,50f.



www.malankaralibrary.com

# നിസിബിയൻ ഗീതങ്ങൾ – രണ്ടാംഭാഗം

## 35

### നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (1)

1. മുന്നോടിയുടെ സ്വരം മുഴങ്ങുകയും അത് ദുഷ്ടശത്രുവിന്റെ സൈന്യങ്ങളെയും അവന്റെ ദാസരെയും ഒന്നിച്ചുകൂട്ടി എത്തിക്കുകയും ചെയ്തു. യേശുവിന്റെ വിജയം കണ്ടതിനാൽ, കളയുടെ നിര ഒത്തുകൂടി. ഇടതിനു മുഴുവൻ ദുഃഖമായി. കാരണം, പീഡിപ്പിക്കപ്പെടാത്തതായി അവ യിലൊന്നും ഉണ്ടായിരുന്നില്ല. തങ്ങൾ സഹിച്ചവയൊക്കെ ഓരോരുത്തർ വിവ രിക്കാൻ തുടങ്ങി. പാപവും പാതാളവും ഞെട്ടിവിറച്ചു. മരിച്ചവർ മത്സരിച്ച തിനാൽ മരണം കിടിലം കൊണ്ടു. പാപികൾ തനിക്കെതിരെ കരമുയർത്തി യതിനാൽ, സാത്താനും സംഭ്രമിച്ചു.

*പ്രതിസ്തോത്രം: ദുഷ്ടൻ നിന്നെ കണ്ട് ഭ്രമിച്ചതിനാൽ നിനക്കു സ്തുതി.*

2. പാപം തന്റെ മക്കളെയും സാത്താനെയും പിശാചുക്കളെയും വിളി ച്ചു കൂട്ടി ഉപദേശം കൊടുത്ത് പറഞ്ഞു: നിങ്ങളുടെ കൂട്ടത്തിന്റെ തലവനായ ലെഗിയോൻ ഇല്ലാതായി. അവനെയും അവന്റെ സഖികളെയും കടൽ വിഴു ങ്ങിക്കളഞ്ഞു.[1] നിങ്ങൾ നിന്ദിച്ചാൽ, എന്റെ മക്കളേ, ഈ യേശു നിങ്ങളെയും നശിപ്പിക്കും. സോളമനെ വലയിലാക്കിയ നിങ്ങളെ മുക്കുവരും പാമരരുമായ, അവന്റെ ശിഷ്യന്മാർ കീഴടക്കി എന്നത് നിങ്ങൾക്ക് നാണക്കേടാണ്; നിങ്ങ ളുടെ കൊള്ളമുതലായിരുന്ന മനുഷ്യരെ അവർ ഇതാ, പിടിച്ചിരിക്കുന്നു!

3. നമ്മുടെ രക്ഷകനെപ്പറ്റി ദുഷ്ടൻ ഇപ്രകാരം പറഞ്ഞു: നമ്മെ കൊള്ളയടിച്ചതുകൊണ്ട് തൃപ്തനാകാതെ അവൻ നമ്മുടെ നേർക്കുതന്നെ തിരിഞ്ഞിരിക്കുന്നു എന്നതാണ് ഏറ്റവും കഠിനം! ലെഗിയോനെ എടുത്ത് കടലിലേക്ക് എറിഞ്ഞപ്പോൾ, മത്തായിയുടെ മകനായ യോനായ്ക്കുവേണ്ടി അവൻ സ്പഷ്ടമായി പ്രതികാരം ചെയ്യുകയായിരുന്നു. മൂന്നുദിവസങ്ങൾക്കു ശേഷം യോനാ പൊങ്ങിവന്നു. എന്നാൽ ലെഗിയോനാകട്ടെ മാസങ്ങൾക്കു ശേഷവും പൊങ്ങിവന്നില്ല. കാരണം, ദിവ്യകൽപ്പനയാൽ കടലിന്റെ ആഴം അവനെ മൂടിക്കളഞ്ഞു.

---

1. മർക്കോ. 5,9



www.malankaralibrary.com

4. അവന്റെ ഉപവാസാനന്തരം നല്ല റൊട്ടിയാൽ ഞാനവനെ പ്രലോഭി പ്പിച്ചെങ്കിലും അവനത് കാംക്ഷിച്ചില്ല. അവന്റെ സ്വന്തം സങ്കീർത്തനങ്ങളാൽ അവനെ പിടിക്കാൻവേണ്ടി സങ്കീർത്തനം പഠിക്കാൻ ഞാൻ കഠിനാധ്വാനം ചെയ്തു. ഒരു വാക്യം പഠിക്കാൻ ഞാൻ സമയമെടുത്തു. എന്നാൽ എന്റെ വാക്യം അവൻ നിഷ്പ്രയോജനമാക്കി. ഞാൻ അവനെ മലമുകളിലേക്കു നയിച്ച് നമ്മുടെ സമ്പാദ്യങ്ങളെല്ലാം കാണിച്ചു. ഞാൻ അവന് സമസ്തവും വാഗ്ദാനം ചെയ്തെങ്കിലും അവൻ വഴങ്ങിയില്ല. ആദത്തെ പരീക്ഷിച്ച നാളിൽ ഞാൻ എത്ര ഭാഗ്യവാനായിരുന്നു. കാരണം, അവനെ പഠിപ്പിക്കാൻ ഞാൻ വളരെ കുറച്ചേ അധ്വാനിക്കേണ്ടി വന്നുള്ളു.

5. ദുഷ്ടൻ തന്റെ പണി മതിയാക്കി ഇപ്രകാരം പറഞ്ഞു: ഈ യേശു എന്നെ മടിയനാക്കി; കാരണം, ചുങ്കക്കാരും വേശ്യകളും അവനിൽ അഭയം തേടിയിരിക്കുന്നു. ഞാൻ എന്തുപണിയാണ് തേടേണ്ടത്? എല്ലാവരുടെയും പ്രബോധകനായിരുന്ന ഞാൻ ആരിൽ നിന്നാണ് പഠിക്കേണ്ടത്? പാപവും പറഞ്ഞു: ഞാനും എന്റെ പണിനിർത്തി, ഞാൻ ആയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തനാകണം. കാരണം, മറിയത്തിന്റെ ഈ മകൻ വന്ന് മനുഷ്യരെ നവസൃഷ്ടികൾ ആക്കിയിരിക്കുന്നു.

6. അത്യാർത്തിയുള്ള മരണം നിലവിളിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് അപരിചിതമായ ഉപവാസം ഞാൻ പഠിച്ചു. യേശു ജനത്തെ നിരനിരയായി ഇരുത്തി; എന്നാൽ അവന്റെ ഭക്ഷണം എനിക്ക് ഉപവാസം പ്രഖ്യാപിച്ചു. അനേകരുടെ വായടച്ച എന്റെ വായ് ഒരുവൻ അടച്ചു. പാതാളം പറഞ്ഞു: എന്റെ അത്യാർത്തി ഞാൻ നിയന്ത്രിക്കേണ്ടിവരും. അവൻ പങ്കെടുക്കുന്ന വിവാഹവിരുന്നിൽ ഞാൻ വിശന്നിരിക്കേണ്ടിവരും. കാരണം, അവൻ വെള്ളം വീഞ്ഞാക്കിയതുപോലെ, മരിച്ചവരെ ജീവനുള്ളവരാക്കും.

7. ദൈവം ജലപ്രളയം ഉണ്ടാക്കി ലോകത്തെ പാപങ്ങളിൽ നിന്ന് കഴുകി ശുദ്ധീകരിച്ചു. കളങ്കങ്ങൾ വെണ്മയാക്കാൻ അവൻ അഗ്നിയും ഗന്ധ കവും ഇറക്കിക്കൊണ്ടുവന്നു. അഗ്നിയാൽ സോദോമ്യരെയും പ്രളയത്താൽ മല്ലന്മാരെയും അവൻ എനിക്കുതന്നു. സെന്നാക്കെറീബിന്റെ സൈന്യത്തിന്റെ വായടച്ച് പാതാളം തുറന്നു.[2] ഇതും ഇതുപോലുള്ളതും ഞാൻ ഇഷ്ടപ്പെട്ടു. എന്നാലിപ്പോൾ നീതിയുടെ സന്ദർശനത്തിനു പകരം മരിച്ചവരെ ജീവനി ലേക്ക് തന്റെ കൃപയാൽ തന്റെ പുത്രനിൽ അവൻ കൊണ്ടുവരുന്നു.

8. ദുഷ്ടൻ തന്റെ അനുയായികളോടു പറഞ്ഞു: ഞാൻ പുരോഹിത ന്മാരെയും പ്രവാചകന്മാരെയും കണ്ടിട്ടുണ്ട്. അവരുടെ അത്ഭുതകർമങ്ങൾ മഹനീയങ്ങളായിരുന്നെങ്കിലും, എന്റെ പുളിപ്പിന്റെ അംശം അവരിൽ ഉണ്ടാ

---

2. ഉൽപ.19,24.5,4; 2രാജാ.19,35.

www.malankaralibrary.com

യിരുന്നു. കാരണം, മനുഷ്യരുടെ ഗോതമ്പുമാവ് നമ്മുടെ പുളിപ്പുമായി കൂടി ക്കലർന്നിരുന്നു. ഈ യേശു ആദത്തിന്റെ ശരീരം ധരിച്ചെങ്കിലും അവൻ നമ്മെ ശല്യപ്പെടുത്തുന്നു. കാരണം, നമ്മുടെ നുരയ്ക്കും പതയ്ക്കും അവന്റെ മേൽ യാതൊരു ശക്തിയുമില്ല. അവന്റെ മനുഷ്യത്വം അവന്റെ ദൈവത്വവു മായി ഐക്യപ്പെട്ട് അവൻ ദൈവവും മനുഷ്യനുമാണോ?

9. എല്ലാ തലമുറകളും പുറപ്പെട്ട ഉറവയായ ആദത്തെ ഞാൻ കണ്ടു. അവന്റെ മക്കളെ ഞാൻ അന്വേഷിച്ച് ഓരോരുത്തരെ പരീക്ഷണവിധേയ രാക്കി. എന്നാൽ ഒരുഭാഗം ദൈവവും ഒരുഭാഗം മനുഷ്യനുമായി ഒരാളെ ഞാനൊരിക്കലും കണ്ടിട്ടില്ല. തന്റെ മഹത്വത്തിൽ പ്രശോഭിതനായ മോശയെ ഞാൻ പരീക്ഷിക്കുകയും തന്റെ വാക്കുകളിൽ കലക്കുകയും ചെയ്തു. എന്നാൽ ഈ യേശുവിനെയാകട്ടെ, തന്റെ വിചാരത്തിൽ പോലും കലക്കാൻ എന്നെക്കൊണ്ട് കഴിഞ്ഞില്ല. കാരണം, അവന്റെ ചിന്തയുടെ ഉറവിടം പൂർണമായും കലക്കലിന് അതീതമാണ്.

10. ശാരീരികദുരാശ എല്ലാ ശരീരങ്ങളിലുമുണ്ട്; കാരണം, ശരീരം നിദ്രാധീനമാകുമ്പോഴും അത് അവരിൽ ഉണർന്നിരിക്കുന്നു. ഉണർന്നിരിക്കു മ്പോൾ സംശുദ്ധനായിരിക്കുന്നവനെ നിദ്രയുടെ സഹായത്താൽ ഞാൻ ശല്യ പ്പെടുത്തുന്നു. അവനിലുള്ള നിഗൂഢ ചലനത്തിലൂടെ ശരീരത്തിലെ നുരപ തകൾ സജീവമാകുന്നു. അങ്ങനെ ഉറങ്ങുന്നവരെയും ഉണർന്നിരിക്കുന്നവ രെയും ഞാൻ കലക്കുന്നു. നിദ്രയിൽപോലും ഇളക്കാൻ കഴിയാത്തവിധം സംശുദ്ധനായിരിക്കുന്നത് ഈ യേശു മാത്രമാണ്. കാരണം, ഉറക്കത്തിലും അവൻ പ്രശാന്തനും വിശുദ്ധനുമാണ്.

11. ഞാൻ കണ്ട കുട്ടികളുടേതിൽ നിന്നൊക്കെ വ്യത്യസ്തമായിരുന്നു അവന്റെ ബാല്യകാലം; കാരണം, എന്റേതായിട്ടുള്ള യാതൊന്നും ഞാൻ അവ നിൽ കണ്ടില്ല. ഒരു ശിശു എന്ന നിലയിൽത്തന്നെ അവന്റെ മുമ്പിൽ ഞാൻ ഭയന്നുപോയി. അതുകൊണ്ടാണ് ശിശുക്കളോടൊപ്പം അവൻ കൊല്ലപ്പെടാ നായി ഞാൻ ഹേറോദേസിനെ ഇളക്കിയത്. അവൻ രക്ഷപെട്ടപ്പോൾ എന്റെ ഭയം വളരെ വർദ്ധിച്ചു. കാരണം, അവനെങ്ങനെ നമ്മുടെ രഹസ്യപദ്ധതി മണത്തറിഞ്ഞു? അവൻ വിദ്വാന്മാരുടെ കാഴ്ചകൾ സ്വീകരിച്ചു. അവൻ നമ്മെ നിന്ദിക്കുകയും നമ്മുടെ വാളിൽനിന്ന് രക്ഷപെട്ട് പുറപ്പെട്ടുപോകുകയും ചെയ്തു.

12. നീതിമാന്മാരുടെ മക്കളായ കുട്ടികളെ ഞാൻ കണ്ടിട്ടുണ്ട്. സംശു ദ്ധരായ അമ്മമാർക്ക് ജനിച്ചവരെയും കണ്ടിട്ടുണ്ട്. അവരെ ഓരോരുത്തരെ ഞാൻ അമ്മമാരുടെ ഉദരത്തിൽ വച്ചുതന്നെ പരിശോധിച്ചിട്ടുണ്ട്. അവരി ലെല്ലാം നമ്മുടെ പുളിപ്പ് ഞാൻ ദർശിച്ചു. അവരൊക്കെ കോപിഷ്ഠരും നിന്ദ


www.malankaralibrary.com

കരും രോഷാകുലരും ഭോജനപ്രിയരും ആയിരുന്നു. പ്രബോധനത്തിലൂടെ പാകമായി മധുരമാകേണ്ട ഫലങ്ങളായിരുന്നു അവർ. എന്നാൽ ഈ യേശു വാകട്ടെ അവന്റെ രൂപീകരണത്തിന്റെ ആദ്യനിമിഷം മുതൽതന്നെ പാപി കളെ മാധുര്യമുള്ളവരാക്കാൻ തക്ക മധുരമുള്ള നല്ല ഫലമായിരുന്നു.

13. അവന്റെ മേൽ ഉണ്ടായിരുന്ന മഹനീയശോഭയാൽ പുൽക്കൂട്ടിൽ ഒരു ശിശുവായി കിടന്നപ്പോൾ തന്നെ അവൻ മനുഷ്യരുടെ ഗുരുവായിരുന്നു. അവനെ വഹിച്ചപ്പോൾ ശിമയോനും അത്ഭുതപ്പെട്ടുപോയി. വൃദ്ധരുടെ വിവേകം അവനെ ചുറ്റിയിരുന്നു. അവന്റെ മുമ്പിൽ ജോസഫ് ഭയഭക്തി ബഹു മാനങ്ങളോടെ നിന്നു. അവന്റെ ബാല്യകാലത്ത് അവനെ കണ്ടവർക്കെല്ലാം സഹായം ലഭിച്ചു. അവനെ അറിഞ്ഞവർക്കെല്ലാം പ്രയോജനമുണ്ടായി. അവൻ സൃഷ്ടിയിലേക്ക് പ്രവേശിച്ചതുമുതൽ തന്റെ മഹനീയകർമങ്ങളാൽ മനുഷ്യരുടെ സഹായി ആയിരുന്നു.

14. പ്രകൃത്യനുസൃതമല്ലാത്ത വീഞ്ഞ് പുറപ്പെടുവിച്ച മുന്തിരിങ്ങായായ മറിയത്തിന്റെ ഈ ഫലം എന്റെ മുമ്പിൽ എവിടെനിന്ന് പൊന്തിവന്നു? ഇതാ, ഞാൻ സംശയഗ്രസ്തനായി നിൽക്കുന്നു. എന്റെ കയ്പിലൂടെ ഞാൻ സമ്പാ ദിച്ചവരെ അവൻ തന്റെ പ്രബോധനത്താൽ മാധുര്യമുള്ളവരാക്കുമെന്ന് കണ്ട് അവനിൽ നിന്ന് പിന്തിരിഞ്ഞുപോകാൻ ഞാൻ ഭയപ്പെടുന്നു. എന്നാൽ അവൻ തിരിഞ്ഞ് പാപികൾക്ക് പുതുവീഞ്ഞായി തീരുകയും അതു കുടിച്ച് മത്തു പിടിച്ച് അവർ തങ്ങളുടെ ദേവന്മാരെ മറക്കുകയും ചെയ്യുമെന്നു കണ്ട് അവനെ ബന്ധിച്ച് ചവിട്ടിയരയ്ക്കാൻ ഞാൻ ഞെട്ടുന്നു.

15. ഇതാ, അവന്റെ ജീവനും അവന്റെ മരണവും! രണ്ടും ഞാൻ ഭയ പ്പെടുന്നു. അപ്പോൾ ദുഷ്ടന്റെ ദാസന്മാർ മറുപടിയായി പറഞ്ഞ് അവനെ ഇങ്ങനെ ഉപദേശിച്ചു: രണ്ടും കഠിനതരമാണെങ്കിൽ, അവന്റെ ജീവനേക്കാൾ അവന്റെ മരണം തെരഞ്ഞെടുക്കുന്നതാണ് നമുക്ക് ഏറെക്കുറേ ശ്രമരഹിതം. ഏതെങ്കിലും നീതിമാൻ എപ്പോഴെങ്കിലും ജീവനിലേക്ക് പുനർജീവിച്ചിട്ടുണ്ടോ യെന്ന് മരണം നമ്മോടു പറയട്ടെ. മല്ലന്മാരുടെ മക്കളോ കീർത്തിമാന്മാരോ ആരുംതന്നെ പാതാളത്തിന്റെ അഗാധത്തിൽനിന്ന് കരകയറിയിട്ടില്ല.

16. കാറ്റടിക്കുന്നത് മനുഷ്യർക്ക് അനുഭവവേദ്യമാകുന്നു. എന്നാൽ മറി യത്തിന്റെ മകനെ ആർക്ക് അന്വേഷണവിധേയനാക്കാൻ കഴിയും? കാരണം, അവൻ കരഞ്ഞപ്പോൾ, തന്റെ കണ്ണുനീരാൽ അവനെന്നെ കൊള്ളയടിച്ചു. വീണ്ടും, വിശുദ്ധ ദൈവാലയ ഗോപുരത്തിൽ നിന്ന് താഴേക്ക് ചാടാൻ ഞാൻ അവനോട് നിർദേശിച്ചപ്പോൾ, ഭയത്താലാണ് അവൻ ചാടാതിരുന്നതെന്ന് ഞാൻ കരുതി. എന്നാൽ അവർ അവനെ മലമുകളിൽ നിന്ന് തള്ളിയപ്പോൾ, അവൻ വായുവിൽ കൂടി പറന്നു. അവനു ക്ഷീണിച്ചപ്പോൾ അവൻ കിണ റ്റിൻ കരയിൽ ഇരുന്നു. അവന്റെ വൈരുധ്യങ്ങൾ എനിക്കു മനസ്സിലായില്ല.


www.malankaralibrary.com

കാരണം, ഉണങ്ങിയ കരയിലും വെള്ളത്തിലും അവൻ ഒരുപോലെ നടന്നു.

17. ഒരു മനുഷ്യനെപ്പോലെ അവനു വിശന്നതായി ഞാൻ കണ്ടു. എന്നാൽ വർദ്ധിപ്പിച്ച അപ്പത്താൽ അതു നീക്കപ്പെട്ടു. ആരംഭം മുതൽ ഞാൻ നിർവിഘ്നമായി അവനെ പരീക്ഷിച്ചു. അറിയാൻ പാടില്ലാത്തവനെപ്പോലെ അവൻ ചോദ്യം ചെയ്തു. മറഞ്ഞിരിക്കുന്നത് തനിക്കറിയാമെന്ന് കാട്ടിയപ്പോൾ അതും നീക്കപ്പെട്ടു. വീണ്ടും, സ്കറിയോത്തായെ അറിയാൻ പാടില്ല എന്നവണ്ണം അവൻ അവനെ ശ്ലീഹായായി തെരഞ്ഞെടുത്തു. എന്നാൽ തനിക്കു തന്നെ വിരുദ്ധമായി തനിക്കവനെ അറിയാമെന്ന് അവൻ വെളിപ്പെടുത്തി. അവനെ സംബന്ധിച്ച് എനിക്ക് തെറ്റുപറ്റി. അവൻ മുങ്ങിത്താഴുകയും പൊങ്ങിക്കയറുകയും ചെയ്തു. എന്നാൽ എന്നെ അവൻ പ്രളയജലത്തിൽ മുക്കിക്കളഞ്ഞു.

18. എങ്കിലും ഞാൻ അവനിൽ കണ്ട ഒരടയാളം മറ്റെന്തിനേക്കാളും എന്നെ ധൈര്യപ്പെടുത്തുന്നു. അതായത്, അവൻ പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ വിവർണ്ണനാകുകയും ഭയപ്പെടുകയും ചെയ്തതായി ഞാൻ സന്തോഷപൂർവം കണ്ടു. തന്റെ സമയം സമാഗതമായെന്ന് അവന് തോന്നിയതിനാൽ, അവന്റെ വിയർപ്പ് രക്തത്തുള്ളികളായി ഒഴുകി.[3] അവൻ ഇതിലൂടെ എന്നെ വഞ്ചിക്കുകയല്ലാതിരുന്നതിനാൽ, മറ്റെല്ലാ അടയാളങ്ങളേക്കാൾ ഇത് എനിക്കിഷ്ടപ്പെട്ടു. എന്നാൽ അവൻ എന്നെ വഞ്ചിക്കുകയായിരുന്നെങ്കിൽ എനിക്കും എന്റെ ദാസരായ നിങ്ങൾക്കും ഒരുപോലെ ഹാ, കഷ്ടം!

19. അപ്പോൾ പിശാചുക്കളുടെ കൂട്ടം അലറിക്കൊണ്ടു പറഞ്ഞു: നിന്നിൽ ഞങ്ങൾ കാണുന്ന ഈ ലക്ഷണം നിന്ദ്യമാണ്; കാരണം, മുമ്പൊരിക്കലും നിനക്ക് ഇതുപോലെ സംഭവിച്ചിട്ടില്ല. ചുരുങ്ങിയ ഉപദേശംകൊണ്ട് വിജയിക്കുക നിനക്ക് പതിവായിരുന്നു. മറിയത്തിന്റെ മകൻ നഗരങ്ങൾ പിടിച്ചടക്കുന്നു. എന്നാൽ നീ നിന്റെ സംസാരം നീട്ടിക്കൊണ്ടുപോകുന്നു. എഴുന്നേൽക്കുവിൻ, അവനോടു പോരാടാൻ നമുക്കു പോകാം; അനേകരെ ഏകൻ കീഴ്പ്പെടുത്തുക എന്നത് നമുക്ക് ലജ്ജാകരമാണ്. നിനക്ക് പേടിയും ഭയവുമാണെങ്കിൽ, ഞങ്ങൾക്ക് പോരാട്ടത്തിനുള്ള ഉപദേശം തന്നിട്ട് നീ കാത്തിരിക്കുക.

20. യേശുവിനോടുള്ള പോരാട്ടത്തിനുള്ള ഉപദേശം അവന്റെ വാക്കുകളിൽ നിന്നുതന്നെ തരാൻ എനിക്കു കഴിയും. എന്തുകൊണ്ടെന്നാൽ, “സാത്താൻ തനിക്കെതിരെ തന്നെ ഭിന്നിച്ചാൽ, അവനു നിലനിൽപ്പില്ല” എന്ന് അവൻ പറഞ്ഞിട്ടുണ്ട്.[4] നമുക്കെതിരെ പോരാടാൻ അവൻ ആഗ്രഹിക്കുന്നെങ്കിലും, അവനെതിരെ തിരിഞ്ഞിരിക്കുന്ന ആയുധം അവൻ നമുക്കു തന്നിരി

3. ലൂ.22,44; 4. മത്താ.12,26.



www.malankaralibrary.com

ക്കുന്നു. പോയി അവന്റെ ശിഷ്യന്മാരെ ഭിന്നിപ്പിക്കുവിൻ. അവരെ ഭിന്നിപ്പിച്ചാൽ അവരിലൂടെത്തന്നെ നിങ്ങൾക്ക് അവരെ കീഴടക്കാം. വഴിപിഴച്ച സർപ്പത്തോടും ഹവ്വായോടും കൂടെ അവന്റേതിലൂടെ ആദ്യത്തെ ആദാമിനെ ഞാൻ കീഴടക്കി.

21. മരണം ദുഷ്ടനോട് മറുപടിയായി പറഞ്ഞു: നിന്റെ പതിവിന് വിരുദ്ധമായി നീ എന്തുകൊണ്ട് താമസം വരുത്തുന്നു? നി കേമനായി നിന്ദ്യരും നിസ്സാരരുമായവരെയത്രേ പിടികൂടുന്നത്. എല്ലാവരേക്കാളും വലിയവനായ യേശുവിനെ നീ എങ്ങനെയാണ് പിടിക്കാൻ പോകുന്നത്? അവനെ നീ പരീക്ഷിച്ചപ്പോൾ അവൻ നിന്റെ പേർക്ക് പായിച്ച അവന്റെ ആയുധങ്ങളുടെ കയ്പേറിയ അനുഭവം നിന്നെ ഭയചകിതനാക്കുന്നു. മറിയത്തിന്റെ മകനുമായുള്ള പോരാട്ടത്തിന് നീയും ഞാനും നിന്റെ ദാസന്മാരുൾപ്പെടെയുള്ള സൈന്യം തീരെ നിസ്സാരരാണ്.

22. എന്തെങ്കിലും ചെയ്യാൻ നമ്മുടെ ഈ കലഹം നമ്മെ അനുവദിക്കുമെങ്കിൽ ഞാൻ ഇപ്രകാരം ഉപദേശിക്കുന്നു: നീ തന്നെ പോയി ഒരു ശിഷ്യന്റെ ഉള്ളിൽ വാസം ഉറപ്പിക്കണം.[5] തലവനെന്ന നിലയ്ക്ക് നീ തന്നെ നേതാക്കന്മാരോട് സംസാരിക്കണം. നിന്റെ സൈന്യത്തെ മുഴുവൻ പറഞ്ഞയക്കുക. അവർ പോയി ഫരിസേയരെ ഇളക്കട്ടെ. എന്നാൽ, "നീ ദൈവപുത്രനെങ്കിൽ താഴേക്കു ചാടുക" എന്നു പറഞ്ഞ[6] നിന്റെ പതിവു രീതിപോലെ കലഹപ്രിയത്തോടെ സംസാരിക്കരുത്. സ്നേഹപൂർവം അവനെ ചുംബിച്ച് ഒറ്റിക്കൊടുക്കുക. ഇതാ, ലേവ്യരുടെ അസൂയയും വാളും അവനെ വകവരുത്തിക്കൊള്ളും.

# 36

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (2)

1. നമ്മുടെ കർത്താവ് തന്റെ ജീവദായകമായ മരണത്തിലൂടെ ആദത്തിനു ജീവൻ നൽകാനായി തന്റെ ശക്തി താഴ്ത്തുകയും അവർ അവനെ പിടിക്കുകയും ചെയ്തു. പഴം പറിച്ച കരത്തിനുപകരം ആണികളാൽ തറയ്ക്കപ്പെടാൻ അവൻ തന്റെ കരങ്ങൾ നീട്ടി. ഏദനിൽ ഭക്ഷിച്ച വായ്ക്ക് പകരം അവിടുന്ന് ന്യായവിസ്താരസ്ഥലത്തുവച്ച് കവിളത്ത് അടികൊണ്ടു. ആദ

5. യോഹ.13,27; 6. മത്താ.4,6



www.malankaralibrary.com

ത്തിന്റെ പാദം സ്വതന്ത്രമായിരുന്നെങ്കിൽ, അവിടുത്തെ പാദങ്ങൾ തുളയ്ക്കപ്പെട്ടു. നാം വസ്ത്രാലംകൃതരാകാൻ നമ്മുടെ കർത്താവ് വിവസ്ത്രനാക്കപ്പെട്ടു. മനുഷ്യരെ കടിച്ച സർപ്പത്തിന്റെ വിഷം കയ്പ്പും വിനാഗിരിയും കൊണ്ട് അവിടുന്ന് മധുരതരമാക്കി.

*പ്രതിസ്തോത്രം: എന്നെ കീഴടക്കുകയും തന്റെ മഹത്വത്തിനായി മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. മരണം: നീ ദൈവമാണെങ്കിൽ നിന്റെ ശക്തി കാണിക്കുക. എന്നാൽ നീ മനുഷ്യൻ മാത്രമാണെങ്കിൽ, ഞങ്ങളുടെ ശക്തി പരീക്ഷിച്ചു നോക്കുക. നിനക്ക് ആദത്തെയാണ് വേണ്ടതെങ്കിൽ, കടന്നുകൊള്ളണം. അവന്റെ കടങ്ങൾ നിമിത്തം അവൻ ഇവിടെ ബന്ധനസ്ഥനാണ്. അവനെ വിടുവിക്കാൻ ക്രോബേന്മാർക്കോ, സ്രാപ്പേന്മാർക്കോ കഴിവില്ല. അവനുവേണ്ടി തന്നെത്തന്നെ നൽകാൻ അവരുടെ ഇടയിൽ ഒരു മർത്യനുമില്ല. പാതാളത്തിന്റെ വായ് തുറന്ന് താഴേക്ക് ഊളിയിട്ടിറങ്ങി അവിടെ നിന്ന് അവനെ ഉയർത്തിക്കൊണ്ടുവരാൻ ആർക്കു സാധിക്കും? പാതാളം അവനെ വിഴുങ്ങുകയും എന്നേക്കുമായി അവനെ സ്വന്തമാക്കുകയും ചെയ്തിരിക്കുന്നു.

3. എല്ലാ ബുദ്ധിമാന്മാരെയും ഞാനാണ് കീഴടക്കിയത്. ഞാൻ അവരെ പാതാളത്തിന്റെ മൂലയ്ക്ക് കുന്നുകൂട്ടിയിട്ടു. ജോസഫിന്റെ പുത്രാ, വന്ന് അകത്തുകടന്ന് ഭീകരതകൾ കാണുക! മല്ലന്മാരുടെ അവയവങ്ങൾ, സാംസന്റെ വലിയ ജഡം, ക്രൂരനായ ഗോലിയാത്തിന്റെ അസ്ഥികൂടം! ഇരുമ്പുകൊണ്ട് തനിക്കായി ഒരു കട്ടിലുണ്ടാക്കി അതിൽ വിശ്രമിച്ച രാക്ഷസവംശത്തിൽ പെട്ട ഓഗിനെയും ഞാൻ ഇവിടേക്കെറിഞ്ഞു.[7] പാതാളകവാടത്തിൽ ആ ദേവദാരു ഞാൻ വെട്ടിയിട്ടു!

4. ഞാൻ മാത്രമാണ് അനേകരെ കീഴ്പ്പെടുത്തിയത്. എന്നാലിപ്പോൾ ഏകജാതൻ എന്നെ കീഴടക്കാൻ നോക്കുന്നു. പ്രവാചകന്മാരെയും പുരോഹിതന്മാരെയും വീരപുരുഷന്മാരെയും ഞാൻ പാതാളത്തിലേക്ക് ആനയിച്ചു. രാജാക്കന്മാരെ സൈന്യങ്ങളോടുകൂടെയും രാക്ഷസന്മാരെ അവരുടെ കൊള്ളമുതലുകളോടുകൂടെയും നീതിമാന്മാരെ അവരുടെ സത്കർമങ്ങളോടുകൂടെയും ഞാൻ പാതാളത്തിലേക്കെറിഞ്ഞു. ജഡം നിറഞ്ഞ അനേകം നദികൾ ഞാൻ അതിലേക്ക് ഒഴുക്കിയെങ്കിലും അത് ദാഹാർത്തയായിരിക്കുന്നു. മനുഷ്യൻ അടുത്തായാലും അകലെ ആയാലും, അന്ത്യം അവനെ പാതാളവാതിൽക്കൽ എത്തിക്കുന്നു.

5. ധനവാന്മാരുടെ പണം ഞാൻ നിന്ദിച്ചു. അവരുടെ സമ്മാനങ്ങൾ എന്നെ പ്രലോഭിപ്പിച്ചില്ല. ഉടമസ്ഥനു പകരം ഒരടിമയെയോ, ധനവാനു പകരം

7. ആവ.3,11



www.malankaralibrary.com

ദരിദ്രനെയോ, ശിശുവിനു പകരം വൃദ്ധനെയോ എടുക്കാൻ ആരും എന്നെ ഒരിക്കലും വശീകരിച്ചില്ല. വന്യമൃഗങ്ങളെ മെരുക്കാൻ സാത്വികർക്കു കഴിഞ്ഞേക്കും. എന്നാൽ അവരുടെ സൂത്രവാക്യങ്ങളൊന്നും എന്റെ കാതിൽ കയറുന്നില്ല. 'പ്രേരണയുടെ വിരോധി' എന്ന് എല്ലാവരും എന്നെ വിളിക്കുന്നു; എന്നാൽ ഞാൻ എന്റെ കർത്തവ്യം നിർവഹിക്കുന്നു എന്നു മാത്രം!

6. എന്നെ കീഴടക്കിയ ഇതാര്? ആരുടെ മകൻ? ഇവൻ ഏതു കുടുംബത്തിൽ പെട്ടവനാണ്? വംശാവലികളുള്ള പുസ്തകം ഇതാ, എന്റെ പക്കലുണ്ട്. ആദം മുതലുള്ള എല്ലാ പേരുകളും വായിക്കാൻ ഞാൻ ബദ്ധപ്പെട്ടു; മരിച്ചവരിൽ ആരും രക്ഷപെട്ടിട്ടില്ല. ഗോത്രം ഗോത്രമായി അവയെല്ലാം എന്റെ താളുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്റെ കൈകളിൽ നിന്ന് ആരും രക്ഷപെടുന്നില്ലെന്നു കാണിക്കാൻ, യേശുവേ, നിനക്കുവേണ്ടിയാണ് ഞാൻ ഈ എണ്ണമെടുത്തത്.

7. ഞാൻ വഞ്ചിക്കരുതല്ലോ! പാതാളത്തിൽ എന്റെ പക്കൽ പേരില്ലാത്ത രണ്ടുപേരുണ്ട്: ഹാനോക്കും ഏലിയായും എന്റെ പക്കലെത്തിയില്ല! സൃഷ്ടി മുഴുവൻ ഞാൻ അവരെ തേടി; യോനാ പോയ സ്ഥലത്തേക്കും പോയി, അവിടെയെല്ലാം തിരഞ്ഞു; എന്നാൽ അവർ അവിടെ ഇല്ലായിരുന്നു. അവർ രക്ഷപെട്ട് പറുദീസായിൽ പ്രവേശിച്ചു കാണുമെന്നു ഞാൻ ചിന്തിച്ചപ്പോൾ, അതിനെ സംരക്ഷിച്ചുകൊണ്ട് ഭയങ്കരനായ ക്രോബേ നിൽക്കുന്നു.[8] യാക്കോബ് ഒരു ഗോവണി കണ്ടു;[9] ഒരുപക്ഷേ അതിലൂടെയാകാം അവർ സ്വർഗത്തിലേക്ക് കരേറിയത്.

8. ആരാണ് കടൽത്തീരത്തെ മണൽ അളന്നതും അതിൽ നിന്ന് രണ്ട് തരികൾ മാത്രം അളക്കാതിരുന്നതും? ഈ കൊയ്ത്തിൽ കൊയ്ത്തുകാരെപ്പോലെ അനുദിനം സജീവമായിരിക്കുന്ന രോഗങ്ങളിൽ കതിർകുലകൾ പെറുക്കി കെട്ടുന്നത് ഞാൻ മാത്രമാണ്. കറ്റകെട്ടുകാർ ധൃതിയിൽ കതിർകുലകൾ കാണാതെപോകുന്നു, മുന്തിരിങ്ങാ പറിക്കുന്നവർ കുലകൾ മുഴുവനായി മറന്നുപോകുന്നു. എന്നാൽ ഞാൻ തന്നെ ശേഖരിക്കുന്ന മഹാകൊയ്ത്തിൽ രണ്ടു ചെറിയ കതിരുകൾ മാത്രമാണ് അവശേഷിച്ചത്.

9. മരണം പറയുന്നു: കടലിലും കരയിലും എല്ലാം പിടിച്ചെടുക്കുന്നത് ഞാനാണ്. ആകാശത്തിലെ കഴുകന്മാർ എന്റെ പക്കലെത്തുന്നു. അതുപോലെ അഗാധത്തിലെ വ്യാളങ്ങളും ഇഴജന്തുക്കളും പറവകളും മൃഗങ്ങളും വൃദ്ധരും യുവാക്കളും കുഞ്ഞുങ്ങളും എന്റെ പക്കലെത്തുന്നു. മറിയത്തിന്റെ മകനേ, എല്ലാറ്റിനെയും ഭരിക്കുന്നത് എന്റെ ആധിപത്യമാണെന്ന് ഇവയെല്ലാം നിന്നെ പ്രേരിപ്പിക്കേണ്ടതാണ്. ആദിയിൽ മരത്തിലൂടെയാണ് ഞാൻ കട

8. ഉൽപ.3,24; 9. ഉൽപ. 28,12

www.malankaralibrary.com

ന്നാക്രമിച്ച് വിജയം വരിച്ചത്; അപ്പോൾ നിന്റെ കുരിശിന് എങ്ങനെ എന്നെ കീഴടക്കാൻ കഴിയും?

10. എനിക്ക് വളരെ കൂടുതൽ പറയണമെന്നുണ്ട്. കാരണം, എനിക്ക് വാക്കുകൾക്ക് പഞ്ഞമില്ല! എന്നാൽ അധികം പറയേണ്ട കാര്യമില്ല,; കാരണം, പ്രവൃത്തികൾ അടുത്തുതന്നെ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നു. ഒരുത്ഥാനം ഉണ്ടാകുമെന്നു പറഞ്ഞ് നിന്നെപ്പോലെ സാധാരണക്കാരോട് നിഗൂഢ കാര്യങ്ങൾ ഞാൻ വാഗ്ദാനം ചെയ്യുന്നില്ല. എപ്പോൾ? എങ്ങനെ? എന്നു ഞാൻ ചോദിക്കയാണ്. നീയത്ര കരുത്തനാണെങ്കിൽ, നിന്റെ ഭാവിവാഗ്ദാനം വിശ്വസനീയമാകാൻ ഇപ്പോൾ ഒരച്ചാരം തരിക.

11. മരണം തന്റെ അധിക്ഷേപവാക്കുകൾ അവസാനിപ്പിച്ചു. കല്ലറകൾ ഓരോന്നോരോന്നായി പൊളിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ സ്വരം അത്യുഗ്രമായി പാതാളത്തിൽ മുഴങ്ങി.[10] മരണം ഞെട്ടിവിറച്ചു. എല്ലാവർക്കും ജീവൻ പ്രദാനം ചെയ്ത മരിച്ചവനെ എതിരേൽക്കാൻ, മരിച്ചവരെ പുറത്തുകടത്താൻ കടന്നുവന്ന മാലാഖമാരിൽ നിന്നുള്ള പ്രകാശകിരണങ്ങൾ, ഒരിക്കലും പ്രകാശം കടക്കാതിരുന്നിടത്ത് പതിച്ചു. മരിച്ചവർ പുറത്തേക്കു കടന്നു; എല്ലാവർക്കും ജീവൻ നൽകുന്നവനെ തങ്ങൾ കീഴടക്കിയെന്നു കരുതിയ ജീവനുള്ളവരെ ലജ്ജ മൂടിക്കളഞ്ഞു.

12. മരണം മന്ത്രിച്ചു: "ഞാൻ മോശയുടെ കാലത്ത് ആയിരുന്നെങ്കിൽ! അവൻ എനിക്കൊരു വിരുന്നൊരുക്കി; കാരണം, എല്ലാ ഭവനങ്ങളിലെയും ആദ്യജാതന്മാരെ ഈജിപ്തിലെ ആ കുഞ്ഞാട് എനിക്കു നൽകി. ആദ്യജാതന്മാരെ കുന്നുകുന്നായി എനിക്കുവേണ്ടി പാതാളവാതിൽക്കൽ കൂട്ടിയിട്ടു. എന്നാൽ ഈ പെരുന്നാൾ കുഞ്ഞാട് പാതാളം കൊള്ളയടിക്കുകയും മരിച്ചവരെ കൂട്ടിച്ചേർക്കുകയും അവരെ എന്നിൽ നിന്ന് കടത്തുകയും ചെയ്തു. അന്നത്തെ കുഞ്ഞാട് എനിക്കുവേണ്ടി കല്ലറകൾ നിറച്ചു; ഈ കുഞ്ഞാട് നിറഞ്ഞുകിടന്ന കല്ലറകൾ ശൂന്യമാക്കി.

13. യേശുവിന്റെ മരണം എനിക്ക് പീഡനമാണ്; അവനെ ജീവിക്കാൻ അനുവദിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. എനിക്ക് അവന്റെ മരണത്തേക്കാൾ ഇതായിരുന്നു ഭേദം! എനിക്ക് നിന്ദ്യമായത് ഈയൊരു മൃതന്റെ മരണം മാത്രമാണ്. മറ്റെല്ലാവരുടെയും മരണത്തിൽ ഞാൻ സന്തോഷിച്ചിരുന്നു, എന്നാൽ അവന്റെ മരണത്തിൽ എനിക്കു വെപ്രാളമാണ്. അവൻ ജീവനിലേക്ക് തിരിച്ചെത്തുമെന്ന് എനിക്കുറപ്പാണ്. തന്റെ ജീവിതകാലത്ത് മൂന്നു മൃതരെ അവൻ ജീവിപ്പിച്ച്, അവന്റെ മരണത്തിലൂടെ ജീവനിലേക്ക് തിരികെ

10. മത്താ. 27,52–53



www.malankaralibrary.com

കൊണ്ടുവന്നു. ജീവനിലേക്ക് തിരികെ വന്നവരെ പിടിക്കാൻ ഞാൻ ചെല്ലു മ്പോൾ, അവർ എന്നെ പാതാളവാതിൽക്കൽ ചവിട്ടിമെതിക്കുന്നു.

14. ഞാൻ ഓടിച്ചെന്ന് ആ മരിച്ചവന്റെ മുമ്പിൽ പാതാളവാതിലുകൾ അടയ്ക്കും; അവന്റെ മരണം എന്നെ കൊള്ളയടിച്ചുകളഞ്ഞു. ഇതു ശ്രവി ക്കുന്നവർ എന്റെ അപമാനത്തെപ്പറ്റി ആശ്ചര്യപ്പെടും; കാരണം, വെളി യിൽവച്ച് ഒരു മൃതൻ എന്നെ കീഴ്പ്പെടുത്തി. എല്ലാ മരിച്ചവരും പുറത്തുകട ക്കാൻ തത്രപ്പെടുന്നു; എന്നാൽ ഇവനാകട്ടെ, അകത്തുകടക്കാൻ തിക്കിത്തി രക്കുന്നു. ജീവന്റെ ഔഷധം പാതാളത്തിൽ കടന്ന്, അതിലെ മരിച്ചവരെ ജീവനിലേക്ക് കൊണ്ടുവന്നു. തണുത്തതും ഇരുണ്ടതുമായ പാതാളത്തിന്റെ ഉള്ളറകൾ ഉരുക്കാൻ സജീവാഗ്നി ഇവിടെ കൊണ്ടുവന്ന് എന്നിൽ നിന്ന് ഒളിച്ചു വച്ചതാരാണ്?

15. മരണം മാലാഖമാരെ, മർത്യർക്കുപകരം അമർത്യരെ, പാതാള ത്തിൽ കണ്ടു. അവൻ പറഞ്ഞു: നമ്മുടെ വാസസ്ഥലത്ത് കുഴപ്പം കടന്നിരി ക്കുന്നു. രണ്ടുകാര്യങ്ങളാൽ ഞാൻ ക്ലേശിക്കുന്നു. മരിച്ചവർ പാതാളം വിട്ടു, മരിക്കാത്ത മാലാഖമാർ അതിനുള്ളിൽ കടന്നു. ഒരുവൻ കടന്ന് അവന്റെ തലയ്ക്കലും അവന്റെ കൂട്ടുകാരനായ മറ്റവൻ അവന്റെ കാൽക്കലും.[11] തന്റെ ജാമ്യവസ്തു എടുത്തുകൊണ്ട് തന്റെ രാജ്യത്തിലേക്ക് പോകാൻ ഞാൻ അവനോട് അപേക്ഷിക്കുകയും അവനെ പ്രേരിപ്പിക്കുകയും ചെയ്യും.

16. നല്ല യേശുവേ, എന്റെ അഹന്ത നിന്റെ മുമ്പാകെ ഉച്ചരിച്ച വാക്കു കൾ നിമിത്തം എന്നോട് കോപിക്കരുതേ! നീ സത്യമായും മനുഷ്യനാണെന്ന് നിന്റെ കുരിശ് കാണുന്ന ആരാണ് സംശയിക്കുക? നിന്റെ ശക്തി കാണുന്ന ആരാണ് നീ ദൈവവുമാണെന്ന് വിശ്വസിക്കാൻ കൂട്ടാക്കാത്തത്? ഈ രണ്ടു സംഗതികളാൽ നീ ദൈവവും മനുഷ്യനുമാണെന്ന് ഏറ്റുപറയാൻ ഞാൻ പഠിച്ചിരിക്കുന്നു. കർത്താവേ, പാതാളത്തിൽ മനുഷ്യർക്ക് അനുതപിക്കാൻ കഴിയാത്തതിനാൽ, എഴുന്നേറ്റ് മനുഷ്യരുടെ ഇടയിൽ അനുതാപം പ്രഘോ ഷിച്ചാലും.

17. രാജാവായ യേശുവേ, എന്റെ അപേക്ഷ സ്വീകരിക്കണമെ. എന്റെ അപേക്ഷയോടൊപ്പം നിന്റെ ജാമ്യവസ്തു, ആദം എന്ന നിന്റെ വലിയ ജാമ്യ വസ്തു, എടുത്തുകൊണ്ടുപോകുക. ഞാൻ അവനെ സ്വീകരിച്ചപ്പോൾ, അ വനിൽ ജീവനുള്ള സകലരും മറഞ്ഞിരുന്നതുപോലെ, അവനിൽ എല്ലാ മൃതരും മറഞ്ഞിരിക്കുന്നു. ആദ്യജാമ്യവസ്തുവായി ഞാൻ നിനക്ക് ആദ ത്തിന്റെ ശരീരം തരുന്നു. നീ സ്വർഗാരോഹണം ചെയ്ത് എല്ലാവരുടെയും മേലും ഭരണം നടത്തുക. നിന്റെ കുഴൽവിളിനാദം കേൾക്കുമ്പോൾ നിന്റെ

11. യോഹ. 20,12


www.malankaralibrary.com

വരവിൽ എന്റെ കൈകൊണ്ടുതന്നെ എല്ലാ മരിച്ചവരെയും ഞാൻ പുറപ്പെടുവിക്കും.

18. നമ്മുടെ സജീവരാജാവ് ജേതാവിനെപ്പോലെ പാതാളത്തിൽ നിന്ന് കയറി മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. ഇടതുപക്ഷക്കാർക്ക് ഇരട്ടിദുരിതവും അശുദ്ധാത്മാക്കൾക്കും പിശാചുക്കൾക്കും വിസ്മയവും സാത്താനും മരണത്തിനും വേദനയും പാപത്തിനും പാതാളത്തിനും നിലവിളിയും എന്നാൽ വലതുപക്ഷക്കാർക്ക് ഇന്ന് സന്തോഷവും കൈവന്നിരിക്കുന്നു. അതുകൊണ്ട് ഈ മഹാദിനത്തിൽ അവിടുത്തേക്ക് മഹനീയസ്തുതി അർപ്പിക്കാം. കാരണം, എല്ലാവർക്കും ജീവനും ഉത്ഥാനവും പ്രദാനം ചെയ്യാനായി അവിടുന്ന് മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

# 37

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (3)

1. പാതാളത്തിന്റെ നിക്ഷേപങ്ങൾ കൊള്ളയടിക്കപ്പെട്ടു എന്നുകണ്ട് മരണം അതിനെപ്പറ്റി കണ്ണീർ പൊഴിച്ചുകൊണ്ട് പറഞ്ഞു: ആരാണ് നിന്റെ സമ്പത്ത് കൊള്ളയടിച്ചത്? ഗേഹാസി മോഷ്ടിച്ചു, അത് കണ്ടുപിടിക്കപ്പെട്ടു.[12] ഞാൻ എല്ലാ ദിവസവും മോഷ്ടിക്കുന്നു, എന്നാൽ എന്റെമേൽ ആരും മോഷണം ആരോപിക്കാറില്ല. രാജാക്കന്മാരുടെ രോഗാവസ്ഥയിൽ ഞാൻ കടന്നുചെല്ലുന്നു. അവരുടെ കാവൽക്കാർ ചുറ്റും നിൽക്കുന്നു, കാവൽക്കാർ വാതിൽക്കൽ നിൽക്കുന്നു. രാജാക്കന്മാരുടെ ജീവനെടുത്തുകൊണ്ട് സ്വതന്ത്രനായി ഞാൻ നടന്നുകളയുന്നു.

*പ്രതിസ്തോത്രം: തന്റെ കുരിശാൽ പാതാളത്തിന്റെ മുള്ള് ഒടിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. വന്ധ്യകളെല്ലാം ദുഃഖിതരാണ്; പാതാളമാകട്ടെ, തന്റെ വന്ധ്യത്വത്തിൽ സന്തോഷിക്കുന്നു. അവൾ പ്രസവിച്ചാൽ അവൾ വിജനമായിപ്പോകും. എല്ലാറ്റിനെയും കീഴടക്കുന്ന ശക്തി, തണുത്തതും ഫലരഹിതവുമായ ഉദരത്തെ നിർബന്ധിക്കുകയും നന്ദികെട്ടതാണെങ്കിലും അതിന് ശക്തി തിരികെ കൊടുക്കുകയും ചെയ്തു. റിബേക്കായെ ഉദരത്തിൽ ഇരട്ടകൾ ക്ലേശിപ്പിച്ചപ്പോൾ, അവൾ മരണത്തിനായി പ്രാർഥിച്ചു.[13] നവരീതിയിലുള്ള വേദന

12. 2രാജാ.5,26; 13. ഉൽപ. 25,22



www.malankaralibrary.com

യാൽ പീഡിപ്പിക്കപ്പെട്ട പാതാളത്തിന്റെ വേദന എത്ര വലുതായിരുന്നു. മരിച്ചവർ ഉയിർത്ത് അവളുടെ ഉദരം പിളർന്ന് പുറത്തുവന്നു.

3. ആരെങ്കിലും ഇങ്ങനെയൊന്ന് കേട്ടിട്ടുണ്ടോ? ധര ഒരുദിവസം പ്രസവവേദന അനുഭവിച്ച് ഒരു നാഴികകൊണ്ട് ഒരു ജനതതിയെ പ്രസവിക്കുമോ? എന്ന് ഏശായാ എഴുന്നേറ്റ് പറഞ്ഞത് (66,8) ഞാൻ കേൾക്കുകയും ശ്രദ്ധിക്കാതെ പോകുകയും ചെയ്തത് ഒരുപക്ഷേ ഇതേപ്പറ്റിയാണോ? ഇതാണോ സംഭവിച്ചിരിക്കുന്നത്? അതോ, അതിനായി നാമിനിയും കാത്തിരിക്കണമോ? ഇത് വരാനിരിക്കുന്നതിന്റെ നിഴൽ മാത്രമാണെങ്കിൽ, ഞാനാണ് രാജാവ് എന്നു വിശ്വസിച്ചത് തെറ്റാണ്; ഞാൻ കാത്തുസൂക്ഷിക്കുന്നത് ഒരു ജാമ്യവസ്തു മാത്രമാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല!

4. ആ ഏശായായിൽനിന്ന് രണ്ടു വ്യത്യസ്ത പ്രഖ്യാപനങ്ങൾ ഞാൻ കേട്ടു: "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും"(7,14); "ധര ഉൽപ്പാദിപ്പിക്കും" എന്ന് അവൻ വീണ്ടും പറഞ്ഞു. ഇതാ, കന്യക അവനെ പ്രസവിച്ചു. തങ്ങളുടെ പ്രകൃതിക്കെതിരായി കന്യകയുടെ ഉദരം, പാതാളം എന്നീ രണ്ട് ഉദരങ്ങളെ അവൻ കർമനിരതമാക്കി. അവന്റെ ജനനത്തിൽ കന്യക സന്തോഷിച്ചു. എന്നാൽ അവൻ തന്റെ ഉത്ഥാനത്താൽ പാതാളത്തെ ഭയപ്പെടുത്തുകയും ദുഃഖിപ്പിക്കുകയും ചെയ്തു.

5. ചോദ്യം ചെയ്യപ്പെട്ടപ്പോൾ, മരിച്ചവരെ ഉയിർപ്പിച്ച ആ എസക്കിയേലിനെ ഞാൻ താഴ്വരയിൽ കണ്ടു.[14] ചിതറിക്കിടന്ന അസ്ഥികൾ ചലിക്കുന്നത് ഞാൻ കണ്ടു. ഇതാ, പാതാളത്തിൽ അസ്ഥികളുടെ ഒരാരവം! ഒരസ്ഥി അതിന്റെ സഖിയെയും ഒരു സന്ധിബന്ധം മറ്റൊന്നിനെയും തേടി. ഈ അസ്ഥികൾ വീണ്ടും ജീവിക്കുമോ? എന്ന് ആരും അവിടെ ചോദിച്ചില്ല, ആരോടും ചോദിച്ചില്ല. ചോദ്യംചെയ്യപ്പെടാതെ, സർവസൃഷ്ടികളുടെയും നാഥനായ യേശുവിന്റെ സ്വരം അവയ്ക്ക് ജീവൻ നൽകി.

6. ദുഃഖിതരായ മരിച്ചവർ സന്തുഷ്ടരായിരിക്കുന്നതുകണ്ട് പാതാളം ദുഃഖിതയായി. ലാസർ തന്റെ കല്ലറ വിട്ടതിൽ അത് കരഞ്ഞു. ജീവിക്കുന്ന മൃതനേ, സഹതാപാർഹനേ, രണ്ടുകൂട്ടരെ ദുഃഖിപ്പിച്ചവനേ, സമാധാനത്താലേ പോകുക. അകത്തും പുറത്തും അവനായി വിലാപം നടന്നു. എന്റെ പക്കലേക്കുള്ള നിന്റെ കല്ലറപ്രവേശനത്തിൽ നിന്റെ സഹോദരിമാർ വിലപിച്ചു. നീ അതുവിട്ടപ്പോൾ ഞാൻ വിലപിച്ചു. ജീവിച്ചിരിക്കുന്നവർ അവന്റെ മരണത്തിൽ വിലപിച്ചു. അവന്റെ തിരിച്ചുപോക്കിൽ പാതാളത്തിൽ വലിയ വിലാപമുണ്ടായി.

7. തന്റെ പ്രിയമകനെപ്പറ്റി കരയുന്നവരുടെ ദുഃഖം എത്രമാത്രമെന്ന്

14. എസ.37,1–2



www.malankaralibrary.com

ഞാനിപ്പോൾ നേരിട്ടനുഭവിച്ചു. പാതാളത്തിന് പരേതർ പ്രിയംകരരാണെങ്കിൽ, കുഞ്ഞുങ്ങൾ തങ്ങളുടെ മാതാപിതാക്കൾക്ക് എത്രയധികമായി പ്രിയം കരരായിരിക്കണം! ഇതാ, ഞാൻ വേർപെടുത്തി വഹിച്ചുകൊണ്ടുപോയ അവ യവങ്ങൾ എന്നിൽ നിന്ന് പിടിച്ചെടുത്ത് കൊണ്ടുപോയിരിക്കുന്നു. ജീവനി ലേക്ക് തിരികെ കൊണ്ടുവന്ന യുവാവിന്റെ വേർപാടിനെപ്പറ്റി ഞാൻ ഇപ്ര കാരം ദുഃഖിക്കുന്നെങ്കിൽ, വിധവയുടെമേൽ അനുകമ്പ തോന്നിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.[15] നിർജീവമായിത്തീർന്ന അവളുടെ ഭവനത്തിന് അവളുടെ ഏകജാതനിലൂടെ അവിടുന്ന് ശാന്തി പ്രദാനം ചെയ്തു.

8. തങ്ങളുടെ വത്സലരെപ്രതി മനുഷ്യർ സഹിക്കാൻ ഞാനുണ്ടാക്കുന്ന ക്ലേശം അവസാനം എനിക്കുതന്നെ വന്നുഭവിച്ചു. കാരണം, മരിച്ചവരെല്ലാം പാതാളം വിടുമ്പോൾ, എല്ലാ മനുഷ്യരും ഉയിർത്തെഴുന്നെൽക്കും; എനി ക്കുമാത്രം പീഡനം അവശേഷിക്കും. എങ്ങനെ ആ സ്വരം കല്ലറകൾ തുറ ക്കുന്നെന്നും പാതാളത്തെ ശൂന്യമാക്കിക്കൊണ്ട് അതിലുണ്ടായിരുന്ന പരേ തരെ പുറത്തേക്ക് ആനയിക്കുന്നെന്നും കാണേണ്ടിവരുമ്പോൾ, ആർക്ക് എന്നെ താങ്ങിനിർത്താൻ കഴിയും?

9. പ്രവാചകഗ്രന്ഥങ്ങൾ വായിച്ചാൽ നീതിനിറഞ്ഞ യുദ്ധങ്ങളെപ്പറ്റി അവിടെ കേൾക്കാൻ കഴിയും. എന്നാൽ യേശുവിന്റെ ചരിത്രത്തിലേക്ക് ആഴ ത്തിൽ ഇറങ്ങിയാൽ, കരുണയും സ്നേഹവും മാത്രമേ കാണാൻ കഴിയൂ. യേശുവിനെപ്പറ്റി അവൻ ഒരന്യനാണെന്ന് ആരെങ്കിലും ചിന്തിച്ചാൽ, അത് എനിക്കെതിരെ കുറ്റാരോപണം ആയിരിക്കും. മറ്റൊരന്യതാക്കോലും പാതാള വാതിലിന് ഒരിക്കലും പറ്റിയതല്ല. അവിടെ തുറന്നതും തന്റെ വരവിൽ തുറക്കുന്നതുമായി സ്രഷ്ടാവിന്റെ ഏകതാക്കോൽ മാത്രമേയുള്ളൂ.

10. അസ്ഥികൾ ഒന്നിച്ചുചേർക്കാൻ ആർക്കാണ് കഴിയുക? അവയെ സൃഷ്ടിച്ച ആ ശക്തിക്കുമാത്രം! ശരീരത്തിലെ കളിമണ്ണിനെ വീണ്ടും ഉറപ്പി ക്കുന്നതാരാണ്? സ്രഷ്ടാവിന്റെ കരംമാത്രം! രൂപം വീണ്ടും നിർമിക്കുന്നതാ രാണ്? നിർമാതാവിന്റെ വരലുകൾ മാത്രം! സൃഷ്ടിക്കുകയും പിന്നെ നശി പ്പിക്കുകയും ചെയ്ത ആളിനു മാത്രമേ നവീകരിക്കാനും ജീവിപ്പിക്കാനും കഴിയൂ. മറ്റൊരു ദൈവത്തിനും കടന്നുവരാനും തന്റേതല്ലാത്ത സൃഷ്ടിയെ പുനഃസ്ഥാപിക്കാനും കഴിയില്ല.

11. മറ്റൊരു ദൈവികശക്തി ഉണ്ടെങ്കിൽ, അത് എന്റെ പക്കലേക്കു വരുന്നതിനും പാതാളത്തിന്റെ അടിത്തട്ടിലേക്ക് താണിറങ്ങി ഏകൻ മാത്ര മാണ് ദൈവമെന്ന് ഗ്രഹിക്കുന്നതിനും ഞാൻ ആഗ്രഹിച്ചു. തങ്ങളുടെ തെറ്റിൽ അനേകം ദേവന്മാരെ പ്രഘോഷിച്ച മർത്യരെ ഞാൻ പാതാളത്തിൽ തള ച്ചിട്ടു. എന്നാൽ അവരുടെ ദേവന്മാർ അവരെപ്രതി ഒരിക്കലും ദുഃഖിച്ചിട്ടില്ല.

15. ലൂ.7,12.14



www.malankaralibrary.com

എനിക്ക് ഒരു ദൈവത്തെ മാത്രമേ അറിയാവൂ; അവന്റെ പ്രവാചകരെയും ശ്ലീഹന്മാരെയും മാത്രമേ എനിക്കറിയാവൂ.

# 38

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (4)

1. ഞാൻ എനിക്കായി പാതാളത്തിൽ ഒരു സിംഹാസനം സജ്ജമാക്കിയിരുന്നു. ഒരു മൃതൻ എഴുന്നേറ്റുവന്ന് എന്നെ അതിൽ നിന്ന് തട്ടിമറിച്ചിട്ടു. എന്റെ മുമ്പിൽ മാത്രമാണ് എല്ലാ മനുഷ്യരും ഭയപ്പെട്ടിരുന്നത്; എന്നാൽ ഞാൻ ഒരുത്തനെയും ഭയപ്പെട്ടില്ല. ജീവിക്കുന്നവരുടെ ഇടയിലാണ് ഭീതിയും ദുഃഖവും; മരിച്ചവരുടെ ഇടയിൽ ശാന്തിയും സമാധാനവും വാഴുന്നു. മരിച്ച ഒരുവനിൽ പാതാളത്തെ പിടികൂടുന്നവൻ കടന്നിരിക്കുന്നു. ഞാൻ എല്ലാവരെയും പിടികൂടി തടവുകാരാക്കി. എന്നാൽ ഞാൻ തടവിലാക്കിയ ഒരു തടവുകാരൻ എന്നെ തടവുകാരനാക്കി. അവൻ തന്റെ തടവുകാരെ ആനയിച്ച് പറുദീസായിലേക്കു കടന്നു.[16]

*പ്രതിസ്തോത്രം: തന്റെ കുരിശാൽ പാതാളത്തിലെ മൃതരെ ജീവിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. എല്ലാവരും എനിക്കെതിരെ പരാതിപ്പെടുന്നു; എന്നാൽ ഞാൻ ഒരാൾക്കെതിരായി മാത്രമേ പരാതിപ്പെടുന്നുള്ളു. എന്നെപ്പോലെ നീതിമാനായി മനുഷ്യരുടെ ഇടയിൽ ആരുണ്ട്? കുറച്ചു സമയത്തേക്കെങ്കിലും എന്റെ സത്യസന്ധതയിൽ എത്തിച്ചേരാൻ ആർക്കു കഴിഞ്ഞിട്ടുണ്ട്? ഞാൻ എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നു. കൈക്കൂലി എന്താണെന്ന് എനിക്കറിയില്ലെന്ന് എന്നെ വെറുക്കുന്നവർക്ക് അറിയാം. എനിക്ക് രാജാക്കന്മാരോട് ഒരു പരിഗണനയുമില്ല. എന്നിലൂടെയാണ് സമത്വം പ്രഘോഷിക്കപ്പെടുന്നത്. കാരണം, യജമാനനെയും ദാസനെയും ഞാൻ പാതാളത്തിൽ ഒരുപോലെ ആക്കുന്നു.

3. മുഖം നോട്ടമില്ലാത്ത ദൈവത്തിൻ മുമ്പാകെ[17] ഞാൻ ശുശ്രൂഷ ചെയ്യുന്നു. എന്നെപ്പോലെ ക്ഷമയുള്ള മറ്റൊരാളുണ്ടോ? ഞാൻ നന്മ ചെയ്യുമ്പോൾ മനുഷ്യർ എന്നെ ശപിക്കുന്നു. ഞാൻ ചെയ്യുന്ന നന്മകൾക്കുപകരം ദുഷിച്ച രീതിയിൽ എന്നോട് പ്രതികാരം ചെയ്യുന്നു. എന്റെ പ്രവൃത്തികൾ നല്ലവയാണ്, എന്റെ നാമം മോശമാണ്. എന്റെ മനസ്സ് അതിന്റെ സത്യ

16. മത്താ. 27,52; 17. റോമ.2,11

www.malankaralibrary.com

സന്ധതയിൽ സമാശ്വസിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടാന്തത്തിൽ ഞാൻ എന്നെത്തന്നെ സാന്ത്വനപ്പെടുത്തുന്നു. കാരണം, നല്ലവനാണെങ്കിലും അനുദിനം അവനോട് മനുഷ്യർ നന്ദികേടു കാട്ടുന്നു; അവനത് സഹിക്കുന്നു.

4. വൃദ്ധരെ എല്ലാവിധ വേദനകളിൽനിന്നും ഞാൻ വിമുക്തരാക്കുന്നു; അതുപോലെ ചെറുപ്പക്കാരെ എല്ലാ പാപങ്ങളിൽ നിന്നും! നിഗൂഢ തർക്കങ്ങൾ ഞാൻ പാതാളത്തിൽ നിശ്ശബ്ദമാക്കുന്നു. ഞങ്ങളുടെ രാജ്യത്ത് അനീതി ഒട്ടുമില്ല. സ്വർഗവും പാതാളവും എല്ലാവിധ പാപങ്ങളിൽ നിന്നും വിമുക്തമാണ്. അവയ്ക്കിടയിലുള്ള ഈ ധരയിൽ അനീതി കുടികൊള്ളുന്നു. അതുകൊണ്ട് വിവേകി ഒന്നുകിൽ സ്വർഗത്തിലേക്കു പോകും; അത് കഠിനമാണെങ്കിൽ എളുപ്പമുള്ള പാതാളത്തിലേക്കു പോകും.

5. ഒരു മനുഷ്യന് മരണത്തിലൂടെ അവന്റെ ഒരു ബന്ധു മാത്രം നഷ്ടപ്പെട്ടാൽപോലും അവനെ സമാശ്വസിപ്പിക്കാൻ എല്ലാവരും ഓടിക്കൂടുന്നു. ജീവനിലേക്ക് തിരിച്ചുവരുന്നതുവഴി അനേകർ നഷ്ടപ്പെട്ട എന്റെ പക്കലേക്ക് എന്നെ സമാശ്വസിപ്പിക്കാൻ ആരും വരുന്നില്ല! ക്രൂദ്ധനായ സാത്താന് അതിന്റെ പേരിൽകൂടി ഏഴിരട്ടി ശാപം! മറിയത്തിന്റെ മകൻ അവനെ കാൽക്കീഴമർത്തിയെങ്കിലും, അവൻ അഹന്ത നിറഞ്ഞവനാണ്. ചവിട്ടി മെതിക്കപ്പെട്ട സർപ്പമാണെങ്കിലും[18] അവൻ ഇപ്പോഴും എതിർത്തുകൊണ്ടിരിക്കുന്നു. തന്റെ കുരിശാൽ എന്നെ കീഴടക്കിയ ഈ യേശുവിനെ താണുവീണ് ആരാധിക്കുന്നതാണ് എനിക്കു മെച്ചം.

6. അവൻ പാതാളകവാടത്തിൽ പ്രവേശിക്കുമ്പോൾ, യോഹന്നാനെപ്പോലെ അറിയിച്ചുകൊണ്ട് ഞാൻ വിളിച്ചുപറയും: "ഇതാ, മരിച്ചവരെ ജീവിപ്പിക്കുന്നവൻ എഴുന്നെള്ളിയിരിക്കുന്നു. യേശുവേ, ഞാനിപ്പോൾ നിന്റെ ദാസനാണ്. നിന്റെ ശരീരം നിമിത്തമാണ് ഞാൻ നിന്നെ നിന്ദിച്ചത്. കാരണം, അതിലൂടെ നീ നിന്റെ ദൈവത്വം മറച്ചുവച്ചു. ഓ, രാജകുമാരാ, നിന്റെ കലവറക്കാരനോട് കോപിക്കരുതേ. നിന്റെ കൽപ്പനയാലാണ് ഞാൻ തുറന്നതും അടച്ചതും. വേഗതയുള്ള ചിറകുകൾ കൊണ്ട് ഞാൻ എല്ലാവശത്തേക്കും പറന്നെത്തിയത് നിന്റെ അംഗുലീചലനത്താലാണ്.

7. ഉയിർപ്പിക്കപ്പെട്ടവരെല്ലാം ആദ്യജാതരായിരുന്നില്ല. കാരണം, നമ്മുടെ കർത്താവാണ് പാതാളത്തിന്റെ ആദ്യജാതൻ. തന്നെ ഉയിർപ്പിച്ച ആ ശക്തിക്ക് മുമ്പിൽ കടക്കാൻ മരിച്ചവന് എങ്ങനെയാണ് കഴിയുക? മുമ്പന്മാരായ പിമ്പന്മാരുണ്ട്;[19] മനാസ്സെ ആദ്യജാതനായിരുന്നെങ്കിലും എങ്ങനെയാണ് എഫ്രേമിന് അവന്റെ ജന്മാവകാശം കിട്ടിയത്?[20] രണ്ടാമത് ജനിച്ചവൻ മുമ്പിൽ കയറിയെങ്കിൽ, എത്രയധികമായി കർത്താവും പുത്രനുമായവൻ തന്റെ ഉത്ഥാനത്തിൽ മുമ്പിൽ കടക്കാതിരിക്കയില്ല!

18. ഉൽപ.3,15; 19. മത്താ 20,16; 20. ഉൽപ.48,14



www.malankaralibrary.com

8. എങ്ങനെ മുമ്പന്മാർ പിമ്പന്മാരാകുമെന്ന് മുന്നറിയിപ്പുകാരനായ യോഹന്നാൻ പ്രസ്താവിക്കുന്നത് കേൾക്കുക: അവൻ ഇപ്രകാരം പറഞ്ഞു: "ഇതാ, എന്റെ പിന്നാലെ ഒരുവൻ വരുന്നു, എന്നാൽ അവൻ എനിക്ക് മുമ്പ നായിരുന്നു (യോഹ.1,30). അവനു പ്രസംഗിക്കാൻ കരുത്തു നൽകിയ ശക്തിക്കു മുമ്പിൽ കടക്കാൻ അവനെങ്ങനെ കഴിയും? കാരണം, ഏതെ ങ്കിലും വസ്തു നേരത്തേയുള്ളതാണെങ്കിലും, അതിന് ഹേതുഭൂതമായിരി ക്കുന്നതിന് ശേഷമുള്ളതായിരിക്കണമല്ലോ അത്! അതിനെ അസ്തിത്വത്തിൽ എത്തിച്ച ഹേതു അതിനേക്കാൾ പ്രായമുള്ളതും എല്ലാത്തരത്തിലും അതിന് മുമ്പുള്ളതുമാണ്.

9. ആദത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട എല്ലാ സൃഷ്ടികളേക്കാളും പ്രായമുള്ളതാണ് ആദത്തിന്റെ ഹേതു. സ്രഷ്ടാവ് സൃഷ്ടിച്ചുകൊണ്ടിരുന്ന പ്പോൾ, ഓരോ മണിക്കൂറിലും ആദത്തെ നോക്കിക്കൊണ്ടിരുന്നു. അപ്പോൾ ആദാം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുതന്നെ സൃഷ്ടികളേക്കാൾ പ്രായമു ള്ളവനായിരുന്നു. എന്റെ കർത്താവേ, നിത്യത മുതലേ നിന്റെ പിതാവിനോടു കൂടെയുള്ള നിന്റെ ദൈവത്വത്തിൽ നിത്യമനുഷ്യത്വം എത്രയധികമായി മുമ്പു ള്ളതായിരിക്കും! ഞങ്ങൾ എല്ലാവരിൽ നിന്നും നിനക്കും നിന്നിലൂടെ നിന്റെ പിതാവിനും സ്തുതിയുണ്ടായിരിക്കട്ടെ.

10. നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. കാരണം, നീ നിന്റെ ദൈവത്വ ത്തിലും നിന്റെ മനുഷ്യത്വത്തിലും ഒന്നാമനാണ്. കാരണം, തന്റെ സ്വർഗാ രോഹണത്തിൽ ഏലിയാ മുമ്പേ പോയെങ്കിലും, ആരേപ്രതി അവൻ എടു ക്കപ്പെട്ടുവോ, അവനു മുമ്പേ പോകുക അസാധ്യമാണ്. നിന്റെ സത്യത്തി ലാണ് അവന്റെ പ്രതീകം ആശ്രയിച്ചിരിക്കുന്നത്. പ്രതീകം ബാഹ്യമായി നിന്റെ പൂർത്തീകരണത്തിന് മുമ്പാണെങ്കിലും, നിഗൂഢമായി ഇതാണ് മുമ്പു ള്ളത്. സൃഷ്ടികൾ ആദത്തിന് മുമ്പുള്ളവയാണ്; സൃഷ്ടികൾ അവനുവേണ്ടി സൃഷ്ടിക്കപ്പെട്ടതിനാൽ, അവനാണ് അവയേക്കാൾ മുമ്പുള്ളവൻ.

11. എന്റെ കർത്താവേ, എനിക്ക് ഈ ഉത്ഥാനം യാഥാർഥ്യമാക്കിത്തര ണമെ. നിന്റെ നിർബന്ധത്താലല്ല, നിന്റെ സ്നേഹത്താൽ! കാരണം, നിന്റെ നിർബന്ധം പാപികളെയും ഉത്ഥാനം ചെയ്യിക്കും. സ്കറിയോത്താപോലും ഗേഹെന്നായിലെ ജീവിതത്തേക്കാൾ പാതാളത്തിലെ മരണം തെരഞ്ഞെടു ക്കും. അതുകൊണ്ട് നിന്റെ കരുണയുടെ ഉത്ഥാനം യാഥാർഥ്യമാക്കിയാലും. നിന്റെ നീതി അനുവദിക്കുന്നില്ലെങ്കിൽപോലും നിന്റെ കൃപയ്ക്ക് ഒരവസരം ഉണ്ടായിരിക്കട്ടെ. എനിക്കുവേണ്ടി ഇക്കാര്യം മാത്രം അത് ഓർത്തിരുന്നാൽ മതി. ഞാൻ അതിലാണ് അഭയം തേടിയിരിക്കുന്നത്.

www.malankaralibrary.com

# 39

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (5)

1. പ്രവാചകന്മാരുടെ കാലം മുതൽ എനിക്ക് കഷ്ടകാലമായിരുന്നു; എന്നാൽ മറിയത്തിന്റെ മകനെപ്പോലെ ആരും എന്നെ കൊള്ളയടിച്ചിട്ടില്ല. ഏലിയാ ഒരു മൃതനെ മാത്രമേ ഉയിർപ്പിച്ചുള്ളു. അവൻ എന്റെ കൈകളിൽ നിന്നു രക്ഷപെട്ടെങ്കിലും അവൻ ജീവിപ്പിച്ചവനെ ഞാൻ അവനിൽനിന്ന് തട്ടിക്കൊണ്ടുപോയി എന്നതിൽ എനിക്ക് ആശ്വാസമുണ്ട്. ഷാഫാത്തിന്റെ മകൻ ഏലീശായിൽ നിന്ന് എനിക്ക് ചുട്ട അടി കിട്ടി; കാരണം, അവൻ രണ്ടു മൃതരെ ജീവിപ്പിച്ചു.[21] അതിനുപകരം പ്രവാചകനെയും അവൻ ജീവിപ്പിച്ച മൃതനെയും ഒറ്റയടിയാൽ ഞാൻ പാതാളത്തിലേക്ക് പറഞ്ഞുവിട്ടു.

*പ്രതിസ്തോത്രം: തന്റെ സ്വരത്താൽ പാതാളത്തിലെ കല്ലറകൾ പൊളിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ബാലന്റെ മേൽ വടിവച്ച ഗേഹാസിയെ കണ്ടപ്പോൾ ഞാൻ ഭയന്നുപോയി. ആ കള്ളൻ ആ വടി വീണ്ടും എടുത്തുകൊണ്ട് തിരിച്ചുപോയി. ഏലീശാ കടന്നുവന്ന് കുട്ടിയുടെമേൽ കിടന്ന് കുട്ടിയെപ്പോലെ തന്നെത്തന്നെ ചെറുതാക്കുകയും പിന്നീട് വലുതാകുകയും ചെയ്തു. എന്നിട്ട് അങ്ങോട്ടും ഇങ്ങോട്ടും നടന്നു.[22] ഞാൻ കണ്ട ആ പ്രതീകത്തിൽ ഞാൻ അത്ഭുതപ്പെട്ടു; എന്നാൽ അവൻ ആ കുട്ടിയെ മാത്രമേ ജീവനിലേക്ക് തിരിച്ചുകൊണ്ടുവന്നുള്ളു! അതൊരു പ്രതീകം മാത്രമായിരുന്നു എന്നതിൽ ഞാൻ സന്തോഷിച്ചു. എന്നാലിപ്പോൾ അങ്ങനെയല്ല, ഇപ്പോൾ മരിച്ചവർ എന്നോട് മത്സരിച്ച് എന്നെ കീഴടക്കിയിരിക്കുന്നു.

3. മോശയുടെ മുഖത്തെ മഹനീയശോഭ കണ്ട് ഞാൻ ഭയന്നുപോയി. എന്നാൽ ഞാൻ ഭയന്നത്രയും എനിക്കു സംഭവിച്ചില്ല. പാതാളത്തിൽ ഒരു വസന്തം വിടരാൻ അവൻ ഇടയാക്കി. നിപതിച്ച ആറുലക്ഷം ജഡത്തിന്മേൽ ഞാൻ മേഞ്ഞുനടന്നു.[23] ഞാൻ വെറുത്ത എളിയവനും ബലഹീനനുമായ ഈ യേശുവാകട്ടെ രോഗികളെയും പീഡിതരെയും സുഖപ്പെടുത്തി; മറ്റുള്ളവർക്ക് അവൻ അപ്പം വർദ്ധിപ്പിച്ചു കൊടുത്തു. എന്നാൽ ഞങ്ങളുടെ വായിലിരുന്ന അപ്പംപോലും അവൻ തട്ടി ദൂരെക്കളഞ്ഞു.

4. കോറാഹിന്റെ വിഭാഗത്തെ ഞാൻ വിഴുങ്ങിയപ്പോൾ പാതാളത്തിൽ വലിയൊരുത്സവമായിരുന്നു. ലേവ്യർക്കിടയിൽ പിളർപ്പുണ്ടാക്കിയപ്പോൾ,

21 1രാജാ.19,16.19; 22. 2രാജാ.4,31.32; 23. പുറ 12,37



www.malankaralibrary.com

സാത്താൻ എനിക്ക് വലിയൊരു വിരുന്നൊരുക്കി. പാപികളുടെ കൂട്ടം പാതാ ത്തിലേക്ക് താണുപോയപ്പോൾ, മരുഭൂമിയിൽ അവൻ എനിക്ക് തേനിന്റെയും പാലിന്റെയും ഉറവ ഒഴുക്കിത്തന്നു.[24] ഇപ്പോൾ, നീതിമാന്മാർ പാതാളംവിട്ട് ജീവനിലേക്ക് തിരികെ പോയിരിക്കുന്നു. മോശ ജീവനുള്ളവരെ അവിടെ താഴേക്കയച്ചു; യേശുവാകട്ടെ മരിച്ചവരെ ജീവിപ്പിച്ച് എഴുന്നേൽപ്പിച്ചു.

5. തങ്ങളുടെ വാൾകൊണ്ട് എനിക്ക് സമൃദ്ധമായ ഭക്ഷണം തയാറാ ക്കിയ തീക്ഷ്ണമതികളുടെ നാളുകളിൽ ഞാൻ ഭാഗ്യവാനായിരുന്നു. തീക്ഷ്ണമതിയായ ഫിനെഹാസ് തന്റെ കുന്തമുനകൊണ്ട് കുത്തി എനി ക്കൊരു വിശിഷ്ടഭോജ്യം തന്നു. തന്റെ കുന്തമുനയിൽ സിംബ്രിയെയും കൊസ്ബിയെയും ഒന്നിച്ച് എനിക്കു തന്നു. തടിച്ചുകൊഴുത്ത രണ്ട് കാള കളെ കുന്തമുനയിൽ ആർക്കു കിട്ടിയിട്ടുണ്ട്?[25] കൊസ്ബിക്കു പകരം സിന ഗോഗ് അധികാരിയായ യായീറോസിന്റെ മകളെ യേശു എന്റെ കൈകളിൽ നിന്ന് തട്ടിയെടുത്തു.[26]

6. ജീവനുള്ളവരുടെയും മരിച്ചവരുടെയും ഇടയ്ക്കുനിന്ന് എന്നെ കീഴ്പ്പെടുത്തിയ അഹറോന്റെ ധൂപം എന്നെ വിറപ്പിച്ചു.[27] കുരിശാകട്ടെ, എന്നെ കൂടുതലായി വിറപ്പിച്ചു; കാരണം, അത് കല്ലറകൾ പിളർന്നു.[28] സ്കീപ്പായാൽ ഞാൻ കൊന്നവൻ അതുകൊണ്ടുതന്നെ എന്നെ ഇപ്പോൾ കൊന്നു. ആയുധധാരിയായ രാക്ഷസൻ ഒരുവനെ കീഴടക്കിയാൽ അതിൽ വലിയ നാണക്കേടില്ല. മറിച്ച് എന്റെ പീഡനത്തേക്കാൾ വലുതാണ് എന്റെ നാണക്കേട്. കാരണം, ക്രൂശിക്കപ്പെട്ട ഒരാൾ ശക്തനായ എന്നെ കീഴടക്കി യിരിക്കുന്നു.

7. ഫിനെഹാസിന്റെ കുന്തവും എന്നെ ഭ്രമിപ്പിച്ചു.[29] കാരണം, തന്റെ ആയുധത്താൽ അവൻ ബാധ തടഞ്ഞു. ജീവവൃക്ഷം കാത്ത ക്രോബയുടെ കുന്തം എന്നെ സന്തോഷിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തു. കാര ണം, അത് ആദത്തെ ജീവനിൽ നിന്ന് അകറ്റിനിർത്തി; ജനത്തെ മരണ ത്തിൽ നിന്ന് തടഞ്ഞു. എന്നാൽ യേശുവിനെ കുത്തിത്തുളച്ച കുന്തം എന്നെ വേദനിപ്പിച്ചു. അവൻ കുത്തിത്തുളയ്ക്കപ്പെട്ടു, ഞാൻ നിലവിളിക്കുന്നു. അവ നിൽ നിന്ന് രക്തവും വെള്ളവും ഒഴുകി. ആദാം അതുകൊണ്ട് കഴുകി ജീവൻ പ്രാപിച്ച് പറുദീസായിലേക്ക് തിരികെ പോയി.

8. സദൂക്യർ എന്റെ നാവായി വർത്തിച്ചു; "മരിച്ചവരുടെ ഉത്ഥാനമേ ഇല്ല" എന്ന് എന്റെ ഹിതാനുസൃതം അവർ അവനോട് തർക്കിച്ചു.[30] യേശു

---

24. സംഖ്യ 16,8; 25. സംഖ്യ 25,8.14f.; 26. ലൂ.8,41; 27. സംഖ്യ 16,16.8

28. മത്താ. 27,52; 29. സംഖ്യ 25,8; 30. മത്താ. 22,23



www.malankaralibrary.com

അവരോട് മറുപടിയായി പറഞ്ഞ വാചകം എനിക്കു മാത്രമേ മനസ്സിലായുള്ളു. മുൾപ്പടർപ്പിൽനിന്ന് അവൻ വിളിച്ചുപറഞ്ഞു; അതുകേട്ട് ഞാൻ ഞെട്ടിവിറച്ചു:[31] "ഞാൻ ആ അബ്രഹാമിന്റെ ദൈവമാണ്. മരിച്ചവരുടെ ദൈവമല്ല." ഇത് വെറും വാക്കുകളിൽ ഒതുങ്ങിനിൽക്കുമെന്നു കരുതിയതിനാലും മരിച്ചവരുടെ ഉത്ഥാനം പ്രവൃത്തിയിലൂടെ അവൻ എന്നെ കാണിക്കാഞ്ഞതിനാലും ഞാൻ സന്തോഷിച്ചിരുന്നു.

9. യേശു ബർനൂൻ മുപ്പത് രാജാക്കന്മാരെ കൊന്ന് എനിക്കുവേണ്ടി കല്ലറകളും കുഴികളും നിറച്ചു.[32] അവൻ ജറീക്കോയെ നാശക്കൂമ്പാരമാക്കുകയും പാതാളം നിറയ്ക്കുകയും ചെയ്തു. എന്നാൽ എഴുന്നെള്ളിവന്ന ഈ യേശുവാകട്ടെ, മരിച്ചവരുടെ കല്ലറകൾ ശൂന്യമാക്കുകയും സ്വർഗീയ നഗരങ്ങൾ ജനസമൃദ്ധമാക്കുകയും ചെയ്തു. പേരിൽ സാമ്യമുള്ള ഇവർ എന്തുകൊണ്ടാണ് തങ്ങളുടെ പ്രവൃത്തികളിലും സാമ്യമുള്ളവർ ആകാതിരുന്നത്? അവൻ എനിക്ക് ആഖാന്റെ ജഡം തന്നു, ഇവൻ ലാസറിന്റെ ശരീരം എന്നിൽ നിന്ന് തട്ടിപ്പറിച്ചു.

10. മോശ ആ ഈജിപ്തുകാരനെ കൊന്നു.[33] അവൻ തന്റെ ശാന്തതയോടുകൂടെ നീതി കലർത്തി. "നിന്റെ ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടെ കാണിച്ചുകൊടുക്കുക;[34] നീ അവനെ വെറുക്കാതിരിക്കാൻ സൂക്ഷിക്കുക" എന്ന് എവിടെ നിന്നാണ് ഈ പുതിയനിയമം ഉടലെടുത്തിരിക്കുന്നത്? അടിച്ചുകൊലപ്പെടുത്തിയ തീക്ഷ്ണതയേറിയവനു പകരം ദിവ്യകാരുണ്യം നമുക്കായി ഉദിച്ചുയർന്നിരിക്കുന്നു. സാമുവേൽ ആഗാഗിനെ കഷണങ്ങളായി നുറുക്കി; യേശുവാകട്ടെ, തളർവാതരോഗിയെ സുഖപ്പെടുത്തി.[35]

11. പരിമിതമായിരുന്ന കാരുണ്യം ഇക്കാലത്ത് സമൃദ്ധമായി. കൽപനലംഘനം ഭയന്ന് കാരുണ്യം സ്വീകൃതമായിരുന്നുമില്ല! ദുഷ്ടരോട് കരുണ കാണിക്കാൻ ആഗ്രഹിച്ചതിനാൽ, ശൗലും ആഹാബും കരുണാരഹിതമായി കൊല്ലപ്പെട്ടു; എന്നാൽ ശിക്ഷാർഹരായവർ കൊല്ലപ്പെട്ടുമില്ല. എന്റെ കാലത്ത് യേശു പൂർണമായി ഇത് മാറ്റിമറിച്ചു: "എല്ലാവരും ജീവിക്കണം, തന്റെ കൊലയാളികളോട് സഹതാപം കാണിക്കണം."

12. സിംഹക്കുട്ടിയായ സാംസണെ ഓർക്കുക: അവൻ ഫിലിസ്ത്യ കാട്ടുകഴുതകളെ പിളർന്ന് എനിക്കുതന്നു.[36] നേറിന്റെ മകനും സൈന്യാധിപനുമായ ആ അബ്നേർ സെരൂയയുടെ മകനും വേഗതയുള്ള കാട്ടുമാനുമായ അസഹേലിനെ എനിക്കു പിടിച്ചുതന്നു. അവനെ കുത്തിത്തുളച്ച് തറയി

31. മത്താ.22,32; 32 ജോഷ്വാ 12,24; 33. പുറ. 2,12

34 മത്താ.5,39 ; 35. 1സാമു.15,33.മത്താ.9,2; 36. ന്യായാ.14,6


www.malankaralibrary.com

ലിട്ടു.[37] എഴുതപ്പെട്ടിരിക്കുന്നതുപോലെ, ബനായാ നീതിപൂർവം വിശുദ്ധ ആല യത്തിൽവച്ച് യോവാബിനെ കൊന്നു.[38] എന്നാൽ ഇപ്പോൾ നീതി തന്റെ വാൾ ഉറയിൽ ഒളിച്ചുവച്ചിരിക്കുന്നതിനാൽ, അനുതാപികൾക്ക് ദൈവിക കൃപയിൽ സന്തോഷിക്കാൻ കഴിയും.

13. ദാവീദ് ഏദോമ്യരെ[39] അളന്ന് ഓരോ രണ്ടുചരട് നീളത്തിൽ കൊന്നു.ദാവീദിന്റെ പുത്രാ, നീ എങ്ങനെ കരുണയുള്ളവൻ ആയിരിക്കുന്നു? ദാവീദിന്റെ നീതി ഇരട്ടിയായിരുന്നു. കാരണം, അവൻ രണ്ട്ചരട് നീളത്തിൽ കൊല്ലാനായി മാറ്റി; ഒരുചരട് നീളത്തിൽ മാത്രം വെറുതേവിട്ടു. അതിനു പ കരം ദാവീദിന്റെ പുത്രൻ ഞങ്ങളെ ഇങ്ങനെ പഠിപ്പിച്ചു: “നിന്റെ സഹോദര നോട് ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കുക.”[40] അവിടെ നീതി അളന്നു നട പ്പാക്കി, ഇവിടെ കൃപ അളവില്ലാതെയും നൽകി.

14. ദാവീദിന് തീക്ഷ്ണതയും ശക്തിയും ഉണ്ടായിരുന്നു. അവൻ സിംഹ ത്തെയും ചെന്നായെയും ഒന്നിച്ചുകൊന്നു.[41] ബലിഷ്ഠനായ സിംഹത്തെ കൊന്നിട്ട്, ശക്തനായ മല്ലനെ എതിരിടാനോടി. ഒരുകല്ലുകൊണ്ട് അവൻ അവന്റെ കഥകഴിച്ചു. അവന്റെ ജീവൻ അവനെവിട്ടു, അവൻ മരിച്ചു. എന്നാൽ യേശുവാകട്ടെ, മരിച്ചവനെ “യുവാവേ” എന്ന് വിളിച്ചു.[42] മരിച്ചവർ അവന് നിദ്രിതർ മാത്രമായിരുന്നു.[43] ആ യുവാവിനെ അവൻ എന്നിൽ നിന്ന് പിടി ച്ചുപറിച്ചു. നിന്ദ്യമായ പന്നിയെ എനിക്കുവേണ്ടി അവൻ കടലിൽ മുക്കി.

15. സ്വർണകാളക്കുട്ടി നിമിത്തം ലേവ്യർ തങ്ങളുടെ പിതാക്കന്മാരെയും സഹോദരങ്ങളെയും കൊന്നുകളഞ്ഞു. ജഫ്താ തന്റെ സ്വന്തംകൈകൊണ്ട് തന്റെ മകളെ കൊന്നു. മോവാബ് രാജാവ് തന്റെ മൂത്തപുത്രനെ മതിലിൻ മേൽ ബലിയർപ്പിച്ചു. അവന്റെ വാളിന്റെ മുമ്പിൽ ഞാൻ ആനന്ദതുന്ദിലനായി. യേശുവഴി വാളിന് മൂർച്ച ഇല്ലാതായി. പാതാളത്തിന്റെ സഹോദരിയായ പനിയെ അവൻ ശാസിച്ചു. ശെമയോന്റെ അമ്മായിയമ്മ സുഖമായി; അവൾ സുഖമായ വാർത്ത പാതാളത്തെ പനിപിടിപ്പിച്ചു.[44]

16. നീതിമാന്റെ പുത്രനാണെങ്കിലും സമസ്തകൃപകളും ഈ യേശു വിലൂടെ അറിയിക്കപ്പെട്ടു. എന്നാൽ എനിക്കവൻ പീഡനം ഒരുക്കി. അസൂയ യാണ് എന്റെ സുഖത്തിന്റെ ഉറവിടം. കാരണം, ആരംഭത്തിൽ ആദ്യത്തെ രക്തച്ചൊരിച്ചിൽ അസൂയ എനിക്കു കലർത്തിത്തന്നു: “നിന്റെ സഹോദര നോട് നീ കോപിക്കരുത്” എന്ന് കൽപ്പിച്ചുകൊണ്ട് കടന്നുവന്ന[45] മറിയ

---

37. 2സാമു.4,18.23; 38. 1രാജാ.2,29–34; 39. മോവാബ്യരെ എന്നും കാണുന്നു.

40. മത്താ.18,21; 41. 1സാമു.17,36; 42. ലൂ.7,14; 43. മത്താ.9,24.

44. പുറ.32,26.8; 2രാജാ.3,27; മർക്കോ.1,30.; 45. മത്താ.5,22.



www.malankaralibrary.com

സുതനോട് ഞാൻ എന്ത് കടപ്പെട്ടിരിക്കുന്നു? അവൻ സഹോദരങ്ങളുടെ ഇടയിൽ നിന്ന് വാൾ അകറ്റിക്കളഞ്ഞു; എന്നാൽ എല്ലാറ്റിലും ആദ്യമായി കായേന്റെ വാളിൽ ഞാൻ സന്തുഷ്ടനാണ്.

17. സിംഹത്തിന്റെ അസ്ഥികൂടത്തിൽ നിന്ന് സാംസൺ തേനട കണ്ടെത്തി. അതൊരു പ്രതീകമാണോ?[46] ഈ യേശു നമുക്ക് പ്രതീകങ്ങൾ വർദ്ധിപ്പിച്ചു. അവന്റെ പ്രതീകങ്ങളുടെ തിരമാലകളിൽ ഞാൻ പെട്ടുപോയി. എല്ലാ പ്രതീകങ്ങളിലും സൂചനകളിലും[47] അവൻ മരിച്ചവരുടെ ഉത്ഥാനം നമുക്ക് കാട്ടിത്തന്നു:"ഭോക്താവിൽ നിന്ന് ഭോജനം പുറപ്പെട്ടു" എന്ന് സാംസൺ കടംകഥ പറഞ്ഞു. എനിക്ക് നേരേ മറിച്ചാണ് സംഭവിച്ചത്: "ഭോജനത്തിൽ നിന്ന് ഭോക്താവ് പുറപ്പെട്ടു". കാരണം, ആദത്തിൽ നിന്ന് ആദത്തിന്റെ മകനുണ്ടായി; അവൻ എന്നെ നശിപ്പിച്ചു.

18. മിക്കപ്പോഴും നീതിമാന്മാരും എന്നെ കീഴടക്കിയിട്ടുണ്ട്. കാരണം, അവർ മരിച്ചവരുടെ ഉത്ഥാനം പ്രഘോഷിച്ചു; എന്നാൽ അവർ എന്റെ ദുഃഖത്തിൽ സമാശ്വാസം കൂട്ടിക്കലർത്തി. ആസായുടെയും ഹെസക്കിയായുടെയും പ്രാർഥനയാൽ ഉച്ചഭക്ഷണത്തിന്, കൊല്ലപ്പെട്ടവരെയും അത്താഴത്തിന്, ജഡങ്ങളെയും ലഭിച്ചു. ഏലിയാ ബാലിന്റെ പ്രവാചകന്മാരെ കൊന്ന് എനിക്കുതന്നു. ജസബേലിന്റെ അപ്പം തിന്നാണ് അവർ തടിച്ചുകൊഴുത്തത്. അത്യാർത്തിയോടെ വിഴുങ്ങാൻ നീതിമാന്മാർ എന്നെ നിർബന്ധിച്ചു.[48] എന്നാൽ ഞാൻ വിഴുങ്ങിയവയെല്ലാം പുറത്തെടുക്കാൻ യേശു എന്നോട് കൽപ്പിച്ചു.

19. എല്ലാ ഭവനകവാടങ്ങളിലും മോശ തളിച്ച രക്തംനിമിത്തം ഞാൻ ഭയപ്പെട്ടുപോയി. കൊല്ലപ്പെട്ടതിന്റെ രക്തം ആയിരുന്നെങ്കിലും അത് ജീവൻ പ്രദാനംചെയ്തു. ഞാൻ ഒരിക്കലും രക്തത്തെ ഭയന്നിരുന്നില്ല. എന്നാൽ കവാടങ്ങളിലെ രക്തവും കുരിശിലെ രക്തവും എന്നെ ഭയപ്പെടുത്തി. കൊല്ലപ്പെടുന്നവരുടെ രക്തം എനിക്ക് സന്തുഷ്ടി പകരുന്നു. അത് സുഗന്ധപരിമളം പോലെയാണ്. എന്നാൽ യേശുവിന്റെ രക്തം എനിക്ക് ഭീതിജനകമാണ്. കാരണം, അവന്റെ രക്തം മണക്കാൻ പോകുമ്പോൾ, അതിൽ മറഞ്ഞിരിക്കുന്ന ജീവവായു എന്നെ കിടിലം കൊള്ളിക്കുന്നു.

20. മരിച്ചവരുടെ ഉത്ഥാനം പ്രതീകങ്ങളിലൂടെ[49] മുൻകൂട്ടി കാട്ടിയ ലേവ്യരും പുരോഹിതരും[50] പൂശപ്പെട്ടവരും രാജാക്കന്മാരും ആരുംതന്നെ കുരിശിലൂടെയല്ല വിജയികളായത്. അവർക്ക് കിരീടങ്ങളും പുഷ്പഹാരങ്ങളും ഉണ്ടായിരുന്നു. അവരുമായി ഞാൻ പോരാട്ടത്തിൽ ഏർപ്പെട്ടപ്പോൾ എനിക്ക്

46. റാസാ; 47. റാസേ, ഥുപ്സേ; 48. 2ദിന.14,9–12; 2രാജാ.19,37; 1രാജാ.18,40

49. ഥുപ്സേ; 50. കഹനേ, കുമറേ.


www.malankaralibrary.com

അടികൊണ്ടിട്ടുണ്ട്. ഞാൻ അവരെയും അടിച്ചിട്ടുണ്ട്. എന്നാൽ അതിനു വിപരീതമായി ആശാരിയുടെ ഈ മകൻ തന്റെ മുൾക്കിരീടം കൊണ്ട് എന്നെ വിനീതനാക്കി എന്റെ അഹങ്കാരം തട്ടിക്കളഞ്ഞു. ഞാൻ അവനെ നിന്ദ്യനും മൃതനുമായി പാതാളത്തിൽ കണ്ടു. എങ്കിലും അത് അവന്റെ മുമ്പിൽ കിടിലം കൊണ്ടു.

21. കടൽ മോശയെ കണ്ട് ഓടിപ്പോയി. അവന്റെ വടിയെയും അവന്റെ മഹത്വത്തെയും അത് ഭയപ്പെട്ടു. അവന്റെ മഹത്വവും അവന്റെ വടിയും അവന്റെ ശക്തിയും പൊട്ടിപ്പിളർന്ന പാറയും ഞാൻ കണ്ടു. എന്നാൽ യേശു തന്റെ കല്ലറ പിളർന്നപ്പോൾ, പാതാളം യേശുവിൽ എന്തു കണ്ടു? മഹത്വമല്ല, പിന്നെയോ, മരിച്ചവന്റെ മരവിപ്പ് അവനിൽ ദൃശ്യമായി. എങ്കിലും അവൻ അതിനെ വിറപ്പിച്ചുകളഞ്ഞു. അവന്റെ മരവിപ്പ് അതിനെ കൊന്നെങ്കിൽ മരിച്ചവരെ ഉയിർപ്പിക്കാനായി അവൻ മഹത്വത്തിൽ എഴുന്നെള്ളുമ്പോൾ അത് എങ്ങനെ സഹിക്കും?

# 40

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (6)

1. ദുഷ്ടൻ തന്റെ വലിയ അപമാനം മനസ്സിലാക്കി; എന്നിട്ടും തന്റെ ദാസരുടെ മുമ്പാകെ അവൻ വീമ്പടിച്ചു. അവരെ ബോധ്യപ്പെടുത്താൻ ഘനഗംഭീരമായി സംസാരിച്ചുകൊണ്ട് അവൻ പറഞ്ഞു: "എനിക്കുള്ള അറിവിന്റെ വളരെ ചെറിയൊരുഭാഗം മാത്രമേ സ്വഭാവേന എനിക്ക് കിട്ടിയിട്ടുള്ളു. അതിൽ അധികവും, അല്ല എല്ലാംതന്നെ പഠനംവഴി ലഭിച്ചതാണ്. ഞാൻ തന്നെ ആയിരുന്നു എന്റെ ഗുരു; എന്റെ ബുദ്ധിയെ ഞാൻ പരിശീലിപ്പിച്ചു. മറ്റൊരു ഗുരുവിനെ കൂടാതെ ഞാനെല്ലാം പഠിച്ചു. എല്ലാവിധ ആയുധങ്ങൾകൊണ്ടും ഞാൻ ആയുധധാരിയായി. മനുഷ്യരുടെ ഇടയിൽ ഞാൻ മോഹിച്ച കിരീടം ഞാൻ കവർന്നെടുത്തു.

*പ്രതിസ്തോത്രം: എഴുന്നെള്ളിവന്ന് പാപത്തിന്റെ കെണികൾ തകർത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. മറിയത്തിന്റെ മകനുമായി പോരാട്ടം നടത്താൻ എന്റെ ദുഷ്ടതയുടെ വസ്ത്രത്താൽ ഞാൻ ഫരിസേയരെ മൂടി. അമ്പെയ്യുന്നതുപോലെ ഞാൻ ക്രോധം വർഷിച്ചു. ധാർഷ്ഠ്യം അവനെ നിന്ദിച്ചു; ഭ്രാന്ത് അവനെ തിരെ കടന്നാക്രമണം നടത്തി; നന്ദികേട് അവനെ അപകീർത്തിപ്പെടുത്തി;


www.malankaralibrary.com

കുശുമ്പും പൈശൂന്യവും ക്രോധവും അവനെ കടന്നാക്രമിച്ചു; ദൈവ ദൂഷണം അവനെതിരെ കല്ലുകളുയർത്തി.[51] വൈദ്യൻ മുമ്പോട്ടുവന്ന് ക്ലേശി തരുടെ ഇടയിൽ നിന്നു; അവനെതിരെ പോരാടാനായി ഞാൻ രോഗികളെ ഇളക്കിവിട്ടു.

3. അവൻ എല്ലാ അപവാദങ്ങൾക്കും ഉപരി നിലകൊണ്ടതിനാൽ, ഞാൻ ചോദ്യശരങ്ങളിൽ അഭയം തേടി. അവനെതിരെ നിരവധി കുറ്റാരോപണ ങ്ങൾ ഞാൻ കൊണ്ടുവന്നു. എന്നാൽ പച്ചക്കള്ളങ്ങൾ നിരാകരിക്കപ്പെട്ടു, എന്റെ ധിക്കാരം തിരിച്ചറിയപ്പെട്ടു, എന്റെ വ്യർഥമായ കലപില പറച്ചിൽ നിന്ദിക്കപ്പെട്ടെന്നു ഞാൻ കണ്ടു. പിന്നെ ഞാൻ താർക്കികവസ്ത്രം ധരിച്ചു; എല്ലായ്പ്പോഴും ഞാൻ അവനുമായി തർക്കിച്ചു. എന്നാൽ എന്റെ പരിശ്രമ ങ്ങളെല്ലാം പതിരുപോലെയായി; സത്യവചനം അതിനെ എല്ലാ വശത്തേക്കും ചിതറിച്ചുകളഞ്ഞു.

4. അവൻ മല്ലനും സേനാനായകനുമാണെന്ന് ഞാൻ മനസ്സിലാക്കി.... മനുഷ്യനിലുള്ള ദുഷ്ടപ്രചോദനം ചുറ്റിപ്പിണയുന്നു; ഓരോ നാഴികയും അതിന്റെ അസൂയ സർപ്പത്തെപ്പോലെ ചീറ്റുന്നു. മാരകമായ ദുരാശകൾ അത് ജനിപ്പിക്കുന്നു....പരിഹാസത്തെ ദുർബലമാക്കാൻ ഒരു മരുന്നുചെടിപോലെ കൽപ്പനയ്ക്കു കഴിയും; അത് ഇല്ലാതായിത്തീരും. നാവിന്റെ കഠിനതരവും അദൃശ്യവുമായ മുള്ളൊടിക്കാൻ സ്നേഹത്തിനു കഴിയും!

5. തന്റെ ആത്മാവിനെക്കാൾ കൂടുതലായി ഭൗമികകാര്യങ്ങളിൽ ശ്രദ്ധി ക്കുന്ന മനുഷ്യനേക്കാൾ ഭോഷനായി ആരുണ്ട്? തന്റെ പെട്ടിയിലെ വസ്ത്ര ങ്ങൾ അവൻ അനുദിനം പരിശോധിക്കുന്നു; എന്നാൽ ഒരദൃശ്യകീടം അവ ന്റെ അവയവങ്ങളിൽ കുടികൊള്ളുന്നു. വസ്ത്രത്തിലെ കീറൽ അവൻ തുന്നി ച്ചേർക്കുന്നു, എന്നാൽ തന്റെ മനസ്സിലെ കീറൽ നിലനിൽക്കുന്നു. അവൻ തന്റെ വീട് പ്രകാശിപ്പിക്കുന്നു, എന്നാൽ അവന്റെ ഹൃദയം ഇരുട്ടിൽ കഴി യുന്നു. അവൻ തന്റെ ഇന്ദ്രിയങ്ങളെ അടച്ചുവയ്ക്കുകയും ജനലുകൾ തുറ ക്കുകയും ചെയ്യുന്നു. അവൻ വാതിലടച്ച് പണം കാത്തുസൂക്ഷിക്കുന്നു. എന്നാൽ അവന്റെ വായ് തുറന്നിരിക്കുന്നു. അവന്റെ ആത്മാവിന്റെ നിക്ഷേ പം മോഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

6. ഭോഷൻ തന്നേക്കാൾ കൂടുതലായി തന്റെ വളർത്തുമൃഗത്തെ ബഹു മാനിക്കുന്നു. കാരണം, തന്റെ ആത്മാവിനേക്കാൾ തന്റെ സമ്പാദ്യത്തിൽ അവൻ ശ്രദ്ധിക്കുന്നു. അവൻ വയലിൽ നല്ല വിത്തു വിതയ്ക്കുന്നു; തന്റെ ഹൃദയത്തിൽ കള വിതയ്ക്കുന്നു. അവൻ തന്റെ മനസ്സു തുറന്ന് ആക്ഷേപ പാത്രമാക്കുന്നു; എങ്കിലും തന്റെ മുന്തിരിത്തോട്ടത്തിൽ വേലിയരുകിൽ

---

51. യോഹ.8,59


www.malankaralibrary.com

അവൻ പണിചെയ്യുന്നു. തെരഞ്ഞെടുത്ത മുന്തിരിച്ചെടികൾ നടുന്നു, എന്നാൽ അവന്റെ മനസ്സ് സോദോമിൽ നിന്നുള്ള മുന്തിരിച്ചെടികളിൽ നിന്നുള്ള മുന്തിരിച്ചെടിയാണ്. അവൻ കാട്ടുകഴുതകളെ തന്റെ വിളയിൽനിന്ന് അകറ്റുന്നു. എന്നാൽ കാട്ടുപന്നി അവന്റെ ബുദ്ധിയെയും ചിന്തകളെയും വിഴുങ്ങുന്നു.

7. ഞാൻ മനുഷ്യർക്ക് ഒരു തീച്ചൂളയാണ്. അവരുടെ ചിന്തകൾ എന്നിൽ പരിശോധിക്കപ്പെടുന്നു. ഞാൻ കൽദായിസം പഠിപ്പിക്കുന്നു. സംഭവിക്കുന്ന ശരിയായ സംഗതികൾ നിമിത്തം തെറ്റായവയും വിശ്വസനീയമായിരിക്കുന്നു. ഈജിപ്തിൽ ഞാൻ മനുഷ്യരുടെ കണ്ണ് മൂടിക്കെട്ടി; ഞാൻ കീടങ്ങളെ കാണിച്ചു. യഥാർഥത്തിൽ ഇല്ലെങ്കിലും സത്യമായിട്ടുണ്ടെന്ന് മനുഷ്യർ വിശ്വസിച്ചു. മനുഷ്യരുടെ കണ്ണു കെട്ടിക്കൊണ്ട് രാശിചക്രത്തിന്റെ അടയാളങ്ങൾ ഞാൻ പഠിപ്പിച്ചു. എന്നാൽ ആകാശത്തിൽ അങ്ങനെയൊന്നുമില്ല.

8. എന്റെ വേഗതകൊണ്ട് പറന്നെത്തി, ലക്ഷണം പറയുന്നവന് മുൻകൂട്ടി കാണിച്ചുകൊടുക്കാൻ എനിക്കു കഴിയും. എന്നിലൂടെ വഴിതെറ്റുന്നവൻ എന്നെ ഒരു പ്രവാചകനായി കരുതുന്നു. ജോബിനെപ്പോലെയുള്ള സത്യവാന്മാർ തെളിയിക്കപ്പെടുന്നതിനും ശൗലിനെപ്പോലെയുള്ള വഞ്ചകർ അറിയപ്പെടുന്നതിനും രഹസ്യം വെളിപ്പെടുത്താൻ ചിലപ്പോഴൊക്കെ ധൈര്യം അവലംബിച്ച് ഞാൻ ആവശ്യപ്പെടാറുണ്ട്. അങ്ങനെ ഞാൻ ശൗലിന്റെ മോശമായ അയിര് വെളിപ്പെടുത്തി; ജോബിന്റെ നല്ല ലോഹം സംശുദ്ധമാക്കി; അങ്ങനെ അവൻ കീർത്തിമാനായി.

# 41

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (7)

1. ദുഷ്ടൻ പറഞ്ഞു: ഈ യേശു എന്റെ പ്ലാനും പദ്ധതികളും തകർക്കുമോയെന്നു ഞാൻ ഭയപ്പെടുന്നു. ആയിരക്കണക്കിനു വർഷങ്ങൾ എനിക്കു പ്രായമുണ്ട്. എനിക്ക് ഒരിക്കലും പണി ഇല്ലാതിരുന്നിട്ടില്ല. സൃഷ്ടിയിൽ കാണാൻ ഇടയായിട്ടുള്ളതൊന്നും ഞാൻ അവഗണിച്ചിട്ടില്ല. വഷളരെ സംശുദ്ധരാക്കുന്ന ഒരാൾ ഇപ്പോൾ വന്നിരിക്കുന്നു. അവൻ എന്റെ പണികളെല്ലാം തകർത്തതിനാൽ ഞാൻ ദുഃഖാർത്തനായിരിക്കുന്നു. സൃഷ്ടി മുഴുവൻ എല്ലാത്തരം ദുഷ്ടതകൾകൊണ്ടും മൂടുന്നതിന് ഞാൻ വളരെയധികം പണിപ്പെടുകയും വാക്കുകളാൽ ഉപദേശിക്കുകയും ചെയ്തു.

*പ്രതിസ്തോത്രം: എഴുന്നെള്ളിവന്ന് സൂത്രശാലിയുടെ തന്ത്രങ്ങൾ തകർത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*


www.malankaralibrary.com

2. വേഗതയുള്ളവരോടൊപ്പം ഞാൻ എന്റെ ഓട്ടം ക്രമീകരിച്ചു. ഞാൻ അവരുടെ മുമ്പിൽ കയറി. ഞാൻ പോരാട്ടത്തിലേർപ്പെട്ടു. നിരവധി ജനക്കൂട്ടം എനിക്ക് ആയുധമായിത്തീർന്നു. ജനക്കൂട്ടത്തിൽ ഞാൻ സന്തോഷിച്ചു. കാരണം, അവർ എനിക്കവസരം തന്നു. സംഖ്യകളുടെ സ്വാധീനം വളരെ ശക്തിമത്താണ്. വലിയ ജനക്കൂട്ടത്തിന്റെ ശക്തികൊണ്ട് ഞാൻ വലിയൊരു മലയുണ്ടാക്കി, ആകാശം മുട്ടിനിൽക്കുന്ന ഒരു ഗോപുരം നിർമിച്ചു.[52] അത്യുന്നതനുമായി പോരാട്ടം നടത്താൻ അവനു കഴിഞ്ഞെങ്കിൽ, ഭൂമിയിൽ പോരാടുന്ന ഈ മനുഷ്യനെ എത്രയധികമായി അവൻ പരാജയപ്പെടുത്തുകയില്ല!

3. എനിക്കു കിട്ടുന്ന സമയവും സഹായവും ഉപയോഗിച്ച് ഞാൻ വിവേക പൂർവം പോരാട്ടം നടത്തുന്നു. ഒരു ദൈവം മാത്രമേയുള്ളു എന്ന് യഹൂദജനം കേട്ടിരുന്നു;[53] എന്നാൽ അവർ തങ്ങൾക്കായി നിരവധി ദൈവങ്ങളെ നിർമിച്ചു. എങ്കിലും ദൈവപുത്രനെ കണ്ടപ്പോൾ ഏകദൈവത്തിലേക്ക് തിരിഞ്ഞോടി. അവർ ദൈവം ഇല്ലാത്തവരാകയാൽ, എപ്പോഴും വഴിപിഴച്ചവരായി കാണപ്പെടുന്നു. ദൈവത്തെ ഏറ്റുപറയുന്നു എന്ന വ്യാജേന അവന്റെ പുത്രനെ നിഷേധിക്കുന്നു; തങ്ങളുടെ തീക്ഷ്ണത പ്രകടമാക്കുന്നു എന്ന് നടിച്ചുകൊണ്ട് അവനിൽ നിന്ന് ഓടിയകലുന്നു.

4. എനിക്ക് അനേകം വർഷങ്ങളിലെ അനുഭവമുണ്ട്; ഞാൻ ഒരു ശിശുവിനെയും നിന്ദിച്ചിട്ടില്ല. വാസ്തവത്തിൽ ഞാൻ കുട്ടികളോട് ഏറ്റവും കരുതലുള്ളവനായിരുന്നു. അവരുടെ വളർച്ചയ്ക്കനുസരിച്ച് അവരുടെ തെറ്റുകളും വളരുന്നതിന്, ആരംഭം മുതൽ അവർ ചീത്തസ്വഭാവം സ്വന്തമാക്കുന്നു എന്ന് ഞാൻ ഉറപ്പുവരുത്തിയിരുന്നു. ഞാൻ അവരുടെ മക്കളിൽ വിതച്ച വിത്ത് വിഡ്ഢികളായ ചില പിതാക്കന്മാർ നശിപ്പിക്കാറില്ല; എന്നാൽ മറ്റുചിലർ നല്ല കർഷകനെപ്പോലെ തങ്ങളുടെ കുട്ടികളുടെ മനസ്സിൽ നിന്ന് ഈ തെറ്റുകൾ വേരോടെ പിഴുതുകളയുന്നു.

5. ചങ്ങല ഉപയോഗിക്കുന്നതിനു പകരം ഞാൻ മനുഷ്യരെ അലസത കൊണ്ട് വരിഞ്ഞുകെട്ടി; അവർ നിഷ്ക്രിയരായി വ്യാപരിച്ചു. അങ്ങനെ എന്തെങ്കിലും നന്മ ചെയ്യുന്നതിൽ നിന്ന് ഞാൻ അവരുടെ ഇന്ദ്രിയങ്ങളെ അകറ്റി; വായനയിൽ നിന്ന് അവരുടെ കണ്ണുകളെയും സ്തുതികൾ ആലപിക്കുന്നതിൽ നിന്ന് അധരങ്ങളെയും പഠനത്തിൽ നിന്ന് മനസ്സിനെയും അപഹരിച്ചു.

6. എത്രയധികം ചെകുത്താന്മാർ ഒരു മനുഷ്യനെ ആക്രമിക്കുന്നു! എന്നാൽ എല്ലാവരും എന്നെ മാത്രം ശപിക്കുന്നു. മനുഷ്യനെ അനുദിനം ശല്യപ്പെടുത്തുന്ന പിശാചിനെ പോലെയാണ് മനുഷ്യന്റെ കോപം. മറ്റു പിശാചുക്കൾ വഴിയാത്രക്കാരേപ്പോലെയാണ്. നിർബന്ധിച്ചെങ്കിൽ മാത്രമേ അവർ

52. ഉൽപ. 11,4; 53. ആവ.6,4



www.malankaralibrary.com

അനങ്ങുകയുള്ളു. എന്നാൽ നീതിമാന്മാരെല്ലാം ആണയിട്ടുപറഞ്ഞാലും, കോപം വേരോടെ പിഴുതുകളയാനാവില്ല. വിനാശകരമായ അസൂയയെ വെറുക്കുന്നതിനുപകരം ബലഹീനനും നികൃഷ്ടനുമായ പിശാചിനെയാണ് എല്ലാവരും ദ്വേഷിക്കുന്നത്.

7. ആഭിചാരത്താൽ അനുദിനം പാമ്പിനെ പിടിച്ച് മയക്കുന്നവൻ ലജ്ജിക്കുന്നു. അവന്റെ ഉള്ളിലെ അണലി അവനെ നിന്ദിക്കുന്നു; തന്റെ ഉള്ളിലെ ദുരാശയെ കീഴടക്കാൻ അവനു കഴിയുന്നില്ല. നിഗൂഢപാപം സർപ്പസമാനമാണ്. അത് അവന്റെമേൽ ഊതുമ്പോൾ അവനെ കത്തിച്ചുകളയുന്നു. തന്റെ സാമർഥ്യത്താൽ അണലിയെ പിടിക്കുന്നതിൽ വിജയിക്കുന്നവനെ വ്യാമോഹം നിഗൂഢമായി അടിക്കുന്നു. തന്റെ മന്ത്രങ്ങളാൽ അവൻ സർപ്പത്തെ മയക്കുന്നു. എന്നാൽ ഈ മന്ത്രങ്ങളാൽ തന്നെ തനിക്കെതിരെ അവൻ വലിയ ക്രോധം ഇളക്കിവിടുന്നു.

8. ഞാൻ കെണിയൊരുക്കി കാത്തിരുന്നു. എല്ലാവരോടും ഇത്രയും ക്ഷമാപൂർവം വർത്തിക്കുന്ന ആരുണ്ട്?....ദീർഘക്ഷമയുള്ളവന്റെ അരികിൽ ഞാൻ കാത്തിരുന്നു. അവൻ നിരാശനായി തീരുന്നതുവരെ സാവധാനത്തിൽ ഞാൻ അവനെ സ്വാധീനിച്ചു. പാപത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നവനെ തഴക്കം കീഴടക്കി. അവൻ എന്റെ നുകത്തിൻ കീഴിൽ വരുന്നതുവരെ സാവധാനം ഞാൻ അവനെ തകർത്തു. അവൻ ഇതിനടിപ്പെട്ടു കഴിഞ്ഞാൽ പിന്നെ അതുപേക്ഷിക്കാൻ അവനു മനസ്സു വരുന്നില്ല.

9. എല്ലാറ്റിനെയും കീഴടക്കാൻ കഴിവുള്ളവനാണ് ദീർഘശാന്തത ഉള്ളവനെന്ന് ഞാൻ കണ്ടു മനസ്സിലാക്കി. ഞാൻ ആദത്തെ കടന്നാക്രമിച്ചപ്പോൾ അവൻ ഏകനായിരുന്നു. അതുകൊണ്ട് അവൻ കുട്ടികളെ ജനിപ്പിക്കുന്നതുവരെ ഞാൻ അവനെ വിട്ടുപോരുകയും മറ്റുചില പണികൾ തേടുകയും ചെയ്തു. അലസതയുടെ അനുഭവം എനിക്കുണ്ടാകാതിരിക്കാൻ, ഞാൻ കടലിലെ മണലിനെ എണ്ണാൻ തുടങ്ങി. മനുഷ്യകുലം വർദ്ധിക്കുമ്പോൾ, എനിക്ക് അവരെ കൈകാര്യം ചെയ്യാൻ സാധിക്കുമോ എന്നറിവാനും ക്ഷമാശീലം അഭ്യസിക്കാനും എന്റെ ഓർമ പരിശോധിക്കാനുമാണ് ഞാനിത് ചെയ്തത്. അവർ വർദ്ധിക്കുന്നതിനുമുമ്പ് ഞാൻ പല കാര്യങ്ങളിലും അവരെ പരീക്ഷിച്ചു.

10. ദുഷ്ടന്റെ ദാസന്മാർ അവനോടു തർക്കിക്കുകയും തങ്ങളുടെ തടസ്സവാദങ്ങളാൽ അവനെ ഖണ്ഡിക്കുകയും ചെയ്തു: "ഏലീശാ യഥാർഥത്തിൽ ഒരു മൃതനെ ജീവിപ്പിച്ചു; അവൻ മാളികമുറിയിൽ മരണത്തെ കീഴ്പ്പെടുത്തുകയും വിധവയുടെ മകനെ ജീവിപ്പിക്കുകയും ചെയ്തു. എന്നാൽ അവനിതാ, പാതാളത്തിൽ ബന്ധനസ്ഥനായി കിടക്കുന്നു." എന്നാൽ ദുഷ്ടന്റെ ബൗദ്ധികവ്യാപാരം ശക്തിമത്തായിരുന്നതിനാൽ, അവരുടെ വാക്കുകളാൽ


www.malankaralibrary.com

തന്നെ അവൻ അവരെ ഖണ്ഡിച്ചു: "എങ്ങനെയാണ് ഏലീശാ കീഴമർത്തപ്പെട്ടത്? ഇതാ, അവൻ തന്റെ അസ്ഥികൾകൊണ്ട് പാതാളത്തിൽ ഒരു മൃതന് ജീവൻ കൊടുത്തു."[54]

11. അഗണ്യനായ ഏലീശായ്ക്ക് പാതാളത്തിൽ ഇത്രമാത്രം ശക്തിയുണ്ടെങ്കിൽ, അവിടെ ഒരു മൃതനെ ജീവിപ്പിക്കാൻ അവനു കഴിഞ്ഞെങ്കിൽ, ശക്തനായ യേശുവിന്റെ മരണം എത്ര മരിച്ചവരെ എഴുന്നേൽപ്പിക്കുകയില്ല! എന്റെ സഖികളേ, നമ്മേക്കാൾ എത്രയധികം ശക്തനാണ് ഈ യേശുവെന്ന് ഇതിൽ നിന്നുപോലും നിങ്ങൾ ഗ്രഹിക്കണം. അവൻ സൂത്രത്തിൽ നിങ്ങളെ പറ്റിച്ചു. അവന്റെ മഹത്വം ഗ്രഹിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ല. നിങ്ങൾ അവനെ വെറുമൊരു പ്രവാചകനുമായി താരതമ്യപ്പെടുത്തി.

12. ദുഷ്ടൻ തന്റെ സഖികളോടു പറഞ്ഞു: "നിങ്ങളുടെ ആശ്വാസവചനങ്ങൾ കൊണ്ട് ഒരു ഫലവുമില്ല! മരിച്ച ലാസറിനെ ജീവിപ്പിച്ചവനെ മരണത്തിന് എങ്ങനെ ഉൾക്കൊള്ളാൻ കഴിയും; മരണം അവനെ കീഴടക്കുന്നെങ്കിൽ, അവൻ സ്വമേധയാ അതിന് കീഴടങ്ങിയതിനാലത്രേ. അവൻ സ്വമേധയാ കീഴടങ്ങുന്നെങ്കിൽ, നിങ്ങൾ കൂടുതലായി ഭയപ്പെടണം. കാരണം, അവൻ വെറുതെയല്ല മരിക്കുക. അവൻ നമുക്ക് വളരെ ഭയമുളവാക്കിയിരിക്കുന്നു. ആദത്തെ എഴുന്നേൽപ്പിക്കാൻ, മരിച്ചുകൊണ്ട് അവൻ പ്രവേശിക്കും.

13. മരണം തന്റെ മാളത്തിനുള്ളിൽ നിന്ന് ഒളിഞ്ഞുനോക്കി. നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടെന്നു കണ്ട് അവൻ ആശ്ചര്യപ്പെട്ടു. അവൻ ചോദിച്ചു: "മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നീയിപ്പോൾ എവിടെയാണ്? രുചിയുള്ള ലാസറിന്റെ സ്ഥാനത്ത് നീയെനിക്ക് ആഹാരമാകുമോ? അവന്റെ രുചി ഇപ്പോഴും എന്റെ വായിലുണ്ട്. യായീറോസിന്റെ മകൾ വന്ന് നിന്റെ ഈ കുരിശ് കാണട്ടെ. വിധവയുടെ പുത്രനും നിന്നെ നോക്കട്ടെ. ഒരു മരം ആദത്തെ എനിക്കു പിടിച്ചുതന്നു. ദാവീദിന്റെ പുത്രനെ എനിക്കു പിടിച്ചുതന്ന സ്ലീബാ വാഴ്ത്തപ്പെട്ടതാകുന്നു.

14. മരണം തന്റെ വായ് തുറന്നു പറഞ്ഞു:"മോശ എല്ലാ മനുഷ്യരേക്കാളും ഉന്നതനും ബഹുമാനിതനും ആയിരുന്നെന്ന് മറിയത്തിന്റെ മകനേ, നീ കേട്ടിട്ടില്ലേ? ദൈവികകർമങ്ങൾ അനുഷ്ഠിച്ചുകൊണ്ട് അവൻ ഒരു ദൈവമായിത്തീർന്നു. അവൻ ഈജിപ്തിലെ ആദ്യജാതന്മാരെ കൊന്നു; എബ്രായരുടേതിനെ രക്ഷിച്ചു. ജീവനുള്ളവരിൽ നിന്ന് അവൻ ബാധ വിലക്കി. എങ്കിലും ആ മോശയോടുകൂടെ ഞാൻ മലയിൽ കയറി, ദൈവം അവനെ എനിക്ക് നേരിട്ട് ഏൽപ്പിച്ചുതന്നു.-അവന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകട്ടെ.

54 2രാജാ.13,21;


www.malankaralibrary.com

ആദത്തിന്റെ മക്കൾ എത്ര വലിയവർ ആയിത്തീർന്നാലും, അവർ പൊടിയിൽ നിന്നു വന്നതിനാൽ, പൊടി പൊടിയിലേക്കു മടങ്ങും.

15. പാതാളത്തിൽ കിടക്കുന്ന നമ്മുടെ കർത്താവിനെ കാണുന്നതിനും ഉപദേശകനായ മരണത്തോടൊപ്പം സന്തോഷിക്കുന്നതിനുമായി സാത്താൻ തന്റെ ദാസന്മാരുമായി കടന്നുചെന്നു. എന്നാൽ ഏകജാതന്റെ ശബ്ദത്താൽ ജീവൻ പ്രാപിച്ച് പാതാളത്തിൽ നിന്നു കടന്ന മരിച്ചവരെപ്രതി ദുഃഖാർത്തനായും വിലപിക്കുന്നവനായും അവനെ അവൻ കണ്ടു. തന്റെ സഖിയായ മരണത്തെ ദുഷ്ടൻ ഇപ്രകാരം സാന്ത്വനപ്പെടുത്താൻ തുടങ്ങി: "നീ സമ്പാദിച്ചത്രയും നിനക്ക് നഷ്ടപ്പെട്ടിട്ടില്ല. യേശു നിന്റെ പിടിയിൽ ആയിരിക്കുന്നിടത്തോളം കാലം ഉയിർത്തെഴുന്നേറ്റവരും ജീവിക്കുന്നവരും നിന്റെ കൈകളിൽ അമരും."

16. ഞങ്ങൾക്ക് വാതിൽ തുറക്കൂ! ഞങ്ങൾക്ക് അവനെ കണ്ട് വന്ദിക്കണം; തന്റെ ശക്തി എവിടെ ഇരിക്കുന്നെന്ന് അവൻ ഞങ്ങളോട് പറയട്ടെ. കാരണം, അവൻ പാതാളത്തിലായിട്ട് മൂന്നു ദിനങ്ങളായി. അതുകൊണ്ട് നമുക്കവനോട് പറയാം: "മരിച്ച് നാലു ദിവസമായ ലാസറിനെ ഉയിർപ്പിച്ച നീ, മരിച്ച് മൂന്നു ദിവസമായ നിന്നെത്തന്നെ ഇപ്പോൾ ഉയിർപ്പിക്കുക." മരണം പാതാളകവാടം തുറന്നു. നമ്മുടെ കർത്താവിന്റെ മുഖപ്രകാശം അവിടെല്ലാം പ്രസരിച്ചു. സോദോമ്യരെപ്പോലെ അവരെയെല്ലാം അന്ധത ബാധിച്ചു. പാതാളവാതിൽ തേടി അവർ അവിടെല്ലാം തപ്പിനടന്നു. എന്നാൽ അവർക്കത് കണ്ടെത്താൻ കഴിഞ്ഞില്ല.

# 42

## നമ്മുടെ കർത്താവിനെപ്പറ്റി; മരണത്തെയും സാത്താനെയും പറ്റി "കൊമ്പും കുഴലും" എന്ന രീതി (8)

1. ദുഷ്ടൻ ഇപ്രകാരം നിലവിളിച്ചു:"നീതിമാന്മാരിൽ നിന്ന് എനിക്ക് എവിടേക്ക് ഓടിപ്പോകാൻ കഴിയും? ശ്ലീഹന്മാരുടെ അടികളിൽനിന്ന് രക്ഷപെടാനായി അവരെ കൊല്ലാൻ ഞാൻ മരണത്തെ ഇളക്കിവിട്ടു. എന്നാൽ അവരുടെ മരണത്തിലൂടെ ഞാൻ കൂടുതൽ മഥിക്കപ്പെടുന്നു. ഇൻഡ്യയിൽ ഞാൻ കൊന്ന ശ്ലീഹാ എനിക്കുമുമ്പേ എഡേസ്സായിൽ എത്തിയിരിക്കുന്നു. അവൻ മുഴുവനായി ഇവിടെയും അവിടെയുമുണ്ട്. ഞാൻ അവിടെ ചെന്നു, അവൻ അവിടെ ഉണ്ടായിരുന്നു. ഇവിടെയും അവിടെയും ഞാൻ അവനെ കണ്ടുമുട്ടുകയും വ്യാകുലപ്പെടുകയും ചെയ്തു.

www.malankaralibrary.com

ഗീതം 42,2.6

*പ്രതിസ്തോത്രം: ജേതാക്കളുടെ അസ്ഥികളിൽ വസിക്കുന്ന ശക്തി വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.*

2. ആ കച്ചവടക്കാരൻ അസ്ഥികൾ വഹിച്ചു; അഥവാ, ഒരുപക്ഷേ അവ അവനെ വഹിച്ചു. ഇതാ, അവർക്ക് പരസ്പരം നേട്ടമുണ്ടായി. അവർക്ക് പരസ്പരം നേട്ടമുണ്ടായപ്പോൾ, അവയെനിക്ക് എന്തു നേട്ടമുണ്ടാക്കി? രണ്ടിലും എനിക്ക് നഷ്ടമുണ്ടായി. എനിക്കു ശക്തി കിട്ടാനായി സ്കറിയോത്തായുടെ പണസഞ്ചി ആരെന്നെ കാണിക്കും? തോമസിന്റെ ശവപ്പെട്ടി എന്നെ കൊന്നു. കാരണം, അതിൽ വസിക്കുന്ന നിഗൂഢശക്തി എന്നെ പീഡിപ്പിക്കുന്നു.

3. തെരഞ്ഞെടുക്കപ്പെട്ട മോശ തന്റെ നേട്ടത്തിനായി വിശ്വാസപൂർവം അസ്ഥികൾ വഹിച്ചു.[55] അവയിൽ സഹായമുണ്ടെന്ന് ഒരു വലിയ പ്രവാചകൻ വിശ്വസിച്ചെങ്കിൽ, ശരിയായിത്തന്നെ കച്ചവടക്കാരനും അപ്രകാരം വിശ്വസിക്കുകയും ശരിയായിത്തന്നെ അവൻ കച്ചവടക്കാരനെന്നു വിളിക്കപ്പെടുകയും ചെയ്യുന്നു. ഈ കച്ചവടക്കാരൻ നേട്ടമുണ്ടാക്കി, ബഹുമാനവും അധികാരവും നേടി. അവന്റെ നിക്ഷേപം എന്നെ വളരെ ദരിദ്രനാക്കി. അവന്റെ നിക്ഷേപം അവൻ എഡേസ്സായിൽ തുറന്നു. അവൻ മഹാനഗരത്തെ തന്റെ അനുഗ്രഹസഹായങ്ങളാൽ സമ്പന്നമാക്കി.

4. അവന്റെ നിക്ഷേപങ്ങളുടെ കലവറ എന്നെ അത്ഭുതപ്പെടുത്തി. ആദ്യം ആ നിക്ഷേപം ചെറുതായിരുന്നു. ആരും അതിൽ നിന്ന് എടുക്കാതിരുന്നിട്ടും അതിന്റെ സമ്പത്തിന്റെ ഉറവിടം ദരിദ്രമായിരുന്നു. എന്നാൽ ജനകോടികൾ അതിനു ചുറ്റുമെത്തുകയും അതിനെ കൊള്ളയടിച്ച് അതിന്റെ നിക്ഷേപങ്ങൾ എടുത്തുകൊണ്ടുപോകുകയും ചെയ്തപ്പോൾ, അതിനെ എത്ര കൊള്ളയടിച്ചോ, അതിനേക്കാൾ കൂടുതലായി അതിന്റെ സമ്പത്ത് പെരുകി. കാരണം, അടഞ്ഞു കിടന്ന ഒരുറവ പൊട്ടിക്കുമ്പോൾ, അത് താനേ കൂടുതലായി വിസ്താരമുള്ളതായി വളർന്ന് വെള്ളം കുതിച്ചുപായുന്നു.

5. ദാഹാർത്തരായ ജനത്തിന് ഏലീശായും ഒരുറവ ആയിരുന്നു എന്നത് വ്യക്തമാണ്. എന്നാൽ ദാഹാർത്തർ അത് തുറക്കാതിരുന്നതിനാൽ, അതിന്റെ ഒഴുക്ക് ശക്തി പ്രാപിച്ചില്ല. നാമാൻ അത് തുറന്നപ്പോൾ, അത് കുത്തിയൊഴുകി സൗഖ്യദായകമായി. ഒരുറവ ഉറവയിൽ അവനെ മുക്കി. കാരണം, അവൻ കുഷ്ഠരോഗിയെ നദിയിൽ ശുദ്ധനാക്കി. കരുണക്കടലായ യേശു ശീലോഹാ കുളത്തിലേക്ക് അന്ധനെ വിട്ട് അവന്റെ കണ്ണുകൾ തുറന്നു.[56]

6. മരിച്ചവരെ ഉയിർപ്പിക്കുന്ന വടികൊണ്ട് കുട്ടിയെ ജീവിപ്പിക്കാൻ ഗേഹാസിക്കു കഴിഞ്ഞില്ല.[57] എങ്ങനെയാണ് ഒരു മന്ത്രവാദിനിയുടെ സഹാ

---

55. പുറ.13,19; 56. യോഹ.9,7; 57 2രാജാ.4,31



www.malankaralibrary.com

യത്തോടെ സാമുവേലിനെ എഴുന്നേൽപ്പിച്ചുകൊണ്ടുവന്നത്?[58] ശൗലിനെ കബളിപ്പിച്ചത് നമ്മളാണ്; കാരണം, അവൻ ആവശ്യപ്പെട്ട ഒരു ചെകുത്താനു പകരം രണ്ട് ചെകുത്താന്മാർ എഴുന്നേറ്റുവന്ന് അവനെ കബളിപ്പിച്ചു. ഏലീശായുടെ അസ്ഥികളുടെ ദൃഷ്ടാന്തത്തിൽ നിന്ന് സാമുവേലിന്റേതും മനസ്സിലാക്കുക. വിശുദ്ധന്റെ അസ്ഥികൾ മരിച്ചവരെ ഉയിർപ്പിച്ചു. എന്നാൽ സജീവവും പരിശുദ്ധവുമായ അസ്ഥികളെ ഉയർത്തിക്കൊണ്ടുവരാൻ അശുദ്ധാത്മാവിന് കഴിയില്ല.

7. ഏതെങ്കിലും വിഗ്രഹപുരോഹിതന്റെയോ, മന്ത്രവാദിയുടെയോ, ക്ഷുദ്രപ്രയോഗകന്റെയോ, കൽദായന്റെയോ, ലക്ഷണം പറയുന്നവന്റെയോ അസ്ഥികളിൽ നിന്ന് ശവത്തെ കർമോത്സുകമാക്കാൻ കഴിയുന്നതിന് ഞാൻ എത്രയധികം അപേക്ഷിച്ചിട്ടും, എല്ലാം നൽകുന്നവൻ എനിക്കത് നൽകിയില്ല. - അത് വെറും മായാജാലമാണെന്ന് എനിക്ക് അറിയാമായിരുന്നു.- രണ്ടു രീതിയിൽ ഞാൻ മനുഷ്യരെ വഴിതെറ്റിക്കുന്നു: ഒന്നുകിൽ ശ്ലീഹന്മാരെ നുണയന്മാരായി ചിത്രീകരിക്കുന്നു, അല്ലെങ്കിൽ എന്റെ ദൂതന്മാരെ ബാഹ്യമായി ശ്ലീഹന്മാർക്കു തുല്യമായി അവതരിപ്പിക്കുന്നു.

8. ഇതാ, പിശാചുക്കളുടെ ഗണങ്ങൾ കൊള്ളയടിക്കപ്പെട്ടു; ഇതാ, ദുഷ്ടാരൂപികളുടെ ഗണങ്ങൾ അടികൊണ്ട് പുളയുന്നു. പരസ്യമായി ആരും ദണ്ഡുയർത്തുന്നില്ലെങ്കിലും പിശാചുക്കൾ വേദനകൊണ്ട് നിലവിളിക്കുന്നു. ആരും അവരെ കെട്ടി ബന്ധിക്കുന്നില്ലെങ്കിലും ദുഷ്ടാരൂപികൾ ബന്ധിതരായി തൂങ്ങിക്കിടക്കുന്നു. ഇത് പ്രശാന്തമായ ന്യായവിധിയാണ്; അത് ശാന്തവും നിശ്ശബ്ദവുമാണ്. ചോദ്യംചെയ്തുകൊണ്ടുപോലുമല്ല അത് പ്രവർത്തിക്കുന്നത്. എല്ലാറ്റിനും കഴിവുള്ള ഏകശക്തി രണ്ടാം ഏലീശായുടെ അസ്ഥികളിൽ വസിക്കുന്നു.[59]

9. പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കാനായി അവൻ ന്യായവിധി തന്റെ പന്ത്രണ്ടുപേരേ ഭരമേൽപ്പിച്ചു. മഹാനായ അബ്രഹാമിന്റെ സന്തതികളെ അവർ വിധിക്കുന്നെങ്കിൽ, അവർ ഇപ്പോൾ പിശാചുക്കളെ വിധിക്കുന്നത് മഹാകാര്യമല്ല! ക്രൂശാരോഹിതർ വരാനിരിക്കുന്ന ന്യായവിധിയിൽ വിശ്വസിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, നമുക്ക്[60]വന്നുഭവിച്ച ന്യായവിധിയിൽ നിന്ന് അവർക്കത് തിരിച്ചറിയാനാകും. പന്ത്രണ്ടുഗോത്രങ്ങളെ വിധിക്കുന്ന ശ്ലീഹന്മാരുടെ മുമ്പാകെ അവർ കഠിനമായി നിലവിളിക്കേണ്ടിവരും.

10. അപ്പസ്തോലനായ പൗലോസ് ഒരു ചെന്നായ് ആയിരുന്നു. ആടുകളുടെ രക്തംകൊണ്ട് ഞാൻ അവനെ വളർത്തി. അവൻ തടിച്ചുകൊഴുത്ത് അത്യപൂർവചെന്നായ് ആയിത്തീർന്നു. ഡമാസ്ക്കസിന് അടുത്തുവച്ച്

58. 1സാമു.38,8; 59. മാർ തോമായുടെ; 60. സാത്താന്



www.malankaralibrary.com

പെട്ടെന്ന് ചെന്നായ് കുഞ്ഞാടായി മാറി. "ശ്ലീഹന്മാർ മാലാഖമാരെയും വിധിക്കും" എന്ന് അവൻ പറഞ്ഞു.[61] എഴുതപ്പെട്ടിരിക്കുന്നതുപോലെ, 'മാലാഖമാർ' എന്നതുകൊണ്ട് പുരോഹിതന്മാരെയാണ് അവൻ സൂചിപ്പിച്ചത്.[62] അവർ ഇപ്രകാരം ശക്തരാണെങ്കിൽ, അവരുടെ അസ്ഥികൾ കൊണ്ടുള്ള അടിയേറ്റ പിശാചുക്കൾക്ക് ഹാ, കഷ്ടം!

# 43

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി" (1)

1. അവർ പാർത്ത നാട്ടിൽ ജോസഫ് ഒരു സംരക്ഷിതകോട്ട ആയിരുന്നു. പാളയത്തിന് മരുഭൂമിയിൽ കോട്ട ആയിരിക്കുന്നതിന് മോശ അവന്റെ അസ്ഥികൾ എടുത്തു.[63] തങ്ങളുടെ വിഗ്രഹങ്ങൾ നിമിത്തം തങ്ങളുടെ സ്രഷ്ടാവിന് ആ ജനം മൃതരെപ്പോലെ ആയെന്ന് അവൻ കണ്ടു. മരിച്ചവന്റെ അസ്ഥികൾ പാപപരിഹാര ധൂപകലശമായും അനുരഞ്ജന മധ്യസ്ഥനായും തീർന്ന്, അവർ ജീവനുള്ളവരായിത്തീരാൻ, അവനവ വഹിച്ചു.

*പ്രതിസ്തോത്രം: നിന്നിൽ വിശ്വസിച്ച നീതിമാന്മാരുടെ ശരീരം നിരസിക്കപ്പെടരുതേ.*

2. എല്ലാം കാണുന്നവൻ ഉൾമുറിയിൽവച്ച് ജോസഫിന്റെ കൺമുമ്പിൽ ഉണ്ടായിരുന്നു. അവിടെ ആരും കാണുന്നില്ലെന്ന് മനുഷ്യർ കരുതുന്നിടത്ത് തന്റെ യൗവനത്തിന്മേൽ അവൻ സംശുദ്ധിയുടെ കടിഞ്ഞാണിട്ടു. പരസ്യമായി മിദിയാന്യ സ്ത്രീകൾ[64] വശീകരിച്ച ജനത്തെ കുറ്റപ്പെടുത്താനായി മോശ അവന്റെ അസ്ഥികൾ എടുത്തു. ജേതാവിന്റെ അസ്ഥികളിലൂടെ അവൻ വ്യഭിചാരികളെ കുറ്റപ്പെടുത്തി.

3. മോശ ജീവനുള്ളവരെ വിട്ട് മരിച്ചവരുടെ പക്കലേക്കോടി. അവർ അവന്റെ സഹപ്രവർത്തകരായി; അവർ ജനത്തിന്റെ വിള്ളൽ അടച്ചു. ചവിട്ടി മെതിക്കുന്നവർക്കായി തന്റെ വിയോജിപ്പിൽ മുന്തിരിത്തോപ്പുതന്നെ പിളർന്നു. എന്നാൽ ആ വാഴ്ത്തപ്പെട്ട ഫലത്തെ തന്റെ മുന്തിരിത്തണ്ടിൽ അത് താങ്ങിനിർത്തി. തണ്ടിൽ നിന്ന് ജനങ്ങൾക്ക് അനുഗ്രഹത്തിനായി അത് സാവധാനം ഫലമായിത്തീർന്നു.

4. ഏലീശായുടെ അസ്ഥികൾ പാതാളത്തിൽ പ്രത്യാശ വിതച്ചു. ആ അസ്ഥികളിൽ മറഞ്ഞിരുന്ന ശക്തി പരേതരെ സാന്ത്വനപ്പെടുത്തി. പരേതർ

61. 1കൊറി.6,3; 62. മാലാ.2,7: കഹനേ; 63. പുറ.13,19

64. സംഖ്യ 25,2 (മോവാബ്യസ്ത്രീകൾ); 25,6 (മിദിയാന്യസ്ത്രീ)



www.malankaralibrary.com

അനങ്ങുന്നതുകണ്ട് മരണം ഞെട്ടിവിറച്ചു. ഇപ്രകാരമൊരു നാടകരംഗം ആര് കണ്ടിട്ടുണ്ട്? മരിച്ചവൻ മരണത്തിന്റെ വായിൽ നിന്ന് ഒരു ശരീരം പുറത്തെടുത്ത് അതിന് ജീവൻ നൽകി. സംസ്ക്കരിക്കപ്പെട്ടവൻ, തന്നെ സംസ്ക്കരിച്ചവരോടൊപ്പം വീട്ടിലേക്ക് തിരികെപ്പോയി.[65]

5. എല്ലാ ശവശരീരങ്ങളുടെയും ഭണ്ഡാരത്തിൽ മരണം തന്റെ നിക്ഷേപങ്ങൾ പരിശോധിച്ചു. അവൻ കതകടച്ച് സാക്ഷായിട്ട് എല്ലാം ഭദ്രമാക്കി. കാരണം, അസ്ഥികൾ സ്വയം അനങ്ങുന്നത് അവൻ ഒരിക്കലും കണ്ടിരുന്നില്ല. എസക്കിയേലിന്റെ സ്വരം അവനെ കിടിലം കൊള്ളിച്ചു. അസ്ഥികൾ അനങ്ങി പരസ്പരം തേടി ഒന്നിച്ച് ഇണങ്ങിച്ചേർന്നു.[66] അവയുടെ ഇണങ്ങിച്ചേരൽ തടയുന്നതിൽ പാതാളം പരാജയപ്പെട്ടു.

6. അസ്ഥികളുടെ മർമ്മരശബ്ദത്തിനു മുമ്പിൽ നിന്ന് സ്വയം ഒളിക്കാൻ മരണം തന്റെ ഒളിസ്ഥലത്തേക്ക് ഓടിപ്പോയി. അവൻ മൃതപ്രായനായി; തന്റെ അന്ത്യമായെന്ന് അവൻ വിശ്വസിച്ചു. അവൻ പാതാളത്തെ വിളിച്ച് മരണപത്രം നൽകി. തന്റെ നിരാശ അവന് അവകാശമായി അവശേഷിപ്പിച്ചു. വിറച്ചുകൊണ്ട് അവൻ തന്റെ മരണപത്രികയെഴുതി. താൻ ക്ഷണികനാണെന്ന് അവന് ബോധ്യപ്പെട്ടു. താൻ ഇരപ്പാളിയാണെന്നും പണയവസ്തു പണയം കടം കൊടുത്തവന് തിരികെ കൊടുക്കാൻ താൻ തയാറാണെന്നും അവന് എഴുതി.

7. മരിച്ചവർ ജീവിച്ചിരിക്കുന്നവർക്കും അടക്കപ്പെട്ടവൻ ശവം അടക്കുന്നവർക്കും താഴെ കിടക്കുന്നവർ നടക്കുന്നവനും നിശ്ശബ്ദരായ പരേതർ വായാടികൾക്കും സംരക്ഷണമായി. ദാവീദ് തന്റെ കല്ലറയിൽ ഹെസെക്കിയായ്ക്കുവേണ്ടി നഗരം സംരക്ഷിച്ചു. വൃദ്ധന്റെ അസ്ഥികളെ സ്പർശിക്കേണ്ടെന്ന് ജോസിയാസ് തീരുമാനിച്ചു.[67] അസ്ഥികൾകൊണ്ട് അവൻ തന്റെ അസ്ഥികളെ സംരക്ഷിച്ചു. വഞ്ചിതരായി കൊല്ലപ്പെടുകയും സംസ്ക്കരിക്കപ്പെടുകയും വിശ്വസിക്കുകയും ചെയ്തവർ അഭയവും രക്ഷയും കണ്ടെത്തി.

8. ആ വൃദ്ധപ്രവാചകൻ ഋജുമാനസ്സനായ പ്രവാചകനെ വഴിതെറ്റിച്ചു. അവന്റെ വ്യതിചലനത്തിലൂടെ അവൻ മരിക്കുകയും അവനിൽ തന്റെ രക്ഷ കണ്ടെത്തുകയും ചെയ്യുമെന്ന് അവൻ കരുതി. അവനെ കൊന്നതിലൂടെ തനിക്ക് അവൻ അഭയകേന്ദ്രമാകുമെന്ന് അവൻ വിശ്വസിച്ചതിൽ വാസ്തവത്തിൽ നാം അത്ഭുതസ്തബ്ധരാകേണ്ടതാണ്! പാതാളത്തിൽ ആര് ഇത്തരമൊരത്ഭുതം കണ്ടിട്ടുണ്ട്? കൊല്ലപ്പെട്ടവൻ അവനെ കൊന്നവനെ കല്ലറയിൽ കിടന്നുകൊണ്ട് കാത്തുപരിപാലിക്കുന്നു.[68] ക്രിസ്തുവിനുവേണ്ടി കൊല്ലപ്പെട്ടവർ എത്രയധികമായി നമ്മെ സംരക്ഷിക്കും!

65. 2രാജാ.13,22; 66. എസ.37,1-10; 67. 2രാജാ.23,16-19; 68. 1രാജാ.13,11-19


www.malankaralibrary.com

9. തന്നെ സന്ദർശിക്കാൻ വന്ന രാജാവിന്റെ ആരോഗ്യമുള്ള കൈകളുടെമേൽ ഏലീശായും തന്റെ രോഗഗ്രസ്തമായ കരങ്ങൾ വച്ചു. അതിലൂടെ, ആരോഗ്യമുള്ള കരങ്ങൾക്ക് ശക്തികിട്ടുകയും അവ വിജയസൂചകമായി അമ്പെയ്യുകയും ചെയ്തു.[69] സന്ദർശകന്റെ ശരീരസൗഖ്യത്തിന് ഉറവയായിത്തീർന്ന, വിശുദ്ധന്റെ രോഗത്തെപ്പറ്റി നാം അത്ഭുതസ്തബ്ധരാകണം. നിന്റെ വൈദ്യന്മാരെ സുഖപ്പെടുത്തുന്ന ദൈവമേ, അവരുടെ പ്രവർത്തനത്തിന് എന്നെ അർഹനാക്കണമെ.

10. ഇപ്രകാരം അവരുടെ രോഗങ്ങൾ രാജാക്കന്മാർക്ക് ശക്തി പകരുന്നു. ആറുലക്ഷം ആളുകളെ മൂന്നുനാമങ്ങൾ ബലപ്പെടുത്തി.[70] അവർ വഴി എന്റെ എതിരാളിയായ സാത്താന്റെ വായടയ്ക്കണമെ. കാരണം, എന്റെ വക്കീലന്മാർ പരിശ്രമശാലികളും ബുദ്ധിമാന്മാരും സുസജ്ജരും നിരവധിയുമാണ്. അന്യായക്കാരെ ന്യായപീഠത്തിന്റെ മുമ്പിൽ നിശ്ശബ്ദരാക്കാനും കുറ്റക്കാരെ രക്ഷിക്കാനും അവർക്കു കഴിയും.

11. എന്റെ സഹോദരരേ, അവരെപ്രതി നമുക്ക് ആശ്ചര്യഭരിതരാകാം. നിശ്ശബ്ദതയാണ് അവരുടെ ആയുധം! നിശ്ശബ്ദരെ ശ്രവിക്കുന്നവനെ നിശ്ശബ്ദമായി അനുനയിപ്പിക്കുന്ന വിവേകപൂർവമായ നിശ്ശബ്ദത സർവജ്ഞനോടുള്ള പ്രാർഥനയാണ്. നിസ്സാരകൂലിക്ക് എന്റെ വക്കീലന്മാരെ ഞാൻ കൂലിക്കെടുത്തു. അവർ കഠിനമായി അധ്വാനിക്കുകയും ചെയ്തു. കരച്ചിൽ കൊണ്ട് ഞാൻ അവരെ സ്വന്തമാക്കി. അവരുടെ കല്ലറകളിൽ ഞാൻ പൊഴിച്ച കണ്ണുനീരുകൊണ്ട് ഞാൻ അവരെ കൂലിക്കെടുത്തു.

12. അവരുടെ മരണത്തിലൂടെ ജീവൻ കണ്ടെത്താനായി നമുക്ക് അവരുടെ കല്ലറകളിലേക്കോടാം. ജീവൻ തിരിച്ചുനൽകിയ ഏലീശായുടെ അസ്ഥികൾ അവരുടെ അസ്ഥികളുടെ ശക്തിക്കുള്ള സജീവസാക്ഷ്യമാണ്. മരണം നീതിമാന്റെ അസ്ഥികൾ തിരിച്ചറിയുകയും ഭയപ്പെടുകയും ബഹുമാനിക്കാൻ തുടങ്ങുകയും ചെയ്തു. അത് നുണയർക്കെതിരെയുള്ള ആരോപണമായിത്തീർന്നു. അവർക്ക് ഉത്ഥാനത്തെപ്പറ്റിയുള്ള യാതൊരു ചിന്തയുമില്ല; പാതാളം പോലും അവരെപ്പറ്റി രോഷാകുലരാണ്.

13. "പാപിയുടെ മരണം ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല"[71] എന്നു പറഞ്ഞ ആ മരണമല്ലാതെ, എല്ലാറ്റിനെയും ജീവിപ്പിക്കുന്നവന് മരിച്ചവരില്ല. എല്ലാറ്റിന്റെയും കർത്താവിന് എല്ലാം എളുപ്പമാണെങ്കിലും, സ്വാതന്ത്ര്യത്തിന്റെ മരണത്തിൽ സ്വേച്ഛയാ തെരഞ്ഞെടുത്ത മരണത്തിൽ നിന്ന് ജീവനിലേക്ക് കൊണ്ടുവരിക ശ്രമകരമാണ്! കാരണം, മരിക്കുക എന്നത് തന്റെ സ്വന്തം ഇച്ഛയുടെ തീരുമാനമാകയാൽ, അതാണ് പാപിയുടെ മരണം.

69. 2രാജാ.13,17; 70. പുറ.12,37; 71. എസ.18,23



www.malankaralibrary.com

14. ആദിയിൽ പറുദീസായിൽവച്ച്, അതിന്റെ ജീവന്റെ ഉപകരണമായ ശരീരത്തെയും അത് നിഹനിച്ചു. അത് തന്റെ സ്വേച്ഛാധിപത്യത്താൽ കൽപ നയുടെ വേലി പൊളിച്ചുകളഞ്ഞു. അതിനെ ഭരണാധികാരിയായി നിർമിച്ച നീതിമാൻ അതിനെ ബലപ്രയോഗത്താൽ നിർബന്ധിക്കാൻ ഇഷ്ടപ്പെട്ടില്ല. സ്വേച്ഛാനുസൃതം അത് സ്രഷ്ടാവിന്റെ ഇച്ഛയെ മുറിപ്പെടുത്തുകയും സ്വേച്ഛയാ മരണം കണ്ടെത്തുകയും ചെയ്യുന്നു.

15. ക്ഷീണിതർക്ക് നിദ്ര വളരെ പ്രിയംകരമാണ്. ഉപവസിക്കുന്ന വർക്കും ജാഗരണം ചെയ്യുന്നവർക്കും മരണം ഒരു സ്നേഹിതനാണ്. പ്രകൃ ത്യായുള്ള മരണം ഉറങ്ങുന്നവരെ കൊല്ലുന്നില്ല. അതുപോലെ പാതാളവും കുറച്ചേ കൊന്നിട്ടുള്ളു; എങ്കിലും അതു കൊല്ലുന്നു. നിദ്രയെന്നാൽ നവോ ന്മേഷം എന്നും പാതാളമെന്നാൽ ഉത്ഥാനമെന്നും അർഥം. രണ്ടാംമരണ ത്തിനു മാത്രം നിർഗമനമാർഗമില്ല.

16. വിശ്രമിക്കുന്നവനെയും ഉറങ്ങുന്നവനെയും പെട്ടെന്നുണർത്താൻ നിദ്ര ഒരിക്കലും കിടക്കയിൽ ഉദ്യമിക്കാറില്ല. അതുപോലെ പാതാളവും കുറച്ചേ ചെയ്യുന്നുള്ളു. എങ്കിലും എന്റെ സഹോദരരേ, അത് ചെയ്യുന്നുണ്ട്. പാതാള ത്തിൽ നിന്ന് നിദ്ര അത് തെളിയിക്കുന്നു. ഉറങ്ങുന്നവനെ പ്രഭാതം ഉണർത്തുന്നു; ദിവ്യസ്വരം മൃതരെ ജീവിപ്പിക്കുന്നു. സ്വന്തകരങ്ങളാൽ തന്റെ പ്രത്യാശ തകർക്കുന്നത് സ്വാതന്ത്ര്യത്തിന്റെ മരണം മാത്രമാണ്.

17. തന്റെ നീതിക്ക് കഠിനമായത് ദൈവം തന്റെ കൃപയിൽ നൽകി. നാം തന്നെ നമ്മുടെ ആത്മാക്കളെ രക്ഷിക്കണമെന്നത് നമ്മുടെ ഇച്ഛയ്ക്ക് എളുപ്പമാണ്. തന്റെ ഭാഗത്തുനിന്ന് അവിടുന്ന് നമ്മുടെ ശരീരങ്ങളെ ഉയിർപ്പി ക്കും. ഇവയെ കരയ്ക്കോ കടലിലോ ഉള്ള ജീവികൾ തിന്നാൽ ഭോജ്യവും ഭക്ഷിച്ചവനും ഒരുപോലെ മണ്ണിലേക്ക് തിരികെ പോകും. അവയുടെ പൂഴി യാകട്ടെ, ഉത്ഥാനത്തിൽ തീച്ചൂളയിൽ എന്നപോലെ വീണ്ടും വേർതിരിക്ക പ്പെടും.

18. സ്വർണം അരച്ചുപൊടിക്കാനും മണ്ണ് ദൂരെക്കളയാനും ഒരു തട്ടാൻ താൽപ്പര്യപ്പെടുമ്പോൾ, അയാൾക്ക് ഒരു തീച്ചൂളയിൽ വീണ്ടും വേർതിരി ക്കാനും പുറത്തേക്ക് എടുക്കാനും കഴിയും. അങ്ങനെയെങ്കിൽ എല്ലാം വേർതി രിക്കുന്ന ചൂളയിൽ ശരീരങ്ങളുടെ ഉത്ഥാനത്തിൽ സ്രഷ്ടാവിന് തന്റെ തീച്ചൂ ളയിൽ മൃഗങ്ങളുടെ പൂഴി വേർതിരിച്ച് പുറന്തള്ളിക്കളയാൻ എത്രയധിക മായി കഴിയും!

19. മനുഷ്യന്റെ പൂഴി നമ്മുടെ സ്രഷ്ടാവിന്റെ മനസ്സിൽ സത്യമായും വേർപെട്ടും പതിഞ്ഞുമുണ്ടായിരുന്നു. വേർപെട്ടിരുന്നുകൊണ്ട് അവിടുന്ന് പൂഴി യെടുത്ത് ആദത്തെ രൂപീകരിച്ചു. അതുപോലെ അവിടുന്ന് ജീവിപ്പിക്കാനിരി


www.malankaralibrary.com

ക്കുന്ന മനുഷ്യന്റെ പൂഴി അവിടുത്തെ മനസ്സിൽ വേർപെട്ടും പതിഞ്ഞും ഇരിക്കുന്നു. ആരംഭം എപ്രകാരം അന്ത്യത്തെ സൂചിപ്പിക്കുന്നെന്നു കാണുക.

20. നശ്വരമായ അയിര് മണ്ണിൽ നിന്ന് വേർപെട്ട് കിടക്കുന്നു. അത് ഉരുക്കപ്പെടുന്നതിനുമുമ്പ് ഉരുക്കുന്നയാൾ അത് കാണുന്നു. അത് വീണ്ടും ധരയിൽ പതിച്ചാലും ദൃശ്യമാകുന്നു. അപ്പോൾ സർവജ്ഞാനിക്ക് പൂഴിയുടെ ഓരോ ഇനവും അറിയാം; അതുപോലെ എല്ലായിനങ്ങളിൽ നിന്നും ഉപരി സ്ഥവും തന്റെ പ്രിയപുത്രന്റെ വസ്ത്രവുമായ മനുഷ്യപൂഴി എത്രയധികമായി തന്റെ കണ്ണുകൾക്കു മുമ്പിൽ എല്ലാറ്റിൽനിന്നും വേർപെട്ട് കിടക്കുന്നത് കാണാനാകും!

21. ആദ്യജാതൻ തന്റെ മഹത്വവസ്ത്രം ധരിച്ചത് ശരീരംകൊണ്ടാണ്. അമർത്യവരൻ ഈ വസ്ത്രത്താൽ പ്രകാശിതനാകും. ക്ഷണിക്കപ്പെട്ട അതിഥികളുടെ വസ്ത്രം ഈ വസ്ത്രത്തിനു തുല്യമായിരിക്കണം. അവരുടെ ശരീരമായ വസ്ത്രം പ്രകാശിക്കണം. ചെളിപുരണ്ട ശരീരമുള്ളവൻ അവിടെ ബന്ധനസ്ഥനാകും. അതുകൊണ്ട് നിന്റെ പ്രകാശത്താൽ നിന്റെ വിരുന്നിൽ എന്റെ കളങ്കം കഴുകിക്കളയുക!

22. പുറത്തേക്ക് വിജയിയായി വരുന്നതിന് ശരീരം എത്ര ഉദരങ്ങൾ പിളർത്തി! തന്റെ ജനനത്തിൽ മാതൃഉദരം, തന്റെ ഉത്ഥാനത്തിൽ കല്ലറ! അവർ സിംഹക്കുഴിയും തീച്ചൂളയും കീഴടക്കി. അവനെ വിഴുങ്ങിയ മത്സ്യം അവനെ തിരികെ കൊടുത്തു. അവൻ കടലിന്മീതേ നടന്നു. അവൻ പറന്ന് വായുവിലൂടെ സഞ്ചരിച്ചു. ദൈവികമഹത്വം ധരിച്ച് അവൻ വലത്തുഭാഗത്തിരുന്നു.

23. അവനെ പിടിക്കാനോ ബന്ധിക്കാനോ ആർക്കു കഴിയും! അവനെ സദാ അടക്കിവച്ചുകൊണ്ടിരിക്കാൻ ഏത് ഉദരത്തിന് കഴിയും! തന്റെ അമ്മയുടെ ഗർഭപാത്രത്തെപോലും പരിഗണിക്കാതെ, തന്റെ ജനനത്തിലെ പ്രസവവേദനയിൽ അതു തുറന്ന് അതിനെ വിട്ട് പുറത്തേക്കു കടന്നു; അതിനെ ശൂന്യമാക്കുകയും ചെയ്തു. കാരണം, അവൻ അതിൽ വീണ്ടും പ്രവേശിക്കുന്നില്ല. അങ്ങനെയെങ്കിൽ അവന്റെ ജീവിപ്പിക്കലിലും പുറപ്പെടുവിക്കലിലും പാതാളം എത്രയധികമായി ശൂന്യമായിരിക്കും!

24. ഏലിയായുടെ സ്വർഗാരോഹണം വിശ്വാസികളെ പഠിപ്പിക്കുന്നു: രഥത്തിൽ ആത്മാവും ശരീരവും ഒന്നിച്ച് ആ സ്വർഗീയ വസതിയിലേക്ക് സംവഹിക്കപ്പെട്ടു. ഏലിയാ തന്റെ ശരീരമുരിഞ്ഞ് എങ്ങോട്ടെങ്കിലും എറിഞ്ഞില്ല എന്നതിന്, അവനെ തേടിപ്പുറപ്പെട്ട മനുഷ്യരുടെ വ്യർഥമായ അന്വേഷണത്തിൽനിന്ന് വ്യക്തമാണ്. തന്റെ ശരീരത്തിൽ സംശുദ്ധനായിരുന്നവൻ തന്റെ ശരീരത്തോടുകൂടെ പൂർണമായിട്ടാണ് കരേറിയത്.


www.malankaralibrary.com

25. ഏലിയായുടെ മേൽവസ്ത്രവും നമ്മെ പ്രബോധിപ്പിക്കുന്നു. അത് വേർപെട്ട് സുരക്ഷിതവും നശ്വരവുമായ വസ്തുവായി അവശേഷിച്ചു. ഒരു കാലിക വസ്ത്രമായിട്ടത്രേ അവൻ അത് ധരിച്ചിരുന്നത്. ധരിച്ച ശരീരത്തെ അനുധാവനം ചെയ്ത ശരിയായ വസ്ത്രമായിരുന്നു അതെന്ന് എടുക്കപ്പെട്ട ശരീരത്തെപ്പറ്റി പഠിപ്പിക്കാനായി അത് വേർപെട്ട് താഴേക്ക് വീണു. വസ്ത്രം വേർപെട്ട് താഴേക്കു വീണു; ശരീരം ഉയരത്തിലേക്കു പറന്നു.[72]

26. യോർദാനും തന്റെ ഒഴുക്ക് നിയന്ത്രിക്കുകയും വെള്ളം തടഞ്ഞു നിർത്തുകയും തിരകൾ എതിരായി അടിക്കുകയും ചെയ്തു. നദി അതിന്റെ സ്വാഭാവികവും സ്വച്ഛന്ദവുമായ ഒഴുക്ക് നിർത്തി പ്രകൃതിക്കെതിരെ തിരി ഞ്ഞൊഴുകി. ഏലിയായുടെ ശരീരം ശ്രേഷ്ഠമായി സ്വർഗീയോന്നതത്തിലേക്ക് പറന്നുയർന്നു എന്നു കാണിക്കാൻ, ദൈവികനിർദേശത്താൽ നദി മുകളി ലേക്ക് കുതിച്ചൊഴുകി.

27. വീണുപോയ നോഹയുടെ ശരീരം എഴുന്നേൽക്കുന്നതു മനസ്സി ലാക്കാൻ പ്രയാസമാണെങ്കിൽ, ഹാനോക്കിന്റെ അഴിയാത്ത ശരീരത്തെപ്പറ്റി മനസ്സിലാക്കാൻ കൂടുതൽ പ്രയാസമാണ്. മരിച്ചവർ അവനിൽ ജീവിക്കു ന്നെന്ന് ഹാനോക്കിന്റെ ദൃഷ്ടാന്തത്തിലൂടെ അവൻ നമ്മെ പഠിപ്പിക്കുന്നു. പ്രത്യക്ഷപ്പെട്ട മോശയിലൂടെയും ഏലിയായിലൂടെയും നുണയരെ അവൻ ഖണ്ഡിക്കുന്നു. സംസ്ക്കരിക്കപ്പെട്ടവർ വീണ്ടും ജീവിക്കും, അവശേഷി ക്കുന്നവർ വായുവിൽ എടുക്കപ്പെടും. നിന്റെ ആഗമനത്തിന് എന്നെ യോഗ്യ നാക്കണമെ.

# 44

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി" (2)

1. തന്റെ കരവേല ഉന്നതമാണെന്നും അതിന് നിത്യമായ അസ്തിത്വ മുണ്ടെന്നും പഠിപ്പിക്കാൻ നല്ലവൻ ശരീരം മെനഞ്ഞുണ്ടാക്കി. മൃഗങ്ങളിൽ നിന്ന് മനുഷ്യൻ എത്ര ഉന്നതനാണെന്ന് പഠിപ്പിക്കാൻ, നീതിമാൻ അവനിൽ ആത്മാവിനെ ഊതിക്കയറ്റി. മൃഗങ്ങളിൽ അവിടുന്ന് അപ്രകാരം ചെയ്തില്ല. അവിടുന്ന് ആത്മാവിനെ നിവേശിപ്പിക്കാത്ത വായ് നിശ്ശബ്ദവും മൂകവുമാണ്. മറിച്ച്, അവിടുന്ന് ആത്മാവിനെ ഊതിക്കയറ്റിയ വായ് സംസാരശക്തിയുള്ള താണ്.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നീ ഉയിർപ്പിക്കുമ്പോൾ, ആത്മാവും ശരീരവും സന്തോഷിക്കാൻ ഇടയാകട്ടെ.*

72. 2രാജാ.2,13


www.malankaralibrary.com

2. മനുഷ്യനെയും മൃഗങ്ങളെയും ത്രാസിൽ, ബുദ്ധിശക്തിയുടെ തട്ടുകളിൽ, വയ്ക്കുക. മൃഗങ്ങൾ എല്ലാത്തരത്തിലും ജീർണതയ്ക്കും നശ്വരതയ്ക്കും വിധേയമാണെന്നും മനുഷ്യൻ കാത്തുസംരക്ഷിക്കപ്പെടേണ്ട നിക്ഷേപമാണെന്നും മനസ്സിൽ കാണുക. ഉത്ഥാനത്തിലൂടെ അവൻ ജീവന് അർഹനാണ്.

3. വീണ്ടും, മൃഗങ്ങളുടെ അസ്തിത്വഭാവം നിരീക്ഷിക്കുക; എല്ലാത്തിലും അത് അതിനോട് പൊരുത്തപ്പെട്ടുപോകുന്നത് കാണുക. ഉത്ഥാനത്തിന്റെ യാതൊരു പ്രത്യാശയുമില്ലാത്തതാണ് അവ എന്നതിൽ അവയെല്ലാം ഒരുപോലെ യോജിക്കുന്നു. മനുഷ്യപ്രകൃതിയിൽ വേർതിരിവ് സൃഷ്ടിക്കുന്ന വഴിപിഴച്ചവരെ കുറ്റപ്പെടുത്താനാണത്. ഒരേ സ്വഭാവമുള്ള മനുഷ്യരിൽ ഒരു ഭാഗം പ്രത്യാശയുള്ളവരും മറ്റവർ പ്രത്യാശാരഹിതരുമാണെന്ന് അവർ സങ്കൽപിക്കുന്നു.

4. മൃഗങ്ങൾ പ്രതിഫലം കൂടാതെ കഴിയുന്നു എന്ന്, നാം കാത്തിരിക്കുന്ന പ്രതിഫലം ചൂണ്ടിക്കാട്ടുന്നു. അതിന്റെ അധ്വാനം പ്രത്യാശാരഹിതമാണ്, അതിന്റെ ഓട്ടത്തിന് നഷ്ടപരിഹാരമില്ല, അതിന്റെ കഷ്ടപ്പാടിന് വാഗ്ദാനവുമില്ല. ഉത്ഥാനത്തിൽ നിന്ന് അവ വെട്ടിനീക്കപ്പെട്ടവയാണ്; മനുഷ്യരുടെ ഇരുവിഭാഗങ്ങളും ഒരേ നുകത്തിൻകീഴിൽ നടന്ന് പുഷ്പമാല അണിയണമെന്നും അവരുടെ അധ്വാനത്തിന് പ്രതിഫലം ഉണ്ടെന്നും കഷ്ടപ്പാടുകൾക്ക് പുകഴ്ചയുണ്ടെന്നും ബോധ്യപ്പെടാനായി മനുഷ്യനെ പഠിപ്പിക്കാൻ വേണ്ടിയാണിത്.

5. ബലഹീനമനുഷ്യന്റെ തലയിൽ രണ്ടുകാര്യങ്ങൾ കെട്ടിവച്ചിരിക്കുന്നു: മൃഗങ്ങളുടെ പ്രതിഫലരഹിതവ്യാപാരവും മനുഷ്യന് വാഗ്ദാനം ചെയ്ത പ്രതിഫലവും വിശദീകരിക്കുക, നമ്മുടെ സ്രഷ്ടാവ് നീതിരഹിതൻ അല്ലെന്ന് വിശദീകരിക്കുക. അവിടുന്ന് മനുഷ്യർക്ക് ഉദ്യാനവും ഗേഹെന്നായും വാഗ്ദാനംചെയ്തു; മൃഗങ്ങൾക്ക് പാപരഹിതമായ നിരവധി സന്തോഷങ്ങൾ നൽകിയിരിക്കുന്നു.

6. വീണ്ടും, മൃഗങ്ങളെ നോക്കുക: അനീതി കാട്ടിയെന്നു പറയത്തക്കവിധം ദൈവത്തിന് എന്തെങ്കിലും വായ്പ തിരിച്ചടയ്ക്കാൻ അവ നിർബന്ധിതരല്ല. എന്നാൽ നീതിക്കുവേണ്ടി ഉപവസിക്കാനായി ശരീരം വായ്പ കൊടുക്കാൻ മനുഷ്യൻ നിർബന്ധിതനാണ്. ഉത്ഥാനമില്ലെങ്കിൽ അത് അനീതിയാണ്. ധരയിൽ മൗനമായി കിടക്കുന്ന ഹാബേലിന്റെ രക്തത്തിൽ നിന്ന് പഠിക്കുക: എല്ലാം നൽകുന്നവന്റെ മുമ്പിൽ തന്റെ നിക്ഷേപത്തെപ്പറ്റി അത് നിലവിളിക്കുന്നു.


www.malankaralibrary.com

7. നീയൊരു മൃഗത്തെ കൊന്നാൽ നിന്നെയാരും കൊല്ലുകയില്ലെന്ന് അറിയുക. കാരണം, അതിന്റെ ശരീരത്തോടൊപ്പം അതിന്റെ ആത്മാവ് നശ്വരമാണ്. അതിന് ഉത്ഥാനമില്ല. എല്ലാ എതിരഭിപ്രായങ്ങളെയും ഖണ്ഡിക്കുന്ന ഒരു വാദം: മൃഗങ്ങളിൽ ആത്മാവും ശരീരവും ഒരുപോലെ ആയിരിക്കുന്നതുപോലെ, നമ്മുടെ ആത്മാവിനെപ്പോലെ നമ്മുടെ ശരീരവും നിത്യമായി ജീവിക്കും.

8. നശ്വരമായവ കുറച്ചുസമയം മാത്രമേ സംരക്ഷിക്കപ്പെടുന്നുള്ളു എന്ന് വിജ്ഞാനികളുടെ ഗ്രന്ഥങ്ങളും നുണയരുടെ പ്രകൃതവും കാട്ടുന്നു. അനശ്വരമായവ നിത്യമായി കാത്തുപരിപാലിക്കപ്പെടുന്നു. അവയെ കൊല്ലുന്നവൻ കൊല്ലപ്പെടും. അവയുടെ ഒന്നിപ്പ് നിത്യമായിരിക്കേണ്ടതാണെന്ന് അവയുടെ അഴിയൽ തെളിയിക്കുന്നു. തന്റെ കൗശലത്താൽ ഈ അഴിയൽ കൊണ്ടുവന്ന സർപ്പം എല്ലാറ്റിലും എല്ലാറ്റിനേക്കാളും ശപിക്കപ്പെട്ടതാണ്.

9. മനുഷ്യർ പറവകളെയും മത്സ്യങ്ങളെയും മൃഗങ്ങളെയും കൊന്ന് പ്രാർഥനാപൂർവം ഭക്ഷിക്കുന്നു. അതുപോലെ മനുഷ്യർ വിളവ് കൊയ്യുകയും പഴങ്ങൾ പറിക്കുകയും ചെയ്യുന്നു. കൊല്ലുന്നവനെയോ പറിക്കുന്നവനെയോ ആരും ശപിക്കാറില്ല. മനുഷ്യശരീരവും എന്നേക്കും അഴുകി നശിക്കുന്നെങ്കിൽ, കൊലപാതകിയെ എന്തിന് ശപിക്കുന്നു? സർപ്പം എന്തുകൊണ്ട് അഭിശപ്തമാകും?

10. അഴുകി കേടായ ധാന്യങ്ങളും ചീഞ്ഞളിഞ്ഞ പഴങ്ങളും കർഷകനെ കുറ്റപ്പെടുത്തുന്നു. കാരണം, പഴങ്ങൾ പറിക്കാൻ അവൻ വളരെ കാലവിളംബം വരുത്തി; ധാന്യമണികൾ കതിരിൽ നിന്ന് അടർത്തി വേർതിരിച്ചില്ല. അതുപോലെ, അവരുടെ പ്രബോധനം അനുസരിച്ച്, ഭാരമുള്ള ശരീരത്തിന്റെ ബന്ധനത്തിൽ നിന്ന് ആത്മാവിനെ വിടുവിക്കാൻ തക്കസമയത്ത് വൃദ്ധനെ കൊന്ന് അവന്റെ ആത്മാവിന്റെ ശക്തി ഇല്ലാതാക്കാത്തവനെ കുറ്റപ്പെടുത്തേണ്ടതാണ്!

11. വൃദ്ധരിലൂടെ നുണയരെ പഠിപ്പിക്കാനാണ് പ്രയോജന രഹിതരായിത്തീർന്ന വൃദ്ധരെ ജീവിക്കാൻ നല്ല ദൈവം അനുവദിക്കുന്നതെന്നു തോന്നും. വൃദ്ധരെ വാൾ നിശ്ശബ്ദരാക്കുമെങ്കിലും, അവരെ കൊല്ലുന്നവനും കൊല്ലപ്പെടും. വൃദ്ധരെ കൊല്ലുന്ന യുവാക്കളെ കൊല്ലാൻ ദൈവം അനുവദിക്കുന്നത് ശരീരം അതിന്റെ സ്രഷ്ടാവിന് വളരെ പ്രിയംകരമാണെന്ന് കാണിക്കാനാണ്.

12. എല്ലാവിധ കളങ്കങ്ങളാലും വിരൂപനായിത്തീർന്ന വൃദ്ധൻ വേദനകളാൽ നിറഞ്ഞവനാണ്. അവൻ തന്റെ മരണം മാത്രം കാത്തിരിക്കുന്നു. എന്നാൽ അവനെ കൊല്ലുന്ന ഒരുവനെയും കാണുന്നില്ല. മരണം അവന്


www.malankaralibrary.com

പ്രിയംകരം ആണെങ്കിൽപോലും അവനെ കൊല്ലുന്നത് ബീഭത്സമാണ്! പറുദീസായിൽ അവൻ എത്രമാത്രം ബഹുമാനിതനാകുമെന്നും സ്തുത്യർഹനാകുമെന്നും ഉത്ഥാനം ചെയ്ത് ജീവൻ പ്രാപിക്കുമ്പോൾ അവന്റെ മഹത്വം എത്രമാത്രമാണെന്നും അവന്റെ നിന്ദനം നമ്മെ പഠിപ്പിക്കുന്നു.

# 45

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി" (3)

1. ആത്മാവ് ഭക്ഷിക്കുകയും ഉപവസിക്കുകയും അതിന് പ്രതിഫലം കിട്ടുകയും ചെയ്യുമ്പോൾ, അതിനോടൊപ്പം ഉപവസിച്ച ശരീരത്തിനും അതിന്റെ പ്രതിഫലം കിട്ടുന്നത് ഉചിതമാണ്. എന്നാൽ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തത് ശരീരമാണെന്ന് അറിയുമ്പോൾ, അബദ്ധോപദേശകർക്കെതിരെ ആരോപണം ഉയരുന്നു. ഉപവസിക്കുകയും ബദ്ധപ്പെടുകയും ചെയ്ത ശരീരത്തിന് പ്രതിഫലമില്ല, ഉപവസിക്കാത്ത ആത്മാവിന് പ്രതിഫലം കിട്ടണമെന്നു പറഞ്ഞ് അവർ എത്ര തവണ തങ്ങളുടെ അഭിപ്രായങ്ങളിൽ വഴിതെറ്റുന്നു.

*പ്രതിസ്തോത്രം: നീ ഞങ്ങളെ ജീവിപ്പിക്കുമ്പോൾ, ശരീരം അതിന്റെ സഖിയെ സ്വീകരിക്കട്ടെ.*

2. ആത്മാവും ഉപവാസത്തിൽ വർജ്ജന പാലിക്കുകയും ശരീരത്തിന്റെ വർജ്ജനയിൽ പങ്കുചേരുകയും ചെയ്യുന്നു. ശരീരത്തിൽ നിന്നു വരുന്ന വേദന കടമെടുക്കുന്ന ആത്മാവിന് പ്രയോജനം കിട്ടുന്നെന്നു കരുതപ്പെടുന്നെങ്കിൽ, ശരീരത്തിനു ലഭിക്കുന്ന അടികൾക്കുള്ള പ്രതിഫലമായി അത് എത്രയധികമായി രക്ഷിക്കപ്പെടണം! ഇത്തരം പ്രബോധനശ്രവണംപോലും കൊടിയ ദ്രോഹമാണ്! കാരണം, ശാരീരിക കർമങ്ങളുടെ ഉച്ഛ്വാസത്താൽ ആത്മാവ് സമ്പന്നമാകുന്നെങ്കിൽ, തന്റെ സത്പ്രവൃത്തികളാൽ ശരീരം എത്രയധികമായി സമ്പന്നമാകും!

3. അത് അധ്വാനിക്കുകയും ഇത് പ്രതിഫലം വാങ്ങുകയും ചെയ്യുക എന്നത് ഞെട്ടിപ്പിക്കുന്ന കാര്യമത്രേ! അതിന് അഗ്നിയും ഇതിന് ഏറ്റുപറച്ചിലിന്റെ കീർത്തിയും ലഭിക്കുന്നത് ഞെട്ടിപ്പിക്കുന്ന കാര്യമത്രേ. അതിന് വാളും ഇതിന് ജീവകിരീടവും ലഭിക്കുക അസംബന്ധമാണ്! തന്റെ സ്രഷ്ടാവിനുവേണ്ടി ശരീരം കൊല്ലപ്പെടുന്നു; അതിന് ഇവിടെ തന്റെ ജീവൻ നഷ്ടപ്പെടുന്നു; അവിടെ തന്റെ ഉത്ഥാനം! അബദ്ധോപദേശകരുടെ പ്രസംഗം എത്ര തലതിരിഞ്ഞതാണ്!


www.malankaralibrary.com

4. വിശക്കുക, ഉണർന്നിരിക്കുക, ദാഹിക്കുക, എന്നിവ ശാരീരിക സവി ശേഷതകളാണ്. ഈ മൂലധനം കൂടാതെ ആത്മാവിന് സമ്പന്നമാകാനാകില്ല. മുതലും പലിശയും ആത്മാവ് കച്ചവടക്കാരന് നിഷേധിച്ചേക്കാം. കാരണം, ഇതാ, ആത്മാവ് തന്റെ താലന്തിന്റെ വരവുകൊണ്ട് സമ്പന്നമാകും. എങ്കിലും ഈ നേട്ടത്തിന് വിഡ്ഢി ശരീരത്തിനെതിരെ എഴുതിക്കൊടുത്ത ഒരു കടപ്പ ത്രമുണ്ട്. അതിലവൻ ഉത്ഥാനം നഷ്ടപ്പെട്ടതായി വിശദീകരിച്ചു.

5. ഇത് വിശന്നിരിക്കുകയും അത് തന്റെ ഉപവാസത്തിൽ വീമ്പടിക്കു കയും ചെയ്യുന്നത് അനീതിയാണ്! ഇത് ദാഹിച്ചുവലയുകയും ഇതിന്റെ ദാഹ ത്തിൽ അതിന് പ്രശംസ ലഭിക്കുകയും ചെയ്യുക അനീതിയാണ്! ഇതിന്റെ ജോലിക്ക് ആത്മാവ് പ്രതിഫലം വാങ്ങിയിട്ട് ഇതിനെ നിരാകരിച്ച് പുറന്തള്ളുന്നു. അവർ പറയുന്നതുപോലെ, ഇത് തീയിലൂടെ വേർതിരിക്ക പ്പെടുന്നു. അവർ കർഷകനെ നിന്ദ്യമായി കൈകാര്യം ചെയ്തു. അവന്റെ ധാന്യങ്ങൾ അവർ പാറ്റിക്കൊഴിച്ച് എടുത്തുകൊണ്ടുപോയി. അവൻ കത്തി നശിക്കാൻ ഉമിയും കച്ചിയും അവശേഷിപ്പിച്ചു.

6. ശരീരം പ്രകീർത്തിക്കപ്പെടുകയും ആത്മാവ് തേജോരൂപം ധരിക്കു കയും ചെയ്യുക എന്നതാണ് നീതിപൂർവകമായിട്ടുള്ളത്. അവ രണ്ടും ജീവി ക്കുക എന്നതാണ് നീതിപൂർവകം. അതും ഇതും ഏദന്റെ പറുദീസായിൽ ആയിരിക്കുക എന്നതാണ് ഉചിതം. അവർ പറയുന്നത് ഘോരമായ അനീ തിയാണ്. അതായത്, മനുഷ്യന്റെ ഒരു ഭാഗം ദൈവരാജ്യത്തിൽ ജീവിക്കുക, മറ്റേഭാഗം കടമൊന്നും കൂടാതെ പരിത്യജിക്കപ്പെടുക!

7. മത്സരക്കളി നേരാംവണ്ണം നിരീക്ഷിക്കുന്നതിൽ പാഷണ്ഡികൾ അന്ധരാണ്. കാരണം, അവർ വിജയം ആത്മാവിനും പരാജയം ശരീര ത്തിനും ആരോപിക്കുന്നു. ഈ ലോകത്തിലെ കാഴ്ചക്കാരെപ്പോലെ, അവർ ഒരിക്കൽപോലും നീതിബോധം ഉള്ളവരല്ല. ജയിച്ച കുതിരവണ്ടിക്കാരനെ അവർ ചിലപ്പോൾ പുകഴ്ത്തുന്നു, മറ്റുചിലപ്പോൾ, കുതിരയെ പുകഴ്ത്തുന്നു.

8. ആത്മാവ് സംശുദ്ധവും ശ്രേഷ്ഠവുമായ സത്തകളിൽ നിന്നാണെ ങ്കിൽ, ശരീരം സ്വഭാവേന നിന്ദ്യമാണെങ്കിലും തന്നെത്തന്നെ അലങ്കരിക്കാൻ പരിശ്രമിക്കുന്നു. അത് നിന്ദ്യമായി നിലനിന്നാൽ അതിനു ഹാ, കഷ്ടം! അത് അലംകൃതമായാൽ ഇരട്ടി ഹാ, കഷ്ടം! അത് ഭോഗാസക്തിയുടെ ഭാരം വഹി ക്കുന്നു; എന്നാൽ കന്യാത്വവും സംശുദ്ധതയുടെ പ്രതിഫലവും ആത്മാവി ന്റേതാണ്. അത് പതിനൊന്നാം മണിക്കൂറിലെത്തി ഉറക്കെ തന്റെ പ്രതിഫലം ആവശ്യപ്പെടുന്നു.[73]

9. എന്നാൽ ആവശ്യങ്ങളും അത്യാർത്തിയും ആത്മാവിന്റേതാകു

73. മത്താ. 20,9


www.malankaralibrary.com

മ്പോൾ, അതിന്റെ നിന്ദ്യതയിൽ പെട്ടുപോയതായി അതിനെപ്പറ്റി ശരീരം പരിഭവിക്കുന്നു. അതുകൊണ്ട് ആത്മാവ് ക്രമരഹിതമായി ഭോഗാസക്തിയുള്ളതും കടിഞ്ഞാണില്ലാത്തതും ആകുമ്പോൾ, ശരീരത്തിന്റെ ഭോഗാസക്തികളെപ്രതി അതിനെ എന്തിന് അപവദിക്കുന്നു? ജോസഫിനെപ്പറ്റി അപവാദം പറഞ്ഞു, അവൻ നിശ്ശബ്ദനായിരുന്നു; എന്നാൽ അവന്റെ യജമാനത്തി ഉറക്കെ നിലവിളിച്ചു. നാബോത്തിന് കല്ലേറുകിട്ടി, ജസബേലിന് മുന്തിരിത്തോട്ടവും![74]

10. തന്റെ സത്തയുടെ മാലിന്യത്താൽ വിരൂപമായിരിക്കുമ്പോൾ, എങ്ങനെ ശരീരത്തിന് സംശുദ്ധമായിരിക്കാനാകും? ആത്മാവിന്റെ ശുദ്ധപ്രകൃതിയെ എങ്ങനെ കലക്കാനാകും? ആത്മാവിനെ കലക്കാൻ ശരീരത്തിനാവില്ല. കാരണം, നിഴലിന് പ്രകാശത്തെ കലക്കാനാവില്ല. പ്രത്യുത, അത് തന്റെ ശോഭയാൽ നിഴലിനെ ശുദ്ധീകരിക്കുന്നു.

11. വഴിപിഴച്ച വിഡ്ഢികൾ വഴിപിഴച്ച മിത്തുണ്ടാക്കി: "അന്ധകാരം പ്രകാശത്തെ കലക്കാൻ ശ്രമിക്കുന്നു." അവരുന്നയിക്കുന്ന സാക്ഷ്യത്താൽ തന്നെ അവരെ ഖണ്ഡിക്കാൻ എളുപ്പമാണ്. രണ്ടും നമ്മുടെ കൂടെയുണ്ട്; പ്രകാശം ഒരിക്കലും അന്ധകാരത്തിന്റെ നിറമെടുക്കുന്നില്ല, പിന്നെയോ, ഇരുണ്ടതിനെ അത് തന്റെ ശോഭയാൽ നിറമുള്ളതാക്കുന്നു.

12. വഴിപിഴച്ചവർ രണ്ടിലൊന്ന് തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു: നല്ലതും ശുദ്ധിയുള്ളതുമായിരിക്കാൻ ശരീരത്തിന് കഴിവില്ലെങ്കിൽ, അതിൽ വസിക്കുന്ന ആത്മാവ് മാലിന്യം നിമിത്തം വീർപ്പുമുട്ടുകയും തന്നത്താൻ ശുദ്ധീകരിക്കാനുള്ള ശ്രമം വിഫലമാകുകയും ചെയ്യുന്നു. എന്നാൽ സംസ്കരിക്കപ്പെടാൻ കഴിവുള്ള ഒരു പ്രകൃതിയാണ് ശരീരമെങ്കിൽ, അതിന് ഉത്ഥാനമില്ലെന്നു പറഞ്ഞ് ദുഷ്ടൻ കലക്കുകയായിരുന്നു.

13. നമുക്ക് നുണയരോട് ചോദിക്കാം: ജീവനില്ലാത്തവയ്ക്ക് ജീവന്റെ ഉറവ ഉണ്ടാക്കിയത് ആരാണ്? ആ ജീവന്റെ ഉറവകൊണ്ട് അവയ്ക്ക് ജീവിക്കാൻ കഴിയും. അവയ്ക്ക് ആരംഭത്തിൽ ജീവൻ കൊടുക്കാൻ ദൈവത്തിനു കഴിഞ്ഞെങ്കിൽ, താൻ ജീവൻ കൊടുത്തതിനെ വീണ്ടും ജീവിപ്പിക്കാൻ കൂടുതലായി കഴിയും. ലഘുവായി നുണ പറയുന്നവർ പ്രയാസമുള്ളവ നിമിത്തം ലജ്ജിക്കേണ്ടിവരും.

14. കുറച്ചുനാൾ ജീവിക്കാൻ ശരീരത്തെ അനുവദിച്ചവൻ, നീണ്ട കാലത്തേക്ക് അനുവദിക്കാൻ കഴിവില്ലാത്തവനല്ല. ലാസറിനെ കല്ലറയിൽ നിന്ന് പുറത്തേക്ക് കൊണ്ടുവന്നവന് വീണ്ടും അപ്രകാരം ചെയ്യാനുള്ള ശക്തി നഷ്ടപ്പെട്ടുപോയില്ല. തന്റെ സൃഷ്ടികർമത്തിൽ നല്ലവനായിരുന്നവൻ വീണ്ടും ജീവി

74. 1രാജാ.21,13



www.malankaralibrary.com

പ്പിക്കുന്നതിൽ എത്രയധികമായി നീതിമാനായിരിക്കും! കാരണം, ആരംഭ ത്തിൽ സൗജന്യമായി അവിടുന്ന് അവന് ജീവൻ കൊടുത്തെങ്കിൽ, നീതി മാനായ അവിടുന്ന് പ്രതിഫലം നൽകാൻ എത്രയധികമായി അവനെ ജീവി പ്പിക്കും. അവന്റെ നീതി നിഷേധിക്കുന്നവർ അവന്റെ കൃപയെയും നിഷേധി ക്കുന്നു.

15. ഉത്ഥാനത്തിന് കഴിവില്ലാത്ത ഒരു പ്രകൃതിയാണ് ശരീരമെങ്കിൽ, നമുക്ക് ഇപ്രകാരം ചോദിക്കാം: "മുമ്പ് ആത്മാവിലൂടെ ജീവനിലേക്ക് വന്നത് എങ്ങനെ സാധ്യമായി? ജീവിക്കാൻ കഴിയാത്തതിന് ജീവൻ നൽകാൻ അതിനു ജീവൻ നൽകിയ ഇച്ഛയ്ക്ക് എങ്ങനെ കഴിഞ്ഞു?" ശരീരത്തിന്റെ ഉത്ഥാനം നിഷേധിക്കുന്നവർ ശരീരത്തിന്റെ ജീവൻ നിമിത്തം പരാജിതരാ യിരിക്കുന്നു.

16. നിന്റെ നിക്ഷേപങ്ങൾ സൂക്ഷിക്കുന്ന ആ നിക്ഷേപകൻ നിന്റെ നിശ്ശബ്ദരോട് എല്ലാം ക്ഷമിച്ച് വെറുതെ വിടുന്ന വക്കീലായിരിക്കട്ടെ. വല ത്തുഭാഗത്തുള്ളവർ വഴി അവൻ സമ്പന്നനായിരിക്കും; കാരണം, ഇടത്തുഭാ ഗത്തുള്ളവരെ അവൻ നിന്ദിച്ചിരിക്കുന്നു. എന്റെ കർത്താവേ, പാപിയായ എന്നിൽ കരുണയുണ്ടാക്കണമെ. ഞാൻ അവനിൽ വിശ്വസിക്കുകയും ഇട ത്തുഭാഗത്തു നിൽക്കുന്ന നുണയരെ ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു. നീ എന്റെ പാപങ്ങൾ മടക്കി തരാതിരിക്കുന്നത് ആയിരിക്കട്ടെ, നീ എന്റെ വാക്കുകൾക്ക് നൽകുന്ന പ്രതിഫലം!

# 46

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി"(4)

1. നമ്മുടെ കർത്താവ് താണിറങ്ങിവന്ന് മറിയത്തിൽ വസിക്കുകയും രണ്ടു ലിംഗങ്ങളിലും പെട്ട നിർമലരിൽ ഇന്നും വസിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ രക്ഷകന്റെ ശരീരം എങ്ങനെ അശുദ്ധമായിരിക്കാൻ കഴിയുമെന്ന് അബദ്ധോപദേശകർ നമ്മോടു വിശദീകരിക്കട്ടെ. രാജാവ് ഒരിടത്ത് താമസി ക്കാൻ വരുമ്പോൾ, അതുവഴി അതിന് സ്വാതന്ത്ര്യവും ബഹുമതിയും സൗജ ന്യമായി നൽകുന്നു. ശരീരത്തിൽ തന്റെ വാസമുറപ്പിച്ച നല്ലവൻ, ശരീരത്തിന് ഉത്ഥാനമില്ലെന്ന് ക്രമീകരിച്ചോ?

*പ്രതിസ്തോത്രം: നിന്നിൽ വിശ്വസിച്ച ശരീരം കല്ലറയിൽ പ്രതിഫലം കൂടാതെ കഴിയാൻ ഇടയാക്കരുതേ.*

www.malankaralibrary.com

2. അത്യുന്നതൻ ശരീരംവരെ താണിറങ്ങിവന്നു; അവിടുന്ന് അതിന്റെ പാദങ്ങൾ കഴുകി; ഉത്ഥാനത്തിൽ ശിരസ്സ് എത്രമാത്രം മഹത്വീകരിക്കപ്പെടുമെന്ന് ബഹുമാനിക്കപ്പെട്ട പാദങ്ങൾ പഠിപ്പിക്കുന്നു. ശിശുക്കളിലൂടെ അവൻ അതിനെ എടുത്ത് ആഘോഷിച്ചു. അതിനെ തന്റെ മാറിൽ വച്ചു, യോഹന്നാനിൽ അതിനെ തലോടി. ബർദൈസാനെ ലജ്ജിപ്പിക്കാൻ ഇവ മതിയാകും!

3. രൂപത്തിൽ മരിച്ചവന്റെ സാദൃശ്യമുള്ള ഡ്രാക്മാ മണ്ണിൽ നിന്ന് ഉണ്ടാക്കിയതാണ്. അത് തിരികെ താഴെവീണ് നഷ്ടപ്പെട്ടു.[75] ശരിയായ ഒരു പ്രതിരൂപം! കാരണം, ധരയിൽ നിന്ന് എടുക്കപ്പെട്ട ശരീരത്തിന്റെ സാദൃശ്യത്തിലാണത്. ഉപമയിലെ പ്രതീകത്തിനു സമാനമായി അത് ചേർന്നുപോകുന്നു. സ്ത്രീ തന്റെ നാണയത്തുട്ട് തേടിയതുപോലെ, ക്ലേശിച്ച് അതിനെ തേടിയ നല്ലവൻ ശരീരത്തിന്റെ കണ്ടെത്തലിൽ അതിനെപ്രതി സന്തോഷിക്കുന്നു.

4. വിധവ ഇട്ട ചെറിയ നാണയത്തുട്ടുകൾ വർദ്ധിച്ചു.[76] കാഴ്ചക്കാരൻ അതിനു സാക്ഷിയും ജാമ്യക്കാരനുമായി; ആലയഭണ്ഡാരത്തിൽ അവളുടെ അർപ്പണം സ്വീകരിച്ചെന്ന് അവൻ വെളിപ്പെടുത്തി. പീഡകരുടെ വാളിലൂടെ മുതലും പലിശയും വഹിക്കുന്ന ശരീരത്തിന് പ്രതിഫലം നൽകാതിരിക്കയില്ലെന്ന്, നാണയത്തുട്ടുകൾക്ക് പ്രതിഫലം നൽകിയതിൽ നിന്ന് തിരിച്ചറിയുക.

5. മത്സ്യത്തിന്റെ വായിൽ നിന്ന് അവിടുന്ന് തന്റെ മഹത്വത്തിന് ഒരു നാണയം - ബുദ്ധിയില്ലാത്ത രൂപം, അനക്കമില്ലാത്ത പ്രതിരൂപം - പുറത്തെടുത്തു.[77] സംസാരശക്തിയുള്ള തന്റെ രൂപത്തിലൂടെ അവിടുന്ന് എത്രയധികമായി മഹത്വീകരിക്കപ്പെടും! നാണയത്തിന്റെ മാതൃകയിൽ, നിർമിച്ചവന്റെ മാതൃകയിൽ മുദ്രകുത്തിയ രൂപം കാലാന്ത്യത്തിൽ പുറത്തേക്കെടുക്കാൻ അതിനെ വിഴുങ്ങിയവനോട് അവൻ കൽപ്പിക്കും.

6. തന്റെ നാമത്തിൽ ഒരു പാത്രം പച്ചവെള്ളം കുടിക്കാൻ കൊടുക്കുന്നവനും തന്റെ പ്രതിഫലം നഷ്ടമാകില്ലെന്ന് നല്ലവന്റെ വാഗ്ദാനം ബോധ്യപ്പെടുത്തുമ്പോൾ,[78] ശരീരത്തിന്റെ നൈർമല്യത്തിന് പ്രതിഫലം നൽകാതിരിക്കാൻ അവനെങ്ങനെ കഴിയും! നീണ്ട നൂറുവർഷം അവൻ പോരാട്ടം നടത്തി; ഒരിക്കലും അവന്റെ എതിരാളി സ്വപ്നത്തിൽ അവന് സ്വൈര്യം കൊടുത്തിട്ടില്ല. ഇയാൾക്ക് പ്രതിഫലം ലഭിക്കാതിരുന്നാൽ, ആരാണതിനോട് എതിർപ്പു പ്രകടിപ്പിക്കാത്തത്!

7. ഒരേ ഒരുദിവസം മൂന്നു യുവാക്കൾ അഗ്നിയെ കീഴ്പ്പെടുത്തി. തന്നിൽ വസിക്കുന്ന അഗ്നിയെ ഈ ശരീരം അനുദിനം കീഴ്പ്പെടുത്തുന്നു.

75 ലൂ.15,8-9; 76. മർക്കോ.12,42; 77. മത്താ.17,27; 78. മത്താ.10,42


www.malankaralibrary.com

അതാകട്ടെ, അണഞ്ഞുപോകുമ്പോഴും ആളിക്കത്തുന്നതും മങ്ങിമറയലിൽ കത്തുന്നതുമാണ്. ദാഹംകൊണ്ട് അത് ശമിപ്പിച്ചവൻ ഭാഗ്യവാൻ! കത്തുന്ന അഗ്നി വെള്ളംകൊണ്ട് കെടുത്താം; എന്നാൽ ഇതാകട്ടെ, അണഞ്ഞു പോയാൽ വീഞ്ഞുകൊണ്ട് ആളിക്കത്തിക്കാം.

8. എല്ലാ കാര്യങ്ങളിലും മനുഷ്യനെ പൂർണമായും സൗഖ്യമാക്കുകയും അവനെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുകയും അവന് ജീവൗഷധം നൽകുകയും ചെയ്ത നമ്മുടെ കർത്താവിന്റെ ഉദ്യമങ്ങളിലുള്ള ഉത്തമ വിശ്വാസത്തിലേക്ക് നാം മടങ്ങിപ്പോകുമ്പോൾ, ഉത്ഥാനത്തിൽ സമ്പൂർണ മനുഷ്യരൂപം പുതുതായി സംയോജിപ്പിക്കപ്പെടുമെന്ന് തിരുലിഖിതത്തിൽ വായിച്ചിട്ടും കാണാതിരിക്കുന്ന മാനിയും മാർസ്യനും എത്ര നിന്ദ്യരാണ്, ബർദൈസാൻ എത്ര അന്ധനാണ്!

9. കാരണം, ശെമയോൻ വെട്ടി ദൂരെയെറിഞ്ഞ ചെവി നഷ്ടപ്പെട്ടു പോകാതിരിക്കാൻ അത്യുന്നതൻ കുനിഞ്ഞെടുത്ത് പൂർവസ്ഥാനത്തു ചേർത്തുവച്ചെങ്കിൽ,[79] അവന്റെ പൂഴി അവശേഷിക്കാതിരിക്കാൻ എത്രയധികമായി അവൻ പുനരുത്ഥാനത്തിൽ തേടും! തീച്ചൂളയിൽ ഒരു മുടിപോലും നഷ്ടപ്പെട്ടു പോകാതിരുന്നതിലൂടെ, ഉത്ഥാനത്തിൽ അവിടുന്ന് മുൻകരുതൽ എടുക്കുമെന്ന് ശ്രദ്ധാപൂർവം അറിയിക്കുന്നു.

10. അപ്പത്തിന്റെ ശേഷിച്ച കഷണങ്ങൾ ശേഖരിക്കാൻ അവൻ നിർദേശിച്ചു.[80] ആ അനുഗ്രഹത്തിൽ നിന്ന് ഒന്നും നഷ്ടപ്പെട്ടുപോകാതിരിക്കാൻ, ഒന്നിച്ചുശേഖരിക്കാൻ അവൻ പ്രേരിപ്പിക്കുകയും അനുശാസിക്കുകയും ചെയ്തു. എങ്കിൽ ശരീരത്തിലെ അസ്ഥികൾ ഒന്നിച്ചുചേരുന്നതിനും സന്ധികൾ കൂടിച്ചേരുന്നതിനും അതിന്റെ സ്വരം, തന്നെ ഉയിർപ്പിച്ചവന്റെ സ്തുതികൾ പാടുന്നതിനും ശരീരത്തെപ്രതി അവിടുന്ന് എത്രയധികമായി ശ്രദ്ധാലുവായിരിക്കും!

11. സംശയമെന്യേ അവന്റെ അപ്പം നമ്മുടെ ഉത്ഥാനത്തിന് സാക്ഷ്യം വഹിക്കുന്നു. അവിടുന്ന് ഭക്ഷ്യവസ്തുവിനെ ആശീർവദിച്ചെങ്കിൽ, എത്രയധികമായി ഭക്ഷിക്കുന്നവനെ ആശീർവദിക്കും! അവിടുന്ന് ആശീർവദിച്ച് വർദ്ധിപ്പിച്ച പന്ത്രണ്ടപ്പത്തിൽ തന്റെ പന്ത്രണ്ട് ശിഷ്യന്മാരുടെ സമൂഹത്തെ ആശീർവദിച്ച് വർദ്ധിപ്പിച്ചു. അവിടുന്ന് ഒരപ്പം എടുത്ത് മുറിച്ചു; മറിയത്തിൽ നിന്നുള്ള ഏകന്റെ ശരീരത്തിന്റെ പ്രതീകമായി മറ്റൊന്ന് മുഴുവനായി കൊടുത്തു.

12. വിധവയുടെ വത്സലമകനെ ജീവിപ്പിച്ചതുവഴി അവൻ അവളെ സന്തുഷ്ടയാക്കി.[81] ശരീരം ചീത്തയാണെന്ന് വിഡ്ഢികൾ പറയുന്നതനു

79. ലൂ.22,51; 80. യോഹ.6,12; 81. ലൂ.7,11-17


www.malankaralibrary.com

സരിച്ച്, അവിടുന്ന് ഒരു ദുഷ്ടതയെ ജീവിപ്പിക്കുകയും അതുവഴി സാത്താൻ സന്തോഷിക്കുകയും ചെയ്തു. യായീറോസിന്റെ മകളെ ജീവനിലേക്ക് തിരിച്ചു വിളിച്ചതുവഴി അവൻ അവളിലെ പാപത്തെ ഉത്തേജിപ്പിച്ചു. അവൾ ഉറങ്ങുക മാത്രമാണ് എന്ന അവിടുത്തെ വചനത്തിലൂടെ,[82] നമ്മുടെ ശരീരം വീണ്ടും ജീവിക്കുമെന്ന് കാട്ടിക്കൊണ്ട് നുണയരെ അവിടുന്ന് ഖണ്ഡിച്ചു.

13. യോനായെ കടലിലേക്ക് എറിയുകയും അവൻ മുങ്ങിത്താഴുകയും ചെയ്തപ്പോൾ, കപ്പലിൽ ഉണ്ടായിരുന്ന നാവികരെല്ലാം അവനെപ്പറ്റിയുള്ള പ്രതീക്ഷകളഞ്ഞു. കാരണം, അവൻ വീണ്ടും പൊങ്ങിവരുമെന്ന് ഏത് കരുത്തന് പറയാൻ കഴിയുമായിരുന്നു? അത് ഏത് ബുദ്ധിമാന് ഉറപ്പിച്ച് പറയാൻ കഴിയുമായിരുന്നു? അത് പ്രയാസമുള്ളതും അസാധ്യവുമായിരുന്നു! എന്നാൽ ഏകന് എളുപ്പമായിരുന്നു. അവൻ കടലിനെ കണ്ണുകാണിച്ചു, അത് ശാന്തമായി; അവൻ മത്സ്യത്തിനു കൽപ്പന നൽകി, അതവനെ ഛർദിച്ചു.[83]

14. കതിരിലുള്ള ഗോതമ്പുമണി ഉത്ഥാനം ചൂണ്ടിക്കാട്ടുന്നു. കാരണം, അതിന്റെ ജീർണതയിലൂടെ അത് അതിന്റെ ജീവൻ പ്രാപിക്കൽ അറിയിക്കുന്നു. അതിന്റെ പതനത്തിൽ അതിന്റെ എഴുന്നേൽക്കൽ മറഞ്ഞിരിക്കുന്നു. മഴപെയ്യുമ്പോൾ അത് മുളച്ചുവളരുന്നു. അതുപോലെ ആദാം ഏതിനാൽ രൂപീകരിക്കപ്പെട്ട് ജീവൻ പ്രാപിച്ചുവോ, ആ പനിമഞ്ഞ് നമ്മുടെ ഉത്ഥാനത്തിൽ എത്രയധികമായി നമ്മുടെ പൂഴിമേൽ തളിക്കപ്പെടും!

15. വീണ്ടും പച്ചക്കുതിര അതിന്റെ മുട്ട ഭൂമിക്കുള്ളിൽ ഇടുന്നു, പ്രത്യാശാരഹിതമാംവിധം അത് പൂഴിയിൽ അടക്കുന്നു, കല്ലറസമാനം ധരയുടെ ഗർഭപാത്രത്തിൽ നിറച്ചിട്ട് കടന്നുപോകുന്നു. ഇതിൽ നുണയർ ലജ്ജിതരാകുന്നു. കാരണം, തന്റെ മുട്ടകൾ കുഴിച്ചിട്ട് മറച്ചുവയ്ക്കുന്ന പച്ചക്കുതിരയ്ക്ക് ഒരിക്കൽപോലും അവർ തുല്യരാകുന്നില്ല. അവ അടക്കപ്പെട്ടു; എന്നാൽ ദൈവകൽപ്പനയാൽ നിശ്ചിതസമയത്ത് അവ വിരിഞ്ഞുവരുന്നു.

16. ചലനരഹിതവും നിർജീവവുമായ പ്രതലത്തിന്മേൽ പക്ഷി തന്റെ മുട്ടകളിടുന്നു. അതിന്റെ സ്നേഹം അവയെ സംരക്ഷിക്കുന്നു. അതിന്റെ ചിറകുകൾകൊണ്ട് അത് പൊതിയുന്നു; അതിന്റെ നിർജീവത്വത്തിൽ അത് സ്വരവും ജീവനും ഉണ്ടാക്കുന്നു. മുട്ടയിലെ ജലാംശം മനോഹരരൂപം എടുക്കുന്നു. അടക്കപ്പെട്ടവനെ തോടിൽനിന്ന് അത് ഉണർത്തുന്നു. അങ്ങനെയെങ്കിൽ, എല്ലാറ്റിനെയും ഉണർത്തുന്ന സ്വരം എത്രയധികമായി കല്ലറകൾ തുറക്കും!

17. തന്റെ ഉത്ഥാനത്തിന്റെ പ്രതീകമായി മനുഷ്യബീജത്തെ മനുഷ്യന് എടുക്കാം. കാരണം, മൃതനെപ്പോലെ അത് മാതൃഉദരത്തിൽ സൂക്ഷിക്കപ്പെ

82. മത്താ.9,24; 83. യോനാ 2,10



www.malankaralibrary.com

ടുന്നു. പ്രസവവേദന അതിനെ ഉണർത്തുകയും അത് ഉണരുകയും മറ്റൊരു ലോകത്തിലേക്ക്, പ്രകാശത്തിലേക്ക്, പുറത്തേക്കു വരികയും ചെയ്യുന്നു. തന്റെ ഉത്ഥാനത്തിന് ഗർഭധാരണവും പ്രസവവും മനുഷ്യന് ജാമ്യക്കാരാണ്

# 47

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി" (5)

1. തടിയിലും കല്ലിലും അഗ്നി ഒളിച്ചിരിക്കുന്നു. നമ്മുടെ ബുദ്ധി ശക്തിക്ക് അതിനെ സജീവമാക്കി പ്രത്യക്ഷമാക്കാൻ കഴിയും. നമ്മുടെ ഇച്ഛയ്ക്ക് സൃഷ്ടികളെ സജീവമാക്കാനാകുമെങ്കിൽ, എല്ലാറ്റിനും കഴിവുള്ള ഇച്ഛയ്ക്ക് എത്രയധികമായി സാധിക്കും! ആത്മാവ് ശരീരത്തിനുള്ളിൽ പ്രത്യ ക്ഷപ്പെടാൻ അവിടുന്ന് കൽപ്പിക്കും. ശരീരത്തെ വിട്ട് പുറത്തുപോയ ആത്മാവ് വീണ്ടും അതിനുള്ളിൽ പ്രവേശിക്കും.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നിന്റെ പറുദീസായിൽ ആത്മാവും ശരീരവും സ്തുതി പാടാൻ ഇടയാകട്ടെ.*

2. എന്റെ കർത്താവേ, ഭവനത്തോടു ചെയ്ത അനീതിക്കെതിരെ പ്രതി കാരം ചെയ്യുക: ആത്മാവ് അതിനുള്ളിൽ വാടകക്കാരിയായി കഴിഞ്ഞിരുന്നു. അതു പുറപ്പെട്ടപ്പോൾ ആ ഭവനം തകർത്തു നശിപ്പിച്ചു. തന്റെ പുറപ്പാടിൽ അതു നൽകിയ വീട്ടുവാടക അതായിരുന്നു. പുതുതായി അതിൽ കടന്നു പാർക്കാൻ അതാഗ്രഹിക്കുന്നു. അതിൽ സ്തുതിക്കാനും അതിന്റെ മുറിക ളിൽ പാടാനും അത് താൽപര്യപ്പെടുന്നു. വിജനമാക്കപ്പെട്ട കൂടാരത്തിൽ നിന്ന് അതിന്റെ സ്വരം വീണ്ടും കേൾക്കാൻ ഇടയാകട്ടെ.

3. ജീവദായകാത്മാവിന്റെ ഭാഗഭാഗിത്വം ശരീരാവയവങ്ങളിൽ പ്രവർത്തിക്കട്ടെ. അതിന്റെ ചിന്താതരംഗങ്ങൾ അതിന്റെ ബുദ്ധിയിൽ പ്രവർത്തിക്കട്ടെ. അതിന്റെ സുഗന്ധത്തിന്റെ നിക്ഷേപങ്ങൾ അതിന്റെ സന്ധി കളിൽ സൗരഭ്യം പുറപ്പെടുവിക്കട്ടെ. ശരീരം കടം വാങ്ങിയത് ആത്മാവിന് പ്രതിഫലമായി തിരിച്ചു നൽകട്ടെ. അവിടെ പറുദീസായിൽ മനുഷ്യൻ തന്റെ അധ്വാനവും ഓട്ടവും അവസാനിപ്പിക്കുമ്പോൾ, ശരീരത്തിലൂടെ ആത്മാവ് അതിന്റെ സമ്പത്ത് നേടട്ടെ. അതിലൂടെ ആത്മാവ് സ്തുതി പാടട്ടെ.

4. എല്ലാം ശ്രവിക്കുന്നവന്റെ മുമ്പാകെ ആത്മാവ് ശരീരത്തിലെ വായ് വഴി തന്റെ പ്രാർഥന കൊണ്ടുവന്നു. അതിന്റെ കൈകളിലൂടെയാണ് ആത്മാവ് സർവദാതാവിന് വായ്പ കൊടുത്തത്. അതിന്റെ കണ്ണുകൾ കൊണ്ടാണ് ആത്മാവ് ഗ്രന്ഥങ്ങൾ വായിച്ചത്. അതിന്റെ ചെവികൾ


www.malankaralibrary.com

കൊണ്ടാണ് അത് വാഗ്ദാനങ്ങൾ ശ്രവിച്ചത്. അതിന്റെ പാദങ്ങൾ കൊണ്ടാണ് അത് ദൈവഭവനത്തിൽ കടന്നത്. ആത്മാവിന് ശരീരത്തിൽ മാത്രമേ പൂർണ മായി അനുഭവിക്കാനാകൂ എന്നു ഗ്രഹിക്കുക. തന്റെ സഖിയെ ബഹുമാനി ക്കാനായി ആത്മാവിനെ ഇപ്രകാരം ആവശ്യത്തിൽ നിർമിച്ചവൻ വാഴ്ത്ത പ്പെട്ടവനാകുന്നു.

5. ശരീരത്തെ സൃഷ്ടിച്ച ഇച്ഛ അതിന്റെ പൂഴി സമാഹരിച്ച് നവീകരി ക്കുകയും മഹനീയാലയം ആക്കുകയും ചെയ്യും. അവൻ അതിനെ ആനയിച്ച് തന്റെ മണവറയിൽ തന്റെ വധുവിനെ സാന്ത്വനപ്പെടുത്തും. പാതാ ളത്തിൽ ഇരുണ്ടിരുന്നത് പ്രകാശിക്കും. പ്രത്യാശ നശിച്ച അത് വാഗ്ദാന ങ്ങളിൽ സന്തോഷിക്കും. അതേപ്പറ്റി വിഡ്ഢികൾ സംശയിച്ചിരുന്നു. എന്നാൽ അതിന്മേൽ കാരുണ്യം അതിന്റെ ശക്തി കാണിക്കും.

6. അതിന്റെ ബന്ധിതമായ പാദങ്ങൾ പറുദീസായിൽ കുതിച്ചു ചാടും. അതിന്റെ തളർന്ന കൈകൾ എല്ലാ നല്ല ഫലങ്ങളും പറിക്കും. അതിന്റെ അടഞ്ഞുപോയ നയനങ്ങൾ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്ന വനെ ദർശിക്കും. അതിന്റെ മൂകമായ നാവ് തുറക്കപ്പെടും. അതിന്റെ അടഞ്ഞ കാതുകൾ കാഹളധ്വനി കേൾക്കും. അതിന്റെ വീണുപോയ ശരീരം മഹ ത്വത്തിൽ പ്രശോഭിതമാകും.

7. ക്രോധം, ഭോഗാസക്തി, അത്യാർത്തി, മറ്റു കൊടിയ ദുശ്ശീലങ്ങൾ ആദിയായവ ശരീരത്തിൽ നിന്ന് പുറത്തേക്കു വരുന്നെങ്കിലും, അതൊരാ ലയം ആണെന്ന് നണയർതന്നെ തുറന്നു സമ്മതിക്കുന്നു. കാരണം, തന്റെ ഇച്ഛയുടെ കഠിനപ്രയത്നത്താൽ ദുരാശകളെ കീഴടക്കാൻ ശരീരത്തിനു കഴിയും. അതുപോലെ ശരീരത്തിന്റെ മാലിന്യത്തിൽ പാർക്കുന്നതിന് പരി ശുദ്ധാത്മാവിന് നീരസമൊന്നുമില്ല. ജറമിയാ പൊട്ടക്കിണറ്റിലെന്നപോലെ അതിന് അസ്വസ്തത തോന്നുന്നുമില്ല.

8. അതുകൊണ്ട് നുണയർ തങ്ങളുടെ സ്വന്തം വാക്കുകളാൽ കുരു ക്കിലായിരിക്കുന്നെന്ന് നമുക്ക് അവരെപ്പറ്റി പറയാം. അവർ തങ്ങളെത്തന്നെ ഖണ്ഡിക്കുന്നു. കാരണം, കളങ്കമുള്ളതും അത്യാർത്തിയുള്ളതുമായ തങ്ങ ളുടെ ശരീരത്തിൽ പരിശുദ്ധാത്മാവ് വസിക്കുന്നെന്ന് അവർ തുറന്നു സമ്മ തിക്കുന്നു. തങ്ങൾ ജയിച്ചെന്ന് സങ്കൽപ്പിക്കുമ്പോൾ തന്നെ അവർ പരാജി തരാകുന്നു. കാരണം, ശരീരം അതിന്റെ ഭൗമികമായ മാലിന്യത്തിൽ പരി ശുദ്ധാത്മാവിന് ഒരു ബഹുമാന്യവാസസ്ഥലം ആയിരിക്കുമ്പോൾ, ഉത്ഥാനം വഴിയുള്ള സംസ്ക്കരണത്തിൽ എത്രയധികമായി വാസസ്ഥലമായിരിക്കും!

9. പിശാച് ശരീരത്തിൽ വസിക്കുന്നു. അവൻ നിന്ദ്യനായ അന്യനും ശപ്തനായ അലഞ്ഞുനടക്കുന്നവനും ആണെങ്കിലും, അതിൽ താൽപ്പര്യ


www.malankaralibrary.com

പൂർവം പാർക്കുന്നു. വഴങ്ങാത്തവനും അത്യാർത്തിയുള്ളവനുമായ അവനെ ഉപവാസം വേരോടെ പിഴുതുകളയുന്നു. അപ്പോൾ എത്രയധികമായി ആത്മാവ് തന്റെ വാസഗേഹം ഇഷ്ടപ്പെടും! രണ്ടും യോജിച്ചിരിക്കുമ്പോൾ അത് അന്യനെ ആട്ടിയോടിക്കുകയും തങ്ങളുടെ കൂടെ വസിക്കാൻ പരിശുദ്ധാത്മാവിനെ അവിടേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

10. ഒരശുദ്ധാത്മാവ് ഒരു പാനീയബലിയിൽ വസിക്കുകയും മരിച്ചവന്റെ മീതേ വട്ടമിട്ടുപറക്കുകയും അതുമായി ബന്ധിതനാകുകയും കൊത്തിയുണ്ടാക്കിയതും ചെവി കേൾക്കാത്തതുമായ തടിയുമായി യോജിച്ചിരിക്കുകയും ചെയ്യുന്നെങ്കിൽ, വിഗ്രഹങ്ങൾക്ക് അർപ്പിക്കാതെ പ്രത്യാശാപൂർവം തന്നെത്തന്നെ ഹോമിച്ച ശരീരത്തിൽ പരിശുദ്ധാത്മാവ് എത്രയധികമായി ഇഷ്ടപ്പെടും! അവന്റെ മരണം അവന്റെ ഉത്ഥാനത്തിന്റെ സാക്ഷ്യമാണെന്ന് സ്പഷ്ടമാണല്ലോ.

11. "ദൈവം മരിച്ചവരുടെ ദൈവമല്ല" എന്ന് നമ്മുടെ കർത്താവ് പറഞ്ഞു.[84] പ്രത്യാശാരഹിതമായി തങ്ങളുടെ മൃതരെ സംസ്ക്കരിക്കുന്ന മരിച്ചവർ ഒന്നിച്ചുകൂടി, മനുഷ്യർക്ക് ജീവൻ പ്രദാനം ചെയ്യുന്നവനോട് തർക്കിച്ചു. അവർ ഒരുക്കിയ അവസരത്തിലൂടെ അവർ പരാജിതരായി. തിരുലിഖിതം ഉദ്ധരിച്ചതിലൂടെയും മരിച്ചവരെ ജീവിപ്പിച്ചതിലൂടെയും വാക്കിലും പ്രവൃത്തിയിലും അവിടുന്ന് ഉത്ഥാനം സ്ഥിരീകരിച്ചു.

12. അവിടുന്ന് ലാസറിനെ വിളിച്ചു. അവന്റെ പുറത്തേക്കുള്ള വരവിൽ അവൻ അവരെ ഖണ്ഡിച്ചു. കാരണം, കർത്താവിന് അവൻ മൃതനായിരുന്നെങ്കിൽ, അവന് പ്രത്യുത്തരിക്കാൻ കഴിയുമായിരുന്നില്ല. അവനെ ഉണർത്തിയ സ്വരത്തിന് അവന്റെ മരണാവസ്ഥയിലും അവൻ ജീവനുള്ളവനായിരുന്നു. അവർ അസൂയയാൽ മൃതരായിരുന്നപ്പോൾ, മരിച്ചവൻ ജീവിച്ചു. മൃതരായിരുന്ന ജീവനുള്ളവരെ പ്രതിയാണ് നമ്മുടെ കർത്താവ് കരഞ്ഞത്; ലാസറിനെ സന്തോഷിപ്പിച്ച ഉത്ഥാനത്തെപ്രതി അവർ സ്വയം ഇരുളാക്കി.

13. അദൃശ്യജീവൻ മറഞ്ഞിരുന്ന മൃതൻ ഉയിർപ്പിക്കപ്പെടുന്നതിനു മുമ്പുതന്നെ ദൈവത്തിന് ജീവനുള്ളവനായിരുന്നു. അതുപോലെ തന്റെ മരണത്തിനു മുമ്പുതന്നെ പാപി നിഗൂഢമായി മരിച്ചവനാണ്. അവർ മരിച്ചവരാണെന്നും ജീവിതമധ്യത്തിൽ സംസ്ക്കരിക്കപ്പെട്ടവരാണെന്നും ബാഹ്യമായി വസ്ത്രങ്ങളാൽ അലംകൃതരാണെങ്കിലും ആന്തരികമായി പാപങ്ങളാൽ ജീർണിതരാണെന്നും മരിച്ചവൻ നിഷേധികളെ കാണിച്ചു.

14. എന്റെ കർത്താവേ, അവരോടൊപ്പം എന്നെ ആരും ഗേഹെന്നായിൽ കാണാൻ ഇടയാകരുതേ. ഞാൻ വൃഥാ അവരേക്കാൾ മെച്ചപ്പെട്ടവ

84. മത്താ. 22,32


www.malankaralibrary.com

നായിരുന്നെന്ന് അവർ എന്നെ നിന്ദിക്കാൻ ഇടയാകരുതേ. സത്യത്തിനു വേണ്ടി എന്റെ നാവ് തർക്കിച്ചു എന്നതിനാൽ എന്റെ പ്രതിഫലം നഷ്ടപ്പെട്ടുപോകാൻ ഇടയാകരുതേ. എന്റെ കർത്താവേ, എന്നെ അവരോടൊപ്പം കാണാൻ ഇടയാകരുതേ. എന്റെ കഴിവനുസരിച്ച് ഞാൻ ഉത്ഥാനത്തെപ്പറ്റി സംസാരിച്ചതിനാൽ, നീ എന്നോട് ഉത്ഥാനത്തിൽ കരുണ കാണിച്ചെന്ന് അവർ തിരിച്ചറിയാൻ ഇടയാക്കണമെ.

# 48

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി" (6)

1. ലേവിയുടെ വടി മുളപൊട്ടി പൂത്തുതളിർത്തു.[85] നിഷേധികളെ കുറ്റപ്പെടുത്താൻ, മഹോന്നതന്റെ തിരുഹിതം അതിനെ ജീവിപ്പിച്ചു. ഉത്ഥാനത്തിന്റെ പ്രതീകം നിശ്ശബ്ദതയിൽ അത് നമ്മോടു സംസാരിക്കുകയായിരുന്നു. അതിൽ ഇലകളും കായ്കളും ഉണ്ടായി. ശുശ്രൂഷയ്ക്കുള്ള അംശവസ്ത്രത്തിന്, പുരോഹിതവസ്ത്രത്തിന്, അഹറോൻ അർഹനാണെന്ന് അതിന്റെ തളിർപ്പിലൂടെ അത് ഉറക്കെ പ്രഖ്യാപിച്ചു.

*പ്രതിസ്തോത്രം: നിന്റെ ജീവിപ്പിക്കലാൽ ശരീരം നഷ്ടം സഹിക്കുന്നു എന്ന അനീതിക്ക് എന്റെ കർത്താവേ, പ്രതികാരം ചെയ്യുക.*

2. കല്ലറയിൽ ശരീരം കണക്കെ വടികളെല്ലാം അകത്തുകൊണ്ടുവന്ന് താഴെവച്ചു. പിന്നീട് അവ പുറത്തെടുത്തപ്പോൾ ഒന്നുമാത്രം അലംകൃതമായിരുന്നു; മറ്റെല്ലാം അഴുക്കുപുരണ്ട് നഗ്നമായിരുന്നു. കാലാന്ത്യത്തിന്റെ പ്രതീകം വടിയിൽ തിരിച്ചറിയുക. വ്യഭിചാരിയുടെ ശരീരം നിന്ദനത്തിനായി ഉയിർത്തെഴുന്നേൽക്കും. സംശുദ്ധരുടെ ശരീരം മഹത്വത്തിൽ പ്രശോഭിക്കും.

3. ആ വടി വാഗ്ദാനപേടകത്തിൽ വച്ചിരുന്നു;[86] അത് അവിടെ ആയിരുന്നിടത്തോളം കാലം പച്ചപിടിച്ച് പൂവിട്ടിരുന്നു. ശരീരം വാടിത്തളർന്നുപോകാത്ത പറുദീസായുടെ ഒരു പ്രതീകം! ചീഞ്ഞുപോകാത്തതും പീഠത്തിലെ പാത്രത്തിൽ വയ്ക്കുമ്പോൾ ദുർഗന്ധം ഉണ്ടാകാത്തതും, അല്ലെങ്കിൽ അഴുകിപ്പോകുന്നതുമായ മന്നാ അവരെ ബലപ്പെടുത്തുന്നു. മരിക്കുന്നവരുടെ ഒരു പ്രതീകം! എന്നാൽ ഏദനിൽ അവർ മരിക്കുന്നില്ല.

4. അംറാമിന്റെ മകന്റെ വടിക്ക് പെട്ടെന്ന് കണ്ണുണ്ടായി.[87] തന്റെ പ്രകൃതിക്കെതിരായി വടിക്ക് ഒരു ജീവിയുടെ രൂപവും ഭാവവും ഉണ്ടായെങ്കിൽ,

---

85. സംഖ്യ 17,8; 86. സംഖ്യ 17,25; 87. പുറ.7,9;6,20 (മോശയുടെ വടി)



www.malankaralibrary.com

ശരീരത്തിന് അതിന്റെ സ്വാഭാവികരൂപം കൈവരുക എത്ര സുന്ദരമായിരിക്കും! ദൈവത്തിന്റെ വചനത്താൽ വടിക്ക് ജീവനും ചലനവും ഉണ്ടായി. തന്റെ പ്രകൃതിക്ക് തികച്ചും അന്യമായ ഒരവസ്ഥ വടിക്ക് കൈവന്നെങ്കിൽ, തനിക്കുണ്ടായിരുന്ന രൂപത്തിലേക്ക് ശരീരം ഉത്ഥാനത്തിൽ മടങ്ങിപ്പോകുക എത്ര എളുപ്പമാണ്!

5. ജോസഫന്റെ അസ്ഥികൾ മോശ കാത്തുസൂക്ഷിച്ചു; എന്നാൽ കൽപ്പലകകൾ അവൻ എറിഞ്ഞുടച്ചു. കൽപ്പലകകളേക്കാൾ കൂടിയ ബഹുമാനത്തോടെ അവൻ അസ്ഥികൾ വഹിച്ചു.[88] കൽപ്പലകകൾ ഉത്ഥാനത്തിനായി വിളിക്കപ്പെട്ടവയല്ലെന്നു കാണിക്കാൻ, പൊട്ടിയതിനുപകരം അവൻ പുതിയത് നിർമിച്ചു. ലാസറിന്റെ ശരീരത്തിനു പകരം മറ്റൊരു ശരീരമല്ല കല്ലറവിട്ട് പുറത്തുവന്നത്. ഇപ്പോഴുള്ള ശരീരം തന്നെ ഉത്ഥാനത്തിൽ ഉയിർത്തെഴുന്നേൽക്കും എന്നതിന്റെ ഒരു സൂചന!

6. മരുഭൂമിയിൽ വച്ച് ഒരിസ്രായേൽക്കാരൻ മൃതരുടെ അസ്ഥികളെ സ്പർശിച്ചാൽ, അവൻ അശുദ്ധനായിരിക്കുമെന്ന് മോശ എഴുതി.[89] എന്നാൽ ജോസഫിന്റെ അസ്ഥികൾ അവനെ അശുദ്ധനാക്കിയില്ല. നാൽപ്പതു വർഷം അവർ മൃതനെ പാളയങ്ങളിൽ കൊണ്ടുനടന്നു. സഭയ്ക്കുവേണ്ടി അവൻ അവിടെ ഒരു പ്രതീകം നിർമിച്ചതാണ്. സകലർക്കും ജീവൻ പ്രദാനം ചെയ്യുന്നവന്റെ മരണം അനുദിനം സഭയിൽ പ്രഘോഷിക്കപ്പെടുന്നു. ജീവദായകമായ സ്ലീബായാണ് അവർ പാളയത്തിൽ വഹിച്ചത്.

7. ചിത്രകാരൻ തന്റെ വിരലുകൾകൊണ്ട് വിവിധ ചായക്കൂട്ടുകൾ ഉപയോഗിച്ച് രാജാവിന്റെ ചിത്രം വരയ്ക്കുന്നു. അതിന്റെ നിറം മങ്ങിപ്പോകുന്നതിനാൽ, നശിക്കാത്ത ഒരു രാജരൂപം കൊത്തുപണിക്കാർ ഉണ്ടാക്കുന്നു. രാജാക്കന്മാർ തങ്ങളുടെ രൂപങ്ങളെ ബഹുമാനിക്കുന്നു. എങ്കിലും തന്റെ രൂപവുമായി ഐക്യപ്പെട്ടോ, തന്റെ ചിത്രം ധരിച്ച സിംഹാസനത്തിൽ ഇരിക്കുന്നതായോ, അങ്ങനെ രാജാവിനു പകരം തന്റെ പടത്തെ ബഹുമാനിക്കുന്നതായോ ആര് കണ്ടിട്ടുണ്ട്.

8. മറ്റൊരു രാജാവ് 66 മുഴമുള്ള ഒരു പ്രതിമയുണ്ടാക്കി.[90] അവൻ ചെറിയവനായിരുന്നതിനാൽ, അതിലൂടെ വലിയവനാകാമെന്ന് ആശിച്ചു. തന്റെ വിഗ്രഹത്തോട് അവൻ ആരാധന ബന്ധിച്ചു. അത് തെറ്റാണെന്ന് തെളിയിക്കപ്പെട്ടു. തന്റെ ആഗമനത്തിൽ നമ്മുടെ കർത്താവ് ഒരത്ഭുതം പ്രവർത്തിച്ചു. അവിടുന്ന് സീമാതീതമായി വലുതായിരുന്നെങ്കിലും, ഒരു നിന്ദ്യമായ രൂപത്തിൽ ചെറുതാകുകയും വിഗ്രഹാരാധനയുടെ തകർച്ച ഈ രൂപത്തോട് കൂട്ടിച്ചേർക്കുകയും ചെയ്തു.

---

88. പുറ.13,19; 89. സംഖ്യ 19,16; 90. ദാനി.3,1


www.malankaralibrary.com

9. ആദാം തന്റെ മണ്ണിലേക്ക് തിരികെ ചേരുകയും ശപഥം പൂർത്തീകരിക്കുകയും ചെയ്തു. ലിഖിതരൂപത്തിൽ മരണത്തിനും പാപത്തിനും അവൻ ഗണ്യമായി കടപ്പെട്ടിരുന്നു. കൽപ്പനലംഘനത്തിലൂടെ അവൻ കടപ്പത്രം മുദ്രവച്ചു. നമ്മുടെ കർത്താവ് വന്ന് അവനെ രക്ഷിക്കുകയും ഉയിർപ്പിക്കുകയും ചെയ്തു. ഇപ്പോൾ കൊള്ളയടിച്ച് കവർന്നെടുത്തവയെല്ലാം ഉത്ഥാനത്തിൽ തിരികെ തരുമെന്ന് മരണം ലിഖിതരൂപത്തിൽ സത്യം ചെയ്യുകയും പാതാളം അതിന് ജാമ്യം നിൽക്കുകയും വേണം.

10. വാരിയെല്ലായ ഹവ്വാ തന്നത്താൻ വർദ്ധിച്ചുപെരുകി. ആ അസ്ഥി അസ്ഥികളും ബുദ്ധിയും സന്ധികളും ഉൽപ്പാദിപ്പിച്ചു. ആദത്തിൽ നിന്നുള്ള മുന്തിരിവള്ളിയാണവൾ; ഒരു മനോഹരഭവനം അതിൽ മറഞ്ഞിരുന്നു. എന്നാൽ ഇപ്പോളത് പാതാളത്തിൽ കിടക്കുന്നു. തന്റെ വരവിന്റെ അവസരം അവൻ തന്നെ ആ ഭവനം വീണ്ടും പണിയാൻ, എല്ലാറ്റിനും കഴിവുള്ള നിർമാതാവിന് എത്ര എളുപ്പമായിരിക്കും!

11. ലൈംഗികാവയവം കൂടാതെ മത്സ്യം ജലത്തിൽ വളരുന്നു. മാരകമായ ആഴമുള്ള കടൽ അതിന് ജീവൻ നൽകുന്നു. കടലിന് ഉപ്പുരസമാണെങ്കിലും അതിനെ അതിന്റെ ഉദരത്തിൽ വളർത്തുന്നു. എല്ലാറ്റിന്റെയും സ്രഷ്ടാവിനെ സൃഷ്ടികളെല്ലാം പ്രകീർത്തിക്കുന്നു. ആഴിക്കടലിൽ മത്സ്യങ്ങൾ ഉല്ലാസപൂർവം നീന്തിത്തുടിക്കുന്നു. അവയെ പുറത്തെടുത്താൽ അവ ശ്വാസംമുട്ടി ചത്തുപോകുന്നു.

12. അതുകൊണ്ട്, പ്രത്യാശാരഹിതശബ്ദം നിന്നെ വഴിതെറ്റിക്കാതിരിക്കട്ടെ. കാരണം, കൽപ്പന നൽകി നിന്നെ മരണവിധേയനാക്കുന്നതും ഉയിർപ്പിക്കുന്നതും ഒരുവനാണ്. തന്റെ ഇച്ഛയുടെ ഭണ്ഡാരത്തിൽ എല്ലാം ഉൾക്കൊണ്ടിരിക്കുന്നു. നീതിമാന് മരണം കല്ലറയിലുള്ള നിദ്രയും പാപിക്ക് ജീവൻ ഗേഹന്നായിലുള്ള മരണവുമാണ്!

# 49

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു എന്ന രീതി" (7)

1. എന്റെ മകനേ, ഈ ധര എത്ര നേരുംചൊവ്വും ഉള്ളതാണെന്ന് കാണുക. നാമതിൽ നഗ്നമായ ഗോതമ്പുമണികൾ വിതയ്ക്കുന്നു, ചെടികൾ നടുന്നു. ധര അവയെ രണ്ടിനെയും വളർത്തി പോഷണവും വസ്ത്രവും നൽകി അലങ്കരിക്കുന്നു. കടംവാങ്ങാത്ത മുന്തിരിങ്ങാ മടക്കിക്കൊടുക്കുന്നു; മുതലും പലിശയും കൂട്ടി കർഷകന് തിരികെ നൽകുന്നു. ധര എത്രയധികമായി തന്റെ കർത്താവിന് അവന്റെ വിളകൾ പലിശ കൂടാതെ തിരികെ നൽകും!



www.malankaralibrary.com

*പ്രതിസ്തോത്രം: ഞങ്ങളിലുള്ള നിന്റെ സത്യം ഞങ്ങളെ വളർത്തുന്ന പുളിപ്പായിരിക്കട്ടെ!*

2. ഗോതമ്പുമണിപോലെ, വിതയ്ക്കപ്പെടുന്ന ഏകശരീരത്തിൽനിന്ന് ഉത്ഥാനത്തിൽ അനേകം ശരീരങ്ങൾ പുറത്തേക്ക് വരില്ല. ഒരു ശരീരം ധരയിൽ വീണു. നിഷേധിക്കാൻ മാത്രം അറിയാവുന്ന നിഷേധികളെ കുറ്റപ്പെടുത്താൻ നമ്മുടെ എല്ലാ വംശങ്ങളുടെയും ധാന്യക്കതിർ അവിടുന്ന് ഉയിർപ്പിച്ചു. അവിടുന്ന് നമ്മുടെ ശരീരമാകുന്ന വസ്ത്രം ധരിച്ചില്ലായിരുന്നെങ്കിൽ, അവിടുന്ന് എങ്ങനെ മരണം രുചിക്കുമായിരുന്നു? അവന്റെ ശരീരം കൊല്ലപ്പെട്ടില്ലായിരുന്നെങ്കിൽ, വഞ്ചനാത്മകമായിട്ടാണ് അവൻ തന്റെ അപ്പം മുറിച്ചത്!

3. ദൈവകൽപ്പനയാൽ ധര ഇഴജന്തുക്കളെയും മാരകമായ കൊമ്പും മുള്ളുമുള്ള ജീവജാലങ്ങളെയും പുറപ്പെടുവിച്ചു. മനുഷ്യൻ ജീവനിലേക്ക് ഉയിർപ്പിക്കപ്പെടുന്നതുകൊണ്ടും ധര അവൻവഴി മഹത്വീകരിക്കപ്പെടുന്നതുകൊണ്ടും അവൻ വീണ്ടും നിർമിക്കപ്പെടുന്നതുകൊണ്ടും സ്രഷ്ടാവിന്റെ കരം അവന്റെ പൂഴിയെ ബഹുമാനിക്കുന്നതുകൊണ്ടും അവനെപ്രതി നമ്മുടെ കർത്താവ് താഴേക്ക് ഇറങ്ങിവന്ന് ധരയിൽ വ്യാപരിച്ചതുകൊണ്ടും തന്റെ പുത്രനെപ്രതി ധര എത്രയധികം സന്തോഷിക്കും!

4. താരതമ്യപ്പെടുത്തുമ്പോൾ പാതാളത്തേക്കാൾ കഷ്ടമാണ് വന്ധ്യയുടെ കാര്യം! കാരണം, അവളുടെ ഉദരത്തിൽ ജീവനുള്ള ബീജം വീർപ്പുമുട്ടുന്നു. മറിച്ച്, പാതാളത്തിൽ ഒരിക്കലും ജീവനുള്ളവൻ അടക്കപ്പെടുന്നില്ല. ശരീരം മൃതമാകുമ്പോഴാണ് ആദ്യമായി അവിടെ കടക്കുക. വന്ധ്യത്വത്തിനുപോലും അവിടെ നിന്ന് മനുഷ്യരെ തിരികെ നൽകാൻ കഴിയുമെങ്കിൽ, വിശ്വസിച്ചേൽപ്പിച്ചവയെ ഉത്ഥാനത്തിൽ ധരയുടെ ഉദരത്തിൽ നിന്ന് എത്രയധികമായി തിരികെ നൽകും!

5. രണ്ടും പരിശോധിച്ചാൽ, പാതാളത്തേക്കാൾ വഴങ്ങാത്തതാണ് അഗ്നി. കാരണം, അതിന്റെ അത്യാർത്തിയിൽ അത് ജീവനുള്ളവയും ജീവനില്ലാത്തവയും വിഴുങ്ങുന്നു. എങ്കിലും ദൈവകൽപ്പനയാൽ അത് അതിന്റെ ഉദരത്തിൽ ശരീരങ്ങളെ സംരക്ഷിക്കുന്നു. നന്ദിയില്ലാത്ത അഗ്നി നല്കി, വർദ്ധിപ്പിച്ചു നൽകി. കാഴ്ചക്കാരന് അത് മുതലും പലിശയും തിരികെ നൽകി. കാരണം, മൂന്നിനു പകരം അത് നാല് കാണിച്ചു.[91]

6. തന്റെ അത്യാർത്തിയിൽ അനേകരെ ഇതിനോടകം നശിപ്പിച്ച അഗ്നിയിലേക്ക് മൂന്നുപേർ എറിയപ്പെടുകയും അവർ അതിന്റെ ഉള്ളിൽ വർദ്ധിക്കുകയും ചെയ്തു. താൻ ഭുജിക്കുന്നവയെല്ലാം പിടിച്ചുവച്ച അഗ്നി, ആവ

91. ദാനി.3,25

www.malankaralibrary.com

ശ്യക്കാരന് തിരികെ നൽകി. നഷ്ടപ്പെടാനായി കടംകൊടുത്ത രാജാവിനെ ജനം നിഷേധിച്ചു; എന്നാൽ ആവശ്യപ്പെടാതെ തന്നെ അഗ്നി തിരികെ നൽകി; എടുത്തതിനേക്കാൾ കൂടുതൽ, തലതാഴ്ത്തി തിരികെ നൽകി.

7. തിരികെ ചോദിക്കാതെ മടക്കിക്കൊടുത്ത അവൻ ഇക്കാര്യത്തിൽ സാത്താന് തുല്യനാണ്. കടം കൊടുത്തവന് അവൻ തന്റെ പണം തിരികെ നൽകുന്നു. അവൻ പണം കടം വാങ്ങിയിട്ട്, അതോടൊപ്പം മുതലും പലിശയും നൽകുന്നു. തന്നോടാവശ്യപ്പെടാത്തത് തന്റെ ബന്ധുവിന് അഗ്നി തിരികെ കൊടുത്തു. അങ്ങനെയെങ്കിൽ, ഉത്ഥാനത്തിൽ തിരികെ ആവശ്യപ്പെടുന്ന നീതിമാനായ ദൈവത്തിന് ധര അതിന്റെ കടം എത്രയധികമായി മടക്കിക്കൊടുക്കും!

8. പ്രജനനം കൂടാതെ മൃതശരീരം പുഴുക്കളെ ഉൽപ്പാദിപ്പിക്കുന്നു. മരിച്ചതിന് ജീവൻ ഉൽപ്പാദിപ്പിക്കാൻ കഴിയുമെങ്കിൽ, എല്ലാവരെയും ജീവിപ്പിക്കുന്നവന് എത്രയധികമായി മരിച്ചവരെ ജീവിപ്പിക്കാൻ കഴിയും! മൃതശരീരം പാതാളത്തിൽ ജീവൻ പ്രാപിക്കുന്നു. ജീവിച്ചിരിക്കുന്നവരിൽ ധാരാളം മരിച്ചവരുണ്ടെങ്കിൽ, എല്ലാവരെയും ജീവിപ്പിക്കുന്നവന്റെ വിളിയിൽ ശരീരത്തിലെ അസ്ഥികൾ എത്രയധികമായി ഒന്നിച്ചുകൂടും!

9. അനക്കമില്ലാത്ത അസ്ഥികൾക്ക് ദിവ്യകൽപ്പനയാൽ എങ്ങനെ ഒന്നിച്ചുവരാൻ കഴിയുമെന്ന് താഴ്‌വരയിൽ പ്രവാചകൻ നിന്നെ പഠിപ്പിക്കട്ടെ. നിർമാതാവ് കൽപ്പിച്ചതിനാൽ ഭവനം സ്വന്തമായിത്തന്നെ നിർമിക്കപ്പെടുന്നു. പാതാളത്തിൽ രാജാവായിരുന്ന മരണം പെട്ടെന്ന് കയ്യാളനായി; അവൻ അസ്ഥികൾ ഒന്നിച്ചുകൊണ്ടുവരികയും താൻ തകർത്ത ആ ആലയത്തിന്റെ പണിക്ക് അധ്വാനിക്കുകയും ചെയ്തു.

10. കരുണ ഇല്ലാത്ത തണുപ്പുകാലം കള്ളനെപ്പോലെ ഇടിച്ചുതുറന്ന് മരങ്ങളുടെ വസ്ത്രം ഉരിഞ്ഞുകളയുന്നു. അവയുടെ വസ്ത്രങ്ങൾ അപഹരിച്ച്, നഗ്നയായി അവയെ പീഡിപ്പിക്കുന്നു. എല്ലാറ്റിലും അത് മരണത്തിനു തുല്യമാണ്. എല്ലാറ്റിനെയും ജീവിപ്പിക്കുന്നവന്റെ പ്രതീകവും എല്ലാറ്റിന്റെയും സ്നേഹിതയുമായ നീസാൻമാസം മരങ്ങൾക്കും പൂക്കൾക്കും വസ്ത്രം തിരികെ കൊടുക്കുന്നു.

11. നീസാൻമാസം പുല്ലിനും പൂവിനും മൊട്ടിനും സൗന്ദര്യം നൽകി ജീവിപ്പിക്കുകയും അവയ്ക്ക് നിറം നൽകുകയും ചെയ്യുന്നു. നല്ലവനായ ദൈവം പുഷ്പങ്ങളെ ഈ കാര്യങ്ങളിലെല്ലാം പരിപാലിക്കുന്നു. എന്നാൽ അവ അവന് യാതൊന്നും കടംകൊടുത്തിട്ടില്ല. അങ്ങനെയെങ്കിൽ, തന്റെ വരവിന്റെ മഹനീയതയിൽ തന്റെ പ്രിയപ്പെട്ടവരുടെ ശരീരങ്ങൾക്ക് ഇടിവുതട്ടിച്ച്, അവയെ മറന്നുകളയുമെന്നത് അവിടുത്തെ നീതിക്ക് അന്യമായിരിക്കട്ടെ.


www.malankaralibrary.com

12. സൂര്യനെ ആർക്ക് തന്റെ ഉദരത്തിൽ ഒളിച്ചുവയ്ക്കാനാകും! ഒരു മലയെ തന്റെ മുണ്ടിനുള്ളിൽ ആർക്ക് മൂടിവയ്ക്കാനാകും! സത്യത്തെ ആർക്ക് തന്റെ തർക്കത്തിൽ മറച്ചുവയ്ക്കാനാകും! കല്ലറകളിൽ വിശ്രമിക്കുന്നവരുടെ പ്രത്യാശയാണവൾ! നല്ലവരുടെ നിരവധി പരീക്ഷകളെ പറ്റി വഞ്ചനാത്മകമായി വിവരിക്കാൻ ആർക്കു സാധിക്കും! അവന്റെ ഉത്ഥാനത്തിന് അവരുടെ ഈടുകൾ സാക്ഷ്യം നൽകും.

13. സാറാ അബ്രഹാമിനെ സന്തോഷപൂർവം സ്വീകരിച്ചു. അവർ വെടിപ്പിൽ ദൈവരാജ്യത്തിൽ ജീവിക്കുന്നു. അപ്പോൾ എത്രയധികം സന്തോഷത്തോടെ ആയിരിക്കും ആത്മാവ് തന്റെ സഖിയെ സ്വീകരിക്കുന്നത്! അവരുടെ വേർപിരിയൽ അവരുടെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്നു. അവ പരസ്പരം പിരിയുമ്പോൾ കരയുന്നെങ്കിൽ, ഉത്ഥാനത്തിൽ വീണ്ടും കാണാൻ ആഗ്രഹിക്കുന്നെന്ന് കണ്ണുനീർ നിന്നെ പഠിപ്പിക്കുന്നു.

14. ശരീരം തന്റെ ഉത്ഥാനത്തിന് സാക്ഷ്യം നൽകാൻ അതിനെ ഇവിടേക്ക് വിളിക്കുക. ആ ചെളിമണ്ണിൽ നിന്ന് ആദാം രൂപീകരിക്കപ്പെട്ടപ്പോൾ, ദൈവം മഹനീയതയുടെ ഉറവ പൂഴിമേൽ വർഷിച്ചു. സർവാത്മനാ പൂഴിക്ക് ഭാവഭേദം വന്നു. അത് സംസാരിച്ചു, കണ്ടു, കേട്ടു, മണത്തു, സ്പർശിച്ചു, രുചിച്ചു. അത് പാപത്തിലേക്ക് തിരിഞ്ഞ് നിലംപതിച്ചു. അത് കാരുണ്യം കണ്ടെത്തുകയും രക്ഷിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്തു.

15. ദൈവകൽപ്പനയാൽ തീക്കൽപ്പാറ പിളർന്നു. കടംകൂടാതെ അവർ അത് പാനംചെയ്തു. തങ്ങൾക്ക് ലഭിക്കാഞ്ഞത് അവർ അവനോട് ചോദിച്ചു. അവൻ ആരിൽ നിന്നും വായപ വാങ്ങിയിരുന്നില്ല, എങ്കിലും അവൻ എല്ലാവർക്കും കുടിക്കാൻ കൊടുത്തു. രാജകുമാരനെ എതിരേൽക്കാൻ ധൃതിപ്പെടുന്നതിന്, കുഴൽനാദവും പെട്ടെന്നുള്ള ആരവാരവും മരിച്ചവരെ വിളിക്കുമ്പോൾ, അത്യാർത്തിയുള്ള മരണം പൊട്ടിപ്പിളരും.

16. രാത്രിയിൽ ശക്തിമത്തായ ഇടിമുഴക്കവും വലിയ ഇരമ്പലും ഉണ്ടാകുമ്പോൾ, വിശ്രമിക്കുന്നവർ ഉറക്കത്തിൽ നിന്ന് ഉണർന്നെഴുന്നേൽക്കുന്നു. സുഖസുഷുപ്തിയിൽ ആണ്ടുപോയവർ തല ഉയർത്തി നോക്കുന്നു. അവസാനത്തെ കുഴൽവിളിയിലും ഇപ്രകാരമായിരിക്കും. അതിന്റെ നാദം മരിച്ചവരെ ഉണർത്തും. അതിന്റെ ശക്തികൊണ്ടല്ല, പിന്നെയോ, ഉത്ഥാനത്തിന്റെ ദൈവികവാഗ്ദാനം അവരിൽ വസിക്കുന്നതിനാലത്രേ.

17. അവർ പെട്ടെന്ന് ഉണർത്തപ്പെടും. അവർ ഭയന്നു വിറയ്ക്കും. കാരണം, ഒരാൾ തന്റെ അനീതിയെപ്പറ്റി ചിന്തിക്കേണ്ടിവരും; മറ്റൊരാൾ തന്റെ അശുദ്ധിയെപ്പറ്റിയും. ഭയന്നു വിറയ്ക്കുന്നതും കുറ്റവാളികളുടെ മേൽ ക്രോധവിധിയുടെ വേദന നിപതിക്കുന്നതുമായ ആ നാഴികയെപ്പറ്റി ഇപ്പോഴേ


www.malankaralibrary.com

ചിന്തിക്കുന്നവൻ ഭാഗ്യവാൻ! ആ നാഴികയിൽ നീതിമാന്മാർ എനിക്കുവേണ്ടി ഒന്നിച്ച് അപേക്ഷിക്കാൻ ഇടയാകട്ടെ.

# 50

## "എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിരിക്കുന്നു" എന്ന രീതി"

1. ഞാൻ ജീവിച്ചിരിക്കുമ്പോൾ ഞാൻ സ്തുതിയർപ്പിക്കും. അല്ലാതെ അസ്തിത്വമില്ലാത്തവനെപ്പോലെ കഴിയുകയില്ല. എന്റെ ജീവിതകാലത്ത് ഞാൻ സ്തുതിയർപ്പിക്കും; അല്ലാതെ ജീവിച്ചിരിക്കുന്നവരുടെ ഇടയിൽ മരിച്ചവനായിരിക്കുകയില്ല. കാരണം, അലസൻ രണ്ടുപ്രാവശ്യം മൃതനാണ്. ഫലം പുറപ്പെടുവിക്കാത്ത ഉഴുന്നവനെ ഭൂമി വഞ്ചിക്കുന്നു.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നിനക്ക് സ്വീകാര്യമായ സ്തുതിയുടെ ഫലം നിന്നിൽ എന്റെ വായ് അർപ്പിക്കട്ടെ.*

2. എന്റെ കർത്താവേ, നിശ്ശബ്ദതയിൽ നിന്ന് എന്റെ വായ് നിന്നിൽ സ്തുതി അർപ്പിക്കട്ടെ. ഞങ്ങളുടെ വായ്കളിൽ സ്തുതി ഇല്ലാതെ വരരുതേ. ഞങ്ങളുടെ അധരങ്ങളിൽ സാക്ഷ്യമില്ലാതെ വരരുതേ. നിന്റെ സ്തുതി ഞങ്ങളിൽ സ്പന്ദിക്കട്ടെ.

3. പൂഴിയിൽ നിന്ന് രൂപീകരിക്കപ്പെട്ടവർ പൂഴിക്ക് രൂപം നൽകുന്നു. ഭൗമികൻ ഭൂമിയിൽ അധ്വാനിക്കുന്നു. നമ്മുടെ തരത്തിലുള്ള നമ്മുടെ ബന്ധുവായ നമ്മുടെ ശരീരത്തെ നാം സ്നേഹിക്കുന്നു. കാരണം, പൂഴിയാണ് നമ്മുടെ വേര്. നമ്മുടെ ശാഖകൾ നമ്മുടെ അധ്വാനഫലം വഹിക്കുന്നു.

4. "നാളയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്".[92] എന്നാൽ നാമാകട്ടെ വരുംവർഷങ്ങൾക്കുവേണ്ടി കരുതിവയ്ക്കുന്നതിൽ വ്യാപൃതരാണ്. എല്ലാവരെയും വസ്ത്രം ധരിപ്പിക്കുന്നവൻ നെയ്ത്തുകാരെ ലില്ലിപ്പുഷ്പങ്ങളുടെ ദൃഷ്ടാന്തത്തിലൂടെ കുറ്റപ്പെടുത്തുന്നു. എല്ലാവരെയും പോറ്റിപ്പുലർത്തുന്നവനും എല്ലാവർക്കും എല്ലാം നൽകുന്നവനുമായവൻ അത്യാഗ്രഹിയായ കാക്കയോടുകൂടെ അത്യാഗ്രഹികളെ കുറ്റപ്പെടുത്തുന്നു.

5. താഴെ വീണുകഴിഞ്ഞാൽ അവസാനിക്കുന്ന ഇലയ്ക്കു തുല്യമാണ് നമ്മുടെ തലമുറ; നമ്മുടെ ജീവിതകാലം ഹ്രസ്വമാണെങ്കിലും സ്തുതിപ്പിന് അതിനെ ദീർഘിപ്പിക്കാൻ കഴിയും. കാരണം, നമ്മുടെ സ്നേഹത്തിന് അനുസൃതമായി, സ്തുതിപ്പിലൂടെ അളവില്ലാത്ത ജീവൻ നമുക്ക് ലഭിക്കും.

92. മത്താ.6,34


www.malankaralibrary.com

6. നമ്മുടെ വിശ്വാസത്തിന്റെ വേര് ഒട്ടിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ കർത്താവിലാണ്. അകലെയാണെങ്കിലും സ്നേഹത്തിന്റെ സംയോജനത്തിൽ അവിടുന്ന് നമ്മോട് വളരെ അടുത്താണ്. നമ്മുടെ സ്നേഹത്തിന്റെ വേരുകൾ അവനിൽ ബന്ധിതമായിരിക്കട്ടെ. തന്റെ കാരുണ്യത്തിന്റെ സമ്പൂർണവ്യാപ്തി നാമുമായി ഇഴുകിച്ചേർന്നിരിക്കട്ടെ.

7. എന്റെ കർത്താവേ, ശരീരം മെനഞ്ഞവന് അത് ഒരാലയം ആയിരിക്കട്ടെ. ആത്മാവിന്റെ ശിൽപ്പിക്ക് അത് സ്തുതികൾ നിറഞ്ഞ കൊട്ടാരമായിരിക്കട്ടെ. എന്റെ കർത്താവേ, ഞങ്ങളുടെ ശരീരം ശൂന്യമായ ഗുഹയാകാതിരിക്കട്ടെ. ഞങ്ങളുടെ ആത്മാക്കൾ നാശനഷ്ടങ്ങളുടെ തുറമുഖമാകാതിരിക്കട്ടെ.

8. ഈ താൽക്കാലിക ശ്വാസത്തിന്റെ പ്രകാശം അണഞ്ഞുപോകുമ്പോൾ, രാത്രിയിൽ കെട്ടുപോയ വിളക്ക് പ്രഭാതത്തിൽ വീണ്ടും കത്തിച്ചാലും. സൂര്യൻ ഉദിക്കുന്നു, തണുത്തുറഞ്ഞവയെ അതിന്റെ ഉദയചൂട് ജീവിപ്പിക്കുകയും കെട്ടുപോയവയെ വീണ്ടും കത്തിക്കുകയും ചെയ്യുന്നു.

9. എല്ലാവരെയും പ്രകാശിപ്പിക്കുന്ന ആ പ്രകാശത്തെ നാം അംഗീകരിക്കുക ഉചിതമാണ്. പ്രഭാതത്തിൽ സൂര്യൻ ഉദിച്ചുയരുമ്പോൾ, നാം വിളക്കുകളെല്ലാം കെടുത്തുന്നു. എന്നാൽ പാതാളത്തിൽ കെട്ടുപോയ വിളക്കുകൾ വീണ്ടും കത്തിച്ചുകൊണ്ട് ഈ പുതിയ സൂര്യൻ ഒരു പുതിയ കാര്യം ചെയ്തിരിക്കുന്നു.

10. എല്ലാവരുടെയും മേൽ മർത്യതയുടെ മണമടിച്ച മരണത്തിന്റെ സ്ഥാനത്ത്, എല്ലാവർക്കും ജീവൻ നൽകുന്നവൻ പാതാളത്തിൽ ഒരു ജീവദായകഗന്ധമൂതി. മരിച്ചവർ അവന്റെ ജീവനിൽ നിന്ന് നവജീവൻ ശ്വസിച്ചു; അവരിൽ മരണം മരണമടഞ്ഞു.

11. മരിച്ച ഒരു മനുഷ്യന് ജീവൻ നൽകിയവനും കബറടക്കപ്പെട്ടവനുമായ ഏലീശായുടെ ഗന്ധം ഇതിനൊരു പ്രതീകമാണ്. എന്നാൽ ഒരു ദിവസമായി മരിച്ചവൻ പണ്ടേ മരിച്ചവൻവഴി ജീവൻ പ്രാപിച്ചു. ജീവദായകഗന്ധം അവന്റെ അസ്ഥികളിൽ നിന്ന് അടിച്ച് മൃതശരീരത്തിൽ പ്രവേശിച്ചു. എല്ലാവർക്കും ജീവൻ നൽകുന്നവന്റെ ഒരു പ്രതീകം!

12. കെട്ടുപോയ വിളക്കിൽ നിന്ന് എങ്ങനെ ഒരു വിളക്ക് കത്തിക്കാമെന്നും കല്ലറയിൽ കിടന്നുകൊണ്ട് അവന് എങ്ങനെ വീണവനെ എഴുന്നേൽപ്പിക്കാൻ കഴിയുമെന്നും അവിടെ കിടന്നുകൊണ്ട് കർത്താവിന്റെ വരവിന്റെ സാക്ഷ്യം നൽകാൻ അവന് എങ്ങനെ കഴിയുമെന്നും, ഏലീശായുടെ കല്ലറയിൽ നടന്ന പ്രതീകങ്ങൾ യേശു നമുക്ക് വിശദീകരിച്ചു.


www.malankaralibrary.com

13. എന്റെ കർത്താവേ, നീയെനിക്ക് എത്രമാത്രം അനുഭവവേദ്യനായാലും, നിന്നെയല്ല ഞാൻ സ്പർശിക്കുന്നത്; കാരണം, നിന്റെ നിഗൂഢതയുടെ യാതൊന്നും സ്പർശിക്കാൻ എന്റെ മനസ്സിനാവില്ല. നിന്റെ പ്രതീകത്തിൽ[93] ഞാൻ കാണുന്നത് വെറും ദൃശ്യവും പ്രകാശിതവുമായ ഒരു ഛായയാണ്. കാരണം, നിന്നെപ്പറ്റിയുള്ള അന്വേഷണം നിഗൂഢമാണ്.

# 51

## "വിവേകം നൽകുന്നവനേ" എന്ന രീതി"

1. എന്റെ സഹോദരങ്ങളേ, ഗോതമ്പിനു സാമ്യമായ ഒരു കള നല്ല വിത്തിനെ ഞെരുക്കുന്നതായി ഞാൻ കാണാനിടയായി. തങ്ങൾക്കു ലഭിച്ച നിർദേശം അനുസരിച്ച്,[94] ഗ്രാമീണർ അത് പറിച്ചെടുത്ത് ദൂരെയെറിഞ്ഞില്ല. അവർ അതിനെ സ്വൈരമായി വിട്ടെങ്കിലും, നല്ല വിത്ത് കളയേക്കാൾ ശക്തമായി വളർന്നു. അത് വളർന്ന് വലുതായി, മറ്റതിനെ മൂടി ഒതുക്കിക്കളഞ്ഞു.

*പ്രതിസ്തോത്രം: എല്ലാവരെയും ജീവിപ്പിക്കുന്നവനേ, നിനക്കു സ്തുതി.*

2. ബർദൈസാന്റെ ഒരു കൃതി എന്റെ കൈയിൽ എത്തിച്ചേർന്നു. അവന്റെ ദൈവദൂഷണപരമായ വിവരണം ഉടനീളം വായിച്ചതിലൂടെ ഒരു മണിക്കൂർ എന്റെ സംശുദ്ധ കാതുകൾക്ക് ഉപദ്രവം ഉണ്ടായതായി കാണാൻ ഞാൻ നിർബന്ധിതനായി. ദൈവികഗ്രന്ഥങ്ങളുടെ സംശുദ്ധവും സുവ്യക്തവുമായ വായനകൊണ്ട് ഞാൻ ധൃതിപ്പെട്ട് എന്നെത്തന്നെ അതിൽ നിന്ന് കഴുകി വെടിപ്പാക്കി.

3. ദൈവനീതിയെയും അതുമായി ബന്ധപ്പെട്ട കൃപയെയും നിന്ദിക്കുന്ന തരത്തിലുള്ള വാക്കുകൾ ആ വായനയിൽ ഞാൻ കേട്ടു. കാരണം, ശരീരത്തിന് ഉത്ഥാനമില്ലെങ്കിൽ, അതിനെ നശിക്കാനായി സൃഷ്ടിച്ച കൃപയ്ക്ക് ഭയങ്കരമായ നിന്ദനവും അതിനെ നാശത്തിന് വിട്ടുകൊടുത്ത നീതിക്ക് പോരായ്മയുമാകും.

4. ആ വായന ആത്മാവിനെയും ശരീരത്തെയും ഒരുപോലെ ദുഃഖിപ്പിച്ചു. കാരണം, സ്നേഹിതർക്കിടയിൽ പ്രത്യാശാരഹിതമായി അത് ഒരു വേർപാടുണ്ടാക്കി. അത് ശരീരത്തിന്റെ ഉത്ഥാനം കവർന്നെടുത്തു; ആത്മാ

93 റാസാ; 94. മത്താ.13,30



www.malankaralibrary.com

വിന് അതിന്റെ സഖിയെയും. സർപ്പം ഉണ്ടാക്കിയ നാശത്തെ നേട്ടമെന്ന് ബർദൈസാൻ വിളിച്ചു.

5. ഒരു ശരീരത്തെ മാത്രം കൊല്ലാൻ ആരെങ്കിലും മുതിർന്നാൽ പോലും അത് നരഹത്യയായി കണക്കാക്കും. അപ്പോൾ എല്ലാ മനുഷ്യ ശരീരങ്ങളെയും തന്റെ നാവാൽ കൊല്ലുന്നവനെപ്പറ്റി എന്തുപറയണം? അവൻ ഭീകരസമുദ്രാന്തർഭാഗത്തേക്ക് ഊളിയിട്ടിറങ്ങിയാലും, തന്റെ നാവു കൊണ്ടുള്ള കൊലയ്ക്ക് പരിഹാരമാകാൻ സമുദ്രജലത്തിന് കഴിയാത്തതി നാൽ, അവനുവേണ്ടി ജാമ്യം നില്ക്കാൻ കടലിനാകില്ല!

6. ശരീരത്തിന്മേൽ എത്രയെത്ര കഠിനതര കൊലപാതകങ്ങൾ ഉണ്ടാ യിട്ടുണ്ട്! ആദ്യമായി കായേൻ അതിനെ കൊന്നു; അവനെ വെല്ലുന്ന മറ്റു ള്ളവർക്ക് അവൻ തന്റെ കൊലക്കത്തി കൈമാറി. അവനിത് സ്വയമായി അഭ്യസിച്ചു. അവന് തുല്യരാകുന്നതിന് അവന്റെ വിദ്യയഭ്യസിക്കാൻ അവന്റെ ശിഷ്യരെല്ലാം പരിശ്രമിക്കുന്നു.

7. വാളുകൾ മിക്കപ്പോഴം അതിനെ കൊല്ലുന്നു; നാവുകൾ നിശ്ശബ്ദ മായും! സൂത്രശാലിയായ സർപ്പം അതിനെ ആദ്യമേ കൊന്നു; തന്ത്രശാലി യായ ബർദൈസാൻ പിന്നീടും. കയ്പ്പേറിയ സർപ്പം അതിനെ കൊന്ന് തന്റെ നാവ് മധുരിപ്പിച്ചു; അവന്റെ ക്രൂരരായ ശിഷ്യർ മധുരമുള്ള നാവുകളാൽ അതിനെ കൊന്നു.

8. ഓ, ശരീരമേ, നിന്നോട് കാട്ടുന്ന അനീതിക്ക് നിന്റെ സ്രഷ്ടാവിന്റെ സന്മനസ്സ് പ്രതികാരം ചെയ്യും. സർപ്പം നിന്നെ പറുദീസായിൽ നിന്ന് പുറ ത്താക്കി. അവന്റെ ശിഷ്യർ ദൈവരാജ്യത്തിൽ നിന്നും നിന്നെ പുറംതള്ളി. അവൻ നിന്റെ ജീവൻ കവർന്നെടുത്തു, ഇവർ നിന്റെ ഉത്ഥാനവും അപഹ രിച്ചു. ആരംഭത്തിൽ സർപ്പം ഓടിനടന്ന് പണി പറ്റിച്ചു; അവസാനത്തിൽ അവന്റെ ശിഷ്യരും.

9. ഈ നശ്വരജീവിതത്തിൽ പരസ്പരം വേർപിരിയാതിരിക്കാൻ, ശരീ രത്തെ വസ്ത്രംപോലെ ധരിക്കുന്ന ആത്മാവ് വളരെ ശ്രദ്ധിക്കുന്നു. അപ്പോൾ അന്ത്യത്തിൽ അതിനെ കൂടാതെ ജീവിക്കാൻ അതിന് എങ്ങനെ കഴിയും? അതിന്റെ ഉത്ഥാനം കൂടാതെ അതിനോടുള്ള സ്നേഹം യാഥാർത്ഥ്യമാക്കാൻ അതിനാവില്ല.

10. അവർ വാളിന്റെയും അപകടകാരിയായ സർപ്പത്തിന്റെയും മുമ്പിൽ വിറയ്ക്കുന്നതിൽ നിന്ന് അവരുടെ പ്രബോധനം തങ്ങളെത്തന്നെ എങ്ങനെ ഖണ്ഡിക്കുകയും തകർക്കുകയും ചെയ്യുന്നു എന്ന് ശ്രദ്ധിക്കുക.

11. നിന്ദ്യമായ ദുരാശകൾ കർമപഥത്തിൽ എത്തുമ്പോൾ മാത്രമാണ്


www.malankaralibrary.com

നിന്ദ്യമായി തീരുന്നതും നിയമം കുറ്റപ്പെടുത്തുന്നതും ന്യായാധിപൻ പീഡിപ്പിക്കുന്നതും അനുതാപി അതേപ്പറ്റി പശ്ചാത്തപിക്കുന്നതും. തിരുലിഖിതം ശരീരത്തെ ബഹുമാനിക്കുന്നു, പ്രകൃതി അതിനെ സ്നേഹിക്കുന്നു, മനുഷ്യർ അതിന്റെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നു.

12. ശരീരത്തെ നശിപ്പിക്കുന്ന കൊലപാതകിയെ സ്രഷ്ടാവും ശിക്ഷിക്കുന്നു. നല്ലദൈവം രൂപീകരിച്ച ഛായ നശിപ്പിക്കുന്നത് എത്ര നീചമായിട്ടുള്ളതാണെന്ന് നാം തിരിച്ചറിയാൻ, നീതിമാനായ ദൈവം കൊലപാതകിയുടെ ശരീരത്തെ നശിപ്പിക്കുന്നു.

13. ആത്മാവിനെ നിഗ്രഹിച്ചെന്നു പറഞ്ഞല്ല, പിന്നെയോ, ശരീരത്തെ കൊന്നതിന്റെ പേരിലാണ് കൊലപാതകി കണക്കുപറയേണ്ടിവരിക. - അവർ പറയുന്നതുപോലെ, അവൻ ആത്മാവിനെ സ്വതന്ത്രമാക്കി- ഇപ്രകാരം സ്വതന്ത്രമാക്കിയവൻ കൊലപാതകി ആയതിനാൽ, ബർദൈസാൻ എങ്ങോട്ടാണോടുക? അയാൾ തർക്കത്തിൽ തന്റെ നാവിന് മൂർച്ചകൂട്ടി, ഉത്ഥാനത്തിൽ തിരികെ ലഭിക്കാനുള്ള ശാരീരികജീവൻ കവർന്നെടുത്തുകൊണ്ട് അതിനെ കൊല്ലുന്നു.

14. ആദ്യകൊലപാതകി ഉപദേശത്താലും രണ്ടാമത്തവൻ തന്റെ പ്രബോധനത്താലും കൊന്നു. അവൻ, പരിപാലിക്കുന്ന സ്നേഹിതൻ എന്ന ഭാവേനയും ഇവൻ സഹായി എന്ന നിലയിലുമാണ് കൊന്നത്. താർക്കികർ തങ്ങളുടെ കൗശലത്താൽ സർപ്പത്തിന്റെ സഖികളാണ്. ആരംഭത്തിൽ തങ്ങളുടെ പിതാവ് ലജ്ജിച്ചതുപോലെ, സർപ്പസന്തതികളും ലജ്ജിതരാകും.

15. ശാരീരികാവയവങ്ങളും ഇന്ദ്രിയങ്ങളും കൊണ്ട് ആത്മാവ് എല്ലാ നന്മകളും അഭ്യസിക്കുന്നു. ശരീരം അൽപ്പം മ്ലേച്ഛമായാൽ, അതിനെങ്ങനെ തന്റെ കൈകൊണ്ട് നന്മ ചെയ്യാനാകും? സ്വഭാവത്താലേ അത് വഞ്ചനാത്മകമാണെങ്കിൽ, അതിലൂടെ അതിനെങ്ങനെ സത്യം ഗ്രഹിക്കാനാകും? പണി അറിയാൻ പാടില്ലാത്തവനെ ആര് പണി ഏൽപ്പിക്കും?

16. കലപ്പയുടെ കൊഴുകൊണ്ട് എഴുത്തുകാരൻ പുസ്തകം എഴുതാറില്ല; ആശാരിയുടെ അറപ്പുവാൾ കൊണ്ട് ശിൽപ്പി രൂപകൽപ്പന ചെയ്യാറില്ല; തേളിന്റെ ഭയജന്യമായ മുള്ളുകൊണ്ട് വൈദ്യൻ കണ്ണു സുഖമാക്കാറില്ല. സർപ്പത്തിന്റെയോ അണലിയുടെയോ പല്ലുകൊണ്ട് അയാൾ വ്രണം ഒരിക്കലും മുറിക്കാറില്ല.

17. അവൻ ബന്ധപ്പെട്ട പണിയായുധംകൊണ്ടും ക്രമീകൃതരീതിയിലും വിവേകപൂർവം എല്ലാ കാര്യങ്ങളും ചെയ്യുന്നു. ശരീരം പാപത്തിൽ നിന്ന് ഉത്ഭൂതമാണെങ്കിൽ, അതിനെ നീതീകരിക്കാൻ ആർക്കും കഴിയുകയില്ല. ശരീരത്തെ അപഹസിക്കുന്നവനെ, ശരീരത്തിലൂടെ വിജയികളായവർ ഭത്സിക്കുന്നു.


www.malankaralibrary.com

# 52

## സാത്താനേയും മരണത്തെയും കുറിച്ച് (ഗീതം 52–68)
## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (1)
## (ഗീതം 52–68 ഈ രീതിയാണ്)

1. മനുഷ്യരുടെ ഇടയിൽ തങ്ങൾ ഇരുവരിൽ ആരാണ് കൂടുതൽ ബലിഷ്ഠൻ എന്നതിനെ സംബന്ധിച്ച് മരണവും സാത്താനും തമ്മിൽ ഉച്ചത്തിൽ തർക്കിക്കുന്നത് ഞാൻ കേട്ടു.

*പ്രതിസ്തോത്രം: തന്റെ അജഗണത്തെ വിഴുങ്ങിയ ദുഷ്ടനും മരണവും എന്ന നിഗൂഢചെന്നായ്ക്കളിൽ നിന്ന് അവയെ രക്ഷിച്ച, എല്ലാവരുടെയും ഇടയന്റെ പുത്രാ, നിനക്കു സ്തുതി!*

2. എല്ലാ മനുഷ്യരെയും കീഴടക്കുന്നു എന്നതിൽ മരണം തന്റെ ശക്തി കാട്ടി; എല്ലാ മനുഷ്യരെയുംകൊണ്ട് പാപം ചെയ്യിക്കുന്നു എന്നതിൽ സാത്താൻ തന്റെ കൗശലം കാട്ടി.

3. മരണം: ഓ, ദുഷ്ടാ, താൽപര്യമുള്ളവർ മാത്രമേ നിന്നെ ശ്രവിക്കുന്നുള്ളു; എന്നാൽ തങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അവർ എന്റെ അടുത്തേക്കു വരുന്നു.

4. സാത്താൻ: ഓ, മരണമേ, നീ മൃഗീയബലപ്രയോഗം നടത്തുന്നു; എന്നാൽ ഞാനാകട്ടെ, ഉപായങ്ങളും വഞ്ചനാത്മക കെണികളും ഉപയോഗിക്കുന്നു.

5. മരണം: ഓ, ദുഷ്ടാ, കേൾക്കുക.സൂത്രശാലിയായ ഒരുവന് നിന്റെ നുകം തകർക്കാൻ കഴിയും; എന്നാൽ എന്നിൽനിന്ന് രക്ഷപെടാൻ ആർക്കും കഴിയുകയില്ല.

6. സാത്താൻ: മരണമേ, നീ രോഗികളുടെ മേലാണ് നിന്റെ ബലം പ്രയോഗിക്കുന്നത്. എന്നാൽ ആരോഗ്യമുള്ളവരുടെ പക്കലും ഞാൻ ശക്തനാണ്.

7. മരണം: ഓ, ദുഷ്ടാ, നിന്നെ നിന്ദിക്കുന്നവരുടെമേൽ നിനക്ക് ഒരു നിയന്ത്രണവുമില്ല; എന്നാൽ പണ്ടും ഇപ്പോഴും എന്നെ ശപിക്കുന്നവരെല്ലാം എന്റെ പക്കലേക്കു വരുന്നു.

8. സാത്താൻ: ഓ, മരണമേ, ദൈവത്തിൽ നിന്നാണ് നിനക്ക് നിന്റെ ശക്തി ലഭിച്ചിരിക്കുന്നത്; പുറത്തുനിന്ന് യാതൊരു സഹായവും കൂടാതെയാണ് ഞാൻ മനുഷ്യരെ വഴിതെറ്റിക്കുന്നത്.


www.malankaralibrary.com

9. മരണം: ദുഷ്ടാ, നീ ഭീരുവിനെപ്പോലെയാണ് കെണികൾ വയ്ക്കുന്നത്; എന്നാൽ ഞാൻ രാജാവിനെപ്പോലെയാണ് എന്റെ ശക്തി പ്രയോഗിക്കുന്നത്.

10. സാത്താൻ: ഓ, മരണമേ, ഞാൻ എത്ര വലിയവനാണെന്നു മനസ്സിലാക്കുന്നതിന് കഴിവില്ലാത്തവനാണ് നീ. സ്വതന്ത്രമനസ്സിനെ പിടിച്ചെടുക്കാൻ എനിക്കു കഴിയും.

11. മരണം: ദുഷ്ടാ, നീ ഒരു കുറ്റവാളിയെപ്പോലെയാണ് പാത്തും പതുങ്ങിയും ചുറ്റിനടക്കുന്നത്. എന്നാൽ ഞാനാകട്ടെ, നിർഭയം തന്റെ ഇരയെ തകർക്കുന്ന സിംഹത്തെപോലെയാണ്.

12. സാത്താൻ: ഓ, മരണമേ, നിന്നെ സേവിക്കാനോ, ആരാധിക്കാനോ നിനക്ക് ആരുമില്ല. എന്നാൽ എന്നെയാകട്ടെ രാജാക്കന്മാർ ദൈവത്തെപോലെ തങ്ങളുടെ ബലികളാൽ ബഹുമാനിക്കുന്നു.

13. മരണം: അനേകർ മരണത്തെ ഗുണകാംക്ഷി എന്നു വിളിക്കുന്നു; എന്നാൽ ദുഷ്ടാ, നിന്നെ ആരും ഒരിക്കലും അങ്ങനെ വിളിച്ചിട്ടില്ല, വിളിക്കുകയുമില്ല.

14. സാത്താൻ: മരണമേ, ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ എത്രപേർ എന്നെ വിളിക്കുകയും എനിക്ക് പാനീയബലികൾ അർപ്പിക്കുകയും ചെയ്യുന്നു എന്ന് നിനക്കറിയില്ല.

15. മരണം: സാത്താനേ, നിന്റെ നാമം നിന്ദ്യമാണ്; ഇതിന് പരിഹാരം ചെയ്യാൻ നിന്നെക്കൊണ്ടാവില്ല. എല്ലാവരും നിന്റെ നാമം ശപിക്കുന്നു; നിന്റെ ലജ്ജ മറച്ചുവയ്ക്കുക.

16. സാത്താൻ: ഓ, മരണമേ, നിനക്ക് കേൾവിക്കുറവുണ്ട്. സകല മനുഷ്യരും നിനക്കെതിരെ നിലവിളി ഉയർത്തുന്നു. നീ പോയി ഒളിച്ചിരിക്കൂ.

17. മരണം: എനിക്ക് സ്വതന്ത്രമായി സൃഷ്ടിയെ ദർശിക്കാൻ കഴിയും; നിന്നെപ്പോലെ ഞാൻ വഞ്ചന പ്രയോഗിക്കാറില്ല. എന്തെങ്കിലും വഞ്ചന കൂടാതെ നീ ഒറ്റ രാത്രിയും കടത്തിവിടുകയില്ല!

18. സാത്താൻ: നിന്റെ സത്യസന്ധതയ്ക്ക് എന്റേതിനേക്കാൾ കൂടിയ ശ്രേഷ്ഠതയൊന്നുമില്ല. എന്നെ വെറുക്കുന്നതുപോലെ മനുഷ്യർ നിന്നെയും വെറുക്കുന്നു.

19. മരണം: ഒരു യജമാനനെപ്പോലെ സകലരും എന്നെ ഭയപ്പെടുന്നു. എന്നാൽ നിന്നെ ഒരു ദുഷ്ടനെപ്പോലെ അവർ വെറുക്കുന്നു.


www.malankaralibrary.com

20. സാത്താൻ: ഓ, മരണമേ, ജനങ്ങൾ നിന്റെ നാമവും നിന്റെ കർമ ങ്ങളും വെറുക്കുന്നു; എന്റെ പേര് വെറുക്കുമായിരിക്കും; എന്നാൽ എന്റെ സുഖസന്തോഷങ്ങൾ അവർ ഇഷ്ടപ്പെടുന്നു.

21. മരണം: നിന്റെ മാധുര്യം സർപ്പത്തിന്റെ പല്ലിന്റെ വിഷമായി രൂപാ ന്തരപ്പെടും. നിന്റെ സന്തോഷങ്ങളെ മനസ്സാക്ഷിക്കുത്ത് സദാ അനുധാവനം ചെയ്യും.

22. സാത്താൻ: പാതാളം മ്ലേച്ഛമാണ്. കാരണം, അവിടെ മനസ്സാക്ഷി ക്കുത്തിന് അവസരമില്ല. എല്ലാ വികാരങ്ങളെയും വിഴുങ്ങി ഉള്ളിലൊതു ക്കുന്ന കുഴിയാണത്.

23. മരണം: പാതാളം ഒരു ചുഴിയാണ്; അതിൽ വീഴുന്നവരെല്ലാം ഉയിർത്തെഴുന്നേൽക്കും. എന്നാൽ മനുഷ്യന്റെ പ്രത്യാശ നശിപ്പിക്കുന്നതി നാൽ പാപം നിന്ദ്യമാണ്.

24. സാത്താൻ: എന്നെ ദുഃഖിപ്പിക്കുന്നെങ്കിലും ഞാൻ അനുതാപം അനുവദിക്കുന്നു. ആരെങ്കിലും തന്റെ പാപത്തിൽ മരിച്ചാൽ, നീ പാപിയുടെ പ്രത്യാശ വെട്ടിമുറിക്കുന്നു.

25. മരണം: നിന്നോടുകൂടെ വളരെ നേരത്തെതന്നെ അവന്റെ പ്രത്യാശ വെട്ടിമുറിക്കപ്പെട്ടു. അവനെക്കൊണ്ട് നീ പാപം ചെയ്യിച്ചില്ലായിരു ന്നെങ്കിൽ, അവന് നല്ലോരന്ത്യം ഉണ്ടാകുമായിരുന്നു.

26. കോറസ്: ശപ്തരായ അടിമകളെ പരസ്പരം ഇളക്കിവിട്ടവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവർ നമ്മെ നോക്കി നിന്ദിച്ചതുപോലെ, നമുക്ക് അവരെ അവജ്ഞയോടെ വീക്ഷിക്കാം.

27. എന്റെ സഹോദരങ്ങളേ, ഇപ്പോൾ നാം അവരെ അവജ്ഞാപൂർവം വീക്ഷിക്കുന്നത് ഉത്ഥാനത്തിൽ നമുക്ക് വീണ്ടും അവരെ അവജ്ഞാപൂർവം വീക്ഷിക്കാൻ കഴിയും എന്നതിനുള്ള അച്ചാരമാണ്.

# 53

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (2)

1. ഒരിക്കലും ജയിക്കാത്തവരും ജയിക്കാൻ കഴിയാത്തവരുമായ പരാ ജിതർ എപ്രകാരം വിജയത്തെച്ചൊല്ലി കലഹിക്കുന്നെന്ന് വന്നുകാണുവിൻ.

2. മരണം ദുഷ്ടനോട് പറഞ്ഞു: അന്ത്യത്തിൽ വിജയം എന്റേതാണ്. കാരണം, മരണം ജേതാവായി അന്ത്യം തന്റെ കൈകളിൽ പിടിക്കുന്നു.


www.malankaralibrary.com

3. സാത്താൻ പറഞ്ഞു: ഒരു മനുഷ്യനെ തന്റെ ജീവിതകാലത്ത് ഭോഗാസക്തിയിലൂടെ കൊല്ലാൻ കഴിഞ്ഞാൽ, അതായിരിക്കും യഥാർഥ മരണം.

4. മരണം: ഇതാ, ദുഷ്ടരെപ്പോലെ നല്ലവരും മരിക്കുന്നത് മാത്രമേ ഞാൻ കാണുന്നുള്ളു. ദുഷ്ടാ, നിന്നെ നീതിമാന്മാർ നിന്ദിക്കുന്നു, മറിച്ച് എന്നെ നിന്ദിക്കുന്നില്ല.

5. സാത്താൻ: ഈ ശാരീരികമരണം ഒരു താൽക്കാലികനിദ്ര മാത്രമാണ്. ഓ, മരണമേ, നീയാണ് യഥാർഥമരണം എന്നു വിശ്വസിക്കേണ്ട. നീ ഒരു നിഴൽപോലെ മാത്രമേയുള്ളു.

6. മരണം: ഓ, ദുഷ്ടാ, നീതിമാന്മാർ നിന്നെ കീഴടക്കി; നിന്നെ കീഴടക്കും. എന്നാൽ ഞാനാകട്ടെ, നിന്നെ കീഴടക്കിയവരുടെ ജേതാവാണ്.

7. സാത്താൻ: നീയല്ല നീതിമാന്മാരെ കൊല്ലുന്നത്. ഞാൻ ആദത്തെ കീഴടക്കി എന്ന കാരണത്താലാണ് അവർ മരണക്കാസാ നുകരേണ്ടിവരുന്നത്.

8. മരണം: ഇതാ, സോദോമ്യരെക്കൊണ്ടും അസ്സീറിയാക്കാരെക്കൊണ്ടും പ്രളയകാലത്തെ മല്ലന്മാരെക്കൊണ്ടും പാതാളം നിറഞ്ഞിരിക്കുന്നു; എനിക്കു തുല്യനായി ആരുണ്ട്?

9. സാത്താൻ: ഓ, മരണമേ, അവരെയെല്ലാം ഞാനാണ് കൊന്നത്. അവരെല്ലാം നശിക്കാനായി അവരെ പാപത്തിലേക്ക് വഴിതെറ്റിച്ചത് ഞാനാണ്.

10. മരണം: ഓ, സാത്താനേ, നിന്നെ തോൽപ്പിച്ച ജോസഫിനെ ഞാൻ കീഴ്പ്പെടുത്തി. ഉൾമുറിയിൽ അവൻ നിന്നെ പരാജയപ്പെടുത്തി. കല്ലറയിൽ ഞാൻ അവനെ തോൽപ്പിച്ച് വീഴിച്ചു.

11. സാത്താൻ: ഓ,മരണമേ, രക്തം തളിപ്പാൽ മോശ നിന്നെ പരാജയപ്പെടുത്തി. അവൻ നിന്നെ ഈജിപ്തിൽ തോൽപ്പിച്ചു. എന്നാൽ പാറയിൽവച്ച് അവനെ പരാജയപ്പെടുത്തിയത് ആരാണ്?

12. മരണം: ഓ, സാത്താനേ, നിന്നെ ഭയപ്പെടാതിരുന്ന ഏലിയാ, എന്നെ ഭയപ്പെട്ടതിനാലാണ് ജസബേലിന്റെ മുമ്പിൽ നിന്ന് ഓടിപ്പോയത്.[95]

13. സാത്താൻ: ഓ, മരണമേ, സുഗന്ധധൂപത്താൽ നിന്നെ തടഞ്ഞുനിർത്തിയ അഹറോന് ഞാൻ സ്വർണകാതിപ്പൂ നൽകി; അവൻ കാളക്കുട്ടിയെ ഉണ്ടാക്കി.[96]

---

95. 1രാജാ.19,2f.; 96. സംഖ്യ 16,16ff; പുറ.32, 2ff.


www.malankaralibrary.com

14. മരണം: ജോബുമായി പോരാട്ടം നടത്തുവാൻ നീ ഇറങ്ങിച്ചെന്നു. അതിൽ നിന്ന് അവൻ ജേതാവായി ഉയർന്നുവന്നു. എന്നാൽ അവൻ നിന്നെ കീഴടക്കിയശേഷം ഞാൻ അവനെ പരാജയപ്പെടുത്തി.

15. സാത്താൻ: തന്റെ ചാക്കുവസ്ത്രത്താൽ ദാവീദ് ബാധയകറ്റി; ഗോലിയാത്തിനെ കീഴടക്കിയ അവനെ മട്ടുപ്പാവിൽ വച്ച് ഞാൻ പരാജയപ്പെടുത്തി.[97]

16. മരണം: ദുഷ്ടന്റെ ആലയമായ ബാലിന്റെ ബലിപീഠം യേഹു തകർത്തു;[98] എന്നാൽ പാതാളമെന്ന എന്റെ ദുർഗം തകർക്കാൻ അവനു കഴിഞ്ഞില്ല.

17. സാത്താൻ: തന്റെ ന്യായവിധിയാൽ ഒരു ശിശുവിനെ നിന്റെ വായിൽ നിന്നു പിടിച്ചെടുത്ത സോളമനെ[99] ഞാൻ അവന്റെ വാർധക്യത്തിൽ വിഗ്രഹബലിപീഠങ്ങളുടെ സേവകനാക്കി.

18. മരണം: ഓ, സാത്താനേ, സ്വർണത്തിന്റെ കാര്യത്തിൽ നിന്നെ നിന്ദിക്കുകയും കൈക്കൂലിയെ കീഴടക്കുകയും ചെയ്ത സാമുവേലിനെ ജേതാവായ ഞാൻ കീഴടക്കി.

19. സാത്താൻ: ഓ, മരണമേ, സിംഹക്കുട്ടിയുടെ കാര്യത്തിൽ നിന്നെ നിന്ദിച്ച സാംസണെ ഒരു ബലഹീനപാത്രമായ ദെലീലായിലൂടെ ഞാൻ മാവ് പൊടിക്കുന്നിടത്ത് ബന്ധനസ്ഥനാക്കി.[100]

20. മരണം: ഓ, ദുഷ്ടാ, ജോസിയാ തന്റെ ബാല്യകാലം മുതൽ നിന്നെ നിന്ദിച്ചു. എന്നാൽ തന്റെ വാർധക്യത്തിൽ പോലും എനിക്കെതിരെ നിൽക്കാൻ അവനു കഴിഞ്ഞില്ല.

21. സാത്താൻ: ഓ, മരണമേ, തന്റെ മരണച്ചീട്ട് കീറിക്കളഞ്ഞപ്പോൾ, ഹെസക്കിയാ നിനക്കെതിരെ നിന്നു. ഞാൻ അവനെ വഴിതെറ്റിച്ചു; അവൻ അത്ഭുതം അവഗണിക്കുകയും തന്റെ നിക്ഷേപങ്ങൾ കാട്ടിക്കൊടുക്കുകയും ചെയ്തു.[101]

22. മരണം: ഓ, ദുഷ്ടാ, നിന്നെ തോൽപ്പിക്കുകയും പാപം മോചിക്കുകയും സ്നാനം നൽകുകയും നിന്നെ അനാവരണം ചെയ്യുകയും ചെയ്ത യോഹന്നാനെന്ന ആ വിളക്ക് ഞാൻ അണച്ചുകളഞ്ഞു.

23. സാത്താൻ: ആ സൗഭാഗ്യവതിയെ ഉയിർപ്പിച്ചപ്പോൾ ശെമയോൻ നിന്നെ പരാജയപ്പെടുത്തി.[102] ഒരു സ്ത്രീയിലൂടെ അവൻ നിന്നെ

97. 2സാമു.24,17.11,2; 98. 2രാജാ.10,27; 99. 1രാജാ.3,16,16ff.;

100. ന്യായാ.14,5.21; 101. 2രാജാ.20,13; 102. നട.9,40



www.malankaralibrary.com

തോൽപ്പിച്ചു. ഒരു സ്ത്രീയിലൂടെ ഞാൻ അവനെ പരാജയപ്പെടുത്തുകയും തന്റെ നാഥനെ തള്ളിപ്പറയാൻ ഇടയാക്കുകയും ചെയ്തു. 24. ഓ, മരണമേ, നിബിയന്മാരും ശ്ലീഹന്മാരും ഒരുപോലെ നന്നെ ശപിക്കുന്നു. കാരണം, “മരണമേ, നിന്റെ വിജയമെവിടെ? പാതാളമേ, നിന്റെ മുള്ളെവിടെ?”[103] 25. ഓ, ശപിക്കപ്പെട്ട ദാസനേ, നിന്റെ നാഥനെ നീ പാതാളത്തിൽ അടച്ചു. ദൈവവും മനുഷ്യരും നിന്നെ വെറുക്കുന്നു. മിണ്ടാതിരിക്കുക.

26. മരണം: എല്ലാവരെയും ജീവിപ്പിക്കുന്നവന്റെ തിരുഹിതമാണ് അവനെ പാതാളത്തിൽ അടച്ചത്. നീ ആദത്തെ വഴിപിഴപ്പിച്ചതിനാൽ നീ യാണ് അവനെ ഇവിടേക്ക് വിളിച്ചത്. 27. മരുഭൂമിയിൽ തന്റെ കർത്താവിനെ കുറ്റപ്പെടുത്തിയ നാബാലിന്റെ സഖിയേ, “താണുവീണ് എന്നെ ആരാധി ക്കുക” എന്നു പറഞ്ഞ നിന്റെ വായ് ശപിക്കപ്പെട്ടതായിരിക്കട്ടെ.[104]

# 54

### “ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട” എന്ന രീതി” (3)

1. ഓ, സ്വാതന്ത്ര്യമേ, തങ്ങൾ എങ്ങനെ ശക്തിഹീനരാണെന്ന് രണ്ട് അടിമകൾ തർക്കിക്കുന്നത് കേട്ടാലും!

*പ്രതിസ്തോത്രം: നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. കാരണം, നിന്റെ താഴ്മയാൽ ആദാം ഉയർത്തപ്പെട്ടു. നിന്റെ മരണത്താൽ അവൻ ഉയിർപ്പി ക്കപ്പെടുകയും ഏദനിലേക്ക് മടങ്ങുകയും ചെയ്തു.*

2. അപ്പോൾ, ദുഷ്ടൻ നിന്നെ കീഴടക്കിയെങ്കിൽ, നിന്റെ നാണക്കേട് വലുതാണ്. കാരണം, അവൻ ബലഹീനൻ ആണെന്ന് അവന്റെ സഖിയായ മരണം അവനെ കുറ്റപ്പെടുത്തിയിരിക്കുന്നു.

3. മറുവശത്ത് മരണം നിന്നെ പ്രത്യാശാരഹിതൻ ആക്കുന്നെങ്കിൽ, അതെത്ര ലജ്ജാകരം! കാരണം, അവൻ വെറും നിഴലാണെന്ന് അവന്റെ സഖിയായ ദുഷ്ടൻ അവനെ നിന്ദിച്ചിരിക്കുന്നു.

4. നിന്റെ ശ്വാസത്തിനു മുമ്പിൽ അവരിരുവരും വെറും പതിരാണെന്ന് നീ കാണുന്നതിന്, അവരുടെ തർക്കം നിനക്കൊരു കണ്ണാടിയാണ്.

5. വിരിഞ്ഞുവരുമ്പോഴേ അവർ പുഷ്പസമാനം വാടിപ്പോകുമെന്ന് നിബിയന്മാരും ശ്ലീഹന്മാരും തങ്ങളുടെ വാഗ്ദാനങ്ങളിൽ നിനക്ക് ഉറപ്പു നൽകുന്നു.

103. 1കൊറി.15,55; 104. 1സാമു.35,10;മത്താ.4,9.


www.malankaralibrary.com

6. സാത്താൻ: ജീവിച്ചിരിക്കുന്നവരും മരിച്ചവരും വെറുക്കുന്ന മരണമേ, നീ എല്ലാ സംയുക്തങ്ങളെയും അഴിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.

7. മരണം: സാത്താനേ, ദൃശ്യമരണമല്ല കൊല്ലുന്നത്; നിന്റെ അദൃശ്യകൊലയാണ് മനുഷ്യരെ കൊല്ലുന്നത്.

8. സാത്താൻ: നിന്റെ നാമം പോലെ നിന്ദനീയമല്ല എന്റേത്; കാരണം, ബാലാമിന്റെ മുമ്പിൽ, വഴിയിൽവച്ച് മാലാഖാ സാത്താന്റെ രൂപത്തിൽ അഭിനയിച്ചു.[105]

9. മരണം: ഓ, സാത്താനേ, നിന്റെ നാമം നിനക്ക് എത്രമാത്രം ചേരുന്നതാണ്! കാരണം, നീ നേരായ പാതയിൽ നിന്ന് വ്യതിചലിച്ചവനും പരിചയമില്ലാതിരുന്ന ആദത്തെ അതിലേക്ക് ആനയിച്ചവനുമാണ്.

10. സാത്താൻ: അജ്ഞനെപ്പോലെ കാടും പടലും തട്ടി നിന്റെ ഭാഗം തോൽക്കാതിരുന്നാൽ കൊള്ളാം. ഓ, മരണമേ, ഞാൻ പറയുന്നതിനു മറുപടി പറയാനും എന്നോട് സംസാരിക്കാനും കഴിവുണ്ടെങ്കിൽ മാത്രം തർക്കിച്ചാൽ മതി.

11. മരണം: ഓ, സാത്താനേ, മണൽകൊണ്ട് കയർ പിരിക്കാൻ കഴിയത്തക്കവിധം നീ അത്ര സൂത്രശാലിയാണെന്ന് എനിക്കറിയാം.

12. സാത്താൻ: മരണമേ, നിന്റെ തർക്കത്തിന്റെ അന്ത്യമായി; കാരണം, പരാജയപ്പെടാൻ തുടങ്ങുന്നവൻ തന്റെ വാദമുഖം തകരുമ്പോൾ, ചെളി വാരി എറിയാൻ തുടങ്ങുന്നു.

13. മരണം: എല്ലാവരുടെയും ഇടയിൽ ഞാനാണ് ജേതാവ്. നീ എന്നെ പരാജയപ്പെടുത്തുമെന്നോ? ഓ, സാത്താനേ, ഞാൻ കിഴടക്കിയ ആദം നിന്നെ പ്രബോധിപ്പിക്കട്ടെ.

14. സാത്താൻ: ആദത്തെ വരിഞ്ഞുകെട്ടി നിന്റെ മുമ്പിൽ എറിഞ്ഞു തന്നത് ഞാനാണ്. എന്റെ ദുരാശകൾ വരിഞ്ഞുകെട്ടിയ മല്ലന്മാരെയാണ് നീ വന്ന് കീഴ്പ്പെടുത്തിയത്.

15. മരണം: ധരയിൽ ഒരു നവവിജയപുഷ്പഹാരം മെടഞ്ഞത് ഞാനാണ്. മല്ലന്മാരുടെ തലവനായ ആദത്തെ ഞാൻ പാതാളത്തിൽ അടച്ചു.

16. സാത്താൻ: ആദം പാപം ചെയ്തപ്പോൾ പാപത്തിന്റെ അദൃശ്യമരണത്തിലൂടെ ഞാൻ അവനെ കൊന്നു. ഓ, മരണമേ, ഞാൻ നേരത്തെ കൊന്ന ഒരുവനെ, ഒരു മൃതനെയാണ് നീ കൊന്നത്.

105. സംഖ്യ 22,22


www.malankaralibrary.com

17. മരണം: ഓ, ദുഷ്ടാ, നിന്റെ വിജയപരിശ്രമത്തിൽ നീ നിന്നെ ത്തന്നെ നിന്ദ്യനാക്കി. കാരണം, ഒരേസമയം മരണവും സാത്താനും ആയി രിക്കാൻ നീ ആഗ്രഹിക്കുന്നു; അതും നിനക്ക് നിസ്സാരമാണുപോലും.

18. സാത്താൻ: മരണമേ, നീ ബലഹീനനായി നിശ്ശബ്ദനായി. കാര ണം, വാക്കു കൊണ്ടോ പ്രവൃത്തി കൊണ്ടോ എനിക്കെതിരെ നിൽക്കാൻ നിനക്ക് കെൽപ്പില്ല.

19. മരണം: ഓ, ദുഷ്ടാ, നീ തിരിച്ചറിഞ്ഞാൽ നിന്റെ സ്വന്തം ദുഷ്ടത യെയാണ് നീ കീഴടക്കിയിരിക്കുന്നത്. നിനക്ക് കാണാൻ കഴിയുമെങ്കിൽ, നിന്റെ വിജയപുഷ്പഹാരം പൂർണമായും നിന്ദനീയമാണ്. 20. ഓ, സാത്താനേ, ഞാൻ പരാജയപ്പെട്ടവനായി മാത്രവും നീ ശപിക്കപ്പെട്ടവനാ യും എപ്പോഴും ഇരിക്കട്ടെ. ഒരു കുറ്റവാളി ആയിരിക്കുന്നതിനേക്കാൾ അജ്ഞ നായിരിക്കുന്നതിൽ ഞാൻ സംതൃപ്തനാണ്.

21. ഏകമനസ്സുള്ള ശത്രുക്കളെ വേർപെടുത്തിയ നീതിമാൻ വാഴ്ത്ത പ്പെട്ടവനാകുന്നു. വേർപെട്ട നമ്മെ വീണ്ടും ഏകമനസ്സുള്ളവർ ആക്കുന്ന വൻ വാഴ്ത്തപ്പെട്ടവനാകുന്നു.

22. ഓ, കാരുണ്യവാനേ, നിന്റെ പാപമോചനത്താൽ ഞാൻ ദുഷ്ടനെ കീഴടക്കട്ടെ. എല്ലാവരെയും ജീവിപ്പിക്കുന്നവനേ, നിന്റെ ഉത്ഥാനത്താൽ ഞാൻ മരണത്തെ കീഴടക്കട്ടെ.

# 55

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (4)

1. ദുഷ്ടൻ മരണത്തെ കുറ്റപ്പെടുത്തി; മരണം ദുഷ്ടനെയും. അവർ പരസ്പരാരോപണത്തിലൂടെ തങ്ങൾക്കു തന്നെ നാണക്കേടുണ്ടാക്കി.

*പ്രതിസ്തോത്രം: സർവനാഥന്റെ പുത്രാ, നിനക്കു സ്തുതി! നീ സക ലർക്കും വേണ്ടി മരിച്ചു. നിന്റെ ആഗമനദിനം സകലരെയും ഉയിർപ്പിക്കാ നായി നീ ഉയിർത്തെഴുന്നേറ്റു.*

2. സാത്താൻ: "പാപികൾ എന്തുകൊണ്ട് ജീവക്കുന്നു?" എന്ന ചോ ദ്യത്തിന്, നിന്നെ കീഴടക്കുകയും പാതാളത്തിൽ നിന്നു തിരികെ വരികയും ചെയ്ത യോനാ എന്റെ വക്കീലായിരിക്കട്ടെ.

3. മരണം: ദുഷ്ടാ, മത്തായിയുടെ മകനെ ദുഷിക്കരുത്. അവർ കൂടു തലായി സ്തുതിക്കാൻ വേണ്ടിയാണ് അവൻ കോപഭാവം കാട്ടിയത്.[106]

106. യോനാ,1,1. 4,1



www.malankaralibrary.com

4. സാത്താൻ: ഓ, ക്രൂരമരണമേ, നിന്റെ വാദങ്ങൾ തികച്ചും ബല ഹീനമാണ്. നീ പറഞ്ഞതൊന്നും എനിക്കിഷ്ടമല്ല.

5. മരണം: നിനക്ക് എപ്പോഴാണ് സത്യവചനം പ്രിയംകരമായിരുന്നത്? നുണയാ, നിനക്കും സത്യത്തിനും ഇടയിൽ മഹാഗർത്തമാണ്! 6. എന്റെ ജീവിതകാലം മുഴുവൻ ഞാൻ നീതിമാനായിരുന്നു, എനിക്ക് അനുതപി ക്കേണ്ടി വന്നിട്ടില്ല. നിന്നിൽ നിന്ന് മനുഷ്യരെ വിടുവിക്കുന്നത് ഞാനാണ്.

7. സാത്താൻ: മരണമേ, നിന്റെ അനുതാപം പ്രഖ്യാപിക്കുക! നീ നേരേചൊവ്വേ വന്നുതുടങ്ങി.''ഇതാ, ശൗലും പ്രവാചകഗണത്തിൽ''[107]. എന്തൊരു നിന്ദനം! 8. മരണമേ, നീ നീതീകരിക്കപ്പെടുന്നെങ്കിൽ, ഞാനും അനുതപിക്കുന്നില്ല എന്നതിൽ എനിക്കും സംശയിക്കാനില്ല!

9. മരണം: നിന്റെ കർത്താവിനെ ദ്വേഷിക്കുന്നവനേ, എന്റെ കർത്താ വിനൊപ്പം ഞാൻ യാതൊരു വിഗ്രഹത്തെയും നിർമിച്ചിട്ടില്ല. എന്നാൽ മൃത വിഗ്രഹങ്ങൾകൊണ്ട് നീ ജീവനുള്ളവരെ കൊല്ലുന്നു.

10. സാത്താൻ: നീ എന്റെ പകുതി ആണെന്നും ഞാൻ നിന്റെ പകു തിയാണെന്നും എനിക്കറിയാം. എന്റെ പകുതി അനുതപിക്കുന്നു! അത് സത്യമാണെങ്കിൽ, ഞാൻ ആശ്ചര്യപ്പെടുകതന്നെ വേണം.

11. മരണം: ഭാഗഭാഗിത്വത്തിൽ ഞാൻ നിന്റെ സഖിയാണ്, എന്നാൽ പാപത്തിലല്ല; കൊല്ലപ്പെട്ടവർ എന്റേതും, നീ പാപത്തിലേക്ക് നയിച്ച കൊല യാളികൾ നിന്റേതും.

12. സാത്താൻ: ഞാൻ നിന്നോട് തർക്കിച്ചതിൽ എന്റെ കൗശലം തന്നെ പ്പറ്റി കരയുന്നു; നിന്റെ പക്കലെത്തുമ്പോൾ എന്റെ ദുഷ്ടത എന്നെപ്പറ്റി നില വിളിക്കുന്നു.

13. മരണം: മന്ത്രവാദികൾ, ലക്ഷണം പറയുന്നവർ, ക്ഷുദ്രപ്രയോഗി കൾ എന്നു തുടങ്ങിയ എല്ലാ പാപികളുംവഴി നീ ലോകത്തിൽ കത്തിക്കുന്ന അഗ്നി ഞാൻ പാതാളത്തിൽ കെടുത്തുന്നു.

14. സാത്താൻ: കൊതുകിനെ അരിക്കയും നീതിമാനെ വിഴുങ്ങുകയും ചെയ്യുന്ന അനുതാപീ, നിന്റെ ഉള്ളിൽ നിന്ന് വിളിക്കുന്ന സംശുദ്ധർ നിന്നെ പിളർത്തിക്കളയും.[108]

15. മരണം: സകല നീതിമാന്മാരും എന്റെ കലവറയിൽ സംരക്ഷിത രായി കിടക്കുന്നു. അവരെ പീഡിപ്പിച്ച നിനക്ക് അവരുടെ ഉത്ഥാനം ഭീഷ ണിയായി നിൽക്കുന്നു.

107. 1സാമു.10,11; 108. മത്താ.23,24


www.malankaralibrary.com

16. സാത്താൻ: സമസ്ത സൃഷ്ടികളെയും തന്നിലേക്ക് പിടിച്ചെടുക്കുന്ന അത്യാർത്തിയുള്ളവൻ എന്നെ നിന്ദിക്കുന്നു, അവൻ എന്റെ സമ്പാദ്യങ്ങൾ അനാവൃതമാക്കുകയും ചെയ്യും.

17. മരണം: നിന്റെ ന്യായവിധിക്കുമുമ്പ് നീ കരയേണ്ട! കാരണം, അത് ഇതുവരെ നിന്റെ മേൽ നിപതിച്ചിട്ടില്ല. നീ നിലവിളിക്കുകയും ഞാനത് കേട്ട് സന്തോഷിക്കുകയും ചെയ്യുന്ന ദിവസം വരും. 18. ഓട്ടുകഷണം കൊണ്ട് നീ ജോബിന്റെ തൊലി ഉരിച്ചതുപോലെ, അഗ്നിയിറങ്ങി നിന്റെ തൊലിയുരിയും.[109]

സാത്താന്റെ അവസാന പ്രസംഗം(19–32):

19. "എന്നെ മൂടാൻ എന്നവണ്ണം അലസതയുടെ അലയടി ഉണ്ടായി. ഞാൻ ഒരു നിമിഷത്തേക്കു മാത്രം നിഷ്ക്രിയനായി എന്നത് സ്വപ്നമാണോ? 20. വാക്കുകൾ കിട്ടാത്തതിനാലല്ല ഞാൻ നിശ്ശബ്ദനായിരുന്നത്; ഞാൻ പാഴാക്കിക്കളഞ്ഞ സമയമോർത്ത് ഞാൻ ദുഃഖിതനായിരുന്നു. 21. നിന്റെ ഭാഷണത്താലുണ്ടായ മുറിവ് ആഴമുള്ളതാണ്. ഞാൻ അത് കേട്ടില്ലാതിരുന്നെങ്കിൽ എന്ന് ആശിക്കുന്നു. ഞാൻ എന്റെ ജോലിയിൽ അതീവശുഷ്ക്കാന്തി ഉള്ളവനാണ്. 22. ചിതറിക്കപ്പെട്ട മനുഷ്യകുലത്തെ മനസ്സു പതറിയ അവസ്ഥ പ്രതികൂലമായി ബാധിച്ചു. അലസതയും അശ്രദ്ധയും നുകത്തിൻ കീഴിലെത്തിച്ചു. 23. ദുരാശ നേതാവും ഹീനസമ്പാദ്യം അവരുടെ കച്ചവടത്തിൽ ദല്ലാളും കലഹവും പൊങ്ങച്ചം പറച്ചിലും ഗ്യാരന്റിയും ആയിത്തീർന്നു."

24. "ശക്തി കൊണ്ടല്ല, സ്ഥിരോത്സാഹത്താൽ ഞാൻ പോരാട്ടം നടത്തുന്നു. ഞാൻ അൽപ്പം അയഞ്ഞുകൊടുത്താൽ എന്റെ കർതൃത്വം ഇല്ലാതാകും. 25. സ്ഥിരപരിശ്രമത്താൽ ഞാൻ അസാധ്യമായവ ചെയ്യുന്നു. കാരണം, സ്ഥിരപരിശ്രമത്താൽ മലയെ അലിയിക്കാൻ കൂടി കഴിയും. 26. പരിശീലനത്തിന് പ്രകൃതിയുടെ മേൽ പോലും കർത്താവാകാൻ കഴിയും. അത് സിംഹങ്ങളെപ്പോലും മെരുക്കിയെടുക്കുന്നു. 27. ശാന്തമായ പരിശീലനം, ആവർത്തനം, സ്ഥിരോത്സാഹം എന്നിവയാൽ എല്ലാറ്റിനേക്കാളും കഠിനതരമായ സ്വാതന്ത്ര്യത്തെ കീഴടക്കാൻ കഴിയും. 28. അതിന്റെ ഇച്ഛ അതിന്റെ ശക്തി കാട്ടിയാൽ, അതിന് എല്ലാ ബന്ധനങ്ങളെയും പൊട്ടിക്കാൻ കഴിയും. എന്നാലത് ബലഹീനവലകളെ നിസ്സാരമാക്കിത്തള്ളിയാൽ, അതിനെ എളുപ്പം ബന്ധിക്കാനാകും. 29. സ്വാതന്ത്ര്യം അക്രോശിച്ചാൽ നാം ചിതറിക്കപ്പെടും. എന്നാലത് നിശ്ശബ്ദമായാൽ അതിനെ നിന്ദിക്കാൻ നാം ഒന്നിച്ചുകൂടും."

---

109. ജോബ് 2,8.



www.malankaralibrary.com

30. "നമുക്കിനി സമയം പാഴാക്കാതിരിക്കാൻ, ഇനിയൊരക്ഷരവും പറയേണ്ട. സ്നേഹത്തിൽ നമുക്ക് കോട്ടയ്ക്കെതിരെ പോരാടാം. ഇതാ, അത് തകർന്നുവീഴുന്നു. 31. നീ പോയി രോഗികളെ തേടുക, ഞാൻ കെണി കളും തേടാം. കാരണം, എനിക്ക് പാപങ്ങളും നിനക്ക് പകർച്ചവ്യാധികളു മാണ് ഏറ്റവും വലിയ ആനന്ദം. 32. ഞാൻ അലസനായിരിക്കുമ്പോഴും, കെണികളൊരുക്കുന്നതിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നില്ല; കാരണം, സദാ സുസ ജ്ജമായ എന്റെ ഇച്ഛ ഒരിക്കലും അലസമല്ല."

# 56

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (5)

1. ദുഷ്ടാ, നീ സ്വാതന്ത്ര്യത്തോടാണ് പോരാടേണ്ടത്! അതിന് വേണ മെങ്കിൽ, നിന്നെ നിശ്ശബ്ദനാക്കാൻ കഴിയും.

*പ്രതിസ്തോത്രം: നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. നിന്റെ വിജയ ത്തിലൂടെ ഞങ്ങൾ ശക്തരായിത്തീർന്നു; നിന്റെ ഉത്ഥാനത്തിലൂടെ ഞങ്ങൾ മരണത്തെത്തന്നെ പരിഹസിക്കുന്നു.*

2. എന്നാൽ ഓരോരുത്തരും താന്താങ്ങളുടെ ബലഹീനത സ്വയമേ വെളിപ്പെടുത്തി; സ്വാതന്ത്ര്യമേ, നിന്റെ ശക്തിയെപ്പറ്റി മരണം ദുഷ്ടനെ ഓർപ്പിക്കുന്നു. 3. ഓ, മരണമേ, നിന്നെ കത്തിക്കാൻ പോകുന്ന അഗ്നി നിന്റെ കൂട്ടിൽ തന്നെയുണ്ട്. എന്നാൽ നീ അത് മനസ്സിലാക്കുന്നില്ല. പരേതരുടെ വിശ്വാസമാണ് നിന്റെ നാശം! 4. മരണം നിന്റെ ശക്തിയെപ്പറ്റി ദുഷ്ടനെ അറിയിച്ചു. ദുഷ്ടൻ നിന്റെ വിശ്വാസത്തെപ്പറ്റി മരണത്തെ ഓർപ്പിച്ചു. 5. നിന്റെ എതിരാളികൾ നിനക്കുവേണ്ടി സംസാരിക്കുന്നെങ്കിൽ, നിന്റെ പീഡകർ നിന്റെ അറിയിപ്പുകാരായി എന്നത് നിസ്സാരകാര്യമല്ല.

6. മരണം: ഓ, ദുഷ്ടാ, രാജാവ് ആഗതനാകുന്നതുവരെ തന്റെ നിക്ഷേപങ്ങൾ കാത്തുസൂക്ഷിക്കുന്ന ഭവനകാര്യവിചാരകൻ മാത്രമാണ് ഞാനെന്ന് ഞാനേറ്റുപറയുന്നു.

7. സാത്താൻ: ഓ, മരണമേ, ഞാൻ കൗശലത്താൽ പിടിച്ച ഈ നിക്ഷേപം ദൈവത്തിന്റേതല്ല എന്നു ഞാൻ തറപ്പിച്ചുപറയുന്നു.

8. മരണം: ഓ, സാത്താനേ, അപ്പോൾ നിന്റേത് കള്ളനാണയമാണ്. ദൈവത്തിന്റെ ഭണ്ഡാരത്തിൽ അത് സ്വീകാര്യമല്ല.

9. സാത്താൻ: രാജാവിനെപ്പോലെ ഞാൻ ഒരു പുതിയ നാണയം ഉണ്ടാക്കും. എന്റെ കച്ചവടക്കാർ ലോകത്തിൽ നാശം വിതയ്ക്കും. 10. ദൈവം


www.malankaralibrary.com

ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ചു. ഞാൻ ഇല്ലായ്മയിൽ നിന്ന് കൊടിയ പാപങ്ങളുണ്ടാക്കി.

11. മരണം: ഓ, ദുഷ്ടാ, നിന്റെ വായ് അടഞ്ഞ് ബന്ധിതമായിപ്പോകട്ടെ. നീ എത്ര ധിക്കാരിയാണ്! നീ സ്രഷ്ടാവിനോട് തുല്യതയുണ്ടാക്കാൻ ശ്രമിക്കുന്നോ?

12. സാത്താൻ: മരണമേ, ഇത്തരം ധിക്കാരവാക്കുകൾ എനിക്ക് അനുവദനീയമാണ്. മറിച്ച്, നിന്റെ നാവ് ഭയത്തിനു വിധേയമായ അടിമയാണ്.

13. മരണം: ഓ, സാത്താനേ, നമുക്കിടയിൽ ഒരു മഹാഗർത്തമുണ്ട്. നീ ഭ്രാന്തുപടിച്ച് നിന്റെ കർത്താവിനെ കടന്നാക്രമിക്കുന്നു.

14. സാത്താൻ: ഓ, മരണമേ, നമ്മുടെ സഖ്യത്തിൽ നിന്ന് എന്തുകൊണ്ടാണ് നീ പിന്മാറുന്നത്? നീ വീണ്ടും എന്റെ സഖിയും അവയവവും ആയിരിക്കുക. അപ്പോൾ നാം ഭരണം നടത്തും. 15. വന്ന് മനുഷ്യർക്കെതിരെ നമുക്ക് നമ്മുടെ രണ്ട് വാളുകൾ ഊരാം. ഞാൻ നിഗൂഢമായും നീ പരസ്യമായും. നമുക്ക് അവരെ വകവരുത്താം.

പാപവും പാതാളവും (16–21):

16. "നിങ്ങൾ വിഭജിതരാണെങ്കിൽ, നിങ്ങൾ നശിച്ചതുതന്നെ" എന്ന് പാപവും പാതാളവും അവർക്കിരുവർക്കും ഉപദേശം നൽകി.

17. "ജലത്തെ നിരീക്ഷിക്കുക: ചിതറിപ്പോയാൽ അത് ബലഹീനമാകും. ഒന്നിച്ചിരുന്നാൽ കരുത്താർജിക്കും. നിങ്ങളും അങ്ങനെതന്നെ.

18. വിഭജിതരാകുമ്പോൾ, ബലഹീനരാകുന്നതിനാൽ നിങ്ങൾ നശിക്കും. യോജിച്ചിരിക്കുമ്പോൾ, ശക്തരാകുന്നതിനാൽ ഭരിക്കും.

19. ചൂളയിലെന്നപോലെ സ്നേഹം അനേകരെ ഉരുക്കുന്നു. അത് എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്ന ഒരു വലിയ ശരീരമായിത്തീരുന്നു.

20. അതിൽ ജ്ഞാനവും തന്ത്രവും ബലവും ശക്തിയുമുണ്ട്. അറുപതു മുഴം ഉയരമുള്ള ആ വിഗ്രഹത്തെക്കാൾ അത് വലുതാണ്.[110]

21. അതുകൊണ്ട്, രമ്യപ്പെടുവിൻ! ഒന്നിച്ചുനിൽക്കുന്നിടത്തോളം കാലം കീഴടക്കാൻ കഴിയാത്ത പക്ഷത്തേക്ക് നമുക്ക് ഒന്നിച്ചുനീങ്ങാം."

22. കുഴപ്പക്കാർ ഇപ്രകാരം സംസാരിച്ചിട്ട് ഒന്നിച്ചുനീങ്ങി. കർത്താവേ, നിന്റെ ദിനം അവരെ ഒന്നിച്ച് ഗേഹന്നായിലേക്ക് നയിക്കും.

---

110. ദാനി.3,1



www.malankaralibrary.com

23. എന്റെ കർത്താവേ, എന്റെ ഉത്ഥാനത്തിൽ നിന്റെ കരുണയാൽ ഞാൻ നിന്നെ ആരാധിക്കാൻ ഇടയാകട്ടെ. നിന്റെ കുഴൽനാദത്തിൽ ശുദ്ധീകരിക്കപ്പെട്ട് നിന്റെ പുത്രന് നന്ദി പറയാൻ എനിക്കിടയാകട്ടെ.

# 57

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (6)

1. എന്റെ സഹോദരരേ, നമ്മുടെ വംശത്തലവനെയും മാതാവിനെയും വഴിപിഴപ്പിച്ചതിനാൽ മരണം സാത്താനെ ആക്ഷേപിക്കുന്നത് കേൾക്കുവിൻ!

*പ്രതിസ്തോത്രം: നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. കാരണം, നിന്റെ താഴ്മയാൽ നീ സാത്താനെ കീഴമർത്തി. ശൂന്യനാക്കപ്പെട്ട ആദത്തെ നിന്റെ ശൂന്യമാക്കലാൽ നീ ഉയർത്തി.*

2. മരണം: നീ ആദത്തെ വഴിപിഴപ്പിച്ചശേഷം അവന്റെ നഗ്നതയെ ആക്ഷേപിച്ചതുപോലെ, നിന്റെ നഗ്നത കാണാൻ ആദത്തിന്റെ മക്കൾക്ക് ഇടയാകട്ടെ. 3. ഹവ്വാ സർപ്പത്തെ വിട്ട്, നിന്നെ കടന്നാക്രമിക്കും. കാരണം, ഓ, വ്യാളമേ, നീയാണ് ആ നിഷ്ക്കളങ്കയെ വഞ്ചിച്ചത്. 4. അഭിശപ്തഗുരുവിനെതിരെ ശിഷ്യനായ കായേൻ വന്ന് എപ്രകാരം ക്രോധത്തിൽ നിന്ദിക്കുന്നെന്ന് ഹാബേൽ കാണാൻ ഇടയാകട്ടെ.

5. സാത്താൻ: മരണം എന്നു വിളിക്കപ്പെടുന്ന ജലപ്രളയത്തെ കീഴടക്കിയ നോഹയെ, വീഞ്ഞ് കീഴടക്കിയപ്പോൾ, ഹാമിന്റെ വായിലൂടെ ഞാൻ പരിഹസിച്ചു.

6. മരണം: നോഹയ്ക്ക് ഉപദ്രവം ഒന്നും ഉണ്ടായില്ല, പിന്നെയോ, നിന്റെ പിണിയാളിനാണ് ഉണ്ടായത്. നീ അവനെ ശാപവസ്ത്രം ധരിപ്പിക്കുകയും അവൻ അടിമയായി തീരുകയും ചെയ്തതിനാൽ, അവൻ ശാപവസ്ത്രം ധരിച്ചു.

7. സാത്താൻ: ഓ, മരണമേ, നിന്റെ സാദൃശ്യത്തിലുള്ള ക്രോധവിധിയെ അതിജീവിച്ച ലോത്തിന്റെ പെൺമക്കൾക്ക് എനിക്കിഷ്ടപ്പെട്ട ഉപദേശം ഞാൻ നൽകി.

8. മരണം (8–14): "നിന്റെ പിണിയാൾ ആയിരുന്ന, ലോത്തിന്റെ ഭാര്യ നിന്റെ ഉപദേശം കേട്ടു. നിന്റെ പിണിയാൾ പൂർണമായി ഉപ്പുതൂണായി തീർന്നതുപോലെ നിന്റെ പകുതി വരണ്ടുപോകട്ടെ. 9. നിന്റെ ദുഷ്ടത സോദോമിനെ അതിലെ ജനങ്ങളുടെ മേൽ കീഴ്മേൽ മറിച്ചതുപോലെ, ഗേഹന്നാ


www.malankaralibrary.com

നിന്റെ തലമേൽ കീഴ്മേൽ നിപതിക്കട്ടെ. 10. നീ മോശയ്ക്കും ഏലിയായ്ക്കുമെതിരെ ജനത്തെ ഇളക്കിവിട്ടതുപോലെ, ഉത്ഥാനത്തിൽ അഗ്നിപ്രളയം നിന്റെ മേൽ നിപതിക്കട്ടെ. 11. അന്ത്യത്തിൽ നീതിമാന്മാർ നിന്നെ പരിഹസിക്കുകയും ജോസഫ് സന്തോഷിക്കുകയും ചെയ്യാൻ ഇടയാകട്ടെ. നീ ഇളക്കിവിട്ടതിനാൽ അവന്റെ സഹോദരന്മാർ അവനെ പരിഹസിച്ചു. 12. ദുഷ്ടരുടെ ഇന്ദ്രിയങ്ങളെ കടൽജലം മൂടിയതുപോലെ, പുകച്ചുരുൾ നിന്റെ ഇന്ദ്രിയങ്ങളിൽ അടിച്ചുകയറി മൂടട്ടെ. 13. സംശുദ്ധ തരുണികളും നിന്നെ പരിഹസിക്കട്ടെ. കാരണം, നിന്റെ ഉപദേശത്താൽ, മിദിയാന്യപുത്രിമാർ ബുദ്ധിഹീനരായ ആ ജനത്തെ പരിഹസിച്ചു.[111] 14. സാംസണെപ്രതി നിന്റെ തലയിൽ തീ പിടിക്കട്ടെ. കാരണം, ഒരു സ്ത്രീയിലൂടെ നീ ആ ഭീകരസിംഹത്തിന്റെ മുടി മുറിച്ചുകളഞ്ഞു."[112]

15. സാത്താൻ: അസൂയയാൽ ഞാൻ കീഴടക്കിയ ശൗൽ മന്ത്രവാദത്താൽ നിന്നെ കീഴടക്കി. കാരണം, അവൻ സാമുവേലിനെ ആവശ്യപ്പെടുകയും കല്ലറയിൽ നിന്ന് എഴുന്നേൽപ്പിക്കുകയും ചെയ്തു.

16. മരണം (16-32): "സജീവനായ പരേതനെ ദുഷിക്കരുത്! കാരണം, അവൻ എഴുന്നേറ്റുവന്നില്ല. നീയാണ് മരിച്ച ആത്മാവായി എഴുന്നേറ്റുവന്നത്. നീ അവനെ അനുകരിക്കയാണ് ചെയ്തത്.

17. ദൈവകല്പന അഗ്നിക്കു മുകളിൽ നിന്നെ തൂക്കിയിടും. കാരണം, നിന്നിലൂടെ അബ്ശാലോമിനെ അവർ മരത്തിൽ തൂക്കിയിട്ടു.[113]

18. അഗ്നിയിൽ ദുഷ്ടസ്ത്രീകളുടെ മധ്യത്തിൽ നിന്റെ വീഴ്ച മനുഷ്യർ കാണാൻ ഇടയാകട്ടെ. കാരണം, വിജാതിയ സ്ത്രീകളുടെ ഇടയിൽ നീ സോളമനെ താഴ്ത്തിക്കെട്ടി.

19. നീ നീതിയെ പ്രകോപിപ്പിച്ചതുപോലെ അത് നിന്നെ ഭീഷണിപ്പെടുത്തട്ടെ. പ്രവാചകന്മാരെ വിഴുങ്ങിയ ജസബേലിനെ നീയാണ് പ്രേരിപ്പിച്ചത്.

20. നീ അഗ്നിയിൽ നീതിപൂർവം വെന്തെരിയട്ടെ. കാരണം, മലയിൽ കയറി കടന്നാക്രമിക്കുകയും ഏലിയാ ദഹിപ്പിച്ചുകളയുകയും ചെയ്ത രണ്ടു നായകന്മാരെ നീയാണ് മത്തുപിടിപ്പിച്ചത്.[114]

21. മനുഷ്യർ നിന്റെമേൽ ജ്വലിക്കുന്ന കനൽ കുന്നുകൂട്ടണം. ആ നാബോത് അത് സന്തോഷപൂർവം കാണണം; അവന്റെ മേൽ നീ കൽക്കൂമ്പാരം ഉയർത്തി.[115]

---

111. സംഖ്യ 25,14; 112. ന്യായാ.16,19; 113. 2സാമു.18,9f.;

114. 2രാജാ.1,9ff.; 115. 1രാജാ.21,13



www.malankaralibrary.com

22. ന്യായവിസ്താരദിവസം എല്ലാവരുടെയും മുമ്പാകെ നീ പരിഹാസ വസ്ത്രം ധരിപ്പിക്കപ്പെടണം. കാരണം, മോഷണത്തിനുള്ള നിന്റെ പ്രേരണ യാൽ നീ ഗേഹാസിയെ കുഷ്ഠരോഗിയാക്കി.

23. ഓ, സാത്താനേ, അമ്പുകൾക്കു പകരം നിന്റെ മേൽ ഇടിമിന്നൽ പതിക്കട്ടെ. കാരണം, നീ ആ ജോസിയായുടെ ഹൃദയത്തിൽ അമ്പുകൾ തറച്ചു.[116]

24. ഓ, സാത്താനേ, ജറമിയായെ ചെളിക്കുണ്ടിൽ താഴ്ത്തിയ[117] നീ ഗേഹന്നായിലെ മാലിന്യത്തിൽ താണുപോകട്ടെ.

25. നീ വീഴ്ത്തിയ കുഴിയിൽ നിന്ന് ദാനിയേൽ രക്ഷപെട്ടു. നിന്നെ നിത്യമായി അഗ്നികുണ്ഠത്തിൽ കാണുമ്പോൾ, അവൻ സമാശ്വസിക്കട്ടെ.

26. ഓ, മനുഷ്യവിദ്വേഷീ, നിന്റെ സഖിയായ ഹാമാന്റെ ദുഷ്ടത അവന്റെ ശിരസ്സിന്മേൽതന്നെ നിപതിച്ചതുപോലെ, നിന്റെ ദുഷ്ടത നിന്റെ ശിരസ്സിന്മേൽതന്നെ നിപതിക്കട്ടെ.

27. എസ്തേറിനെപ്പോലെ രാജപത്നി, നിന്നെ പരിഹസിക്കട്ടെ. വിധി ദിവസം നീ അവളുടെ മാധ്യസ്ഥ്യം അപേക്ഷിക്കേണ്ടിവരും.

28. നീ ബന്ധനസ്ഥരാക്കിയ നീതിമാന്മാരെ അഗ്നി വിമുക്തരാക്കി. നിനക്ക് അഗ്നിജ്വാല ഒരു ഭീകരബന്ധനം ആയിരിക്കും.

29. നീ വെട്ടിക്കീറപ്പെടുകയും ഏഴു സഹോദരന്മാർ നിന്റെ പരാജയം കാണുകയും ചെയ്യണം! കാരണം, നിന്റെ ചെന്നായ്ക്കൾ ശ്മൂനിയുടെ മക്കളെ വെട്ടിക്കീറി.

30. വന്ധ്യാസുതരായ രണ്ട് നസ്രായനേതാക്കന്മാരുടെ കാര്യം വിവ രിച്ചിരിക്കുന്നതുപോലെ, അഗ്നി നിന്റെ തലയെടുക്കട്ടെ.

31. നീ ഭ്രാന്തുപിടിച്ചപ്പോൾ, യോഹന്നാന്റെ ശിരസ്സ് അപഹരിച്ച അമ്മയും മകളും നിമിത്തം അഗ്നി നിന്റെ തലയെടുക്കട്ടെ.

32. യോഹന്നാന്റെ ശിരസ്സ് താലത്തിൽ അപഹരിച്ച ദുഷ്ടാ, അഗ്നി ജ്വാല നിന്റെ തലയെടുക്കട്ടെ."

116. 2ദിന.35,23

117. ജറ.38,6

www.malankaralibrary.com

# 58

### “ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട” എന്ന രീതി” (7)

1. അന്ത്യത്തിൽ എല്ലാവരുടെയും പരിഹാസപാത്രമാകാനുള്ള സാത്താനെ പരിഹസിക്കാൻ ഒന്നാമനായി എല്ലാവർക്കും മുമ്പെത്തിയത് മരണമാണ്.

*പ്രതിസ്തോത്രം: നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. നിന്റെ സ്ലീബാ യാൽ ദുഷ്ടനെ നീ കീഴടക്കി. നിന്റെ ഉയിർത്തെഴുന്നേൽപ്പാൽ മരണത്തി ന്മേലും നീ വിജയം വരിച്ചു.*

2. കർത്താവിന്റെ അപമാനത്തിനും ക്രൂശാരോഹണത്തിനും ഹേതു ഭൂതനായവന്റെമേൽ മരണം നമ്മുടെ കർത്താവിനുവേണ്ടി ശാപം ഉച്ചരിച്ചു.

3. മരണം: “കല്ലറകൾ തുറന്ന സ്വരത്തെ ദുഷിച്ചതിനാൽ സാത്താ നേ, നിന്റെ കല്ലറ അഗ്നികുണ്ഠമായിരിക്കും.

4. സാത്താനേ, എനിക്ക് എന്റെ കർത്താവിനെയും അവന്റെ പുത്ര നെയും അറിയാം. നീ നിന്റെ കർത്താവിനെ തള്ളിപ്പറഞ്ഞു, നിന്റെ കർത്താ വിന്റെ പുത്രനെ ക്രൂശിച്ചു.

5. ‘തന്റെ കർത്താവിന്റെ കൊലയാളി’[118] എന്ന നാമം നിനക്ക് ചേരു ന്നതാണ്. നീ കൊന്നവൻ തന്റെ പ്രത്യക്ഷീകരണത്തിൽ നിന്നെ കൊല്ലും.

6. നീ നിമിത്തം നേതാക്കന്മാർ ജീവന്റെ നാഥനെതിരെ തല കുലു ക്കിയതിനാൽ,[119] നിനക്കെതിരെ സകലരും തലകുലുക്കും.

7. നീതിമാന്മാരുടെ പാദങ്ങൾക്കു കീഴിൽ നീ ഒരു ചതഞ്ഞ ഞാ ങ്ങണ ആയിത്തീരും.[120] കാരണം, എല്ലാറ്റിനെയും നിലനിർത്തുന്നവന്റെ കൈയിൽ നീ നിമിത്തം അവർ ഒരു ഞാങ്ങണ നൽകി.[121]

8. അവിടുന്ന് ദാവീദിന്റെ ഭവനത്തിൽനിന്ന് രാജകിരീടം എടുത്തു മാറ്റി എന്നതിന്റെ സൂചനയായി അവർ അവനെ ഒരു മുൾക്കിരീടം ധരിപ്പിച്ചു.

9. ഒരു മുൾക്കിരീടംകൊണ്ട് അവിടുന്ന് രാജാധിരാജാവായി അവരോ ധിക്കപ്പെട്ടു. എന്നാൽ അവനെ ഇപ്രകാരം പരിഹസിച്ചവരുടെ രാജാക്കന്മാ രിൽ നിന്ന് അവിടുന്ന് കിരീടം എടുത്തുമാറ്റി.

---

118. 2രാജാ.9,31; 119. ലൂ.23,35

120. ഏശാ.42,3; 121. മത്താ.27,29



www.malankaralibrary.com

10. അവർ അവന് നൽകിയ പരിഹാസവസ്ത്രംകൊണ്ട് അവൻ അവരെ പരിഹസിച്ചു. കാരണം, രാജാക്കന്മാരുടെയും പുരോഹിതന്മാരുടെയും മഹത്വവസ്ത്രം അവൻ എടുത്തുമാറ്റി.

11. ദാഹാർത്തനായ ജീവന്റെ ഉറവയ്ക്ക് വിനാഗിരി നീട്ടിയതിനാൽ, സാത്താനേ, കയ്പ്പേറിയതാണ് നിന്റെ അനുസ്മരണ.

12. അവിടുത്തെ ദിവ്യകരത്താൽ സമസ്തസൃഷ്ടികളും നില നിൽക്കുന്നു; അവിടുത്തെ അടിച്ച കരത്തെ ശക്തിപ്പെടുത്തിയ നിനക്കെതിരെ എല്ലാവരും തങ്ങളുടെ കരമുയർത്തും.

13. അവനെ കൈകൊണ്ടടിച്ചു. അവൻ കയ്യാഫാസിന്റെ കൈവയ്പ് വെട്ടിനീക്കി. അഭിഷേകം നിർത്തലാക്കിയതിനാൽ, വൈദികകൈവയ്പും നിർത്തലാക്കി.

14. അവരുടെ ഗോത്രങ്ങൾക്കായി മുമ്പിൽ അഗ്നിത്തൂൺ അയച്ചവനെ പ്രഹരിക്കാനായി അവർ തൂണിന്മേൽ വലിച്ചുകെട്ടി.

15. തൂണിന്മേൽ തൂൺ കെട്ടപ്പെട്ടു. അവൻ സെഹിയോനിൽ നിന്നു പിന്മാറി, സെഹിയോൻ വീണുപോയി.

16. അവർ രണ്ടു തടികൾ അവന് കുരിശുണ്ടാക്കാൻ ഒന്നിച്ചു ചേർത്ത തിനാൽ, അവരുടെ സംരക്ഷകരായ രണ്ടുവടികളും അവൻ ഒടിച്ചുകളഞ്ഞു.

17. എസക്കിയേൽ രണ്ടു വടികൾ ഒന്നിച്ചു ചേർത്തുവച്ചു. കുരിശിന്റെ രണ്ട് തടികൾ നിമിത്തം അവരുടെ ചെങ്കോലുകൾ അവസാനിച്ചു.[122]

18. ചിറകുകൾപോലെ എസക്കിയേലിന്റെ രണ്ടു വടികൾ ജനത്തെ വഹിച്ചു; ഇതാ, ചിറകുസമാനം അവരുടെ രണ്ട് ചെങ്കോലുകളും അറ്റു പോയി.

19. കുരിശിന്റെ ഇരുകരങ്ങളും മടിത്തട്ടും ചിറകുകളും അവൻ കരുണാ പൂർവം വിരിച്ചിരിക്കുന്നു. തന്നോടൊപ്പം ഏദനിലേക്ക് പുറപ്പെടാൻ അതിന്റെ തൂവലുകൾ താണുവന്ന് ജനതകളെ വഹിച്ചു.

20. അവന്റെ കുരിശിന് ജീവവൃക്ഷവുമായി അടുത്ത ബന്ധമുള്ളതി നാൽ, അവർ അതിന്റെ ശാഖകളിൽ നിന്ന് അതിന്റെ ഫലങ്ങൾ അനുഭവി ക്കുന്നതിന്, അവൻ തന്റെ സ്നേഹിതരെ തന്റെ ബന്ധുവിന്റെ പക്കലേക്ക് നയിക്കുന്നു."

21. "അതുകൊണ്ട്, ഓ, ദുഷ്ടാ, പോയി എന്നെപ്രതിയും നിന്നെപ്ര

122.എസ.37,16f.


www.malankaralibrary.com

തിയും കരഞ്ഞ് നിലവിളിക്കുക; കാരണം, നാമിരുവരും ജീവന്റെ തോട്ട ത്തിൽ കടക്കുകയില്ല."

22. സാത്താൻ: "നീ അവസാനിപ്പിച്ചതിനാൽ, വരിക. ഞാൻ നിന്നോട് പറയട്ടെ. നിന്റെ ഈ പ്രസംഗം മുഴുവൻ എനിക്ക് സമയം പാഴാക്കലായിരു ന്നു. 23. ഞാൻ ഒരുക്കിവച്ചിരിക്കുന്ന കെണികൾ ഞാൻ പരിശോധിക്കും. മരണമേ, നീ പറന്നുപോയി രോഗികളെയെല്ലാം സന്ദർശിക്കുക."

24. ഞങ്ങളുടെ കർത്താവേ, രണ്ടിടത്തായി ഇരുവരെയും നശിപ്പിക്ക ണമെ. ദുഷ്ടനെ ഇവിടെയും മരണത്തെ അവിടെയും നശിപ്പിക്കണമെ.

# 59

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (8)

1. ഇതാ, മരണം സാത്താനോട് നമുക്കുവേണ്ടി കണക്കു ചോദിക്കുന്നത് കാണുക. നമ്മുടെ നിന്ദനത്തിൽ അവൻ സന്തോഷിച്ചതി നാൽ, വന്ന് സന്തോഷപൂർവം അവന്റെ നിന്ദനത്തെപ്പറ്റി കേൾക്കാം.

*പ്രതിസ്തോത്രം: നിന്റെ അജഗണത്തിൽ നിന്ന് നിനക്ക് സ്തുതിയു ണ്ടായിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ നിന്നിലൂടെ മരണവും സാത്താനും നിന്റെ പാദത്തിൻ കീഴിൽ ഞെരിഞ്ഞമർന്നിരിക്കുന്നു.*

2. മരണം: ദുഷ്ടർ നേരേ തൂക്കപ്പെടും; എന്നാൽ നീ ശെമയോനെ തലകീഴായി മരത്തിൽ തൂക്കിയതിനാൽ, നീ തലകീഴായി തൂക്കപ്പെടും.

3. സാത്താൻ: മരണമേ, എല്ലാറ്റിനെ സംബന്ധിച്ചും ഇതുവരെ ഞാൻ നിശ്ശബ്ദനായിരുന്നു; ഇപ്പോൾ എന്റെ ഊഴമായതിനാൽ, കേൾക്കുക: "എന്നെ ഇപ്രകാരം ക്രൂശിക്കണം" എന്ന് ശെമയോൻ തന്നെ നിർബന്ധി ച്ചുപറഞ്ഞിരുന്നു. 4. നീതിമാൻ എന്നെ ശപിച്ചാൽ ഞാൻ വേദനിക്കുകയി ല്ലായിരുന്നു; എന്നാൽ മരണത്തിന്റെ ഭത്സനം എനിക്ക് ഗേഹന്നായേക്കാൾ വേദനാജനകമാണ്.

5. മരണം (5–16): "നമ്മുടെ കർത്താവിന്റെ നിന്ദനത്തെപ്പറ്റി ഞാൻ പറഞ്ഞില്ല; അത് എന്റെ വായ്ക്ക് ഉപരിസ്ഥമാണ്. അവന്റെ വേദന നിന്റെ പീഡനവുമായി തുലനം ചെയ്യാൻ ഞാൻ മുതിരുന്നില്ല. 6. തന്റെ പന്ത്രണ്ട് ശ്ലീഹന്മാർക്കായി അവൻ പന്ത്രണ്ട് സിംഹാസനങ്ങൾ സജ്ജമാക്കും.[123]

123. മത്താ.19,28



www.malankaralibrary.com

പന്ത്രണ്ട് ഗോത്രങ്ങളിലും നീ കുറ്റം വിധിക്കപ്പെടും. 7. സാത്താനേ, വിലയില്ലാത്ത ഒരു കയറിൽ തൂങ്ങുക. നിന്റെ ശിഷ്യൻ ഒരു വലിയ വിലയ്ക്കാണ് അപ്രകാരം ചെയ്തത്. 8. ദൈവകാരുണ്യത്താൽ ഒരുപക്ഷേ ഗേഹന്നാ കാലിയാകാനിടയുണ്ട്. നിന്റെ ദാസരോടൊത്ത് നീ മാത്രം അവിടെ അവശേഷിക്കും. 9. നിന്റെ മേലുള്ള ശാപങ്ങൾ എണ്ണമറ്റതാണ്. എനിക്ക് അവയെല്ലാം എങ്ങനെ എണ്ണാനാകും? എങ്കിലും അവയെല്ലാം ഒന്നിച്ച് നിന്റെ അവയവങ്ങളിൽ ഉണ്ടായിരിക്കും.

10. നീ ദുഷ്ടരാക്കിയ പരമദുഷ്ടർ അഗ്നിയിൽ നിന്നെ തല്ലിച്ചതയ്ക്കും. "നീ എന്തുകൊണ്ട് ഞങ്ങളെ ഇവിടെ എത്തിച്ചു?" എന്നു പറഞ്ഞ് അവർ നിന്നെ കുറ്റപ്പെടുത്തും. 11. പാപികൾ നിന്നെ കടന്നാക്രമിക്കും. ഗേഹന്നായിലെ പീഡനത്തെക്കാൾ കഠിനതരമായിരിക്കും നിനക്ക് അവരുടെ ഭത്സനം. 12. നീ അവർക്ക് ഇവിടെ സാത്താൻ ആയിരുന്നതുപോലെ, അവരെല്ലാം അവിടെ നിനക്ക് സാത്താന്മാർ ആയിരിക്കും.

13. നിന്നിലൂടെ മനുഷ്യർ തങ്ങളുടെ കർത്താവിനെ ഉയരത്തിൽ നിന്ന് താഴേക്ക് തള്ളിയിടാൻ ശ്രമിച്ചത് അനുസ്മരിച്ചുകൊണ്ട് ഈറയർ നിന്നെ പിടിച്ച് താഴേക്ക് തള്ളിയിടും.

14. നിന്നിലൂടെ ഭ്രാന്തുപിടിച്ച മനുഷ്യർ പുത്രനെ കല്ലെറിയാൻ ഓടിയത് വിസ്മരിച്ചുകളയാതെ,[124] നിന്നെ കല്ലെറിയാൻ എല്ലാവരും ഓടിക്കൂടും.

15. വിഷമുള്ള തുപ്പൽ എല്ലാ വായ്കളിൽനിന്നും നിന്റെമേൽ പതിക്കും. കാരണം, അന്ധന്റെ കണ്ണുകൾ തന്റെ തുപ്പൽ കൊണ്ട് തുറന്നവനെ നിന്റെ പ്രേരണയാൽ അവർ തുപ്പി.[125] 16. ഓ, ദുഷ്ടാ, എല്ലാ നാവുകളും നിന്റെമേൽ ശാപം ഉച്ചരിക്കും. കാരണം, മൂകരുടെ വായ് തുറന്നവനെ നിന്റെ പ്രേരണയാൽ മനുഷ്യർ ദുഷിച്ചു.

17. ഞങ്ങൾ നിശ്ശബ്ദരായിരുന്നെങ്കിലും ഞങ്ങളുടെ ദണ്ഡനങ്ങൾക്ക് പ്രതികാരം ചെയ്യുകയും ദുഷ്ടന്റെ മേൽ പതിക്കാനായി മരണത്തെ അവനെതിരെ എഴുന്നേൽപ്പിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

18. എന്റെ സഹോദരങ്ങളേ, ഗിദയോനെപ്പോലെ ഹോശാനാ പാടിക്കൊണ്ട് ആർത്തുവിളിക്കാം;[126] അവന്റെ ആരവാരത്താൽ പീഡകർ പരസ്പരം അടിച്ചു.

---

124. യോഹ.8,59

125. യോഹ.9,6ff.

126. ന്യായാ.7,22


www.malankaralibrary.com

# 60

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (೨)

1. എന്റെ സഹോദരങ്ങളേ, പാപിനി തിരുത്തപ്പെട്ട് വിവേകമുള്ളവ ളായി തീർന്നതിൽ ദുഷ്ടൻ പെട്ടെന്ന് ആശ്ചര്യഭരിതനായി.

*പ്രതിസ്തോത്രം: ദുഷ്ടനെ ജയിച്ച ഏകനു മാത്രം സ്തുതി; മര ണത്തെ കീഴടക്കിയതിനാൽ അവനു തന്നെ കൃതജ്ഞതയും.*

2. ദുഷ്ടൻ ആശ്ചര്യപൂർവം ആരാഞ്ഞു: "അവളുടെ ചിരിയെവിടെ? അവളുടെ സുന്ധദ്രവ്യങ്ങളെവിടെ? അവളുടെ നൃത്തവും ദൃശ്യാലങ്കാരങ്ങളും നിഗൂഢ പാപങ്ങളും എവിടെ?"

3. "കാരണം, ആഹ്ലാദത്തിമർപ്പുള്ള ചിരിക്കു പകരം യാചനാരൂപ ത്തിലുള്ള തേങ്ങലാണ് അവളുടേത്. യേശുവിന്റെ പാദത്തിലെ പൊടി തുട യ്ക്കാൻ അവൾ തന്റെ മുടി അഴിച്ചിട്ടു.[127]

4. എന്റെ പ്രബോധനത്തിൽ നിന്ന് യാതൊന്നും അവളിൽ നില നിൽക്കുന്നില്ല; നമ്മുടെ പ്രബോധനത്തിൽ നിന്ന് ഞാൻ അവളെ പഠിപ്പിച്ച വയെല്ലാം അവൾ വലിച്ച് ദൂരെയെറിഞ്ഞു.

5. അവൾ നമ്മെയും നമ്മോടുള്ള ബന്ധത്തെയും തള്ളിപ്പറഞ്ഞു. എന്നെ ഒരിക്കലും കണ്ടിട്ടില്ല എന്നവണ്ണം നമ്മുടെ ച്ഛായ അവൾ തന്റെ മന സ്സിൽ നിന്ന് മായിച്ചുകളഞ്ഞു.

6. യേശുവിന്റെ ജീവദായകമായ പുളിപ്പ് അവളിലേക്ക് ഒഴുകി. യേശു നിശ്ശബ്ദനായിരുന്നു, അവൾ ധൈര്യം അവലംബിച്ചു. ആരും വിളിക്കാതെ തന്നെ അവൾ കടന്നുചെന്നു.

7. ഞങ്ങളുടെ നീണ്ട വർഷത്തെ സ്നേഹം അവൾ മറന്നുകളഞ്ഞു. ഞൊടിയിട നേരംകൊണ്ട് എനിക്കും അവൾക്കും ഇടയിൽനിന്ന് അതെടു ത്തു മാറ്റിയിട്ട്, അതിനു പകരം അവിടെ മരണം വച്ചു.

8. പൊട്ടിച്ചിരിക്കു പകരം കരച്ചിലും ചായക്കൂട്ടുകൾക്കു പകരം കണ്ണീർ പ്രവാഹവും ആഭരണങ്ങൾക്കു പകരം ദുഃഖഭാവവുമാണ് അവളെ സന്തു ഷ്ടയാക്കുന്നത്.

9. ഞാൻ സക്കായിയെ കൊള്ളലാഭക്കാരുടെ തലവനും അവളെ വേശ്യകളുടെ നേതാവുമാക്കി. യേശു എന്റെ ഇരുചിറകുകളും ഒടിച്ചുകളഞ്ഞു.

---

127. ലൂ.7,38



www.malankaralibrary.com

10. സക്കായി അവനെ പിൻചെല്ലുകയും അവൾ അവനെ ശ്രവിക്കുകയും ചെയ്താൽ, നമ്മുടെ കുതന്ത്രങ്ങളെല്ലാം അവർ കുഴിച്ചുമൂടും.

11. കൊത്തുവിഗ്രഹങ്ങൾ നിന്ദിക്കപ്പെടും. അവയുടെ നിർമാതാക്കൾ പരിഹസിക്കപ്പെടും. അവയുടെ ആരാധകർ അവമതിക്കപ്പെടും.

12. അവ വിഗ്രഹങ്ങളാണെന്ന് പരിശോധിച്ചറിയാൻ കഴിയാതിരിക്കുന്നതിന് ഞാൻ മനുഷ്യരുടെ കണ്ണുകൾ അടച്ചുപൂട്ടി. അവ മനുഷ്യനിർമിതമാണെന്ന് കാണാനായി യേശു അവരുടെ കണ്ണുകൾ തുറന്നു.

13. യേശു തന്റെ പ്രഘോഷകരെ തെരഞ്ഞെടുത്താൽ, ധര മുഴുവൻ നിറഞ്ഞിരുന്ന നമ്മുടെ പ്രബോധനം നിശ്ശബ്ദമാക്കപ്പെടും.

14. ഇതാ, കൽദായർക്കും ലക്ഷണം പറയുന്നവർക്കും മന്ത്രവാദികൾക്കും ജ്യോതിഷന്മാർക്കും വിഗ്രഹപുരോഹിതന്മാർക്കും ഇപ്പോൾ കഷ്ടകാലം തന്നെ!

15. അർപ്പിതഭക്ഷണവും അർപ്പിതധൂപവും ഇല്ലാത്തതിനാൽ വിഗ്രഹപുരോഹിതരും ലക്ഷണം പറയുന്നവരും പോയി കർഷകരായി തീരട്ടെ. കൽദായർ തങ്ങളുടെ പുസ്തകച്ചുരുളുകൾ ഒന്നിച്ച് ചുരുട്ടിവയ്ക്കട്ടെ.

16. അത്ഭുതങ്ങൾ എല്ലാംകൊണ്ടും കീഴടങ്ങാത്ത എബ്രായർ അവിടുത്തെ പിൻചെല്ലുന്നെങ്കിൽ, ജനതകളിൽ ആരാണ് അവിടുത്തെ ശ്രവിക്കാത്തത്?

17. വഴിപിഴച്ചതിനെ നേരേയാക്കാൻ അവൻ തുടങ്ങിയാൽ, നമ്മുടെ കഥ കഴിഞ്ഞതു തന്നെ. നമുക്ക് ഒന്നിച്ചിരിക്കാം. നമ്മെ സകലരും കുറ്റപ്പെടുത്തുന്നു.

18. എല്ലാ അമ്പലങ്ങളിലും ഞാൻ ആരാധിക്കപ്പെട്ടിരുന്നു. എന്നാലിപ്പോൾ നമ്മുടെ ബഹുമാനത്തേക്കാൾ കൂടുതലാണ് നമ്മുടെ അപമാനം. കാരണം, സകലരും നമ്മുടെ ബലിപീഠങ്ങളെ തുപ്പുന്നു.

19. ബലിമാംസം നിന്ദ്യമാകുന്നു. വിഗ്രഹങ്ങൾ വിറകിനായി വെട്ടിക്കീറപ്പെടുന്നു. കൊത്തുരൂപങ്ങൾ കലങ്ങൾക്കടിയിൽ കത്തിക്കപ്പെടുന്നു.

20. നമ്മുടെ പ്രവർത്തനങ്ങളെല്ലാം പരിഹാസവിഷയമായിത്തീരും. നാം പണിതതെല്ലാം തകർക്കപ്പെടും. നമ്മുടെ പ്രബോധനമെല്ലാം നിന്ദ്യമായിത്തീരും.

www.malankaralibrary.com

21. വളരെ പണിപ്പെട്ട് ഞാൻ അവരെ പഠിപ്പിച്ച രഹസ്യമിസ്റ്ററികൾ മനുഷ്യർ പുരപ്പുറത്ത് പരസ്യമാക്കും.[128]

22. എല്ലാ ജനതകളെക്കാളും ഈജിപ്തുകാരിൽ ഞാൻ അഭിമാനിച്ചിരുന്നു. കാരണം, അവർ ചുമന്നുള്ളിയെയും വെളുത്തുള്ളിയെയും പോലും ആരാധിച്ചിരുന്നു.

23. തെറ്റ് വളരെയധികമുള്ള അവിടെ സത്യം വിജയിക്കുകയും യേശു സവിശേഷമായി ഭരിക്കുകയും ചെയ്യുമെന്നതിൽ ഞാൻ ഭയപ്പെടുന്നു.

24. ശിശുവായ യേശു ഈജിപ്തിലേക്ക് ഓടിപ്പോയപ്പോൾ, അന്ന് ഈ ശിശുഹന്താവ് ആശ്ചര്യപൂർവം അവനെ പാടി ഉറക്കുകയും ഈ ശിശുവിനെ സ്നേഹിക്കുകയും ചെയ്തു.

25. എങ്കിൽ, അവനു പ്രായപൂർത്തിയാകുമ്പോൾ, അവളെ വധുവാക്കാമെന്ന് അതിലൂടെ അവൻ വാഗ്ദാനംചെയ്തുകൊണ്ട് അച്ചാരം നല്കിയോ എന്നു ഞാൻ ഭയപ്പെടുന്നു.

26. ഫറവോന് അവനെതിരെ പാദം ഉറപ്പിക്കാനാവില്ല. കാരണം, അവനെ വഞ്ചിക്കാൻ അവൻ വിക്കനല്ല. അവനോടു നുണപറയാൻ അവൻ ദാസനുമല്ല.

27. മോശ ബാധകളാൽ പ്രഹരിച്ചു; ഈജിപ്തുകാർ മത്സരിച്ചുകൊണ്ടിരുന്നു; അവൻ ജനത്തെ ശിക്ഷിച്ചു. ഇസ്രായേൽക്കാർ മത്സരിച്ചു, യേശു അടിക്കപ്പെടുകയും എല്ലാവരെയും രക്ഷിക്കുകയും ചെയ്തു.

28. മത്സരക്കാരുടെ മേൽ അവൻ തന്റെ നുകം നിർബന്ധിച്ച് വയ്ക്കുന്നില്ല എന്നതാണ് എനിക്ക് ഗ്രഹിക്കാൻ വിഷമം. അവൻ ആകർഷിച്ച് മറ്റുള്ളവരെ പഠിപ്പിക്കുന്നു.

29. അവന്റെ മുഖത്തെ തുപ്പൽ ആദത്തിന്റെ നിന്ദനം കഴുകിക്കളഞ്ഞു. അവന്റെ കവിളത്തെ അടിമൂലം തന്റെ ശിഷ്യരുടെ മേലുള്ള ക്രോധം നീക്കിക്കളഞ്ഞു.

30. അവൻ ഏറ്റ ആണികളാൽ എന്നെ അവൻ സഹനത്തിന് സുസജ്ജനാക്കി. അവന്റെ ക്രൂശാരോഹണത്തിലൂടെ ഞാൻ എന്നെത്തന്നെ ക്രൂശിക്കയായിരുന്നെന്ന് അറിയാതെ, അവനെ ക്രൂശിച്ചതിൽ ഞാൻ സന്തോഷിച്ചു."

128. മത്താ.10,27


www.malankaralibrary.com

# 61

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (10)

1. നമ്മുടെ കരച്ചിലും നിലവിളിയും നിമിത്തം മരണം നമുക്കെതിരെ ഉയർത്തുന്ന ആരോപണം എന്റെ വത്സലരെ, വിവേകപൂർവം ശ്രവിക്കാം.

*പ്രതിസ്തോത്രം: ആദത്തെ തേടി ഇറങ്ങിവരികയും അവനെയും അവനിൽ അവന്റെ മക്കളെയും കണ്ടെത്തുകയും ചെയ്തവനായ നിനക്ക് സ്തുതി.*

2. ഒരുപക്ഷേ ന്യായമായും ശരിയായും അവൻ പറയുന്നു: "നിങ്ങൾ പ്രത്യാശാരഹിതരാണെന്ന് നിങ്ങളിൽ നിന്ന് കൊല്ലപ്പെട്ടവർ കാട്ടുന്നു. എങ്കിലും നിങ്ങൾ സഹതാപം ഉള്ളവരാണെന്നുള്ള ചിന്ത നിങ്ങളുടെ കണ്ണുനീർ ഉണർത്തുന്നു.

3. കൊലപാതകികളായ നിങ്ങൾ എന്നെ ഒരു കുറ്റവാളിയായി ചിത്രീകരിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾ പരസ്പരം കൊല നടത്തുന്നു.

4. കടന്നുവരാൻ മരണം കാംക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, അതിനു മുമ്പുതന്നെ വാൾ കടന്നുവന്നു. കൊല്ലപ്പെട്ടവന്റെ രക്തം അപ്പോൾ ആർക്കെതിരെയാണ് നിലവിളിക്കുന്നതെന്ന് നമുക്ക് നോക്കാം.

5. കൊല്ലപ്പെട്ടവർ തങ്ങളുടെ ക്ലേശത്തിൽ നിങ്ങൾക്കെതിരെ നിലവിളിക്കുന്നു. അവരെ കെട്ടിത്തൂക്കിക്കൊല്ലാൻ ഉപയോഗിച്ച കയറിനെപ്പറ്റി ഞാൻ ലജ്ജിക്കുന്നു.

6. അവർ എന്റെ സ്വൈര്യം കെടുത്തുന്നു. കാരണം, കൊല്ലപ്പെട്ടവരും കെട്ടിത്തൂക്കപ്പെട്ടവരും എന്നെക്കൂടാതെ എങ്ങനെ പാതാളത്തിനുള്ളിൽ കടക്കും?

7. ഈജിപ്തിലേപ്പോലെ നിങ്ങൾ നിങ്ങളുടെ ശിശുക്കളെ പുറത്തേക്ക് എറിഞ്ഞുകളയുന്നു. ഓ, പിശാചുബാധിതരെ, നിങ്ങൾ മക്കളെ പിശാചുക്കൾക്ക് ബലി കഴിക്കുന്നു.

8. മരണമാകുന്ന ഞാൻ നിങ്ങളുടെ ജഡം രുചിക്കാനേ ആഗ്രഹിച്ചുള്ളു. എന്നാൽ കായേൻ മനുഷ്യരക്തം കൊണ്ട് നേരത്തേ തന്നെ എന്നെ സൽക്കരിച്ചു.

9. ആദം മരിക്കുന്നതുവരെ ക്ഷമാപൂർവം കാത്തിരിക്കാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ എന്റെ അധികാരപ്രയോഗത്തിനു മുമ്പുതന്നെ നിങ്ങളുടെ ശരീരത്തിന്മേൽ നിങ്ങൾ എനിക്ക് അധികാരം തന്നു.


www.malankaralibrary.com

10. കായേൻ തന്റെ വാൾകൊണ്ട് പാതാളവാതിൽ ബലാൽക്കാരമായി തട്ടിത്തുറന്നു. അത് അടയ്ക്കപ്പെട്ടിരുന്നു. സമയത്തിനു മുമ്പുതന്നെ അവൻ അത് തുറന്നു.

11. എന്നെ കൂടാതെ അവൻ പാതാളത്തിലേക്കുള്ള പാത തെളിക്കാൻ ബദ്ധപ്പെട്ടു. നിങ്ങൾ എനിക്കുവേണ്ടി തെളിച്ച പാതയിലൂടെ ഞാൻ ഓടിക്കയറി.

12. ആദം മരിക്കാൻ ഞാൻ തൊള്ളായിരം വർഷം കുത്തിയിരുന്ന് കാത്തിരുന്നു. എന്നാൽ കായേൻ തന്റെ സഹോദരന് ഒരു ദിവസംപോലും നൽകിയില്ല.

13. പെരുവഴിയിലെ കൊള്ളക്കാർ എന്നേക്കാൾ മോശക്കാരാണ്. ഞാൻ ഉറങ്ങുന്നു, എന്നാൽ അവർ കൊല്ലാനായി ഉണർന്നിരിക്കുന്നു.

14. ഇതാ, നിങ്ങൾ അടിച്ചുവീഴ്ത്തിയവർ കല്ലറകളിൽ! നിങ്ങൾ കൊന്നവർ പെരുവഴിയിൽ! നിങ്ങൾ കെട്ടിത്തൂക്കിയവർ മരക്കൊമ്പുകളിൽ!

15. “ഞാൻ എന്റെ യജമാനനെതിരെ എഴുന്നേറ്റ് ഗൂഢാലോചന നടത്തി. അവനെ കൊന്നപ്പോൾ ഇവരെ നിഗ്രഹിച്ചത് ആരാണ്?” എന്ന് യേഹൂ ചോദിച്ചു.

16. മരണമാകുന്ന ഞാൻ നിങ്ങളുടെ മൃതരെ കല്ലറയിലേക്ക് നയിച്ചപ്പോൾ, ആരാണ് നിങ്ങളുടെ കെട്ടിത്തൂക്കപ്പെട്ടവരെയും അടിച്ചുവീഴ്ത്തപ്പെട്ടവരെയും കൊല്ലപ്പെട്ടവരെയും കൊന്നത്?

17. നിങ്ങൾ പരസ്പരം സാത്താന്മാരാണ്. എന്നിട്ടും മനുഷ്യർ സാത്താനെ വെറുക്കുന്നു. നിങ്ങൾ പരസ്പരം പകർച്ചവ്യാധിയാണ്, എന്നിട്ടും മനുഷ്യർ മരണത്തെ കുറ്റപ്പെടുത്തുന്നു.

18. നിങ്ങളുടെ ഇച്ഛ നിങ്ങൾക്ക് സാത്താനും കൊലപാതകിയുമാണ്. എന്നിട്ടും മരണത്തിനും സാത്താനും എതിരെ മാത്രം ഓരോരുത്തരും പരിതപിക്കുന്നു.

19. നിങ്ങൾ മാരകവിഷം പരസ്പരം കുടിക്കാൻ കൊടുക്കുന്നു. എന്നെ കൂടാതെ നിങ്ങൾ എത്രയെത്ര മരണരീതികൾ പ്രയോഗിക്കുന്നു!

20. വിശ്വാസവഞ്ചന, പതിയിരിക്കൽ, കെണികൾ, വാൾ, വിഷം! നിങ്ങളിലൂടെയും നിങ്ങളിൽ നിന്നും എത്രയെത്ര മരണരീതികൾ ഉടലെടുത്തിട്ടുണ്ട്!

21. ന്യായവിസ്താരസ്ഥലത്തെ ന്യായാധിപൻ ഒരു രണ്ടാം മരണമാണ്. അവൻ രഹസ്യനേട്ടത്തിന് കൊല്ലുന്നു.; ഞാനാകട്ടെ വെറുതെയും.


www.malankaralibrary.com

22. കൈക്കൂലി എങ്ങനെ ഓടി എന്റെ മുമ്പിലെത്തുന്നു എന്നു കണ്ട് ഞാൻ ആശ്ചര്യപ്പെട്ടിട്ടുണ്ട്. ആരും കാണാതെ കൈക്കൂലി എത്രയെത്ര കൊലപാതകം നടത്തുന്നു!

23. വൈദഗ്ധ്യം ഇല്ലാത്തവനെപ്പോലെ പെരുമാറുന്നതിൽ ഞാൻ ലജ്ജിക്കുന്നു. ഞാൻ ഒരേയൊരു ജഡമേ എടുക്കുന്നുള്ളു എങ്കിലും എല്ലാവരും അതുടനെ കാണുന്നു.

24. ഭവനങ്ങളിൽ കരച്ചിൽ, തെരുവുകളിൽ നിലവിളി! പാതാളകവാടം വരെ അവർ എനിക്കെതിരെ നിലവിളിക്കുന്നു.

25. നിങ്ങൾക്കെതിരെ നിലവിളിക്കുക! നിങ്ങൾ എത്രമാത്രം നിന്ദ്യരാണ്! എന്നിട്ടും നിങ്ങൾ എന്നെ ദ്വേഷിക്കുന്നു. 'കൊലപാതകികളേ' എന്ന് പാതാളം നിങ്ങൾക്കെതിരെ ഇപ്പോൾ വിളിച്ചുകൂവണം.

26. പീഡനയന്ത്രത്തിലെ പീഡനം കൊണ്ടും അഗ്നികൊണ്ടും കല്ലേറു കൊണ്ടും നിങ്ങൾ മനുഷ്യരെ കൊല്ലുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നു.

27. എനിക്ക് നിങ്ങളേക്കാൾ കൂടുതൽ ലജ്ജാഭാവവും സഹതാപവും ആദരവുമുണ്ട്. ഭയഭക്തിബഹുമാനങ്ങളോടെ ഞാൻ നിങ്ങളുടെ പരേതരെ കല്ലറയിലേക്ക് നയിക്കുന്നു.

28. കിടക്കയിൽ രോഗിയോട് ശാന്തമായി പെരുമാറുന്നു. ചുരുങ്ങിയ കാലത്തേക്ക് നിദ്ര പ്രാപിക്കാൻ ഞാൻ ശാന്തമായി അവനെ ഉറക്കുന്നു."

# 62

**"ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി" (11)**

1. പ്രത്യാശാരഹിതമായ നിലവിളികൊണ്ട് നാം മരണത്തിന്റെ വാസസ്ഥലം നിറച്ചെന്ന്, എന്റെ സഹോദരരേ, നിശ്ശബ്ദതയുടെ രാജാവായ മരണം ഇതാ, പരിതപിക്കുന്നു.

*പ്രതിസ്തോത്രം: ഭൗമികരുടെ പക്കലേക്ക് താണിറങ്ങി വരികയും ക്രൂശിക്കപ്പെടുകയും ഉത്ഥാനം ചെയ്യുകയും നിന്റെ ശരീരത്തിലൂടെ ഞങ്ങളുടെ ശരീരങ്ങളെ ജീവിപ്പിക്കുകയും ചെയ്ത ശക്തനേ, നിനക്കു സ്തുതി.*

2. കല്ലറയിങ്കൽ ഭ്രാന്തരെപ്പോലെ നാം നിലവിളിക്കുന്നു. മരണം നമ്മുടെ നിലവിളി കേട്ടു. നമ്മെ കുറ്റപ്പെടുത്തിക്കൊണ്ട് അത് പറഞ്ഞു:


www.malankaralibrary.com

3. "നിങ്ങൾ എന്നെ കീഴടക്കിയതിൽ ഞാൻ ലജ്ജിക്കുന്നു. നിങ്ങൾ കൊന്നവർക്ക് പാതാളത്തിന്റെ പകുതി മതിയാകയില്ല.

4. മൃതശരീരങ്ങൾ ക്രമരഹിതമായി പാതാളത്തിൽ കൂട്ടിയിട്ടിരിക്കുന്നു. അവയിൽ മൂന്നിൽ രണ്ടും കൊല്ലപ്പെട്ടവയാണ്.

5. നിങ്ങൾ എന്നെ കടത്തിവെട്ടിയെന്ന് ഞാൻ പരിഭവപ്പെടുന്നതിനു പകരം, ഇതാ, നിങ്ങളാണ് കരയുന്നത്. പാതാളവാതിൽ അടിച്ചുതുറന്ന് നിങ്ങളാണ് എന്നെ കുലുക്കിയത്!

6. കരഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ ചിരിക്കാൻ മുതിരുന്ന ശിശുക്കളെപ്പോലെയാണ് നിങ്ങൾ. നിങ്ങളുടെ മൃതരോടും നിങ്ങൾ ഇതുപോലെ ചെയ്യുന്നു.

7. വിവേകരഹിതമാണ് നിങ്ങളുടെ വിലാപം, യുക്തിരഹിതമാണ് നിങ്ങളുടെ അട്ടഹാസം! നിങ്ങളെനിക്ക് മുലകുടിക്കുന്ന ശിശുക്കളെപ്പോലെയാണ്!

8. ഒരു മണിക്കൂർ കരച്ചിലും നിലവിളിയും അതുകഴിഞ്ഞ് പെട്ടെന്ന് കുട്ടികളെപ്പോലെ കളിയും ചിരിയും!

9. പക്വത വന്നവരെപ്പോലെ ചിരിയും കരച്ചിലും കൂടാതെ പരിപൂർണരാകാൻ നിങ്ങൾക്ക് കഴിവില്ല.

10. നിങ്ങളുടെ തിരുലിഖിത പണ്ഡിതരെപ്പറ്റി എനിക്ക് ദുഃഖമുണ്ട്. കാരണം, ദൈവികഗ്രന്ഥങ്ങൾ വായിച്ചു കേൾപ്പിക്കാൻ അവർ വളരെ ആയാസപ്പെട്ടിട്ടുണ്ട്.

11. വായനക്കാരൻ ഉറക്കെ വായിക്കുന്നു. കാരണം, നിങ്ങൾ ബധിരരാണ്. നിങ്ങൾ കാട്ടുകഴുതകളാണെന്ന് ഉച്ചസ്വരം തെളിയിക്കുന്നു.

12. വായനക്കാരനും പ്രസംഗകനും ഉച്ചത്തിൽ അലറുന്നു. നിങ്ങളുടെ ചെവിക്കാണോ ഹൃദയത്തിനാണോ കേൾവിക്കുറവുള്ളത്?

13. ശ്രവണശക്തിയുള്ള കാതുണ്ടെങ്കിൽ, കുറച്ചു കേൾക്കുകയും കൂടുതൽ പ്രവർത്തിക്കുകയും ചെയ്യുക ഉചിതമാണ്.

14. എന്നാൽ  അടഞ്ഞ കാതിൽ തട്ടുന്ന ഓരോ ശബ്ദവും പുറപ്പെട്ടിടത്തേക്കു തന്നെ തിരിച്ചുപോകുന്നു.

15. ഞാൻ നിലവിളിക്കാറില്ല. ഞാൻ ബധിരനുമല്ല. എനിക്കാരും വായിച്ചു വിശദീകരിച്ചു തരാറില്ല. ഞാൻ മണ്ടനുമല്ല.



www.malankaralibrary.com

16. സത്യദൈവത്തിൽ നിന്നുള്ള ശ്വാസം എന്നോട് കൽപ്പിക്കുന്നു. കൽപ്പനയോടു കൂടെത്തന്നെ അത് ചെയ്തിരിക്കും.

17. എനിക്ക് അലസതയില്ല, വളച്ചുകെട്ടുമില്ല. ഒരമ്പിനും എന്റെ നേർക്ക് തിരകെവരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നുമില്ല.

18. നിങ്ങളുടെ പരേതരുടെ കല്ലറയിൽ പ്രത്യാശയില്ലാതെ നിങ്ങൾ കരയുമ്പോൾ, ആ നിലവിളിയിൽ എനിക്ക് പരിഹാസമാണ് തോന്നുക.

19. സാധ്യമോ, അനുവദനീയമോ ആണെങ്കിൽ, നിങ്ങൾ കരയുമ്പോൾ ഞാൻ കടന്നുവന്ന് നിങ്ങളുടെ മുഖത്തുനോക്കി ഇപ്രകാരം പറയുമായി രുന്നു:

20. "ഞാൻ മരിച്ചവരുടെ എണ്ണമെടുത്തുകൊടുക്കാൻ പരിശ്രമിക്ക യാണ്. ഞാൻ എണ്ണം മറന്നുപോകത്തക്കവണ്ണം നിങ്ങളുടെ നിലവിളി എന്നെ തെറ്റിക്കുന്നു."

21. ആ യൂദജനത്തിന്റെ ബുദ്ധി ഒരിക്കലും പക്വത പ്രാപിക്കാതിരു ന്നതു പോലെ, ജനതകളേ, നിങ്ങളുടെ ഗ്രഹണശക്തി മൂഢമായിരിക്കരുത്.

22. വിഡ്ഢിസമാനം അവരുടെ ഉള്ളിൽ വിവേകം ഉദിക്കുന്നില്ല. കാരണം, വിവേചനാശക്തി ഇല്ലാത്തതിനാൽ, അവരുടെ ചിന്തകൾ ഇരു ണ്ടതാണ്!

23. ആദ്യഫലമായി നിങ്ങളുടെ ശിശുക്കളും കുട്ടികളുമായിരിക്കും ഉത്ഥാനത്തിൽ കല്ലറകളിൽനിന്ന് ആദ്യമായി പുറത്തുവരിക.

24. അവർക്കുശേഷം ജേതാക്കളായി നീതിമാന്മാർ! അവസാനമായി പാപികൾ നിന്ദിതരായി പുറത്തുവരും.

25. കാരണം, ഞൊടിയിടയിൽ എല്ലാവരും വീണ്ടും ജീവൻ പ്രാപി ക്കുമെങ്കിലും, പാതാളത്തിൽ നിന്ന് പുറത്തുവരുന്നത് അവരവരുടെ നിര യുടെ ക്രമം അനുസരിച്ചായിരിക്കും.

26. പ്രവാചകന്മാരും ശ്ലീഹന്മാരും പിതാക്കന്മാരും പുറത്തേക്ക് വരും. ദൈവിക കൽപ്പന അനുസരിച്ച് അവർക്കുശേഷം വിവിധ തരക്കാർ തങ്ങ ലുടെ പ്രത്യക്ഷീകരണത്തിൽ!

27. ധാന്യവിത്തിന്റെ മണിപോലെ, ഇപ്പോൾ ക്രമരഹിതമായി വിത യ്ക്കപ്പെടുന്നു, തികഞ്ഞ ക്രമത്തിൽ തിരിച്ചെത്തുന്നു.

28. ഒരാൾ ധാന്യമണികൾ കൂട്ടിക്കുഴച്ച് വിതച്ചാലും, നേരത്തേ പാക മാകുന്നവ മറ്റുള്ളവയ്ക്ക് മുമ്പെത്തുന്നു.


www.malankaralibrary.com

29. ഭൂമിയിലേക്ക് പോകുമ്പോഴുള്ള ക്രമരാഹിത്യത്തിനു സമാനമായ കൂട്ടിക്കുഴച്ചിൽ ധരയിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ഉണ്ടായിരിക്കുകയില്ല. കാരണം, അത് നിശ്ചിതമാണ്.

30. ഇതാ, എന്റെ വാക്കുകൾകൊണ്ട് ഞാൻ എനിക്കുതന്നെ ഉപദ്രവം ഉണ്ടാക്കി. കാരണം, നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിയാത്ത രഹസ്യങ്ങൾ നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു.

31. കല്ലറയിലെ പ്രയോജനരഹിതമായ കണ്ണീരിനു പകരം പള്ളിയിൽ പ്രാർഥനയിൽ കണ്ണീരൊഴുക്കുവിൻ!

32. ഈ കണ്ണീരുകൊണ്ട് ജീവിച്ചിരിക്കുന്നവർക്കെന്നപോലെ, പരേതർക്കും പ്രയോജനമുണ്ട്. ജീവനുള്ളവരെയും മരിച്ചവരെയും ക്ലേശിപ്പിക്കുന്ന കരച്ചിൽ ഒഴിവാക്കുക.

# 63

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി"(12)

1. ആ അബ്രഹാമിന്റെ പ്രതിഫലം തൂക്കിനോക്കാൻ ആർക്കു കഴിയും? അവൻ തന്റെ ഏകജാതനെ ബന്ധിച്ചത് ഞാൻ ആശ്ചര്യപൂർവം കാണുകയുണ്ടായി.

*പ്രതിസ്തോത്രം: പാതാളത്തിലെ പരേതരെ ഉണർത്തിയ സ്വരമേ, നിനക്കു സ്തുതി.*

2. അത്ഭുതം കാണാനായി ഞാൻ പെട്ടെന്ന് പുറത്തേക്കിറങ്ങി; തന്റെ വത്സലനെതിരെ അബ്രഹാം തന്റെ കത്തി വലിച്ചൂരി.

3. പതറിപ്പോയ എന്റെ ചിന്തകളെ ഞാൻ ഏകാഗ്രമാക്കി; ആ മഹനീയനിൽ ആശ്ചര്യഭരിതനാകാൻ ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചു.

4. ഈ മഹാവിവരണം നിങ്ങൾ എങ്ങനെയാണ് വായിക്കുക? നിങ്ങളുടെ കാതിൽ പതിച്ച ഈ വായനയെ നിങ്ങൾ നിന്ദിച്ചുകളഞ്ഞു.

5. വിലപിക്കുന്നവരെ ജഫ്തായുടെ വാൾ കുറ്റപ്പെടുത്തുന്നു.[129] അവന്റെ മകൾ അവന് ഉത്ഥാനത്തിന്റെ ഒരു കണ്ണാടി ആയിരുന്നു.

6. അവൾ തന്നെത്തന്നെ തന്റെ പിതാവിന് സമർപ്പിച്ചു. അപ്രകാരം നിങ്ങളുടെ മരണനാഴികയിൽ നിങ്ങളുടെ ജീവൻ എല്ലാറ്റിന്റെയും പിതാവിന് സമർപ്പിക്കുവിൻ.

---

129. ന്യായാ.11,30ff.



www.malankaralibrary.com

7. നിങ്ങളുടെ മാതൃഉദരത്തിൽ പാതാളത്തിന്റെ ഒരു പ്രതീകം നിങ്ങൾ പരീക്ഷിച്ചുനോക്കിയില്ലേ? അമ്മയുടെ ഉദരത്തിൽ എന്നതിനേക്കാൾ കൂടുതൽ ഗാഢമായ വിശ്രാന്തി പാതാളത്തിൽ നിങ്ങൾക്ക് ഉണ്ടായിരിക്കും.

8. എന്റെ സുശക്തമായ ഇച്ഛയെ എതിർക്കാൻ നിങ്ങൾക്ക് സാധ്യമല്ല. നിങ്ങളുടെ പരേതരുടെ നന്മയ്ക്കാണ് ഞാനവരെ കടത്തിയത്.

9. മോവാബുരാജാവ് തന്റെ സ്വന്തം കൈകൊണ്ട് തന്റെ മകനെ വെട്ടിക്കൊന്നു; പരേതരെക്കുറിച്ച് വിലപിക്കുന്നവരെ അവൻ ലജ്ജിപ്പിക്കുന്നു.

10. നിങ്ങൾ വായിക്കുന്നതനുസരിച്ച്, ഇതാ, അവൻ ഒരു വിജാതിയനാണ്. നിങ്ങൾ കരുതുന്നതുപോലെ, നിങ്ങൾ പണ്ഡിതരും പ്രബോധകരുമാണ്.

11. എല്ലാവരുടെയും കർത്താവിന്റെ തിരുഹിതത്തിനെതിരായി നിങ്ങളുടെ നിലവിളികൊണ്ട് നിങ്ങളുടെ ദുഃഖത്തിൽ നിങ്ങൾ ക്രൂദ്ധരാണ്. എന്നാൽ അവനാകട്ടെ, അചഞ്ചലനായിരുന്നു.

12. ജോബിന്റെ വിവരണം എന്റെ ബലഹീനമായ അധരങ്ങളിലൂടെ അവതരിപ്പിക്കാൻ ഞാൻ ലജ്ജിക്കുന്നു. കാരണം, ഞാൻ അതിന് അനർഹനാണ്.

13. അതുകൊണ്ട്, നീതിമാന്മാരുടെ അസ്ഥികൾക്കു മുമ്പിൽ ഞാൻ ആദരപൂർവം നിൽക്കുന്നു. അവർ എന്റെ പക്കലേക്കു വരാൻ അനുവദിച്ചവന് ഞാൻ നന്ദി പറയുന്നു.

14. നിങ്ങളുടെ അവയവങ്ങളെ നിങ്ങളുടെ പാപങ്ങളാൽ നിങ്ങൾ അപമാനിക്കരുത്. കാരണം, ദുഷ്ടരുടെ അസ്ഥികൾ പാതാളത്തിൽ നിന്ദിക്കപ്പെടുന്നു.

15. എവിടെയെങ്കിലും ഒരു ദുഷ്ടന്റെ ജഡം കണ്ടാൽ ഞാൻ അതിനെ ചവിട്ടുകയും അവന്റെ ഓർമയെ ശപിക്കുകയും ചെയ്യും.

16. എന്നാൽ എവിടെയെങ്കിലും ഒരു നീതിമാന്റെ അസ്ഥി കണ്ടാൽ, ഞാൻ അവിടേക്ക് ഓടിയടുക്കുകയും താണുവണങ്ങി അതിനെ ബഹുമാനിക്കുകയും ചെയ്യും.

17. ബലഹീനരായ നിങ്ങൾ എന്റെ പ്രബോധനങ്ങളും ക്രമങ്ങളും ഗ്രഹിക്കുന്നില്ല. നിങ്ങൾ അന്ധരായതിനാൽ, നിങ്ങളുടെ പക്കൽ ക്രമങ്ങളെല്ലാം കൂട്ടിക്കുഴഞ്ഞിരിക്കുന്നു.

18. ജോസഫിനെ ഞാൻ ബഹുമാനിക്കുന്നു. എന്നെപ്പോലെ അവന്റെ


www.malankaralibrary.com

അസ്ഥികളെ മോശ ബഹുമാനിച്ചിരുന്നെന്ന് അവനിൽ നിന്നുതന്നെ എനിക്കറിയാം.

19. മോശ ഒരേ ഒരു സംശുദ്ധശരീരത്തെ മാത്രമേ ബഹുമാനിച്ചുള്ളു. എന്നാൽ ഞാനാകട്ടെ, എല്ലാ നീതിമാന്മാരുടെയും അസ്ഥികളെയും ശരീരങ്ങളെയും ബഹുമാനിക്കുന്നു.

20. നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും അസ്ഥികൾ ശോഭയോടെ പ്രകാശിക്കുന്നു. എല്ലാ നീതിമാന്മാരും എനിക്ക് ഇരുട്ടിൽ പ്രകാശമാണ്.

21. പാതാളത്തിലെ അന്ധകാരത്തിൽ എന്നെ പ്രകാശിപ്പിക്കുന്നവനെ ഞാൻ ആരാധിക്കുന്നു. മോശയുടെ ശോഭ പാതാളത്തിൽ ഉണ്ടായിരുന്നിടത്തോളം കാലം അവൻ എനിക്ക് സൂര്യനായിരുന്നു!

# 64

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി"(13)

1. മരണംവഴി ദുഃഖങ്ങളിൽനിന്നും പാപങ്ങളിൽനിന്നും വിമുക്തരായ നിങ്ങളുടെ പരേതരെപ്പറ്റി, ബലഹീനരേ, നിങ്ങൾ എന്തിനു കരയുന്നു?

*പ്രതിസ്തോത്രം: എല്ലാവർക്കുംവേണ്ടി എല്ലാം സഹിക്കുകയും എല്ലാവരെയും ജീവിപ്പിക്കാനായി എല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കുകയും ചെയ്തവന് സ്തുതി!*

2. നിങ്ങളുടെ കണ്ണുനീരിൽ സാത്താൻ ഏറെ സന്തുഷ്ടനാണെങ്കിലും, നിങ്ങളുടെ ദുഃഖത്തിൽ അവൻ പൊട്ടിച്ചിരിക്കുന്നെന്ന് ഞാൻ നിങ്ങളെ അറിയിക്കട്ടെ.

3. "വരുക, പാപികളെപ്പറ്റി നമുക്ക് പൊട്ടിച്ചിരിക്കാം; കാരണം, അവർ ഭ്രാന്തരാണ്" എന്ന് അപവാദപ്രചാരകനെപ്പോലെ അവൻ കണ്ണിറുക്കുകയും തലയാട്ടുകയും ചെയ്തു.

4. ഞാൻ അവരിൽ നിന്ന് മറച്ചുവച്ച ആ അഗ്നിയെപ്പറ്റിയുള്ള ചിന്ത അവർ ഉപേക്ഷിച്ചു. തങ്ങളുടെ പരേതരുടെ പേരിലുള്ള കണ്ണീരുകൊണ്ട് വിഡ്ഢികൾക്ക് മത്തുപിടിച്ചിരിക്കുന്നു.

5. കരച്ചിലിനു പകരം യാത്രാഭക്ഷണം കൂടാതെ അവരുടെ പരേതരെ ഞാൻ കൊള്ളയടിച്ച് പറഞ്ഞയച്ചു; ഇതാ, അവർ ഭ്രാന്തരാണ്!


www.malankaralibrary.com

6. ന്യായവിസ്താരദിവസംവരെ ദുഷ്ടരുടെ ആത്മാക്കൾ പീഡിപ്പി ക്കപ്പെടണം. ഭ്രാന്തരെപ്പോലെ ഇവർ കല്ലറകൾക്കു മുകളിൽ കരയുന്നു.

7. തങ്ങളുടെ പാപങ്ങളെപ്പറ്റി അവർക്ക് പരിഗണനയില്ല. ഒരുപക്ഷേ നാളെ അവർ മുഖലജ്ജയോടുകൂടെ തങ്ങളുടെ പരേതരുടെ പക്കലേക്ക് പോകേണ്ടിവരും.

8. ഇപ്രകാരം തലമുറ തലമുറകളായി അവരെല്ലാം ഒരുപോലെ ലജ്ജി തരാകും. ദുഃഖിതർ പ്രയോജനരഹിതമായി പാതാളത്തിൽ അനുതപിക്കും.

9. മത്തുപിടിച്ചും ചിത്തഭ്രമം ബാധിച്ചും കഴിയാൻ ആ ദിവസം വരെ അവരെ വിട്ടേക്കുക. അവരെ വിഭ്രാന്തരാക്കിയ വീഞ്ഞിന്റെ വീര്യത്തിൽ നിന്ന് അന്ന് അവർ വിമുക്തരാകും.

10. അവർ നശിക്കുന്നതുവരെ അവർ ഭ്രാന്തരും താന്തോന്നികളുമാ യിരിക്കാൻ, കുട്ടികളെപ്പോലെ ഞാൻ പോയി അവരെ തല്ലിക്കൂട്ടും.

11. എന്റെ സഖിയുടെ നിഗൂഢരഹസ്യം നിങ്ങൾക്ക് ഇതാ, ഞാൻ വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് പുറപ്പെട്ടുപോയി അനുതാപത്തിൽ ജീവിതനവീകരണം വരുത്തുക.

12. എന്റെ കാര്യം നോക്കാൻ ഞാനും എന്റെ വഴിക്ക് പോകട്ടെ. അ ങ്ങനെ വസ്തുനിഷ്ഠമായി എന്റെ കർത്താവിന് എന്റെ കണക്ക് കൊടു ക്കാൻ കഴിയട്ടെ.

13. കാറ്റടിച്ചപ്പോൾ അതെന്റെ വാക്കുകൾ പറത്തിക്കൊണ്ടുപോയെന്ന് എനിക്കറിയാം. കാരണം, ഞാൻ വളരെ പരിശോധനാവിധേയരാക്കിയവ രാണ് നിങ്ങൾ!

14. ഇച്ഛിച്ചാൽപോലും തൊലിയുടെ നിറം മാറ്റാൻ കഴിയാത്ത എത്യോ പ്യാക്കാരോട് നിങ്ങളുടെ ധിക്കാരത്തെ താരതമ്യപ്പെടുത്തിയ ജറമിയായെ ഓർത്തുപോകുന്നു.[130]

15. ഇതും ആ സ്വാതന്ത്ര്യത്തോട് ചേർന്നതാണ്. സ്വഭാവത്താൽ എന്ന പോലെ, ഇത് ഇച്ഛയാൽ തന്നെത്തന്നെ ബന്ധിക്കുന്നു.

16. കാരണം, സ്വതന്ത്രരിൽ ഇച്ഛ വളരെ ശക്തിമത്താണ്. അതിന്റെ പ്രവൃത്തികളിലൂടെ അതിനെ പ്രകൃതിയോട് തുലനം ചെയ്യാവുന്നതാണ്.

130. ജറ.13,23

www.malankaralibrary.com

# 65

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി"(14)

1. മനുഷ്യൻ: ഓ, മരണമേ, ആദത്തിന്റെ ച്ഛായയെ പരിഹസിക്കരുത്; ഉത്ഥാനംവരെ വിത്തുപോലെ അതിനെ ഭൂമിയെ ഭരമേൽപ്പിച്ചിരിക്കയാണ്.

*പ്രതിസ്തോത്രം: താണിറങ്ങി വരികയും ആദത്തിന്റെ പക്കലേക്ക് മുങ്ങിത്താഴുകയും പാതാളത്തിൽനിന്ന് അവനെ വലിച്ചുകയറ്റുകയും ഏദനിലേക്ക് അവനെ ആനയിക്കുകയും ചെയ്ത നിനക്ക് സ്തുതി.*

2. മരണം: ഈ വിത്തിനെപ്പറ്റിയും നിന്റെ വാക്കുകളെപ്പറ്റിയും ഞാൻ ആശ്ചര്യപ്പെടുന്നു. കാരണം, ഇതാ, അയ്യായിരം വർഷംകൊണ്ട് അത് ഇതുവരെ മുളച്ചുവന്നില്ല.

3. മനുഷ്യൻ: തണുപ്പുകാലം പോലെ അതിന്റെ ഉപ്പോഴത്തെ അവസ്ഥ കടന്നുപോകും. ഉത്ഥാനത്തിൽ ജീവന്റെ ഭണ്ഡാരത്തിലേക്ക് കതിർമണികൾ ശേഖരിക്കപ്പെടും.

4. മരണം: ഇതാ, കൊയ്ത്തുകാലമുണ്ടെന്ന് എനിക്കറിയാം. എന്നാൽ പരേതർ എപ്പോഴെങ്കിലും വിതയ്ക്കപ്പെട്ടതായോ, കൊയ്യപ്പെട്ടതായോ ഞാൻ കണ്ടിട്ടില്ല.

5. മനുഷ്യൻ: ഓ, മരണമേ, നിന്നെ ശൂന്യമാക്കുന്ന കൊയ്ത്തായിരിക്കുമത്. ഈറയർ കൊയ്ത്തുകാരായി പുറപ്പെട്ട് നിന്നെ ശൂന്യമാക്കും.

6. മരണം: ഞാൻ എപ്പോഴാണ് മുന്തിരിങ്ങാശേഖരണത്തിൽ നിന്ന് കർഷകനായി മാറിയത്? മുന്തിരിച്ചക്കായ പാതാളത്തെ ആരാണ് ഒരു വയലാക്കി മാറ്റിയത്?

7. മനുഷ്യൻ: ചീഞ്ഞളിഞ്ഞ് പ്രത്യാശാരഹിതമായി നശിക്കുകയും എന്നാൽ മഴപെയ്യുമ്പോൾ പ്രത്യാശ വീണ്ടെടുക്കുകയും ചെയ്യുന്ന വിത്ത് നിന്നെ പഠിപ്പിക്കുന്നില്ലേ?

8. മരണം: ബലഹീനരേ, നിങ്ങൾ ഉത്ഥാനത്തെപ്പറ്റിയുള്ള സ്വപ്നം മാത്രമേ കണ്ടിട്ടുള്ളു. കാരണം, ഉണർന്നിരിക്കുമ്പോൾ നിങ്ങൾ ഉത്ഥാനം കാണുന്നില്ല.

9. മനുഷ്യൻ: ഉത്ഥാനത്തെപ്പറ്റി ഉച്ചത്തിൽ പറയുന്ന പ്രതീകങ്ങളുടെ കൂമ്പാരം കാണാതിരിക്കാൻ, നിന്റെ മയക്കം നിന്നെ വഞ്ചിക്കുന്നു.


www.malankaralibrary.com

10. മരണം: വിത്ത്മുളയ്ക്കുമെന്ന് എനിക്കറിയാം. എന്നാൽ പാതാളത്തിലെ അസ്ഥികൾ മുളച്ചുവളർന്ന് പുറത്തേക്കുവരുന്നത് കണ്ടിട്ടില്ല.

11. മനുഷ്യൻ: നിന്റെ സംസാരം മുഴുവൻ നിന്നെപ്പോലെയാണ്. കാരണം, മരിച്ചവർ എങ്ങനെ ഉത്ഥാനം ചെയ്യുന്നെന്ന് എസക്കിയേൽ നിന്നെ താഴ്‌വരയിൽ കാണിച്ചില്ലേ?

12. മരണം: ചൂടുകാലത്ത് വൃക്ഷങ്ങൾ തങ്ങളുടെ വസ്ത്രം ധരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ പാതാളത്തിൽ അസ്ഥികൾ നഗ്നമായി കിടക്കുന്നു.

13. മനുഷ്യൻ: ഓ, മരണമേ, മോശ തന്റെ ശോഭയാൽ നിന്റെ ഹൃദയം കുത്തിത്തുളച്ചു. ആദത്തിന്റെ ഒരു മകൻ ആദത്തിന്റെ ശോഭ വീണ്ടെടുത്തു ധരിച്ചു.

14. മരണം: നിശ്ശബ്ദമായിരിക്കുക എന്നതാണ് പാതാളത്തിൽ ഞങ്ങളുടെ നിയമം. ബലഹീനരേ, നിങ്ങൾക്ക് വാക്കുകളും എനിക്ക് പ്രവൃത്തിയുമാണ്.

15. മനുഷ്യൻ: “നീ മുന്തിരിങ്ങാ ശേഖരിക്കുന്നവൻ ആണെങ്കിൽ വൃദ്ധർ എങ്ങനെയാണ് കടന്നുപോകുന്നത്? അവരുടെ ജീവൻ സംരക്ഷിക്കുന്നവൻ നിന്റെ മുമ്പിൽ എല്ലാവരെയും ഉയിർപ്പിക്കും.

16. ഉദരത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്ന ശിശു നിന്നെ ഖണ്ഡിക്കുന്നു. ഞങ്ങൾക്ക് അത് ഉത്ഥാനവും നിനക്കത് ശൂന്യമാക്കലും പ്രഘോഷിക്കുന്നു.

17. നിന്ദ്യമായ പുഷ്പമുകുളം നിന്നെ നിന്ദിക്കുന്നു. കാരണം, അത് അടഞ്ഞിരിക്കുന്നു, അവഗണിക്കപ്പെട്ടിരിക്കുന്നു. അത് അടഞ്ഞിരുന്നാലും അങ്ങനെ തന്നെ സ്ഥിതിചെയ്യുന്നില്ല. കാരണം, അത് വിടർന്നുവരും.

18. അടയ്ക്കപ്പെട്ടിരിക്കുന്ന കോഴിക്കുഞ്ഞ് മുട്ടയ്ക്കകത്തുനിന്ന് ഉറക്കെ വിളിക്കുന്നു. ഒരുശബ്ദം കല്ലറകൾ പിളർക്കുകയും ശരീരങ്ങൾ എഴുന്നേൽക്കുകയും ചെയ്യും.

19. മുട്ടയ്ക്കകത്തെ കോഴിക്കുഞ്ഞും ഒരു ശരീരമാണ്. അതിന്റെ ശരീരം നമ്മുടെ ശരീരത്തിന്റെ ഉത്ഥാനം പ്രഘോഷിക്കുന്നു.

20. ഓ, മരണമേ, പച്ചവിട്ടിലിനാൽ നിന്റെ വാദം തോറ്റ് അവസാനിച്ചിരിക്കുന്നു. കാരണം, പൂഴിയിൽ നിന്നുള്ള അതിന്റെ വരവിൽ അത് ഉത്ഥാനം പഠിപ്പിക്കുന്നു.”


www.malankaralibrary.com

21. മരണം: "ഇപ്പോഴേ ഉത്ഥാനം സംഭവിച്ചിരുന്നെങ്കിൽ, ഞാൻ തൃപ്ത നാകുമായിരുന്നു. കാരണം, ഉത്ഥാനദിനം നിന്റെ തർക്കത്തിൽ നിന്ന് ഞാൻ വിമോചിതനാകുമായിരുന്നു.

22. അത്യുന്നതന്റെ പുത്രൻ കാരുണ്യവാനും നല്ലവനും നീതിമാനു മാണ്. ആദത്തിന്റെ മരണത്തിന് അവൻ കഠിനമായി എന്നോട് പ്രതികാരം ചെയ്യുകയില്ല.

23. നിങ്ങളുടെ പിതാവ് നിങ്ങളുടെമേൽ ഈ കടം വരുത്തിവച്ചെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് ബുദ്ധിയില്ലേ?"

# 66

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി"(15)

1. മരണം തുടർന്ന് പറഞ്ഞു: "മർത്യരേ, നിങ്ങൾ അൽപ്പം മിണ്ടാതി രിക്കുവിൻ; നിങ്ങൾ എന്നെ അനുകരിക്കുവിൻ. കാരണം, ഞാൻ പാതാള ത്തിൽ എത്ര നിശ്ശബ്ദനായിരിക്കുന്നു."

*പ്രതിസ്തോത്രം: ഉറങ്ങിയവന്റെ പിറകെ താണിറങ്ങി വരികയും മര ത്തിൽ നിന്ന് ശബ്ദം പുറപ്പെടുവിച്ച് അവനെ ഉണർത്തുകയും ചെയ്ത ഉണർവുള്ളവനായ നിനക്ക് സ്തുതി.*

2. "മരിക്കാൻ ഇടയായവൻ പാതാളത്തിൽ എന്റെ പക്കലേക്ക് വന്നത് എനിക്കുവേണ്ടി അരിപൊടിക്കാനാണ് എന്നവണ്ണം നിങ്ങൾ അയാളെപ്രതി കരയുകയും നിലവിളിക്കുകയും ചെയ്യുന്നു.

3. ഞാൻ മഹാവിശ്രാന്തിയാണ് ക്ഷീണിതർക്കു നൽകുന്നത്. ഞാൻ ക്ഷീണിക്കുന്നില്ല, പ്രയാസപ്പെടുത്തുന്നുമില്ല.

4. നന്ദിയില്ലാത്തവരിൽ നിന്ന് ഞാൻ എല്ലാത്തരം ശാപങ്ങളും കേൾക്കേണ്ടിവരുന്നു. ആദം തന്റെ കർത്താവിനോട് നന്ദിഹീനൻ ആയിരു ന്നതുപോലെ, ആദത്തിന്റെ മക്കളും ആദത്തെപ്പോലെയാണ്.

5. പരസ്പര വിരുദ്ധമാണ് നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും. നിങ്ങളുടെ സ്വരമുയർത്തി നിങ്ങൾ കരയുന്നു, നിങ്ങളുടെ പ്രവൃത്തികളിൽ നിങ്ങൾ അനുദിനം പോരാടുന്നു.

6. ഞാൻ കരച്ചിൽ കേട്ടു, ആരും ജോലിചെയ്യുന്നില്ലെന്നു ഞാൻ കരുതി. ഞാൻ അധ്വാനം കണ്ടു, ആരും മരിക്കുന്നില്ലെന്നു ഞാൻ കരുതി.


www.malankaralibrary.com

7. മനുഷ്യന്റെ അധ്വാനം കണ്ടപ്പോൾ അവൻ മരിക്കില്ലെന്നു ചിന്തിക്കാൻ എനിക്കിടയാക്കി. അവന്റെ ഉഗ്രനിലവിളി കേട്ടപ്പോൾ, നാളെ അവൻ മരിച്ചുപോകുമെന്ന് ഞാൻ കരുതി.

8. എന്നെ ശ്രവിക്കുക. നിങ്ങൾക്ക് ഇഷ്ടമാണെങ്കിൽ ഞാൻ നിങ്ങൾക്ക് ഉപദേശം തരാം! കാരണം, ഈ രണ്ട് ഭാരങ്ങളും കഠിനതരങ്ങളാണ്.

9. ഈ അധ്വാനവും ഈ കരച്ചിലും അൽപ്പനേരത്തേക്ക് അവസാനിപ്പിക്കാം. നാളെ മറഞ്ഞുപോകുന്ന മർത്യർ എന്ന നിലയിൽ അധ്വാനിക്കുകയും കരയുകയും ചെയ്യുക.

10. നിങ്ങളുടെ പരേതരെപ്പറ്റിയുള്ള കരച്ചിലിൽ നിങ്ങൾ വിഭ്രാന്തി പിടിച്ചവരാണ്. സമ്പാദ്യങ്ങൾക്കുവേണ്ടിയുള്ള നിങ്ങളുടെ അധ്വാനത്തിൽ നിങ്ങൾ ഞെരുങ്ങുന്നു.

11. നിങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളിൽ നിന്നു വിമുക്തരായതിനാൽ, മരിക്കുന്നത് ശിശുക്കൾക്ക് നല്ലതാണ്, അവർ ഭാഗ്യമുള്ളവരുമാണ്.

12. ഞാൻ പാതാളത്തിലേക്കുപോയി ഇപ്രകാരം പറയട്ടെ: “നിശ്ശബ്ദരായ പരേതരേ, നിങ്ങൾ ഭാഗ്യവാന്മാരാണ്. നിങ്ങൾ എത്ര വിശ്രാന്തി അനുഭവിക്കുന്നു.”

13. നിങ്ങളുടെ വാക്കുകളുടെ ചുരുക്കം ശ്രവിക്കുക: ഉത്ഥാനം ഉണ്ടെങ്കിൽ കരയരുത്. അന്യനെപ്പോലെ അധ്വാനിക്കരുത്.

14. ഇവിടെ എന്നേക്കും ജീവിക്കാൻ ഉള്ളവരെപ്പോലെയാണ് നിങ്ങൾ കഷ്ടപ്പെടുന്നത്. വീണ്ടും ഉയിർപ്പിക്കപ്പെടാത്തവരെപ്പോലെയാണ് നിങ്ങൾ നിലവിളിക്കുന്നത്.

15. കേൾക്കാൻ നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ, എന്റെ വാക്കുകൾ കേൾക്കുകയും യാത്രാഭക്ഷണം തയാറാക്കുകയും ചെയ്യുക. അങ്ങനെ ഞാൻ വിളിക്കുമ്പോൾ നിങ്ങൾക്ക് സന്തോഷപൂർവം പ്രത്യുത്തരിക്കാൻ കഴിയും.

16. എന്നെ വിളിക്കുന്നവരെ ഞാൻ കേൾക്കുന്നുണ്ട്. നിങ്ങളുടെ നിക്ഷേപങ്ങളോടുകൂടെ നിങ്ങളുടെ ശരീരങ്ങളെ ഞാൻ തിരികെത്തരും.

17. ആ ദിവസംവരെ നമ്മുടെ ഇടയിൽ സമാധാനം പുലരട്ടെ. നിങ്ങൾ പുറത്തേക്കു വരുമ്പോൾ ഞാൻ വിളിച്ചുപറയും: “സമാധാനത്താലേ പോകുവിൻ.”

www.malankaralibrary.com

18. നമ്മുടെ പ്രയോജനത്തിനായി നമ്മെ മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നവന് ഇപ്പോൾ സ്തുതി കരേറ്റാൻ നമുക്ക്-നിങ്ങൾക്കും എനിക്കും-ഒന്നിച്ചുവരാം.

19. എന്റെ കർത്താവേ, ഞങ്ങളെല്ലാവരുടെയും സ്തുതിപ്പ് ഒരു സജീവ യാഗമായിരിക്കട്ടെ. നീ നിന്റെ ശരീരാർപ്പണത്താൽ ജീവനുള്ളവർക്കും പരേതർക്കും ജീവൻ നൽകുന്നു.

20. ഞങ്ങളുടെ ശരീരം ധരിക്കുകയും മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തവന് സ്തുതി. അവൻ നമുക്കുവേണ്ടി മരിച്ചു, നാം അവൻവഴി ജീവിക്കുന്നു. അവനെ അയച്ചവന് സ്തുതി!

# 67

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി"(16)

1. നീതിമാന്മാർക്കെതിരെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ വാൾ കഠിനതരമായിരുന്നെന്ന് മരണം അവരെ കുറ്റപ്പെടുത്തുന്നത് വന്ന് നമുക്ക് ശ്രവിക്കാം.

*പ്രതിസ്തോത്രം: നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. നിന്റെ അർപ്പണത്താൽ നീ ഞങ്ങളുടെ അപമാനത്തിനു പരിഹാരം ചെയ്തു. എല്ലാ മൃതരെയും ഉയിർപ്പിക്കാനായി അവർക്കുവേണ്ടി നീ മൃതനായി.*

2. മരണം പറയുന്നു: "യേശുവിനെ ക്രൂശിച്ചത് യഥാർഥത്തിൽ മരണമല്ല, പിന്നെയോ, സ്വജനമാണ്. എന്നെക്കാൾ നിന്ദ്യരായ ഈ ജനം എത്രയധികം വെറുക്കപ്പെടേണ്ടവരാണ്.

3. അവർ ജറമിയായെ ആ ചെളിക്കുണ്ടിൽ ഇട്ടു.[131] മറിച്ച്, ഞാനാകട്ടെ, പാതാളത്തിൽ അവന്റെ അസ്ഥികളോട് ആദരവ് കാട്ടുന്നു.

4. അവർ നാബോത്തിനെ ഒരു പട്ടിയെപ്പോലെ കല്ലെറിഞ്ഞു.[132] ഒരു പട്ടിയേപ്പോലും ഒരിക്കലും കല്ലെറിയാത്ത ഞാൻ അവരേക്കാൾ എത്രയോ ഭേദമാണ്.

5. എബ്രായസ്ത്രീകൾ വിശന്നു വലഞ്ഞപ്പോൾ സ്വന്തം കുഞ്ഞുങ്ങളെ ഭക്ഷിച്ചു.[133] അതിനേക്കാൾ മെച്ചപ്പെട്ട പാതാളം ഒരു പ്രയാസവും കൂടാതെ മൃതരെ വിട്ടുകൊടുക്കുന്നു.

131. ജറ.38,6; 132. 1രാജാ.21,13; 133. 2രാജാ.6,28


www.malankaralibrary.com

6. ഞാൻ ഏലിയാവഴി വിധവയ്ക്ക് അവളുടെ മകനെയും ഏലീശാവഴി ശൂനേംകാരിക്ക് അവളുടെ വത്സലനെയും തിരികെ നൽകി.[134]

7. ആർത്തിപൂണ്ട എബ്രായസ്ത്രീകൾ അവരുടെ മക്കളെ തിന്നു. പാതാളം മൃതരെ തിരികെ നൽകുകയും സംശുദ്ധമായി ഉപവസിക്കാൻ അഭ്യസിക്കുകയും ചെയ്തു.

8. പാതാളം യഥാർഥത്തിൽ പാതാളമല്ല, പിന്നെയോ, അതിന്റെ ഒരു സാദൃശ്യം മാത്രം! നീതിമാനെ വിഴുങ്ങിയ ജസബേലാണ് യഥാർഥപാതാളം!

9. അവൾ പ്രവാചകന്മാരെയും പ്രവാചകസന്തതികളെയും കൊന്ന് അവരുടെ ജഡം തെരുവിലേക്ക് വലിച്ചെറിഞ്ഞു. അവളുടെ ക്രോധത്തിൽ നിന്ന് ഏലിയാ സ്വർഗത്തിലേക്ക് കരേറി.[135]

10. ഒരു മരണത്തിനു പകരം ജനത്തിനിടയിൽ എത്രയെത്ര കൊല നടന്നു! ഒരു പാതാളത്തിനു പകരം എത്രയെത്ര പാതാളം അവിടെയുണ്ടായി!

11. ഇസ്രായേൽ നാട്ടിൽ സമറിയായും അവളുടെ മകൾ ജസ്രേലും! യൂദയാ നാട്ടിൽ സീയോനും അവളുടെ മകൾ ജറുസലേമും!

12. യൂദയായിലും ഇസ്രായേലിലുമുള്ള പ്രവാചകന്മാരെയും നീതിമാന്മാരെയും ഈ രണ്ട് ആഴങ്ങൾ മുക്കിക്കൊന്നു.

13. പാതാളത്തേക്കാൾ നിന്ദ്യരായ അനേകർ ഉള്ളപ്പോൾ എന്തുകൊണ്ടാണ് പാതാളത്തെ മാത്രം വെറുക്കുന്നത്?

14. പരേതരായ യൂദർ എനിക്കു വളരെ നിന്ദ്യരാണ്. പാതാളത്തിൽ അവരുടെ അസ്ഥികളും എനിക്ക് മ്ലേച്ഛമാണ്!

15.അവരുടെ അസ്ഥികൾ പാതാളത്തിൽ നിന്ന് പുറത്തേക്കെറിയാൻ എനിക്കൊരവസരം ലഭിച്ചിരുന്നെങ്കിൽ! കാരണം, അവ അവിടെയെല്ലാം ദുർഗന്ധം പരത്തുന്നു.

16. തങ്ങളുടെ ചെയ്തികൾ പോലെ ഗന്ധവും നാറുന്ന ജനത്തിൽ ദീർഘനാൾ പരിശുദ്ധാത്മാവ് വസിച്ചതിൽ ഞാൻ ആശ്ചര്യപ്പെടുന്നു.

17. വെളുത്തുള്ളിയും ചുമന്നുള്ളിയും അവരുടെ പ്രവൃത്തികൾ വിളിച്ചറിയിക്കുന്നു. ഈ മലിനജനത്തിന്റെ ഭക്ഷണം പോലെയാണ് അവരുടെ മനസ്സ്."

18. മുട്ടുകുത്തി നിന്റെ പിതാവിനെ ആരാധിക്കുന്ന എല്ലാവരുടെയും

134. 1രാജാ.17,21ff. 2രാജാ.4,35f.; 135. 1രാജാ.19,2



www.malankaralibrary.com

അപേക്ഷ നിമിത്തം നിന്റെ സ്നേഹത്തോട് നന്ദിഹീനനായിരുന്ന നിന്റെ ആരാധകനോട് കരുണ കാണിക്കണമെ.

19. എബ്രായരിൽനിന്നും അരമായരിൽനിന്നും ഈറയരിൽനിന്നും നിനക്ക് സ്തുതിയും നിന്നിലൂടെ നിന്റെ പിതാവിന് മഹത്വവും ഉണ്ടായിരിക്കട്ടെ.

20. വായില്ലാത്ത മരണത്തിന് ഞാൻ വായായിരിക്കട്ടെ. മുഴുവൻ വായായ പുത്രൻ തന്റെ പിതാവിങ്കലേക്ക് എന്റെ മാധ്യസ്ഥ്യാപേക്ഷ സമർപ്പിക്കട്ടെ.

# 68

## "ഓ, മരണമേ, നീ പൊങ്ങച്ചം കാണിക്കേണ്ട" എന്ന രീതി"(17)

1. മനുഷ്യൻ: ഓ, മരണമേ, നിന്റെ കർത്താവിന്റെ പുത്രന്മാരായ നീതിമാന്മാരെ കുറിച്ച് നീ വീമ്പടിക്കേണ്ട. അവർ നിന്റെ പക്കലേക്കു വന്നത് അവിടുത്തെ കൽപ്പനയാൽ മാത്രമാണ്.

*പ്രതിസ്തോത്രം: നിനക്കു സ്തുതി. കാരണം, നിന്റെ കൽപ്പനയാലാണ് മരണം ആധിപത്യം പുലർത്തിയത്. നിന്റെ ഉത്ഥാനത്താൽ യാചകനെപ്പോലെ അവൻ താഴ്ത്തപ്പെട്ടു.*

2. മരണം: നിന്റെ വാക്കുകൾ തൂക്കിനോക്കുമ്പോൾ എനിക്ക് വലിയ ബഹുമാനം കൈവന്നു. അതായത്, അടിമയായ ഞാൻ സ്വതന്ത്രരെ പാദത്തിൻ കീഴമർത്തുന്നു.

3. മനുഷ്യൻ: ആദം തെരഞ്ഞെടുക്കപ്പെട്ടവനും സ്വതന്ത്രനുമായിരുന്നു. മരണമേ, നീയും നിന്റെ സഖിയും അവന്റെ നുകത്തിൻ കീഴിൽ അടിമകളായിരുന്നു.

4. മരണം: അടിമകൾ കർത്താക്കന്മാരായി എന്നതാണ് ഇപ്പോൾ ഞങ്ങളുടെ പ്രശംസാവിഷയം. മരണവും അവന്റെ സഖിയായ സാത്താനും ആദത്തെ പാദത്തിൻ കീഴമർത്തി.

5. മനുഷ്യൻ: അഭിശപ്തനായ അടിമയേ, നിന്റെയും നിന്റെ സഖിയുടെയും മാനക്കേട് കാണുക! ഹാനോക്ക് നിങ്ങൾ ഇരുവരെയും ചവിട്ടി മെതിച്ച്, ഉയർന്ന് സ്വർഗത്തിൽ ഭരണം നടത്തുന്നു.

6. മരണം: ഹാനോക്ക് എന്നെ ദുഃഖിപ്പിച്ചെങ്കിലും ഞാൻ എന്നെത്തന്നെ


www.malankaralibrary.com

സമാശ്വസിപ്പിക്കുന്നു കാരണം, നോഹയുടെ പൂഴി ഇവിടെ പാതാളത്തിൽ എന്റെ പാദത്തിൻ കീഴിലുണ്ട്.

7. മനുഷ്യൻ: മരണമേ, മനുഷ്യന്റെ മുമ്പിൽ കിടുകിടാ വിറയ്ക്കുക. കാരണം, അവൻ അടിമയായിരിക്കുമ്പോഴും അവന്റെ കർതൃത്വനുകം സമസ്ത സൃഷ്ടികളിന്മേലും വച്ചിരിക്കുന്നു.

8. മരണം: അപ്പോൾ ഞാൻ കീഴടക്കിയവൻ വെറും നിസ്സാരനല്ല എന്നതിൽ ഞാൻ സന്തോഷിക്കുന്നു. കാരണം, കീഴടക്കപ്പെട്ടവന്റെ വലിപ്പമനുസരിച്ചാണ് കീഴടക്കിയവന്റെ മഹത്വം!

9. മനുഷ്യൻ: ഓ, മരണമേ, നീതിമാന്മാർക്കുപരിയായി നിന്റെ സ്വരം വളരെ പരാതിപ്പെടുന്നു. കാരണം, ഹാനോക്കും ഏലിയായും നിന്റെ രണ്ടു ചിറകുകളും ഒടിച്ചു.

10. മരണം: എന്റെ ദുഃഖം എന്റെ സാന്ത്വനവുമായി തൂക്കിനോക്കാൻ എനിക്കറിയാം. രണ്ടുപേർക്കു പകരം അനേകർ വന്നു, ഇനി വരികയും ചെയ്യും.

11. മനുഷ്യൻ: നിന്റെ പക്കലേക്കു വന്നവരും വരുന്നവരും വഴിപോക്കരെപ്പോലെയാണ്. അവർ പാർത്തിട്ട് ലാസറിനെപ്പോലെ നിന്റെ ഭവനത്തിൽ നിന്ന് പുറപ്പെട്ടുപോകും.

12. മരണം: നിന്റെ ഈ സ്വരം എന്നെ അത്രയധികം മുറിവേൽപ്പിക്കുന്നില്ല. മറിച്ച്, സുഖപ്പെടുത്തുന്നതേയുള്ളു. കാരണം, എനിക്കെതിരെ ഉയർന്ന ലാസറിനെ ഞാൻ വീണ്ടും അടിമയാക്കി.

13. മനുഷ്യൻ: ഞാൻ നിന്നോട് ചോദിച്ച് തർക്കിക്കട്ടെ: ഒരു പ്രതീകം രൂപീകരിക്കാൻ അല്ലെങ്കിൽ, ലാസറിന്റെ ഉയർപ്പിക്കലിന്റെ ആവശ്യമെന്തായിരുന്നു?

14. മരണം: അലസരെപ്പോലെ തർക്കിക്കാനേ നിങ്ങൾക്കിയൂ. ഞാൻ എന്റെ ജോലിയിൽ വ്യാപൃതനായിരിക്കുന്നത് വേർപെടുത്താനും കൊണ്ടുപോകാനുമാണ്.

15. മനുഷ്യൻ: നീ തർക്കത്തിനു വളരെ സുസജ്ജനാണ്. നിന്നെ നിശ്ശബ്ദനാക്കിയത് എന്താണ്? ഞങ്ങളുടെ ഉത്ഥാനത്തിന്റെ സത്യാവസ്ഥ അതിന്റെ എതിർപ്പുകൊണ്ട് നിന്നെ ഞെരുക്കുന്നു.

16. മരണം (16–30): "ഞാൻ നിന്ദ്യനല്ലെങ്കിലും നിങ്ങളെന്നെ നിന്ദ്യനാക്കി. നിങ്ങളുടെ വൃദ്ധർക്കും ക്ലേശിതർക്കും നവോന്മേഷം നൽകുന്നത് ഞാനാണ്. 17. മർത്യരേ, നിങ്ങൾ എന്നെ ഒരു കൊലപാതകിയാക്കി. ആദമാണ് നിങ്ങളെ കൊന്നത്; അതിന്റെ കുറ്റം എനിക്കും. 18. ഞാൻ നിങ്ങൾക്ക്


www.malankaralibrary.com

വ്യക്തമായി വിശദീകരിച്ചുതരാം. ഞാൻ അടിമ ആയിരുന്നു. നിങ്ങളുടെ പാപങ്ങളിലൂടെ നിങ്ങൾ എനിക്ക് കർതൃത്വം തന്നു. 19. സ്വൈര്യമായിക്കഴിഞ്ഞ എന്നെ ആദത്തിന്റെ ഇച്ഛ ഉണർത്തി. എന്നിലൂടെ നിങ്ങൾ മരിക്കാനായി നിങ്ങളെന്നെ ജീവിപ്പിച്ചു. 20. കൊന്നിട്ട് അത് നിഷേധിക്കുന്ന നുണയരെ ഞാൻ കുറ്റപ്പെടുത്തുന്നു. ആദം ആത്മഹത്യ ചെയ്തു, എന്നിട്ട് അവൻ എന്നെ കുറ്റപ്പെടുത്തുന്നു."

21. "കലഹത്തിന്റെ ഉറവിടം ശപിക്കപ്പെട്ട സർപ്പമാണ്. അത് നീതിപൂർവം വികലാംഗനായി. അത് ഇഴഞ്ഞുവന്ന് നിങ്ങൾക്കും എനിക്കും ഇടയിൽ ശത്രുത സ്ഥാപിച്ചു. 22. നിങ്ങൾ സാത്താനെ വെറുതെ വിട്ടിട്ട് എന്നെ കടന്നാക്രമിക്കുന്നു. പോയി ദുഷ്ടനെതിരെ പോരാടുക. കാരണം, അവനാണ് നിങ്ങളെ കീഴ്പ്പെടുത്തിയത്. 23. അവൻ എന്റെ സഖിയാണ്. ഞാൻ അത് നിഷേധിക്കുന്നില്ല. എന്നാൽ അവൻ ഇത്രയധികം വെറുക്കപ്പെട്ടവനായിരിക്കുമ്പോൾ, ഞാൻ അവന്റെ പേരിൽ നിന്ദിതനാകേണ്ടതിന്റെ ആവശ്യമെന്താണ്? മേലിൽ ഞാൻ അവനെ തള്ളിപ്പറയും!"

24. "മർത്യരെ, നിങ്ങൾ എന്റെ വാക്കുകൾ ശ്രവിക്കുവിൻ. ഞാൻ നിങ്ങളെ സാന്ത്വനപ്പെടുത്താം. ഞാൻ നിങ്ങളെ ക്ലേശിപ്പിച്ചു; എന്നാലിപ്പോൾ ഞാൻ മരിച്ചവരുടെ ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കുന്നു. 25. കാരണം, ഒരു ഒരുക്കസ്വരം ഊതാൻ ഒരുങ്ങിയിരിക്കുന്നു. അത് എന്റെ കാതുകളിൽ അടിക്കാൻ തുടങ്ങി. 26. എന്റെ വാക്കുകേട്ട് നിങ്ങളുടെ വിളക്കുകളിൽ ധാരാളം എണ്ണ ഒഴിക്കുവിൻ.[136] കാരണം, എന്റെ ഭാഗത്തുനിന്ന് നിങ്ങൾക്ക് യായൊരു തടസ്സവും ഉണ്ടായിരിക്കുകയില്ല."

27. "നിങ്ങൾ ഇതറിയണം: ഞാൻ ഈ കാര്യങ്ങൾ പറഞ്ഞെങ്കിലും, പാതാളത്തിന്റെ ഏകാന്തതയിൽ നിങ്ങളുടെ സാന്നിധ്യം എനിക്ക് പ്രിയംകരമാണ്. 28. ഞാൻ മനുഷ്യരെ തട്ടത്തിൽ വയ്ക്കുന്നു. അവന്റെ വിശ്രാന്തി വലുതായിരിക്കും. കാരണം, സർപ്പങ്ങളും മത്സ്യങ്ങളും പറവകളും അവനെ കാണാൻ വരും. 29. ആശ്ചര്യകരമാംവിധം അവനുമായുള്ള സംസർഗം ഈറയർക്കും പ്രിയംകരമായിരിക്കും. അതുപോലെ, ദുഷ്ടനും ഗേഹന്നായിലേക്കുള്ള പാതയിൽ അവന്റെ അനുധാവനം കാംക്ഷിക്കും."

30. "മർത്യരേ, നിങ്ങൾക്ക് മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം സംഭവിക്കും. അപഹരിക്കപ്പെട്ട ഞാൻ പാതാളത്തിൽ അപഹരിക്കപ്പെട്ടവനായി കഴിയും."

31. എല്ലാവരെയും ജീവിപ്പിക്കുന്നവനേ, നിനക്ക് എല്ലാവരിൽനിന്നും കൃതജ്ഞത ഉയരട്ടെ. എല്ലായിടത്തുനിന്നും ആദത്തിന്റെ പൂഴി ഒന്നിച്ചുകൂടട്ടുന്നവൻ നീയാകുന്നു.

---

136. മത്താ.25,1–12



www.malankaralibrary.com

# 69

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി"(1)

1. ആദിയിൽ നിന്റെ കാരുണ്യത്താൽ പൂഴിക്ക് രൂപം കൊടുത്തത് നീയാണ്. സ്നേഹത്തിൽ അതിന് നിന്റെ ദാനം നൽകിയതും നീയാണ്

*പ്രതിസ്തോത്രം: നിന്റെ കർതൃത്വത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. ഓ, നല്ലവനേ, ആദം കൃതഘ്നനായി വഴിതെറ്റിപ്പോകുമെന്ന് അറിഞ്ഞിട്ടും അവനെ സൃഷ്ടിച്ചത് നീയാണ്. അവനെ വിജയിയാക്കാൻ നീ അവനെ രൂപീകരിച്ചു.

3. ശരീരത്തെ അതിന്റെ വേദനയിലും ആത്മാവിനെ അതിന്റെ ദുഃഖത്തിലും നീ പരിഗണിച്ചു. കാരണം,സ്നേഹത്തിൽ നീ അവയെ കൂട്ടിയോജിപ്പിച്ചു. എന്നാലവ വേദനയിൽ പിളർന്ന് വേർപെട്ടു.

4. ശരീരം വിജ്ഞാനത്തിൽ രൂപീകൃതമായി, ആത്മാവ് കൃപാവരത്തിലൂടെ നിശ്വസിക്കപ്പെട്ടു, സ്നേഹം പരിപൂർണതയിൽ അവയെ കൂട്ടിച്ചേർത്തു. എന്നാൽ സർപ്പം ദുഷ്ടതയിൽ അവയെ വേർപെടുത്തി.

5. ഏതാണ് മറ്റതിനെ പാപത്തിന് ഇടയാക്കിയത് എന്നത് സംബന്ധിച്ച് ആത്മാവും ശരീരവും പരസ്പരം തർക്കിച്ചു. സ്വതന്ത്രേച്ഛ രണ്ടിനും പൊതുവാകയാൽ തെറ്റ് രണ്ടിനും പൊതുവാണ്.

6. നല്ലവനായ കർത്താവേ, വീണ്ടും ഒരിക്കൽകൂടി കരുണ കാണിക്കുക എന്നത് നിനക്കു ചേരുന്നതാണ്! നിന്റെ കരം ആദത്തെ പുതുതായി രൂപീകരിക്കട്ടെ. നിന്റെ വിരലുകൾ അവനെ പുതുതായി മെനയട്ടെ.

7. കാരണം, എന്റെ കർത്താവേ, അവനോടുള്ള നിന്റെ കാരുണ്യത്തിന് ഒരിക്കലും കുറവു വന്നിട്ടില്ല. സ്നേഹത്തിൽ അവനോടുകൂടെ നീ ആരംഭിച്ചു. കാരുണ്യത്തിൽ അവനോടുകൂടെ നീ പൂർത്തിയാക്കുക.

8. അവൻ ഇല്ലാതിരുന്നപ്പോൾ, അവൻ അസ്തിത്വത്തിൽ എത്തുവാൻ നീ അവനെ സൃഷ്ടിച്ചു. ഇപ്പോൾ അവൻ മണ്ണിലേക്കു മടങ്ങിയപ്പോൾ അവന്റെ ഭവനം നിന്നിലൂടെ നവീകരിക്കപ്പെടട്ടെ.

9. തന്റെ ച്ഛായാചിത്രത്തിന് മങ്ങലേറ്റു എന്നു കാണുന്ന രാജാവ് മങ്ങിയ ചിത്രത്തെ നല്ല നിറക്കൂട്ടുകളാൽ ശോഭയുള്ളതാക്കുക ഉചിതമാണ്.

10. മഹത്വത്തിന്റെ ച്ഛായ രൂപീകരിക്കാൻ നിന്റെ മഹനീയൗന്നത്യം


www.malankaralibrary.com

വെറും പൂഴിയിലേക്ക് താണിറങ്ങി വന്ന കാഴ്ച തികച്ചും ആശ്ചര്യകരമായിരുന്നു.

11. എന്നാൽ സൃഷ്ടിയുടെ അവസരം സംഭവിച്ചതിനെ ഉല്ലംഘിക്കുന്നതായിരുന്നു പിന്നീടുണ്ടായത്. അവിടുന്ന് മനുഷ്യനെ സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ, യഥാർഥത്തിൽ അവനെ ധരിക്കുകയും ചെയ്തു.

12. ദൈവമാകാൻ ആദം ആഗ്രഹിച്ചു എന്ന് മഹോന്നതൻ അറിഞ്ഞു. അവന്റെ ആഗ്രഹം സാധിച്ചുകൊടുക്കാൻ അവിടുന്ന് തന്റെ പുത്രനെ അയക്കുകയും അവൻ മനുഷ്യനെ ധരിക്കുകയും ചെയ്തു.

13. താൻ ആദത്തെ എത്രയധികം താഴ്ത്തിയോ, അതിനേക്കാൾ ഉന്നതമായ തലത്തിലേക്ക് അവൻ ഉയർന്നു എന്നു കണ്ടപ്പോൾ, ദുഷ്ടൻ വിഷണ്ണനായി; അതുകൊണ്ട് അവനെ തട്ടിമറിച്ചിട്ടതിൽ അവൻ ലജ്ജിച്ചു.

14. ആത്മാവിനെക്കൊണ്ട് ശരീരത്തെ സന്തോഷിപ്പിക്കുക; ആത്മാവിനെ ശരീരത്തിന് തിരിച്ചുകൊടുക്കുക. അവ പരസ്പരം സന്തോഷിക്കട്ടെ. അവ വേർപെട്ടുപോയി, എന്നാൽ അവ തിരിച്ചെത്തി ഒരിക്കൽകൂടി ഒന്നിച്ചുചേരട്ടെ.

15. ആത്മാവ് കടന്നുവരട്ടെ! അത് അതിന്റെ ഭവനത്തിൽ പ്രവേശിക്കട്ടെ. അതിന്റെ കൂടാരത്തിൽ വാസമുണ്ടാകട്ടെ. അതിന്റെ വിളക്ക് അതിലൂടെ വീണ്ടും കത്തട്ടെ.

16. ശാരീരികനയനങ്ങളിൽ ആ പ്രകാശം വീണ്ടും കാണപ്പെടട്ടെ. സ്വരങ്ങൾ വീണ്ടും ആ കാതുകളിൽ തുളച്ചുകയറട്ടെ. പ്രയോജനരഹിതവും ശൂന്യവുമായിത്തീർന്ന അതിന്റെ ഇന്ദ്രിയങ്ങൾ, പുത്രനിലൂടെ അനവരതം സ്തുതിയർപ്പിക്കാനായി നിറയട്ടെ.

17. വികലമായ വാർധക്യമോ, മരണത്തിൽ അവർ ഉരിഞ്ഞുകളഞ്ഞ വേദനയോ ക്ലേശങ്ങളോ വീണ്ടും അവരിൽ കാണപ്പെടുകയില്ല.

18. പരേതർക്ക് മരണം നവീകരണത്തിനുള്ള അവസരമായിത്തീർന്നു. അതിലവർ വേദന ഉരിഞ്ഞുകളയുകയും മഹത്വം ധരിക്കുകയും ചെയ്യുന്നു.

19. "എപ്പോൾ, എവിടെനിന്ന്, എങ്ങനെ നീ ഇവിടെ കടന്നുവന്നു?" എന്ന് പരേതന്റെ വായ് തന്റെ ആത്മാവിനോട് ഏദനിൽവച്ച് ചോദിക്കും.

20. അവിടെയുള്ള മഹത്വപ്രകാശം അതിന്റെ നിറങ്ങളാൽ ശരീരത്തെ നിറംപിടിപ്പിക്കും. പ്രകാശകിരണങ്ങളാൽ വസ്ത്രം ധരിപ്പിക്കപ്പെട്ടതുപോലെ, അത് അവസാനം തന്നെത്തന്നെ ദർശിക്കും.


www.malankaralibrary.com

21. അവിടെയുള്ള പ്രകാശക്കുരിശ് അവരുടെമേൽ തന്റെ പ്രകാശം വർഷിക്കും. കാരണം, ഇവിടെ അവർ അതിന്റെ സുശക്തപ്രതീകത്താൽ മുദ്രകുത്തപ്പെട്ടിരിക്കുന്നു.

22. ശാരീരികമനുഷ്യരുടെ പക്കലേക്ക് അഗ്നിമയന്മാർ അടുത്തുവരും. അവർ അവരെ സ്നേഹപൂർവം സ്വീകരിക്കും. കാരണം, അവർ കഠിനാധ്വാനം ചെയ്യുകയും തങ്ങളുടെ ആത്മാക്കൾക്ക് വിശ്രാന്തി നേടുകയും ചെയ്തു.

23. നീതിമാന്മാരുടെ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കാൻ ഈറയർ അവരുടെ പക്കലേക്ക് അടുത്തുവരും. അവരുടെ കർമങ്ങളെപ്രതി അവരെ പ്രകീർത്തിച്ചുകൊണ്ട് അവർ അവരുടെ മഹനീയകർമങ്ങൾ വിവരിക്കും.

24. പാതാളത്തിൽ ബന്ധിതരായിരുന്നതിനാൽ, അടയ്ക്കപ്പെട്ടിരുന്ന വായ്കളിൽനിന്ന് ആദ്യമായി സ്തുതിയുടെ ആദ്യഫലങ്ങൾ ഉയരും.

25. മരണം ഒരാരവാരം കേൾക്കും, അത് ഭയത്തിൽ തന്റെ ചെവി ചായിക്കും. അതിനെ ഭീതി പിടികൂടും. കാരണം, പരേതർ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു.

26. അവന്റെ തടവുകാർ അവനെ വിട്ടുപോകുന്നു; കാരണം, അവന്റെ ജയിൽപുള്ളികൾ അവനെതിരെ മത്സരിച്ചു. തടവുകാരനാക്കിയവൻ തടവുകാരനായി. അവൻ തന്റെ സ്വന്തം തടവറയിൽ അടയ്ക്കപ്പെട്ടു.

27. മേലിൽ ഒരിക്കലും സ്വരം നിലയ്ക്കാത്ത സൗഭാഗ്യവാന്മാരേ, നീതിമാന്മാരേ, നിങ്ങളോടൊത്ത് ഒരു കൃതജ്ഞതാഗീതം പാടാൻ നമ്മുടെ കർത്താവ് ഞങ്ങളെയും യോഗ്യരാക്കട്ടെ.

28. അടയ്ക്കപ്പെട്ട വായ്കളിൽനിന്ന് ഒരരുവി പൊട്ടിപ്പുറപ്പെടാൻ ഇടയാക്കിയവന് കൃതജ്ഞത. അങ്ങനെ അവർ പുത്രനിലൂടെ ആരാധ്യപിതാവിന് അനവരതം സ്തുതി അർപ്പിക്കാൻ ഇടയാകട്ടെ.

# 70

## “സന്ദേശവാഹകൻ, നേതാവ്” എന്ന രീതി” (2)

1. ഓ, എന്റെ സഹോദരരേ, മരണക്കാസാ എത്ര കയ്പ്പുള്ളതാണ്! സമചിത്തർപോലും വിവേകശൂന്യരെപ്പോലെ കരയത്തക്കവിധം അത് മത്തുപിടിപ്പിക്കുന്നു.

www.malankaralibrary.com

*പ്രതിസ്തോത്രം: മരിച്ചവരെ ഉയർപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഒരു മൃതന്റെ പേരിൽ ബഹുമാന്യവ്യക്തിയും കീഴടക്കപ്പെടുന്നു. അവൻ തന്റെ നില മറക്കുകയും വേർപെട്ട ആളിനെപ്രതി നിലവിളിക്കുകയും ചെയ്യുന്നു.

3. വേർപെട്ടവനുമായുള്ള ആത്മബന്ധത്തിന്റെ അന്ത്യമായെന്നു കരുതി വേർപെട്ടവനെപ്രതി അവശേഷിക്കുന്നവർ തങ്ങളുടെ സ്നേഹംമൂലം ഉച്ചത്തിൽ നിലവിളിക്കുന്നു.

4. തന്റെ കർത്താവിന്റെ ഹിതാനുസരണം തന്റെ ജീവഫലത്തെ മരണത്തിന് സമർപ്പിച്ച അബ്രഹാമിന് തുല്യരായി കുറച്ചുപേർ മാത്രമേ കാണുകയുള്ളു.

5. അടിച്ചു കയറിയ വേദനകളുടെ ഓളങ്ങൾക്കെതിരെ യഹൂദജനത്തിന്റെ ഭാരംതാങ്ങിയ ഉറപ്പുള്ള സ്തംഭമാണ് അവൻ; അതിന്റെ അഭാവത്തിൽ അത് ഇളകിപ്പോകുമായിരുന്നു.

6. തന്റെ ഫലരഹിതമായ മുന്തിരിത്തണ്ടിൽ ഫലം കണ്ടപ്പോൾ, നീണ്ട കാലത്തിനുശേഷം വളർന്ന മുന്തിരിങ്ങാ ആദ്യഫലമായി അർപ്പിച്ച കൃഷിക്കാരനെ കാണുക.

7. പാകമാകാൻ തുടങ്ങിയ ചെറുപഴം പറിച്ച തോട്ടക്കാരനായ ജഫ്താ യുടെ പ്രവൃത്തിയും ആശ്ചര്യകരം തന്നെ. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥന് അവനത് കാഴ്ചവച്ചു.

8. അവന്റെ ആന്തരികസംഘട്ടനം അവന്റെ സഹാനുഭൂതിയെയും സ്നേഹവാത്സല്യങ്ങളെയും കീഴ്പ്പെടുത്തി. തന്റെ വേദനയിൽ മനസ്സാന്നിധ്യം നഷ്ടപ്പെടാതെ അവൻ അവളെ അർപ്പിച്ചു. കാരണം, അവന്റെ വിശ്വാസം അവനെ താങ്ങി.

9. മരണത്തിന്റെ വീഞ്ഞ് വേദനയാൽ ഉത്തേജിതമായ നുരയാണ്. തന്റെ മേശയ്ക്കിരിക്കുന്നവരെ കണ്ണീരോടുകൂടിയും തന്റെ അതിഥികളെ കരച്ചിലോടുകൂടിയും അത് കുടിപ്പിക്കുന്നു.

10. ആകയാൽ ജഫ്തായുടെ വലിയ ദൃഷ്ടാന്തം വളരെയധികം സമാശ്വാസം പകരുന്നു. ജീവന്റെ നിക്ഷേപത്തെ നിക്ഷേപത്തിന്റെ നാഥന് വാളുകൊണ്ട് അവൻ അർപ്പിച്ചു.

11. തന്റെ വലത്തുകൈ നീട്ടി ജഫ്താ അർപ്പണം കാഴ്ചവച്ചു. അവൻ ദുഃഖിക്കുന്നു എന്നു കണ്ട മാടപ്രാവ് തന്റെ മൃദുസ്വരത്താൽ അവനെ ധൈര്യപ്പെടുത്തി.


www.malankaralibrary.com

12. തന്റെ സ്വന്തം രക്തംകൊണ്ട് തന്റെ വൈദികകർമം നിർവഹിച്ച നമ്മുടെ കർത്താവിന്റെ മുൻകുറി ആയിത്തീരാൻ, പുരോഹിതൻ തന്നിൽ നിന്നുള്ള രക്തംകൊണ്ട് തന്റെ ശുശ്രൂഷ നിർവഹിക്കുക ഉചിതമായിരുന്നു.

13. ദൈവസ്നേഹത്താൽ മത്തുപിടിക്കുകയും സത്യത്തോടുള്ള സ്നേഹത്താൽ വിജയി ആയിത്തീരുകയും ചെയ്തവൻ തന്റെ പ്രിയപ്പെട്ട വരുടെ മരണം സ്വപ്നസമാനം പരിഗണിക്കുന്നു.

14. തന്റെ സ്നേഹിതൻ മരിക്കുന്നതായി ഒരാൾ സ്വപ്നം കണ്ടു. അ വൻ രാവിലെ കടന്നുചെന്ന് സ്വപ്നത്തിലുണ്ടായ ദുഃഖത്തിൽ അവനെ സമാ ശ്വസിപ്പിക്കുന്നു.

15. മരിക്കുന്നവൻ കട്ടിലിൽ കിടന്ന് ഉറങ്ങുന്നവന് എത്ര തുല്യനാണ്! മരണം സ്വപ്നത്തിനും ഉത്ഥാനം പ്രഭാതത്തിനും എത്ര തുല്യമാണ്!

16. കണ്ണിനു പ്രകാശം കണക്കെ സത്യം നമ്മിൽ പ്രകാശിക്കണം. ഇതാ, ഒരു സ്വപ്നഭൂതസമാനം നാം മരണത്തെ തിരിച്ചറിഞ്ഞിരിക്കുന്നു.

17. നിദ്രയെ പ്രഭാതമില്ലാത്തതായി കാണുകയും നിദ്ര നിത്യമാണെന്ന് സങ്കൽപ്പിക്കുകയും ചെയ്യുന്നവൻ ഭോഷനാണ്.

18. മരണനിദ്ര ആ പ്രഭാതത്തിൽ അപ്രത്യക്ഷമാകുമെന്ന് പ്രത്യാശ യുടെ നയനമുള്ളവന് നിഗൂഢമായി കാണാൻ കഴിയും.

19. ആത്മാവിന്റെ വസതിയായ ശരീരത്തിലേക്ക് ആ ജീവനിക്ഷേപ ത്തിന്റെ ആശ്ചര്യകരമായ സുഗന്ധം വ്യാപിക്കും. ആ ശരീരത്തെയാണല്ലോ ആത്മാവ് വിട്ടുപേക്ഷിച്ചതും അതുവഴി ശരീരം നിന്ദ്യമായി തീർന്നതും.

20. ആത്മാവിന്റെ ആ സ്നേഹലയത്തിന്റെ അലങ്കാരങ്ങളും ആഭര ണങ്ങളും എണ്ണമറ്റതാണ്. ശൂന്യമായത് വീണ്ടും കുടിപാർപ്പുള്ളതായി. അത് സമാധാനകൂടാരമായിത്തീർന്നു.

21. നിശ്ശബ്ദമായ കൂട്ടങ്ങളുടെമേൽ കാഹളധ്വനി മുഴങ്ങും: മണവാ ളന്റെ മുമ്പിൽ എഴുന്നേൽക്കുവിൻ, ഗീതം ആലപിക്കുവിൻ, സ്തുതികളർപ്പി ക്കുവിൻ.

22. കല്ലറകൾ തുറക്കുന്ന ആർപ്പുവിളി വായ്കളിൽ നിന്നുയരും. ഓരോ രുത്തരും താന്താങ്ങളുടെ കിന്നരം മീട്ടി ഗാനമുതിർത്ത് സ്തുതിയർപ്പിക്കും.

23. ആദം സംശുദ്ധനായിരിക്കാൻ അവനെ ഉയർത്തിയ നിനക്ക് സ്തുതി. അവൻ തന്നത്താൻ ഉയർത്തിയപ്പോൾ, അവനെ പാതാളത്തിൽ താഴ്ത്തിയ നിനക്കു സ്തുതി.

www.malankaralibrary.com

24. താഴ്ത്തിയവന് നന്ദി; ഉയിർപ്പിച്ചവന് നന്ദി. ഉത്ഥാനത്തിൽ നാഥനെ പ്രകീർത്തിക്കാൻ എന്റെ കിന്നരത്തിന് ഇടയാകട്ടെ.

# 71

## ഉത്ഥാനത്തെപ്പറ്റി
## "ഹാബേൽ ജീവിക്കുന്നു, കായേൻ മൃതനായി" എന്ന രീതി" (1)

1. പരിശുദ്ധാത്മാവ് ദാവീദിലൂടെ ഇപ്രകാരം അരുളിച്ചെയ്യുന്നു: "മോശയ്ക്കും അഹറോനും സാമുവേലിനും അവരുടെ പ്രവൃത്തികൾക്ക് ഞാൻ പ്രതിഫലം നൽകും"(സങ്കീ.99.6). "ഞാൻ പ്രതിഫലം നൽകി" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ, "ഞാൻ പ്രതിഫലം നൽകും" എന്നത്രേ. നിസ്സാരതയ്ക്കു പകരം ഉത്ഥാനത്തിന്റെ മഹത്വം അവരുടെമേൽ പ്രകാശിപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*പ്രതിസ്തോത്രം: മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിന്റെ പ്രതീകം നീതിമാന്മാരിലും നിബിയന്മാരിലും വരച്ചുകാട്ടിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ശ്രോതാവിന് ഉൾക്കാഴ്ചയുണ്ടെങ്കിൽ, നോഹയും ജോബും ദാനിയേലും ജീവിക്കുമെന്ന് പ്രവാചകൻ കാണിച്ചതു ഗ്രഹിക്കാം. കാരണം, അവർ നീതിമാന്മാരായിരുന്നപ്പോൾ അവരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞെങ്കിൽ, അവർ മരണത്തിൽ നിന്ന് സ്വതന്ത്രരായി പാതാളത്തിൽ നിന്ന് വിമോചിതരാകും.

3. മരിച്ചവർ ജീവിക്കുന്നില്ലെങ്കിൽ, പീഡിതർക്ക് എങ്ങനെ നീതികിട്ടും? ദൈവത്തിനുവേണ്ടി തങ്ങളെത്തന്നെ യാഗമായി അർപ്പിച്ചിട്ട് അവർ ഉയിർക്കുന്നില്ലെങ്കിൽ, നീതിമാന്മാർക്ക് കടപ്പെട്ട പ്രതിഫലം ലഭിക്കാതെ അവർ മറ്റുള്ളവരെപ്പോലെ പാതാളത്തിലായിരിക്കും എന്നത് ഭോഷത്തമായിരിക്കും!

4. "മോശയും സാമുവേലും എഴുന്നേറ്റു വന്നാലും"[137] എന്ന വായനയുടെ അർഥമനുസരിച്ച്, അവർ ജീവിക്കുന്നു എന്നാണ് ദൈവം അതിലൂടെ കാണിക്കുന്നത്. നീതിമാന്മാർ ജീവിക്കുന്നില്ലെങ്കിൽ, പാപികളെ പ്രതിയും, സംശുദ്ധർ ഉയിർക്കുന്നില്ലെങ്കിൽ കുറ്റവാളികളെ പ്രതിയും അവർ എന്തിന് അധ്വാനിക്കുന്നു?

5. "നി പൂഴിയിൽ നിന്നാണ്, നീ പൂഴിയിലേക്ക് തിരികെച്ചേരും" എന്നു

137. ജറ. 15,1



www.malankaralibrary.com

കേട്ട ആദത്തിന്റെ പ്രത്യാശ നശിക്കാതിരിക്കാൻ, അവനെപ്രതി ഹാനോക്ക് ജീവൻ നേടി. ആത്മാവിനോടൊപ്പം പൂഴിക്ക് എന്നേക്കും ജീവിക്കാൻ കഴിയുമെന്ന് അതുവഴി അവൻ കാട്ടി. ഹാനോക്കിൽ നമ്മുടെ പിതാവായ ആദത്തിന്റെ സമാശ്വാസം വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. ഈ ധരയിൽ മാത്രമേ പ്രതിഫലമുള്ളു എന്ന് അത്യാർത്തിയുള്ള ആ ജനം വിശ്വസിക്കാതിരിക്കാൻ ഏലിയായ്ക്ക് സ്വർഗം നൽകി അവൻ പ്രതിഫലമേകി. അവർ ജറമിയായ്ക്ക് പൊട്ടക്കിണറ്റിൽ നന്ദികേട് പകരം നൽകി. "ദൈവം അവന് എങ്ങനെ പ്രതിഫലം നൽകും"എന്ന് അവർ ആരാഞ്ഞു.[138] അവർ ശരിയായ പ്രതിഫലം കാണുന്നതിന് അവൻ അവരെ വഴിതെറ്റിച്ചു.

7. ഉത്ഥാനമില്ലെങ്കിൽ കൊലപാതകിക്കെതിരെ നിലവിളിക്കുന്ന ഹാബേലിന്റെ രക്തം എന്തുനേടി? തൊള്ളായിരം വർഷം ജീവിച്ചവനെ താൻ അർപ്പിച്ച അർപ്പണം കൊന്നുകളഞ്ഞു. നവജീവനില്ലെങ്കിൽ, തന്റെ കൈവശമുണ്ടായിരുന്നത് എന്തിന് അവൻ നഷ്ടപ്പെടുത്തി?

8. ആത്മീയമായി മരിച്ച പാപിയെയല്ല ദൈവം അത്യാർത്തിയുള്ള മരണത്തിന് ആദ്യമായി നൽകിയത്. മരണം ന്യായമായി അവനെ പിടിച്ചുവയ്ക്കാതിരിക്കാനായിരുന്നു അത്. ഉത്ഥാനത്തിൽ അവനോടൊപ്പം പുറത്തേക്ക് അയക്കുന്നതിനും ആദ്യനീതിമാൻ ഭരിക്കുമ്പോൾ മരണത്തിന്റെ സമസ്തവും കൊള്ളയടിക്കപ്പെടുന്നതിനും വേണ്ടി അത് ആദ്യനീതിമാനെ വിഴുങ്ങി.

9. കൂനകൂട്ടിയ നാണയം കണ്ട് ആർത്തിപൂണ്ട ബാലാം ബുദ്ധിയില്ലാത്ത കോവർകഴുതയെ പ്രഹരിച്ചു. അതിനെ അടിച്ച യജമാനനെ അത് മുള്ളുള്ള വടികൊണ്ടെന്നപോലെ ഉച്ചത്തിലുള്ള വാക്കുകൾകൊണ്ട് പ്രഹരിച്ചു.[139] അതിന് മനുഷ്യസ്വരം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നമുക്ക് വാഹനമൃഗത്തിനു തല്യരാകാതിരിക്കാം. നമുക്ക് നമ്മുടെ ഉത്ഥാനത്തിലുള്ള പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം.

10. പാചകശാലയിൽ ആട്ടിൻകുട്ടികൾ എന്നപോലെ ഏഴ് സഹോദരന്മാർ വെട്ടപ്പെട്ടു. അവർ എവിടെ അവരുടെ ജീവൻ തേടും? ഏത് മുൻവ്യവസ്ഥയിലാണ് അവർ സമ്മാനങ്ങളും വാഗ്ദാനങ്ങളും നിന്ദിച്ചുതള്ളിയത്? തന്റെ മക്കളുടെ പുഷ്പമാല ശ്മൂനിക്ക് അന്ത്യത്തിൽ നൽകുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

11. ഒരു ന്യായാധിപനെപ്പോലെ ജോസിയാ അസ്ഥിയെ അസ്ഥിയിൽ നിന്ന് വേർതിരിക്കുമെന്ന് വൃദ്ധപ്രവാചകൻ വിശ്വസിച്ചു. എന്റെ സഹോദ

138. ജറ.38,6; 139. സംഖ്യ, 22,27



www.malankaralibrary.com

രരേ, അത് വലിയൊരു പ്രതീകമാണ്. അതായത്, നമ്മുടെ കർത്താവ് വരുമെന്നും മരിച്ചവരെ അവരുടെ അസ്ഥികളോടൊപ്പം ജീവിപ്പിക്കുമെന്നും പ്രവൃത്തികൾ വേർതിരിക്കുമെന്നും അത് സൂചിപ്പിച്ചു.

12. ഉത്ഥാനമില്ലെങ്കിൽ, പ്രവാചകന്റെ അസ്ഥികളെ ജോസിയാ ബഹുമാനിച്ചതുകൊണ്ട് അവനെന്തു പ്രയോജനം? സിംഹം അവനെ കടിച്ചു കീറിയത് അവന് അനുഭവവേദ്യമായി; അവൻ ബഹുമാനിതനാകുമെന്നത് അവന് അനുഭവവേദ്യമായില്ല. പ്രവാചകന്റെ അസ്ഥികളുടെ സംരക്ഷണം പ്രതീകാത്മകമായി ഉത്ഥാനം പ്രഘോഷിച്ചു[140].

13. പ്രവാചകനെ കൊന്ന സിംഹം, കൽപ്പന മാനിച്ച കഴുതയെ കൊന്നില്ല. താൻ നിന്ദിച്ച കൽപ്പനയാണ് തന്നെ കൊന്നതെന്ന്, മരിക്കേണ്ടിവന്ന ഹവ്വാ, രക്ഷിക്കപ്പെട്ട കഴുതയിൽ നിന്ന് പഠിക്കട്ടെ. കാരണം, ന്യായാധിപൻ നീതിരഹിതനല്ല.

14. ഭക്ഷണത്താൽ പ്രലോഭിതനും വിശന്നവനുമായ പ്രവാചകനെ കടിച്ചുകീറാൻ അത്യാർത്തിപൂണ്ട സിംഹത്തെ അനുവദിച്ചവൻ, അത്യാർത്തിപൂണ്ട ആദത്തെ വിഴുങ്ങാൻ, വിശന്നു വലഞ്ഞ മരണത്തോട് കൽപ്പിച്ചു. മരണവും സിംഹവും നശിപ്പിക്കപ്പെടും; പ്രവാചകനും ആദവും ഉയിർപ്പിക്കപ്പെടും.

15. ജറോബോവാം പണിത ബധിരവും മൂകവുമായ ബലിപീഠം പ്രവാചകസ്വരം കേട്ടപ്പോൾ പൊട്ടിപ്പിളർന്ന് ചാരം ഊർന്നുവീണു.[141] അതിന്റെ പ്രതീകംപോലെ കല്ലറകൾ താനേ തുറക്കപ്പെടും. കല്ല് പ്രവാചകനെ ശ്രവിച്ചെങ്കിൽ, അസ്ഥികൾ നിശ്ചയമായും പുത്രനെ ശ്രവിക്കും.

16. എന്റെ സഹോദരരേ, മത്സ്യത്തിലുള്ള പ്രതീകം കാണുവിൻ: യോനാ അതിനുള്ളിൽ ദൈവത്തിന് ജീവനുള്ളവനും മനുഷ്യർക്ക് മൃതനുമായിരുന്നു. അതുപോലെ മൃതരും നമുക്ക് മരിച്ചവരും ദൈവത്തിന് ജീവനുള്ളവരുമാണ്. പാതാളത്തിൽ മുങ്ങിത്താണ വത്സലസ്നേഹിതർ യോനായെപ്പോലെ അതിൽനിന്ന് പൊങ്ങിവരും.

17. യോനാ ജീവനോടെ ജീവനില്ലാത്ത കടലിലേക്കും, വാഗ്വൈഭവമുള്ള ദാനിയേൽ സിംഹക്കുഴിയിലേക്കും ബന്ധിതരായ മൂന്നു ബാലന്മാർ ജ്വലിക്കുന്ന അഗ്നിച്ചൂളയിലേക്കും എറിയപ്പെട്ടു. കടലും സിംഹക്കുഴിയും അഗ്നിച്ചൂളയും പരേതർക്ക് ജാമ്യക്കാരാണ്. അതായത്, ഉത്ഥാനം അവരെ വിളിക്കുമ്പോൾ, അവരും അതുപോലെ എല്ലായിടത്തുനിന്നും പ്രത്യുത്തരിക്കും.

---

140. 1രാജാ.13,24; 141. 1രാജാ.13,5



www.malankaralibrary.com

18. വത്സലന്റെ സിംഹക്കുഴി നമ്മെ സാന്ത്വനപ്പെടുത്തുന്നു. കാരണം, അത്യാർത്തിപൂണ്ട മരണത്തിനു പകരം വിശന്നുവലഞ്ഞ വായ്കൾ അവനെ വലയംചെയ്തു. കല്ലറസമാനമായിരുന്നു ഗുഹ; മരണം കീഴടക്കപ്പെടുന്നതുപോലെ, അവൻ മൃഗങ്ങളെ കീഴ്പ്പെടുത്തി. ജേതാവ് അതിൽനിന്ന് പുറത്തുകടന്ന് പരേതരോട് മരിച്ചവരിൽനിന്നുള്ള ഉത്ഥാനം പ്രഘോഷിച്ചു.

# 72

## ഉത്ഥാനത്തെപ്പറ്റി
## "ഹാബേൽ ജീവിക്കുന്നു, കായേൻ മൃതനായി" എന്ന രീതി" (2)

1. മർത്യരേ, നിങ്ങളുടെ സമാശ്വാസത്തിനായി നിങ്ങൾ കേൾക്കുവിൻ: മത്സ്യം കാര്യവിചാരകനായിത്തീർന്നു. അവൻ സ്വീകരിച്ചു, സംരക്ഷിച്ചു, തിരികെ നൽകി. അതുപോലെ, പാതാളകാര്യവിചാരകനായ മരണം കണക്കു ബോധിപ്പിക്കണം. കാരണം, നമ്മുടെ കർത്താവ് മരിച്ചവരെ ഉയിർപ്പിക്കുമ്പോൾ പുരികത്തെ രോമംപോലും അവനിൽ നിന്ന് തിരികെ ആവശ്യപ്പെടും.

*പ്രതിസ്തോത്രം: നിദ്രിതരെ തന്റെ കാഹളനാദത്താൽ ഉണർത്തുന്ന മിശിഹാരാജാവേ, നിനക്കു സ്തുതി!*

2. സിപ്പോറാ കാലികച്ഛേദനത്താൽ തന്റെ പുത്രനെ ഛേദനം നടത്തുകയും അതുവഴി മരണത്തിന്റെ ശക്തി ഇല്ലാതാക്കുകയും ചെയ്തു.[142] എങ്കിൽ സത്യസ്നാനത്താൽ എത്രയധികമായി മരണം അപ്രത്യക്ഷമാകും! ക്രിസ്തുവിൽ സ്നാനപ്പെടുന്നവർ, എല്ലാറ്റിനും ജീവൻ നൽകുന്ന സജീവനെ ധരിക്കുന്നു.

3. അബ്രഹാമിന്റെ സ്നേഹത്തിനും അവന്റെ ദാനധർമത്തിനും അവന്റെ മരണാനന്തരം പ്രതിഫലം നൽകാതിരിക്കാൻ ദൈവത്തിന് എങ്ങനെ കഴിയും? ഇസഹാക്കിന്റെ കൈകളിലും കാലുകളിലുമുള്ള കെട്ടുകൾക്കും, പെട്ടെന്ന് തന്റെ മുകളിൽ ഉയർന്നതായി തന്റെ നയനങ്ങൾ ദർശിച്ച അർപ്പണകത്തിക്കും  അവന് പ്രതിഫലം നൽകാതിരിക്കാൻ ദൈവത്തിന് എങ്ങനെ കഴിയും?[143]

4. തങ്ങളുടെ ആലകളിൽ ആടുകളെന്നപോലെ കൊല്ലപ്പെട്ട പ്രവാചകന്മാർക്ക് അവിടുന്ന് എങ്ങനെ പ്രതിഫലം നൽകാതിരിക്കും? പ്രവാചക

142. പുറ. 4,26; 143. ഉൽപ. 22,9f.


www.malankaralibrary.com

രുടെ ചെന്നായായ ജസബേൽ അവരെ കൊന്നു. രക്ഷപെട്ട നൂറുപേർ വിശ പ്പാലും ദാഹത്താലും വലഞ്ഞു.[144]

5. തന്റെ പക്കൽ തങ്ങിയ വിശുദ്ധ മാലാഖമാർക്കു പകരം തന്റെ പെൺമക്കളെ വിട്ടുകൊടുത്ത ലോത്തിന് പ്രതിഫലം നൽകാതിരിക്കാൻ ദൈവത്തിന് എങ്ങനെ കഴിയും?[145] അഗ്നിയുടെ പ്രതികാരത്തിൽനിന്ന് അവി ടുന്ന് അവനെ രക്ഷപെടുത്തി; പാതാളത്തിന്റെ പ്രതികാരത്തിൽ അവനെ എറിഞ്ഞു. ഉത്ഥാനമില്ലെങ്കിൽ ആ രക്ഷപെടുത്തൽകൊണ്ട് എന്തു പ്രയോ ജനം?

6. ഇതാ, ജലത്തിൽ മുക്കിക്കൊല്ലപ്പെട്ട ശിശുക്കൾ, കശാപ്പു ചെയ്യ പ്പെട്ട പ്രവാചകന്മാർ, ഭവനം തകർന്നുവീണ് മരിച്ച, ജോബിന്റെ മക്കൾ,[146] തൊലി ഉരിയപ്പെട്ട ഏഴ് സഹോദരങ്ങൾ, കല്ലെറിയപ്പെട്ട നിരവധിപേർ - ഈ രക്തസാക്ഷികളെയെല്ലാം ദൈവത്തിന് എങ്ങനെ പ്രതിഫലം നൽകാതെ വിടാൻ കഴിയും?

7. നീ നിന്നെത്തന്നെ വിധിക്കുന്നു! നീ എന്തിനാണ് ദൈവത്തോട് പ്രാർഥിക്കുന്നത്? അവിടുന്ന് പ്രതിഫലം നൽകുന്നതുകൊണ്ടോ, നൽകാ ത്തതുകൊണ്ടോ? അവിടുന്ന് പ്രതിഫലം നൽകുന്നില്ലെങ്കിൽ നീ അധ്വാനി ക്കുകയില്ല; എന്നാൽ അവിടുന്ന് പ്രതിഫലം നൽകുന്നെങ്കിൽ, നീ വിശ്രമി ക്കയില്ല. ദിവസക്കൂലിക്കാർക്ക് അവൻ പ്രതിഫലം നൽകുന്നു; അപ്പോൾ അവിടുന്ന് നിന്റെ പ്രാർഥനയ്ക്ക് പ്രതിഫലം നൽകാതിരിക്കുമോ?

8. ദൈവം നിനക്ക് ഇവിടെമാത്രം പ്രതിഫലം നൽകുകയും നിന്നെ ഉയിർപ്പിക്കാതെ കാലാന്ത്യത്തിൽ നിനക്കായി ദുഷ്ക്കാര്യങ്ങൾ ഒരുക്കി വയ്ക്കുകയും ചെയ്തെങ്കിൽ, അവിടുന്ന് നിനക്ക് ഇവിടെയും പ്രതിഫലം തന്നിട്ടില്ല. കാരണം, നിന്റെ ജീവിതം മുഴുവൻ പുകയാണ്, ദൈവത്തിന് നീ പാപിയായി പരിഗണിക്കപ്പെടുകയുമില്ല.

9. കൊള്ളക്കാരൻ നിന്നേക്കാൾ ബലവാനാണ്. കള്ളൻ നിന്നേക്കാൾ സമർഥനാണ്. ജാരൻ നിന്നേക്കാൾ സംതൃപ്തനാണ്. പാപി നിന്നേക്കാൾ ആരോഗ്യമുള്ളവനാണ്. കുറ്റവാളി നിന്നേക്കാൾ ധനവാനാണ്. ഉത്ഥാന മില്ലെങ്കിൽ, ബലഹീനനേ, നിന്റെ ഓട്ടം നിഷ്ഫലമാണ്!

10. ഈ ലോകജീവിതത്തെപ്പറ്റി നീ അഭിമാനിക്കുന്നെങ്കിൽ, സർപ്പം കൂടുതൽ കാലം ജീവിക്കുന്നു, വ്യാളം അതിലും കൂടുതൽ ജീവിക്കുന്നു. മൃഗങ്ങൾ നിന്നേക്കാൾ ആരോഗ്യമുള്ളവയാണ്, കഴുകൻ നിന്നേക്കാൾ

---

144. 1രാജാ.18,4; 145. ഉൽപ. 19,8; 146 ജോബ് 1,19.



www.malankaralibrary.com

ലാഘവത്വം പുലർത്തുന്നു, സിംഹം നിന്നേക്കാൾ ബലിഷ്ഠനാണ്. ഭോഷാ, നീ എന്തിലാണ് അഭിമാനം കൊള്ളുന്നത്?

11. ഓ, ബലഹീനനേ, നിന്റെ പ്രാർഥനയ്ക്കുള്ള പ്രതിഫലവും നിന്റെ ഉപവാസത്തിന്റെ പ്രതിസമ്മാനവും എന്താണെന്ന് എന്നോട് പറയുക. നിന്റെ വ്രതവാഗ്ദാനം വലിയ കുറവാണ്, നിന്റെ അർപ്പണം നഷ്ടമാണ്! ഉത്ഥാനം ഇല്ലെങ്കിൽ, പാതാളത്തിൽ നിനക്കും മറ്റുള്ളവരുടെ അതേ വിധിയാണ്!

12. ജീവൻ നഷ്ടപ്പെടാതിരിക്കാൻ വാളിനെ ഭയന്ന് നീ കൊല്ലാതിരുന്നാൽ, ദഹനം പേടിച്ച് മോഷ്ടിക്കാതിരുന്നാൽ, നിന്റെ ന്യായാധിപൻ ഒരു മനുഷ്യനാണെന്ന് കാണുക. കൈക്കൂലിയാൽ നിന്നെ കുടുക്കിക്കൊല്ലാൻ അവനു കഴിയും. മിക്കപ്പോഴും സത്യസന്ധരെ അവൻ കൊന്നിട്ടുണ്ട്, തെറ്റുകാരെ വെറുതെ വിട്ടിട്ടുമുണ്ട്.

13. വീണ്ടും, ഈ ചോദ്യം അവശേഷിക്കുന്നു: നിയമവും നീതിപൂർവകമായ ന്യായവിധിയും ദൈവത്തിൽ നിന്നാണെങ്കിൽ, അവൻ നമുക്ക് ഉത്ഥാനം നിഷേധിച്ചാൽ നിത്യമായ നീതിയേക്കാൾ കാലികനീതിയിൽ അവിടുത്തേക്ക് എങ്ങനെ സന്തുഷ്ടനാകാൻ കഴിയും?

14. കാരണം, ദൈവം നീതിമാനാണെങ്കിൽ, നമ്മുടെ പ്രാർഥനകൾക്കും ദാനധർമങ്ങൾക്കും നമ്മുടെ മരണശേഷം പ്രതിഫലം നൽകാതിരിക്കാൻ അവിടുത്തേക്ക് എങ്ങനെ  കഴിയും? അവിടുന്ന് നീതിയെ സ്നേഹിക്കുന്നില്ലെങ്കിൽ, ധരയിലെ നീതിനിറഞ്ഞ കൽപ്പനകളുടെ ഉത്ഭവം എവിടെ നിന്നാണെന്നും എങ്ങനെയാണെന്നും വിശ്വസിക്കുക നമ്മിൽനിന്ന് അകന്നിരിക്കട്ടെ!

15. മനുഷ്യരിൽ നിന്നാണെന്ന് അതിനൊരാൾ മറുപടി പറഞ്ഞാൽ, അതിന്റെ സ്രഷ്ടാവ് ഈ നീതിമാനാണോ? അങ്ങനെ പറയുന്നത് അകന്നിരിക്കട്ടെ! കാരണം, മനുഷ്യൻ നീതിയില്ലാത്തവനാണ്. കൈക്കൂലിയാൽ അവൻ നിയമങ്ങൾ അസാധുവാക്കുന്നു.  വിധിയിൽ നിന്ന് ഉടലെടുത്തതാണ് നിയമമെങ്കിൽ, രണ്ടും പരസ്പരം അസാധുവാക്കുന്നു.

16. ദൈവം നീതിമാനാണെങ്കിൽ, നീതിരഹിതരിൽ നിന്ന് ഉത്ഭവിക്കുന്ന ജനനം ഉറപ്പിക്കാൻ അവിടുത്തേക്ക് കഴിയുകയില്ല. എന്നാൽ ദൈവം നല്ലവനാകയാൽ, ഉത്ഥാനം വെറുക്കാൻ അവിടുത്തേക്ക് കഴിയുകയില്ല. കാരണം, അവിടുത്തേക്കുവേണ്ടി മരിച്ച നീതിമാന്മാർ പ്രതിഫലം കൂടാതെ കഴിയുക വളരെ തെറ്റായിരിക്കും.

17. പരേതർക്ക് ഉത്ഥാനം ഉണ്ടാകുക എന്നത് നാനാവശങ്ങളും പരിശോധിച്ച് ചർച്ചചെയ്ത് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അപ്പോൾ ഭോഷാ, ഉത്ഥാനത്തെപ്പറ്റി നീയെന്തിന് സംശയിക്കുന്നു? നീ ചെയ്ത സത്കർമങ്ങൾക്കു പകരം സ്വർഗരാജ്യത്തിൽ നീ ഭരണം നടത്തുമെന്ന് വിശ്വസിക്കുക.

www.malankaralibrary.com

18. വാളിനെയും ശാരീരിക ദണ്ഡനങ്ങളെയും പ്രതി നീ നിഷ്ഫല മായി സഹിച്ചവ പ്രത്യാശാപൂർവം സംരക്ഷിക്കുക. പ്രശംസയെപ്രതി സംഭ വിച്ചവ ഭാവിയിൽ ഉത്ഥാനത്തെപ്രതി സംഭവിക്കട്ടെ. പ്രത്യാശാരഹിത മര ണത്തേക്കാൾ, പൂർണപ്രത്യാശയിൽ മരിക്കുക.

19. രക്തസാക്ഷികളെ മനുഷ്യർ അഗ്നിയിൽ കത്തിച്ചു. നീതിമാന്മാരെ വെള്ളത്തിൽ മുക്കിക്കൊന്നു. താപസരെ വാളാൽ വെട്ടിക്കൊന്നു. പ്രവാച കന്മാരെ കല്ലെറിഞ്ഞുകൊന്നു. ശ്ലീഹന്മാരെ കുരിശിൽ തറച്ചു. അപ്പോൾ എങ്ങനെ നീതിമാൻ പ്രതിഫലം നിഷേധിക്കും? എണ്ണമറ്റ പണയവസ്തു ക്കൾ!

# 73

## ഉത്ഥാനത്തെപ്പറ്റി
## "ഹാബേൽ ജീവിക്കുന്നു, കായേൻ മൃതനായി" എന്ന രീതി" (ദ)

1. എന്റെ വത്സലരേ, താഴെ ഭൂമിക്കുള്ളിൽ പരേതരുടെ ജഡം കിട ക്കുന്നു; മേൽ സ്വർഗത്തിൽ സത്പ്രവൃത്തികളും (നീതിമാന്മാരും). രണ്ടും മനുഷ്യരുടെ ജാമ്യവസ്തുക്കൾ വഹിക്കുന്നു. നീതിമാന്മാർക്ക് നീതി നിഷേ ധിക്കപ്പെട്ടാൽ, ആകാശവും ഭൂമിയും നിലവിളിക്കും!

*പ്രതിസ്തോത്രം: തന്റെ കാഹളധ്വനിയാൽ കല്ലറകൾ തുറക്കുകയും മരിച്ചവരെ എഴുന്നേൽപ്പിക്കുകയും ചെയ്യുന്ന പുത്രനു സ്തുതി.*

2. സത്യസന്ധനായ ഒരു കച്ചവടക്കാരൻ കടപ്പത്രത്തിന്റെ പേരിൽ പണം കടമെടുക്കുമ്പോൾ, നിശ്ശബ്ദമായി അതിന്റെ പലിശകൂടുന്നു. അതിന്റെ ദാതാവ് മരിച്ചാലും പലിശ നിലനിൽക്കുന്നു. ഹാബേൽ സമർപ്പിച്ച അർപ്പണത്തിന്റെ പലിശയ്ക്ക് നിയന്ത്രണം വയ്ക്കാൻ ആർക്കു സാധിക്കും?

3. ദൈവത്തിന് വായ്പകൊടുക്കാൻ ആഗ്രഹിക്കാത്തവൻ ആരാണ്? തന്റെ പ്രാർഥനകളുടെ പലിശ തന്റെ മരണത്തെ അതിജീവിക്കുന്നു. ഒരു കടപ്പത്രം പലിശ വഹിക്കുന്നു. ഭൂമി തരിശുനിലത്തിൽ വളരുന്നതും വഹി ക്കുന്നു. നമ്മുടെ സത്പ്രവൃത്തികളും പ്രാർഥനകളും ദൈവത്തിന്റെ കലവ റയിൽ വർദ്ധിക്കുന്നു.

4. എന്റെ സഹോദരരേ, ജനനംമുതൽ മരണംവരെയും മരണംമുതൽ ഉത്ഥാനംവരെയും നമുക്കെല്ലാവർക്കും ഒരേഒരു വഴിയാണ്. എന്നാൽ അവി ടംമുതൽ ഇരുവഴികളാണ്. ഒന്ന് അഗ്നിയിലേക്കും മറ്റത് ഏദനിലേക്കും.


www.malankaralibrary.com

തങ്ങളുടെ പരേതരുടെ പാത ഏദനിലേക്ക് ആയിരിക്കാൻ ഓരോരുത്തരും താന്താങ്ങളുടെ പരേതർക്കുവേണ്ടി പ്രാർഥിക്കട്ടെ.

5. ദൈവം എത്യോപ്യരുടെയും അസ്സീറിയരുടെയും ജഡങ്ങൾ മരുഭൂമിയിൽ വഴിയരികിൽ എറിഞ്ഞു. എന്നാൽ താഴ്‌വരയിലെ അസ്ഥികളെ അവിടുന്ന് ജീവിപ്പിച്ചു. എന്റെ സഹോദരരേ, ഒരന്യശക്തിയിൽ നിന്നുള്ള നിർബന്ധത്താലല്ല നാം നയിക്കപ്പെടുന്നത്. എല്ലാറ്റിനും കഴിവുള്ള തിരുഹിതം ജനനവും മരണവും ഉത്ഥാനവും നൽകുന്നു.

6. കുട്ടികൾക്കൊരു സദ്വാർത്ത! ഫറവോ ശിശുക്കളെ മുക്കിക്കൊന്നു; യഹൂദജനത്തിന്റെ വിടുതൽ ഫറവോയെ മുക്കിക്കൊന്നു. അഭികാമ്യമായ ഉത്ഥാനത്തിലൂടെ മരണം മൃതമാകും; ശിശുക്കളിൽ നിന്ന് ഫറവോയ്ക്കെന്നപോലെ, കുട്ടികളിലൂടെ മരണവും ശൂന്യവൽക്കരിക്കപ്പെടും.

7. ദൈവത്തിന് എങ്ങനെ കുട്ടികളോട് അനീതി കാട്ടാനാകും? വെട്ടുക്കിളികളുടെ കൂനപോലെ അവർ ശിശുക്കളെ നദിയിൽ കൂനകൂട്ടി. ഈ കാഴ്ചകണ്ട് അവരുടെ പിതാക്കന്മാർ ആകാശത്തേക്ക് നോക്കി കരയുകയും നിലവിളിക്കുകയും ചെയ്തു. അവരുടെ കുട്ടികളുടെ ഉത്ഥാനം കുഞ്ഞാടിന്റെ രക്തത്തിലൂടെ അവരെ കാണിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. നീതിമാന്മാരുടെ നെറ്റിത്തടത്തിൽ മുദ്രകുത്താനുള്ള നിർദേശം ഈറയരിൽ ഒരുവന് ലഭിച്ചു. നിഗൂഢാടയാളമായി വിജയിച്ച ഛേദനം കണ്ട് അവൻ നാണിച്ചു. രണ്ടാം മരണത്തെ കീഴടക്കാനായി നിങ്ങളുടെ മൃതരെ സ്ലീബാകൊണ്ട് മുദ്രകുത്തുവിൻ.

9. ബുദ്ധിമാനായ സ്രഷ്ടാവ് വിദ്വേഷപൂർവം പെരുമാറിയില്ല. വെറുതെ സൃഷ്ടിക്കയും നശിപ്പിക്കയും ചെയ്തുമില്ല. വെറുമൊരു മർത്യശിൽപ്പി വിവേകരഹിതമായി നിർമിക്കാത്തപ്പോൾ ദൈവം വിവേചനരഹിതമായി കൂട്ടിച്ചേർക്കുകയും വേർപെടുത്തുകയും ചെയ്യുമെന്നു പറയുന്നത് അഭിശപ്തമാണ്!

10. സംസാരശക്തിയുള്ള മനുഷ്യന് മൂകമായ സ്വർണം ധാരാളമായി കിട്ടിയാൽ, അതു നഷ്ടപ്പെട്ടു പോകാതിരിക്കാൻ കാത്തുസൂക്ഷിക്കുന്നു. ചിത്രം വരയ്ക്കുന്ന ചിത്രകാരൻ അത് കീറിപ്പോകാതിരിക്കാൻ സംരക്ഷിക്കുന്നു. അപ്പോൾ തന്റെ ബഹുമാനത്തിനായി താൻ ഉണ്ടാക്കിയ ചിത്രം എത്രയധികമായി നല്ലവൻ സംരക്ഷിക്കും!

11. ഉത്ഥാനമില്ലെങ്കിൽ: ഒരു വന്യമൃഗം ഒരു നീതിമാനെ കടിച്ചുകീറി തിന്നു. അത് അതിലൂടെ കടന്ന് വിസർജ്യമായി ധരയിൽവീണ് അവസാനിക്കുന്നു. അതിന്റെ കഥ കഴിഞ്ഞു. അത് കർമം പൂർത്തിയാക്കി. നീതിമാനായ സമ്മാനദാതാവിൽ നിന്ന് ഇതകന്നിരിക്കട്ടെ. അവിടുന്ന് തന്റെ നീതിമാന്മാർക്ക് അവരുടെ പ്രതിഫലം നിഷേധിക്കുകയില്ല.


www.malankaralibrary.com

# 74

## "ഓ, എന്റെ കർത്താവേ, നിന്റെ ഉദ്യാനത്തിൽ" എന്ന രീതി"(1)

1. ആദം എത്ര വലിയവനായിരുന്നു; എത്ര പ്രശംസാർഹമായിട്ടാണ് അവൻ സൃഷ്ടിക്കപ്പെട്ടത്! അവൻ മരിക്കണമെന്നുള്ളത് എത്ര വലിയ അധഃ പതനമായിരുന്നു! നിന്റെ ഉത്ഥാനം അവനെ വീണ്ടും ഉയർത്തട്ടെ.

*പ്രതിസ്തോത്രം: നിന്റെ ഉത്ഥാനം അവനെ നവീകരിക്കട്ടെ.*

2. അവന്റെ രൂപീകരണത്തിൽ തന്റെ സ്രഷ്ടാവിന്റെ വിജ്ഞാനം ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അവന്റെ ജീർണതയിൽ, അവനെ വഴിതെറ്റിച്ചവന്റെ ദുഷ്ടത സുസ്പഷ്ടമാകുന്നു. വഴിതെറ്റിച്ചവൻ അവന്റെ നവീകരണത്തിലൂടെ ലജ്ജിക്കട്ടെ.

3. തന്റെ ചെയ്തികളിൽ അവൻ തെരഞ്ഞെടുക്കപ്പെട്ടവനും വലിയവനുമാണ്. എന്നാൽ തന്റെ മരണത്തിൽ നിന്ദനീയനാണ്. അവൻ ജീവിച്ചിരിക്കുമ്പോൾ എന്തോ ആണെന്ന് തോന്നും, തന്റെ മരണത്തിൽ അവൻ ഇല്ലായ്മയ്ക്ക് തുല്യനാകും,. എന്റെ കർത്താവേ, അവനെ വീണ്ടും ഉയർത്തണമെ.

4. അവൻ വിധി പ്രസ്താവിക്കുകയും വധശിക്ഷ നടത്തുകയും പരിശോധിക്കുകയും സ്വതന്ത്രമായി സംസാരിക്കുകയും ചെയ്യുന്നു. അവന്റെ ച്ഛായ ദൈവത്തിന്റേതാണ്; അവന്റെ മരണം മൃഗങ്ങളുടേതും. നിന്റെ ച്ഛായ നിന്നിലൂടെ വീണ്ടും ഉയർത്തപ്പെടട്ടെ.

5. അവന്റെ വാക്ക് ശക്തിമത്തും എല്ലാറ്റിന്മേലും വ്യാപിച്ചിരിക്കുന്നതുമാണ്. ധരയിൽ അവൻ സംസാരശക്തി ഉള്ളവനും പാതാളത്തിൽ മൂകനുമാണ്. അവന്റെ ഗീതങ്ങൾ നവീകരിക്കണമെ.

6. അവൻ കടലിൽ മുങ്ങിത്താണ് അതിന്റെ നിക്ഷേപങ്ങൾ പുറത്തുകൊണ്ടുവരുന്നു. എങ്കിലും പാതാളത്തിലേക്ക് അവൻ വലിച്ചുതാഴ്ത്തപ്പെടുകയും മരണം അവനെ പിടിച്ചുവയ്ക്കുകയും ചെയ്യുന്നു.

7. അധ്വാനശീലരായ മനുഷ്യർ കടലും കരയും കീഴടക്കുന്നു. പാതാളത്തിൽ അവർ പരാജിതരായി ജഡമായിത്തീരുന്നു. എന്റെ കർത്താവേ, നിന്റെ കാരുണ്യത്തിന് അവർ അർഹരായി തീരട്ടെ.

8. അവന്റെ ബലിഷ്ഠനുകം മൃഗങ്ങളെ കീഴടക്കുന്നു. എങ്കിലും മരണനുകം അവന്റെ സ്വാതന്ത്ര്യത്തെ കീഴ്പ്പെടുത്തുന്നു. എന്റെ കർത്താവേ, നിന്നിലൂടെ അവൻ വീണ്ടും സ്വതന്ത്രനായി തീരട്ടെ.


www.malankaralibrary.com

9. അവൻ ചുറുചുറുക്കുള്ള ജോഡിക്കുതിരകളെ കടിഞ്ഞാൺ കൊണ്ട് നിയന്ത്രിക്കുന്നു. എന്നാൽ മരണം അവന്റെ വായടയ്ക്കുകയും അവനെ പാതാളത്തിൽ ബന്ധിക്കുകയും ചെയ്യുന്നു. എല്ലാവരെയും വിമോചിപ്പിക്കുന്നവനേ, അവനെയും വിമോചിപ്പിക്കണമെ.

10. അവൻ കിരീടവും മകുടവും ധരിച്ച് സിംഹാസനത്തിൽ ഇരിക്കുന്നു; എന്നാൽ മരണം അവനെ തട്ടിമറിച്ചിട്ട്, അവന്റെ ആഭരണങ്ങൾ നശിപ്പിക്കുന്നു. എന്റെ കർത്താവേ, നിന്നിലൂടെ അവൻ വീണ്ടും ബഹുമാനിതനാകട്ടെ.

11. അവൻ എഴുതുകയും വായിക്കുകയും തർക്കിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സമസ്തവിജ്ഞാനവും ഉപയോഗിച്ചും മരണത്തെ അനുനയിപ്പിക്കാൻ അവന് കഴിയുന്നില്ല. എന്റെ കർത്താവേ, നിന്നിലൂടെ അവൻ രക്ഷിക്കപ്പെടട്ടെ.

12. അവൻ സിഹത്തെ അടച്ചുപൂട്ടുന്നു, വ്യാളിയെ ബന്ധിക്കുന്നു. എങ്കിലും പാതാളത്തിന്റെ ഗുഹയിൽ മരണം അവനെ അടയ്ക്കുന്നു. കാഹളനാദം അവനെ അവിടെനിന്ന് പുറപ്പെടുവിക്കട്ടെ.

13. അവൻ മരം വെട്ടിയിടുന്നു, അത് മുളച്ച് വീണ്ടും വളരുന്നു. എന്നാൽ മരണം അവനെ തന്റെ എല്ലാ സ്നേഹിതരിൽനിന്നും വേർപെടുത്തുന്നു. നിന്റെ മഹത്വത്തിൽ അവരെ വീണ്ടും കാണാൻ അവനിടയാകട്ടെ.

14. അവൻ മരുന്നുവച്ചുകെട്ടി മുറിവുകൾ കരിക്കുന്നു. എന്നാൽ മരണമുറിവ് എല്ലാ മരുന്നുകളും തള്ളിക്കളയുന്നു. ജീവാമൃതം അവനെ സുഖപ്പെടുത്തട്ടെ.

15. അവൻ മരിക്കുമ്പോഴുള്ള അവന്റെ ജീർണതയുടെ ദുർഗന്ധമകറ്റാൻ ലേപനങ്ങൾക്കോ, സുഗന്ധദ്രവ്യങ്ങൾക്കോ, ബാൾസം തൈലങ്ങൾക്കോ കഴിവില്ല. നിന്റെ ഉപ്പുകൊണ്ട് അവൻ സുഗന്ധപൂരിതനാകട്ടെ.

16. മണിക്കൂറുകളും സമയങ്ങളുമായി അവൻ നക്ഷത്രങ്ങളെ തിരിച്ചിരിക്കുന്നു. എന്നാൽ അവന്റെ വേർപാടിന്റെ നാഴിക അവനറിയില്ല. എല്ലാം അറിയുന്നവന് സ്തുതി.

17. ഈ ഭൗമികകാര്യങ്ങളിൽ അവൻ വ്യാപരിക്കുന്നു. ആകാശ ഗോളങ്ങളെപ്പറ്റി ആരായുന്നു.എന്നാൽ മരണം അവനെ പിടികൂടുമ്പോൾ അവന് വഴിതെറ്റുകയും അമ്പരപ്പിക്കുകയും ചെയ്യുന്നു. എന്റെ കർത്താവേ, നിന്നിലൂടെ അവൻ രക്ഷിക്കപ്പെടട്ടെ.

18. അവൻ പലിശ വാങ്ങി മുതലിനോട് ചേർക്കുന്നു. അവൻ അതെല്ലാം വലിച്ചെടുത്ത് വാരിക്കൂട്ടി, വിതരണം ചെയ്ത് അനന്തരാവകാശികൾക്ക് നൽകുന്നു. നിന്റെ കൃപ അവനെ യഥാർഥമായി സമ്പന്നനാക്കട്ടെ.


www.malankaralibrary.com

19. അവൻ ഉഷ്ണകാലത്തിനും ശീതകാലത്തിനും തനിക്കായി വീടുകൾ പണിയുന്നു. എന്നാൽ ഉഷ്ണകാലത്തിനും ശീതകാലത്തിനും ഒരേയൊരു കല്ലറ മതി. ഏദനിൽ അവൻ തന്റെ സന്തോഷം കണ്ടെത്തട്ടെ.

20. അവൻ ഭൂമി പങ്കിട്ടുകൊടുക്കുന്നു. അത് ലഭിക്കുന്നവർ അത് വികസിപ്പിക്കുന്നു. മരണം അവന്റെ അളവെടുത്ത് പാതാളത്തിൽ മൂന്നുമുഴം നൽകുന്നു. അവൻ നിന്നെ എതിരേൽക്കാൻ ഇടയാകട്ടെ.

21. അവൻ വീഞ്ഞുണ്ടാക്കുകയും പലതരം ഭക്ഷണസാധനങ്ങൾ തയാറാക്കുകയും ചെയ്യുന്നു. മരണം  അവന്റെ വായ് അടയ്ക്കുകയും അവന്റെ ഭക്ഷ്യവസ്തുക്കൾ അപഹരിക്കുകയും ചെയ്യുന്നു. നിന്റെ മേശ അവനെ സാന്ത്വനപ്പെടുത്തട്ടെ.

22. അവൻ തന്റെ ജീവസന്ധാരണത്തിന് അത്യാർത്തിയോടെ നിക്ഷേപങ്ങൾ വാരിക്കൂട്ടി വർദ്ധിപ്പിക്കുന്നു. മരണം അവനെ കൂട്ടിക്കൊണ്ടുപോകുകയും പാതാളത്തിൽ അടക്കുകയും ചെയ്യുന്നു. നിന്റെ ഉത്ഥാനം അവനെ അവിടെനിന്ന് പുറപ്പെടുവിക്കട്ടെ.

23. അവൻ തന്റെ വഴിയിൽ ധൃതിപ്പെടുന്നു. തന്റെ അതേ പാതയിലൂടെ തിരിച്ചെത്തുന്നു. എന്നാൽ ഒരു വഴിയിലൂടെ അവൻ പോകുകയും തിരികെ വരാതിരിക്കുകയും ചെയ്യുന്നു! നിന്റെ പറുദീസായിലേക്ക് അവൻ തിരിച്ചുവരട്ടെ.

24. മൃതശരീരം വഹിക്കുന്നവരെ വിളിക്കുന്നു, ശവമഞ്ചം എടുക്കുന്നവർ അവന്റെ കട്ടിലിനടുത്തേക്ക് ശവമഞ്ചം കൊണ്ടുവരുന്നു. അതിൽ നിന്ന് പറന്നുകയറാൻ നിന്റെ ഉത്ഥാനം അവനിടയാക്കട്ടെ.

25. തന്റെ ഭവനങ്ങൾ വിപുലമാക്കാൻ അവൻ അധ്വാനിച്ചു. എന്നാൽ അവന്റെ ജഡം ഒരു കല്ലറയിൽ ഒതുങ്ങി; അവന്റെ പൂഴി ഒരു കൈക്കുമ്പിളിലും. അവനെ പുതുതായി സൃഷ്ടിക്കണമെ.

# 75

**"ഓ, എന്റെ കർത്താവേ, നിന്റെ ഉദ്യാനത്തിൽ" എന്ന രീതി" (2)**

1. മരണദിനം കയ്പ്പേറിയ ദിനവും നെടുവീർപ്പിന്റെ ദിനവും കരച്ചിലിന്റെ ദിനവുമാണ്. എന്റെ കർത്താവേ, നീ ഞങ്ങളുടെ സമാശ്വാസം ആയിരിക്കണമെ.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നീ ഞങ്ങളുടെ സമാശ്വാസം ആയിരിക്കണമെ.*



www.malankaralibrary.com

2. യോജിപ്പുള്ള ശരീരത്തിലെ ഒരവയവത്തെ, അതിന്റെ സഹോദര നെയും ബന്ധുവിനെയും, വെട്ടിമുറിച്ച് തട്ടിയെടുത്ത ദിവസം! എന്റെ കർത്താവേ, നിന്നിലൂടെ അത് വീണ്ടും കൂടിച്ചേരാൻ ഇടയാകട്ടെ.

3. തന്റെ മക്കളെപ്രതി വൃദ്ധന് ദുഃഖം കൊണ്ടുവന്ന ഒരു ദിവസം! കാരണം, തന്റെ വാർധക്യത്തിലെ വടി മരണം ഛിന്നഭിന്നമാക്കി. എന്റെ കർത്താവേ, നിന്നിൽ അവൻ തന്റെ സംരക്ഷണം കണ്ടെത്തട്ടെ.

4. ഒരു മാതാവിന്റെ ഏകമകനെ തട്ടിക്കൊണ്ടുപോകുകയും അവളെ സംരക്ഷിച്ച കരം വെട്ടിമാറ്റുകയും ചെയ്ത ദിനം! എന്റെ കർത്താവേ, നീ അവളെ സംരക്ഷിക്കണമെ.

5. തന്റെ മക്കളെ അനാഥരും മൂകരുമായി അവശേഷിപ്പിച്ചിട്ട് ഒരു പിതാവ് വേർപെട്ട കടന്നുപോയ ദിനം! എന്റെ കർത്താവേ, നീ അവരെ പോറ്റിയാലും!

6. ഒരു സഹോദരൻ തന്റെ സഹോദരനിൽ നിന്ന് വേർപെട്ട ദിവസം! എണ്ണം കുറയുകയും വിരലുകളുടെ കൂട്ടം ചെറുതാകുകയും ചെയ്തു. എന്റെ കർത്താവേ, നിന്നിലൂടെ അതിന്റെ എണ്ണം തികയാൻ ഇടയാകട്ടെ.

7. ഒരു അന്ധനായ വൃദ്ധപിതാവിൽ നിന്ന് മകൾ വേർപെട്ട ദിനം! താൻ കണ്ടുകൊണ്ടിരുന്ന തന്റെ കണ്ണിന്റെ പ്രകാശം കെട്ടുപോയി. നിന്റെ പ്രകാശം അവനെ സമാശ്വസിപ്പിക്കട്ടെ.

8. തന്റെ വാരിയെല്ലിൽ നിന്ന് പുരുഷൻ വേർപെടുകയും അവൾ ഏകാ കിനിയായി അവശേഷിക്കുകയും ചെയ്ത ദിനം! കാരണം, ശരീരത്തിന്റെ ശിരസ്സ് നഷ്ടപ്പെട്ടു. ഏദനിൽ അവൾ അതിനെ വീണ്ടും കാണാൻ ഇടയാ കട്ടെ.

9. ഒരു ഭവനത്തിൽ നിന്ന് ഭാര്യ വേർപെട്ട ദിവസം! ഭവനം കീഴ്മേൽ മറിഞ്ഞ് ചിന്നിച്ചിതറിയതുപോലെയായി. കാരണം, അതിന്റെ ക്രമീകരണം നഷ്ടപ്പെട്ടു. നിന്റെ രാജ്യം അവളെ സാന്ത്വനപ്പെടുത്തട്ടെ.

10. ഒരു ദുർവാർത്ത പെട്ടെന്ന് എത്തിച്ച ദിവസം! ആ വാർത്ത ചെവി യിൽ കടന്ന് അമ്പരപ്പിച്ചു. നിന്റെ സ്വരത്താൽ അത് സ്വതന്ത്രമാകട്ടെ.

11. നയനങ്ങൾ കണ്ണീരൊഴുക്കുകയും കൈകൾ നിലവിളിച്ചുകൊണ്ട് നെഞ്ചത്തടിക്കുകയും വായ് ശോകഗാനങ്ങൾ ആലപിക്കുകയും ചെയ്ത ദിനം! എന്റെ കർത്താവേ, നിന്നിലൂടെ ഞങ്ങൾ വിശ്രാന്തി കണ്ടെത്തട്ടെ.

12. കണ്ണീർപുഴ ഒഴുക്കാൻ ക്ഷണിക്കപ്പെട്ട ദിനം! അതു വരികയും പോകുകയും ചെയ്യുമ്പോൾ അതിന്റെ വായ് നിറയെ നിലവിളിയാണ്. നിന്റെ കൃപയാൽ ഞങ്ങൾ സമാശ്വസിക്കട്ടെ.


www.malankaralibrary.com

13. സ്നേഹിതനെ സ്നേഹിതനിൽ നിന്ന് വേർപെടുത്തിയ ദിനം! ഒന്നിച്ച് കെട്ടപ്പെട്ട നുകത്തിൽ നിന്ന് രണ്ടുകാളകൾ വേർപെട്ടു. നിന്റെ സ്നേഹത്തിലൂടെ അവ വീണ്ടും ഒന്നിച്ചുചേരട്ടെ.

14. വരനെയും വധുവിനെയും വേർപെടുത്തിയ ദിവസം! ഡാൻസ് ഹാളിൽ മൃതനെ ചൊല്ലിയുള്ള നിലവിളി ഉയരുന്നു! അവർ നിന്റെ വിവാഹ വിരുന്നിന് അണയാൻ ഇടയാകട്ടെ.

15. വരന്റെ വാഗ്ദാനങ്ങൾ അസാധുവാക്കുന്ന ദിനം! മണവറയ്ക്കു പകരം വധുവിന് അവൻ കല്ലറ സജ്ജമാക്കി. നിന്റെ മണവറയ്ക്ക് അവരെ നീ യോഗ്യരാക്കണമെ.

16. പുത്രിയെയും സഹോദരിയെയും വേർപെടുത്തിയ ദിവസം! തങ്ങളുടെ ഭവനത്തിൽ നിന്ന് അവർ പ്രാവിനെപ്പോലെ പുറപ്പെട്ടുപോയി. അവർ നിന്റെ പറുദീസായിൽ ഭവനം കണ്ടെത്തട്ടെ.

17. ഒരു ശിശുവിനെ തന്റെ മാതാവിൽ നിന്ന് വേർപെടുത്തിയ ദിവസം! മുന്തിരിങ്ങാ കാണാത്തതിനാൽ മുന്തിരിവള്ളി കേണു. ഏദനിൽ അവർ പക്വതയിലെത്താൻ ഇടയാകട്ടെ.

18. അനേകം ശിശുക്കളെ ബലാൽക്കാരമായി എടുത്തുകൊണ്ടു പോയ ദിവസം! ഫലം ശേഖരിക്കപ്പെട്ട മുന്തിരിവള്ളി ദുഃഖിക്കുകയും ഏകാകിയാകുകയും ചെയ്തു. അവർ നിന്റെ കലവറയിൽ സംരക്ഷിക്കപ്പെടട്ടെ.

19. ഏകമകൻ മരിക്കുന്നു! അപ്പോൾ താഴെവീണ ഫലത്തെപ്രതി ശിഖരം ദുഃഖത്തിൽ ആടിയുലഞ്ഞ് താഴുന്നു. എന്റെ കർത്താവേ, അത് നിനക്ക് സമർപ്പിക്കപ്പെടട്ടെ.

20. മരണത്തെ മുക്കിക്കളഞ്ഞവന് സ്തുതി. നിങ്ങളുടെ മരണം താൽക്കാലികമാണെന്ന് നിങ്ങളെ പഠിപ്പിക്കാൻ അവൻ അതിനെ ജീവനും ജീവനും മധ്യേ വച്ചു.

21. ജഡത്തിൽ നിന്നുതന്നെ നിങ്ങൾ സാദൃശ്യങ്ങൾ സ്വീകരിക്കുവിൻ. ക്രമീകൃതമായിട്ടാണ് അതിന്റെ വളർച്ചാഘട്ടങ്ങൾ വരുന്നത്. എല്ലാം പൂർത്തീകരിക്കുന്നവൻ അതിനെ കിരീടം ധരിപ്പിക്കട്ടെ.

22. വേദനിക്കുകയും ദുഃഖിക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ അക്ഷമനാണ്. നീ എല്ലാറ്റിലും പ്രകീർത്തിക്കപ്പെടാൻ, എന്റെ കർത്താവേ, അവന്റെ വേദന ലഘൂകരിക്കാൻ ഇടയാക്കണമെ.

23. ധൃതി പിടിച്ച മനുഷ്യൻ തികച്ചും ഉത്കണ്ഠാകുലനാണ്. അവന് ഉടനെ ഉയിർക്കണം. എന്നാൽ നല്ലവന് ധൃതിയില്ല. ഒന്നിനും തിടുക്കവുമില്ല. എല്ലാം സഹിക്കുന്ന അവിടുന്ന് വാഴ്ത്തപ്പെട്ടവനാകുന്നു.


www.malankaralibrary.com

24. നിങ്ങൾ അസ്വസ്തരായി, മുകുളത്തിനു മുമ്പിൽ ഫലവും ശിശുക്കൾക്കു മുമ്പിൽ കുട്ടികളെയും വച്ചിരിക്കുന്നു. അതുകൊണ്ട് ന്യായമായി നിങ്ങൾ കരയുന്നു. കാരണം, എല്ലാറ്റിനെയും ജീവിപ്പിക്കുന്നവൻ സമയം നിശ്ചയിച്ചിരിക്കുന്നു.

25. നാം നമ്മുടെ പരേതരെ വീണ്ടും കാണുമെന്നും നമ്മുടെ പ്രിയപ്പെട്ട എല്ലാവരോടുമൊത്ത്, എല്ലാം പൂർത്തിയാക്കുന്നവനെ ഏറ്റുപറയുമെന്നും, ദുഃഖാർത്തരായ നാം വിശ്വസിക്കണം. അവൻ എല്ലാവർക്കും ഉത്ഥാനവും നിത്യജീവനും നൽകും.

# 76

## "ഓ, എന്റെ കർത്താവേ, നിന്റെ ഉദ്യാനത്തിൽ" എന്ന രീതി" (3)

1. ഓ, ശരീരമേ, ആരാണ് നിന്റെ അലങ്കാരവസ്തുക്കളെ കാംക്ഷിക്കുക? ദാസ്യത്വത്തിൽ നിന്റെ സൗന്ദര്യത്തിന് സേവ ചെയ്യാൻ ആരാഗ്രഹിക്കും? എന്റെ കർത്താവേ, നിന്നിലൂടെ ഞങ്ങൾ സ്വതന്ത്രരാകട്ടെ.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നിന്നിലൂടെ ഞങ്ങൾ സ്വതന്ത്രരാകട്ടെ.*

2. ജീവഭവനത്തിൽ നിന്റെ സൗന്ദര്യം കാംക്ഷിക്കുന്നവൻ, മൃതലോകത്ത് പാതാളത്തിൽ നിന്റെ ദർശനം വെറുക്കും. എന്റെ കർത്താവേ, നിന്നെ ഞങ്ങൾ കാംക്ഷിക്കട്ടെ.

3. ശരീരമേ, നിന്നെ ഇഷ്ടപ്പെടാൻ, നിനക്കുവേണ്ടി അധ്വാനിക്കുന്ന ബുദ്ധിമാൻ ഭോഷനാണ്. നിന്നിൽ നിന്നുള്ള പ്രശംസ കിട്ടാൻ അവൻ തന്റെ പ്രഭാഷണം മോടിപിടിപ്പിക്കുന്നു. എന്റെ കർത്താവേ, ഞങ്ങളുടെ ദാസ്യത്വം കാണുക!

4. നിന്നെ സേവിക്കുന്നവൻ നിരീശ്വരനാണ്! താൻ ഇഷ്ടപ്പെടാൻ മുതിർന്നത് ആരെയാണെന്ന് നിന്റെ വേർപാടിൽ തിരിച്ചറിയുമ്പോൾ, അവൻ ലജ്ജിക്കും.നിന്നിലൂടെ നിന്റെ പിതാവിനെയാണ് ഞങ്ങൾ ഇഷ്ടപ്പെടേണ്ടത്.

5. ആയാസപ്പെടുകയും സ്വർണത്തിൽ തന്റെ സ്ഥാനം ഉറപ്പിക്കുകയും ചെയ്ത നിന്റെ വേഗതയുള്ള ചിറകുകൾ മരണം വെട്ടിനീക്കും. എന്റെ കർത്താവേ, നിന്റെ പക്കലേക്ക് ഞങ്ങൾ പറന്നുയരട്ടെ.

6. ശവത്തിനടുത്ത് കഴുകനെയും പണത്തിനടുത്ത് മനുഷ്യനെയും കാണാം. സ്വർണം ഭക്ഷണമാകാൻ അനുവദിക്കാതിരുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ ശരീരം ജീവാമൃതമാണ്.


www.malankaralibrary.com

7. അത് ആർക്കും ഭക്ഷിക്കാനാവില്ല. അതുകൊണ്ട് ആർക്കും തൃപ്തി വരികയുമില്ല. അതൊരു ഭക്ഷണസാധനമല്ല, എങ്കിലും എല്ലാവരും അതു കാംക്ഷിക്കുന്നു. നിന്റെ അപ്പം ഞങ്ങൾ കാംക്ഷിക്കട്ടെ.

8. ലോകം നിന്നെ ക്ഷണിക്കുന്നു: "പോയി അധ്വാനിക്കുക." കല്ലറ നിന്നെ ക്ഷണിക്കുന്നു: "ബലഹീനനേ, പോയി വിശ്രമിക്കുക." നിന്റെ തുറ മുഖത്ത് ഞങ്ങൾ വിശ്രമിക്കട്ടെ.

10. കരച്ചിൽകൊണ്ട് ഭവനം ദുഃഖാർത്തമാകുകയും ഭിത്തികൾക്കു മുകളിൽ ദുരിതം പരക്കുകയും ചെയ്ത ദിവസം! നിന്റെ സാന്ത്വനം അതിനെ ദൂരെയകറ്റുക.

11. എന്റെ കർത്താവേ, ഞങ്ങളെ തിന്നുന്ന അത്യാർത്തിയുള്ള മര ണത്തെ കുറ്റപ്പെടുത്തുക. അവൻ ജീവനോടെ ഞങ്ങളെ വിഴുങ്ങുകയും തന്റെ വയറ്റിൽ ഞങ്ങളെ സംസ്ക്കരിക്കുകയും ചെയ്യുന്നു. നിന്റെ കാഹളം അവനെ പൊട്ടിപ്പിളർത്തട്ടെ.

12. ശാന്തമായി കഴിയുന്നവരുടെ അലങ്കാരവസ്തുക്കൾ കൊള്ളയ ടിച്ച് അതിന്റെ സ്ഥാനത്ത് ശവമഞ്ചത്തിലെ ഇരുണ്ട വസ്ത്രമിട്ട ദിവസം! നിന്റെ ദിനം ഞങ്ങളെ സന്തോഷിപ്പിക്കട്ടെ.

13. തന്റെ ഭവനത്തിന്റെ പ്രൗഢിയിൽനിന്ന് അവൻ ഭാര്യയെ പുറത്തേക്കു നയിക്കുന്നു. ഭവനം കീഴ്മേൽ മറിഞ്ഞ് ചിന്നിച്ചിതറി അമ്പര പ്പിച്ചുകിടക്കുന്നു. കാരണം, അതിന്റെ ക്രമീകരണം നഷ്ടപ്പെട്ടു. ഞങ്ങളുടെ ആത്മാക്കളെ നീ ക്രമീകരിച്ചാലും!

14. ഉന്നതർ ദുഃഖത്താൽ താണ് കുനിഞ്ഞുപോകുന്ന ദിനം! പിഴുതു പോയ ദേവദാരുക്കളെപ്രതി ദേവദാരുക്കൾ ദുഃഖിക്കുന്നു. എന്റെ കർത്താവേ, നിന്നിലൂടെ ഞങ്ങൾ വീണ്ടും പച്ചപിടിക്കട്ടെ.

15. ആത്മാവ് പുറപ്പെട്ടു പോയതിനാൽ, ശരീരത്തിന്റെ ഉപ്പും ജീവശ ക്തിയും ഇന്ദ്രിയങ്ങളും അവയവങ്ങളും വേർപെടുന്നു. എന്റെ കർത്താവേ, അതിലൂടെ അത് അതിന്റെ അലങ്കാരം വീണ്ടെടുക്കട്ടെ.

16. ധനവാൻ തന്റെ സമ്പാദ്യങ്ങൾ നോക്കുകയും അവ അവനെ പിൻചെല്ലുന്നില്ലെന്നു കാണുകയും ചെയ്യുന്ന ദിനം! നിന്റെ കലവറ ഞങ്ങളെ സമ്പന്നരാക്കട്ടെ.

17. നീതിമാന്മാർ മാത്രം സന്തോഷിക്കുന്ന ഒരു ദിനം! സത്പ്രവൃ ത്തികളാകുന്ന യാത്രാഭക്ഷണം അവർ സ്വന്തമാക്കി കാത്തുസൂക്ഷിക്കുന്നു. നിന്റെ പ്രേരണ ഞങ്ങൾക്ക് യാത്രാഭക്ഷണം ഒരുക്കട്ടെ.


www.malankaralibrary.com

18. മുഖത്തെ തൊലി വലിച്ചു മാറ്റപ്പെടും; മുഖം നഗ്നവും നിന്ദ്യവു മാകും. നിന്റെ ഉത്ഥാനം അതിനെ വീണ്ടും അലങ്കരിക്കട്ടെ.

19. ചെവികൾ പാതാളപ്പുഴുക്കൾക്ക് വാസവും കണ്ണുകൾ കല്ലറകൃമി കൾക്ക് കൂടുമായി. എന്റെ കർത്താവേ, ഞങ്ങളുടെ വീഴ്ച കാണുക.

20. ചെളിയിൽ നിന്ന് രൂപീകരിക്കപ്പെട്ട മനുഷ്യൻ ചീഞ്ഞ് പാതാള ത്തിൽ അഴുക്കുപിടിച്ച പൊടിയായി മാറി. മനോഹരന്റെ മഹാവീഴ്ച! എന്റെ കർത്താവേ, ഞങ്ങളുടെ ജീർണത കണ്ടാലും!

21. രാജാക്കന്മാരും വേദനയോടെ മരിക്കുകയും അവരുടെ കിരീടങ്ങൾ ഉപേക്ഷിക്കേണ്ടിവരികയും അവർ പാതാളത്തിലേക്ക് ഇറങ്ങുകയും ചെയ്യുന്ന ദിവസം! നമ്മുടെ രാജാവ് സ്വർഗത്തിലാണ്.

22. എല്ലാവരെയും താഴ്ത്തുന്നതും എല്ലാവരെയും ദരിദ്രരാക്കുന്നതു മായ മരണത്തെ, എല്ലാറ്റിനെയും നശിപ്പിക്കുന്നതും എല്ലാവരെയും ആർത്തി യോടെ വിഴുങ്ങുന്നതുമായ മരണത്തെ, നിന്റെ ഉത്ഥാനം ആട്ടിയോടിക്കട്ടെ.

23. മരണദിനം കയ്പ്പേറിയ ദിനമാണ്, എല്ലാവരെയും കരയിക്കുന്ന ദിനമാണ്, എല്ലാവരെയും ദുഃഖിപ്പിക്കുന്ന ദിനമാണ്! എന്റെ കർത്താവേ, നിന്റെ ദിനം അതിനെ കീഴടക്കട്ടെ.

24. ഉത്ഥാനദിനം അവൻ എല്ലാറ്റിനെയും കൂട്ടിച്ചേർക്കും, എല്ലാവ രെയും സാന്ത്വനപ്പെടുത്തും, എല്ലാവരെയും സന്തോഷിപ്പിക്കും. എന്റെ കർത്താവേ, നിന്റെ ദിനം ഞങ്ങൾക്ക് സമാഗതമാകണമെ.

25. പിതാക്കന്മാർ തങ്ങളുടെ മക്കളെ കാണുന്ന ദിവസം! സഹോദര ങ്ങൾ തങ്ങളുടെ സഹോദരങ്ങളെ കാണുന്ന ദിവസം! എല്ലാവരെയും ജീവി പ്പിക്കുന്ന നിനക്ക് സ്തുതി.

# 77

## "ഓ, എന്റെ കർത്താവേ, നിന്റെ ഉദ്യാനത്തിൽ" എന്ന രീതി"(4)

1. നമ്മുടെ ജീവിതം എങ്ങനെ സ്വപ്നതുല്യമാണെന്ന് പരേതരിൽ നിന്ന് നമുക്ക് കാണാം. കാരണം, ഉടമസ്ഥൻ മായാദർശനം പോലെ അപ്ര ത്യക്ഷനാകുന്നെങ്കിൽ, എത്രയധികമായിരിക്കും അവന്റെ സമ്പാദ്യം!

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നീഅവനെ ഉയിർപ്പിക്കണമെ.*

www.malankaralibrary.com

2. അതുകൊണ്ട്, വരുവിൻ, നമ്മുടെ ചട്ടക്കൂട് അഴിഞ്ഞുപോകുന്ന ഈ ദിവസത്തെപ്രതി ഈ നശ്വരലോകത്തെ ദർശിക്കുന്നത് വിട്ടുപേക്ഷിക്കാം. നമ്മുടെ കർത്താവിനെ വന്ന് സേവിക്കുവിൻ.

3. വായ് മൂകമാകുന്ന ദിനം! അതിൽ നിന്ന് ശബ്ദമൊന്നും വരുന്നില്ല. കാരണം, അതിന്റെ സംസാരത്തിന്റെ ഉറവ, അതിന്റെ വാക്കുകളുടെ ഉറവിടം വറ്റിപ്പോയി. നിന്റെ വാക്കുകളാൽ അതിനെ സാന്ത്വനപ്പെടുത്തണമെ.

4. തുറന്ന ചെവി അടയുന്ന ദിനം! കാരണം, മരണം അതിനെ അടച്ചു കളയുകയും അത് ബധിരമായി തീരുകയും ചെയ്തു. നിന്റെ സ്വരത്താൽ അത് വീണ്ടും തുറക്കപ്പെടട്ടെ.

5. ആത്മാവിന്റെ വസതിയുടെ ദീപവും വിളക്കുമായ മനോഹര നയനങ്ങൾ അടഞ്ഞ ദിനം! നിന്റെ പ്രകാശം കാണാൻ അതിനിടയാകട്ടെ.

6. വാടകക്കാരിയായ ആത്മാവ് വിട്ടുപോയ വീടിന്റെ ജനൽപോലെ അവൻ നയനങ്ങൾ അടച്ച് ഇരുട്ടാക്കി. ഉത്ഥാനത്തിൽ ആ വസതി ആത്മാവിനെ വീണ്ടും സ്വീകരിക്കട്ടെ.

7. കൈകൾ ബന്ധിതമായി അനക്കമില്ലാത്ത ഒരു ദിനം! മനുഷ്യൻ പൂർത്തിയാക്കാൻ കഴിയാതെ ആരംഭിച്ചു. അവൻ വേദന അവശേഷിപ്പിച്ചു. നിന്റെ ശക്തിയാൽ അവൻ വീണ്ടും ബലവാനായിത്തീരട്ടെ.

8. ചുവടുവയ്പ്പിന്റെ അന്ത്യം കുറിക്കുകയും കാൽപ്പാടുകൾ അവ്യക്തമാകുകയും ചെയ്യുന്ന ദിനം! മരണദിനം അവന്റെ പാത മുറിച്ചുമാറ്റിയതിനാൽ, ചുവടുവയ്പ്പ് ഇല്ലാതാകുന്നു. നിന്റെ വിവാഹവിരുന്നിൽ അവ സന്തോഷത്താൽ കുതിച്ചു ചാടട്ടെ.

9. ജീവവായു അകത്തേക്കു കയറുന്നത് തടഞ്ഞ ദിനം! അകത്തു നിന്ന് അവൻ അതിനെ ഞെരുക്കുന്നു. അത് പുറത്തേക്കു പോകാൻ അവൻ പ്രേരിപ്പിക്കുന്നു. ഉത്ഥാനത്താൽ മരണദിനത്തെ ആട്ടിയോടിക്കണമെ.

10. മരണദിനം ജീവത്പ്രകാശനചക്രമായ ചിന്തയെ മരവിപ്പുവഴി വരിഞ്ഞുകെട്ടുകയും മൂകതയാൽ നിശ്ചലമാക്കുകയും ചെയ്യുന്നു. അതിനെ നിന്റെ രാജ്യത്തിന് യോഗ്യയാക്കണമെ.

11. നിറംമാറ്റം സംഭവിക്കുന്ന ദിനം! ജീവന്റെ നിറത്തിനു പകരം മൃതസദൃശ്യമായ വിളർച്ച സംഭവിക്കുന്നു. നിന്റെ പ്രകാശത്താൽ അത് വീണ്ടും പ്രകാശിതമാകട്ടെ.

12. ഉണക്കപ്പുല്ലും മൂകശരീരവും തുല്യമാണ്. അത് നല്ലവനെ കാണുന്നു. അവൻ ഉണക്കപ്പുല്ലിനെ വീണ്ടും ഉണർത്തുന്നെങ്കിൽ, തന്റെ


www.malankaralibrary.com

മഹത്വത്തിന് നിങ്ങളുടെ ശരീരങ്ങളെ എത്രയധികമായി വീണ്ടും ജീവിപ്പിക്കുകയില്ല!

13. ഓരോന്നിനും അതാതിന്റെ സമയത്തിന് നാഴിക നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എല്ലാറ്റിന്റെയും കർത്താവ് അപ്രകാരം നാഴിക നിശ്ചയിച്ചിരിക്കുന്നു. എല്ലാറ്റിന്റെയും സ്രഷ്ടാവിന് സ്തുതി!

14. പത്താം മണിക്കൂർ ആറാം മണിക്കൂറിന് മുമ്പ് വരില്ല. അതുകൊണ്ട് ഒരു നാഴികയ്ക്ക് മുമ്പ് മറ്റൊന്നും വയ്ക്കാൻ മുതിരേണ്ട. എല്ലാറ്റിനെയും ക്രമീകരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

15. ക്രമമനുസരിച്ചുള്ള മാസക്രമീകരണവും നല്ലതുതന്നെ. ഒരു മാസവും ക്രമം തെറ്റിച്ച് മറ്റൊന്നിന്റെ മുമ്പിൽ കടക്കുന്നില്ല. അവിടുന്ന് തന്റെ ക്രമീകരണത്തിൽ വാഴ്ത്തപ്പെട്ടവനാകുന്നു.

16. ഏപ്രിൽ മാസത്തിനുമുമ്പ് നവംബർമാസം വന്നാൽ അത് ക്രമരാഹിത്യമായിരിക്കും. "ഉത്ഥാനം എവിടെ?" എന്നു ചോദിക്കുന്നതും ക്രമരാഹിത്യമാണ്. എല്ലാറ്റിനെയും ക്രമീകരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

17. വിതയ്ക്കുമുമ്പ് കൊയ്തുവരുന്നത് ക്രമരാഹിത്യമാണ്. അതുപോലെയാണ് മരണത്തിനു മുമ്പ് ഉത്ഥാനം വരുന്നതും. നമ്മുടെ കർഷകന് സ്തുതി.

18. മരണത്തിന്റെ വിത അവസാനിച്ച് പൂർത്തിയായി കഴിയുമ്പോഴേ ഈറയരുടെ വരവും കൊയ്ത്തിന്റെ നാഴികയും സമാഗതമാകൂ. നമ്മുടെ വിതക്കാരന് സ്തുതി.

19. അതുകൊണ്ട്, മരണത്തിനുമുമ്പ് ജനനം വരുന്നതും ഉത്ഥാനം മരണത്തെ കീഴ്പ്പെടുത്തുന്നതും നല്ലതാണ്. സർവജ്ഞന് സ്തുതി.

ഭാഗ്യവാനായ മാർ അപ്രേമിന്റെ 77 നിസിബിയൻ ഗീതങ്ങളുടെ ലഘുഗ്രന്ഥം അവസാനിച്ചു.

## അനുബന്ധം

## ഒരു ചരമഗീതം

1. എന്റെ വത്സലനേ, നിന്റെ പാത സന്തുഷ്ടിയുടെ പാതയാണ്. അതേപ്പറ്റി ദുഃഖിക്കേണ്ട. നമ്മുടെ കർത്താവ് നിന്നെ സ്നേഹിച്ചതിനാൽ, നിന്നെ വേഗത്തിൽ ജീവനിലേക്ക് കൂട്ടിക്കൊണ്ടുപോയി.


www.malankaralibrary.com

2. നിങ്ങളുമായുള്ള സംസർഗത്തിൽനിന്ന് വേർപിരിയേണ്ടിവന്നതിനാൽ, എന്റെ ആത്മാവ് ഞെരുങ്ങുന്നു. ഞാൻ നിത്യവിശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകപ്പെട്ടെങ്കിലും, ഞാൻ നിങ്ങളെ തേടുന്നു.

3. എന്തുകൊടുത്താൽ ബലഹീന മനുഷ്യന് നിന്റെ പക്കലേക്ക് വരാൻ കഴിയും? കാരണം, അത്യഗാധമായ കടലാണ് നീ കടന്നിരിക്കുന്നത്.

4. ഞാൻ വിട്ടുപേക്ഷിക്കേണ്ടിവന്നതിനേക്കാൾ പ്രകാശപൂരിതമാണ് ഞാൻ വന്നിരിക്കുന്നിടം. നിങ്ങളെ വേർപിരിയേണ്ടിവന്നതിൽ മാത്രമേ എനിക്കു വേദനയുള്ളൂ.

5. വിവേകശാലികൾക്ക് നിന്റെ ദുഃഖം സന്തോഷം പകരുന്നു. നീ ഞങ്ങളിൽ നിന്ന് വേർപെട്ട് രാജാവിന്റെ വാതിൽക്കലേക്ക് പോയിരിക്കുന്നു.

6. ഞാൻ നിങ്ങളോടൊത്ത് കഴിയുകയും അധ്വാനിക്കുകയും വരനെന്നപോലെ വിവാഹസമ്മാനം ഒരുക്കുകയും ചെയ്തപ്പോൾ, എനിക്ക് ഇതറിയാമായിരുന്നു.

7. നീ കടം കൊടുത്തയാൾ നൂറുമടങ്ങും അതിലുപരിയും മടക്കിത്തരും. അതുകൊണ്ട് നീ എത്തിച്ചേർന്ന നിന്റെ ഭവനമായ മണവറ പ്രകീർത്തിക്കപ്പെടട്ടെ.

8. ഞാൻ പരിഭ്രമിക്കത്തക്കവിധം എന്റെ മരണം അടുത്തായിരുന്നോ എന്ന് ഞാനറിഞ്ഞില്ല. സന്തോഷപൂർവം എന്റെ ജീവന്റെ താക്കോൽ ഞാൻ കണ്ടെത്തി.

9. നീ താഴ്മ സ്വന്തമാക്കാനായി നിനക്ക് നേരത്തേതന്നെ സ്വസ്തത നൽകിയ കർത്താവിന്റെ വിജ്ഞാനത്തിനു സ്തുതി.

10. ജ്ഞാനിയെപ്പോലെ നിങ്ങൾ നന്നായി സമാശ്വസിപ്പിച്ചു. എന്നാൽ ഇനിയും ജീവിക്കാൻ സാധിച്ചിരുന്നെങ്കിൽ, കൂടുതൽ പുരോഗമിക്കാമായിരുന്നെന്ന് എനിക്കറിയാം.

11. മനുഷ്യരൊക്കെ ഞാണിന്മേലും കുരുക്കിന്മേലും നടക്കുന്നു. കുരുക്കിന്റെ പ്രതലത്തിൽനിന്ന് പെട്ടെന്ന് കടന്നുകളഞ്ഞ നീ ഭാഗ്യവാനാകുന്നു.

12. ഞാനിവിടെ തുടർന്ന് ജീവിച്ചിരുന്നെങ്കിൽ, എനിക്ക് നാശം സംഭവിക്കുമായിരുന്നെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ജീവിതത്തിൽ തുടർന്നിരുന്നെങ്കിൽ, എന്റെ സ്വർഗസൗഭാഗ്യം വളരെ കുറവാകുമായിരുന്നു.

13. ദാവീദിന്റെ പുത്രൻ എല്ലാ രാജാക്കന്മാരേക്കാളും ബുദ്ധിമാൻ ആയിരുന്നില്ലേ? എന്നാൽ നുണയനെ കണ്ടുമുട്ടിയപ്പോൾ, അവൻ വിഡ്ഢിയായിത്തീർന്നു.


www.malankaralibrary.com

14. എന്നാൽ അവന്റെ പിതാവായ ദാവീദിനെ ചൂണ്ടിക്കാണിക്കുന്നത് എനിക്കു മതിയാകും. അവന്റെ യൗവനം മുതൽ വാർധക്യംവരെ അവൻ വിജയിക്കുകയും പ്രകാശിതനാകുകയും ചെയ്തു.

15. അവൻ തന്റെ പുത്രന് വളരെ സമനായിരുന്നു. അതുകൊണ്ട് അവൻ അവനെപ്പോലെ പ്രവർത്തിച്ചു. അനുദിനം മുന്നറിയിപ്പു ലഭിച്ചെങ്കിലും അവൻ ദൈവത്തെ മറന്നുകളഞ്ഞു.

16. ജോബിന്റെ പുസ്തകം വായിച്ചു മനസ്സിലാക്കുക: അവൻ തന്റെ സമ്പാദ്യം ഇരട്ടിയാക്കി. എന്നാൽ അവന്റെ യൗവനത്തേക്കാൾ മെച്ചമായിരുന്നു അവന്റെ വാർധക്യം.

17. ജീവൻ നീട്ടിക്കിട്ടാനായി കരഞ്ഞ രാജാവിനെ ശ്രദ്ധിക്കുക! അപേക്ഷിക്കത്തക്കവിധം അവന്റെ സമ്പത്ത് ജീവിതത്തിൽ എങ്ങനെയാണ് ചുരുങ്ങിപ്പോയത്?

18. പ്രാർഥനാപുത്രനായ സാമുവേലിനെ മാത്രം നോക്കുക. പാപം ചെയ്ത ജനത്തിന് അവന്റെ വാർധക്യം കണ്ണാടിയായിത്തീർന്നു.

19. സാംസണെപ്പറ്റി ആശ്ചര്യഭരിതരാകുക; അവൻ എത്ര ശ്രേഷ്ഠനായിരുന്നു. തന്റെ നസ്രായത്വം നശിപ്പിച്ചില്ലായിരുന്നെങ്കിൽ, അവൻ അന്ധനാകുമായിരുന്നില്ല.

20. തന്റെ ദൈവത്തിന്റെ മുമ്പാകെ നീതിമാനായ അബ്രഹാം യോഗ്യനായിരുന്നു. തന്റെ അധ്വാനഫലം അവന് ലഭിച്ചത് തന്റെ വാർധക്യത്തിൽ മാത്രമാണ്.

21. മരണം ആസ്വദിച്ച നമ്മുടെ കർത്താവിലായിരിക്കട്ടെ നിന്റെ സമാശ്വാസം! മരിച്ചവനെ അവിടുന്ന് ജീവിപ്പിച്ചെങ്കിലും നമ്മെപ്പോലെ അവൻ പീഡയനുഭവിച്ചു.

22. ഇതാ, എന്റെ സഖികളെന്ന നിലയിൽ നിങ്ങൾ ഇപ്പോൾ എന്നെ സാന്ത്വനപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ തുടർന്നും സമാധാനത്തിൽ ജീവിച്ച് നിങ്ങളുടെ ഒരു സഹോദരനെപ്പോലെ എന്നെ അനുസ്മരിക്കുവിൻ.

O

# BIBLIOGRAPHY


Anderson, G. A., 'The Fall of Satan in the thought of St. Ephrem and John Milton' in *Hugoye: Journal of Syriac Studies* 3, 1(2000).

Beck, E., Des heiligen Ephraem des Syrers Carmina Nisibena I (*CSCO* 218/219, Syr.92/93) Louvain, 1961.*

Beck, E., Des heiligen Ephraem des Syrers Carmina Nisibena II (*CSCO* 240/241,Syr.102/103) Louvain, 1963.*

Bickell Gustav, S. Ephraemi Syri Carmina Nisibena….Lipsiae 1866 (Syriac and Latin Texts).

Brock, S. P., *A Garland of Hymns from the Early Church*, McLean (Virg.), 1989, (*Hymns on Nisibis*= *HN*) 41.

Brock, S. P., *Sogyata mgabbyata*, (Dialogue Sogyata) Glane - Lossar 1982 (Syriac Texts of Hymns on Nisibis, 52-54)

Brock, S. P., *The Harp of the Spirit*, London, 1975, HN 36.50; Enlarged edition: London 1983, *HN* 36.50.52.6; also *HN* 52 in 'Dialogue Hymns of the Syriac Churches', in *Sobornost/ Eastern Churches Review* 5:2(1983) p.36-38

Brockelmann,C., *Syrische Grammatik mit Paradigmen, Literaltur, Chrestomathie und Glossar*, Leipzig, 1965, *HN* 13 : p.44-47.

Bundy, D., 'Jacob of Nisibis as a model for the episcopacy', in *Le Museon* 104 (1991), 235-249: based on *HN* 13-16.

Feghali P. & Navarre, C., *Saint Ephrem, les chants de Nisibe*, Paris 1989.

Feghali, P., 'Notes sur l'influence de S. Paul sur les Carmina Nisibena de Saint Ephrem', in *Parole de l'Orient* 9 (1979-1980); *HN* 35.65 (French Translation), p.14-25.

Ferry, C., S. *Ephrem poete*, Paris-Nimes,1877 (contains the French tr. of Several *HN*)


* The Malayalam Translation is based on this text



www.malankaralibrary.com

Gismondi, H., *Linguae syriacae grammatica et chrestomatia cum glossario*, Paris, 1913, HN.52: p.53

Grelot, P., 'Un poeme de saint Ephrem: Satan et la Mort', in *L'Orient Syrian* 3(1958) p.443-452 : HN 52.

Gwynn, J., Selection translated into English from the Hymns and Homilies of Ephrem the Syrian ……(*A Select Library of Nicene and Post Nicene Fathers of the Christian Church*, second series, vol. 13, part 2), Oxford-New York, 1898 :HN 1-21.35-42.62-68.

Hir, A.le, 'S.Ephrem et la poesie syriaque au IVe siecle', in *Etudes religieuses,historique et litteraires*,13e annee, 4e serie, tome premier, 1868, p. 391-414.

HN=*Hymns on Nisibis*

Jansen, L. 'Et Carmen Nisibenum av Afrem Syrus' in *Norst Theologisk Tidskrift* 57(1956)129-136.

Kees den Biesen, *Bibliography of Ephrem the Syrian*, Giove in Umbria, 2002.

Macke,C., *Hymnen aus dem Zweistroemeland*. Dichtungen des hl.Ephrem des Syrers aus dem syrischen Urtext metrisch ins Deutsche uebertragen und mit erklaerende Anmerkungen versehen, Mainz, 1882, p.6-239: HN 1.3.10.13.17-21.33-41.43.47-49.70.74-77.

Macke,C., in *Gottesminne* 3(1905) HN 52-68(verse tr.)

Martikainen, J. 'Some remarks about the Carmina Nisibena as a literary and a theological source' in *Symposium Syriacum* 1972 (*Orientalia Christiana Analecta* 197) Roma 1974, p.345-352.

Nin, M., *Efrem de Nisibis*: hinnes i homilies, Proa,1977: HN 13-14 (Catalan tr.).

Rodrigues Pereira A. S., *Studies in Aramaic Poetry*, Leiden, 1996, Assen 1997 :HN 35-42(Syriac Texts and English tr.).

Vergani, E., 'Giustizia e grazia di Dio per la citta assediata. Le raffigurazioni del nemico negli inni su Nisibi (1-12) di Efremo il Siro', in G. Ruggieri(ed.),*I nemici della Cristianita*, Bologna, 1997,1-58.

Zingerle,P., Ausgewaehlte Schriften des hl. Ephraem von Syrien aus dem Syrischen und griechischen,Kempten,1873 (*Bibliothek der Kirchenvaeter* vol.2, p.157ff.): HN 34-42.60.66.69.



www.malankaralibrary.com

# Fr. Geevarghese Chediath

Fr.Geevarghese Chediath (b.1945) is a priest of the Archdiocese of Trivandrum of the Malankara Catholic Church.He was born at Athirumkal on 29th May 1945 .His parents are C.G. Daniel (+2004) and Saramma. He had his Seminary Studies at the St.Thomas Apostolic Seminary, Vadavathoor/Kottayam and was ordained on 20th December 1969. Then he was Vice Rector (1970-1973) and later Rector (1993-96) at the St. Aloysius Minor Seminary, Pattom/Trivandrum. He was Secretary to the Archbishop Most Rev.Benedict Mar Gregorios. He had his Doctoral Studies at Augustinianum/Rome (1973-1978). He wrote his Doctoral Dissertation on the *Christology of Mar Babai the Great (+628)*. He taught at the St.Thomas Apostolic Seminary, Vadavathoor/ Kottayam (1979-1993) and is a Permanent Professor of the Pontifical Oriental Institute there. He is a Resident Professor at the St. Mary's Malankara Major Seminary, Nalanchira/Trivandrum since 1996. He teaches also at the St. Ephrem Ecumenical Institute (SEERI) Kottayam, and the Missionary Orientation Centre (MOC) Manganam/Kottayam. He teaches Patristics, Church History, Christology and Ecumenism. He was a member of the Pro-Oriente Syriac Commission, and is a member of the *Forum Syriacum* of the Pro-Oriente Foundation, representing the Malankara Catholic Church. He was one of the Malankara Catholic representatives at the *Catholic-Malankara Orthodox* and *Catholic – Syriac Orthodox* International theological Dialogues. He has written 95 books. He is the Section Editor of the Quarterly *Christian Orient* (Ecumenism).

# Books

***A. Malayalam Books***

1. Mar Aprem, *Suviseshabhashyam* (St.Ephrem, Diatessaron Commentary in Malayalam translation) , Kottayam, 2002.

2. Mar Aprem, *Ulpathibhashyam* (St. Ephrem, Commentary on Genesis, Letter to Publius, Sermon on our Lord, Hymns against Julian), 2001.


www.malankaralibrary.com

3. Mar Aprem, *Parudeesageethangal* (St.Ephrem, Hymns on Paradise), 2001.

4. Mar Aprem*, Kanyathvageethangal* (St.Ephrem, Hymns on Virginity) 2001.

5. Mar Aprem, *Manushyavatharageethangal* (St.Ephrem, Hymns on Nativity) 2001.

6. Mar Ishodad, *Suviseshabhashyam* (Ishodad, Commentary on the Gospels) 1997.

7. Mar Ishodad, *Puthiyaniyamabhashyam*, (Ishodad, Commentary on the New Testament: Acts and the Epistles) 2002.

8. *Sabhapithakanmar* (The Fathers of the Church) 1980.

9. *Sabhapithakanmar-I* (The Fathers of the Church-vol. 1) 1987.

10. *Sabhapithakanmar-II* (The Fathers of the Church-vol. II) 1988.

11. *Sabhapithakanmar-III* (The Fathers of the Church-vol. III) 2000.

12. *Jerusalemile Cyril*, *Matadhyapana Prasangangal* (Cyril of Jerusalem, Catechetical Homilies) 2000.

13. *Theodore, Matadhyapana Prasangangal* (Theodore of Mopsuestia, Catechetical Homilies), 1986.

14. *John Chrysostom, Matadhyapana Prsangangal* (Catechetical Homilies) 2003.

15. *Mar Marutha, Kanonakal* (The Canons of Mar Marutha of Maipherqat) 1989.

16. *Sunnahadosukal* (The Ecumenical Councils) 1996.

17. *Synodicon Orientale* (The Synods of the East Syrian Church) 1996.

18. *Mathews Mar Athanasiosinte Malankara Canon (*ed.), 2002.

19. *Pracina Sanyaasa Charitram* (Palladius, Lausiac History) 1993

20. *Sanyasathinte Anthardhaara* (St. Athanasius, Life of Antony) 1992.

21. *Palastinayile Sanyaasikal* (Cyril of Scythopolis, The Lives of the Monks of Palestine) Trivandrum 1994.

22. *Visudha Euthimiyasinte Jeevacaritram* (Cyril, The Life of St. Euthymius), Trivandrum, 1994.


www.malankaralibrary.com

23. *Theodoret, Christubhashyam* (Eranistes)*,* Kottayam, 2007.

24. *Paithrkaprabhodhanam,* Anchal, 1973.

25. *Aadimasabhayude Sandesam* (Patristic manual- vol.1), 1994.

26. *Aadimasabhapitakanmar* (Patristic Manual vol 2) 1993(2nd ed.).

27. *Latin Sabhapitakanmar* (Patristic manual- vol. 3:Latin Church Fathers) 1992.

28. *Apostolika Pitakanmar* (The Apostolic Fathers) 1996(2nd ed.).

29. *Suriani Sabhapitakanmar* (Abdiso, Catalogus Librorum) 1982.

30. *Patristic Quiz*, 2001.

31. *Qurbanayude Vyakhyanangal* (Commentaries of the Holy Mass) 2000.

32. *Mar Babai, Christusastram* (Mar Babai the Great, Liber de Union, Kottayam, 2000.

33. *Jerome-Gennnadius, Mahatvyaktikal*, 1992.

34. Gregory Nyssa, *Giriprabhashanam* (Sermon on the Mount) ed.1982.

35. *Gregory Nyssa, Karthrprarthana* (The Lord's prayer), ed.1982.

36. *Marthomayude Nadapadikal* ( Acts of Thomas), 1998 ((3rd ed.).

37. *Eusebius-Thirusabhacharitram* (Ecclesiastical History) 1998 (2nd ed.).

38. *Socartes, Sabhacharitram* (Ecclesiastical History) 1990.

39. *Bar Ebraya, Sabhacharitram* (Ecclesiastical History-Part – II) 1990.

40. *Malankara Sabhacharitram* (Malankara Church History-I) 1998(2nd ed.).

41. *Antiochean Sabha-Udbhavavum Valarchayum* (Antiochene Church-Origin and Growth) 1986.

42. *Sabhacharitram:MalankaraSabha*,(Atmabodhanam-6),Tiruvalla, 2000.

43. *Origen, Uthamageetabhashyam* ,(Commentary on the Song of Songs) ed. 1986.

44. *Origen,Lukabhashyam* (Homilies and Fragments on the Gospel according to St. Luke by Origen), Trivandrum, 2005.

45. *Yohannante Suvisesham-Origente Bhashyam*(Origen, Commentary on the Gospel according to St. John) Trivandrum, 2005.



www.malankaralibrary.com

46. *Didascalia*, ed.1987

47. *Bar Salibi, Aaradhanakramathinte Vyakyanam* (Commentary on the Liturgy) 1990.

48. *Jeevamrtam* (Documents on Eucharist) (ed.) 1991

49. *Hermasinte Idayan* (The Shepherd of Hermas) (2nd ed.). 1992

50. *Prarthana Sabhayil* (Prayer in the Church) (2nd ed.). 1993

51. *Prarthana Surianisabhayil*, (Prayer in the Syriac Church) 1991.

52. *Qudosh Idtho Njayar* (Bible service) 1973.

53. *Marthomayude Dukrana* (Bible Service) 1984

54. *Malankara Geetangal*, 1981.

55. *Chraistava Geetangal*, 1982.

56. *Bible Geetangal*, 1983.

57. *Mathrkeertanangal,* 1988.

58. *Triyekadeivam* (Divine Trinity), 1993.

59. *Satyadeivavum Satyaaradhanayum* (The True God and the True Worship), 1995.

60. *Perunnalukalum Vedavayanakkurippukalum* (Liturgical Readings), Trivandrum, 1973.

61. *Madhyakala Sabbhacaritram*, (History of the Church of the Middle Ages) 2000.

62. *Katholika Visvasavum Pentecost Veekshanangalum* (The Catholic Faith and the Pentecostal Views-a comparative study) (5th ed.) 2005 .

63. *Ecumenism*, 1998.

64. *Sabhacaritra Patanangal* (Studies in Church History), (3rd ed.) 1996 .

65. *Paurastya Katholicos* (The Catholicos of the East) (2nd ed.) 1999.

66. *Marthoma Sleehayude Indian Sabha* (The Indian Church of St. Thomas) (3rd ed.) 2001.

67. *Keralathile Chraistava Sabhakal* (The Christian Churches in Kerala), (4th ed.) 1998.

68. *Yehowa Sakshikal*, (5th ed.) 1993.

69. *Sisusnanam Vedanusrtham*, (3rd ed.) 1998.

70. Mar Abraham, 1990.



www.malankaralibrary.com

71. *Yohannante Suvisesham-Theodorinte Bhashyam* (Theodore of Mopsuestia, Commentary on the Gospel of John) Trivandrum, 2006.

72. *Irenaeus,Apostolika Prabodhanathinte Thelivu*(Proof of the Apostolic Preaching) 2003.

73. *Visudha John Damascene, Satyavisvasam*, 2003.

74. *Visudha Augustine,Christmas-Denha Prasangangal*, 2003.

75. *Yohannante Suvisesham- Theodorinte Bhashyam*, 2006.

76. *Prachina Sanyasaniyamangal*, 2006.

77. *Vishudha John Crysostom, Kristusastram - Babylasinte Charithram*, Kottayam - 2006.

78. *Major Archbishop Catholicos*, Trivandrum, 2006.

79. *Patrology - Vol I*, Kottayam, 2006.

80. *Patrology - Vol II*, Kottayam, 2006.

81. *Patrology - Vol III*, Kottayam, 2008.

82. *Communio in Christo - The Rules*, Trivandrum, 2007.

83. Suriani Sabha Sahityam, 2008

84. Mar Aprem : Viswasageethangal, 2008

85. Mar Aprem : Nisibiyan Geethangal, 2009

86. Mar Aprem : Sabha Geethangal, 2009

***B. English Books***

87. *Mar Babai, Some Useful Counsels on the Ascetical Life*, Kottayam, 2001.

88. *St.Thomas the Apostle of India*, by +Martin Gielen, (ed.), 1991.

89. *Ecumenism in Danger* (co-ed.), 1986.

90. *The Christology of Mar Babai the Great*, 1982.

91. *Bibliographical survey* (co-ed.), 1983.

92. *Christology*, 2002.

93. *The Malankara Catholic Church*, Kottayam, 2003.

94. *Archbishop Mar Ivanios in his Thoughts*, (ed. with alii) Trivandrum 2004.

95. *The Catholicos of the East*,(tr. by A .J. Joy Angemadathil) Trivandrum, 2005.



www.malankaralibrary.com


# OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 288. | G. Chediath | പട്രോളജി - വാല്യം 1, 2006, p.308, Rs.150.00 |
| 289. | G. Chediath | പട്രോളജി - വാല്യം 2, 2006, p.286, Rs.125.00 |
| 290. | G. Chediath | ജോൺ ക്രിസൊസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |
| 294. | P. Vadakeoram | Heidegger's Vision of Human Existence in the expression and appropriation of Being 2007, p.417, Rs.300 |
| 295. | J. Kattackal | Gita - A Christian Commentary, 2008, p.250, Rs.100.00 |
| 296. | J. Kattackal | Three Hundred Verses of Bhartrhari: Text, Translation and Christian Commentary, 2008, p.220, Rs.100.00 |
| 297. | S.Kannniyakonil-S.Chirapanath (Ed.), | ധാർമ്മിക ദൈവശാസ്ത്രം, 2008, പേജ് 544, Rs.300.00 |
| 298. | P.Pallath | The Eucharistic Liturgy of the St. Thomas, Christians and the Synod of Diamper, 2008, p.236, Rs.100.00 |
| 299. | A.Mekkattukunnel | പ്രത്യാശയുടെ ചൂണ്ടുപലകകൾ, 2008, p.64,Rs.30.00 |
| 300. | G. Chediath | പട്രോളജി-III, 2008, p.276, Rs.80.00 |
| 301. | G. Chediath | മാർ അപ്രേം, വിശ്വാസഗീതങ്ങൾ, 2008, പേജ് 256, Rs.100.00 |
| 302. | Mar Joseph Neelankavil | Feasts and Celebrations, 2008,p.240, Rs.225.00 |
| 303. | J.Puliurumpil | The Early Christian Settlements of Kerala, 2008, p.172, Rs.90.00 |
| 304. | C.Pyngott | തിരുനാളുകൾ, 2008, p.396, Rs.210.00 |
| 305. | A.Mekkattukunnel | ദൈവവചനം: റൂഹായുടെ സിംഫണി, 2008, p.64,Rs.50.00 |
| 307. | J.Thamarasserry | Church:Sign and Sacrament of Unity, 2009, p.790, Rs.300.00 |
| 306. | L.Arangasserry | Order and Priesthood |
| 308. | J.Kattackal | Dharma Pada, 2009, p.147, Rs.100 |
| 309. | G. Chediath | മാർ അപ്രേം-നിസിബിയൻ ഗീതങ്ങൾ, 2009, p.232, Rs.100 |
| 310. | G. Chediath | മാർ അപ്രേം-സഭാഗീതങ്ങൾ, 2009 |
| 311. | A.Mekkattukunnel | പൗലോസ് ശ്ലീഹാ: ജനതകൾക്കൊരു പ്രകാശ ഗോപുരം, 2009, p.192, Rs.100.00 |

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010



www.malankaralibrary.com



# മാർ അപ്രേം
# നിസിബിയൻ ഗീതങ്ങൾ

'സഭാപിതാക്കന്മാർ ഉജ്ജ്വലപ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോടു അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവ ജീവിതത്തിന് അവ ഉപയുക്തമാക്കാനും പരിശ്രമിച്ച അജപാലകരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്ന നിലയിൽ സുവിശേഷസന്ദേശം ചുറ്റുപാടുമുള്ള മനുഷ്യർക്കു മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിറ്റർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണ വ്യക്തിയെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു.'

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ